ശ്രീരാമചരിതമാനസം

അയോദ്ധ്യാകാണ്ഡം



പരിഭാഷകൻ: പി. എസ്സ്. അഗ്നീശ്വരൻ

ഗോസ്വാമി

തുളസീദാസകൃതം

ശ്രീരാമചരിതമാനസം

അയോദ്ധ്യാകാണ്ഡം

പരിഭാഷകൻ

പി. എസ്സ്. അഗ്നീശ്വരൻ

സമർപ്പണം

ഞാൻ ദൈവമായി വണങ്ങുന്ന
എന്റെ പൂജ്യ മാതാവിന്റെ
പാദാരവിന്ദങ്ങളിൽ

– പി. എസ്സ്. അഗ്നീശ്വരൻ

മുഖവുര

ഉദ്യോഗത്തിൽനിന്നും വിരമിച്ചശേഷം സമയം പോക്കാൻ ഞാൻ മുഖ്യമായി ചെയ്തിരുന്നത് കംപ്യൂട്ടറിൽ പലവിധ ജോലികളാ യിരുന്നു. പ്രധാനമായി സംസ്കൃതത്തിലും മലയാളത്തിലുംടൈപ്പ് ചെയ്യാനുള്ള പ്രവണത സമ്പാദിയ്ക്കാനുള്ള ശ്രമമായിരുന്നു. കാല ക്രമത്തിൽ അത് കൈവന്നശേഷം ആദ്യമായി ചെയ്യാൻ തുടങ്ങിയത് ശ്രീമദ്ഭാഗവതം ഓരോ സ്കന്ധമായി 'സംസ്കൃതം 98' ലിപിയിൽ ടൈപ്പ് ചെയ്യുകയായിരുന്നു. സംസ്കൃതത്തിൽ തന്നെ ഭാഗവതം ഇന്റർനെറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാൻ സാധിയ്ക്കുമെങ്കിലും, ഇതിനെ ഒരു ഹോബ്ബിയായിട്ടാണ് ചെയ്തു കൊണ്ടിരുന്നത്. പിന്നീട് 'ഇസ്കോൺ' കാരുടെ ഇംഗ്ളീഷ് തർജമ യുള്ള ശ്രീമദ്ഭാഗവതം ഡൗൺലോഡ് ചെയ്ത് അതിൽനിന്ന് ഇംഗ്ളീഷ് തർജമയെ ഓരോ ശ്ലോകത്തിന്റേ ചുവട്ടിലും ഒട്ടിയ്ക്കാൻ തുടങ്ങി. 2–3 കൊല്ലത്തോളം ഈവിധം ചെയ്ത് മുഴുമിച്ചു. ഇതിനിടയിൽ മലയാളം ശ്രീലിപിയിൽ ടൈപ്പ് ചെയ്യാൻ തുടങ്ങി. ആദ്യമായി നാരായണീയം മുഴുവനാക്കി. അത് സംസ്കൃതത്തിലും ടൈപ്പ് ചെയ്തൂ. ടി.വി., റേഡിയോ ഇവയിൽനിന്നും സംഗീതവും പ്രഭാഷണങ്ങളും കമ്പ്യൂട്ടറിൽ റെക്കോർഡ് ചെയ്തുകൊണ്ടു മിരുന്നു. ടി.വി.യിൽ ആസ്ഥാ, സംസ്കാർ ചാനലുകളിൽ വന്നി രുന്ന ഹിന്ദി പ്രവചനങ്ങൾ കേൾക്കാൻ എനിയ്ക്ക് വളരെ താല്പര്യ മുണ്ടായിരുന്നു. രമേഷ്ഭായ് ഓഝാ (ഭായ്ശ്രീ), മുരാരി ബാപൂ, മറ്റു പലരുടേയും ഹിന്ദിയിലുള്ള പ്രവചനങ്ങൾ – ഭാഗവതം, രാമായണം മറ്റും, മുടങ്ങാതെ കേൾക്കുമായിരുന്നു. രാമചരിത മാനസം പ്രവചനം കേട്ടുകൊണ്ടിരിയ്ക്കേ, അതിലെ ശ്ലോകങ്ങളുടെ അർത്ഥമറിയാൻവേണ്ടി അതിന്നേതെങ്കിലും ശബ്ദകോശമുണ്ടോ എന്ന് ഭായ്ശ്രീയുടെ വെബ്സൈറ്റിൽ അന്വേഷിച്ചൂ. അവരുടെ നിർദ്ദേശപ്രകാരം, ഗീതാപ്രസ്സുകാരുടെ രാമചരിതമാനസം – ഇംഗ്ലീഷു പരിഭാഷസഹിതം ഡൗൺലോഡ് ചെയ്തു. അർത്ഥ സഹിതം അതു മുഴുവൻ വായിച്ചുതീർത്തപ്പോൾ ആ ഗ്രന്ഥത്തി ന്റെ മഹത്വം കണ്ട് എനിയ്ക്ക് അതിനെ മലയാളത്തിൽ തർജമ ചെയ്യാൻ പ്രേരണ ലഭിച്ചു. അതും രണ്ടു മൂന്നു കൊല്ലത്തെ പരിശ്രമത്തിനുശേഷം പൂർത്തിയാക്കി. തുളസീദാസൻ സ്വയം പറയുന്നതുപോലെ, ഞാനിതെന്റെ ആത്മതൃപ്തിയ്ക്കുവേണ്ടി മാത്രം ചെയ്തതാണ്, ഈ കാവ്യത്തിന്റെ മികച്ച മലയാള വിവർത്തനങ്ങൾ

തീർച്ചയായും ഉണ്ടായിരിയ്ക്കുമെന്നറിയാമായി രുന്നു. അതിനാൽ ഇതിനെ പ്രസിദ്ധീകരിയ്ക്കാനുള്ള യാതൊരു ദ്ദേശവുമെനിയ്ക്കില്ലായിരുന്നു. ദൈവഗത്യാ എനിയ്ക്ക് sanskritdocu-ments.org.എന്ന സൈറ്റുമായി ബന്ധപ്പെടാനിടവന്നപ്പോൾ അവർ മുഖേന malayalamebooks.org സൈറ്റുമായി പരിചയ പ്പെട്ടു. അവർക്ക് ഞാനെഴുതിയത് അയച്ചുകൊടുത്തപ്പോൾ, അവർക്കത് അവരുടെ സൈറ്റിൽ ഇ–ബുക്കായി പ്രസിദ്ധീകരിയ്ക്കാ മെന്നു തോന്നി. പക്ഷേ, ഇതു ചെയ്തുതീർക്കുന്നതിൽ എനിയ്ക്ക് പ്രശംസാർഹമാം വിധം ഒരു പങ്കുണ്ടെന്ന് തോന്നുന്നില്ല. എന്തെന്നാൽ മലയാളത്തിലും സംസ്കൃതത്തിലും ഹിന്ദിയിലും സീമിതമായ പരിജ്ഞാനമുള്ള എനിയ്ക്ക് വിവർത്തനം ചെയ്യു മ്പോൾ ഉചിതമായ പദങ്ങൾ കണ്ടെത്താൻ പല പുസ്തകങ്ങളും പരാമർശിയ്ക്കേണ്ടി വരും. അതും പ്രാകൃതമായ ഹിന്ദി ഭാഷയിൽ നിന്നും വിവർത്തനംചെയ്യുക അത്ര എളുപ്പവുമല്ല. ആകയാൽ തിനാൽ ഇതിനെ വായിയ്ക്കുന്ന വിദ്വാന്മാർ ഏതെങ്കിലും തെറ്റുക ളുണ്ടെങ്കിൽ അതിനെ ചൂണ്ടിക്കാണിച്ച് തിരുത്തി അറിയിയ്ക്കുവാൻ സവിനയം അപേക്ഷിയ്ക്കുന്നു.

പി.എസ്സ്. അഗ്നീശ്വരൻ
psaeaswaran@gmail.com

PS: ആദ്യത്തെ പതിപ്പിൽ ഒട്ടേറെ അക്ഷരപ്പിഴകളും മറ്റും കണ്ടു കിട്ടിയിരിയ്ക്കുന്നതിനാൽ, ഈ പുതിയ പതിപ്പിൽ അതെല്ലാം ആവുന്നതും തിരുത്തിയിട്ടുണ്ട്.

സീതാരാമാഭ്യാം നമഃ

ഗോസ്വാമി തുളസീദാസകൃതം

ശ്രീരാമചരിതമാനസം

അയോദ്ധ്യാകാണ്ഡം

ധ്യാനശ്ലോകങ്ങൾ:

യസ്യാംഗേ ച വിഭാതി ഭൂധരസുതാ ദേവാപഗാ മസ്തകേ
ഭാലേ ബാലവിധുർഗ്ഗലേ ച ഗരലം യസ്യോരസി വ്യാളരാട്,
സോ*f*യം ഭൂതിവിഭൂഷണഃ സുരവരഃ സർവാധിപഃ സർവദാ
ശർവഃ സർവഗതഃ ശിവഃ ശശിനിഭഃ ശ്രീശങ്കരഃ പാതു മാം. 1

അംഗത്തിൽ പർവതപുത്രിയും, ശിരസ്സിൽ ദേവനദിയായ ഗംഗയും, നെറ്റിയിൽ ബാലചന്ദ്രനും, തൊണ്ടയിൽ വിഷവും, മാറിടത്തിൽ സർപ്പരാജനും, ശരീരത്തിൽ വിഭൂതിയലങ്കാരവും കൊണ്ട ദേവദേവനും, സർവേശ്വരനും, വിശ്വത്തെ സംഹരി യ്ക്കുന്നവനും, സർവവ്യാപിയും, ചന്ദ്രസദൃശനുമായ ശിവൻ, ശങ്കരൻ, എന്നെ സദാ രക്ഷിയ്ക്കട്ടെ. 1

പ്രസന്നതാം യാ ന ഗതാഭിഷേകസ്തഥാന മമ്ലേവനവാസദുഃഖതഃ,
മുഖാംബുജശ്രീരഘുനന്ദനസ്യമേസദാസ്തുസാമഞ്ജുളമംഗളപ്രദാ. 2.

രാജ്യാഭിഷേകത്തിന്റെ പ്രതീക്ഷയാൽ അതിപ്രസന്നമാവുകയോ, വനവാസദുഃഖത്താൽ മ്ലാനമാവുകയോ ചെയ്യാതിരുന്ന ശ്രീരാമന്റെ മുഖകമലത്തിന്റെ പ്രസന്നത സദാ എനിയ്ക്ക് മഞ്ജുളമായ മംഗളത്തെ പ്രദാനം ചെയ്യട്ടെ. 2

m2m

നീലാംബുജശ്യാമളകോമളാംഗം സീതാസമാരോപിതവാമഭാഗം,
പാണൗ മഹാ സായകചാരുചാപം നമാമി രാമം രഘുവംശനാഥം.3.

നീലത്താമരപ്പൂവിനെപ്പോലെ ശ്യാമളവർണ്ണംകൊണ്ട കോമളശരീര ത്തോടുകൂടിയവനും, സീതയെ ഇടതു ഭാഗത്ത് കൊണ്ടവനും, കൈകളിൽ വലിയ അമ്പും മനോഹരമായ വില്ലും ധരിച്ചവനുമായ രഘുവംശ നാഥനായ ശ്രീരാമനെ ഞാൻ നമസ്കരിയ്ക്കുന്നു. 3

ദോ:

ശ്രീഗുരു ചരന് സരോജ് രജ് നിജ് മനു മുകുരു സുധാരി,
ബരനഉം രഘുബര് ബിമല് ജസു ജോ ദായകു ഫല് ചാരി.

എന്റെ മനസ്സാകുന്ന കണ്ണാടിയെ ശ്രീഗുരുവിന്റെ ചരണകമലങ്ങളിലെ ധൂളികൊണ്ട് ശുദ്ധമാക്കി, നാലു പുരുഷാർത്ഥങ്ങളേയും പ്രദാനം ചെയ്യുന്ന ശ്രീരാമന്റെ വിമലമായ യശസ്സിനെ ഞാൻ വർണ്ണിയ്ക്കുന്നു.

ചൗ:

ജബ് തേം രാമു ബ്യാഹി ഘര് ആഏ
നിത് നവ് മംഗല് മോദ് ബധാഏ,
ഭുവന് ചാരിദസ് ഭൂധര് ഭാരീ
സുകൃത് മേഘ് ബരഷഹിം സുഖ് ബാരീ. 1

രിധി സിധി സമ്പതി നദീം സുഹാഈ
ഉമഗി അവധ് അംബുധി കഹും ആഈ,
മനിഗന് പുര് നര് നാരി സുജാതീ
സുചി അമോല് സുന്ദര് സബ് ഭാँതീ. 2

കഹി ന ജാഇ കഛു നഗര് ബിഭൂതീ
ജനു എതനിഅ ബിരഞ്ചി കരതൂതീ,
സബ് ബിധി സബ് പുര് ലോഗ് സുഖാരീ
രാമചന്ദ് മുഖ് ചന്ദു നിഹാരീ. 3

മുദിത് മാതു സബ് സഖീം സഹേലീ
ഫലിത് ബിലോകി മനോരഥ് ബേലീ,

രാമ് രൂപു ഗുന് സീലു സുഭാഊ
പ്രമുദിത് ഹോഇ ദേഖി സുനി രാഊ. 4

ശ്രീരാമൻ വിവാഹം കഴിഞ്ഞ് തിരിച്ചുവന്ന ദിവസം മുതൽ ദിനവും പുതിയ പുതിയ ഉത്സവങ്ങളും വാദ്യഘോഷങ്ങളും ഉണ്ടായിരുന്നു. പതിനാലു ലോകങ്ങളും വലിയ പർവതങ്ങളെപ്പോലെ, അവയുടെ മേൽ സുകൃതങ്ങളെന്ന മേഘങ്ങൾ സുഖമെന്ന ജലത്തെ വർഷിച്ചു. ഈവിധം പെയ്ത വെള്ളം സമൃദ്ധി, സിദ്ധി, സമ്പത്ത് എന്നീ സുഭിക്ഷമായ നദികളായി പരിണമിച്ച് ജലപ്പെരുക്കെടുത്ത് അയോദ്ധ്യയെന്ന സമുദ്രത്തിൽ ഒഴുകിച്ചേർന്നു. നഗരത്തിലെ പുരുഷന്മാരും സ്ത്രീകളും ഉയർന്നതരത്തിലുള്ള, ഉജ്ജ്വലമായതും, വിലമതിയ്ക്കാനാവാത്തതും, എല്ലാവിധത്തിലും ആകർഷകവുമായ രത്നങ്ങളായിരുന്നു. നഗരത്തിന്റെ പകട്ടിനെ വർണ്ണിപ്പാനാവില്ലായിരുന്നു. അത് സൃഷ്ടികർത്താവിന്റെ കാര്യനൈപുണ്യം അവിടെ അവസാനിച്ചപോലെയിരുന്നു. ശ്രീരാമ ചന്ദ്രന്റെ ചന്ദ്രവദനത്തെ നോക്കിക്കൊണ്ട് പ്രജകൾ എല്ലാവിധത്തിലും സന്തുഷ്ടരായിരുന്നു. എല്ലാ അമ്മമാരും, അവരുടെ സഖിമാരോടും പരിചാരികമാരോടും കൂടി, അവരുടെ മനോരഥങ്ങളാവുന്ന വള്ളികളിൽ ഫലങ്ങൾ ഉണ്ടാവുന്നതു കണ്ട് സന്തോഷിച്ചു. ശ്രീരാമന്റെ രൂപസൗന്ദര്യവും, ഗുണഗണങ്ങളും, സൗശീല്യവും, സൽസ്വഭാവവും കണ്ടും കേട്ടും രാജാവ് പ്രത്യേകിച്ചും ആനന്ദിച്ചു.

ദോ:

സബ് കേം ഉര് അഭിലാഷു അസ് കഹഹിം മനാഇ മഹേസു,
ആപ് അഛത് ജുബരാജ് പദ് രാമ്ഹി ദേഉ നരേസു. (1)

എല്ലാവരുടേയും മനസ്സിൽ അഭിലാഷം ഉണ്ടായിരുന്നത് അവർ മഹേശ്വരനോട് പ്രാർത്ഥനയിൽ പറഞ്ഞു: "രാജാവ് അദ്ദേഹം ജീവിച്ചിരിയ്ക്കേ തന്നെ ശ്രീരാമനെ യുവരാജാവായി അഭിഷേകം ചെയ്യട്ടെ.(1)

ചൗ:

ഏക് സമയ് സബ് സഹിത് സമാജാ
രാജ്സഭാം രഘുരാജു ബിരാജാ,

സകല് സുകൃത് മൂരതി നരനാഹൂ
രാമു സുജസു സുനി അതിഹി ഉഛാഹൂ. 1

നൃപ് സബ് രഹഹി കൃപാ അഭിലാഷേം
ലോകപ് കരഹിം പ്രീതി രുഖ് രാഖേം,
തിഭുവന് തീനി കാല് ജഗ് മാഹീം
ഭൂരി ഭാഗ് ദസരഥ് സമ് നാഹീം. 2

മംഗലമൂല് രാമു സുത് ജാസൂ
ജോ കഛു കഹിഅ ഥോര് സബ് താസൂ,
രായ് സുഭായ് മുകുരു കര് ലീൻഹാ
ബദനു ബിലോകി മുകുടു സമ് കീൻഹാ. 3

ശ്രുവന് സമീപ് ഭഏ സിത് കേസാ
മനഹു് ജരഠ്പനു അസ് ഉപദേസാ,
നൃപ് ജുബരാജു രാമ് കഹു് ദേഹൂ
ജീവന് ജനമ് ലാഹു കിന് ലേഹൂ. 4

ഒരു ദിവസം രഘുരാജൻ തന്റെ എല്ലാ സഭാംഗങ്ങളോടും കൂടി രാജസഭയിൽ ഇരുന്നിരുന്നു. സ്വയം തന്നെ എല്ലാ സുകൃതങ്ങളുടേയും മൂർത്തിയായിരുന്ന രാജാവ് ശ്രീരാമന്റെ സൽകീർത്തിയെ കേട്ട് അത്യന്തം ആനന്ദിച്ചു. എല്ലാ രാജാക്കന്മാരും അദ്ദേഹത്തിന്റെ കൃപയെ ഇച്ഛിച്ചിരുന്നു. ലോകപാലന്മാരും കൂടി അദ്ദേഹത്തിന്റെ സൗഹൃദത്തെ പാലിച്ചിരിയ്ക്കുകയും അദ്ദേഹത്തിന്റെ അഭിലാഷങ്ങളെ നിറവേറ്റുകയും ചെയ്തിരുന്നു. മൂന്നു ലോകങ്ങളിലും, മൂന്നു കാലങ്ങളിലും – ഭൂതം, വർത്തമാനം, ഭാവി – ദശരഥനെപ്പോലെ അത്യന്തം ഭാഗ്യവാനായി ആരുംതന്നെ ഇല്ലായിരുന്നു. എല്ലാ മംഗളങ്ങൾക്കും മൂലമായ രാമനെ പുത്രനായി ലഭിച്ചവന്ന് എത്രതന്നെ പറഞ്ഞാലും അത് സത്യത്തിൽനിന്നും കുറവായി മാത്രമേ ഇരിയ്ക്കുള്ളൂ. രാജാവ് സ്വാഭാവികമായിത്തന്നെ ഒരു കണ്ണാടിയെടുത്ത് തന്റെ മുഖത്തെ നോക്കി മകുടത്തെ ശരിചെയ്തു. അദ്ദേഹത്തിന്റെ ചെവിയരുകിലെ രോമം നരച്ചതായി കണ്ടു. അത് വാർധക്യം അദ്ദേഹത്തിന്റെ ചെവികളിൽ “ഹേ

രാജൻ, രാമനെ യുവരാജാവാക്കു; അങ്ങനെ ഈ ലോകത്തിൽ നിങ്ങളുടെ ജനനത്തിന്റേയും ജീവിതത്തിന്റേയും സാഫല്യത്തെ പ്രാപിയ്ക്കൂ." എന്ന് സ്വകാര്യമായി ഉപദേശിയ്ക്കുന്നുവോ എന്ന് തോന്നുമാറായിരുന്നു.

ദോ:

യഹ് ബിചാര് ഉര് ആനി നൃപ് സുദിനു സുഅവസരു പാഇ,
പ്രേമ് പുലകി തന് മുദിത് മന് ഗുര്ഹി സുനായഉ ജാഇ. (2)

മനസ്സിൽ ഈവിധം വിചാരിച്ചുകൊണ്ട് ഒരു ശുഭദിനത്തിൽ ശരിയായ അവസരം കണ്ടുകൊണ്ട്, പ്രേമത്താൽ പുളകിതമായ ശരീരത്തോടും, ആനന്ദഭരിതമായ മനസ്സോടും കൂടി രാജാവ് അതിനെ തന്റെ ഗുരുവിനെ പറഞ്ഞു കേൾപ്പിച്ചു. (2)

ചൗ:

കഹഇ ഭുആലു സുനിഅ മുനിനായക്
ഭഏ രാമ് സബ് ബിധി സബ് ലായക്,
സേവക് സചിവ് സകല് പുരവാസീ
ജേ ഹമാരെ അരി മിത്ര് ഉദാസീ. 1

സബ്ഹി രാമു പ്രിയ് ജെഹി ബിധി മോഹീ
പ്രഭു അസീസ് ജനു തനു ധരി സോഹീ,
ബിപ്ര് സഹിത് പരിവാര് ഗൊസാഇൗം
കരഹിം ഛോഹു സബ് രൗരിഹി നാഇൗം. 2

ജേ ഗുര് ചരന് രേനു സിര് ധരഹീം
തേ ജനു സകല് ബിഭവ് ബസ് കരഹീം,
മൊഹി സമ് യഹു അനുഭയഉ ന ദൂജേം
സബ് പാഇഉँ രജ് പാവനി പൂജേം. 3

അബ് അഭിലാഷു ഏക് മന് മോരേം
പൂജിഹി നാഥ് അനുഗ്രഹ് തോരേം,
മുനി പ്രസന്ന് ലഖി സഹജ് സനേഹൂ
കഹെഉ നരേസ് രജായസു ദേഹൂ. 4

രാജാവ് പറഞ്ഞു: "ഹേ മുനിനായക, കേട്ടാലും. രാമൻ ഇപ്പോൾ എല്ലാ വിധത്തിലും കാര്യനിർവഹണകുശലനായിരിയ്ക്കുന്നു. പരിചാരകന്മാരും, മന്ത്രിമാരും, നഗരജനങ്ങളും, എന്റെ ശത്രുക്കളും, മിത്രങ്ങളും, നടുത്തരക്കാരും എല്ലാവരും തന്നെ രാമനെ ഞാൻ ഏതു വിധം സ്നേഹിയ്ക്കുന്നുവോ, അതേപോലെ സ്നേഹിയ്ക്കുന്നു. അങ്ങയുടെ ആശിസ്സ് അവന്റെ സുന്ദരരൂപത്തിൽ അവതരിച്ചപോലെ തോന്നുന്നു. ഏറെ എന്തു പറയാനാണ്, എല്ലാ ബ്രാഹ്മണരും അവരുടെ പരിവാരങ്ങളും അങ്ങു കൊള്ളുന്ന അതേവിധത്തിലുള്ള പ്രേമത്തെ മനസ്സിൽ കൊള്ളുന്നു. ഗുരുവിന്റെ പാദധൂളിയെ ശിരസ്സിൽ വെയ്ക്കുന്നവർ എല്ലാവിധത്തിലുള്ള വിഭവങ്ങളേയും തങ്ങളുടെ വശത്താക്കുന്നു. ഇതിനെ ഞാൻ മനസ്സിലാക്കിയപോലെ മറ്റാരും തന്നെ അറിഞ്ഞിട്ടില്ല. അങ്ങയുടെ പാവനമായ പാദധൂളിയെ പൂജിച്ച് ഞാൻ എല്ലാം തന്നെ ലഭിച്ചിരിയ്ക്കുന്നു. ഇപ്പോൾ എന്റെ മനസ്സിൽ ഒരേ ഒരിച്ഛ മാത്രമേ ശേഷിച്ചിരിയ്ക്കുന്നുള്ളൂ. സ്വാമീ, അതും കൂടി അങ്ങയുടെ കൃപയാൽ സിദ്ധമാവും." അദ്ദേഹത്തിന്റെ നിഷ്കളങ്കമായ ഭക്തിയെ കണ്ട് മുനി പ്രസന്നനായി, പറഞ്ഞു: "ഹേ രാജൻ, ആജ്ഞാപിയ്ക്കുവിൻ."

ദോ:

രാജന് രാഉര് നാമു ജസു സബ് അഭിമത് ദാതാര്,
ഫല് അനുഗാമീ മഹിപ് മനി മന് അഭിലാഷു തുംഹാര്. (3)

"ഹേ രാജൻ, നിങ്ങളുടെ പേരും, കീർത്തിയും മാത്രം തന്നെ എല്ലാവിധ ഇച്ഛകളേയും പൂർത്തിയാക്കുന്നു. നിങ്ങളുടെ മനസ്സിലെ അഭിലാഷം, ഹേ രാജരത്നമേ, അതിനെ നിങ്ങൾ മനസ്സിൽ വിചാരിയ്ക്കുന്നതിന്നു മുമ്പു തന്നെ സിദ്ധമാകും." (3)

ചൗ:

സബ് ബിധി ഗുരു പ്രസന്ന് ജിയ്ँ ജാനീ
ബോലെഉ രാഉ രഹँസി മൃദു ബാനീ,
നാഥ് രാമു കരിഅഹിം ജുബരാജൂ
കഹിഅ കൃപാ കരി കരിഅ സമാജൂ. 1

മൊഹി അഛരത് യഹു ഹോഇ ഉഛാഹൂ
ലഹഹിം ലോഗ് സബ് ലോചന് ലാഹൂ,
പ്രഭു പ്രസാദ് സിവ് സബഇ നിബാഹീം
യഹ് ലാലസാ ഏക് മന് മാഹീം. 2

പുനി ന സോച് തനു രഹഉ കി ജാഊ
ജെഹിം ന ഹോഇ പാഛേം പഛിതാഊ,
സുനി മുനി ദസരഥ് ബചന് സുഹാഏ
മംഗല് മോദ് മൂല് മന് ഭാഏ. 3

സുനു നൃപ് ജാസു ബിമുഖ് പഛിതാഹീം
ജാസു ഭജന് ബിനു ജരനി ന ജാഹീം,
ഭയഉ തുംഹാര് തനയ് സൊഇ സ്വാമീ
രാമു പുനീത് പ്രേമ് അനുഗാമീ. 4

ഗുരു എല്ലാവിധത്തിലും അനുകൂലമാണെന്ന് മനസ്സിലാക്കി രാജാവ് സന്തോഷത്തോടെ മൃദുസ്വരത്തിൽ പറഞ്ഞു: “സ്വാമീ, രാമൻ യുവരാജാവായി അഭിഷിക്തനാവട്ടെ. ദയവുചെയ്ത് ആദേശം കൊടുത്താലും, അതിന്നുള്ള സന്നാഹങ്ങൾ ആരംഭിയ്ക്കാം. ഈ ശുഭസംഭവം ഞാൻ ജീവിച്ചിരിയ്ക്കേ തന്നെ നടക്കട്ടെ. അങ്ങനെ ജനങ്ങൾ തങ്ങളുടെ കൺദൃഷ്ടീ യുടെ സാഫല്യം നേടട്ടെ. പ്രഭുവിന്റെ പ്രസാദത്താൽ ശിവൻ എല്ലാം തന്നെ നിർവിഘ്നമായി കഴിഞ്ഞുകൂടാൻ അനുവദിച്ചിരിയ്ക്കുന്നു. ഈ ഒരു ഇച്ഛ മാത്രമേ എന്റെ മനസ്സിലുള്ളൂ. പിന്നെ ഈ ശരീരം ജീവിച്ചിരുന്നാലും ഇല്ലെങ്കിലും എനിയ്ക്ക് ചിന്തയില്ല, പില്ക്കാലത്ത് എനിയ്ക്ക് പശ്ചാത്തപിയ്ക്കേണ്ടി വരില്ലല്ലോ.” മംഗളങ്ങളുടേയും ആനന്ദത്തിന്റേയും മൂലമായ ദശരഥന്റെ ഈ അനുകൂലമായ വാക്കുകൾ കേട്ട് മുനി സന്തോഷിച്ചു. അദ്ദേഹം പറഞ്ഞു: “ഹേ രാജൻ, കേട്ടാലും. ശ്രീരാമനോട് ദ്വേഷഭാവം ഒരുവനെ പശ്ചാത്താപത്തിന്നിടവരുത്തുന്നു. അവനെ ഭജിയ്ക്കുന്നതു മാത്രമേ ഒരുവന്റെ മനസ്സിലെ വേദനയെ ശമിപ്പിയ്ക്കുവാനുള്ള ഒരേ മാർഗ്ഗമായിട്ടുള്ളൂ. മാത്രമല്ല, രാമൻ പാവനമായ

പ്രേമത്തെ ഛായയെന്നപോലെ അനുഗമിയ്ക്കുന്നു. അതേ പ്രഭു ശ്രീരാമൻ തന്നെയാണ് നിങ്ങളുടെ പുത്രനായി ജനിച്ചിരിയ്ക്കുന്നത്.

ദോ:

ബേഗി ബിലംബു ന കരിഅ നൃപ് സാജിഅ സബുഇ സമാജൂ,
സുദിന് സുമംഗല് തബ്ഹിം ജബ് രാമ് ഹോഹിം ജുബരാജു. (4)

“ഹേ രാജൻ, താമസം വേണ്ട. എല്ലാ സജ്ജീകരണങ്ങളും വേഗം നടക്കട്ടെ. ശ്രീരാമനെ യുവരാജാവായി ഘോഷിയ്ക്കുന്ന ദിനം തന്നെയാണ് മംഗളകരമായ സുദിനം.” (4)

ചൗ:

മുദിത് മഹീപതി മന്ദിര് ആഏ
സേവക് സചിവ് സുമന്ത്രു ബൊലാഏ,
കഹി ജയജീവ് സീസ് തിൻഹ് നാഏ
ഭൂപ് സുമംഗല് ബചന് സുനാഏ. 1

ജൗം പാँചഹി മത് ലാഗൈ നീകാ
കരഹു ഹരഷി ഹിയँ രാമഹി ടീകാ.
മന്ത്രി മുദിത് സുനത് പ്രിയ് ബാനീ
അഭിമത് ബിരവൈँ പരെഉ ജനു പാനീ, 2

ബിനതീ സചിവ് കരഹിം കര് ജോരീ
ജിഅഹു ജഗത്പതി ബരിസ് കരോരീ.
ജഗ് മംഗല് ഭല് കാജു ബിചാരാ
ബേഗിഅ നാഥ് ന ലാഇഅ ബാരാ, 3

നൃപഹി മോദു സുനി സചിവ് സുഭാഷാ
ബഢത് ബൗംഡ് ജനു ലഹീ സുസാഖാ. 4

രാജാവ് സന്തോഷത്തോടെ തന്റെ അരമനയിലേയ്ക്ക് തിരിച്ചുവന്ന് തന്റെ സേവകന്മാരേയും, സുമന്ത്രനടക്കമുള്ള മന്ത്രിമാരേയും വിളിച്ചുവരുത്തി. അവർ വന്ന് തലവണങ്ങി “അങ്ങ് വിജയിച്ചാലും, നീണാൾ വാണാലും” എന്ന് പറഞ്ഞു. രാജാവ് ഏറ്റവും ശുഭകരമായ നിർദ്ദേശത്തെ അവരുടെ

മുമ്പിൽ അവതരിപ്പിച്ചു. "ഈ പ്രസ്താവം അനുകൂലമായിട്ടുള്ളതായാൽ ശ്രീരാമന്ന് സന്തോഷം നിറഞ്ഞ മനസ്സോടെ യുവരാജതിലകം ചാർത്തുവിൻ." മന്ത്രിമാർ ഈ ഹിതകരമായ വാർത്ത കേട്ട് സന്തോഷിച്ചു. അത് അവരുടെ ഇച്ഛയാകുന്ന ചെടിയിന്മേൽ മഴ പെയ്യുന്നപോലെയിരുന്നു. മന്ത്രിമാർ കൈകൾ കൂപ്പിക്കൊണ്ട് പ്രാർത്ഥിച്ചു: "ഹേ ജഗത്പതേ, അങ്ങ് ഒരു കോടി വർഷം നീണ്ടു വാണാലും. അങ്ങയുടെ വിചാരധാരണ ലോകത്തിന്നു മുഴുവൻ മംഗളകരമായിരിയ്ക്കും. അതിനാൽ പ്രഭോ, സമയം കളയാതെ എല്ലാം വേഗമാവട്ടെ." മന്ത്രിമാരുടെ പ്രോത്സാഹനപരമായ വാക്കുകൾ കേട്ട് രാജാവ്, വളരുന്ന ഒരു വള്ളിയ്ക്ക് ഒരു മരക്കൊമ്പിന്റെ താങ്ങു കിട്ടിയപോലെ, സന്തോഷിച്ചു.

ദോ:

കഹൈഉ ഭൂപ് മുനിരാജ് കര് ജൊഇ ജൊഇ ആയസു ഹോഇ,
രാമ് രാജ് അഭിഷേക് ഹിത് ബേഗി കരഹു സൊഇ സോഇ. (5)

രാജാവ് പറഞ്ഞു:"ശ്രീരാമന്റെ രാജ്യാഭിഷേകം സംബന്ധിച്ച വസിഷ്ഠ മുനിയുടെ എല്ലാ ആദേശങ്ങളും ഉടനടി നടപ്പിലാക്കണം." (5)

ചൗ:

ഹരഷി മുനീസ് കഹൈഉ മൃദു ബാനീ
ആനഹു സകല് സുതീരഥ് പാനീ,
ഔഷധ് മൂല് ഫൂല് ഫല് പാനാ
കഹേ നാമ് ഗന് മംഗല് നാനാ. 1

ചാമര് ചരമ് ബസന് ബഹു ഭാँതീ
രോമ് പാട് പട് അഗനിത് ജാതീ,
മനിഗന് മംഗല് ബസ്തു അനേകാ
ജോ ജഗ് ജോഗു ഭൂപ് അഭിഷേകാ. 2

ബേദ് ബിദിത് കഹി സകല് ബിധാനാ
കഹൈഉ രചഹു പുര് ബിബിധ് ബിതാനാ,
സഫല് രസാല് പൂഗ്ഫല് കേരാ
രോപഹു ബീഥിൻഹ് പുര് ചഹുँ ഫേരാ 3

രചഹു മഞ്ജു മനി ചൗകേം ചാരൂ
കഹഹു ബനാവന് ബേഗി ബജാരൂ,
പൂജഹു ഗനപതി ഗുര് കുലദേവാ
സബ് ബിധി കരഹു ഭൂമിസുര് സേവാ. 4

മുനിവര്യനായ വസിഷ്ഠൻ സന്തോഷത്തോടെ മൃദുസ്വരത്തിൽ പറഞ്ഞു: "എല്ലാ പ്രധാന പുണ്യതീർത്ഥങ്ങളിൽനിന്നും ജലം കൊണ്ടുവരുവിൻ." പിന്നെ അദ്ദേഹം പലവിധം ഔഷധികൾ, വേരുകൾ, പുഷ്പങ്ങൾ, ഫലങ്ങൾ, ഇലകൾ, ചാമരങ്ങൾ, മാൻതോല്, പല വിധത്തിലുള്ള വസ്ത്രാദികൾ, എണ്ണറ്റ വിധത്തിലുള്ള രോമവസ്ത്രങ്ങളും പട്ടുവസ്ത്രങ്ങളും, ആഭരണങ്ങളും, രാജ്യാഭിഷേകത്തിന്നാവശ്യമായ അനേകവിധം മംഗളവസ്തുക്കളും – എല്ലാറ്റിന്റേയും പേരുകൾ കുറിച്ചുകൊടുത്ത് കൊണ്ടുവരാൻ പറഞ്ഞു. വേദവിധിപ്രകാരമുള്ള എല്ലാ മുറകളേയും വിവരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "നഗരത്തിൽ എല്ലാവിധത്തിലുള്ള കമാനങ്ങളും കെട്ടി, എല്ലാ ഭാഗത്തും മാവ്, അടയ്ക്കാമരം, വാഴ ഇവയെ ഫലങ്ങളോടെത്തന്നെ പിഴുതെടുത്ത് പറിച്ചു നടണം. നിലത്ത് മനോഹരമായ ചതുരകോലങ്ങൾ ചെയ്ത് അവയെ വിലയേറിയ രത്നങ്ങളെക്കൊണ്ട് പൂരിപ്പിയ്ക്കണം. പിന്നെ ജനങ്ങളോട് ഉടൻ തന്നെ ബജാറുകളെ അലങ്കരിയ്ക്കാൻ പറയുവിൻ. ഗണപതിഭഗവാനേയും, ഗുരുവിനേയും, കുലദൈവത്തേയും പൂജിച്ച് ഭൂദേവന്മാരായ ബ്രാഹ്മണരെ എല്ലാവിധത്തിലും സേവിയ്ക്കുവിൻ."

ദോ:

ധ്വജ് പതാക് തോരന് കലസ് സജഹു തുരഗ് രഥ് നാഗ്,
സിര് ധരി മുനിബര് ബചന് സബു നിജ് നിജ് കാജ്ഹിം ലാഗ്. (6)

"ധ്വജങ്ങളും, പതാകകളും, തോരണങ്ങളും, കലശങ്ങളും, പിന്നെ കുതിരകളും, രഥങ്ങളും, ആനകളും എല്ലാം തയ്യാറാക്കുവിൻ." മുനിവരന്റെ ഈ ആദേശങ്ങളെ തലവണങ്ങി ഏറ്റ് എല്ലാവരും അവരവർക്ക് ഏല്പിച്ച കാര്യങ്ങളെ നിർവഹിയ്ക്കുന്നതിൽ ഈടുപെട്ടു. (6)

ചൗ:

ജോ മുനീസ് ജെഹി ആയസു ദീൻഹാ
സോ തെഹി കാജു പ്രഥമ് ജനു കീൻഹാ,

ബിപ്ര് സാധു സുര് പൂജത് രാജാ
കരത് രാമ് ഹിത് മംഗല് കാജാ. 1

സുനത് രാമ് അഭിഷേക് സുഹാവാ
ബാജ് ഗഹാഗഹ് അവധ് ബധാവാ,
രാമ് സീയ് തന് സഗുന് ജനാഏ
ഫരകഹിം മംഗല് അംഗ് സുഹാഏ. 2

പുലകി സപ്രേമ് പരസ്പര് കഹഹീം
ഭരത് ആഗമന് സൂചത് അഹഹീം,
ഭഏ ബഹുത് ദിന് അതി അവസേരീ
സഗുന് പ്രതീതി ഭേ്ട് പ്രിയ് കേരീ. 3

ഭരത് സരിസ് പ്രിയ് കോ ജഗ് മാഹീം
ഇഹഇ സഗുന് ഫലു ദൂസര് നാഹീം,
രാമ്ഹി ബന്ധു സോച് ദിന് രാതീ
അണ്ഡൻഹി കമഠ് ഹൃദയ് ജെഹി ഭാ്തീ. 4

മുനീശൻ ആർക്ക് എന്ത് ആദേശം കൊടുത്തുവോ, അതിനെ അവൻ മുമ്പു തന്നെ ചെയ്തു തീർത്തപോലെ അത്രയും വേഗം ചെയ്തു തീർത്തു. രാജാവ് ബ്രാഹ്മണരേയും, സാധുക്കളേയും, ദൈവങ്ങളേയും പൂജിച്ച് ശ്രീരാമന്റെ നന്മയ്ക്കായി മംഗളകർമ്മങ്ങൾ അനുഷ്ഠിച്ചു. ശ്രീരാമന്റെ സന്തോഷകരമായ പട്ടാഭിഷേകവർത്തമാനം ജനങ്ങൾ കേട്ടതും, അയോദ്ധ്യ മുഴുവൻ തന്നെ വാദ്യഘോഷങ്ങളാൽ മുഖരിതമായി. ശുഭശകുനങ്ങൾ സ്വയം തന്നെ ശ്രീരാമന്റേയും സീതയുടേയും ശരീരങ്ങളിൽ പ്രകടമായി. ആവരുടെ മംഗളകരമായ അംഗങ്ങൾ തുടിയ്ക്കാൻ തുടങ്ങി. പുളകിതഗാത്രരായി അവർ പരസ്പരം പറഞ്ഞു: “ശകുനങ്ങൾ ഭരതന്റെ തിരിച്ചുവരവിനെ മുൻകൂട്ടി പറയുന്നു. (അവൻ പോയി) വളരെ ദിവസങ്ങൾ കഴിഞ്ഞു. നമ്മുടെ മനസ്സ് അവനെ കാണാൻ കൊതിയ്ക്കുന്നു. ശുഭശകുനങ്ങൾ ഒരു ഇഷ്ടബന്ധുവിന്റെ സമാഗമത്തെ ഊർജ്ജിതപ്പെടുത്തുന്നു. പിന്നെ നമുക്ക് ഈ ലോകത്തിൽ ഭരതനെ പോലെ ഇത്രയും ഇഷ്ടനായി വേറെ ആരും തന്നെ ഇല്ല. ഈ വിധം,

ശുഭശകുനങ്ങൾക്ക് ഒരേ ഒരു അർത്ഥമേ ഉള്ളൂ." ഒരു ആമ തന്റെ മുട്ടകളെ മനസ്സിൽ ധരിയ്ക്കുന്നതുപോലെ ശ്രീരാമൻ രാപ്പകൽ തന്റെ അനുജനെ ഉൽക്കണ്ഠയോടെ ഓർമ്മിച്ചു.

ദോ:

എഹി അവസരു മംഗലു പരമ് സുനി രഹ്ँസേഉ രനിവാസു,
സോഭത് ലഖി ബിധു ബഢത് ജനു ബാരിധി ബീചി ബിലാസു. (7)

അതേ സമയം തന്നെ അന്ത:പുരത്തിലെ സ്ത്രീകൾ ഈ അത്യന്തം മംഗളകരമായ വാർത്തയെ കേട്ട് സമുദ്രത്തിലെ അലകൾ പൂർണ്ണചന്ദ്രനെ കണ്ട് മനോഹരമായി പൊങ്ങിക്കളിയ്ക്കുന്നതു പോലെ, ആനന്ദിച്ചു. (7)

ചൗ:

പ്രഥമ് ജാഇ ജിൻഹ് ബചന് സുനാഏ
ഭൂഷന് ബസന് ഭൂരി തിൻഹ് പാഏ,
പ്രേമ് പുലകി തന് മന് അനുരാഗീം
മംഗല് കലസ് സജന് സബ് ലാഗീം. 1

ചൗകേം ചാരു സുമിത്രാँ പൂരീ
മനിമയ് ബിബിധ് ഭാँതി അതി രൂരീ,
ആനँദ് മഗന് രാമ് മഹതാരീ
ദിഏ ദാന് ബഹു ബിപ്ര് ഹँകാരീ. 2

പൂജീം ഗ്രാമദേബി സുര് നാഗാ
കഹെഉ ബഹോരി ദേന് ബലിഭാഗാ,
ജെഹി ബിധി ഹോഇ രാമ് കല്യാനൂ
ദേഹു ദയാ കരി സോ ബരദാനൂ. 3

ഗാവഹി മംഗല് കോകിലമയനീം
ബിധുബദനീം മൃഗസാവകനയനീം. 4

ആദ്യമാദ്യം ഈ വർത്തമാനം കേൾപ്പിച്ചവർ വളരെയധികം ആഭരണങ്ങളും വസ്ത്രങ്ങളും സമ്മാനമായി നേടി. പ്രേമത്താൽ പുളകിതമായ ശരീരത്തോടെ, സന്തോഷഭരിതമായ മനസ്സോടെ, എല്ലാ

റാണിമാരും മംഗളകലശങ്ങൾ സജ്ജീകരിയ്ക്കാൻ തുടങ്ങി. സുമിത്ര വർണ്ണചതുരക്കോലങ്ങൾ വരച്ച് അവയെ പലവിധത്തിലുള്ള രത്നങ്ങളാൽ പൂരിപ്പിച്ചു. ആനന്ദമഗ്നയായ ശ്രീരാമന്റെ അമ്മ (കൗസല്യ) ബ്രാഹ്മണരെ വിളിച്ചു വരുത്തി വളരെയേറെ ദാനങ്ങൾ കൊടുത്തു. അവൾ ഗ്രാമദേവതയേയും, ദേവന്മാരേയും, നാഗന്മാരേയും പൂജിച്ച് അവർക്ക് വീണ്ടും ബലിയും മറ്റും കൊടുക്കാൻ വ്രതമെടുത്ത് അവരോട് പ്രാർത്ഥിച്ചു: "നിങ്ങൾ കൃപ ചെയ്ത് ശ്രീരാമന്ന് നല്ലതു വരാൻ വേണ്ടി എനിയ്ക്കു വരം തരുവിൻ."ചന്ദ്രമുഖികളും മാൻകുഞ്ഞിന്റേതുപോലുള്ള കണ്ണുകളോടുകൂടിയവരുമായ സുന്ദരികൾ, കുയിലിനെപ്പോലെ മധുരമായ സ്വരത്തിൽ മംഗളഗാനങ്ങൾ പാടി.

ദോ:

രാമ് രാജ് അഭിഷേക് സുനി ഹിയ് ഹരഷേ നര് നാരീ,
ലഗേ സുമംഗല് സജന് സബ് ബിധി അനുകൂല് ബിചാരി. (8)

ശ്രീരാമന്റെ രാജ്യാഭിഷേകത്തെപ്പറ്റിയ വാർത്ത കേട്ട് പുരുഷന്മാരും സ്ത്രീകളും മനസ്സിൽ സന്തോഷിച്ചു. അവർക്ക് ദൈവാനുകൂല്യമുണ്ടായിരിയ്ക്കുമെന്ന് വിചാരിച്ചുകൊണ്ട് എല്ലാവരും ശുഭമംഗളകരമായ സജ്ജീകരണങ്ങൾ ചെയ്യാൻ തുടങ്ങി. (8)

ചൗ:

തബ് നരനാഹ് ബസിഷ്ഠു ബൊലാഏ
രാമധാമ് സിഖ് ദേന് പഠാഏ,
ഗുര് ആഗമനു സുനത് രഘുനാഥാ
ദ്വാര് ആഇ പദ് നായഉ മാഥാ. 1

സാദര് അരഘ് ദേഇ ഘര് ആനേ
സോരഹ് ഭാ്തി പൂജി സന്മാനേ,
ഗഹേ ചരന് സിയ് സഹിത് ബഹോരീ
ബോലേ രാമു കമല് കര് ജോരീ. 2

സേവക് സദന് സ്വാമി ആഗമനൂ
മംഗല് മൂല് അമംഗല് ദമനൂ,

തദപി ഉചിത് ജനു ബോലി സപ്രീതീ
പഠഇഅ കാജ് നാഥ് അസി നീതീ. 3

പ്രഭുതാ തജി പ്രഭു കീൻഹ് സനേഹൂ
ഭയഉ പുനീത് ആജു യഹു ഗേഹൂ,
ആയസു ഹോഇ സൊ കരീം ഗൊസാഇൗം
സേവകു ലഹഇ സ്വാമി സെവകാഇൗം. 4

രാജാവ് പിന്നെ വസിഷ്ഠനെ വിളിച്ച് അദ്ദേഹത്തെ ശ്രീരാമന്റെ വസതിയിലേയ്ക്ക് വേണ്ടവിധം ഉപദേശങ്ങൾ നൽകാനായി പറഞ്ഞയച്ചു. രഘുനാഥൻ ഗുരുവിന്റെ വരവറിഞ്ഞതും വാതില്ക്കൽ ചെന്ന് അദ്ദേഹത്തിന്റെ പാദങ്ങളിൽ തലവണങ്ങി. ആദരവോടെ കൈകൾ കഴുകാൻ ജലം കൊടുത്ത് അവൻ ആദ്ദേഹത്തെ അകത്ത് കൂട്ടിക്കൊണ്ടുവന്ന് ഷോഡശോപചാരങ്ങളോടെ പൂജിച്ചു. പിന്നെ സീതയോടുകൂടി അദ്ദേഹത്തിന്റെ പാദങ്ങളെ കെട്ടിപ്പിടിച്ചുകൊണ്ട് ശ്രീരാമൻ തന്റെ കരകമലങ്ങൾ കൂപ്പിക്കൊണ്ട് പറഞ്ഞു: "ഒരു സേവകന്റെ വീട്ടിലേയ്ക്ക് ഒരു സ്വാമിയുടെ വരവ് എല്ലാ മംഗളങ്ങളുടേയും മൂലവും അശുഭങ്ങളുടെ നാശവുമാകുന്നു. എങ്കിലും പ്രഭോ, സ്വാമി സ്നേഹത്തോടെ സേവകനെ വരുവാൻ പറഞ്ഞയച്ച് അവനെ വേണ്ട ജോലി ചുമതലപ്പെടുത്തുന്നത് ഇനിയും ഉചിതമായിരിയ്ക്കും. എന്തെന്നാൽ അതാണ് ന്യായമായത്. അങ്ങനെയുള്ള പ്രഭുത്വം ത്യജിച്ച് (ഇവിടെ വന്ന്) എന്നോട് സ്നേഹം കാണിച്ചതിനാൽ ഇന്ന് എന്റെ വീട് ധന്യമായിരിയ്ക്കുന്നു. ഹേ സ്വാമിൻ, അങ്ങയുടെ ആദേശം കിട്ടിയാൽ അതു നിർവഹിയ്ക്കാൻ കാത്തിരിയ്ക്കുന്നു. എന്തെന്നാൽ ഒരു സേവകന്ന് തന്റെ സ്വാമിയെ സേവിയ്ക്കുന്നതിനാൽ മാത്രമേ ഗുണമുള്ളൂ."

ദോ:

സുനി സനേഹ് സാനേ ബചന് മുനി രഘുബരഹി പ്രസംസ്,
രാമ് കസ് ന തുംഹ് കഹഹു അസ് ഹംസ് ബംസ് അവതംസ്. (9)

സ്നേഹമയമായ ഈ വാക്കുകൾ കേട്ട് മുനി രഘുപതിയെ പ്രശംസിച്ച് പറഞ്ഞു: "ഹേ രാമ നീ പറയുന്നത് എത്രയും ഉചിതമാണ്. എന്തെന്നാൽ നീ സുര്യവംശത്തിന്റെ തിലകമാണ്." (9)

ചൗ:

ബരനി രാമ് ഗുന് സീലു സുഭാഊ
ബോലേ പ്രേമ് പുലകി മുനിരാഊ,
ഭൂപ് സജെഉ അഭിഷേക് സമാജു
ചാഹത് ദേന് തുംഹഹി ജുബരാജൂ. 1

രാമ് കരഹു സബ് സംജമ് ആജൂ
ജൗം ബിധി കുസല് നിബാഹൈ കാജൂ,
ഗുരു സിഖ് ദേഇ രായ് പഹിം ഗയഊ
രാമ് ഹൃദയ്ँ അസ് ബിസമഉ ഭയഊ. 2

ജനമേ ഏക് സംഗ് സബ് ഭാഇൗ
ഭോജന് സയന് കേലി ലരികാഇൗ,
കരനബേധ് ഉപബീത് ബിആഹാ
സംഗ് സംഗ് സബ് ഭഏ ഉഛാഹാ. 3

ബിമല് ബംസ് യഹു അനുചിത് ഏകൂ
ബന്ധു ബിഹാഇ ബഡെഹി അഭിഷേകൂ,
പ്രഭു സപ്രേമ് പഛിതാനി സുഹാഇൗ
ഹരഉ ഭഗത് മന് കൈ കുടിലാഇൗ. 4

ശ്രീരാമന്റെ സദ്ഗുണങ്ങളേയും, സൗശീല്യത്തേയും, സുസ്വഭാവത്തേയും വർണ്ണിച്ചുകൊണ്ട് മുനിവര്യനായ വസിഷ്ഠൻ പ്രേമപുളകിതനായി പറഞ്ഞു: “ഹേ രാമ, രാജാവ് നിന്നെ യുവരാജാവാക്കണമെന്ന് ഇച്ഛിയ്ക്കുന്നു. അദ്ദേഹം അഭിഷേകം ചെയ്യാനുള്ള സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്. ദൈവം ഈ കാര്യം കുശലമായി സാധിപ്പിയ്ക്കാൻ ഇന്ന് നീ വ്രതമിരിയ്ക്കണം.” ഈവിധം രാമനെ ഉപദേശിച്ച് മുനി രാജാവിന്റെ അടുക്കലേയ്ക്ക് മടങ്ങിവന്നു. ശ്രീരാമന്റെ മനസ്സിൽ വൈഷമ്യം ഉണ്ടായി. അവൻ സ്വയം പറഞ്ഞു: 'ഞാനും എന്റെ സഹോദരന്മാരും ഒന്നിച്ചു ജനിച്ചു. ഒന്നിച്ച് ഭക്ഷണം കഴിച്ചു. കുട്ടിക്കാലത്ത് ഒന്നിച്ച് ഉറങ്ങി, കളിച്ചു. ഞങ്ങളുടെ കാതുകുത്തും, ഉപനയനവും, വിവാഹവും എല്ലാ സംസ്കാരങ്ങളും ഒന്നിച്ചു നടന്നു. ഈ നിർമലമായ വംശപരമ്പരയിൽ, അനുജന്മാരെ ഒഴിച്ച് ജ്യേഷ്ഠൻ

അഭിഷിക്തനാവണമെന്നത് മാത്രം അനുചിതമായൊരു ആചാരമാണ്.' പ്രഭുവിന്റെ ഈ സ്നേഹമയവും ശ്രേഷ്ഠവുമായ ശോകവികാരപ്രകടനം അവന്റെ ഭക്തന്മാരുടെ മനസ്സിൽനിന്നും എല്ലാ സംശയങ്ങളേയും ആട്ടിയോട്ടിയ്ക്കട്ടെ.

ദോ:

തെഹി അവസര് ആഏ ലഖന് മഗന് പ്രേമ് ആനന്ദ്,
സന്മാനേ പ്രിയ് ബചന് കഹി രഘുകുല് കൈരവ് ചന്ദ്. (10)

ആ സമയം തന്നെ പ്രേമാനന്ദമഗ്നനായി ലക്ഷ്മണൻ അവിടെ വന്നു. രഘുകുലചന്ദ്രനായ ശ്രീരാമൻ, ചന്ദ്രൻ ആമ്പൽപ്പൂവിനെ ആനന്ദിപ്പിയ്ക്കുന്നതുപോലെ, പ്രിയവചനങ്ങൾ കൊണ്ട് അവനെ സന്മാനിച്ചു. (10)

ചൗ:

ബാജഹിം ബാജനെ ബിബിധ് ബിധാനാ
പുര് പ്രമോദു നഹി ജാഇ ബഖാനാ,
ഭരത് ആഗമനു സകല് മനാവഹിം
ആവഹും ബേഗി നയന് ഫലു പാവഹിം. 1

ഹാട് ബാട് ഘര് ഗലീം അഥാഈം
കഹഹിം പരസ്പര് ലോഗ് ലൊഗാഈം,
കാലി ലഗന് ഭലി കേതിക് ബാരാ
പൂജിഹി ബിധി അഭിലാഷു ഹമാരാ. 2

കനക് സിംഘാസന് സീയ് സമേതാ
ബൈഠഹിം രാമു ഹോഇ ചിത് ചേതാ,
സകല് കഹഹിം കബ് ഹോഇഹി കാലീ
ബിഘന് മനാവഹി ദേവ് കുചാലീ. 3

തിൻഹഹി സൊഹാഇ ന അവധ് ബധാവാ
ചോരഹി ചന്ദിനി രാതി ന ഭാവാ,
സാരദ് ബോലി ബിനയ് സുര് കരഹീം
ബാരഹിം ബാര് പായ് ലൈ പരഹീം. 4

എല്ലാവിധത്തിലുള്ള വാദ്യഘോഷങ്ങളും ഉണ്ടായിരുന്നു. നഗരത്തിലെ ആനന്ദത്തെ വർണ്ണിപ്പാനാവില്ല. എല്ലാവരും ഭരതൻ (അമ്മാവന്റെ വീട്ടിൽനിന്നും) തിരിച്ചുവരാൻ പ്രാർത്ഥിച്ച് പരസ്പരം പറഞ്ഞു: 'ഭരതൻ വേഗം വന്ന് തന്റെ കണ്ണുകളുടെ സാഫല്യത്തെ നേടട്ടെ.' അങ്ങാടികളിലും, തെരുവീഥികളിലും, വീടുകളിലും, ഇടവഴികളിലും, ആരാമസ്ഥലങ്ങളിലും പുരുഷന്മാരും സ്ത്രീകളും പരസ്പരം പറഞ്ഞു: 'ശ്രീരാമൻ സീതാസമേതനായി സ്വർണ്ണസിംഹാസനത്തിൽ ഇരുന്ന് നമ്മുടെ അഭിലാഷത്തെ ദൈവം പൂർത്തിയാക്കുന്ന നാളത്തെ ആ മൂഹൂർത്തസമയം എപ്പോൾ വരും?' 'നാളെ എപ്പോൾ പുലരും?' എല്ലാവരും പറഞ്ഞു. ദുഷ്ടന്മാരായ ദേവന്മാരോ, എപ്പോഴാണ് ഇതിന്ന് വിഘ്നം സംഭിവിയ്ക്കുക എന്ന് പ്രാർത്ഥിച്ചു. ഒരു ചോരന്ന് പൂർണ്ണചന്ദ്രനുള്ള രാത്രി എങ്ങനെ ഇഷ്ടമില്ലയോ, അതുപോലെ ദേവന്മാർക്ക് അയോദ്ധ്യയിൽ നടന്നുകൊണ്ടിരുന്ന ആനന്ദോത്സവങ്ങൾ ഒട്ടും രസിച്ചില്ല. ശാരദാദേവിയെ പ്രാർത്ഥിച്ചുകൊണ്ട് ദേവന്മാർ അവളുടെ പാദങ്ങളെ കെട്ടിപ്പിടിച്ചുകൊണ്ട് വീണ്ടും വീണ്ടും അവയെ വീണു നമസ്കരിച്ച് വിനയത്തോടെ അപേക്ഷിച്ചു.

ദോ:

ബിപതി ഹമാരി ബിലോകി ബഡി മാതു കരിഅ സൊഇ ആജു,
രാമു ജാഹിം ബന് രാജു തജി ഹോഇ സകല് സുരകാജു. (11)

“ഞങ്ങളുടെ വിപത്തിനെ മനസ്സിൽ കൊണ്ട്, മാതാവേ, കാര്യങ്ങളെ ഏതു വിധം കൈകാര്യം ചെയ്താൽ ശ്രീരാമൻ രാജപദവിവിട്ട് കാട്ടിലേയ്ക്കു പോകുമോ, അതുപോലെ ചെയ്ത് ദേവന്മാരുടെ കാര്യം പൂർണ്ണമായി സാധ്യമാക്കിയാലും.” (11)

ചൗ:

സുനി സുര് ബിനയ് ഠാഢി പഛിതാതീ
ഭയഉ സരോജ് ബിപിന് ഹിമരാതീ,
ദേഖി ദേവ് പുനി കഹഹിം നിഹോരീ
മാതു തോഹി നഹിം ഥോരിഉ ഖോരീ. 1

ബിസ്മയ് ഹരഷ് രഹിത് രഘുരാഊ
തുംഹ് ജാനഹു സബ് രാമ് പ്രഭാഊ,

ജീവ് കരമ് ബസ് സുഖ് ദുഖ് ഭാഗീ
ജാഇഅ അവധ് ദേവ് ഹിത് ലാഗീ. 2

ബാര് ബാര് ഗഹി ചരന് സ്ँകോചീ
ചലീ ബിചാരി ബിബുധ് മതി പോചീ,
ഊँച് നിവാസു നീചി കര്തൂതീ
ദേഖി ന സഹഹിം പരാഇ ബിഭൂതീ. 3

ആഗില് കാജു ബിചാരി ബഹോരീ
കരിഹഹിം ചാഹ് കുസല് കബി മോരീ,
ഹരഷി ഹൃദയ്ँ ദസരഥ് പുര് ആഇഔം
ജനു ഗ്രഹ് ദസാ ദുസഹ് ദുഖദാഇഔം. 4

ദേവന്മാരുടെ ഈ പ്രാർത്ഥന കേട്ട് ശാരദ നിശ്ചലയായി നിന്നു. മഞ്ഞു നിറഞ്ഞ രാത്രിയിൽ താമരപ്പൂക്കൂട്ടങ്ങൾ (മ്ലാനത) അനുഭവിയ്ക്കുന്നതു പോലെ അയോദ്ധ്യയിലെ ജനങ്ങൾക്ക് താൻ ചെയ്യുവാൻ പോകുന്ന കൃത്യമോർത്ത് അവൾ വ്യസനിച്ചു. അവളെ വിഷാദമഗ്നയായി കണ്ട് ദേവന്മാർ വീണ്ടും വിനയത്തോടെ പറഞ്ഞു: “മാതാവേ, (ഇതുകാരണം) നിങ്ങൾക്ക് യാതൊരു ദോഷവും വരില്ല. എന്തെന്നാൽ രഘുരാമൻ ഹർഷ ശോകങ്ങൾക്കപ്പുറത്തുള്ളവനാണ്. ശ്രീരാമന്റെ പ്രഭാവം നിങ്ങൾക്ക് നല്ലപോലെ അറിയാമല്ലോ. ജനങ്ങളെ സംബന്ധിച്ചിടത്തോളം, ഓരോ ജീവനും അതിന്റെ വിധിയനുസരിച്ച് ഹർഷശോകങ്ങൾക്കധീനമായ താണ്. അതിനാൽ നിങ്ങൾ മനസ്സന്തോഷത്തോടെ ദേവന്മാരുടെ നന്മയെ ഉദ്ദേശിച്ച് അയോദ്ധ്യയിലേയ്ക്ക് പോകണം.” അവളുടെ പാദങ്ങളെ വീണ്ടും വീണ്ടും കെട്ടിപ്പിടിച്ചുകൊണ്ട് അവൾ സമ്മതിയ്ക്കുന്നതുവരെ അവർ അവളെ നിർബന്ധിച്ചുകൊണ്ടിരുന്നു. ദേവന്മാരെ വക്രബുദ്ധികളാണെന്ന് കണ്ട് അവൾ പുറപ്പെട്ടു. അവൾ സ്വയം പറഞ്ഞു: 'അവർ ഉയർന്ന സ്ഥാനത്ത് ഇരിയ്ക്കുന്നവരായാലും അവരുടെ കൃത്യങ്ങൾ എത്രയും നീചമാണ്. അവർക്ക് അന്യരുടെ സൗഭാഗ്യം കണ്ടുകൂടാ.' വരാൻ പോകുന്ന ദിവസങ്ങളിൽ അവൾ ചെയ്യാൻ വിധിച്ചിരിയ്ക്കുന്ന ഭാഗത്തെ ഓർത്ത്, ശ്രേഷ്ഠന്മാരായ കവികൾ തന്റെ ഉപകാരത്തെ നാടിവരുന്ന

തോർത്തുകൊണ്ട് സന്തുഷ്ടഹൃദയത്തോടെ, ദുസ്സഹവും ദു:ഖപ്രദവുമായ ഗ്രഹത്തെപ്പോലെ അവൾ ദശരഥന്റെ രാജധാനിയിലേയ്ക്ക് ചെന്നു.

ദോ:

നാമു മന്ഥരാ മന്ദമതി ചേരി കൈകയീ കേരി,
അജസ് പെടാരീ താഹി കരി ഗഈ ഗിരാ മതി ഫേരി. (12)

കൈകേയിയ്ക്ക് മന്ദബുദ്ധിയായ മന്ഥരയെന്നു പേരുള്ള ഒരു സേവിക യുണ്ടായിരുന്നു. അവളുടെ ബുദ്ധിയെ ദുർമാർഗ്ഗത്തിൽ പിന്തിരിപ്പിച്ച് അവളെ ദുഷ്പേരിന്നു പാത്രമാക്കിയ ശേഷം ശാരദ തന്റെ വസതിയി ലേയ്ക്ക് തിരിച്ചു ചെന്നു. (12)

ചൗ:

ദീഖ് മന്ഥരാ നഗരു ബനാവാ
മഞ്ജുല് മംഗല് ബാജ് ബധാവാ,
പൂഛെസി ലോഗൻഹ് കാഹ് ഉഛാഹൂ
രാമ് തിലകു സുനി ഭാ ഉര് ദാഹൂ. 1

കരഇ ബിചാരു കുബുദ്ധി കുജാതീ
ഹോഇ അകാജു കവനി ബിധി രാതീ,
ദേഖി ലാഗി മധു കുടില് കിരാതീ
ജിമി ഗവ് തകഇ ലേഉ് കെഹി ഭാ്തീ. 2

ഭരത് മാതു പഹി ഗഇ ബിലഖാനീ
കാ അന്മനി ഹസി കഹ് ഹ്സി രാനീ,
ഉതരു ദേഇ ന ലേഇ ഉസാസൂ
നാരി ചരിത് കരി ഢാരഇ ആ്സൂ. 3

ഹ്സി കഹ് രാനി ഗാലു ബഡ് തോരേം
ദീൻഹ് ലഖന് സിഖ് അസ് മന് മോരേം,
തബഹു് ന ബോല് ചേരി ബഡി പാപിനീ
ഛാഡഇ സ്വാസ് കാരി ജനു സാ്പിനീ. 4

നഗരത്തെ അലങ്കരിയ്ക്കപ്പെടുകയും, മംഗളവാദ്യങ്ങൾ മധുരമായി വായിയ്ക്കപ്പെടുകയും ചെയ്യുന്നതുകണ്ട് മന്ഥര ജനങ്ങളോട് ചോദിച്ചു: “ഈ ആഘോഷം എന്തിനാണ്?” എന്ന്. ശ്രീരാമന്റെ രാജ്യാഭിഷേകത്തെപ്പറ്റി കേട്ടപ്പോൾ അവൾ മനസ്സിൽ ദു:ഖിതയായി. തേൻ കൂടിനെ കണ്ട ക്രൂരയായ വേടത്തി തേൻ ശേഖരിപ്പാനായി കുതന്ത്രം ചെയ്യുന്നതു പോലെ, ദുർബുദ്ധിയും, നീചജാതിയിൽ പിറന്നവളുമായ അവൾ ഏതുവിധം രാത്രിയ്ക്കുള്ളിൽ കാര്യത്തെ വിഫലമാക്കാമെന്ന് ചിന്തിച്ചു. മുഖം വീർപ്പിച്ചുകൊണ്ട് അവൾ ഭരതന്റെ അമ്മയുടെ അടുക്കലേയ്ക്ക് ചെന്നു. “നീ ഇത്രയും ഗൗരവമായിരിയ്ക്കുന്നത് എന്തിനാണ്?” എന്ന് റാണി മന്ദഹസിച്ചുകൊണ്ട് അവളോട് ചോദിച്ചു. അവൾ മറുപടിയൊന്നും പറയാതെ ഒരു നെടുവീർപ്പു മാത്രം വിട്ടുകൊണ്ട് സ്ത്രീകളുടെ സ്വഭാവത്തെ അനുസരിച്ച് മുതലക്കണ്ണീർ വിടാൻ തുടങ്ങി. റാണി ചിരിച്ചുകൊണ്ട് ചോദിച്ചു: “നീ ഒരു വികൃതിയായ പെണ്ണാണ്. ലക്ഷ്മ ണൻ നിന്നെ ഒരു പാഠം പഠിപ്പിച്ചിട്ടുണ്ടെന്ന് ഞാൻ സംശയിയ്ക്കുന്നു.” എന്നിട്ടും ആ മഹാദുഷ്ടയായ സേവകി ഒന്നും പറയാതെ സർപ്പത്തെ പ്പോലെ ചീറ്റി.

ദോ:

സഭയ് രാണി കഹ് കഹസി കിന് കുസല് രാമു മഹിപാലു,
ലഖനു ഭരതു രിപുദമനു സുനി ഭാ കുബരീ ഉര് സാലു. (13)

(എന്തോ അഹിതം നടന്നിട്ടുണ്ടെന്നു) ഭയന്ന് റാണി അവളോട് പറഞ്ഞു: “ഏന്താ നീ ഒന്നും മിണ്ടാതിരിയ്ക്കുന്നത്? രാമന്നും, രാജാവിന്നും, ലക്ഷ്മ ണന്നും ഭരതന്നും ശത്രുഘ്നന്നും സുഖം തന്നെയല്ലെ?” ഈ വാക്കുകൾ കേട്ട് കൂനിയുടെ മനസ്സ് വേദനിച്ചു. (13)

ചൗ:

കത് സിഖ് ദേഇ ഹമ്ഹി കൊഉ മാഈ
ഗാല് കരബ് കെഹി കര് ബലു പാഈ,
രാമ്ഹി ഛാഡി കുസല് കെഹി ആജൂ
ജെഹി ജനേസു ദേഇ ജുബരാജൂ. 1

ഭയഉ കൗസിലഹി ബിധി അതി ദാഹിന്
ദേഖത് ഗരബ് രഹത് ഉര് നാഹിന്,
ദേഖഉ കസ് ന ജാഇ സബ് സോഭാ
**ജോ അവലോകി മോര് മന് ഛോഭാ.	2**

പൂതു ബിദേസ് ന സോചു തുംഹാരേം
ജാനതി ഹഹു ബസ് നാഹു ഹമാരേം,
നീദ് ബഹുത് പ്രിയ് സേജ് തുരാഈ
**ലഖഹു ന ഭൂപ് കപട് ചതുരാഈ.	3**

സുനി പ്രിയ ബചന് മലിന് മനു ജാനീ
ഝുകീ രാണി അബ് രഹു അരഗാനീ,
പുനി അസ് കബഹു് കഹസി ഘര്ഫോരീ
**തബ് ധരി ജീഭ് കഢാവഉ് തോരീ.	4**

അമ്മേ, എന്നെ എന്തിന് ആരെങ്കിലും പാഠം പഠിപ്പിയ്ക്കണം? പിന്നെ ആരുടെ പിൻബലത്താലാണ് ഞാൻ ധിക്കാരിയാവുക? രാജാവ് യുവ രാജാവാക്കുവാൻ പോകുന്ന രാമനൊഴിച്ച് ഇന്ന് ആരാണ് സന്തോഷ ത്തോടെയിരിയ്ക്കുന്നത്? വിധി കൗസല്യയ്ക്ക് അത്യന്തം അനുകൂലമായിട്ടുണ്ട്. ഇതു കണ്ട് അവൾക്ക് അവളുടെ മനസ്സിലെ ഗർവത്തെ അടക്കാനാവില്ല. എന്തുകൊണ്ട് നിങ്ങൾക്ക് പോയി എല്ലാ പകിട്ടിനേയും നോക്കിക്കൂടാ? അതു കണ്ട് എന്റെ മനസ്സ് ക്ഷോഭിയ്ക്കുന്നു. നിങ്ങളുടെ പുത്രൻ അന്യ ദേശത്താണ്. നിങ്ങളോ, നിങ്ങളുടെ ഭർത്താവ് നിങ്ങളുടെ വശത്താ ണെന്ന വിചാരത്തിൽ നിശ്ചിന്തയിലിരിയ്ക്കുന്നു. നിങ്ങൾക്ക് മെത്തയിൽ കിടന്നുറങ്ങാനാണ് അത്യന്തം ഇഷ്ടം. നിങ്ങൾക്ക് രാജാവിന്റെ കപടമായ സാമർത്ഥ്യത്തെ കാണാനാവുന്നില്ല." പ്രിയമായ ഈ വാക്കുകളെ കേട്ട്, പക്ഷേ അവളുടെ ദുഷിച്ച മനസ്സിനെ അറിഞ്ഞ്, റാണി കോപത്തോടെ പറഞ്ഞു: "മിണ്ടാതിരിയ്ക്കൂ. കുടുംബത്തിൽ കലഹത്തിന്റെ വിത്തു വിതയ്ക്കാൻ നീ വിദഗ്ധയാണ്. ഇനിമേൽ ഈവിധം വീണ്ടും സംസാരി ച്ചാൽ ഞാൻ നിന്റെ നാവ് പിഴുതെടുക്കും."

ദോ:

കാനേ ഖോരേ കൂബരേ കുടില് കുചാലീ ജാനി,
**തിയ് ബിസേഷി പുനി ചേരി കഹി ഭരത്മാതു മുസുകാനി.	(14)**

“കോങ്കണ്ണുള്ളവരും, നൊണ്ടികളും, കൂനുള്ളവരും എല്ലാം വക്രബുദ്ധികളും, ദുഷ്ടന്മാരുമാണ്. വിശേഷിച്ചും സ്ത്രീകളും, അതിലും നീചജാതിക്കാരും.” എന്നു പറഞ്ഞ് ഭരതന്റെ അമ്മ പുഞ്ചിരിച്ചു. (14)

ചൗ:

പ്രിയബാദിനി സിഖ് ദീൻഹിഉ് തോഹീ
സപനെഹു് തോ പര് കോപു ന മോഹീ,
സുദിനു സുമംഗല് ദായകു സോഇൗ
തോര് കഹാ ഫുര് ജെഹി ദിന് ഹോഇൗ. 1

ജേഠ് സ്വാമി സേവക് ലഘു ഭാഇൗ
യഹ് ദിനകര് കുല് രീതി സുഹാഇൗ,
രായ് തിലകു ജൗം സാ്ചെഹു കാലീ
ദേഉ് മാഗു മന് ഭാവത് ആലീ. 2

കൗസല്യാ സമ് സബ് മഹതാരീ
രാമ്ഹി സഹജ് സുഭായ് പിആരീ,
മോ പര് കരഹിം സനേഹു ബിസേഷീ
മൈം കരി പ്രീതി പരീഛാ ദേഖീ. 3

ജൗം ബിധി ജനമു ദേഇ കരി ഛോഹൂ
ഹോഹു് രാമ് സിയ് പൂത് പുതോഹൂ,
പ്രാന് തേം അധിക് രാമു പ്രിയ് മോരേം
തിൻഹ് കേം തിലക് ഛോഭു കസ് തോരേം. 4

“ഹേ പ്രിയവാദിനി, ഞാൻ പറഞ്ഞതെല്ലാം നിന്നെ ഉപദേശിക്കാൻ വേണ്ടിയാണ്. അല്ലെങ്കിൽ സ്വപ്നത്തിൽക്കൂടി നിന്നോട് എനിക്ക് കോപമില്ല. നീ പറഞ്ഞത് എന്ന് സത്യമാകുമോ, ആ ദിവസം മാത്രമാണ് സുദിനവും സുമംഗളകരവും. ജ്യേഷ്ഠൻ സ്വാമിയും അനുജന്മാർ സേവകന്മാരുമായിരിക്കണം. ഇതാണ് സുര്യവംശത്തിൽ നിലവുന്ന ശുഭകരമായ ആചാരം. ശ്രീരാമന്റെ അഭിഷേകം നാളെ സത്യമായും നടക്കുന്നതയാൽ ഹേ സഖി, നിന്റെ മനസ്സിന്നിഷ്ടമായ എന്തും ചോദിച്ചു കൊള്ളൂ. അത് ഞാൻ തരാം. അവന്റെ സഹജമായ സ്വഭാവത്താൽ രാമൻ

അവന്റെ എല്ലാ അമ്മമാരേയും കൗസല്യയ്ക്കു സമമായി സ്നേഹിയ്ക്കുന്നു. അവന്ന് എന്റേ പേരിൽ വിശേഷിച്ചും സ്നേഹമുണ്ട്. അവന്റെ സ്നേഹത്തെ പരീക്ഷിയ്ക്കാൻ എനിയ്ക്ക് സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ദൈവത്തിന്റെ കൃപയാൽ എനിയ്ക്ക് ഇനിയൊരു മാനുഷജന്മം ലഭിയ്ക്കുന്നതായാൽ, രാമനും സീതയും എന്റെ പുത്രനും പുത്രവധുവുമായിരിയ്ക്കട്ടെ. രാമൻ എനിയ്ക്ക് ജീവനെക്കാൾ പ്രിയനാണ്. അവന്റെ അഭിഷേകത്തിൽ നിനക്ക് ഇത്ര ക്ഷോഭം എന്തിനാണ്?"

ദോ:

ഭരത് സപഥ് തൊഹി സത്യ് കഹു പരിഹരി കപട് ദുരാഉ,
ഹരഷ് സമയ് ബിസമഉ കരസി കാരന് മൊഹി സുനാഉ. (15)

"ഭരതൻമേൽ ആണയായി ഞാൻ നിന്നോട് അപേക്ഷിയ്ക്കുന്നു. കപടതയും സന്ദേഹവും വെടിഞ്ഞ് സത്യം തുറന്നു പറയൂ. ആനന്ദിയ്ക്കേണ്ട ഈ അവസരത്തിൽ നീ എന്തു കാരണത്താലാണ് വ്യസനിയ്ക്കുന്നത്?" (15)

ചൗ:

ഏകഹിം ബാര് ആസ് സബ് പൂജീ
അബ് കഛു കഹബ് ജീഭ് കരി ദൂജീ,
ഫോരൈ ജോഗു കപാരു അഭാഗാ
ഭലെഉ കഹത് ദുഖ് രഉരെഹി ലാഗാ. 1

കഹഹി ഝൂഠി ഫുരി ബാത് ബനാഈ
തേ പ്രിയ് തുംഹഹി കരുഇ മൈം മാഈ,
ഹമഹു്ँ കഹബി അബ് ഠകുരസൊഹാതീ
നാഹിം ത് മൗന് രഹബ് ദിനു രാതീ. 2

കരി കുരൂപ് ബിധി പരബസ് കീൻഹാ
ബവാ സോ ലുനിഅ ലഹിഅ ജൊ ദീൻഹാ,
കൊഉ നൃപ് ഹോഉ ഹമഹി കാ ഹാനീ
ചേരി ഛാഡി അബ് ഹോബ് കി രാനീ. 3

ജാരൈ ജോഗു സുഭാഉ ഹമാരാ
അൻഭല് ദേഖി ന ജാഇ തുംഹാരാ,
താതേം കഛുക് ബാത് അനുസാരീ
ഛമിഅ ദേബി ബഡി ചൂക് ഹമാരീ. 4

“ഒരേ ഒരു പ്രാവശ്യം സംസാരിച്ച് ഇതുവരെ എന്റെ ഇച്ഛകളെയെല്ലാം സാധിച്ചു. ഇനി ഞാൻ വേറൊരു നാവു കൊണ്ട് സംസാരിയ്ക്കാം. ഞാൻ നല്ലതു വിചാരിച്ച് പറയുന്നതിൽ നിങ്ങൾക്ക് മനസ്സിൽ ക്ഷോഭമുണ്ടാകുന്നു. അതിന്ന് എന്റെ തലയെ ഉടയ്ക്കേണ്ടതാണ്. എതാണ് സത്യം എതാണ് അസത്യം എന്ന് മനസ്സിലാക്കാതെ മുഖസ്തുതി പറയുന്നതാണ് നിങ്ങൾക്കിഷ്ടം. ഞാൻ പറയുന്നത് അനിഷ്ടവും. ഇന്നു മുതൽ ഞാനും എന്റെ സ്വാമിനിയ്ക്ക് ഇഷ്ടമായതുമാത്രമേ പറയുള്ളൂ. അല്ലെങ്കിൽ രാത്രിയും പകലും മൗനമായിരിയ്ക്കും. ദൈവം എനിയ്ക്ക് കുരൂപതയെ തന്ന് പരാശ്രയത്തേയും തന്നിട്ടുണ്ട്. ഒരുവൻ വിതച്ചതു കൊയ്യണം. കൊടുത്തത് ലഭിയ്ക്കണം. ആര് രാജ്യം ഭരിച്ചാലും എനിയ്ക്കൊരു നഷ്ടവും വരാനില്ല. അല്ലെങ്കിൽ എനിയ്ക്ക് ദാസീത്വം വിട്ട് റാണിയാകുവാൻ കഴിയുമോ? നിങ്ങൾക്ക് ഒരു അനർത്ഥം വരുന്നതു കണ്ട് എനിയ്ക്ക് സഹിയ്ക്കാനാവുന്നില്ല. എന്റെ ഈ സ്വഭാവം ശപിയ്ക്കപ്പെട്ടതാണ്. അതിനാലാണ് ഞാൻ ഈ വിഷയത്തെ പറഞ്ഞത്. പക്ഷേ അത് വലിയൊരു വിഡ്ഢിത്തമായി. അതിനാൽ, ഹേ ദേവി. എന്നെ ക്ഷമിച്ചാലും.”

ദോ:
ഗൂഢ് കപട് പ്രിയ ബചന് സുനി തീയ് അധരബുധി രാനി,
സുരമായാ ബസ് ബൈരിനിഹി സുഹൃദ് ജാനി പതിആനി. (16)

ഗുഢവും കപടവുമായ ഈ പ്രിയമായ വാക്കുകളെ കേട്ട് ദൃഢബുദ്ധിയില്ലാത്തവളും, ദേവന്മാരുടെ മായയ്ക്കധീനയായവളുമായിരുന്ന റാണി, സുഹൃത്താണെന്ന് തെറ്റിദ്ധരിച്ച് ഒരു ശത്രുവിനെ വിശ്വസിച്ചു. (16)

ചൗ:
സാദര് പുനി പുനി പൂ̐ഛതി ഓഹീ
സബരീ ഗാന് മൃഗീ ജനു മോഹീ,

തസി മതി ഫിരി അഹഇ ജസി ഭാബീ
രഹസീ ചേരി ഘാത് ജനു ഫാബീ. 1

തുംഹ് പൂँഛഹു മൈം കഹത് ഡെരാഊँ
ധരെഹു മോര് ഘര്ഫോരീ നാഊँ,
സജി പ്രതീതി ബഹുബിധി ഗഢി ഛോലീ
അവധ് സാഢ്സാതീ തബ് ബോലീ. 2

പ്രിയ സിയ് രാമു കഹാ തുംഹ് രാനീ
രാമ്ഹി തുംഹ് പ്രിയ് സോ ഫുരി ബാനീ,
രഹാ പ്രഥമ് അബ് തേ ദിന് ബീതേ
സമഉ ഫിരേം രിപു ഹോഹിം പിരീതേ. 3

ഭാനു കമല് കുല് പോഷനിഹാരാ
ബിനു ജല് ജാരി കരഇ സൊഇ ഛാരാ,
ജരി തുംഹാരി ചഹ് സവതി ഉഖാരീ
രൂँധഹു കരി ഉപാഉ ബര് ബാരീ. 4

വേടത്തിയുടെ പാട്ടിൽ മയങ്ങുന്ന മാൻപേടയെപ്പോലെ മന്ഥരയുടെ ഗൂഢമായ വാക്കുകളാൽ മയങ്ങിയിരുന്ന റാണി അവളോട് വീണ്ടും വീണ്ടും ചോദിച്ചു. വിധിയുടെ വിധാനത്താൽ അവളുടെ മനസ്സ് മാറിക്കഴിഞ്ഞിരുന്നു. അവളുടെ തന്ത്രം ഫലിയ്ക്കുന്നതു കണ്ട് ദാസി സന്തോഷിച്ചു. അവൾ മറുപടി പറഞ്ഞു: "നിങ്ങൾ എന്നെ തുടർന്ന് ചോദ്യം ചെയ്യുന്നു. പക്ഷേ ഞാൻ എന്റെ വായ തുറക്കാൻ ഭയപ്പെടുന്നു. എന്തെന്നാൽ നിങ്ങൾ എനിയ്ക്ക് കലഹകാരിയെന്ന പേരിട്ടിരിയ്ക്കുന്നു." ഈവിധം റാണിയുടെ വിശ്വാസത്തെ ഊർജിതപ്പെടുത്തിക്കൊണ്ട് അവളെ എല്ലാവിധത്തിലും തന്റെ വശത്താക്കിക്കൊണ്ട്, ശനിയുടെ ബാധ യാൽ ഏഴരക്കൊല്ലം നാശകാലം വരുന്നതുപോലെ അയോദ്ധ്യയുടെ നാശത്തിന്നു കാരണമായ മന്ഥര പറഞ്ഞു: "ഹേ റാണി, നിങ്ങൾ ഇപ്പോൾ പറഞ്ഞു, സീതയും രാമനും നിങ്ങൾക്ക് പ്രിയരാണെന്നും രാമന് നിങ്ങളും പ്രിയമാണെന്നും. ആ പ്രസ്താവം എത്രയും സത്യമാണ്. പക്ഷേ ഇത് കഴിഞ്ഞുപോയ സംഗതിയാണ്. ആ കാലമെല്ലാം മലയേറി. തിര

തിരിച്ചടിയ്ക്കുമ്പോൾ സുഹൃത്തുക്കളും ശത്രുക്കളാവും. സൂര്യൻ താമരപ്പൂക്കളെ പോഷിപ്പിയ്ക്കുന്നു. പക്ഷേ വെള്ളത്തിന്റെ അഭാവത്തിൽ അവയെ വാട്ടിക്കരിയ്ക്കുന്നു. നിങ്ങളുടെ സഹഭാര്യ (കൗസല്യ) നിങ്ങളുടെ മർമ്മസ്ഥാനത്തടിയ്ക്കും. ഏതെങ്കിലും നല്ല ഉപായം കണ്ട് അതിൽനിന്നും രക്ഷനേടിക്കൊള്ളുവിൻ.”

ദോ:

തുംഹഹി ന സോചു സൊഹാഗ് ബല് നിജ് ബസ്ജാനഹു രാഉ,
മന് മലീന് മുഹ് മീഠ് നൃപു രാഉര് സരല് സുഭാഉ. (17)

“നിങ്ങളുടെ ഭർത്താവിന്റെ സ്നേഹത്തിന്റെ ബലത്തിലും ഭർത്താവ് നിങ്ങൾക്കധീനനാണെന്നുമുള്ള ധൈര്യ®ിലും നിങ്ങൾ യാതൊരു ചിന്തയുമില്ലാതിരിയ്ക്കുന്നു. പക്ഷേ രാജാവിന്റെ മനസ്സ് ദുഷിച്ചതും, നാവ് മധുരമുള്ളതുമാണ്. നിങ്ങളോ സരളസ്വഭാവിയുമാണ്.” (17)

ചൗ:

ചതുര് ഗംഭീര് രാമ് മഹതാരീ
ബീചു പാഇ നിജ് ബാത് സ്ँവാരീ,
പഠഏ ഭരത് ഭൂപ് നനിഅഉരേം
രാമ് മാതു മത് ജാനബ് രഉരേം. 1

സേവഹിം സകല് സവതി മൊഹി നീകേം
ഗരബിത് ഭരത് മാതു ബല് പീ കേം,
സാലു തുംഹാര് കൗസിലഹി മാഈ
കപട് ചതുര് നഹിം ഹോഇ ജനാഈ. 2

രാജഹി തുംഹ പര് പ്രേമു ബിസേഷീ
സവതി സുഭാഉ സകഇ നഹി ദേഖീ,
രചി പ്രപഞ്ചു ഭൂപഹി അപനാഈ
രാമ് തിലക് ഹിത് ലഗന് ധരാഈ. 3

യഹ് കുല് ഉചിത് രാമ കഹുँ ടീകാ
സബഹി സൊഹാഇ മോഹി സുഠി നീകാ,

ആഗിലി ബാത് സമുഝി ഡരു മോഹീ
ദേഉ ദൈഉ ഫിരി സോ ഫലു ഓഹീ. 4

"രാമന്റെ അമ്മ സാമർത്ഥ്യവും ഗാംഭീര്യവുമുള്ളവളാണ്. അവസരം ലഭിച്ച് അവൾ സംഗതികൾ തനിയ്ക്കനുകൂലമാക്കീട്ടുണ്ട്. രാമന്റെ അമ്മയുടെ നിർദ്ദേശപ്രകാരമാണ് രാജാവ് ഭരതനെ അവന്റെ മുത്തച്ഛന്റെ വീട്ടിലേയ്ക്കയച്ചത്. അവൾ സ്വയം പറയുന്നു: 'എന്റെ മറ്റെല്ലാ സഹഭാര്യ മാരും എന്നെ നല്ലപോലെ സേവിയ്ക്കുന്നു. ഭരതന്റെ അമ്മ മാത്രം തന്റെ ഭർത്താവിന്റെ സ്വാധീനത കാരണം ഗർവം പിടിച്ചവളാണ്.' അമ്മേ, കൗസല്യയുടെ മനസ്സിൽ നിങ്ങൾ നിരന്തരമായ വേദനകൊടുക്കുന്നവ ളാണ്. പക്ഷേ അവൾ തന്റെ മനസ്സിനെ പുറത്തു കാണിയ്ക്കാതിരിയ്ക്കാൻ അത്രയ്ക്കും സൂത്രജ്ഞയാണ്. രാജാവിന്ന് നിങ്ങളോട് വിശേഷിച്ചും സ്നേഹമുണ്ട്. പക്ഷേ ഒരു സഹഭാര്യയ്ക്ക് അത് അസൂയാവഹമാകുന്നത് സാധാരണമാണ്. കൗസല്യയ്ക്ക് അത് സഹിയ്ക്കാനാവുന്നില്ല. ആതിനാലാണ് അവൾ തന്ത്രമുപയോഗിച്ച് രാജാവിനെ വശപ്പെടുത്തി അദ്ദേഹത്തോട് രാമന്റെ പട്ടാഭിഷേകത്തിന്ന് നാൾ കുറിയ്ക്കാൻ പ്രേരിപ്പിച്ചത്. രാമന്റെ പട്ടാഭിഷേകം വംശപാരമ്പര്യപ്രകാരം തന്നെയാണ്. അത് എല്ലാവർക്കും ഇഷ്ടപ്പെട്ടതും ആണ്, എനിയ്ക്കും കൂടി. പക്ഷേ അതിന്റെ പരിണാമത്തെ പ്പറ്റി ആലോചിയ്ക്കുമ്പോൾ ഞാൻ നടുങ്ങുന്നു. ഈ അനിഷ്ടം അവളുടെ തലയിൽ തന്നെ തിരിച്ചടിയ്ക്കാൻ ദൈവം കല്പിയ്ക്കട്ടെ."

ദോ:

രചി പചി കോടിക് കുടിലപന് കീൻഹെസി കപട് പ്രബോധു,
കഹിസി കഥാസത്സവതികൈജെഹിബിധിബാഢ് ബിരോധു. (18)

അനവധി ദുഷ്ടതകൾ നിറഞ്ഞ സൂത്രങ്ങൾ രചിച്ച് അവൾ റാണിയുടെ മനസ്സിൽ കപടത നിറച്ച് അവളുടെ ഈർഷ്യയെ വർദ്ധിപ്പിയ്ക്കാൻ സഹഭാര്യമാരെപ്പറ്റി നൂറു കഥകൾ പറഞ്ഞു കേൾപ്പിച്ചു. (18)

ചൗ:

ഭാവീ ബസ് പ്രതീതി ഉര് ആഈ
പൂ്ഛ് രാനി പുനി സപഥ് ദെവാഈ,

കാ പു്ഛഹു തുംഹ് അബഹു് ന ജാനാ
നിജ് ഹിത് അന്ഹിത് പസു പഹിചാനാ. 1

ഭയഉ പാഖു ദിന് സജത് സമാജൂ
തുംഹ് പാഇഊ സുധി മൊഹി സന് ആജൂ,
ഖാഇഅ പഹിരിഅ രാജ് തുംഹാരേം
സത്യ് കഹേം നഹിം ദോഷു ഹമാരേം. 2

ജൗം അസത്യ് കഛു കഹബ് ബനാഇഊ
തൗ ബിധി ദേഇഹി ഹമഹി സജാഇഊ,
രാമ്ഹി തിലക് കാലി ജൗം ഭയഊ
തുംഹ് കഹു് ബിപതി ബീജു ബിധി ഭയഊ. 3

രേഖ് ഖ്ചാഇ കഹഉ് ബലു ഭാഷീ
ഭാമിനി ഭഇഹു ദൂധ് കഇ മാഖീ,
ജൗം സുത് സഹിത് കരഹു സെവകാഇഊ
തൗ ഘര് രഹഹു ന ആന് ഉപാഇഊ. 4

വിധിയുടെ വശത്തായി റാണിയ്ക്ക് മന്ഥരയുടെ കൂറിനെപ്പറ്റി മനസ്സിൽ വിശ്വാസമായി. തന്റെ ജീവന്മേൽ ആണയായി അവൾ മന്ഥരയെ ഒരിയ്ക്കൽക്കൂടി ചോദ്യം ചെയ്തു. “നിങ്ങൾ എന്തിനെപ്പറ്റിയണ് ചോദ്യം ചെയ്യുന്നത്? ഇനിയും നിങ്ങൾക്ക് സംഗതികൾ മനസ്സിലായിട്ടില്ലെ ന്നുള്ളത് തികച്ചും വിചിത്രം തന്നെ. ഒരു മൃഗത്തിന്നു കൂടി തന്റെ നന്മയെപ്പറ്റിയും തിന്മയെപ്പറ്റിയും അറിയും. കഴിഞ്ഞ രണ്ടാഴ്ചയായി സജ്ജീകരണങ്ങൾ നടന്നുകൊണ്ടിരിയ്ക്കുന്നു. നിങ്ങളോ വർത്തമാനം ഇന്ന് എന്നിൽനിന്നും കേട്ടറിഞ്ഞു. നിങ്ങളുടെ ദയവിൽ എനിയ്ക്ക് ആഹാരവും വസ്ത്രങ്ങളും ലഭിയ്ക്കുന്നു. അതിനാൽ ഞാൻ നേരു പറയുന്നതിന്ന് എന്നെ കുറ്റപ്പെടുത്തരുത്. സത്യത്തിന്റെ നിറം കൊടുത്ത് ഞാനൊരു അസത്യം പറഞ്ഞാൽ ദൈവം എന്നെ ശിക്ഷിയ്ക്കും. രാമന്റെ പട്ടാഭിഷേകം നാളെ നടക്കുന്നതയാൽ ദൈവം നിങ്ങളുടെ വിപത്തിന്നുള്ള വിത്ത് വിതച്ചു കഴിഞ്ഞു. ഹേ ദേവി, ഞാൻ ഊന്നിപ്പറയുന്നു, ഇപ്പോൾ നിങ്ങൾ പാലിൽ മിതന്നു കിടക്കുന്ന ഈച്ചയെപ്പോലെ വിലക്കപ്പെട്ടിരിയ്ക്കുന്നു. നിങ്ങളും നിങ്ങളുടെ പുത്രനും സേവകന്മാരായി കഴിയുവാൻ തയ്യാറാണെങ്കിൽ

മാത്രമേ വീട്ടിൽ താമസിയ്ക്കാൻ അനുവദിയ്ക്കപ്പെടുകയുള്ളൂ. വേറൊരു മാർഗ്ഗവുമില്ല."

ദോ:

കദ്രൂ ബിനതഹി ദീൻഹ് ദുഖു തുംഹഹി കൗസിലാ് ദേബ്,
ഭരതു ബന്ദിഗൃഹ് സെഇഹഹിം ലഖനു രാമ് കേ നേബ്. (19)

"(സർപ്പമാതാവായ) കദ്രു അവളുടെ സഹഭാര്യയായ (പക്ഷിവർഗ്ഗത്തിന്റെ മാതാവായ) വിനതയെ ഉപദ്രവിച്ചു. അതുപോലെ കൗസല്യയും നിങ്ങളെ ഭീഷണിപ്പെടുത്തും. ഭരതൻ കാരാഗൃഹത്തിൽ കിടന്ന് ചീയും. ലക്ഷ്മണൻ രാമന്റെ സഹായിയുമാകും." (19)

ചൗ:

കൈകയസുതാ സുനത് കടു ബാനീ
കഹി ന സകഇ കഛു സമഹി സുഖാനീ,
തന് പസെഉ കദലീ ജിമി കാ്പീ
കുബരീം ദസന് ജീഭ് തബ് ചാ്പീ. 1

കഹി കഹി കോടിക് കപട് കഹാനീ
ധീരജു ധരഹു പ്രബോധിസി രാനീ,
ഫിരാ കരമു പ്രിയ് ലാഗി കുചാലീ
ബകിഹി സരാഹഇ മാനി മരാലീ. 2

സുനു മന്ഥരാ ബാത് ഫുരി തോരീ
ദഹിനി ആംഖി നിത് ഫരകഇ മോരീ,
ദിന് പ്രതി ദേഖഉ് രാതി കുസപനേ
കഹഉ് ന തോഹി മോഹ് ബസ് അപനേ. 3

കാഹ് കരീം സഖി സൂധ് സുഭാഊ
ദാഹിന് ബാമ് ന ജാനഉ് കാഊ. 4

ഈ കടുത്ത വചനങ്ങളെ കേട്ട കൈകേയി ഭയം കൊണ്ട് വിറച്ച് ഒന്നും പറയാൻ കഴിഞ്ഞില്ല. അവളുടെ ശരീരം വിയർത്തു നനഞ്ഞു. വാഴയില യെപ്പോലെ വിറച്ചു. കൂനി അപ്പോൾ തന്റെ നാവു കടിച്ചു (താൻ രചിച്ച മ്ലാനമായ ചിത്രം ഒരുപക്ഷേ കൈകേയിയുടെ ഹൃദയത്തെ ഉടയ്ക്കുമോ എന്ന്

ഭയന്ന്). കോടിക്കണക്കിൽ കപടത നിറഞ്ഞ കഥകൾ പറഞ്ഞു പറഞ്ഞ് അവൾ റാണിയെ നേരിട്ട് അവളെ ധൈര്യമായിരിയ്ക്കുവാൻ പറഞ്ഞു. അവസാനം അല തിരിഞ്ഞടിച്ചു. കൈകേയിയ്ക്ക് നാശകരമായി പ്രവർത്തിയ്ക്കാൻ ഇഷ്ടമുണ്ടായി. ഹംസമാണെന്ന് തെറ്റിദ്ധരിച്ച് ഒരു കൊക്കിനെ അഭിനന്ദിച്ചു. "മന്ധരേ, കേൾക്കു, നീ പറഞ്ഞത് എത്രയും ശരിയാണ്. എന്റെ വലതു കണ്ണ് സദാ തുടിയ്ക്കുന്നു. ദിനവും രാത്രി ദു:സ്വപ്നങ്ങൾ കാണുന്നു. പക്ഷേ വിഡ്ഢിത്തം കാരണം ഞാനത് നിന്നോട് പറഞ്ഞില്ല. ഞാനെന്തു ചെയ്യാനാ, സഖി? ഞാൻ സരള സ്വഭാവിയാണ്. എനിയ്ക്ക് ഒരു സുഹൃത്തിനേയും ശത്രുവിനേയും തിരിച്ചറിയാൻ കഴിയുന്നില്ല."

ദോ:

അപനേം ചലത് ന ആജു ലഗി അന്ഭല് കാഹുക് കീൻഹ്,
കെഹിംഅഘ്ഏകഹിബാര് മൊഹി ദൈഅ്ँ ദുസഹ് ദുഖു ദീൻഹ്.(20)

"എന്റെ അധികാരത്തിൽ ഇതുവരെ ഞാൻ ഒരുവർക്കും ഒരു ദുഷ് കർമ്മവും ചെയ്തിട്ടില്ല. എന്തു കുറ്റം ചെയ്തിട്ടാണ് ദൈവം എനിയ്ക്ക് ഈ ദു:സഹമായ ദുഖം ഒരേ സമയത്ത് തരുന്നത് എന്ന് അറിയുന്നില്ല." (20)

ചൗ:

നൈഹര് ജനമു ഭരബ് ബരു ജാഇൗ
ജിഅത് ന കരബി സവതി സെവകാഇൗ,
അരി ബസ് ദൈഉ ജിആവത് ജാഹീ
മരനു നീക് തെഹി ജീവന് ചാഹീ. 1

ദീന് ബചന് കഹ് ബഹുബിധി രാനീ
സുനി കുബരീം തിയ്മായാ ഠാനീ,
അസ് കസ് കഹഹു മാനി മന് ഊനാ
സുഖു സൊഹാഗു തുംഹ് കഹുँ ദിന് ദുനാ. 2

ജെഹി രാഉര് അതി അന്ഭല് താകാ
സൊഇ പാഇഹി യഹു ഫലു പരിപാകാ,
ജബ് തേം കുമത് സുനാ മൈം സ്വാമിനി
ഭൂഖ് ന ബാസര് നീന്ദ് ന ജാമിനി. 3

പൂ്ഛെരഉ് ഗുനിൻഹ് രേഖ് തിൻഹ് ഖാ്ചീ
ഭരത് ഭുആല് ഹോഹിം യഹ് സാ്ചീ,
ഭാമിനി കരഹു ത് കഹൗം ഉപാഇൗ
ഹൈ തുംഹരീം സേവാ ബസ് രാഉൗ 4

“ഞാനെന്റെ ബാക്കി ജീവിതം എന്റെ അച്ഛന്റെ ഗൃഹത്തിൽ പോയി താമസിയ്ക്കും. പക്ഷേ ഏതുകാരണത്താലും ഞാൻ ജീവിച്ചിരിയ്ക്കുന്നതു വരെ ഒരു സഹഭാര്യയെ സേവിച്ചുകൊണ്ട് ഒരിയ്ക്കലും ഇരിയ്ക്കില്ല. ഒരു ശത്രുവിന്റെ ആശ്രിതനായി ജീവിച്ചിരിയ്ക്കുന്നതിലും മേൽ മരണം ശ്രേഷ്ഠമാണ്.” റാണി ഈവിധം പലതും ദീനസ്വരത്തിൽ പറഞ്ഞു. അതു കേട്ട് കൂനി സ്ത്രീസഹജമായ പല കുടിലതകളും പ്രയോഗിച്ചു. “നിങ്ങൾ എന്തിന് ഈവിധം സ്വയം നിന്ദിച്ചുകൊണ്ട് സംസാരിയ്ക്കണം? നിങ്ങളുടെ സൗഖ്യവും സൗഭാഗ്യവും സദാ അധികരിച്ചുകൊണ്ടിരിയ്ക്കും. നിങ്ങളുടെ അത്യനിഷ്ടത്തെ രചിച്ചവർ ആരായിരുന്നാലും അതിന്റെ ഫലം അവരനുഭവിയ്ക്കും. സ്വാമിനി, ഈ കുതന്ത്രത്തെപ്പറ്റി കേട്ടതു മുതൽ എനിയ്ക്ക് പകലിൽ ആഹാരത്തിന് രുചിയും രാത്രി ഉറക്കവുമില്ല. ഞാൻ ജ്യോതിഷികളെ കണ്ട് ചോദിച്ചു. അവരുടെ അഭിപ്രായം സുനിശ്ചിതമായിരുന്നു. 'ഭരതൻ രാജാവാകും. ഇത്രയും സത്യമാണ്.' ഹേ ദേവി, നിങ്ങൾ പ്രവർത്തിയ്ക്കുമെങ്കിൽ ഞാനൊരുപായം പറയാം. രാജാവ് നിങ്ങൾക്ക് സേവ ചെയ്യാൻ ബാധ്യതയുള്ളവനാണ്.”

ദോ:

പരഉ് കൂപ് തുഅ ബചന് പര് സകഉ് പൂത് പതി ത്യാഗി,
കഹസി മോര് ദുഖു ദേഖി ബഡ് കസ് ന കരബ് ഹിത് ലാഗി. (21)

“നിന്റെ നിർദ്ദേശത്തിൽ ഞാൻ കിണറ്റിൽ ചാടാനും തയ്യാറാണ്. എന്റെ മകനേയും ഭർത്താവിനേയും കൂടി ത്യജിയ്ക്കാം. എന്റെ ദുരവസ്ഥ നോക്കി നീ ഒരു കാര്യം ചെയ്യാൻ പറയുമ്പോൾ എന്റെ ഹിതത്തിന്നു വേണ്ടി ഞാനതിനെ എന്തുകൊണ്ട് ചെയ്യാതിരിയ്ക്കണം?” (21)

ചൗ:

കുബരീം കരി കബുലീ കൈകേഇൗ
കപട് ഛുരീ ഉര് പാഹന് ടേഇൗ,

ലഖഇ ന രാനി നികട് ദുഖു കൈസേം
ചരഇ ഹരിത് തിന് ബലിപസു ജൈസേം. 1

സുനത് ബാത് മൃദു അന്ത് കഠോരീ
ദേതി മനഹു് മധു മാഹുര് ഘോരീ,
കഹഇ ചേരി സുധി അഹഇ കി നാഹീം
സ്വാമിനി കഹിഹു കഥാ മൊഹി പാഹീം. 2

ദുഇ ബരദാന് ഭൂപ് സന് ഥാതീ
മാഗഹു ആജു ജുഡാവഹു ഛാതീ,
സുതഹി രാജു രാമഹി ബനബാസൂ
ദേഹു ലേഹു സബ് സവതി ഹുലാസൂ. 3

ഭൂപതി രാമ് സപഥ് ജബ് കരഈ
തബ് മാഗെഹു ജെഹി ബചനു ന ടരഈ,
ഹോഇ അകാജു ആജു നിസി ബീതേം
ബചനു മോര് പ്രിയ് മാനെഹു ജീ തേം. 4

കൈകേയിയെ തന്റെ കൈവശത്താക്കി കൂനി അവളെ ബലിമൃഗമായി കണക്കാക്കി അവളുടെ ഹൃദയമാകുന്ന കല്ലിൽ കപടതയെന്ന കത്തിയെ മൂർച്ചപ്പെടുത്തി. പക്ഷേ റാണി, ബലിപ്പശു മൈതാനത്തിൽ പുല്ലിനെ തിന്നുന്നതുപോലെ വരാനിരിയ്ക്കുന്ന വിപത്തിനെപ്പറ്റി മുൻകൂറായി കണ്ടില്ല. അവൾ പറഞ്ഞത് കേൾക്കാൻ ഹിതമായതും, പക്ഷേ അതിന്റെ അന്ത്യം വേദന നിറഞ്ഞതുമായിരുന്നു. അത് അവൾ തേനോടുകൂടി വിഷം കലർന്ന് കൊടുക്കുന്നതുപോലെയിരുന്നു. ദാസി പറഞ്ഞു: “ദേവി, മുമ്പൊരിയ്ക്കൽ നിങ്ങളെന്നോട് പറഞ്ഞ സംഭവം ഓർക്കുന്നുണ്ടോ? ഒരിയ്ക്കൽ രാജാവ് നിങ്ങൾക്ക് രണ്ടു വരങ്ങൾ തരാൻ പ്രതിജ്ഞ ചെയ്തു തന്നിട്ടുണ്ട്. അവയെ ഇന്ന് നിങ്ങൾ ചോദിയ്ക്കുവിൻ. എന്നിട്ട് നിങ്ങളുടെ നെഞ്ചിനെ കുളിർപ്പിയ്ക്കുവിൻ. നിങ്ങളുടെ പുത്രന്ന് രാജ്യവും, രാമന്ന് വനവാസവും ചോദിച്ച് നിങ്ങളുടെ സഹഭാര്യമാരുടെ സന്തോഷത്തെ യെല്ലാം കവർന്നെടുക്കുവിൻ. എപ്പോൾ രാജാവ് രാമനാണയായി പറയു ന്നുവോ അപ്പോൾ മാത്രം വരങ്ങളെ ചോദിയ്ക്കുവിൻ. അപ്പോൾ അദ്ദേഹം

തന്റെ വാക്കു മാറില്ല. ഇന്നത്തെ രാത്രി കഴിഞ്ഞുപോയാൽ ഈ തന്ത്രം വിഫലമാവും. എന്റെ വാക്കുകളെ ജീവനെക്കാൾ പ്രിയമായി ധരിച്ചാലും.”

ദോ:

ബഡ് കുഘാതു കരി പാതകിനി കഹെസി കോപഗൃഹ് ജാഹു,
കാജു സ്വാരെഹു സജഗ് സബു സഹസാ ജനി പതിആഹു. (22)

ഈവിധം റാണിയ്ക്കെതിരായി അത്യന്തം ക്രൂരമായ കുതന്ത്രം രചിച്ച് ആ പാപിനി പറഞ്ഞു: “കോപഗൃഹത്തിലേയ്ക്കു പേുകുവിൻ. സംഗതികൾ വളരെ ജാഗ്രതയായി കൈകാര്യം ചെയ്യണം. രാജാവ് പറയുന്നതൊന്നും ഉടനടി വിശ്വസിയ്ക്കരുത്.” (22)

ചൗ:

കുബരിഹി രാനീ പ്രാന് പ്രിയ് ജാനീ
ബാര് ബാര് ബഡി ബുദ്ധി ബഖാനീ,
തൊഹി സമ് ഹിത് ന മോര് സംസാരാ
ബഹേ ജാത് കഇ ഭഇസി അധാരാ. 1

ജൗം ബിധി പുരബ് മനോരഥു കാലീ
കരൗം തോഹി ചഖ് പൂതരി ആലീ,
ബഹുബിധി ചേരിഹി ആദരു ദേഇ
കോപ്ഭവന് ഗവനീ കൈകേഈ. 2

ബിപതി ബീജു ബരഷാ രിതു ചേരീ
ഭുഇ ബഡ് കുമതി കൈകഈ കേരീ,
പാഇ കപട് ജലു അങ്കുര് ജാമാ
ബര് ദൊഉ ദല് ദുഖ് ഫല് പരിനാമാ. 3

കോപ് സമാജു സാജി സബു സോഈ
രാജു കരത് നിജ് കുമതി ബിഗോഈ,
രാഉര് നഗര് കൊലാഹലു ഹോഈ
യഹ് കുചാലി കഛു ജാന് ന കോഈ. 4

കൂനിയെ ജീവനെപ്പോലെ കരുതിക്കൊണ്ട് റാണി അവളുടെ അസാധാരണ ബുദ്ധിയെ വീണ്ടും വീണ്ടും പ്രശംസിച്ചു. "എനിയ്ക്ക് നിന്നെപ്പോലെ ഒരുസുഹൃത്ത് ലോകത്തിൽ വേറെ ആരും തന്നെ ഇല്ല." അവൾ പറഞ്ഞു. "വെള്ളത്തിൽ ഒഴുകിപ്പോകുന്ന ഒരുവന്ന് പിടിയ്ക്കുവാൻ ഒരു ആധാരം പോലെയാണ് നീ എന്നെ സഹായിച്ചിരിയ്ക്കുന്നത്. നാളെ ദൈവം എന്റെ മനോരഥത്തെ സാധിച്ചുതന്നാൽ, സഖി, നിന്നെ ഞാൻ എന്റെ കൺമണിയെപ്പോലെ കാത്തുകൊള്ളും." ഈ വിധം തന്റെ ദാസിയെ പലവിധത്തിൽ ആദരിച്ചുകൊണ്ട് കൈകേയി കോപഗൃഹത്തിലേയ്ക്ക് ചെന്നു. വിപത്ത് വിത്തും, ദാസി (മന്ഥര) വർഷക്കാലവും, കൈകേയി യുടെ ദുഷ്ടമനസ്സ് ഭൂമിയും ആയിരുന്നു. കപടതയെന്ന ജലം കൊണ്ട് നനച്ച് വിത്ത് മുളയിട്ട് രണ്ടു വരങ്ങൾ രണ്ട് ഇലകളായി വളർന്ന് പില്ക്കാലത്ത് അത് ദു:ഖമെന്ന ഫലത്തെ കൊടുക്കുന്നതിൽ പരിണമിയ്ക്കും. കോപത്തിന്റെ എല്ലാ ദോഷങ്ങളേയും കരുതിക്കൊണ്ട് അവൾ കോപ ഗൃഹത്തിൽ ചെന്ന് നിലത്തു കിടന്നു. രാജഭോഗങ്ങളെ അനുഭവിച്ചു കൊണ്ടിരിയ്ക്കേ അവളുടെ ദുഷ്ടമനസ്സ് അവളെ വിശ്വാസഘാതം ചെയ്തു. അന്ത:പുരത്തിലും നഗരത്തിലും ഒരേ കോലാഹലമായിരുന്നു. കുതന്ത്ര ത്തെപ്പറ്റി മറ്റാർക്കും ഒരു സങ്കേതവുമുണ്ടായിരുന്നില്ല.

ദോ:

പ്രമുദിത് പുര് നര് നാരി സബ് സജഹിം സുമംഗലചാര്,
ഏക് പ്രബിസഹിം ഏക് നിർഗ്ഗമഹിം ഭീര് ഭൂപ് ദര്ബാര്. (23)

ആനന്ദത്തോടെ നഗരത്തിലെ പുരുഷന്മാരും സ്ത്രീകളും മംഗളകരമായ സജ്ജീകരണങ്ങളിൽ വ്യസ്തരായിരുന്നു. രാജഭവനത്തിന്റെ പ്രവേശദ്വാരം പോയും വന്നും കൊണ്ടിരുന്ന ജനങ്ങളെക്കൊണ്ട് തടിച്ചുകൂടിയിരുന്നു. (23)

ചൗ:

ബാല് സഖാ സുനി ഹിയ് ഹരഷാഹീം
മിലി ദസ് പാ്ച് രാമ് പഹി ജാഹീം,
പ്രഭു ആദരഹിം പ്രേമു പഹിചാനീ
പൂ്ഛഹി കുസല് ഖേമ് മൃദു ബാനീ. 1

ഫിരഹി ഭവന് പ്രിയ് ആയസു പാഈ
കരത് പരസ്പര് രാമ് ബഡാഈ,
കോ രഘുവീര് സരിസ് സംസാരാ
സീലു സനേഹു നിബാഹ്നിഹാരാ. 2

ജെഹിം ജെഹിം ജോനി കരമ് ബസ് ഭ്രമഹീം
തഹ് തഹ് ഈസു ദേഉ യഹ് ഹമഹീം,
സേവക് ഹമ് സ്വാമീ സിയ്നാഹൂ
ഹോഉ നാത് യഹ് ഓര് നിബാഹൂ. 3

അസ് അഭിലാഷ് നഗര് സബ് കാഹൂ
കൈകയസുതാ ഹൃദയ് അതി ദാഹൂ,
കോ ന കുസംഗതി പാഇ നസാഈ
രഹഇ ന നീച് മതേം ചതുരാഈ. 4

വർത്തമാനമറിഞ്ഞ് സന്തുഷ്ടരായ ശ്രീരാമന്റെ ബാലസഖാക്കൾ ചിലർ ഒരുമിച്ചു വന്ന് അവനെ ചെന്നു കണ്ടു. അവരുടെ സ്നേഹത്തെ അറിഞ്ഞു കൊണ്ട് പ്രഭു അവരെ ആദരവോടെ വരവേറ്റ് അവരുടെ കുശലത്തേയും ക്ഷേമത്തേയും പറ്റി മൃദുസ്വരത്തിൽ അന്വേഷിച്ചു. പ്രിയസഖാവിന്റെ അനുവാദത്തോടെ അവർ തമ്മിൽ അവനെ പ്രശംസിച്ചുകൊണ്ട് വീടു കളിലേയ്ക്ക് തിരിച്ചു ചെന്നു. "രഘുവീരനെപ്പോലെ ഇത്രയും സദ്ഗുണവും ദൃഢസ്നേഹവും നിറഞ്ഞ വേറെ ആരാണുള്ളത്? കർമ്മവശാൽ ഏതേതു യോനിയിൽ (ഭാവി ജന്മങ്ങളിൽ) ജനിച്ചാലും സീതാപതി നമ്മുടെ പ്രഭുവായും നാം അവന്റെ സേവകന്മാരായും ഇരിയ്ക്കുവാനും, ഈ ബന്ധം അവസാനംവരെ തുടർന്നിരിയ്ക്കുവാനും ദൈവം അരുളിച്ചെയ്യട്ടെ." നഗരത്തിലെ ഓരോരുത്തരും ഇതേ അഭിലാഷത്തെ നേർന്നു. പക്ഷേ കൈകേയിയുടെ മനസ്സിൽ അത്യന്തം നീറ്റലുണ്ടായിരുന്നു. ദുർജന സംസർഗ്ഗത്താൽ നശിയ്ക്കാത്തവരാരുണ്ട്? ഒരുവൻ ദുർജനങ്ങളുടെ ഉപദേശത്താൽ സ്വബോധത്തെ നഷ്ടപ്പെടുന്നു.

ദോ:

സാംഝ് സമയ് സാനന്ദ് നൃപു ഗയഉ കൈകഈ ഗേഹ്,
ഗവനു നിഠുരതാ നികട് കിയ് ജനു ധരി ദേഹ് സനേഹ്. (24)

വൈകുന്നേരം രാജാവ് ആനന്ദത്തോടെ കൈകേയിയുടെ ഭവനത്തിലേയ്ക്ക് ചെന്നു. അത് സ്നേഹത്തിന്റെ മൂർത്തി നിഷ്ഠുരതയുടെ മൂർത്തിയെ ചെന്നു കണ്ടപോലെയിരുന്നു. (24)

ചൗ:

കോപ്ഭവന് സുനി സകുചെഉ രാഊ
ഭയ് ബസ് അഗഹുഡ് പരഇ ന പാഊ,
സുരപതി ബസഇ ബാഹ്ँബല് ജാകേം
നരപതി സകല് രഹഹിം രുഖ് താകേം. 1

സോ സുനി തിയ് രിസ് ഗയഉ സുഖാഈ
ദേഖഹു കാമ് പ്രതാപ് ബഡാഈ,
സൂല് കുലിസ് അസി അँഗവ്നിഹാരേ
തേ രതിനാഥ് സുമന് സര് മാരേ. 2

സഭയ് നരേസു പ്രിയാ പഹി ഗയഊ
ദേഖി ദസാ ദുഖു ദാരുന് ഭയഊ,
ഭൂമി സയന് പടു മോട് പുരാനാ
ദിഏ ഡാരി തന് ഭൂഷന് നാനാ. 3

കുമതിഹി കസി കുബേഷതാ ഫാബീ
അന് അഹിവാതു സൂച് ജനു ഭാബീ,
ജാഇ നികട് നൃപു കഹ് മൃദു ബാനീ
പ്രാനപ്രിയാ കെഹി ഹേതു രിസാനീ. 4

കോപഗൃഹത്തെപ്പറ്റി കേട്ടപ്പോൾ രാജാവ് അമ്പരന്നുപോയി. ഭയം കാരണം കാലുകൾ മുന്നോട്ടു ചെന്നില്ല. ആരുടെ ബാഹുബലത്തിന്റെ കീഴിൽ ഇന്ദ്രൻ തന്നെ സുരക്ഷിതനായി കരുതുന്നുവോ, ആരുടെ ദയവിനെ എല്ലാ രാജാക്കന്മാരും നേടാൻ ശ്രമിയ്ക്കുന്നുവോ, അവൻ തന്റെ ഭാര്യയുടെ കോപത്തെപ്പറ്റി കേട്ട് ഞെട്ടിപ്പോയി. കാമത്തിന്റെ പ്രഭാവത്തെ നോക്കുവിൻ. ശൂലം, കുലിശം, വാൾ ഇവയുടെ അടികളെ താങ്ങിയവർ കൂടി കാമദേവന്റെ പുഷ്പശരങ്ങൾ കൊണ്ട് പരാജിതരായിട്ടുണ്ട്. രാജാവ് ഭയന്നുകൊണ്ട് തന്റെ പ്രിയ റാണിയെ അടുത്ത് അവളുടെ ദശയെ കണ്ട്

അത്യന്തം ദു:ഖിതനായി. അവൾ തന്റെ ആഭരണങ്ങളെയെല്ലാം വലിച്ചെറിഞ്ഞ് പഴയ പരുക്കൻ വസ്ത്രം ധരിച്ച് നിലത്ത് കിടന്നിരുന്നു. അവളുടെ അപ്പോഴത്തെ വേഷം തികച്ചും അവൾക്ക് യോജിച്ചതായിരുന്നു. എന്തെന്നാൽ അത് അവളുടെ വരാനിരിയ്ക്കുന്ന വൈധവ്യത്തിന്റെ ചിഹ്നം പോലെയിരുന്നു. അവളുടെ അടുത്തു ചെന്ന് രാജാവ് മൃദുസ്വരത്തിൽ ചോദിച്ചു: “പ്രാണപ്രിയേ, എന്തുകൊണ്ടാണ് നീ കോപമായിരി യ്ക്കുന്നത്?”

ഛം:

കെഹി ഹേതു രാനി രിസാനി പരസത് പാനി പതിഹി നെവാരഈ,
മാനഹു്ँസരോഷ് ഭുഅംഗ് ഭാമിനി ബിഷമ് ഭാँതി നിഹാരഈ.
ദൊഉ ബാസനാ രസനാ ദസന് ബര് മരമ് ഠാഹരു ദേഖഈ,
തുലസീ നൃപതി ഭവതബ്യതാ ബസ് കാമ് കൗതുക് ലേഖഈ.

“എന്റെ റാണി, നീ എന്തുകൊണ്ടാണ് കോപിച്ചിരിയ്ക്കുന്നത്?” എന്ന് ചോദിച്ചുകൊണ്ട് അവളെ തന്റെ കൈകൊണ്ട് തൊട്ടപ്പോൾ കൈകേയി അത് തട്ടി മാറ്റി, കോപം കൊണ്ട സർപ്പത്തെപ്പോലെ അദ്ദേഹത്തെ ഭയങ്കരമായി നോക്കി. അവളുടെ മനസ്സിലെ (മുൻ പറഞ്ഞ) രണ്ടു അത്യാഗ്രഹങ്ങൾ (ആ സർപ്പത്തിന്റെ) രണ്ടായിപ്പിരിഞ്ഞ നാവുകളും (രാജാവ് കൊടുക്കാമെന്നേറ്റിരുന്ന) രണ്ടു വരങ്ങൾ മർമസ്ഥാനത്തെ നിരീക്ഷിച്ചുകൊണ്ടിരുന്ന അതിന്റെ വിഷപ്പല്ലുകളുമായിരുന്നു. തുളസീദാസൻ പറയുന്നു, വിധിയുടെ വശത്താൽ രാജാവ് അതിനെ കാമകേളിയായി എടുത്തു.

സോ:

ബാര് ബാര് കഹ് രാഉ സുമുഖി സുലോചനി പികബചനി,
കാരന് മൊഹി സുനാഉ ഗജഗാമിനി നിജ് കോപ് കര്. (25)

രാജാവ് വീണ്ടും വീണ്ടും പറഞ്ഞു: “ഹേ സുമുഖി, സുലോചനി, കോകിലസ്വരം കൊണ്ടവളെ, ഗജഗാമിനി, നിന്റെ കോപത്തിന്റെ കാരണം പറയൂ.” (25)

ചൗ:

അന്ഹിത് തോര് പ്രിയാ കെഇँ കീൻഹാ
കെഹി ദുഇ സിര് കെഹി ജമു ചഹ് ലീൻഹാ,

കഹു കെഹി രംകഹി കരൗം നരേസൂ
കഹു കെഹി നൃപഹി നികാസൗം ദേസൂ. 1

സകഉ് തോര് അരി അമരഉ മാരീ
കാഹ് കീട് ബപുരേ നര് നാരീ,
ജാനസി മോര് സുഭാഉ ബരോരൂ
മനു തവ ആനന് ചന്ദ് ചകോരൂ. 2

പ്രിയാ പ്രാന് സുത് സര്ബസ് മോരേം
പരിജന് പ്രജാ സകല് ബസ് തോരേം,
ജൗം കഛു കഹീം കപടു കരി തോഹീ
ഭാമിനി രാമ് സപഥ് സത് മോഹീ. 3

ബിഹസി മാഗു മന്ഭാവതി ബാതാ
ഭൂഷന് സജഹി മനോഹര് ഗാതാ,
ഘരി കുഘരീ സമുഝി ജിയ് ദേഖൂ
ബേഗി പ്രിയാ പരിഹരഹി കുബേഷൂ. 4

"പ്രിയേ, ആരാണ് നിനക്ക് അഹിതം ചെയ്തത്? ആർക്കാണ് രണ്ടു തലകളുള്ളത് (ഒന്നു നഷ്ടപ്പെടാൻ), ആരാണ് മരണത്തെ വരിച്ചിരിയ്ക്കുന്നത്? പറയൂ, ഏത് ദരിദ്രനെയാണ് രാജാവായി വാഴിയ്ക്കേണ്ടത്; ഏത് രാജാവിനെയാണ് ദേശഭ്രഷ്ടനാക്കേണ്ടത്? നിന്റെ ശത്രു ഒരു ദേവനായിരുന്നാൽക്കൂടി അവനെ എനിയ്ക്ക് കൊല്ലുവാൻ കഴിയും; പിന്നെ കീടങ്ങൾക്കു സമമായ പുരുഷന്മാരും സ്ത്രീകളും എന്തു കണക്കാണ്? ഹേ സുന്ദരി, നീ എന്റെ സ്വഭാവം അറിയുമല്ലോ? ചകോരപ്പക്ഷി ചന്ദ്രനാലെന്നപോലെ എന്റെ മനസ്സ് നിന്റെ മുഖത്താൽ മോഹിതമാണ്. പ്രിയേ, എന്റെ പ്രജകളും, പരിവാരങ്ങളും, പുത്രന്മാരും, സർവസ്വവും, എന്റെ ജീവൻ കൂടി നിനക്കധീനമാണ്. ഞാൻ ഏതെങ്കിലും കപടതയോടെ പറയുന്നുവെങ്കിൽ, ദേവി, രാമനാണയായി നൂറുതരം ഞാൻ തെറ്റുകാരനാണ്. ചിരിച്ച മുഖത്തോടെ നിന്റെ മനസ്സിലുള്ളത് ചോദിയ്ക്കൂ. നിന്റെ സുന്ദരമായ ശരീരത്തിൽ ആഭരണങ്ങൾ അണിയൂ. ശുഭസമയവും

അശുഭസമയവും തമ്മിൽ തിരിച്ചറിഞ്ഞ്, പ്രിയേ, ഈ ദുഷിച്ച വേഷത്തെ ഉടൻ ത്യജിയ്ക്കൂ."

ദോ:

യഹ് സുനി മന് ഗുനി സപഥ് ബഡി ബിഹസി ഉഠീ മതിമന്ദ്,
ഭൂഷന് സജതി ബിലോകി മൃഗു മനഹു് കിരാതിനി ഫന്ദ്. (26)

ഇതു കേട്ട്, വലിയ ശപഥത്തെ കണക്കിലെടുത്ത് മന്ദബുദ്ധിയായ കൈകേയി പുഞ്ചിരിച്ചുകൊണ്ട് എഴുന്നേറ്റ് തന്റെ ആഭരണങ്ങളെ അണിയാൻ തുടങ്ങി. അത് മാനിനെക്കണ്ട വേടത്തി കെണി വെയ്ക്കുന്നതു പോലെയിരുന്നു. (26)

ചൗ:

പുനി കഹ് രാജ് സുഹൃദ് ജിയ് ജാനീ
പ്രേമ് പുലകി മൃദു മഞ്ജുല് ബാനീ,
ഭാമിനി ഭയഉ തോര് മന്ഭാവാ
ഘര് ഘര് നഗര് അനന്ദ് ബധാവാ. 1

രാമ്ഹി ദേഉ് കാലി ജുബരാജൂ
സജഹി സുലോചനി മംഗല് സാജൂ,
ദലകി ഉഠെഉ സുനി ഹൃദഉ കഠോരൂ
ജനു ഛുഇ ഗയഉ പാക് ബരതോരൂ. 2

ഐസിഉ പീര് ബിഹസി തെഹിം ഗോഈ
ചോര് നാരി ജിമി പ്രഗടി ന രോഈ,
ലഖഹിം ന ഭൂപ് കപട് ചതുരാഈ
കോടി കുടില് മനി ഗുരൂ പഢാഈ. 3

ജദ്യപി നീതി നിപുന് നരനാഹൂ
നാരിചരിത് ജലനിധി അവഗാഹൂ,
കപട് സനേഹു ബഢാഇ ബഹോരീ
ബോലീ ബിഹസി നയന് മുഹു മോരീ. 4

അവൾ സമാധാനപ്പെട്ടുവെന്ന് വിചാരിച്ച് രാജാവ് പ്രേമപുളകിതനായി മൃദുവും മനോഹരവുമായ സ്വരത്തിൽ വീണ്ടും പറഞ്ഞു: "സുന്ദരി, നിന്റെ മനോകാമന സാധ്യമായി. നഗരത്തിലെ ഓരോ വീട്ടിലും ആനന്ദവും ഉത്സവവുമാണ്. നാളെ ഞാൻ രാമനെ യുവരാജാവായി അഭിഷേലകം ചെയ്യുവാൻ പോകുന്നു. ഹേ സുലോചനി, മംഗളകരമായ വസ്ത്രങ്ങ ളണിയൂ." റാണിയുടെ ഹൃദയം കഠോരമായതായാലും ഈ വാക്കുകൾ കേട്ട് ഉടഞ്ഞു. അത് ഒരു പുണ്ണായ വ്രണത്തെ അറിയാതെ തൊട്ടപോലെ യിരുന്നു. എങ്ങനെ ഒരു കള്ളന്റെ ഭാര്യ (തന്റെ ഭർത്താവ് ശിക്ഷയനുഭവി യ്ക്കുന്നതു കണ്ട് തനിയ്ക്കും അതിൽ പങ്കു വഹിയ്ക്കേണ്ടിവരുമോ എന്നു ഭയന്ന്) മറ്റുള്ളവർ കാണെ കരയുന്നില്ലയോ, അതുപോലെ, ഈ വേദന കൂടി അവൾ ഒരു പുഞ്ചിരികൊണ്ട് മറച്ചു. കോടിക്കണക്കിലുള്ള ദുഷ്ട ന്മാരിൽ മുതൽസ്ഥാനം വഹിയ്ക്കുന്ന ഒരു ഗുരുവിന്റെ (മന്ധര) ശിക്ഷണ ത്തിൽ ഇരുന്ന അവളുടെ കപടതന്ത്രത്തെ രാജാവിന്ന് കണ്ടുപിടിയ്ക്കാൻ കഴിഞ്ഞില്ല. രാജവ് രാജതന്ത്രത്തിൽ നിപുണനായിരുന്നാലും സ്ത്രീകളുടെ സ്വഭാവം ആഴം കാണാനാവാത്ത സമുദ്രത്തെപ്പോലെയാണ്. വീണ്ടും അവൾ കപടസ്നേഹം കാണിച്ചുകൊണ്ട് കണ്ണുകളേയും മുഖത്തേയും ആകർഷകമായി ചലിപ്പിച്ചുകൊണ്ട്, മന്ദഹസിച്ചുകൊണ്ട് പറഞ്ഞു:

ദോ:

മാഗു മാഗു പൈ കഹഹു പിയ് കബഹു്ँ ന ദേഹു ന ലേഹു,
ദേന് കഹെഹു ബരദാന് ദുഇ തെഉ പാവത് സന്ദേഹു. (27)

"നിങ്ങൾ 'ചോദിയ്ക്കൂ' 'ചോദിയ്ക്കു' എന്ന വാക്ക് ആവർത്തിയ്ക്കുന്നു. പക്ഷേ വാസ്തവത്തിൽ ഒന്നും തരുന്നില്ല. അങ്ങ് എനിയ്ക്ക് രണ്ടു വരങ്ങൾ തരാൻ ഏറ്റിരുന്നു. പക്ഷേ അവ എനിയ്ക്കു കിട്ടുമോ എന്ന് ഞാൻ സംശയിയ്ക്കുന്നു.". (27)

ചൗ:

ജാനെഉ മരമു രാഉ ഹ്ँസി കഹഈ
തുംഹഹി കൊഹാബ് പരമ് പ്രിയ് അഹഈ,
ഥാതീ രാഖി ന മാഗിഹു കാഊ
ബിസരി ഗയഉ മൊഹി ഭോര് സുഭാഊ. 1

ഝൂഠെഹു് ഹമ്ഹി ദോഷു ജനി ദേഹൂ
ദുഇ കൈ ചാരി മാഗി മഗു ലേഹൂ,
രഘുകുല് രീതി സദാ ചലി ആഈ
പ്രാന് ജാഹു് ബരു ബചനു ന ജാഈ. 2

നഹിം അസത്യ് സമ് പാതക് പുഞ്ജാ
ഗിരി സമ് ഹോഹിം കി കോടിക് ഗുംജാ,
സത്യമൂല് സബ് സുകൃത് സുഹാഏ
ബേദ് പുരാന് ബിദിത് മനു ഗാഏ. 3

തെഹി പര് രാമ് സപഥ് കരി ആഈ
സുകൃത് സനേഹ് അവധി രഘുരാഈ,
ബാത് ദൃഢാഇ കുമതി ഹ്ँസി ബോലീ
കുമത് കുബിഹഗ് കുലഹ് ജനു ഖോലീ. 4

"ഇപ്പോൾ എനിയ്ക്ക് രഹസ്യമെല്ലാം മനസ്സിലായി." രാജാവ് പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു. "നിനക്ക് കോപിയ്ക്കാൻ അത്യന്തം ഇഷ്ടമാണ്. നീ വരങ്ങളെ ചോദിയ്ക്കാതെ സുരക്ഷിതമായി വെച്ചു. എനിയ്ക്ക് മറവി സ്വഭാവ മുള്ളതുകൊണ്ട് അവയെപ്പറ്റി പാടെ മറന്നു. ദയവായി എന്മേൽ തെറ്റായ കുറ്റം ചുമത്തരുത്. രണ്ടിന്നു പകരം നിനക്ക് നാലു വരങ്ങൾ ചോദിയ്ക്കാം. ജീവൻ പോയാലും കൊടുത്ത വാക്കു പാലിയ്ക്കണമെന്നത് രഘുവംശ ക്കാരുടെ രീതിയാണ്. അസത്യത്തെപ്പോലെ പാപങ്ങളുടെ സമൂഹം വേറില്ല. കോടിക്കണക്കിൽ ഗുഞ്ജമരത്തിന്റെ വിത്തുകൾ ഒരു പർവതത്തി ന്നീടാകുമോ? എല്ലാ ശ്രേഷ്ഠസുകൃതങ്ങളുടേയും മൂലം സത്യമാണെന്ന് വേദങ്ങളിലും പുരാണങ്ങളിലും സുപ്രസിദ്ധവും മനുവിനാൽ ഘോഷിയ്ക്ക പ്പെട്ടതുമാണ് (മനുസ്മൃതിയിൽ). അതിന്നും മേൽ ഞാൻ സുകൃത ത്തിന്റെ പൂർണ്ണരൂപനും, സ്നേഹത്തിന്റെ ഏറ്റവും ഉയർന്ന മൂർത്തിയുമായ രഘുരാമനാണയായി പറഞ്ഞിട്ടുണ്ട്." ഈവിധം അദ്ദേഹത്തെ തന്റെ വാക്കിനാൽത്തന്നെ ബന്ധിച്ച്, ദുഷ്ടബുദ്ധിയായ റാണി പുഞ്ചിരിച്ചു കൊണ്ട്, കുതന്ത്രമെന്ന പ്രാപ്പിടിയൻ പക്ഷിയുടെ കണ്ണുകളിൽനിന്നും മൂടിയിരുന്ന മൂടിയെ വിലക്കിക്കൊണ്ട് അവൾ പറഞ്ഞു: (പ്രാപ്പിടിയൻ

പക്ഷിയെ വളർത്തുന്ന വേടന്മാർ അത് കണ്ട പക്ഷികളെയെല്ലാം അക്രമിയ്ക്കാതിരിയ്ക്കാനായി അതിന്റെ കണ്ണുകളെ ഒരു തോൽ മൂടികൊണ്ട് അടയ്ക്കും. വേട്ടയാടപ്പെടേണ്ടപക്ഷിയെ കണ്ടാൽ അവർ മൂടി അകറ്റും. അപ്പോളത് ഇരയെ മാത്രം അക്രമിയ്ക്കും.)

ദോ:

ഭൂപ് മനോരഥ് സുഭഗ് ബനു സുഖ് സുബിഹംഗ് സമാജു,
ഭില്ലിനി ജിമി ഛാഡന് ചഹതി ബചനു ഭയംകര് ബാജു. (28)

രാജാവിന്റെ മനോരഥം (രാമനെ യുവരാജാവായി അഭിഷേകം ചെയ്തു കാണുവാൻ) ഒരു മനോഹരമായ തോപ്പുപോലെയും, (എങ്ങും നിലനിന്നിരുന്ന) സന്തോഷം മനോഹരമായ പക്ഷികളുടെ കൂട്ടത്തെ പോലെയും ഇരുന്നു. വേടത്തിയെ പോലെയുള്ള കൈകേയി തന്റെ ഭയങ്കരമായ വാക്കുകളെന്ന പ്രാപ്പിടിയൻ പക്ഷിയെ (കണ്ണുതുറന്ന്) അഴിച്ചുവിടാനാഗ്രഹിച്ചു. (28)

ചൗ:

സുനഹു പ്രാനപ്രിയ് ഭാവത് ജീ കാ
ദേഹു എക് ബര് ഭരത്ഹി ടീകാ,
മാഗഉ്ँ ദൂസര് ബര് കര് ജോരീ
പുരവഹു നാഥ് മനോരഥ് മോരീ. 1

താപസ് ബേഷ് ബിസേഷി ഉദാസീ
ചൗദഹ് ബരിസ് രാമു ബന്ബാസീ,
സുനി മൃദു ബചന് ഭൂപ് ഹിയ്ँ സോകൂ
സസി കര് ഛുഅത് ബികല് ജിമി കോകൂ. 2

ഗയഉ സഹമി നഹിം കഛു കഹി ആവാ
ജനു സചാന് ബന് ഝപടെഉ ലാവാ,
ബിബരന് ഭയഉ നിപട് നരപാലൂ
ദാമിനി ഹനെഉ മനഹുँ തരു താലൂ. 3

മാഥേം ഹാഥ് മൂദി ദൊഉ ലോചന്
തനു ധരി സോചു ലാഗ് ജനു സോചന്,
മോര് മനോരഥു സുരതരു ഫൂലാ
ഫരത് കരിനി ജിമി ഹതെഉ സമൂലാ. 4

അവധ് ഉജാരി കീൻഹി കൈകേഈം
ദീൻഹിസി അചല് ബിപതി കൈ നേഈം. 5

“ഹേ പ്രാണപ്രിയ, എന്റെ മനോരഥം കേൾക്കൂ, ഒരു വരത്താൽ ഭരതനെ (യുവരാജാവായി) അഭിഷേകം ചെയ്യുവിൻ. രണ്ടാമത്തെ വരം ഞാൻ കൈകൾ കൂപ്പിക്കൊണ്ട് കേൾക്കുന്നു: എന്റെ ആ ആഗ്രഹം നിറവേറ്റി ത്തന്നാലും; സ്വാമീ, രാമൻ പതിന്നാലു വർഷം താപസവേഷമണിഞ്ഞ് ലോകത്തിൽനിന്നും വിലകി കാട്ടിൽ താമസിയ്ക്കട്ടെ.” ചന്ദ്രകിരണം തട്ടി വേദനയടയുന്ന ചക്രവാകപ്പക്ഷിയെപ്പോലെ രാജാവ് ആ മൃദുവായ വാക്കുകൾ കേട്ട് മനസ്സിൽ ദു:ഖിച്ചു. കാട്ടിൽ പ്രാപ്പിടിയൻ പക്ഷി ചകോരപ്പക്ഷിയെ റാഞ്ചിയാലെന്നപോലെ ഹതാശനായി. ഇടിവെട്ടേറ്റ പനമരത്തെപ്പോലെ രാജാവ് അത്യന്തം മ്ലാനനായി; കൈകൾകൊണ്ട് തല താങ്ങിക്കൊണ്ട് രണ്ടു കണ്ണുകളും അടച്ചുകൊണ്ട് വ്യസനം രൂപമെടുത്ത പോലെ വിലപിയ്ക്കാൻ തുടങ്ങി. “എന്റെ മനോരഥമെന്ന പൂവിട്ട കല്പ വൃക്ഷം അത് കായ്ക്കാൻ തുടങ്ങുമ്പോൾ കൈകേയി എന്ന പിടിയാന അതിനെ വേരോടെ പുഴക്കിയെടുത്ത് നശിപ്പിച്ചു. അവൾ അയോദ്ധ്യയെ നശിപ്പിച്ച് അവസാനമില്ലാത്ത ദുർഭാഗ്യത്തിന്റെ അടിക്കല്ല് നാട്ടി ക്കഴിഞ്ഞു.”

ദോ:

കവനേം അവസര് കാ ഭയഉ ഗയഉँ നാരി ബിസ്വാസ്,
ജോഗ് സിദ്ധി ഫല് സമയ് ജിമി ജതിഹി അബിദ്യാ നാസ്. (29)

“ഒരു ശുഭ അവസരത്തിൽ ഒരു അശുഭമായ കാര്യം നടന്നിരിയ്ക്കുന്നു. ഒരു യോഗിയുടെ സാധന ഫലിയ്ക്കാനിരിയ്ക്കുന്ന സമയത്ത് അജ്ഞാനത്താൽ അത് വിഫലമാകുന്നതുപോലെ, ഒരു സ്ത്രീയെ വിശ്വസിച്ച് ഞാൻ നശിച്ചു.” (29)

ചൗ:

എഹി ബിധി രാഉ മന്ഹിം മന് ഝാँഖാ
ദേഖി കുഭാँതി കുമതി മന് മാഖാ,

ഭരതു കി രാഉര് പൂത് ന ഹോംഹീ
ആനെഹി മോല് ബെസാഹി കി മോഹീ. 1

ജോ സുനി സരു അസ് ലാഗ് തുംഹാരേം
കാഹെ ന ബോലഹു ബചനു സ്ँഭാരേം,
ദേഹു ഉതരു അനു കരഹു കി നാഹീം
സത്യസന്ധ് തുംഹ് രഘുകുല് മാഹീം. 2

ദേന് കഹെഹു അബ് ജനി ബരു ദേഹൂ
തജഹു സത്യ് ജഗ് അപജസു ലേഹൂ,
സത്യ് സരാഹി കഹെഹു ബരു ദേനാ
ജാനെഹു ലേഇഹി മാഗി ചബേനാ. 3

സിബി ദധീചി ബലി ജോ കഛു ഭാഷാ
തനു ധനു തജെഉ ബചനു പനു രാഖാ,
അതി കടു ബചന് കഹതി കൈകേഈ
മാനഹുँ ലോന് ജരേ പര് ദേഈ. 4

ഈവിധം രാജാവ് സ്വയം പുലമ്പി. അദ്ദേഹത്തിന്റെ ദുരവസ്ഥയെ കണ്ട് ദുഷ്ടയായ റാണി മനസ്സിൽ രോഷത്തോടെ പറഞ്ഞു: "ഭരതൻ നിങ്ങളുടെ പുത്രനല്ലേ? എന്നെ നിങ്ങൾ വിലകൊടുത്ത് വാങ്ങിയതാണോ? എന്റെ വാക്കുകൾ നിങ്ങളുടെ ചെവികളിൽ ചെന്നതും ശരം പോലെ തറച്ചെങ്കിൽ എന്തുകൊണ്ടാണ് നിങ്ങൾ ആലോചിയ്ക്കാതെ വാഗ്ദാനങ്ങൾ ചെയ്യുന്നത്? ഒന്നുകിൽ എന്റെ പ്രസ്താവനയ്ക്ക് ശരിയെന്ന ഉത്തരം തരുവിൻ അഥവാ നിഷേധിയ്ക്കുവിൻ. രഘുകുലത്തിൽ നിങ്ങൾ സത്യം പാലിയ്ക്കുന്ന വനാണ്. തരാമെന്നേറ്റ വരം തരാൻ മറുക്കുവിൻ, സത്യത്തെ വെടിഞ്ഞ് ലോകത്തിൽ അപകീർത്തിയെ നേടുവിൻ. ഞാൻ ഒരു പിടി അവൽ ചോദിയ്ക്കുമെന്നു വിചാരിച്ച് നിങ്ങൾ സത്യത്തെ പ്രശംസിച്ചുകൊണ്ട് എനിയ്ക്ക് രണ്ടു വരങ്ങൾ തരാമെന്ന് ഏറ്റു. ശിബി, ദധീചി, ബലി തുടങ്ങിയവർ തങ്ങൾ കൊടുത്ത വാക്കിനെ തങ്ങളുടെ ജീവനേയും ധനത്തേയും വകവെയ്ക്കാതെ പാലിച്ചു." ഈവിധം റാണി വ്രണത്തിൽ ഉപ്പു തേയ്ക്കുന്നതുപോലെ അത്യന്തം കടുത്ത വാക്കുകൾ പറഞ്ഞു.

ദോ:

ധരമ് ധുരന്ധര് ധീര് ധരി നയന് ഉഘാരേരായ്ˇ,
സിരു ധുനി ലീൻഹി ഉസാസ് അസി മാരെസി മോഹി കുഠായ്ˇ. (30)

ധർമ്മധുരന്ധരനായ രാജാവ് ധൈര്യം പൂണ്ട് കണ്ണുകൾ തുറന്ന് തന്റെ തലയിൽ തല്ലിക്കൊണ്ട് പുലമ്പി: 'അവൾ എന്റെ ശരിയായ മർമ്മസ്ഥാനത്താണ് ഉഗ്രമായി അടിച്ചത്.' (30)

ചൗ:

ആഗേം ദീഖി ജരത് രിസ് ഭാരീ
മനഹുˇ രോഷ് തര്വാരി ഉഘാരീ.
മൂഠി കുബുദ്ധി ധാര് നിഠുരാഈ
ധരീ കൂബരീം സാന് ബനാഈ. 1

ലഖീ മഹീപ് കരാല് കഠോരാ
സത്യ് കി ജീവനു ലേഇഹി മോരാ,
ബോലേ രാഉ കഠിന് കരി ഛാതീ
ബാനീ സബിനയ് താസു സൊഹാതീ. 2

പ്രിയാ ബചന് കസ് കഹസി കുഭാˇതീ
ഭീര് പ്രതീതി പ്രീതി കരി ഹാˇതീ,
മോരേം ഭരതു രാമു ദുഇ ആˇഖീ
സത്യ് കഹഉˇ കരി സങ്കരു സാഖീ. 3

അവസി ദൂതു മൈം പഠഇബ് പ്രാതാ
ഐഹഹിം ബേഗി സുനത് ദൊഉ ഭ്രാതാ,
സുദിന് സോധി സബ് സാജു സജാഈ
ദേഉˇ ഭരത് കഹുˇ രാജു ബജാഈ. 4

അവൾ കോപത്താൽ എരിഞ്ഞുകൊണ്ട് നില്ക്കുന്നത് അദ്ദേഹം കണ്ടു. അത് രോഷം, ദുഷ്ടബുദ്ധിയെന്ന പിടിയും, നിഷ്ഠുരതയെന്ന അഗ്രവും കൊണ്ട കൂനി (മന്ഥര)യെന്ന ചാണക്കല്ലിൽ ഉരച്ച് മൂർച്ചവരുത്തിയ തന്റെ വാളിനെ വാളുറയിൽനിന്നും ഊരിയെടുത്തപോലെയിരുന്നു. രാജാവ് ആ വാൾ

ഭയങ്കരവും കഠോരവുമാണെന്ന് കണ്ട് സ്വയം പറഞ്ഞു: "അത് സത്യമായും എന്റെ ജീവനെ എടുക്കാൻ പോകുന്നുവോ?" പിന്നെ തന്റെ മനസ്സിനെ ദൃഢപ്പെടുത്തിക്കൊണ്ട് അദ്ദേഹം വിനയത്തോടെ മൃദുസ്വര ത്തിൽ പറഞ്ഞു. "പ്രിയേ, വിശ്വാസത്തേയും സ്നേഹത്തേയും കാറ്റിൽ പറപ്പിച്ച് എന്തു കൊണ്ടാണ് നീ ഇത്രയും അഹിതമായ വാർത്തകൾ പറയുന്നത്, ഹേ ഭീരു? ഞാൻ ശങ്കരഭഗവാനാണയായി പറയുന്നു, ഭരതനും രാമനും എന്റെ രണ്ടു കണ്ണുകളാണ്. നേരം പുലർന്നതും തീർച്ചയായും ഞാൻ ദൂതന്മാരെ അയയ്ക്കാം; സന്ദേശം കിട്ടിയതും രണ്ടു സഹോദരന്മാരും (ഭരതനും ശത്രുഘ്നനും) വേഗം ഇവിടെ വന്നെത്തും. പിന്നെ നല്ല മുഹൂർത്തദിവസം കുറിച്ച് വേണ്ട ഏർപ്പാടുകളെല്ലാം ചെയ്ത് ഭരതനെ രാജാവായി അഭിഷേകം ചെയ്യാം."

ദോ:

ലോഭു ന രാമ്ഹി രാജു കര് ബഹുത് ഭരത് പര് പ്രീതി,
മൈം ബഡ് ഛോട് ബിചാരി ജിയ്ँ കരത് രഹൈഉँ നൃപനീതി. (31)

"രാമന്ന് രാജ്യം വേണമെന്ന ലോഭമില്ല. അവൻ ഭരതനെ അത്യന്തം സ്നേഹിയ്ക്കുന്നു. ഞാൻ രാജകുമാരന്മാരുടെ മൂപ്പിളമയെ കണക്കാക്കി രാജനീതിയെ അനുസരിയ്ക്കുകയായിരുന്നു." (31)

ചൗ:

രാമ് സപഥ് സത് കഹഉँ സുഭാഊ
രാമമാതു കഛു കഹെഉ ന കാഊ,
മൈം സബു കീൻഹ് തൊഹി ബിനു പൂँഛേം
തെഹി തേം പരെഉ മനോരഥു ഛൂഛേം. 1

രിസ് പരിഹരു അബ് മംഗല് സാജൂ
കഛു ദിന് ഗഏँ ഭരത് ജുബരാജൂ,
ഏകഹി ബാത് മോഹി ദുഖു ലാഗാ
ബര് ദൂസര് അസമഞ്ജസ് മാഗാ. 2

അജഹൂँ ഹൃദഉ ജരത് തെഹി ആँചാ
രിസ് പരിഹാസ് കി സാँചെഹും സാംചാ,

കഹു തജി രോഷു രാമ് അപരാധൂ
സബു കൊഉ കഹഇ രാമു സുഠി സാധൂ. 3

തുംഹ് സരാഹസി കരസി സനേഹൂ
അബ് സുനി മോഹി ഭയഉ സന്ദേഹൂ,
ജാസു സുഭാഉ അരിഹി അനുകൂലാ
സോ കിമി കരിഹി മാതു പ്രതികൂലാ. 4

“ഞാൻ ആത്മാർത്ഥമായി, നൂറുതരം രാമനാണയായി പറയുന്നു, അവന്റെ അമ്മ (കൗസല്യ) ഇതിനെക്കുറിച്ച് ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. എല്ലാം ഞാൻ നിന്നോടാലോചിയ്ക്കാതെ ചെയ്തു എന്നതിന്ന് സംശയമില്ല. അതിനാലാണ് എന്റെ മനോരഥം നിറവേറാതെ പോയത്. ഇപ്പോൾ നീ ദ്വേഷ്യം കൈവിട്ട് മംഗളവസ്ത്രങ്ങൾ അണിയൂ. കുറച്ചു ദിവസങ്ങൾക്കു ശേഷം ഭരതൻ യുവരാജാവാകും. ഒരേ ഒരു സംഗതി മാത്രമേ എനിയ്ക്കു വേദനയെ തരുന്നുള്ളൂ. നീ ചോദിച്ച രണ്ടാമത്തെ വരം അസംബന്ധ മായതാണ്. അതിനാലുണ്ടായ വേദന എന്റെ ഹൃദയത്തെ ഇപ്പോഴും എരിയ്ക്കുന്നുണ്ട്. അത് വെറും ദ്വേഷ്യമാണോ അഥവാ തമാശയാണോ? അഥവാ എല്ലാം തികച്ചും സത്യമാണോ? രോഷത്തെ ത്യജിച്ച് ശ്രീരാമന്റെ കുറ്റം എന്താണെന്ന് പറയൂ. എല്ലാവരും പറയുന്നത് രാമൻ അത്യന്തം സത്സ്വഭാവിയാണെന്നാണ്. നീയും അവനെപ്പറ്റി നല്ലതു മാത്രമെ പറഞ്ഞിരുന്നുള്ളൂ. അവനെ സ്നേഹിയ്ക്കുകയും ചെയ്തിരുന്നു. ഇപ്പോൾ നീ ചോദിച്ചതു കേട്ട് എനിയ്ക്ക് (നിന്റെ സ്നേഹത്തെപ്പറ്റി) സംശയം തോന്നുന്നു. ഏതൊരുവന്റെ സ്വഭാവം ശത്രുക്കൾക്കുപോലും അനുകൂലമായിരിയ്ക്കുന്നുവോ, അവൻ തന്റെ സ്വന്തം അമ്മയ്ക്ക് എങ്ങനെ പ്രതികൂലമായി പെരുമാറും?”

ദോ:

പ്രിയാ ഹ്രാസ് രിസ് പരിഹരഹി മാഗു ബിചാരി ബിബേകു,
ജെഹിം ദേഖൗം അബ് നയന് ഭരി ഭരത് രാജ് അഭിഷേകു. (32)

“പ്രിയേ, തമാശയും ദ്വേഷ്യവും മതിയാക്കു. വിവേകത്തോടെ ആലോചിച്ച് ചോദിയ്ക്കൂ. പിന്നെ എനിയ്ക്ക് എന്റെ കണ്ണുകൾ നിറയെ ഭരതന്റെ രാജ്യാഭിഷേകത്തെ കാണാം.” (32)

ചൗ:

ജിഐ മീന് ബരു ബാരി ബിഹീനാ
മനി ബിനു ഫനികു ജിഏ ദുഖ് ദീനാ,
കഹൈഉ് സുഭാഉ ന ഛലു മന് മാഹീം
ജീവനു മോര് രാമ് ബിനു നാഹീം. 1

സമുഝി ദേഖു ജിയ് പ്രിയാ പ്രബീനാ
ജീവനു രാമ് ദരസ് ആധീനാ,
സുനി മൃദു ബചന് കുമതി അതി ജരഈ
മനഹു് അനല് ആഹുതി ഘൃത് പരഈ. 2

കഹഇ കരഹു കിന് കോടി ഉപായാ
ഇഹാം് ന ലാഗിഹി രാഉരി മായാ,
ദേഹു കി ലേഹു അജസു കരി നാഹീം
മോഹി ന ബഹുത് പ്രപഞ്ച് സൊഹാഹീം. 3

രാമു സാധു തുംഹ് സാധു സയാനേ
രാമമാതു ഭലി സബ് പഹിചാനേ,
ജസ് കൗസിലാ് മോര് ഭല് താകാ
തസ് ഫല് ഉൻഹഹി ദേഉ് കരി സാകാ. 4

“മീൻ വെള്ളമില്ലാതെ ജീവിച്ചുവെന്നു വരാം. തന്റെ ശിരോമണിയില്ലാതെ, സർപ്പം ദീനതയോടും ദുഃഖത്തോടും ജീവിച്ചുവെന്നു വരാം. പക്ഷേ, ഞാൻ സത്യമായും, മനസ്സിൽ കപടതയില്ലാതെ പറയുന്നു: രാമനില്ലാതെ എനിയ്ക്ക് ജീവിയ്ക്കാനാവില്ല. എന്റെ വിവേകിയായ പ്രിയേ, നീ മനസ്സിലാക്കിക്കൊള്ളൂ, എന്റെ ജീവിതം ശ്രീരാമന്റെ ദർശനത്തിനെ ആശ്രയിച്ചിരിയ്ക്കുന്നു.” ഈ മൃദുവചനങ്ങളെ കേട്ട് ദുഷ്ടബുദ്ധിയായ റാണി, തീയിൽ നെയ്യൊഴിച്ചപോലെ ആളിക്കത്തി. അവൾ പറഞ്ഞു: “നിങ്ങൾ കോടി ഉപായങ്ങൾ ശ്രമിയ്ക്കാം, പക്ഷേ നിങ്ങളുടെ ഒരു ഉപായവും എന്റെ അടുത്ത് നടക്കില്ല. ഒന്നുകിൽ ഞാൻ ചോദിച്ചതു തരുവിൻ, അഥവാ അതിനെ നിരസിച്ച് ദുഷ്കീർത്തിയെ നേടുവിൻ. എനിയ്ക്ക് അധിക പ്രസംഗം ഒട്ടും ഇഷ്ടമില്ല. രാമൻ സാധുവാണ്, നിങ്ങളും സാധുവാണ്. രാമന്റെ അമ്മയും

ഒട്ടും കുറവില്ലാത്ത സാധുവാണ്. എല്ലാവരെയും എനിയ്ക്ക് അറിയാം. കൗസല്യ എനിയ്ക്കു ചെയ്യാനുദ്ദേശിച്ചിരുന്ന നന്മയെ പകയോടെ ഞാൻ തിരിച്ചു കൊടുക്കും."

ദോ:

ഹോത് പ്രാത് മുനിബേഷ് ധരി ജൗം ന രാമു ബന് ജാഹിം,
മോര് മരനു രാഉര് അജസ് നൃപ് സമുഝിഅ മന് മാഹിം. (33)

ുലർന്നതും രാമൻ താപസവേഷമണിഞ്ഞ് കാട്ടിലേയ്ക്ക് പോയില്ലെങ്കിൽ, ഹേ രാജൻ, എന്റെ മരണവും, നിങ്ങൾക്ക് ദുഷ്കീർത്തിയുമായിരിയ്ക്കും അതിന്റെ ഫലമെന്ന് മനസ്സിൽ ഓർത്തുകൊള്ളുവിൻ." (33)

ചൗ:

അസ് കഹി കുടില് ഭഈ ഉഠി ഠാഢീ
മാനഹു് രോഷ് തരംഗിനി ബാഢീ,
പാപ് പഹാര് പ്രഗട് ഭഇ സോഈ
ഭരീ ക്രോധ് ജല് ജാഇ ന ജോഈ. 1

ദൊഉ ബര് കൂല് കഠിന് ഹഠ് ധാരാ
ഭവ്ര് കൂബരീ ബചന് പ്രചാരാ,
ഢാഹത് ഭൂപരൂപ് തരു മുലാ
ചലീ ബിപതി ബാരിധി അനുകൂലാ. 2

ലഖീ നരേസ് ബാത് ഫുരി സാ്ചീ
തിയ് മിസ് മീചു സീസ് പര് നാചീ,
ഗഹി പദ് ബിനയ് കീൻഹ് ബൈഠാരീ
ജനി ദിനകര് കുല് ഹോസി കുഠാരീ. 3

മാഗു മാഥ് അബഹീം ദെഉ് തോഹീ
രാമ് ബിരഹ് ജനി മാരസി മോഹീ,
രാഖു രാമ് കഹു് ജെഹി തെഹി ഭാ്തീ
നാഹിം ത് ജരിഹി ജനമ് ഭരി ഛാതീ. 4

ഈവിധം പറഞ്ഞുകൊണ്ട് ആ ദുഷ്ടസ്ത്രീ എഴുന്നേറ്റു നിന്നു. അത് പാപമാകുന്ന മലയിൽനിന്നും പുറപ്പെട്ട് ക്രോധമാകുന്ന വെള്ളം കരകവിഞ്ഞൊഴുകുന്ന, കാണാൻ ഭയങ്കരമായ പെരുത്ത നദിയെപ്പോലെ യിരുന്നു. അവൾ കേട്ടിരുന്ന രണ്ടു വരങ്ങൾ അതിന്റെ രണ്ടു കരകളും, അവളുടെ കഠിനമായ നിർബന്ധം വെള്ളത്തിന്റെ ഒഴുക്കുപോലെയും, കൂനിയുടെ ശക്തമായ വാക്കുകൾ അതിന്റെ ചുഴികളുമായിരുന്നു. രാജാവാകുന്ന മരത്തെ വേരോടെ പുഴക്കിയെടുത്ത് ആ നദി വിപത്തെന്ന സമുദ്രത്തിലേയ്ക്ക് കുതിച്ചു ചെന്നുകൊണ്ടിരുന്നു. രാജാവിന്ന് റാണിയുടെ അവകാശവാദം സത്യമാണെന്നും, മരണം തന്റെ പത്നിയുടെ രൂപത്തിൽ തന്റെ തലയ്ക്കുമീതെ നൃത്തം വെയ്ക്കുന്നുവെന്നും മനസ്സിലായി. അവളുടെ പാദങ്ങളെ കെട്ടിപ്പിടിച്ചുകൊണ്ട് അദ്ദേഹം അവളെ ഇരിയ്ക്കുവാൻ പറഞ്ഞ് അവളോട് കേണപേക്ഷിച്ചു: “ദയവുചെയ്ത് സൂര്യവംശത്തിന്റെ മഴുവായി ത്തീരാതിരിയ്ക്കൂ. എന്റെ തലയെ ചോദിയ്ക്കൂ. ഞാൻ ഉടൻ നിനക്ക് തരാം. പക്ഷേ രാമനെ എന്നിൽനിന്നും പിരിച്ച് എന്നെ കൊല്ലരുത്. രാമനെ നീ ഏതു വിധത്തിൽ വേണമെങ്കിലും വെച്ചുകൊള്ളൂ. അല്ലെങ്കിൽ നിന്റെ ഹൃദയം ആയുഷ്കാലം മുഴുവൻ എരിഞ്ഞുകൊണ്ടിരിയ്ക്കും.”

ദോ:

ദേഖീ ബ്യാധി അസാധ് നൃപു പരെഉ ധരനി ധുനി മാഥ്,
കഹത് പരമ് ആരത് ബചന് രാമ് രാമ് രഘുനാഥ്. (34)

വ്യാധി നിയന്ത്രണാതീതമാണെന്നു കണ്ട് രാജാവ് നിലത്തു വീണ് തന്റെ തലയിൽ തല്ലിക്കൊണ്ട് വളരെ ദയനീയമായി വലപിച്ചു: “രാമ, ഹേ രാമ, രഘുനാഥ.” (34)

ചൗ:

ബ്യാകുല് രാഉ സിഥില് സബ് ഗാതാ
കരിനി കല്പതരു മനഹു്ँ നിപാതാ,
കംഠു സൂഖ് മുഖ് ആവ് ന ബാനീ
ജനു ബാഠീനു ദീന് ബിനു പാനീ. 1

പുനി കഹ് കടു കഠോര് കൈകേഈ
മനഹു്ँ ഘായ് മഹു്ँ മാഹുര് ദേഈ,

ജൗം അന്തഹു് അസ് കരതബു രഹൈഊ
മാഗു മാഗു തുംഹ് കെഹിം ബല് കഹൈഊ. 2

ദുഇ കി ഹോഇ എക് സമയ് ഭുആലാ
ഹ്സബ് ഠഠാഇ ഫുലാഉബ് ഗാലാ,
ദാനി കഹാഉബ് അരു കൃപനാഈ
ഹോഇ കി ഖേമ് കുസല് രൗതാഈ. 3

ഛാഡഹു ബചനു കി ധീരജ് ധരഹൂ
ജനി അബലാ ജിമി കരുനാ കരഹൂ,
തനു തിയ് തനയ് ധാമു ധനു ധരനീ
സത്യസന്ധ് കഹും തൃന് സമ് ബരനീ. 4

രാജാവ് ദു:ഖിതനായി; അദ്ദേഹത്തിന്റെ ശരീരം ശിഥിലമായിത്തുടങ്ങി. അത് ഒരു കല്പവൃക്ഷത്തെ പിടിയാന ഇടിച്ചു വീഴ്ത്തിയപോലെയിരുന്നു. അദ്ദേഹത്തിന്റെ തൊണ്ട വരണ്ടു. നാവ് സംസാരിയ്ക്കാൻ വയ്യാതായി. വെള്ളത്തിൽനിന്നും എടുക്കപ്പെട്ട മീനിനെപ്പോലെ അദ്ദേഹം പിടഞ്ഞു. കൈകേയി അദ്ദേഹത്തെ വീണ്ടും കടുത്തതും കഠോരവുമായ വാക്കുകൾ കൊണ്ട് നീറ്റി. അത് വ്രണത്തിൽ വിഷം കുത്തിക്കേറ്റുന്നതുപോലെ യിരുന്നു. "അവസാനം ഇതാണ് നിങ്ങളുടെ ഉദ്ദേശമായിരുന്നുവെങ്കിൽ, 'ചോദിയ്ക്കൂ, ചോദിയ്ക്കൂ' എന്ന് നിങ്ങൾ എന്തിന്റെ ബലത്താലാണ് പറഞ്ഞത്? ഹേ ഭൂപാല, ഉറക്കെ പൊട്ടിച്ചിരിയ്ക്കുകയും അതേ സമയം വ്യാകുലപ്പെടുകയും, ദാനിയെന്ന് പേരു കേൾക്കുകയും അതേസമയം പിശുക്കു കാണിയ്ക്കുകയും – രണ്ടു കാര്യവും ഒരേ സമയത്ത് സംഭവിയ്ക്കു വാൻ കഴിയുമോ? ശൂരത്വം കാണിയ്ക്കുന്നവന്ന് മുറിവേല്ക്കാതെയിരിയ്ക്കാൻ കഴിയുമോ? ഒന്നുകിൽ നിരസിയ്ക്കുവിൻ അഥവാ ധൈര്യമായി സഹിയ്ക്കു വിൻ. ഒരു സ്ത്രീയെപ്പോലെ പുലമ്പാതിരിയ്ക്കുവിൻ. തന്റെ വാക്കു പാലിയ്ക്കു ന്ന സത്യസന്ധന്ന് ജീവനും ഭാര്യയും, മക്കളും, വീടും, സമ്പത്തും, ഭൂമിയും എല്ലാംതന്നെ പുല്ലിന്നു സമമാണെന്നാണ് പറഞ്ഞിട്ടുള്ളത്."

ദോ:

മരമ് ബചന് സുനി രാഉ കഹ് കഹു കഛു ദോഷു ന തോര്,
ലാഗെഉ തോഹി പിസാച് ജിമി കാലു കഹാവത് മോര്. (35)

ഈ മർമഭേദിയായ വാക്കുകൾ കേട്ട് രാജാവ് പറഞ്ഞു: "നീ എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളൂ. അത് നിന്റെ കുറ്റമല്ല. എന്റെ നാശകാലമാണ് ഒരു പിശാചിനെപ്പോലെ നിന്നെ ബാധിച്ച് നിന്നെ അതിന്റെ വക്താവായി ഉപയോഗിയ്ക്കുന്നത്." (35)

ചൗ:

ചഹത് ന ഭരത് ഭൂപതഹി ഭോരേം
ബിധി ബസ് കുമതി ബസീ ജിയ് തോരേം,
സോ സബു മോര് പാപ് പരിനാമൂ
ഭയഉ കുഠാഹര് ജെഹിം ബിധി ബാമൂ. 1

സുബസ് ബസിഹി ഫിരി അവധ് സുഹാഈ
സബ് ഗുന് ധാമ് രാമ് പ്രഭുതാഈ,
കരിഹഹിം ഭാഇ സകല് സെവകാഈ
ഹോഇഹി തിഹ്ँ പര് രാമ് ബഡാഈ. 2

തോര് കലങ്കു മോര് പഛിതാഊ
മുഎഹുँ ന മിടിഹി ന ജാഇഹി കാഊ,
അബ് തൊഹി നീക് ലാഗ് കരു സോഈ
ലോചന് ഓട് ബൈഠു മുഹു ഗോഈ. 3

ജബ് ലഗി ജിഔം കഹഉँ കര് ജോരീ
തബ് ലഗി ജനി കഛു കഹിസി ബഹോരീ.
ഫിരി പഛിതൈഹസി അന്ത് അഭാഗീ
മാരസി ഗാഇ നഹാരു ലാഗീ. 4

"ഭരതൻ അറിയാതെ പോലും രാജാവാകാൻ ഇഷ്ടപ്പെടില്ല. വിധിവശത്താൽ ദുർബുദ്ധി നിന്റെ മനസ്സിനെ ബാധിച്ചിരിയ്ക്കുന്നു. എല്ലാം എന്റെ പാപങ്ങളുടെ പരിണാമമാണ്. അതു കാരണം അസമയത്ത് അല എനിയ്ക്കെതിരായി അടിയ്ക്കുന്നു. സുന്ദരമായ അയോദ്ധ്യ വീണ്ടും സർവഗുണങ്ങളുടേയും വാസസ്ഥലമായ രാമന്റെ ഭരണത്തിൽ അഭിവൃദ്ധിയടയും. അവന്റെ എല്ലാ സഹോദരന്മാരും അവനെ സേവനം ചെയ്യും. അവന്റെ കീർത്തി മൂന്നു ലോകങ്ങളിലും പരക്കും. നിന്റെ കളങ്കവും എന്റെ

പശ്ചാത്താപവും നമ്മുടെ മരണത്തിന്നുശേഷവും മറയില്ല. ഒരിയ്ക്കലും അത് പോവില്ല. ഇനി നിന്റെ ഇഷ്ടം പോലെ ചെയ്തുകൊള്ളൂ. നിന്റെ മുഖത്തെ മറച്ച് എന്റെ കൺമുന്നിൽ വരാതിരിയ്ക്കൂ. ഞാൻ ജീവിച്ചിരിയ്ക്കുന്നോളം കാലം ദയവുചെയ്ത് എന്നോട് ഒരു വാർത്ത പോലും സംസാരിയ്ക്കാതിരിയ്ക്കൂ. കൈകൾ കൂപ്പിക്കൊണ്ട് ഞാൻ അപേക്ഷി യ്ക്കുന്നു. ഹേ ദുർഭാഗ്യവതി, കേവലം ചെറുകുടലിന്നുവേണ്ടി ഒരു പശുവിനെ കൊന്നുവെന്ന് നീ അവസാനം പശ്ചാത്തപിയ്ക്കും."

ദോ:

പരെഉ രാഉ കഹി കോടി ബിധി കാഹെ കരസി നിദാനു,
കപട് സയാനി ന കഹതി കഛു ജാഗതി മനഹു് മസാനു. (36)

ഈവിധം അനവധി വിധത്തിൽ അവളോട് വാതാടിക്കൊണ്ട് രാജാവ് കരഞ്ഞുകൊണ്ട് നിലത്ത് വീണു. "എന്തിനാണ് നീ എല്ലാവർക്കും നാശത്തെ കൊണ്ടുവരുന്നത്?" പക്ഷേ കപടതയിൽ കേമിയായ റാണി, സ്മശാനത്തിൽ (ഭൂതപ്രേതങ്ങളുടെ മേൽ നിയന്ത്രണം നേടുവാൻ) ആഭിചാരകർമ്മം ചെയ്യുന്നതിൽ നിരതയാണോ എന്നു തോന്നുമാറ് അവൾ മൗനമായിരുന്നു. (36)

ചൗ:

രാമ് രാമ് രട് ബികല് ഭുആലൂ
ജനു ബിനു പംഖ് വിഹംഗ് ബെഹാലൂ,
ഹൃദയ് മനാവ് ഭോരു ജനി ഹോഇൗ
രാമ്ഹി ജാഇ കഹൈ ജനി കോഇൗ. 1

ഉദഉ കരഹു ജനി രബി രഘുകുല് ഗുര്
അവധ് ബിലോകി സൂല് ഹൊഇഹി ഉര്,
ഭൂപ് പ്രീതി കൈകഇ കഠിനാഇൗ
ഉഭയ് അവധി ബിധി രചീ ബനാഇൗ. 2

ബിലപത് നൃപഹി ഭയഉ ഭിനുസാരാ
ബീനാ ബേനു സംഖ് ധുനി ദ്വാരാ,

പഢഹി ഭാട് ഗുന് ഗാവഹി ഗായക്
സുനത് നൃപഹി ജനു ലാഗഹിം സായക്. 3

മംഗല് സകല് സൊഹാഹിം ന കൈസേം
സഹഗാമിനിഹി ബിഭൂഷന് ജൈസേം,
തെഹിം നിസി നീദ് പരീ നഹിം കാഹൂ
രാമ് ദരസ് ലാലസാ ഉഛാഹൂ. 4

ദു:ഖപീഡിതനായ രാജാവ് 'രാമ' 'രാമ' എന്ന് ഉരുവിടാൻ തുടങ്ങി. അദ്ദേഹം ചിറകുകൾ മുറിയ്ക്കപ്പെട്ട പക്ഷിയെപ്പോലെ പാരവശ്യമനുഭവിച്ചു. അദ്ദേഹം തന്റെ മനസ്സിൽ പ്രാർത്ഥിച്ചു: “നേരം പുലരാതിരിയ്ക്കട്ടെ. ആരും രാമന്റെ അടുത്തുപോയി പറയാതിരിയ്ക്കട്ടെ. ഹേ സൂര്യവംശത്തിന്റെ പിതാവായ സൂര്യഭഗവാനേ, ഉദിയ്ക്കാതിരുന്നാലും. എന്തെന്നാൽ അങ്ങ് അയോദ്ധ്യയുടെ നില കണ്ട് അങ്ങയുടെ മനസ്സ് വേദനിയ്ക്കും.” രാജാവിന്റെ സ്നേഹവും, കൈകേയിയുടെ കഠോരതയും രണ്ടും ദൈവത്തിന്റെ സൃഷ്ടിയിൽ ഉച്ചത്തിലായിരുന്നു. രാജാവ് വിലപിച്ചുകൊണ്ടിരിയ്ക്കേ, നേരം പുലർന്നു. അദ്ദേഹത്തിന്റെ ഗൃഹദ്വാരത്തിൽ വീണ, ഓടക്കുഴൽ, ശംഖ് ഇവയുടെ ഗാനം കേട്ടുതുടങ്ങി. കവികൾ അദ്ദേഹത്തിന്റെ ഗുണഗണ ങ്ങളെ പുകഴ്ത്തി. ഗായകന്മാർ അദ്ദേഹത്തെ പ്രശംസിച്ചു പാടിത്തുടങ്ങി. അവയെ കേട്ടപ്പോൾ അവ അദ്ദേഹത്തെ ശരങ്ങളെപ്പോലെ തറച്ചു. തന്റെ ഭർത്താവിനെ പരലോകത്തിലേയ്ക്ക് അനുഗമിയ്ക്കുവാൻ തീർച്ചയാക്കിയ വിധവയ്ക്ക് ഏതു വിധം ആഭരണങ്ങൾ വെറുപ്പിനെ ഉണ്ടാക്കുന്നുവോ, അതുപോലെ മംഗളകരമായ എല്ലാ കർമ്മങ്ങളും അദ്ദേഹത്തെ പ്രീതി പ്പെടുത്തിയില്ല. (നഗരത്തിൽ) ആരും തന്നെ ആ രാത്രി ഉറങ്ങിയില്ല. ഓരോരുത്തരും ശ്രീരാമന്റെ ദർശനത്തിന്നായി ഉത്സാഹത്തോടെ കാത്തിരിയ്ക്കുകയായിരുന്നു.

ദോ:
ദ്വാര് ഭീര് സേവക് സചിവ് കഹഹിം ഉദിത് രബി ദേഖി,
ജാഗെഉ അജഹുँ ന അവധ്പതി കാരനു കവനു ബിസേഷി. (37)

രാജദ്വാരത്തിൽ സേവകന്മാരുടേയും മന്ത്രിമാരുടേയും കൂട്ടം കാത്തിരിയ്ക്കുന്നുണ്ടായിരുന്നു. ഉദയസൂര്യനെ കണ്ട് അവർ പരസ്പരം പറഞ്ഞു: "അയോദ്ധ്യാപതി ഇനിയും ഉണർന്നിട്ടില്ല. എന്തു വിശേഷകാരണമായിരിയ്ക്കും?" (37)

ചൗ:

പഛിലെ പഹര് ഭൂപു നിത് ജാഗാ
ആജു ഹമ്ഹി ബഡ് അചരജു ലാഗാ,
ജാഹു സുമന്ത്ര് ജഗാവഹു ജാഇൗ
കീജിഅ കാജു രജായസു പാഇൗ. 1

ഗഏ സുമന്ത്രു തബ് രാഉര് മാഹീം
ദേഖി ഭയാവന് ജാത് ഡെരാഹീം,
ധാഇ ഖാഇ ജനു ജാഇ ന ഹേരാ
മാനഹു˘ ബിപതി ബിഷാദ് ബസേരാ. 2

പൂഛേം കോഉ ന ഊതരു ദേഇൗ
ഗഏ ജെഹിം ഭവന് ഭൂപ് കൈകേഇൗ,
കഹി ജയജീവ് ബൈഠ് സിരു നാഇൗ
ദേഖി ഭൂപ് ഗതി ഗയഉ സുഖാഇൗ. 3

സോച് ബികല് ബിബരന് മഹി പരെഊ
മാനഹു˘ കമല് മൂല് പരിഹരെഊ,
സചിഉ സഭീത് സകഇ നഹിം പൂഛീ
ബോലീ അസുഭ് ഭരീ സുഭ് ഛൂഛീ. 4

"രാജാവ് ദിനവും രാത്രിയുടെ അന്തിമപ്രഹരത്തിൽ ഉണരുക പതിവാണ്. അദ്ദേഹത്തിന്റെ ഇന്നത്തെ പെരുമാറ്റം ഞങ്ങൾക്ക് അതിവിചിത്രമായി തോന്നുന്നു. ഹേ സുമന്ത്ര, കൊട്ടാരത്തിന്റെ അകത്തു ചെന്ന് അദ്ദേഹത്തെ ഉണർത്തൂ. അദ്ദേഹത്തിന്റെ ആദേശം ലഭിച്ച് നാം നമ്മുടെ കാര്യങ്ങൾ ചെയ്യാൻ തുടങ്ങാം." സുമന്ത്രൻ അന്ത:പുരത്തിൽ പ്രവേശിച്ചു. പക്ഷേ അവിടത്തെ ദൃശ്യം അത്രയ്ക്കും ഭയാനകമായിരുന്നു, അദ്ദേഹത്തിന്ന് മുന്നോട്ടു ചെല്ലാൻ ഭയം തോന്നി. അതൊരു രാക്ഷസനെപ്പോലെ, തന്റെ

മീതെ ചാടി വീണ് ഭക്ഷിയ്ക്കുമോ എന്നു തോന്നുമാറ് അത്രയ്ക്കും വെറുപ്പുളവാക്കുന്നതായിരുന്നു. അത് വിപത്തു കളുടേയും ശോകത്തിന്റേയും നിവാസസ്ഥലം പോലെയിരുന്നു. ചോദിച്ച തിന്ന് ആരും മറുപടി പറയാത്തതിനാൽ അദ്ദേഹം നേരെ രാജാവും റാണി കൈകേയിയും ഇരുന്നിരുന്ന ഭവനത്തിലേയ്ക്കു പോയി. "ജയ, ജീവ" എന്നീ വാക്കുകൾ കൊണ്ട് രാജാവിനെ അഭിനന്ദിച്ചുകൊണ്ട്, തല വണങ്ങിക്കൊണ്ട്, അദ്ദേഹം നിലത്തിരുന്നു. വേരിൽനിന്നും മുറിച്ചു നീക്കിയ താമരത്തണ്ടുപോലെ വിവർണ്ണനായി ശോകത്താൽ ക്ഷുബ്ധ നായി നിലത്തു കിടന്നിരുന്ന രാജാവിന്റെ അവസ്ഥ കണ്ട് അദ്ദേഹം ചുങ്ങിപ്പോയി. മന്ത്രി ചോദ്യം ചെയ്യാൻ ഭയപ്പെട്ടിരിയ്ക്കേ, അശുഭങ്ങൾ നിറഞ്ഞവളും, മംഗളങ്ങളാൽ വർജിതയുമായ കൈകേയി മൗനത്തെ കലച്ചു.

ദോ:

പരീ ന രാജഹി നീദ് നിസി ഹേതു ജാന് ജഗദീസു,
രാമു രാമു രടി ഭോരു കിയ് കഹഇ ന മരമു മഹീസു. (38)

"രാജാവ് രാത്രി ഉറങ്ങിയതേയില്ല. കാരണം ദൈവത്തിന്നു മാത്രം അറിയാം. അദ്ദേഹം നേരം വെളുക്കുന്നതുവരെ 'രാമ, രാമ' എന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിയ്ക്കുന്നു. അതിന്റെ മർമം പുറത്തു പറയാൻ കൂട്ടാക്കുന്നില്ല." (38)

ചൗ:

ആനഹു രാമഹി ബേഗി ബൊലാഈ
സമാചാര് തബ് പൂ്ഛെഹു ആഈ,
ചലെഉ സുമന്ത്രു രായ് രുഖ് ജാനീ
ലഖീ കുചാലി കീൻഹി കഛു രാനീ. 1

സോച് ബികല് മഗ് പരഇ ന പാഊ
രാമ്ഹി ബോലി കഹിഹി കാ രാഊ,
ഉര് ധരി ധീരജു ഗയഉ ദുആരേം
പൂ്ഛഹി സകല് ദേഖി മനു മാരേം. 2

സമാധാനു കരി സോ സബഹീ കാ
ഗയഉ ജഹാം ദിനകര് കുല് ടീകാ,
രാമ് സുമന്ത്ര്ഹി ആവത് ദേഖാ
ആദരു കീൻഹ് പിതാ സമ് ലേഖാ. 3

നിരഖി ബദനു കഹി ഭൂപ് രജാഈ
രഘുകുലദീപ്ഹി ചലെഉ ലെവാഈ,.
രാമു കുഭാँതി സചിവ് സँഗ് ജാഹീം
ദേഖി ലോഗ് ജഹँ തഹँ ബിഖലാഹീം. 4

“അതിനാൽ രാമനെ വിളിച്ചുകൊണ്ട് വേഗം അവനെ കൊണ്ടു വരൂ. നിങ്ങൾ തിരിച്ചുവന്ന് വർത്തമാനങ്ങൾ ചോദിയ്ക്കാം.” രാജാവിന്റെ മതവും അതുതന്നെയെന്ന് മനസ്സിലാക്കി സുമന്ത്രൻ ചെന്നു. റാണി ഏതോ ഗൂഢതന്ത്രം രചിച്ചിട്ടുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം അത്രയും സങ്കടത്തോടെ പുറപ്പെട്ടു, അദ്ദേഹത്തിന്റെ കാലുകൾ മുന്നോട്ടു നീങ്ങാൻ മറുത്തു. “അവനെ വിളിച്ചുവരുത്തിയശേഷം രാജാവ് രാമനോട് എന്തു സംസാരിയ്ക്കും? അദ്ദേഹം ചിന്തിച്ചു. സ്വയം ഉണർന്ന് അദ്ദേഹം രാജദ്വാരത്തിലേയ്ക്ക് പോയി. അദ്ദേഹത്തെ ദു:ഖിതനായി കണ്ട് എല്ലാവരും അദ്ദേഹത്തെ ചോദ്യം ചെയ്യുവാൻ തുടങ്ങി. അദ്ദേഹം അവരെയെല്ലാവരേയും സമാധാനിപ്പിച്ച് സൂര്യവംശതിലകൻ (ശ്രീരാമൻ) താമസിച്ചിരുന്ന ഭവനത്തിലേയ്ക്ക് പോയി. സുമന്ത്രൻ വരുന്നതുകണ്ട് ശ്രീരാമൻ അദ്ദേഹത്തെ തന്റെ പിതാവിന്റെ സ്ഥാനത്തിൽ ഭാവിച്ച് ആദരവോടെ വരവേറ്റു. ശ്രീരാമന്റെ മുഖത്തു നോക്കിക്കൊണ്ട് സുമന്ത്രൻ രാജാവിന്റെ ആദേശത്തെ അറിയിച്ച് രഘുകുലതിലകനോടുകൂടി തിരിച്ചു വന്നു. ശ്രീരാമൻ മന്ത്രിയെ അനുയോജ്യമല്ലാത്ത വിധത്തിൽ പിന്തുടരുന്നതു കണ്ട് അവിടവിടെ ജനങ്ങൾ ദു:ഖിതരായി.

ദോ:
ജാഇ ദീഖ് രഘുബംസമനി നരപതി നിപട് കുസാജു,
സഹമി പരെഉ ലഖി സിംഘിനിഹി മനഹുँബൃദ്ധ് ഗജരാജു. (39)

രഘുവംശമണിയായ രാമൻ പോയി, പെൺസിംഹത്തെ കണ്ട് ഭയപ്പെട്ട് നിലത്തുവീണ വൃദ്ധനായ ആനയെപ്പോലെ രാജാവിനെ ആത്യന്തം ദയനീയമായ നിലയിൽ കണ്ടു. (39)

ചൗ:

സൂഖഹി അധര് ജരഇ സബു അംഗൂ
മനഹു് ദീന് മനിഹീന് ഭൂഅംഗൂ,
സരുഷ് സമീപ് ദീഖി കൈകേഈ
മാനഹു് മീചു ഘരീം ഗനി ലേഈ. 1

കരുനാമയ് മൃദു രാമ് സുഭാഊ
പ്രഥമ് ദീഖ് ദുഖു സുനാ ന കാഊ,
തദപി ധീര് ധരി സമഉ ബിചാരീ
പൂ്ഛരീ മധൂര് ബചന് മഹതാരീ. 2

മൊഹി കഹു മാതു താത് ദുഖ് കാരന്
കരിഅ ജതന് ജെഹി ഹോഇ നിവാരന്,
സുനഹു രാമ് സബു കാരന് ഏഹൂ
രാജഹി തുംഹ് പര് ബഹുത് സനേഹൂ. 3

ദേന് കഹെൻഹി മൊഹി ദുഇ ബര്ദാനാ
മാഗെഉ് ജോ കഛു മോഹി സൊഹാനാ,
സോ സുനി ഭയഉ ഭൂപ് ഉര് സോചൂ
ഛാഡി ന സകഹിം തുംഹാര് സ്കോചൂ. 4

അദ്ദേഹത്തിന്റെ ചുണ്ടുകൾ വരണ്ടിരുന്നു. ശരീരമാസകലം എരിഞ്ഞു. അദ്ദേഹം മണി നഷ്ടപ്പെട്ട അസഹായനായ സർപ്പത്തെപ്പോലെ കാണപ്പെട്ടു. പ്രഭു തന്റെ പിതാവിന്റെ സമീപത്തിൽ കോപാവിഷ്ടയായ കൈകേയിയെ കണ്ടു. അവൾ അദ്ദേഹത്തിന്റെ ജീവിതത്തിലെ അവസാന നിമിഷങ്ങളെ എണ്ണിക്കൊണ്ടിരിയ്ക്കുന്ന മരണം രൂപമെടുത്തപോലെ അവിടെ നിന്നുകൊണ്ടിരുന്നു. ശ്രീരാമൻ പ്രകൃത്യാ തന്നെ കരുണാ മയനും മൃദുസ്വഭാവിയുമായിരുന്നു. അവൻ തന്റെ ജീവിതത്തിൽ ആദ്യമായി ദു:ഖത്തെ കണ്ടു. അതിന്നു മമ്പ് അതിനെപ്പറ്റി കേട്ടിട്ടു പോലും

ഇല്ലായിരുന്നു. എങ്കിലും സന്ദർഭത്തിന്നനുസരിച്ച് സ്വയം ഉണർന്ന് തന്റെ ചെറിയമ്മയോട് ഈവിധം മൃദുവായ വാക്കുകളിൽ ചോദിച്ചു. “പ്രിയ മാതാവേ, അച്ഛന്റെ ദു:ഖത്തിന്റെ കാരണമെന്തെന്ന് പറയൂ. അതിനെ നിവർത്തിയ്ക്കാൻ ശ്രമിയ്ക്കാം.” “രാമ, കേൾക്കൂ കാരണം ഈവിധമാണ്: രാജാവ് നിന്നെ അമിതമായി സ്നേഹിയ്ക്കുന്നു. അദ്ദേഹം എനിയ്ക്ക് ഇഷ്ടപ്പെട്ട രണ്ടു വരങ്ങൾ തരാൻ വാഗ്ദാനം ചെയ്തിരുന്നു. എനിയ്ക്ക് ഇഷ്ടപ്പെട്ടവയെ ഞാൻ ചോദിച്ചു. എന്റെ അപേക്ഷകളെ കേട്ട് രാജാവ് മനസ്സിൽ ദു:ഖിതനായി. എന്തെന്നാൽ അദ്ദേഹത്തിന്ന് നിന്റെ കാരണത്താൽ സങ്കോചത്തെ ത്യജിയ്ക്കുവാൻ കഴിയുന്നില്ല.”

ദോ:

സുത് സനേഹു ഇത് ബചനു ഉത് സങ്കട് പരെഉ നരേസു,
സകഹു ത് ആയസു ധരഹു സിര് മേടഹു കഠിന് കലേസു. (40)

“ഒരു പുറം തന്റെ പുത്രനോടുള്ള സ്നേഹം; മറുപുറം കൊടുത്ത വാക്ക്. രാജാവ് ധർമ്മസങ്കടത്തിലാണ്. കഴിയുമെങ്കിൽ അദ്ദേഹത്തിന്റെ ആദേശ മനുസരിയ്ക്കൂ; അദ്ദേഹത്തെ കടുത്ത മന:ക്ലേശത്തിൽനിന്നും മോചിപ്പിയ്ക്കൂ.” (40)

ചൗ:

നിധരക് ബൈഠി കഹഇ കടു ബാനീ
സുനത് കഠിനതാ അതി അകുലാനീ,
ജീഭ് കമാന് ബചന് സര് നാനാ
മനഹു് മഹിപ് മൃദു ലച്ഛ് സമാനാ. 1

ജനു കഠോരപനു ധരേം സരീരൂ
സിഖഇ ധനുഷ്ബിദ്യാ ബര് ബീരൂ,
സബു പ്രസംഗു രഘുപതിഹി സുനാഈ
ബൈഠി മനഹു് തനു ധരി നിഠുരാഈ. 2

മന് മുസുകാഇ ഭാനുകുല് ഭാനൂ
രാമു സഹജ് ആനന്ദ് നിധാനൂ,

ബോലേ ബചന് ബിഗത് സബ് ദൂഷന്
മൃദു മഞ്ജുല് ജനു ബാഗ് ബിഭൂഷന്. 3

സുനു ജനനീ സൊഇ സുത് ബഡ്ഭാഗീ
ജോ പിതു മാതു ബചന് അനുരാഗീ,
തനയ് മാതു പിതു തോഷ്നിഹാരാ
ദുർലഭ് ജനനി സകല് സംസാരാ. 4

കൈകേയി യാതൊരു കൂസലുമില്ലാതെ ഈ കടുത്ത വാക്കുകളെ പറഞ്ഞു. അതു കേട്ട് കഠിനത തന്നെ വ്യാകുലപ്പെട്ടു. നാവ് വില്ലായും, വാക്കുകൾ അനവധി ശരങ്ങളായും, രാജാവ് മൃദുവായ ലക്ഷ്യമായും കൊണ്ട് കഠോരത മികച്ച വീരന്റെ ശരീരം ധരിച്ച് ധനുർവിദ്യ പഠിപ്പിയ്ക്കുന്നതുപോലെയിരുന്നു. നടന്നതെല്ലാം രഘുപതിയെ കേൾപ്പിച്ച ശേഷം അവൾ നിഷ്ഠുരത രൂപമെടുത്താലെന്നപോലെ ഇരുന്നു. പ്രകൃത്യാ തന്നെ ആനന്ദത്തിന്റെ ഉറവിടമായ സൂര്യവംശത്തിന്റെ സൂര്യനായ ശ്രീരാമൻ തനിയ്ക്കുളിൽത്തന്നെ പുഞ്ചിരിച്ചു. പിന്നെ യാതൊരു ദൂഷണവുമില്ലാത്തതും, ഭാഷണത്തിന്നു തന്നെ ഭൂഷണവുമായ, അത്രയ്ക്കും മധുരവും സുന്ദരവുമായ വാക്കുകൾ പറഞ്ഞു. "മാതാവേ, കേട്ടാലും. തന്റെ മാതാപിതാക്കളുടെ വാക്കുകളെ ആദരിയ്ക്കുന്ന പുത്രൻ മാത്രമാണ് അനുഗൃഹീതനായവൻ. തന്റെ മാതാപിതാക്കളെ തൃപ്തിപ്പെടുത്തുന്ന പുത്രൻ ഈ ലോകത്തിൽ എത്രയും വിരളമാണമ്മേ."

ദോ:

മുനിഗന് മിലനു ബിസേഷി ബന് സബഹി ഭാँതി ഹിത് മോര്,
തെഹി മഹँപിതു ആയസു ബഹുരി സംമത് ജനനീ തോര്. (41)

"കാട്ടിൽ എനിയ്ക്ക് മുനിമാരെ കണ്ടുമുട്ടാനുള്ള നല്ല അവസരം ലഭിയ്ക്കും. അതെനിയ്ക്ക് എല്ലാവിധത്തിലും ഗുണകരമാണ്. മാത്രമല്ല, അതിന്ന് എന്റെ പിതാവിന്റെ ആദേശവും നിങ്ങളുടെ സമ്മതവും കൂടിയുണ്ടമ്മേ!" (41)

ചൗ:

ഭരതു പ്രാനപ്രിയ് പാവഹിം രാജൂ
ബിധി സബ് ബിധി മൊഹി സന്മുഖ് ആജൂ,

ജൗം ന ജാഉ് ബന് ഐസെഹു കാജാ
പ്രഥമ് ഗനിഅ മൊഹി മൂഢ് സമാജാ. 1

സേവഹിം അര്ഡു കല്പതരു ത്യാഗീ
പരിഹരി അമൃത് ലേഹിം ബിഷു മാഗീ,
തെഉ ന പാഇ അസ് സമഉ ചുകാഹീം
ദേഖു ബിചാരി മാതു മന് മാഹീം. 2

അംബ് ഏക് ദുഖു മോഹി ബിസേഷീ
നിപട് ബികല് നരനായകു ദേഖീ,
ഥോരിഹിം ബാത് പിതഹി ദുഖ് ഭാരീ
ഹോതി പ്രതീതി ന മൊഹി മഹതാരീ. 3

രാഉ ധീര് ഗുന് ഉദധി അഗാധൂ
ഭാ മൊഹി തേം കഛു ബഡ് അപരാധൂ,
ജാതേം മൊഹി ന കഹത് കഛു രാഊ
മോരി സപഥ് തൊഹി കഹു സതിഭാഊ. 4

"പിന്നെ, എനിയ്ക്ക് ജീവനെപ്പോലെ പ്രിയനായ ഭരതൻ രാജാവാകും. ദൈവം ഇന്ന് എല്ലാ വിധത്തിലും എനിയ്ക്കനുകൂലമാണ്. ഈ മാതിരി പരിതസ്ഥിതിയിലും ഞാൻ കാട്ടിലേയ്ക്കു പോകാൻ മറുത്താൽ ഞാൻ മൂഢന്മാരുടെ സഭയിൽ അഗ്രഗണ്യനായിരിയ്ക്കും. കല്പവൃക്ഷത്തെ ത്യജിച്ച് ഏവർ ആവിണക്ക്ചെടിയെ സേവിയ്ക്കുന്നുവോ, അമൃതത്തെ കൊടുത്ത് വിഷത്തെ സ്വീകരിയ്ക്കുന്നുവോ, അവർ കൂടി ഈവിധം ഒരു അവസരം കിട്ടിയാൽ അതിനെ കളയില്ല. അമ്മേ, ഈ വസ്തുതയെ മനസ്സിൽ ചിന്തിച്ച് മനസ്സിലാക്കുവിൻ. ഒരേ ഒരു സംഗതി മാത്രമേ എന്നെ വേദനിപ്പിയ്ക്കു ന്നുള്ളൂ, മാതാവേ. രാജാവിനെ അത്യന്തം വ്യാകുലനായിക്കണ്ട് എനിയ്ക്ക് വ്യസനമുണ്ട്. ഇത്രയും നിസ്സാരമായ ഒരു സംഗതിയെക്കുറിച്ച് എന്റെ പിതാവ് അത്യന്തം ദു:ഖിതനായിരിയ്ക്കുന്നുവെന്നത് എനിയ്ക്ക് വിശ്വസിയ്ക്കാ നാവുന്നില്ല, പ്രിയ മാതാവേ. രാജാവ് ധീരനും, ഗുണങ്ങളുടെ അഗാധ മായ സമുദ്രവുമാണ്. രാജാവിന്ന് തന്റെ മനസ്സിനെ എന്നോട് തുറന്നു പറയാൻ തടഞ്ഞു നില്ക്കത്തക്കവിധം ഞാൻ എതോ വലിയ കൂറ്റം ചെയ്തിരിയ്ക്കണം.

അതിനാൽ ഞാനാണയായി ചോദിയ്ക്കുന്നു, സത്യമെന്താണെന്ന് പറഞ്ഞാലും.”

ദോ:

സഹജ് സരല് രഘുബര് ബചന് കുമതി കുടില് കരി ജാന്,
ചലഇ ജോംക് ജല് ബക്രഗതി ജദ്യപി സലിലു സമാന്. (42)

ശ്രീരാമൻ പറഞ്ഞ വാക്കുകൾ നിഷ്കളങ്കമായതും നേർമ്മയായതുമായിരുന്നു. പക്ഷേ, ദുർബുദ്ധിയായ കൈകേയി അതിന്ന് വക്രമായ അർത്ഥം കല്പിച്ചു. ജലപ്പരപ്പ് സമമായിരുന്നാലും അട്ട വളഞ്ഞുകൊണ്ടു മാത്രമേ വെള്ളത്തിൽ സഞ്ചരിയ്ക്കുള്ളൂ. (42)

ചൗ:

രഹസീ രാനി രാമ് രുഖ് പാഇൗ
ബോലീ കപട് സനേഹു ജനാഇൗ,
സപഥ് തുംഹാര് ഭരത് കൈ ആനാ
ഹേതു ന ദൂസര് മൈം കഛു ജാനാ. 1

തുംഹ് അപരാധ് ജോഗു നഹിം താതാ
ജനനീ ജനക് ബന്ധു സുഖദാതാ,
രാമ് സത്യ് സബു ജോ കഛു കഹഹൂ
തുംഹ് പിതു മാതു ബചന് രത് അഹഹൂ. 2

പിതഹി ബുഝാഇ കഹഹു ബലി സോഇൗ
ചൗഥേംപന് ജെഹിം അജസു ന ഹോഇൗ.
തുംഹ് സമ് സുഅന് സുകൃത് ജെഹി ദീൻഹേ
ഉചിത് ന താസു നിരാദരു കീൻഹേ. 3

ലാഗഹിം കുമുഖ് ബചന് സുഭ് കൈസേ
മഗഹ്ँ ഗയാദിക് തീരഥ് ജൈസേ,
രാമ്ഹി മാതു ബചന് സബ് ഭാഏ
ജിമി സുരസരി ഗത് സലില് സുഹാഏ. 4

രാമൻ തന്റെ പദ്ധതിയ്ക്ക് അനുകൂലമാണെന്നു കണ്ട് റാണി സന്തോഷിച്ചു. കൃത്രിമസ്നേഹം നടിച്ചുകൊണ്ട് അവൾ പറഞ്ഞു: "ഞാൻ നീ ആണയായും ഭരതനാണയായും പറയുന്നു, രാജാവിന്റെ ദു:ഖത്തിന്ന് വേറൊരു കാരണവും എനിയ്ക്കറിയില്ല. പ്രിയ പുത്ര, നീ അപരാധിയാവാൻ യോഗ്യനേ അല്ല. നീ നിന്റെ മാതാപിതാക്കൾക്കും സഹോദരന്മാർക്കും ആനന്ദത്തെ കൊടുക്കുന്നവനാണ്. നീ പറയുന്നതെല്ലാം സത്യമാണ്. നീ നിന്റെ അച്ഛനമ്മമാരുടെ വാക്കുകളെ മാനിയ്ക്കുന്നവനാണ്. ഞാൻ നിന്നോട് ആണയിട്ടപേക്ഷിയ്ക്കുന്നു. ജീവിതത്തിന്റെ അവസാനഘട്ടത്തിൽ ദുഷ് കീർത്തി നേടേണ്ടെന്ന് നിന്റെ പിതാവിനോട് പറഞ്ഞു മനസ്സിലാക്കൂ. നിന്നെപ്പോലെ ഒരു പുത്രനെ ലഭിയ്ക്കുവാൻ ചെയ്ത സുകൃതത്തെ നിരാദരിയ്ക്കുന്നത് അദ്ദേഹത്തിന്നുചിതമേയല്ല." ഗയയെപ്പോലുള്ള തീർത്ഥ സ്ഥലങ്ങൾ ശപിയ്ക്കപ്പെട്ട മഗധദേശത്തെ അലങ്കരിയ്ക്കുന്നതുപോലെ, ഈ ശുഭമായ വാർത്തകൾ അവളുടെ ദുഷിച്ച നാവിൽനിന്നും ഉതിർന്നുവന്നു. ഏതുവിധം എല്ലാവിധത്തിലുള്ള ജലങ്ങളും ഗംഗയിൽ ചെന്നു ചേർന്നതും പാവനമായിത്തീരുന്നുവോ, അതുപോലെ തന്റെ ചിറ്റമ്മയുടെ ഈ വാക്കുകളെല്ലാം തന്നെ രാമന്ന് കേൾക്കാൻ സുഖപ്രദമായിരുന്നു.

ദോ:

ഗഇ മുരുഛാ രാമ്ഹി സുമിരി നൃപ് ഫിരി കരവട് ലീൻഹ്,
സചിവ് രാമ് ആഗമന് കഹി ബിനയ് സമയ് സമ് കീൻഹ്. (43)

രാജാവിന്റെ അബോധാവസ്ഥ തെളിഞ്ഞു. അദ്ദേഹം രാമനെ സ്മരിച്ചു കൊണ്ട് തിരിഞ്ഞു കിടന്നു. മന്ത്രി (സുമന്ത്രൻ) സമയത്തിനൊത്തവിധം വിനീതമായ വാക്കുകളിൽ രാമൻ വന്നിരിയ്ക്കുന്ന വർത്തമാനമറിയിച്ചു.(43)

ചൗ:

അവനിപന് അകനി രാമു പഗു ധാരേ
ധരി ധീരജു തബ് നയന് ഉഘാരേ,
സചിവ് സംഭാരി രാഉ ബൈഠാരേ
ചരന് പരത് നൃപ് രാമു നിഹാരേ. 1

ലിഏ സനേഹ് ബികല് ഉര് ലാഈ
ഗൈ മനി മനഹു് ഫനിക് ഫിരി പാഈ,
രാമ്ഹി ചിതഇ രഹെഉ നരനാഹൂ
ചലാ ബിലോചന് ബാരി പ്രബാഹൂ. 2

സോക് ബിബസ് കഛു കഹൈ ന പാരാ
ഹൃദയ് ലഗാവത് ബാരഹിം ബാരാ,
ബിധിഹി മനാവ് രാഉ മന് മാഹീം
ജെഹി രഘുനാഥ് ന കാനന് ജാഹീം. 3

സുമിരി മഹേസ്ഹി കഹഇ നിഹോരീ
ബിനതീ സുനഹു സദാസിവ് മോരീ,
ആസുതോഷ് തുംഹ് അവഢര് ദാനീ
ആരതി ഹരഹു ദീന് ജനു ജാനീ. 4

ശ്രീരാമൻ വന്നുവെന്ന് കേട്ട് രാജാവ് സ്വയം ഉണർന്ന് തന്റെ കണ്ണുകളെ തുറന്നു. മന്ത്രി രാജാവിനെ ഇരിയ്ക്കുവാൻ സഹായിച്ചു. രാമനെ തന്റെ പാദങ്ങളിൽ വീഴുന്നതു കണ്ടു. സർപ്പത്തിന്ന് തന്റെ നഷ്ടപ്പെട്ട ശിരോമണി തിരിച്ചുകിട്ടിയപോലെ അദ്ദേഹം സ്നേഹാവേശത്തോടെ അവനെ കെട്ടി പ്പിടിച്ച് മാറോടണച്ചു. രാജാവ് രാമനെത്തന്നെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്നും അശ്രുധാര പൊട്ടിയൊഴുകി. ശോകാവിഷ്ടനായി അദ്ദഹത്തിന്ന് ഒരു വാക്കുപോലും ഉരിയാടാനായില്ല. രാജകുമാരനെ വിണ്ടും വീണ്ടും മാറോടണച്ചു. അദ്ദഹം തന്റെ മനസ്സി നുള്ളിൽ ദൈവത്തോട് രഘുനാഥൻ കാട്ടിലേയ്ക്ക് പോകാതെ കഴിയട്ടെ എന്ന് പ്രാർത്ഥിച്ചു. പരമേശ്വരനെ സ്മരിച്ചുകൊണ്ട് കേണപേക്ഷിച്ചു: "ഹേ സദാശിവ, എന്റെ വിനീതമായ പ്രാർത്ഥനയെ കേട്ടാലും. ആശുതോഷനും ഉദാരദാനിയുമായ അങ്ങ് എന്നെ ദീനനാണെന്നറിഞ്ഞ് എന്റെ ദു:ഖത്തെ നിവർത്തിച്ചാലും."

ദോ:

തുംഹ് പ്രേരക് സബകേ ഹൃദയ് സോ മതി രാമ്ഹി ദേഹു,
ബചനു മോര് തജി രഹഹിം ഘര് പരിഹരി സീലു സനേഹു. (44)

“എല്ലാവരുടെ ഹൃദയങ്ങളിലും കർമ്മങ്ങളുടെ പ്രേരകനായി നിവസി യ്ക്കുന്ന അങ്ങ്, എന്റെ വാക്കിനെ ലംഘിച്ച്, സൗശീല്യത്തേയും പിതൃ സ്നേഹത്തേയും കാറ്റിൽ പറപ്പിച്ച്, വീട്ടിൽ തന്നെ ഇരിയ്ക്കുവാനായി രാമന്ന് ബുദ്ധിയെ കൊടുത്താലും.” (44)

ചൗ:

അജസു ഹോഇ ജഗ് സുജസു നസാഊ
നരക് പരൗം ബരു സുരപുരു ജാഊ,
സബ് ദുഖ് ദുസഹ് സഹാവഹു മോഹീ
ലോചന് ഓട് രാമു ജനി ഹോംഹീ. 1

അസ് മന് ഗുനഇ രാഉ നഹിം ബോലാ
പീപര് പാത് സരിസ് മനു ഡോലാ,
രഘുപതി പിതഹി പ്രേമബസ് ജാനീ
പുനി കഛു കഹിഹി മാതു അനുമാനീ. 2

ദേസ് കാല് അവസര് അനുസാരീ
ബോലേ ബചന് ബിനീത് ബിചാരീ,
താത് കഹഉ് കഛു കരഉ് ഢിഠാഈ
അനുചിത് ഛമബ് ജാനി ലരികാഈ. 3

അതി ലഘു ബാത് ലാഗി ദുഖു പാവാ
കാഹു് ന മൊഹി കഹി പ്രഥമ് ജനാവാ,
ദേഖി ഗൊസാഇ്ഹി പൂ്ഛിഉ് മാതാ
സുനി പ്രസംഗു ഭഏ സീതല് ഗാതാ. 4

“എനിയ്ക്ക് ലോകം മുഴുവൻ ദുഷ്കീർത്തിയുണ്ടാകട്ടെ. എന്റെ സത് കീർത്തി നശിയ്ക്കട്ടെ. സ്വർഗ്ഗത്തിന്നു പകരം നരകത്തിലേയ്ക്ക് പോയ്ക്കൊള്ളാം. എല്ലാവിധ ദുസ്സഹദു:ഖങ്ങളും ഞാൻ സഹിച്ചുകൊള്ളാം. പക്ഷേ രാമനെ എന്റെ ദൃഷ്ടിയിൽനിന്നും അകറ്റരുതേ.” രാജാവ് ഈവിധം തന്റെ മനസ്സിൽ പ്രാർത്ഥിച്ചു. പക്ഷേ തന്റെ വായ തുറന്നില്ല. അദ്ദേഹത്തിന്റെ മനസ്സ് ആലില പോലെ വിറച്ചു. തന്റെ പിതാവ് സ്നേഹാവിഷ്ടനാണെന്നു കണ്ട്, അമ്മ കൈകേയി ഏതെങ്കിലും വീണ്ടും സംസാരിയ്ക്കുമെന്ന് ഭയപ്പെട്ട്,

രഘുപതി നല്ലപോലെ ആലോചിച്ച്, വിനീതവും, ദേശകാല സന്ദർഭങ്ങൾക്ക് അനുയോജ്യവുമായ വാക്കുകൾ പറഞ്ഞു: “പ്രിയ പിതാവേ, ഞാൻ ചിലത് പറയുവാൻ ധൈര്യപ്പെടുന്നു. ഞാൻ ബാലനാണെന്നറിഞ്ഞ് ദയവുചെയ്ത് എന്റെ ഈ അപമര്യാദയെ ക്ഷമിച്ചാലും. അങ്ങ് കേവലം നിസ്സാരമായ ഒരു കാര്യത്തിന്നുവേണ്ടി ദു:ഖം അനുഭവിയ്ക്കുന്നു. ഇതിന്നു മുമ്പ് ആരും എന്നെ ഇതിനെപ്പറ്റി അറിയിച്ചില്ലെന്നത് ശോചനീയമാണ്. അങ്ങയെ ഞാൻ ആദ്യം കണ്ട പ്പോൾ കൈകേയി അമ്മയോട് ചോദിച്ചു. അവൾ പറഞ്ഞതു കേട്ട് എനിയ്ക്ക് മനസ്സമാധാനമായി.”

ദോ:

മംഗല് സമയ് സനേഹ് ബസ് സോച് പരിഹരിഅ താത്,
ആയസു ദേഇഅ ഹരഷി ഹിയ്ँ കഹി പുലകേ പ്രഭു ഗാത്. (45)

“പ്രിയ പിതാവേ, മംഗളകരമായ സമയത്ത് സ്നേഹവശംവദനായി അങ്ങ് വ്യസനിയ്ക്കരുത്. സന്തോഷത്തോടെ എനിയ്ക്ക് ആദേശം നൽകിയാലും.” ഈ വാക്കുകളെ സംസാരിച്ചപ്പോൾ പ്രഭുവിന്റെ ശരീരമാസകലം രോമാഞ്ചം കൊണ്ടു. (45)

ചൗ:

ധന്യ് ജനമു ജഗതീതല് താസൂ
പിതഹി പ്രമോദു ചരിത് സുനി ജാസൂ,
ചാരി പദാരഥ് കരതല് താകേം
പ്രിയ പിതു മാതു പ്രാന് സമ് ജാകേം. 1

ആയസു പാലി ജനമ് ഫലു പാഇൗ
ഐഹഉँ ബേഗിഹിം ഹോഇ രജാഇൗ,
ബിദാ മാതു സന് ആവഉँ മാഗീ
ചലിഹഉँ ബന്ഹി ബഹുരി പഗ് ലാഗീ. 2

അസ് കഹി രാമ് ഗവനു തബ് കീൻഹാ
ഭൂപ് സോക് ബസ് ഉതരു ന ദീൻഹാ,

നഗര് ബ്യാപി ഗഇ ബാത് സുതീഛരീ
ഛുഅത് ചഢീ ജനു സബ് തന് ബീഛരീ. 3

സുനി ഭഏ ബികല് സകല് നര് നാരീ
ബേലി ബിടപ് ജിമി ദേഖി ദവാരീ,
ജോ ജഹ് സുനഇ ധുനഇ സിരു സോഈ
ബഡ് ബിഷാദു നഹിം ധീരജു ഹോഈ. 4

“ആരുടെ പിതാവ് തന്റെ പുത്രന്റെ സൽകൃത്യങ്ങളെ കേട്ട് ആനന്ദ മടയുന്നുവോ, ഈ ഭൂതലത്തിൽ അവന്റെ ജന്മം ധന്യമാണ്. ആർക്ക് തന്റെ മാതാപിതാക്കൾ സ്വന്തം ജീവനെപ്പോലെ പ്രിയരാണോ, അവന്ന് നാലു പുരുഷാർത്ഥങ്ങളും (ധർമാർത്ഥകാമമോക്ഷം) തന്റെ കൈകളിൽ ലഭിച്ചിട്ടുണ്ട്. അങ്ങയുടെ ആദേശത്തെ നിറവേറ്റിയശേഷം എന്റെ ജന്മ ഫലത്തെ ലഭിച്ച് ഞാൻ വേഗം തിരിച്ചുവരാം. അതിനാൽ ദയവുചെയ്ത് എനിയ്ക്ക് ആദേശം തന്നാലും. ഇപ്പോൾ ഞാൻ മാതാവിനെ കണ്ട് വിട ചോദിച്ചിട്ടു വരാം. പിന്നെ ഞാൻ അങ്ങയുടെ പാദങ്ങളിൽ ഒരിയ്ക്കൽക്കൂടി വീണശേഷം കാട്ടിലേയ്ക്ക് പുറപ്പെട്ടുപോകാം.” ഈവിധം പറഞ്ഞ് രാമൻ പോയി. രാജാവിന്ന് ശോകാധിക്യം കാരണം ഉത്തരമൊന്നും പറയാൻ കഴിഞ്ഞില്ല. തേളിന്റെ വിഷം ദേഹമാസകലം ക്ഷണം പരക്കുന്നതു പോലെ ഈ അശുഭവർത്തമാനം നഗരം മുഴുവൻ പരന്നു. കാട്ടുതീയിനെ കണ്ട് മരങ്ങളും വള്ളികളും വാടിക്കരുകുന്നതുപോലെ ഈ വാർത്ത കേട്ട പുരജനങ്ങൾ ഒരോരുത്തരും വ്യാകുലരായി. ആര് എവിടെവെച്ച് ഈ വാർത്ത കേട്ടുവോ, അവർ തങ്ങളുടെ തലയിൽ തല്ലി. അത്രയ്ക്കും അത്യന്തം അസഹനീയമായിരുന്നു അവരുടെ ദുഃഖം.

ദോ:

മുഖ് സുഖാഹിം ലോചന് സ്രവഹിം സോകു ന ഹൃദയ് സമാഇ,
മനഹു് കരുന് രസ് കടകഈ ഉതരീ അവധ് ബജാഇ. **(46)**

അവരുടെ വായ വരണ്ടു. കണ്ണുകൾ നിറഞ്ഞൊഴുകി. അവരുടെ ദുഃഖം ഹൃദയത്തിൽ അടങ്ങാത്തതായിരുന്നു. അത് കരുണാരസത്തിന്റെ സേന അയോദ്ധ്യയിൽ താവളമടിച്ചപോലിരുന്നു. (46)

ചൗ:

മിലെഹി മാഝ് ബിധി ബാത് ബേഗാരീ
ജഹ്ँ തഹ്ँ ദേഹിം കൈകഇഹി ഗാരീ,
എഹി പാപിനിഹി ബൂഝി കാ പരെഊ
ഛാഇ ഭവന് പര് പാവകു ധരെഊ. 1

നിജ് കര് നയന് കാഢി ചഹ് ദീഖാ
ഡാരി സുധാ ബിഷു ചാഹത് ചീഖാ,
കുടില് കഠോര് കുബുദ്ധി അഭാഗീ
ഭഇ രഘുബംസ് ബേനു ബന് ആഗീ. 2

പാലവ് ബൈഠി പേഡു എഹിം കാടാ
സുഖ് മഹു്ँ സോക് ഠാടു ധരി ഠാടാ,
സദാ രാമ് എഹി പ്രാന് സമാനാ
കാരന് കവന് കുടിലപന് ഠാനാ. 3

സത്യ കഹഹിം കബി നാരി സുഭാഊ
സബ് ബിധി അഗഹു അഗാധ് ദുരാഊ,
നിജ് പ്രതിബിംബു ബരുകു സഹി ജാഇൗ
ജാനി ന ജാഇ നാരി ഗതി ഭാഇൗ. 4

"എല്ലാ ഒരുക്കങ്ങളും ചെയ്തുകഴിഞ്ഞപ്പോൾ ദൈവം സംഗതികളെല്ലാം തന്നെ അട്ടിമറിച്ചു." സർവത്ര ജനങ്ങൾ കൈകേയിയെ ദുഷിച്ചു. "പുതുതായി കെട്ടിപ്പടുത്ത വീട്ടിനെ തീ വെച്ചു നശിപ്പിയ്ക്കാൻ ഈ ദുഷ്ടസ്ത്രീയ്ക്ക് എന്തു ബുദ്ധിയായിരിയ്ക്കും? അവൾ തന്റെ കൈകൾ കൊണ്ടു തന്നെ തന്റെ കണ്ണുകളെ പിഴിതെടുത്തശേഷം കാണുവാൻ ശ്രമിയ്ക്കുന്നു. അമൃതത്തെ ത്യജിച്ച് വിഷത്തെ കുടിയ്ക്കുവാനാഗ്രഹിയ്ക്കുന്നു. കുടിലയും, കഠോരയും, കുബുദ്ധിയും, ദുർഭാഗ്യവതിയുമായവൾ രഘുവംശമെന്ന മുളങ്കൂട്ടത്തെ എരിച്ചുകളയാനുള്ള തീയായിത്തീർന്നിരിയ്ക്കുന്നു. കൊമ്പിലീരുന്നുകൊണ്ട് അവൾ മരത്തെത്തന്നെ വെട്ടിയിരിയ്ക്കുന്നു. ആഹ്ലാദത്തിന്നിടയിൽ അവൾ ദു:ഖത്തിന്റെ കെട്ടിടം പണിതിരിയ്ക്കുന്നു. ശ്രീരാമൻ അവൾക്ക് പ്രാണനെപ്പോലെ പ്രിയനായിരുന്നു. ഈവിധം ഒരു കുടിലബുദ്ധി അവൾക്ക് തോന്നാൻ എന്താണാവോ കാരണം. സ്ത്രീയുടെ മനസ്സ്

എറ്റവും ഗ്രഹിയ്ക്കാനാവാത്തതും, ആഴം കാണാനാവാത്തതും, രഹസ്യമയവുമാണെന്ന് കവികൾ പറയുന്നത് സത്യമാണ്. ഒരുവൻ തന്റെ ഛായയെ പിടിച്ചുവെന്നു വരാം, പക്ഷേ ഒരു സ്ത്രീയുടെ ഗതിയെ ഒരിയ്ക്കലും അറിയാനാവില്ല.

ദോ:

കാഹ് ന പാവകു ജാരി സക് കാ ന സമുദ്ര് സമാഇ,
കാ ന കരൈ അബലാ പ്രബല് കെഹി ജഗ് കാലു ന ഖാഇ. (47)

"തീയിനാൽ കത്തിയ്ക്കാനാവാത്തതെന്താണുള്ളത്? സമുദ്രത്താൽ മുഴുക്കാനാവാത്തതെന്താണുള്ളത്? അബലയെന്ന് തെറ്റായി വിളിയ്ക്കപ്പെടുന്ന പ്രബലയായ സ്ത്രീയാൽ സാധ്യമാകാത്തതെന്താണുള്ളത്? ഈ നശ്വര മായ ലോകത്തിൽ കാലനാൽ ഭക്ഷിയ്ക്കപ്പെടാത്ത ഏതു ജന്തുവാണുള്ളത്?"(47)

ചൗ:

കാ സുനാഇ ബിധി കാഹ് സുനാവാ
കാ ദെഖാഇ ചഹ് കാഹ് ദെഖാവാ,
ഏക് കഹഹിം ഭല് ഭൂപ് ന കീൻഹാ
ബരു ബിചാരി നഹിം കുമതിഹി ദീൻഹാ. 1

ജോ ഹഠി ഭയഉ സകല് ദുഖ് ഭാജനു
അബലാ ബിബസ് ഗ്യാനു ഗുനു ഗാ ജനു,
ഏക് ധരമ് പരമിതി പഹിചാനേ
നൃപഹി ദോസു നഹിം ദേഹിം സയാനേ. 2

സിബി ദധീചി ഹരിചന്ദ് കഹാനീ
ഏക് ഏക് സന് കഹഹിം ബഖാനീ.
ഏക് ഭരത് കര് സംമത് കഹഹീം
ഏക് ഉദാസ് ഭായ്ँ സുനി രഹഹീം. 3

കാന് മൂദി കര് രദ് ഗഹി ജീഹാ
ഏക് കഹഹിം യഹ് ബാത് അലീഹാ,
സുകൃത് ജാഹിം അസ് കഹത് തുംഹാരേ
രാമ് ഭരത് കഹുँ പ്രാന്പിആരേ. 4

“ദൈവം ഒന്നിനെ വിധിച്ചശേഷം ഇപ്പോൾ അതിന്നു നേർ വിപരീതമായൊന്നിനെ വിധിച്ചിരിയ്ക്കുന്നു. ഒരു ദൃശ്യത്തെ കാണിച്ച ശേഷം ഇപ്പോൾ തികച്ചും വ്യത്യസ്തമായ വേറൊരു ദൃശ്യത്തെ കാണിയ്ക്കുന്നു.” ചിലർ പറഞ്ഞു: “രാജാവ് ചെയ്തത് ശരിയായില്ല. തീരെ ആലോചി യ്ക്കാതെയാണ് അദ്ദേഹം ആ ദുഷ്ടയ്ക്ക് വരം കൊടുത്തിരിയ്ക്കുന്നത്. അങ്ങനെ അദ്ദേഹം അറിഞ്ഞുകൊണ്ടു തന്നെയാണ് ഈ ദു:ഖപ്രദമായ നിലയെ പ്രാപിച്ചിരിയ്ക്കുന്നത്. സ്ത്രീയുടെ വശത്തായി അദ്ദേഹം തന്റെ വിവേക ബുദ്ധിയും സദ്ഗുണവും നഷ്ടപ്പെട്ടു.” ധർമനിരതരായ മറ്റു ചിലർ രാജാവിന്റെ ഉന്നതമായ ധാർമിക മനസ്ഥിതിയെ മനസ്സിലാക്കി, അദ്ദേഹത്തെ കുറ്റം കണ്ടില്ല. അവർ പരസ്പരം ശിബിയുടേയും, ദധീചിയുടേയും, ഹരിശ്ചന്ദ്രന്റേയും ചരിത്രങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടിരുന്നു. ചിലർ ഇതിൽ ഭരതന്റെ പരോക്ഷമായ അനുമതിയുണ്ടെന്ന് പറഞ്ഞു. മറ്റു പലർ മറ്റുള്ളവർ പറയുന്നതിനെ നിഷ്പക്ഷമായി കേട്ടു നിന്നു. മറ്റു ചിലർ കൈകൾ കൊണ്ട് തങ്ങളുടെ ചെവികളടച്ചുകൊണ്ട്, നാവ് കടിച്ചുകൊണ്ട് പറഞ്ഞു: “ഇത് അസത്യമാണ്. ഈ വാക്കുകളെ പറയുന്ന നിങ്ങളുടെ എല്ലാ സുകൃങ്ങളും നശിച്ചുപോകും. ഭരതന്ന് ശ്രീരാമൻ തന്റെ ജീവനെപ്പോലെ പ്രിയനാണ്.”

ദോ:

ചന്ദു ചവൈ ബരു അനല് കന് സുധാ ഹോഇ ബിഷതൂല്,
സപനെഹു്ँകബഹു്ँ ന കരഹിം കിഛു ഭരതു രാമ് പ്രതികൂല്. (48)

“ചന്ദ്രനിൽനിന്നും തീപ്പൊരികൾ പൊഴിഞ്ഞുവെന്നു വരാം; അമൃതം വിഷത്തിന്നു തുല്യമായെന്നു വരാം. പക്ഷേ ഭരതൻ സ്വപ്നത്തിൽക്കൂടി രാമന്ന് പ്രതികൂലമായി ഒരിയ്ക്കലും ഒന്നും തന്നെ ചെയ്യില്ല.” (48)

ചൗ:

ഏക് ബിധാതഹി ദൂഷനു ദേഹീം
സുധാ ദെഖാഇ ദീൻഹ് ബിഷു ജേഹീം,
ഖരബരു നഗര് സോചു സബ് കാഹൂ
ദുസഹ് ദാഹു ഉര് മിടാ ഉഛാഹൂ. 1

ബിപ്രബധൂ കുലമാന്യ് ജഠേരീ
ജേ പ്രിയ് പരമ് കൈകഈ കേരീ,
ലഗീം ദേന് സിഖ് സീലു സരാഹീ
ബചന് ബാന്സമ് ലാഗഹിം താഹീ. 2

ഭരതു ന മൊഹി പ്രിയ് രാമ് സമാനാ
സദാ കഹഹു യഹു സബു ജഗു ജാനാ,
കരഹു രാമ് പര് സഹജ് സനേഹൂ
കെഹി അപരാധ് ആജു ബനു ദേഹൂ. 3

കബഹുँ ന കിയഹു സവതി ആരേസൂ
പ്രീതി പ്രതീതി ജാന് സബു ദേസൂ,
കൗസല്യാँ അബ് കാഹ് ബിഗാരാ
തുംഹ് ജെഹി ലാഗി ബജ്ര പുര് പാരാ. 4

അമൃതം കാണിച്ച് വിഷത്തെ കൊടുത്തുവെന്ന് ഒരുവൻ വിധാതാവിനെ കുറ്റം പറഞ്ഞു. നഗരം മുഴുവൻ ഇളകി മറിഞ്ഞിരുന്നു. എല്ലാവരും ശോകാവിഷ്ടരായിരുന്നു. അവരുടെ മനസ്സിൽ ദുസ്സഹമായ വേദനയുണ്ടായിരുന്നു. അവർ നിരുത്സാഹരായി. ബ്രാഹ്മണസ്ത്രീകളും, രാജകുടുംബത്തിലെ മറ്റു മാന്യരും വൃദ്ധകളുമായ സ്ത്രീകളും, പിന്നെ കൈകേയിയ്ക്ക് അത്യന്തം പ്രിയരുമായ മറ്റു സ്ത്രീകളും അവളുടെ സൗശീല്യത്തെ ശ്ലാഘിച്ചുകൊണ്ട് അവളെ ഉപദേശിയ്ക്കുവാൻ തുടങ്ങി. പക്ഷേ അവരുടെ വാക്കുകൾ അവളെ ശരങ്ങൾ പോലെ തറച്ചു. "നീ എപ്പോഴും പറയാറുണ്ട്, ലോകം മുഴുവൻ അറിയുന്നതുമാണ്, ഭരതൻ നിനക്ക് രാമനെപ്പോലെ അത്ര പ്രിയനല്ലെന്ന്. നിനക്ക് രാമനോട് സ്വാഭാവികമായ സ്നേഹമുണ്ടായിരുന്നു. പിന്നെ ഏതു കുറ്റത്തിന്നാണ് ഇന്ന് നീ അവനെ കാട്ടിലേയ്ക്കയയ്ക്കുന്നത്? നിനക്ക് നിന്റെ സഹഭാര്യമാരുമായി ഒരിയ്ക്കലും ഈർഷ്യയുണ്ടായിട്ടില്ല. നിന്റെ സ്നേഹമനസ്ഥിതിയും വിശ്വാസശീലതയും നാടു മുഴുവൻ അറിഞ്ഞതാണ്. നീ നഗരം മുഴുവൻ ഇടി വീഴ്ത്തത്തക്കവണ്ണം കൗസല്യ നിനക്ക് എന്തപരാധമാണ് ചെയ്തത്?"

ദോ:

സീയ് കി പിയ്സ്ംഗു പരിഹരിഹി ലഖനു കി രഹിഹഹിം ധാമ്,
രാജു കി ഭൂംജബ് ഭരത് പുര് നൃപു കി ജിഇഹി ബിനു രാമ്. (49)

“സീത രാമന്റെ സഹവാസം ത്യജിയ്ക്കുമോ? ലക്ഷ്മണൻ വീട്ടിലിരിയ്ക്കുമോ? ഭരതൻ അയോദ്ധ്യയുടെ രാജത്വത്തെ അനുഭവിയ്ക്കുമോ? രാമനില്ലാതെ രാജാവ് ജീവിച്ചിരിയ്ക്കുമോ?” (49)

ചൗ:

അസ് ബിചാരി ഉര് ഛാഡഹു കോഹൂ
സോക് കലങ്ക് കോഠി ജനി ഹോഹൂ,
ഭരത്ഹി അവസി ദേഹു ജുബരാജൂ
കാനന് കാഹ് രാമ് കര് കാജൂ. 1

നാഹിന് രാമു രാജ് കേ ഭൂഖേ
ധരമ് ധുരീന് ബിഷയ് രസ് രൂഖേ,
ഗുര് ഗൃഹ് ബസഹുംം രാമു തജി ഗേഹൂ
നൃപ് സന് അസ് ബരു ദൂസര് ലേഹൂ. 2

ജൗം നഹിം ലഗിഹഹു കഹേം ഹമാരേ
നഹിം ലാഗിഹി കഛു ഹാഥ് തുംഹാരേ,
ജൗം പരിഹാസ് കീൻഹി കഛു ഹോഇ
തൗ കഹി പ്രഗട് ജനാവഹു സോഇ. 3

രാമ് സരിസ് സുത് കാനന് ജോഗൂ
കാഹ് കഹിഹി സുനി തുംഹ് കഹുംം ലോഗൂ,
ഉഠഹു ബേഗി സൊഇ കരഹു ഉപാഈ
ജെഹി ബിധി സോകു കലങ്കു നസാഈ. 4

“ഈവിധം ചിന്തിച്ച് മനസ്സിൽനിന്നും കോപത്തെ അകറ്റൂ. നിന്നെ സ്വയം ശോകത്തിന്റേയും അപകീർത്തിയുടേയും കലവറയാക്കാതിരിയ്ക്കൂ. ഭരതനെ അവശ്യം യുവരാജാവാക്കൂ. പക്ഷേ രാമനെ കാട്ടിലേയ്ക്കയയ്ക്കാൻ എന്താവശ്യമാണുള്ളത്? രാമൻ രാജ്യത്തിനെ കൊതിയ്ക്കുന്നില്ല. അവൻ ധർമനിഷ്ഠനും വിഷയരസങ്ങളിൽ ഇച്ഛയില്ലാത്തവനുമാണ്. രാമൻ തന്റെ

വീട്ടിനെ ത്യജിച്ച് തന്റെ ഗുരുവിന്റെ കൂടെ താമസിയ്ക്കട്ടെ. ഇതിനെ രണ്ടാമത്തെ വരമായി രാജാവിനോട് ചോദിയ്ക്കൂ. നീ ഞങ്ങളുടെ ഉപദേശത്തെ അനുസരിയ്ക്കുന്നില്ലെങ്കിൽ നിനക്ക് ഒരു നേട്ടവുമുണ്ടാവില്ല. നീ വെറും തമാശയാണ് കളിച്ചിട്ടുള്ളതെങ്കിൽ അതിനെ തുറന്നു പറഞ്ഞറിയിയ്ക്കൂ. രാമനെപ്പോലൊരു പുത്രൻ കാട്ടിലേയ്ക്ക പോകാൻ യോഗ്യനാണോ? ഇതിനെപ്പറ്റി കേൾക്കുമ്പോൾ ലോകം നിന്നെപ്പറ്റി എന്തു പറയും? വേഗം എഴുന്നേറ്റ് ശോകത്തേയും കളങ്കത്തേയും നിവർത്തിയ്ക്കുവാൻ ഉപായം കാണൂ."

ഛം:

ജെഹി ഭാँതി സോകു കലങ്കു ജാഇ ഉപായ് കരി കുല് പാലഹീ,
ഹഠി ഫേരു രാമ്ഹി ജാത് ബന് ജനി ബാത് ദൂസരി ചാലഹീ.
ജിമി ഭാനു ബിനു ദിനു പ്രാന ബിനു തനു ചന്ദ് ബിനു ജിമി ജാമനീ,
തിമി അവധ് തുലസീദാസ് പ്രഭു ബിനു സമുഝി ധൗം ജിയँ ഭാമിനീ.

"ശോകത്തേയും കളങ്കത്തേയും ഇല്ലാതാക്കാൻ ഏതെങ്കിലും ഉപായം കണ്ട് നിന്റെ കുലത്തെ രക്ഷിയ്ക്കൂ. രാമനെ കാട്ടിലേയ്ക്കു പോകുന്നതിൽ നിന്നും ശക്തമായി പിന്തിരിപ്പിയ്ക്കൂ. വേറൊരു സൂചനയും കൊടുക്കേണ്ട. സൂര്യനില്ലാത്ത പകലിനെപ്പോലെയും, ജീവനില്ലാത്ത ശരീരത്തെപ്പോലെ യും, ചന്ദ്രനില്ലാത്ത രാത്രിയെപ്പോലെയുമുള്ള, തുളസീദാസന്റെ പ്രഭു വായ ശ്രീരാമൻ ഇല്ലാത്ത അയോദ്ധ്യയെ മനസ്സിൽ കണക്കിട്ടു നോക്കൂ, ഹേ ഭാമിനി."

സോ:

സഖിൻഹ് സിഖാവനു ദീൻഹ് സുനത് മധുര് പരിനാമ് ഹിത്,
തേഇँ കഛു കാന് ന കീൻഹ് കുടില് പ്രബോധി കൂബരീ. (50)

കൈകേയിയുടെ സഖികൾ കൊടുത്ത ഉപദേശം കേൾക്കാൻ മധുരവും പരിണാമം ഹിതമായതുമായിരുന്നു. പക്ഷേ വക്രബുദ്ധിയായ കൂനിയാൽ പഠിപ്പിയ്ക്കപ്പെട്ടവളായ അവൾ അതിനെ ചെവികൊണ്ടില്ല. (50)

ചൗ:

ഉതരു ന ദേഇ ദുസഹ് രിസ് രൂഖീ
മൃഗിൻഹ് ചിതവ് ജനു ബാഘിനി ഭൂഖീ,

ബ്യാധി അസാധി ജാനി തിൻഹ് ത്യാഗീ
ചലീം കഹത് മതിമന്ദ് അഭാഗീ. 1

രാജു കരത് യഹ് ദൈഅ് ബിഗോഈ
കീൻഹെസി അസ് ജസ് കരഇ ന കോഈ,
എഹി ബിധി ബിലപഹിം പുര് നര് നാരീം
ദേഹിം കുചാലിഹി കോടിക് ഗാരീം. 2

ജരഹിം ബിഷമ് ജര് ലേഹിം ഉസാസാ
കവനി രാമ് ബിനു ജീവന് ആസാ,
ബിപുല് ബിയോഗ് പ്രജാ അകുലാനീ
ജനു ജലചര് ഗന് സൂഖത് പാനീ. 3

അതി ബിഷാദ് ബസ് ലോഗ് ലൊഗാഈം
ഗഏ മാതു പഹിം രാമു ഗൊസാഈം,
മുഖ് പ്രസന്ന് ചിത് ചൗഗുന് ചാഊ
മിടാ സോചു ജനി രാഖൈ രാഊ. 4

അവൾ ഉത്തരമൊന്നും പറഞ്ഞില്ല. എളുപ്പത്തിൽ മാറ്റാനാവാത്ത കോപത്താൽ അവൾ മുഖം ചുളിച്ചു. മാൻ കൂട്ടത്തെ ഉറ്റുനോക്കുന്ന വിശന്ന പെൺപുലിയെപ്പോലെ അവൾ അവരെ തുറിച്ചു നോക്കി. അവളുടെ രോഗം മാറ്റാനാവാത്തതാണെന്നു കണ്ട് അവളുടെ സഖികൾ തിരിച്ചു പോയി. 'ഭാഗ്യഹീനയായ മന്ദബുദ്ധി! വിധി അവളുടെ രാജത്വത്തെ നിലനിർത്താനാവാതെ അവളെ വഞ്ചിച്ചിരിയ്ക്കുന്നു. മറ്റാരും ചെയ്യാത്തതാണ് അവൾ ചെയ്തിട്ടുള്ളത്.' നഗരത്തിലെ സ്ത്രീപുരുഷന്മാർ ഈവിധം പുലമ്പിക്കൊണ്ട് ആ ദുഷ്ടസ്ത്രീയുടെ മേൽ എണ്ണറ്റ ദൂഷണങ്ങൾ വർഷിച്ചു. അവർ അസഹ്യമായ വേദനയാൽ തുടിച്ച് നെടുവീർപ്പിട്ടു കൊണ്ട് പറഞ്ഞു: "രാമനില്ലാതെ ജീവനിൽ ആശയുണ്ടാവാൻ സാധ്യമല്ല." ജലജന്തുക്കൾ തങ്ങൾ തങ്ങിയിരിയ്ക്കുന്ന ജലത്തിന്റെ പരപ്പ് കുറഞ്ഞുവരുന്നതു കണ്ട് കുഴങ്ങുന്നതുപോലെ രാമനിൽനിന്നും നീണ്ട നാൾ വിരഹത്തെ ഓർത്ത് ജനങ്ങൾ വ്യാകുലരായി. പുരുഷന്മാരും സ്ത്രീകളും ഒരുപോലെ അത്യന്തം ശോകത്താൽ പീഡിതരായി. ഇതിന്നിടയിൽ ശ്രീരാമൻ തന്റെ മാതാവിനെ (കൗസല്യ) ചെന്നു കണ്ടു.

അവൻ പ്രസന്നചിത്തത്തോടും മനസ്സിൽ നാലു മടങ്ങ് സന്തോഷത്തോടുംകൂടിയിരുന്നു. രാജാവ് തന്നെ തടഞ്ഞുനിർത്തുമെന്ന് ഭയപ്പെട്ടതേയില്ല.

ദോ:

നവ് ഗയന്ദു രഘുബീര് മനു രാജു അലാന് സമാന്,
ഛൂട് ജാനി ബന് ഗവനു സുനി ഉര് അനന്ദു അധികാന്. (51)

രഘുവീരന്റെ മനസ്സ് പുതുതായി പിടിയ്ക്കപ്പെട്ട കുട്ടിയാനയെപ്പോലെയിരുന്നു. രാജ്യം അതിന്റെ ചങ്ങലപോലെയും. വനവാസത്തിന്നായി അയയ്ക്കുവാനുള്ള നിർദ്ദേശം കേട്ടപ്പോൾ അവൻ തന്നെ സ്വതന്ത്രനായി കരുതി മനസ്സിൽ അത്യന്തം സന്തുഷ്ടനായി. (51)

ചൗ:

രഘുകുലതിലക് ജോരി ദൊഉ ഹാഥാ
മുദിത് മാതു പദ് നായഉ മാഥാ,
ദീൻഹി അസീസ് ലാഇ ഉര് ലീൻഹേ
ഭൂഷന് ബസന് നിഛാവരി കീൻഹേ. 1

ബാര് ബാര് മുഖ് ചുംബതി മാതാ
നയന് നേഹ് ജലു പുലകിത് ഗാതാ,
ഗോദ് രാഖി പുനി ഹൃദയ്ँ ലഗാഏ
സ്രവത് പ്രേമരസ് പയദ് സുഹാഏ. 2

പ്രേമു പ്രമോദു ന കഛു കഹി ജാഈ
രംക് ധനദ് പദബീ ജനു പാഈ,
സാദര് സുന്ദര് ബദനു നിഹാരീ
ബോലീ മധുര് ബചന് മഹതാരീ. 3

കഹഹു താത് ജനനീ ബലിഹാരീ
കബഹിം ലഗന് മുദ് മംഗലകാരീ,
സുകൃത് സീല് സുഖ് സീവുँ സുഹാഈ
ജനമ് ലാഭ് കഇ അവധി അഘാഈ. 4

രഘുകുലതിലകൻ തന്റെ രണ്ടു കൈകളേയും കൂപ്പിക്കൊണ്ട് സന്തോഷ ത്തോടെ തന്റെ അമ്മയുടെ പാദങ്ങളിൽ തലവണങ്ങി. അവൾ അവനെ അനുഗ്രഹിച്ച് മാറോടണച്ച് (തിന്മയിൽനിന്നും രക്ഷയ്ക്കായി) അവന്നു ചുറ്റും ആഭരണങ്ങളും വസ്ത്രങ്ങളും വിതറി. അമ്മ അവന്റെ ചുണ്ടുകളിൽ വീണ്ടും വീണ്ടും ചുംബിച്ചു. അവളുടെ കണ്ണുകളിൽനിന്നും സ്നേഹാശ്രു ക്കൾ പൊഴിഞ്ഞു. ആനന്ദത്താൽ അവളുടെ ശരീരം പുളകിതമായി. അവനെ മടിയിലിരുത്തിക്കൊണ്ട് അവൾ അവനെ വീണ്ടും മാറോടണച്ചു. സ്നേഹാധിക്യം കാരണം അവളുടെ സ്തനങ്ങളിൽനിന്നും പാൽ ചുരന്നൊ ഴുകി. അവളുടെ സ്നേഹവും സന്തോഷവും പറയാനാവാത്തവിധം അവർണ്ണനീയമായിരുന്നു. അത് ദരിദ്രനായ ഒരുവന്ന് കുബേരന്റെ സ്ഥാനം കിട്ടിയപോലെയിരുന്നു. വാത്സല്യത്തോടെ അവന്റെ സുന്ദര മുഖത്തെ നോക്കിക്കൊണ്ട് അവൾ അവനോട് മധുരമായ സ്വരത്തിൽ സംസാരിച്ചു: "ഓമനക്കുട്ട, പറയൂ, ഞാൻ നിന്നോടപേക്ഷിയ്ക്കുന്നു, എപ്പോഴാണ് സംഭവിയ്ക്കാൻ പോകുന്നത്, ആ ആനന്ദകരവും മംഗളകരവു മായ ലഗ്നം – സുകൃതത്തിന്റേയും, സൗഭാഗ്യത്തിന്റേയും, ആനന്ദത്തിന്റേ യും പരിസമാപ്തി – മനുഷ്യജന്മത്തിന്റെ അത്യുന്നതമായ ഫലം?"

ദോ:

ജെഹി ചാഹത് നര് നാരി സബ് അതി ആരത് എഹി ഭാँതി,
ജിമി ചാതക് ചാതകി തൃഷിത് ബൃഷ്ടി സരദ് രിതു സ്വാതി. (52)

" – എതിന്നുവേണ്ടി എല്ലാ സ്ത്രീപുരുഷന്മാരും, ശരത്കാലത്ത് സ്വാതി നക്ഷത്രത്തിന്റെ സാന്നിദ്ധ്യത്തിൽ പെയ്യുന്ന മഴയ്ക്കുവേണ്ടി കാത്തിരിയ്ക്കുന്ന ദാഹിക്കുന്ന ചാതകജോഡികളെപ്പോലെ, അത്യാകാംക്ഷയോടെ കാത്തിരിയ്ക്കുന്നു?" (52)

ചൗ:

താത് ജാഉँ ബലി ബേഗി നഹാഹൂ
ജോ മന് ഭാവ് മധുര് കഛു ഖാഹൂ,
പിതു സമീപ് തബ് ജാഎഹു ഭൈആ
ഭഇ ബഡി ബാര് ജാഇ ബലി മൈആ. 1

മാതു ബചന് സുനി അതി അനുകൂലാ
ജനു സനേഹ് സുരതരു കേ ഫൂലാ,
സുഖ് മകരന്ദ് ഭരേ ശ്രിയ്മൂലാ
നിരഖി രാമ് മനു ഭവ്ँരു ന ഭൂലാ. 2

ധരമ് ധുരീന് ധരമ് ഗതി ജാനീ
കഹെഉ മാതു സന് അതി മൃദു ബാനീ,
പിതാँ ദീൻഹ് മൊഹി കാനന് രാജൂ
ജഹँ സബ് ഭാँതി മോര് ബഡ് കാജൂ. 3

ആയസു ദേഹി മുദിത് മന് മാതാ
ജെഹിം മുദ് മംഗല് കാനന് ജാതാ,
ജനി സനേഹ് ബസ് ഡര്പസി ഭോരേം
ആനँദു അംബ് അനുഗ്രഹ് തോരേം. 4

“കുഞ്ഞേ, ഞാൻ നിന്നോടപേക്ഷിയ്ക്കുന്നു: വേഗം കുളിച്ച് നിനക്കിഷ്ടമുള്ള മധുരപലഹാരം ഏതെങ്കിലും കഴിയ്ക്കൂ. എന്നിട്ട് നിന്റെ പിതാവിനെ ചെന്നു കാണൂ, കുട്ടാ. ഇപ്പോൾത്തന്നെ നേരം വളരെ വൈകി.” കേൾക്കാൻ സുഖവും തേൻ തുളുമ്പുന്നതും, സൗഭാഗ്യത്തിന്റെ ഉറവിടവുമായ സ്നേഹമാകുന്ന കല്പവൃക്ഷത്തിന്റെ പൂവിനെപ്പോലെ ഏറ്റവും അനുകൂല മായ തന്റെ അമ്മയുടെ വാക്കുകൾക്ക് ശ്രീരാമന്റെ മനസ്സെന്ന വണ്ടിനെ മയക്കാനായില്ല. ധർമ്മധുരന്ധരനായ അവൻ ധർമ്മത്തിന്റെ ഗതിയെ അറിഞ്ഞുകൊണ്ട് തന്റെ അമ്മയോട് അത്യന്തം മൃദുവായ വാക്കുകളിൽ പറഞ്ഞു: “പിതാവ് എനിയ്ക്ക് വനരാജ്യത്തിന്റെ ഭാരം തന്നിട്ടുണ്ട്. അവിടെ എനിയ്ക്ക് എല്ലാവിധത്തിലും വലിയ കാര്യങ്ങൾ സാധിയ്ക്കാനുള്ള അവസര ങ്ങൾ ലഭിയ്ക്കും. അതിനാൽ സന്തോഷം നിറഞ്ഞ മനസ്സോടെ എനിയ്ക്കു വിട തരൂ. അങ്ങനെ എന്റെ വനത്തിലേയ്ക്കുള്ള യാത്ര ആനന്ദകരവും ക്ഷേമകരവുമായിത്തീരട്ടെ. സ്നേഹവശാൽ അനാവശ്യമായ ഭയമൊന്നും വേണ്ട അമ്മേ. നിങ്ങളുടെ അനുഗ്രഹത്താൽ ഞാൻ ആനന്ദമായിരിയ്ക്കും.”

ദോ:

ബരഷ് ചാരിദസ് ബിപിന് ബസി കരി പിതു ബചന് പ്രമാന്,
ആഇ പായ് പുനി ദേഖിഹഉँ മനു ജനി കരസി മലാന്. (53)

“പിതാവിന്റെ ആദേശത്തെ പാലിച്ച് പതിന്നാലു വർഷത്തെ വനവാസത്തിന്നുശേഷം ഞാൻ തിരിച്ചുവന്ന് നിങ്ങളുടെ പാദങ്ങളെ വീണ്ടും കാണും. മനസ്സിൽ മ്ലാനതയൊന്നും വേണ്ട.” (53)

ചൗ:

ബചന് ബിനീത് മധുര് രഘുബര് കേ
സര് സമ് ലഗേ മാതു ഉര് കരകേ,
സഹമി സൂഖി സുനി സീതലി ബാനീ
ജിമി ജവാസ് പരേം പാവസ് പാനീ. 1

കഹി ന ജാഇ കഛു ഹൃദയ് ബിഷാദൂ
മനഹു്ँ മൃഗീ സുനി കേഹരി നാദൂ,
നയന് സജല് തന് ഥര് ഥര് കാँപീ
മാജഹി ഖാഇ മീന് ജനു മാപീ. 2

ധരി ധീരജു സുത് ബദനു നിഹാരീ
ഗദ്ഗദ് ബചന് കഹതി മഹതാരീ,
താത് പിതഹി തുംഹ് പ്രാന്പിആരേ
ദേഖി മുദിത് നിത് ചരിത് തുംഹാരേ. 3

രാജു ദേന് കഹു്ँ സുഭ് ദിന് സാധാ
കഹെഉ ജാന് ബന് കെഹിം അപരാധാ,
താത് സുനാവഹു മോഹി നിദാനൂ
കോ ദിനകര് കുല് ഭയഉ കൃസാനൂ. 4

രഘുവരന്റെ മധുരമായ വാക്കുകൾ അമ്മയുടെ ഹൃദയത്തെ ശരത്തെപ്പോലെ തറച്ചു. അവന്റെ ശീതളമായ വാക്കുകളെ കേട്ട് അവൾ മഴക്കാലത്തെ മഴയിൽ യവസപ്പുല്ല് കരുകുന്നതുപോലെ വിളർത്തു. സിംഹഗർജ്ജനം കേട്ട പെൺമാനിനെപ്പോലെ അവളുടെ ഹൃദയവേദന വർണ്ണനാതീതമായിരുന്നു. അവളുടെ കണ്ണുകൾ നിറഞ്ഞു. ആദ്യത്തെ മഴയിലുണ്ടാവുന്ന ചളിവെള്ളത്തിലെ നുരയെ കുടിച്ച് ലഹരി പിടിച്ച മീനിനെപ്പോലെ അവളുടെ ശരീരം കുലുങ്ങി. പിന്നെ സ്വയം ഉണർന്ന് തന്റെ മകന്റെ മുഖത്ത് നോക്കിക്കൊണ്ട് ആ അമ്മ ഗദ്ഗദസ്വരത്തിൽ

പറഞ്ഞു: "എന്റെ കുട്ടാ, നീ നിന്റെ പിതാവിന്ന് ജീവനെപ്പോലെ പ്രിയനാണ്. ദിനംപ്രതി നിന്റെ ലീലകളെ കാണുന്നത് അദ്ദേഹത്തിന്ന് ആനന്ദകരമാണ്. അദ്ദേഹം നിന്നെ യുവരാജാവാക്കാൻ ഒരു ശുഭദിനം കുറിച്ചിരുന്നു. പിന്നെ എന്തു കുറ്റത്തിനാണ് അദ്ദേഹം നിന്നെ വനവാസത്തിന്നയയ്ക്കുന്നത്? ഓമനേ, അതിന്റെ കാരണം പറയൂ. ആരാണ് സൂര്യവംശത്തിനെ ചുട്ടെരിയിയ്ക്കുന്ന തീയായിത്തീർന്നിരിയ്ക്കുന്നത്?

ദോ:

നിരഖി രാമ് രുഖ് സചിവ്സുത് കാരനു കഹെഉ ബുഝാഇ,
സുനിപ്രസംഗു രഹി മൂക്ജിമി ദസാ ബരനി നഹിം ജാഇ. (54)

ശ്രീരാമന്റെ കണ്ണുകളിൽ അവന്റെ പരോക്ഷമായ അനുവാദത്തെ മനസ്സിലാക്കി (അവന്റെ കൂടെ വന്നിരുന്ന) സുമന്ത്രന്റെ പുത്രൻ കാരണത്തെ വിവരിച്ചു പറഞ്ഞു. ആ പ്രസംഗം കേട്ട് അവൾ വർണ്ണിയ്ക്കാനാവാത്തവിധം മൂകയായി സ്തംഭിച്ചു നിന്നു. (54)

ചൗ:

രാഖി ന സകഇ ന കഹി സക് ജാഹൂ
ദുഹൂँ ഭാँതി ഉര് ദാരുന് ദാഹൂ,
ലിഖിത് സുധാകര് ഗാ ലിഖി രാഹൂ
ബിധി ഗതി ബാമ് സദാ സബ് കാഹൂ. 1

ധരമ് സനേഹ് ഉഭയँ മതി ഘേരീ
ഭഇ ഗതി സാँപ് ഛുഛുംദരി കേരീ,
രാഖഉം സതഹി കരഉം അനുരോധൂ
ധരമ് ജാഇ അരു ബന്ധു ബിരോധൂ. 2

കഹഉँ ജാന് ബന് തൗ ബഡി ഹാനീ
സംകട് സോച് ബിബസ് ഭഇ രാനീ,
ബഹുരി സമുഝി തിയ് ധരമു സയാനീ
രാമു ഭരതു ദൊഉ സുത് സമ് ജാനീ. 3

സരല് സുഭാഉ രാമ് മഹതാരീ
ബോലീ ബചന് ധീര് ധരി ഭാരീ,
താത് ജാഉ ബലി കീൻഹെഹു നീകാ
പിതു ആയസു സബ് ധരമക് ടീകാ. 4

അവൾക്ക് തന്റെ മകനെ പിടിച്ചു നിർത്താനോ, 'പൊയ്ക്കോളു' എന്നു പറയാനോ കഴിഞ്ഞില്ല. രണ്ടു വിധത്തിലും അവൾ മനസ്സിൽ കഠിനമായ വേദനയനുഭവിച്ചു. 'ചന്ദ്രൻ' എന്നെഴുതാൻ ഭാവിച്ച് പേനയുടെ വഴുതൽ കാരണം 'രാഹു' എന്ന് എഴുതിയ പോലെയായി എന്നവൾ സ്വയം പറഞ്ഞു. വിധിയുടെ ഗതി എപ്പോഴും എല്ലാവർക്കും വിപരീതമായി പരിണമിയ്ക്കുന്നു. എന്നവൾ തീരുമാനിച്ചു. അവളുടെ വിവേചനബുദ്ധി ഒരുപുറത്ത് തന്റെ കർത്തവ്യബോധത്താലും മറുപുറത്ത് തന്റെ സ്നേഹ ത്താലും ഉലഞ്ഞുകൊണ്ടിരുന്നു. കസ്തൂരിയെലിയെ പിടിച്ച പാമ്പിനെ പ്പോലെ* അവൾ ആകപ്പാടെ ധർമ്മസങ്കടത്തിലായിരുന്നു. 'ഞാൻ അവനെ പോകാതെ തടുത്തു നിർത്തിയാൽ അത് ധർമ്മവിരോധവും ഭ്രാതാക്കൾക്കിടയിൽ വിരോധത്തിന്ന് കാരണവുമാകും. അവനെ കാട്ടിലേയ്ക്കു പോകാനനുവദിച്ചാൽ അത് വലിയ ഹാനിയുമായിരിയ്ക്കും.' ഈവിധം റാണി തന്നെ ധർമ്മസങ്കടത്തിൽപ്പെട്ടു കണ്ട് ശോകാകുല യായി. വീണ്ടും ഒരു സ്ത്രീയുടെ കടമയെ മനസ്സിലാക്കിക്കൊണ്ട്, പിന്നെ രാമനും ഭരതനും ഒരുപോലെ തന്റെ പുത്രന്മാരാണെന്ന് ഓർത്തുകൊണ്ട് സമർത്ഥയും സരളസ്വഭാവിയുമായ കൗസല്യ ധീരതയോടെ ഈവിധം പറഞ്ഞു: "കുഞ്ഞേ, ഞാനാണയായി പറയുന്നു, നീ ചെയ്തത് ഉത്തമ മാണ്. എല്ലാ ധർമ്മങ്ങളിലും വെച്ച് തന്റെ പിതാവിന്റെ ആജ്ഞയാണ് ഏറ്റവും പുനീതമായത്."

---

*നമ്മുടെ നാട്ടിൽ സാധാരണ വിശ്വസിച്ചുവരുന്നത് - പാമ്പ് സാധാരണ എലിയാണെന്നു തെറ്റിദ്ധരിച്ച് കസ്തൂരി എലിയെ പിടിച്ചശേഷം സത്യസ്ഥിതി മനസ്സിലായാൽ പാമ്പിന്ന് അതിനെ വിഴുങ്ങാനും വയ്യാ, പുറത്തു തള്ളാനും വയ്യാ. വിഴുങ്ങിയാൽ അത് ചാവും. പുറത്തു തള്ളിയാൽ അത് കുരുടാവും.

ദോ:

രാജു ദേന് കഹി ദീൻഹ് ബനു മോഹി ന സോ ദുഖ് ലേസു,
തുംഹ് ബിനു ഭരത്ഹി ഭൂപതിഹി പ്രജഹി പ്രചണ്ഡ് കലേസു. (55)

"അയോദ്ധ്യാരാജ്യത്തെ നിനക്കു തരാമെന്ന് പറഞ്ഞ് നിന്റെ അച്ഛൻ ഇപ്പോൾ നിന്നെ വനവാസത്തിന്നയയ്ക്കുന്നുവെന്നതിനാൽ എനിയ്ക്ക് ഒരു ദു:ഖവുമില്ല. പക്ഷേ നീ ഇല്ലാതെ അത് ഭരതന്നും, രാജാവിന്നും, പ്രജകൾക്കും കടുത്ത ക്ലേശത്തെ കൊടുക്കും." (55)

ചൗ:

ജൗം കേവല് പിതു ആയസു താതാ
തൗ ജനി ജാഹു ജാനി ബഡി മാതാ,
ജൗം പിതു മാതു കഹെഉ ബന് ജാനാ
തൗ കാനന് സത് അവധ് സമാനാ. 1

പിതു ബനദേവ് മാതു ബനദേവീ
ഖഗ് മൃഗ് ചരന് സരോരുഹ് സേവീ,
അംതഹുँ ഉചിത് നൃപഹി ബനബാസൂ
ബയ് ബിലോകി ഹിയँ ഹോഇ ഹരाँസൂ. 2

ബഡ്ഭാഗീ ബനു അവധ് അഭാഗീ
ജോ രഘുബംസ് തിലക് തുംഹ് ത്യാഗീ,
ജൗം സുത് കഹൗം സംഗ് മൊഹി ലേഹൂ
തുംഹരേ ഹൃദയँ ഹോഇ സന്ദേഹൂ. 3

പൂത് പരമ് പ്രിയ് തുംഹ് സബ്ഹീ കേ
പ്രാന് പ്രാന് കേ ജീവന് ജീ കേ,
തേ തുംഹ് കഹഹു മാതു ബന് ജാഊँ
മൈം സുനി ബചന് ബൈഠി പഛിതാഊँ. 4

"അത് നിന്റെ പിതാവിന്റെ ആദേശം മാത്രമാണെങ്കിൽ എന്റെ കുട്ടാ, നീ പോകണ്ട. ഒരമ്മ അച്ഛനെക്കാളും മതിപ്പുള്ളവളാണെന്ന് ഓർക്കൂ. മറിച്ച് നിന്റെ പിതാവും മാതാവും രണ്ടുപേരും ചേർന്ന് കാട്ടിലേയ്ക്ക് പോകാൻ പറഞ്ഞിട്ടുണ്ടെങ്കിൽ, വനദേവന്മാർ നിന്റെ അച്ഛന്മാരായും, വനദേവികൾ

നിന്റെ അമ്മമാരായും, പക്ഷികളും മൃഗങ്ങളും നിന്റെ പാദകമലങ്ങളെ സേവിച്ചും കൊണ്ട്, കാട് നൂറ് അയോദ്ധ്യാനഗരിയ്ക്ക് സമമായിരിയ്ക്കും. എല്ലാവിധത്തിലും ഒരു രാജാവിന്ന് തന്റെ ജീവിതത്തിന്റെ അവസാന ഘട്ടത്തിൽ വനവാസം ഉചിതമാണ്. പക്ഷേ നിന്റെ ചെറുപ്പത്തെ ഓർത്ത് എന്റെ ഹൃദയം വേദനകൊണ്ട് നീറുന്നു. ഹേ രഘുവംശതിലകമേ, കാട് എത്ര ഭാഗ്യം ചെയ്തിട്ടുണ്ട്, നിന്നാൽ ത്യജിയ്ക്കപ്പെട്ട അയോദ്ധ്യ എത്ര ദുർഭാഗ്യവതിയാണ്! മകനേ, നീ എന്നേയും കൂടെ കൊണ്ടുപോകൂ എന്നു പറഞ്ഞാൽ നിന്റെ മനസ്സ് സംശയഗ്രസ്തമാകും. പുത്ര, നീ എല്ലാവർക്കും തന്നെ പരമപ്രിയനാണ്. നീ ഞങ്ങളുടെ ജീവന്റെ ജീവ നാണ്. ആത്മാവിന്റെ പ്രാണനാണ്. അതാണ് നീ പറയുന്നത് 'അമ്മേ, ഞാൻ കാട്ടിലേയ്ക്ക് പോകുന്നു' എന്ന്; ഞാനോ നീ പറഞ്ഞതു കേട്ട് ഇരുന്നിടത്ത് ഇരുന്നുകൊണ്ട് പശ്ചാത്തപിയ്ക്കുന്നു."

ദോ:

യഹ് ബിചാരി നഹിം കരഉँ ഹഠ് ഝൂഠ് സനേഹു ബഢാഇ,
മാനി മാതു കര് നാത് ബലി സുരതി ബിസരി ജനി ജാഇ. (56)

"ഇത് മനസ്സിലാക്കി എന്റെ മിഥ്യയായ സ്നേഹത്തെ വലുപ്പിച്ചുകൊണ്ട് ഞാൻ നിർബന്ധിയ്ക്കുന്നില്ല. എന്നെ ഒരു അമ്മയായി സ്മരിച്ചുകൊണ്ട്, നീ എന്നെ നിന്റെ മനസ്സിൽനിന്നും വഴുതിപ്പോകാൻ അനുവദിയ്ക്കരുതെന്നു മാത്രമാണെന്റെ പ്രാർത്ഥന." (56)

ചൗ:

ദേവ് പിതര് സബ് തുംഹഹി ഗോസാഈം
രാഖഹുँ പലക് നയന് കീ നാഈം,
അവധി അംബു പ്രിയ് പരിജന് മീനാ
തുംഹ് കരുനാകര് ധരമ് ധുരീനാ. 1

അസ് ബിചാരി സൊഇ കരഹു ഉപാഈ
സബഹി ജിഅത് ജെഹിം ഭേംടഹു ആഈ,
ജാഹു സുഖേന ബന്ഹി ബലി ജാഊँ
കരി അനാഥ് ജന് പരിജന് ഗാഊँ. 2

സബ് കര് ആജു സുകൃത് ഫല് ബീതാ
ഭയഉ കരാല് കാലു ബിപരീതാ,
ബഹുബിധി ബിലപി ചരന് ലപടാനീ
പരമ് അഭാഗിനി ആപുഹി ജാനീ. 3

ദാരുന് ദുസഹ് ദാഹു ഉര് ബ്യാപാ
ബരനി ന ജാഹിം ബിലാപ് കലാപാ,
രാമ് ഉഠാഇ മാതു ഉര് ലാഇഈ
കഹി മൃദു ബചന് ബഹുരി സമുഝാഇഈ. 4

“കണ്ണിമകൾ കണ്ണുകളെ കാക്കുന്നതുപോലെ. ഹേ ഭൂലോകനായക, എല്ലാ ദൈവങ്ങളും പിതൃക്കളും നിന്നെ കാത്തു രക്ഷിയ്ക്കട്ടെ. വനവാസാ വധി ജലത്തെപ്പോലെയും, നിന്റെ പ്രിയപരിജനങ്ങൾ അതിൽ വസിയ്ക്കുന്ന മീനുകളെപ്പോലെയുമാണ്. നീയോ, കരുണാകരനും, ധർമധുരന്ധരനു മാണ്. ഇതോർത്ത് നീ തിരിച്ചെത്തുമ്പോൾ ഞങ്ങളെല്ലാവരും ജീവനോടെ ഇരിയ്ക്കുന്നതു കാണുവാൻ ഏതെങ്കിലും ഉപായം കണ്ടെത്തൂ. നിന്റെ പരിജനങ്ങളേയും, കുടുംബത്തേയും, നഗരത്തെ മുഴുവനും തന്നെ അനാഥമാക്കിക്കൊണ്ട് നീ സുഖമായി കാട്ടിലേയ്ക്കു പോകുവാൻ ഞാനാണയിട്ടു പറയുന്നു. ഇന്ന് എല്ലാവരുടേയും സുകൃതം അവസാനിച്ചു. ഭയങ്കരമായ രൂപം പൂണ്ട് ഭാഗ്യത്തിന്റെ ദിശ ഇന്ന് ഞങ്ങൾക്കെതിരായിരിയ്ക്കുന്നു.” ഈവിധം വിലപിച്ചുകൊണ്ട് കൗസല്യ തന്നെ ഏറ്റവും ഭാഗ്യഹീനയാണെന്ന് കണക്കാക്കി ശ്രീരാമന്റെ പാദങ്ങളെ മുറുകെ പിടിച്ചു. ദാരുണവും ദുസ്സഹവുമായ വേദന അവളുടെ ഹൃദയ ത്തിൽ വ്യാപിച്ചു. അവളുടെ വിലാപത്തിന്റെ മൂർച്ഛയെ വർണ്ണിപ്പാനാവില്ല. ശ്രീരാമൻ അവളെ തൂക്കിയെടുത്ത് തന്റെ മാറോടണച്ചു. പിന്നെ മൃദുവായ വാക്കുകൾ പറഞ്ഞ് അവളെ സമാധാനിപ്പിച്ചു.

ദോ:
സമാചാര് തെഹി സമയ് സുനി സീയ് ഉഠീ അകുലാഇ,
ജാഇ സാസു പദ് കമല് ജുഗ് ബന്ദി ബൈഠി സിരു നാഇ. (57)

വർത്തമാനമറിഞ്ഞ ഉടൻ തന്നെ സീത അത്യന്തം വ്യാകുലതയോടെ എഴുന്നേറ്റു. അവൾ തന്റെ ശ്വശുരിയുടെ അടുത്തു ചെന്ന് അവളുടെ പാദകമലങ്ങളിൽ തലവണങ്ങി വന്ദിച്ചുകൊണ്ട് നിലത്തിരുന്നു. (57)

ചൗ:

ദീൻഹി അസീസ് സാസു മൃദു ബാനീ
അതി സുകുമാരി ദേഖി അകുലാനീ,
ബൈഠി നമിത്മുഖ് സോചതി സീതാ
രൂപ് രാസി പതി പ്രേമ് പുനീതാ. 1

ചലന് ചഹത് ബന് ജീവന്നാഥു
കെഹി സുകൃതീ സന് ഹോഇഹി സാഥു,
കീ തനു പ്രാന് കി കേവല് പ്രാനാ
ബിധി കരതബു കഛു ജാഇ ന ജാനാ. 2

ചാരു ചരന് നഖ് ലേഖതി ധരനീ
നൂപുര് മുഖര് മധുര് കബി ബരനീ,
മനഹു് പ്രേമ് ബസ് ബിനതീ കരഹീം
ഹമ്ഹി സീയ് പദ് ജനി പരിഹരഹീം. 3

മംജു ബിലോചന് മോചതി ബാരീ
ബോലീ ദേഖി രാമ് മഹതാരീ,
താത് സുനഹു സിയ് അതി സുകുമാരീ
സാസു സസുര് പരിജന്ഹി പിആരീ. 4

ശ്വശുരി അവളെ മൃദുവായ വാക്കുകൾ പറഞ്ഞ് അനുഗ്രഹിച്ചു; അവളുടെ അതികോമളമായ ശരീരത്തെ നോക്കിക്കൊണ്ട് വ്യാകുലപ്പെട്ടു. സൗന്ദര്യത്തിന്റെ തത്സ്വരൂപവും, തന്റെ പ്രഭുവിനോട് പുനീതമായ പ്രേമവും കൊണ്ടിരുന്ന സീത കുനിഞ്ഞ തലയോടെ, ഈവിധം ചിന്തിച്ചു: 'എന്റെ പ്രാണനാഥൻ കാട്ടിലേയ്ക്ക് പുറപ്പെട്ടുപോകും. അദ്ദേഹത്തിന്റെ കൂടെ പോകാനുള്ള ഭാഗ്യം ആർക്കാണെന്നുള്ളത് കണ്ടറിയണം. എന്റെ ശരീരവും പ്രാണനും ഒന്നിച്ചാണോ, അഥവാ പ്രാണൻ തനിച്ചാണോ എന്ന്. ദൈവം എന്താണ് വിധിച്ചിരിയ്ക്കുന്നതെന്ന് കുറച്ചുകൂടി മുൻകൂറായി

അറിയാനാവാത്തതാണ്." അവൾ തന്റെ മനോഹരമായ കാൽവിരൽ നഖങ്ങൾ കൊണ്ട് നിലത്ത് നെരുടിയപ്പോൾ അവളുടെ പാദസരങ്ങൾ മധുരമായി വാദ്യഘോഷം ചെയ്തു. അത്, കവികളുടെ വർണ്ണനയിൽ, സീതയുടെ പാദങ്ങൾ അവയെ ഒരിയ്ക്കലും ത്യജിയ്ക്കരുത് എന്ന് സ്നേഹ ത്തോടെ പ്രാർത്ഥിയ്ക്കുന്നപോലെയിരുന്നു. അവളുടെ മനോഹരമായ കണ്ണുകൾ കണ്ണീർ വടിയ്ക്കുന്നതു കണ്ട് ശ്രീരാമന്റെ അമ്മ മൗനത്തെ കലച്ചു. "എന്റെ കുട്ട, കേൾക്കൂ, സീത അത്യന്തം കോമളമായവളും അവളുടെ ശ്വശുരന്റേയും, ശ്വശുരിമാരുടേയും, കാടുംബത്തിൽ എല്ലാവരു ടേയും കണ്ണിലുണ്ണിയുമാണ്."

ദോ:

പിതാ ജനക് ഭൂപാല് മണി സസുര് ഭാനുകുല് ഭാനു,
പതി രഘുകുല് കൈരവ് ബിപിന് ബിധു ഗുന് രൂപ് നിധാനു. (58)

"അവളുടെ അച്ഛൻ രാജാക്കന്മാർക്കിടയിൽ രത്നമാണ്. ശ്വശുരൻ സൂര്യ വംശത്തിന്റെ സൂര്യനാണ്. അവളുടെ പതിയോ (നീ), രഘുകുലമാകുന്ന ആമ്പൽപ്പൂക്കൾക്ക് പൂർണ്ണചന്ദ്രനും, ഗുണങ്ങളുടേയും സൗന്ദര്യ® ന്റേയും ഭണ്ഡാരവുമാണ്." (58)

ചൗ:

മൈം പുനി പുത്രബധൂ പ്രിയ് പാഈ
രൂപ് രാസി ഗുന് സീല് സുഹാഈ,
നയന് പുതരി കരി പ്രീതി ബഢാഈ
രാഖെഉँ പ്രാന് ജാനകിഹിം ലാഈ. 1

കൽപ്ബേലി ജിമി ബഹുബിധി ലാലീ
സീംചി സനേഹ് സലില് പ്രതിപാലീ,
ഫൂലത് ഫലത് ഭയഉ ബിധി ബാമാ
ജാനി ന ജാഇ കാഹ് പരിനാമാ. 2

പലँഗ് പീഠ് തജി ഗോദ് ഹിംഡോരാ
സിയँ ന ദീൻഹ് പഗു അവനി കഠോരാ,

ജിഅന്മൂരി ജിമി ജൊഗവത് രഹഉ്ँ
ദീപ് ബാതി നഹിം ടാരന് കഹഉ്ँ. 3

സൊഇ സിയ് ചലന് ചഹതി ബന് സാഥാ
ആയസു കാഹ് ഹോഇ രഘുനാഥാ,
ചന്ദ് കിരന് രസ് രസിക് ചകോരീ
രബി രുഖ് നയന് സകഇ കിമി ജോരീ. 4

"പിന്നെ ഞാൻ അവളിൽ സ്നേഹം നിറഞ്ഞ, ഗുണസമ്പന്നയും, ശീലസമ്പന്നയും, സൗന്ദര്യം രൂപമെടുത്തപോലേയുമുള്ള പുത്രവധു വിനെ കാണന്നുണ്ട്. അവളെ ഞാൻ എന്റെ കണ്ണിലുണ്ണിയായിട്ടാണ് നോക്കുന്നത്. എന്റെ ജീവൻ തന്നെ ജാനകിയെ ചുറ്റിയാണിരിയ്ക്കുന്നത്. അത്രത്തോളം അവളെ ഞാൻ അത്യധികം സ്നേഹിയ്ക്കുന്നു. അവളെ ഞാൻ ദേവലോകത്തിലെ വള്ളിയെപ്പോലെ, സ്നേഹമെന്ന വെള്ളമൊഴിച്ചാണ് വളർത്തുന്നത്. ആ വള്ളി പൂത്ത് കായിടാൻ തുടങ്ങുമ്പോഴാണ് ദൈവം എനിയ്ക്കെതിരായി തിരിഞ്ഞിരിയ്ക്കുന്നത്. ഇതിന്റെയെല്ലാം പരിണാമം എന്തായിരിയ്ക്കുമെന്ന് ആർക്കറിയാം? മെത്തയിലും, പീഠത്തിലും, ഊഞ്ഞാലിലും, എന്റെ മടിയിലും ഇരുന്നു വളർന്ന അവൾ കഠിനമായ നിലത്ത് കാലു കുത്തിയിട്ടില്ല. അവളെ ഞാൻ സഞ്ജീവനി വള്ളിയെപ്പോലെയാണ് ശുശ്രൂഷിയ്ക്കുന്നത്. അവളെ വിളക്കിന്റെ തിരിയെ ഇളക്കാൻ കൂടി അനവദിയ്ക്കുന്നില്ല. ഹേ രഘുനാഥ, ആ സീത കാട്ടിലേയ്ക്ക് നിന്നെ അനുഗമിയ്ക്കുവാൻ നിന്റെ ആദേശത്തെ കാത്തിരിയ്ക്കുന്നു. ചന്ദ്രികയിലെ അമൃതത്തെ ഭക്ഷിയ്ക്കുവാൻ ഇഷ്ടപ്പെടുന്ന പെൺ ചകോരപ്പക്ഷിയ്ക്ക് സൂര്യനെ എങ്ങനെ ഉറ്റുനോക്കുവാൻ കഴിയും?"

ദോ:

കരി കേഹരി നിസിചര് ചരഹിം ദുഷ്ട ജന്തു ബന് ഭൂരി,
ബിഷ് ബാടികാ്ँ കി സോഹ് സുത് സുഭഗ് സജീവനി മൂരി. (59)

"കൂട്ടം കൂട്ടമായി കാട്ടാനകളും, സിംഹങ്ങളും, രാക്ഷസന്മാരും, മറ്റു ദുഷ്ടജന്തുക്കളും കാട്ടിൽ ച്യറ്റിത്തിരിയിന്നു. മനോഹരമായ സംജീവനി വള്ളി വിഷവാടികയിൽ വളരാനാകുമോ, കുട്ടാ? (59)

ചൗ:

ബന് ഹിത് കോല് കിരാത് കിസോരീ
രചീം ബിരഞ്ചി ബിഷയ് സുഖ് ഭോരീ,
പാഹന് കൃമി ജിമി കഠിന് സുഭാഊ
തിൻഹഹി കലേസു ന കാനന് കാഊ. 1

കൈ താപസ് തിയ് കാനന് ജോഗൂ
ജിൻഹ് തപ് ഹേതു തജാ സബ് ഭോഗൂ,
സിയ് ബന് ബസിഹി താത് കെഹി ഭാँതീ
ചിത്രലിഖിത് കപി ദേഖി ഡെരാതീ. 2

സുരസര് സുഭഗ് ബനജ് ബന് ചാരീ
ഡാബര് ജോഗു കി ഹംസകുമാരീ,
അസ് ബിചാരി ജസ് ആയസു ഹോഇഊ
മൈം സിഖ് ദേഉँ ജാനകിഹി സോഇഊ. 3

ജൗം സിയ് ഭവന് രഹൈ കഹ് അംബാ
മൊഹി കഹँ ഹോഇ ബഹുത് അവലംബാ,
സുനി രഘുബീര് മാതു പ്രിയ് ബാനീ
സീല് സനേഹ് സുധാँ ജനു സാനീ. 4

“കാട്ടിൽ താമസിയ്ക്കുവാൻ വിഷയസുഖങ്ങളിൽ ഇച്ഛയില്ലാത്ത കോലന്മാരുടേയും കിരാതന്മാരുടേയും പെൺകുട്ടികളെ ദൈവം സൃഷ്ടിച്ചിട്ടുണ്ട്. പാറക്കല്ലുകളിൽ ജീവിയ്ക്കുന്ന പ്രാണികളെപ്പോലെ പ്രകൃത്യാ തന്നെ കഠിനസ്വഭാവികളായ അവർ കാടുകളിൽ യാതൊരു ക്ലേശത്തേയും അനുഭവിയ്ക്കുന്നില്ല. പിന്നെ തപസ്സു ചെയ്യാനായി എല്ലാ ഭോഗസുഖങ്ങളേയും ത്യജിച്ച താപസസ്ത്രീകളും കാട്ടിൽ താമസിയ്ക്കാൻ പറ്റിയവരാണ്. പക്ഷേ, ഒരു കുരങ്ങിനെ ചിത്രത്തിൽ കണ്ടാൽ കൂടി ഭയപ്പെടുന്ന സീത കാട്ടിൽ എങ്ങനെ കഴിഞ്ഞുകൂടും, മകനേ? മാനസസരസ്സിലെ താമരക്കുട്ടങ്ങൾക്കിടയിൽ വസിയ്ക്കുന്ന പെൺ അരയന്നത്തിന്ന് ചളിക്കുണ്ടിൽ വസിയ്ക്കാൻ പറ്റുമോ? ഇതെല്ലാം ആലോചിച്ചുനോക്കൂ. പിന്നെ നിന്റെ ആദേശപ്രകാരം ഞാൻ ജാനകിയെ ഉപദേശിയ്ക്കാം. അവൾ വീട്ടിൽ

താമസിയ്ക്കുന്നതായാൽ എനിയ്ക്കത് വലിയൊരു താങ്ങായിരിയ്ക്കും." എന്ന് അമ്മ പറഞ്ഞു. ആർദ്രതയും ഓമനത്വവും നിറഞ്ഞ അമൃതംപോലുള്ള തന്റെ അമ്മയുടെ ഈ പ്രിയമായ വാക്കുകളെ കേട്ട ശ്രീരാമൻ.....

ദോ:

കഹി പ്രിയ ബചന് ബിബേകമയ് കീൻഹി മാതു പരിതോഷ്,
ലഗേ പ്രബോധന് ജാനകിഹി പ്രഗടി ബിപിന് ഗുന് ദോഷ്. (60)

.....അവളെ പ്രിയവും വിവേകമയവുമായ വാക്കുകൾ പറഞ്ഞ് സമാധാനിപ്പിച്ചു. പിന്നെ അവൻ വനവാസത്തിന്റെ ഗുണദോഷങ്ങളെ എടുത്തു പറഞ്ഞ് ജാനകിയെ ഉപദേശിയ്ക്കാൻ തുടങ്ങി. (60)

ചൗ:

മാതു സമീപ് കഹത് സകുചാഹീം
ബോലേ സമഉ സമുഝി മന് മാഹീം,
രാജകുമാരി സിഖാവനു സുനഹൂ
ആന് ഭാँതി ജിയം ജനി കഛു ഗുനഹൂ. 1

ആപന് മോര് നീക് ജൗം ചഹഹൂ
ബചനു ഹമാര് മാനി ഗൃഹ് രഹഹൂ,
ആയസു മോര് സാസു സെവകാഈ
സബ് ബിധി ഭാമിനി ഭവന് ഭലാഈ. 2

എഹി തേ അധിക് ധരമു നഹിം ദൂജാ
സാദര് സാസു സസുര് പദ് പൂജാ,
ജബ് ജബ് മാതു കരിഹി സുധി മോരീ
ഹോഇഹി പ്രേമ് ബികല് മതി ഭോരീ. 3

തബ് തബ് തുംഹ് കഹി കഥാ പുരാനീ
സുന്ദരി സമുഝാഎഹു മൃദു ബാനീ,
കഹഉँ സുഭായँ സപഥ് സത് മോഹീ
സുമുഖി മാതു ഹിത് രാഖഉँ തോഹീ. 4

അവൻ തന്റെ അമ്മയുടെ മുമ്പിൽ അവളോട് സംസാരിയ്ക്കുവാൻ മടിച്ചുവെങ്കിലും, സംഗതിയുടെ ഗുരുത്വം മനസ്സിലാക്കി അവൻ അവളോട് പറഞ്ഞു: "ഹേ രാജകുമാരി, എന്റെ ഉപദേശം കേൾക്കൂ: എന്നിട്ട് എന്നെ തെറ്റായി ധരിയ്ക്കരുത്. എന്റേയും നിന്റേയും കുശലം നീ ഇച്ഛിയ്ക്കുന്നു വെങ്കിൽ, എന്റെ പ്രസ്താവം എറ്റ് നീ വീട്ടിൽ താമസിയ്ക്കൂ. വീട്ടിൽ താമസിച്ചുകൊണ്ട് നീ എന്റെ ആദേശം അനുസരിയ്ക്കുകയും നിന്റെ ശ്വശുരിയ്ക്ക് ശുശ്രൂഷ ചെയ്യുകയും ചെയ്യാം. ഹേ ഭാമിനി, ഇങ്ങനെ എല്ലാവിധത്തിലും നീ വീട്ടിലിരിയ്ക്കുന്നത് നല്ലതായിരിയ്ക്കും. ഒരു സ്ത്രീയ്ക്ക് തന്റെ പതിയുടെ മാതാപിതാക്കളുടെ പാദങ്ങളെ സേവയ്ക്കുന്നതിലും മേലായ പുണ്യമായ ധർമ്മം വേറില്ല. പ്രിയേ, എപ്പോഴെല്ലാം എന്റെ അമ്മ എന്നെപ്പറ്റി ചിന്തിച്ച്, എന്മേലുള്ള സ്നേഹം കാരണം മനസ്സ് വ്യാകുലപ്പെടുന്നുവോ, അപ്പോഴെല്ലാം നീ മൃദുവായ വാക്കുകളാൽ പുരാണകഥകൾ പറഞ്ഞ് അവളെ സമാധാനിപ്പിയ്ക്കണം. ഞാൻ യഥാർത്ഥ മായും ആണയിട്ടുകൊണ്ട് പറയുന്നു, ഹേ സുന്ദരി, എന്റെ അമ്മയ്ക്കു വേണ്ടിയാണ് ഞാൻ നിന്നെ ഇവിടെ വിട്ടുപോകുന്നത്."

ദോ:

ഗുര് ശ്രുതി സംമത് ധരമ് ഫലു പാഇഅ ബിനഹിം കലേസ്,
ഹഠ് ബസ് സബ് സങ്കട് സഹേ ഗാലവ് നഹുഷ് നരേസ്. (61)

"(എന്റെ ഇഷ്ടപ്രകാരം വീട്ടിൽ താമസിച്ചുകൊണ്ട്) നിനക്ക് യാതൊരു ക്ലേശവും കൂടാതെ മഹാന്മാരാലും വേദങ്ങളാലും സമ്മതിയ്ക്കപ്പെട്ട ധർമ്മ ത്തിന്റെ ഫലം ലഭിയ്ക്കും. അല്ലാതെ ചിത്തകാഠിന്യത്തിന്ന് വശപ്പെട്ടാൽ ഗാവലമുനി*, നഹുഷരാജാവ്** മുതലാവരെപ്പോലെ വലിയ കഷ്ടങ്ങളനു ഭവിയ്ക്കേണ്ടി വരും." (61)

---

*ഗാലവൻ വിശ്വാമിത്രമുനിയുടെ ശിഷ്യനായിരുന്നു. പഠനത്തിന്നു ശേഷം ഗാലവൻ ഗുരുവിനോട് ഗുരുദക്ഷിണയായി എന്തെങ്കിലും ചോദിയ്ക്കാൻ പറഞ്ഞു. മുനി ഒന്നും വേണ്ടെന്ന് പറഞ്ഞു. പക്ഷേ ഗാവലൻ വീണ്ടും വീണ്ടും നിർബന്ധിച്ചപ്പോൾ വിശ്വാമിത്രൻ അവനോട് കറുത്ത ചെവികളുള്ള ആയിരം വെള്ളക്കുതിരകളെ ആവശ്യപ്പെട്ടു. ഈവിധത്തിലുള്ള കുതിരകളെ കിട്ടാൻ ഗാലവന്ന് വളരെ കഷ്ടപ്പെടേണ്ടിവന്നു.

**ദേവേന്ദ്രന്ന് ബ്രഹ്മഹത്യ ദോഷത്താൽ സ്ഥാനം ഒഴിയേണ്ടിവന്നപ്പോൾ നഹുഷരാജാവ് ആ സ്ഥാനത്തിൽ നിയമിതനായി. ഒരിയ്ക്കൽ അദ്ദേഹം ദേവേന്ദ്രന്റെ പത്നിയായ ശചിയെ കണ്ട് മോഹിതനായി അവളെ

സമീപിച്ചു. ശചി ബൃഹസ്പതിയോട് കാര്യം പറഞ്ഞു. ബൃഹസ്പതി നഹുഷനെ പിന്തിരിപ്പിയ്ക്കാൻ ശ്രമിച്ചു. അത് വിഫലമായപ്പോൾ അദ്ദേഹം ശചിയ്ക്ക് ഒരുപായം പറഞ്ഞുകൊടുത്തു. നഹുഷനോട് സപ്തഋഷികളെക്കൊണ്ട് ചുമക്കപ്പെട്ട പാലികയിൽ വന്ന് തന്നെ സമീപിച്ചാൽ സമ്മതിയ്ക്കാമെന്ന് പറയുവാൻ പറഞ്ഞു. അവളും നഹുഷനെ ആവിധം അറിയിച്ചു. കാമാന്ധനായ നഹുഷൻ സപ്തഋഷി കളെക്കൊണ്ട് പാലികയെ ചുമപ്പിച്ച് പോകുമ്പോൾ ക്ഷീണം കാരണം പതുക്കെ നടന്ന ഋഷികളോട് വേഗം നടക്കൂ ('സർപ്പ, സർപ്പ') എന്നു പറഞ്ഞ് അഗസ്ത്യമുനിയെ ചവിട്ടി. കോപിഷ്ഠനായ മുനി അവനെ 'സർപ്പമായിപ്പോകൂ' എന്ന് ശപിച്ചു. നഹുഷൻ സർപ്പമായി താഴെ വീണു.

ചൗ:

മൈം പുനി കരി പ്രവാന് പിതു ബാനീ
ബേഗി ഫിരബ് സുനു സുമുഖി സയാനീ,
ദിവസ് ജാത് നഹിം ലാഗിഹി ബാരാ
സുന്ദരി സിഖവനു സുനഹു ഹമാരാ. 1

ജൗം ഹഠ് കരഹു പ്രേമ് ബസ് ബാമാ
തൗ തുംഹ് ദുഖു പാഉബ് പരിനാമാ,
കാനനു കഠിന് ഭയങ്കരു ഭാരീ
ഘോര് ഘാമു ഹിമ് ബാരി ബയാരീ. 2

കുസ് കണ്ടക് മഗ് കാँകര് നാനാ
ചലബ് പയാദെഹി ബിനു പദ്ത്രാനാ,
ചരന് കമല് മൃദു മംജു തുംഹാരേ
മാരഗ് അഗമ് ഭൂമിധര് ഭാരേ. 3

കന്ദര് ഖോഹ് നദീം നദ് നാരേ
അഗമ് അഗാധ് ന ജാഹിം നിഹാരേ,
ഭാലു ബാഘ് ബൃക് കേഹരി നാഗാ
കരഹിം നാദ് സുനി ധീരജു ഭാഗാ. 4

“ഹേ സുമുഖി, സമർഥേ, എന്നെ സംബന്ധിച്ചിടത്തോളം, ഞാൻ എന്റേ പിതാവിന്റെ വാക്കിനെ പാലിച്ച് ഉടനതന്നെ തിരിച്ചെത്തും. ദിവസങ്ങൾ പറന്നുപോകും. അതിനാൽ ഹേ സുന്ദരി, എന്റെ ഉപദേശത്തെ അനുസരിയ്ക്കൂ. മറിച്ച് എന്മേലുള്ള പ്രേമം കാരണം നീ നിന്റെ നിശ്ചയ

ത്തിൽ ഉറച്ചു നില്ക്കുന്നതായാൽ കാലക്രമത്തിൽ വ്യസനിയ്ക്കാനിടയാകും. ഘോരമായ ചൂടും, തണുപ്പും, മഴയും, കൊടുങ്കാറ്റുമുള്ള കാട് കഠിനവും അതിഭയങ്കരവുമാണ്. വഴികൾ കൂർത്ത പുല്ലുകളെക്കൊണ്ടും മുള്ളുകളെക്കൊണ്ടും പലവിധത്തിലുള്ള കല്ലുകളെക്കൊണ്ടും നിറഞ്ഞതാണ്. പാദരക്ഷയില്ലാതെ അവയിൽക്കൂടി നടക്കേണ്ടിവരും. താമരപ്പൂപോലുള്ള നിന്റെ പാദങ്ങൾ മൃദുവും മനോഹരവുമാണ്. വഴികളോ നടക്കാൻ കഷ്ടമുള്ളതും, വലിയ പർവതങ്ങളും, ഗുഹകളും, താഴ്വരകളും, അരുവികളും, പുഴകളും, തോടുകളും കൊണ്ട് നിറഞ്ഞതുമാണ്. അവ ദുർഗ്ഗമങ്ങളും, അത്യഗാധവും, കാണാൻ ഭയങ്കരവുമാണ്. കരടികളും, പുലികളും, ചെന്നായകളും, സിംഹങ്ങളും, ആനകളും ഉണ്ടാക്കുന്ന ശബ്ദം ധീരന്മാരുടെ മനസ്സിനെപ്പോലും ഇളക്കിമറിയ്ക്കും."

ദോ:

ഭൂമി സയന് ബല്കല് ബസന് അസനു കന്ദ് ഫല് മൂല്,
തേ കി സദാ സബ് ദിന് മിലഹിം സബുഇ സമയ് അനുകൂല്. (62)

"നിലത്ത് കിടന്നുറങ്ങണം. മരവുരിയുടുക്കണം. കന്ദമൂലഫലങ്ങൾ ഭക്ഷിയ്ക്കണം; അതും അതാതു കാലത്ത് ലഭിയ്ക്കുന്നവ മാത്രം." (62)

ചൗ:

നര് അഹാര് രജനീചര് ചരഹീം
കപട് ബേഷ് ബിധി കോടിക് കരഹീം,
ലാഗഇ അതി പഹാര് കര് പാനീ
ബിപിന് ബിപതി നഹി ജാഇ ബഖാനീ. 1

ബ്യാല് കരാല് ബിഹഗ് ബന് ഘോരാ
നിസിചര് നികര് നാരി നര് ചോരാ,
ഡര്പഹിം ധീര് ഗഹന് സുധി ആഏँ
മൃഗലോചനി തുംഹ് ഭീരു സുഭാഏँ. 2

ഹംസഗവനി തുംഹ് നഹി ബന് ജോഗൂ
സുനി അപജസു മൊഹി ദേഇഹി ലോഗൂ,
മാനസ് സലില് സുധാँ പ്രതിപാലീ
ജിഅഇ കി ലവന് പയോധി മരാലീ. 3

നവ് രസാല് ബന് ബിഹരന്സീലാ
സോഹ് കി കോകില് ബിപിന് കരീലാ,
രഹഹു ഭവന് അസ് ഹൃദയ് ബിചാരീ
ചന്ദ്ബദനി ദുഖു കാനന് ഭാരീ. 4

“മനുഷ്യരെ തിന്നുന്ന രാക്ഷസന്മാർ കാട്ടിൽ ചുറ്റിത്തിരിഞ്ഞു കൊണ്ടിരിയ്ക്കും. അവർ പലവിധം കപടരൂപംപൂണ്ട് വരും. മലപ്പുറത്തിലെ വെള്ളം അത്യന്തം അനാരോഗ്യകരമാണ്. കാട്ടിലെ വിപത്തുകൾ വർണ്ണിയ്ക്കാനാവാത്തവയാണ്. അവിടെ ഭയങ്കര സർപ്പങ്ങളും കാട്ടുപക്ഷി കളും, പുരുഷന്മാരേയും സ്ത്രീകളേയും കട്ടുകൊണ്ടുപോകുന്ന അസംഖ്യം രാക്ഷസന്മാരുമുണ്ട്. ആതിധൈര്യശാലി കൂടി വനത്തെപ്പറ്റി ചിന്തിയ്ക്കു മ്പോൾ ഭയന്നുവിറയ്ക്കുന്നു. ഹേ മൃഗനയനി, നീയോ പ്രകൃത്യാ തന്നെ എത്രയും ഭീരുവാണ്. ഹേ സുന്ദരി, നീ കാട്ടിന്ന് യോജിച്ചവളല്ല. ഞാൻ നിന്നെ കാട്ടിലേയ്ക്ക് കൊണ്ടുപോകുന്നുവെന്ന് കേട്ടാൽ ലോകം എനിയ്ക്ക് ദുഷ്പേരിനെ തരും. മധുരമായ മാനസസരസ്സിലെ വെള്ളത്തിൽ വളർന്ന പെൺഹംസത്തിന്ന് ഉപ്പുവെള്ളമുള്ള സമുദ്രത്തിൽ വസിയ്ക്കാനാകുമോ? മാന്തോപ്പിൽ ഉല്ലാസത്തോടെയിരിയ്ക്കുന്ന കുയിലിന്ന് ഭയങ്കരമായ കുറ്റി ക്കാട്ടിൽ വസിയ്ക്കാനാവുമോ? ഈവിധം നിന്റെ മനസ്സിൽ ചിന്തിച്ച് നീ വീട്ടിൽ താമസിയ്ക്കൂ. ഹേ ചന്ദ്രമുഖി, കാട്ടിലെ കഷ്ടങ്ങൾ വലുതാണ്.”

ദോ:

സഹജ് സുഹൃദ് ഗുരു സ്വാമി സിഖ് ജോ ന കരഇ സിര് മാനി,
സോ പഛിതാഇ അഘാഇ ഉര് അവസി ഹോഇ ഹിത് ഹാനി. (63)

“ഏതൊരുവൻ ഒരു ഉത്തമ സുഹൃത്തിന്റേയും, ഗുരുവിന്റേയും, സ്വാമിയുടേയും ഉപദേശത്തെ ആദരവോടെ മാനിയ്ക്കുന്നില്ലയോ, അവന്ന് മനസ്സിൽ പശ്ചാത്തപിയ്ക്കേണ്ടിവരുകയും, അവശ്യം ഹാനിയുണ്ടാവുകയും ചെയ്യും.” (63)

ചൗ:

സുനി മൃദു ബചന് മനോഹര് പിയ് കേ
ലോചന് ലലിത് ഭര് ജല് സിയ് കേ,

സീതല് സിഖ് ദാഹക് ഭഇ കൈസേം
ചകഇഹി സരദ് ചന്ദ് നിസി ജൈസേം. 1

ഉതരു ന ആവ് ബികല് ബൈദേഹീ
തജന് ചഹത് സുചി സ്വാമി സനേഹീ,
ബര്ബസ് രോകി ബിലോചന് ബാരീ
ധരി ധീരജ് ഉര് അവനികുമാരീ. 2

ലാഗി സാസു പഗ് കഹ് കര് ജോരീ
ഛമബി ദേബി ബഡി അബിനയ് മോരീ,
ദീൻഹി പ്രാന്പതി മൊഹി സിഖ സോഇ
ജെഹി ബിധി മോര് പരമ് ഹിത് ഹോഇ. 3

മൈം പുനി സമുഝി ദീഖി മന് മാഹീം
പിയ് ബിയോഗ് സമ് ദുഖു ജഗ് നാഹീം. 4

തന്റെ പ്രിയന്റെ മൃദുവും മനോഹരവുമായ ഈ വാക്കുകളെ കേട്ട് സീതയുടെ സുന്ദരമായ കണ്ണുകൾ നിറഞ്ഞു. ശരത്കാലത്തെ ചന്ദ്രൻ പെൺചക്രവാകപ്പക്ഷിയെ നീറ്റുന്നതുപോലെ ശ്രീരാമന്റെ ശീതളമായ ഉപദേശം അവളെ ദഹിപ്പിച്ചു. വൈദേഹിയ്ക്ക് മറുപടി പറയാൻ കഴിഞ്ഞില്ല. ശുദ്ധനും സ്നേഹമയനുമായ തന്റെ സ്വാമി തന്നെ വിട്ടുപോകുമെന്ന് വിചാരിച്ച് അവൾ ശോകഭരിതയായി. ഭൂമിപുത്രിയായ സീത കണ്ണീരിനെ തടഞ്ഞുനിർത്തിക്കൊണ്ട്, ധൈര്യമവലംബിച്ച് തന്റെ ശ്വശുരിയുടെ പാദങ്ങളിൽ വീണ്, കൈകൾ കൂപ്പിക്കൊണ്ട് പറഞ്ഞു: “ദേവി, എന്റെ വലിയ അവിനയത്തെ ക്ഷമിച്ചാലും. എന്റെ പ്രാണനാഥൻ എനിയ്ക്ക് ഹിതമായതു മാത്രമായ ഉപദേശമാണ് തന്നിരിയ്ക്കുന്നത്. പക്ഷേ ഞാൻ അതിനെ മനസ്സിൽ ചിന്തിച്ചു നോക്കിയശേഷം, തന്റെ പ്രിയനാഥനിൽ നിന്നും പിരിയ്ക്കപ്പെടുന്നതിലും വലിയ ദു:ഖം ഈ ലോകത്തിൽ വേറൊന്നുമില്ലെന്ന് മനസ്സിലാക്കി.”

ദോ

പ്രാനനാഥ് കരുനായതന് സുന്ദര് സുഖദ് സുജാന്,
തുംഹ് ബിനു രഘുകുല് കുമുദ് ബിധു സുരപുര് നരക് സമാന്. 64)

"കരുണാനിധിയും, സുന്ദരനും, സുഖപ്രദനും, സർവജ്ഞനുമായ ഹേ പ്രാണനാഥ, രഘുകുലമെന്ന ആമ്പൽപ്പൂക്കളുടെ ചന്ദ്ര, നീയില്ലാതെ സ്വർഗ്ഗവും നരകസമാനമാണ്." (64)

ചൗ:

മാതു പിതാ ഭഗിനീ പ്രിയ് ഭാഈ
പ്രിയ് പരിവാരു സുഹൃദ് സമുദാഈ,
സാസു സസുര് ഗുര് സജന് സഹാഈ
സുത് സുന്ദര് സുസീല് സുഖദാഈ. 1

ജഹ് ലഗി നാഥ് നേഹ് അരു നാതേ
പിയ് ബിനു തിയ്ഹി തരനിഹു തേ താതേ,
തനു ധനു ധാമു ധരനി പുര് രാജൂ
പതി ബിഹീന് സബു സോക് സമാജൂ. 2

ഭോഗ് രോഗ്സമ് ഭൂഷന് ഭാരൂ
ജമ് ജാതനാ സരിസ് സംസാരൂ,
പ്രാനനാഥ് തുംഹ് ബിനു ജഗ് മാഹീം
മോ കഹു് സുഖദ് കതഹു് കഛു നാഹീം. 3

ജിയ് ബിനു ദേഹ് നദീ ബിനു ബാരീ
തൈസിഅ നാഥ് പുരുഷ് ബിനു നാരീ,
നാഥ് സകല് സുഖ് സാഥ് തുംഹാരേം
സരദ് ബിമല് ബിധു ബദനു നിഹാരേം. 4

"അച്ഛനും അമ്മയും, പ്രിയസഹോദരിമാരും സഹോദരന്മാരും, പ്രിയ കുടുംബാംഗങ്ങളും, സുഹൃത്തുക്കളും, ശ്വശുരന്മാരും ശ്വശുരിമാരും, ഗുരുവും, ബന്ധുജനങ്ങളും, സഹായികളും, പുത്രന്മാർ കൂടി എത്രതന്നെ സുന്ദരന്മാരും, സുശീലന്മാരും, ഹിതകാരികളുമായിരുന്നാലും, ഏതുവിധം സ്നേഹവും ബന്ധുത്വവുമായ പാശത്താൽ ബന്ധിയ്ക്കപ്പെട്ടിരുന്നാലും ശരി, കൂടെ തന്റെ ഭർത്താവില്ലാത്ത ഒരു സ്ത്രീയ്ക്ക് ഇവരെല്ലാവരും തന്നെ നട്ടുച്ച സൂര്യനെക്കാളും ചുട്ടെരിയിയ്ക്കുന്നവരാണ്. ജീവിതം, സമ്പത്ത്, വീട്, ഭൂമി, നഗരം, രാജ്യം - ഇവയെല്ലാം തന്നെ ഭർത്താവില്ലാത്ത ഒരു സ്ത്രീയ്ക്ക്

ശോകത്തിന്റെ സമൂഹമാണ്. അവൾക്ക് ഭോഗം രോഗത്തിന്നു സമമാണ്. ആഭരണങ്ങൾ ഭാരമാണ്. ലോകം നരകയാതനയ്ക്ക് സമമാണ്. ഹേ പ്രാണനാഥ, നീയില്ലാതെ ഈ ലോകത്തിൽ എനിയ്ക്ക് ഒന്നും തന്നെ സുഖപ്രദമായിട്ടില്ല. എന്റെ സ്വാമീ, ഭർത്താവില്ലാത്ത സ്ത്രീ ജീവനില്ലാത്ത ശരീരം പോലെയും, വെള്ളമില്ലാത്ത നദി പോലെയുമാണ്. ശരത്കാല ത്തെ മേഘമില്ലാത്ത രാത്രിയിലെ ചന്ദ്രനെപ്പോലുള്ള നിന്റെ മുഖത്തെ കണ്ടുകൊണ്ടിരിയ്ക്കുവോളം, നാഥ, നിങ്ങളുടെ കൂടെ ഞാൻ എല്ലാവിധ ത്തിലും സന്തോഷത്തോടെയിരിയ്ക്കും."

ദോ:

ഖഗ് മൃഗ് പരിജന് നഗരു ബനു ബല്കല് ബിമല് ദുകൂല്,
നാഥ് സാഥ് സുരസദന് സമ് പര്നസാല് സുഖ് മൂല്. (65)

"പക്ഷികളും മൃഗങ്ങളും എന്റെ ബന്ധുക്കളും, വനം എന്റെ നഗരവും, മരവുരി എന്റെ നിർമ്മലമായ വസ്ത്രങ്ങളുമായിരിയ്ക്കും. എന്റെ നാഥന്റെ കൂടെ പർണ്ണശാല ദേവന്മാരുടെ ഭവനത്തെ പോലെ സുഖകരമായിരിയ്ക്കും." (65)

ചൗ:

ബനദേബീം ബനദേവ് ഉദാരാ
കരിഹഹിം സാസു സസുര് സമ് സാരാ,
കുസ് കിസലയ് സാഥരീ സുഹാഈ
പ്രഭു സँഗ് മഞ്ജു മനോജ് തുരാഈ. 1

കന്ദ് മൂല് ഫല് അമിഅ അഹാരൂ
അവധ് സൗധ് സത് സരിസ് പഹാരൂ,
ഛിനു ഛിനു പ്രഭു പദ് കമല് ബിലോകീ
രഹിഹഉँ മുദിത് ദിവസ് ജിമി കോകീ 2

ബന് ദുഖ് നാഥ് കഹേ ബഹുതേരേ
ഭയ് ബിഷാദ് പരിതാപ് ഘനേരേ,
പ്രഭു ബിയോഗ് ലവലേസ് സമാനാ
സബ് മിലി ഹോഹിം ന കൃപാനിധാനാ. 3

അസ് ജിയ് ജാനി സുജാന് സിരോമനി
ലേഇഅ സംഗ് മൊഹി ഛാഡിഅ ജാനി,
ബിനതീ ബഹുത് കരൗം കാ സ്വാമീ
കരുനാമയ് ഉര് അന്തര്ജാമീ. 4

“ഉദാരമനസ്കരായ വനദേവിമാരും വനദേവന്മാരും എന്നെ എന്റെ സ്വന്തം ശ്വശുരിയേയും ശ്വശുരനേയുംപോലെ കാത്തുകൊള്ളും. പുല്ലും തളിരില കളും കൊണ്ടുണ്ടാക്കിയ പായ കാമദേവന്റെ മനോഹരമായ മെത്തയെ വെല്ലുവിളിയ്ക്കും. കന്ദമൂലഫലങ്ങൾ എനിയ്ക്ക് അമൃതം പോലുള്ള ആഹാര മായിരിയ്ക്കും. മലകൾ അയോദ്ധ്യയിലെ നൂറ് മാളികകൾക്ക് സമാനമായി രിയ്ക്കും. എന്റെ സ്വാമിയുടെ പാദകമലങ്ങളെ സദാ കണ്ടുകൊണ്ട് ഞാൻ പകൽ സമയത്തിലെ ചക്രവാകപ്പക്ഷിയെപ്പോലെ സന്തോഷത്തോടെ യിരിയ്ക്കും. നിങ്ങൾ എന്നോട് കാട്ടിലെ അനവധി കഷ്ടപ്പാട്, ഭയം, വിഷാദം, കഠിനമായ വേദന ഇവയെപ്പറ്റി പറഞ്ഞു. പക്ഷേ ഇവയെല്ലാം ഒന്നിച്ച് ചേർന്നു വന്നാലും, ഹേ കൃപാനിധേ, അത് എന്റെ സ്വാമിയിൽ നിന്നുമുള്ള വിരഹതാപത്തിന്റെ ലവലേശത്തിന്നുകൂടി സമമാവില്ല. ഇത് മനസ്സിൽ കൊണ്ട് ഹേ ജ്ഞാനശിരോമണേ, എന്നെ കൂടെ കൊണ്ടു പോയാലും. ദയവായി എന്നെ വിട്ടു പോകരുത്. നിങ്ങൾ സർവാന്തര്യാമി – സർവരുടേയും മനസ്സിനെ അറിയുന്നവനാണെന്നറിഞ്ഞുകൊണ്ട്, എന്തിനധികം, ഞാൻ അപേക്ഷിയ്ക്കുന്നു, എന്റെ പ്രഭോ!”

ദോ:

രാഖിഅ അവധ് ജൊ അവധി ലഗി രഹത് ന ജനിഅഹിം പ്രാന്,
ദീനബന്ധു സുന്ദര് സുഖദ് സീല് സനേഹ് നിധാന്. (66)

“ഹേ ദീനബന്ധോ! സുന്ദര, സുഖപ്രദ, സുശീല, സ്നേഹനിധേ! നിങ്ങളുടെ വനവാസ കാലാവധി കഴിയുന്നതുവരെ നിങ്ങളെന്നെ അയോദ്ധ്യയിൽ വിട്ടിട്ടു പോയാൽ ഞാൻ ജീവിച്ചിരിപ്പുണ്ടാവില്ലെന്ന് അറിഞ്ഞു കൊണ്ടാലും.” (66)

ചൗ:

മൊഹി മഗ് ചലത് ന ഹോഇഹി ഹാരീ
ഛിനു ഛിനു ചരന് സരോജ് നിഹാരീ,
സബഹി ഭാ്ँതി പിയ് സേവാ കരിഹൗം
മാരഗ് ജനിത് സകല് ശ്രമ് ഹരിഹൗം. 1

പായ് പഖാരി ബൈഠി തരു ഛാഹീം
കരിഹഉँ ബാഉ മുദിത് മന് മാഹീം,
ശ്രമ് കന് സഹിത് സ്യാമ് തനു ദേഖേം
കഹँ ദുഖ് സമഉ പ്രാന്പതി പേഖേം. 2

സമ് മഹി തൃന് തരുപല്ലവ് ഡാസീ
പായ് പലോടിഹി സബ് നിസി ദാസീ,
ബാര് ബാര് മൃദു മൂരതി ജോഹീ
ലാഗിഹി താത് ബയാരി ന മോഹീ. 3

കോ പ്രഭു സँഗ് മൊഹി ചിതവ് നിഹാരാ
സിംഘബധുഹി ജിമി സസക് സിആരാ,
മൈം സുകുമാരി നാഥ് ബന് ജോഗൂ
തുംഹഹി ഉചിത് തപ് മോ കഹും ഭോഗൂ. 4

"വഴിയിൽക്കൂടി നടക്കുമ്പോൾ നിങ്ങളുടെ പാദകമലങ്ങളെ സദാ കണ്ടുകൊണ്ട് എനിയ്ക്ക് യാതൊരു ക്ഷീണവുമുണ്ടാവില്ല. ഞാൻ എന്റെ പ്രിയനാഥന്ന് എല്ലാവിധത്തിലുള്ള സേവയും ചെയ്തുകൊണ്ട് എല്ലാ യാത്രാക്ലേശത്തേയും ഇല്ലാതാക്കും. നിങ്ങളുടെ പാദങ്ങളെ കഴുവിക്കൊണ്ട് മരത്തണലിൽ വിശ്രമിച്ചുകൊണ്ട് മനസ്സന്തോഷത്തോടെ വീശും. വിയർപ്പുതുള്ളികൾ കൊണ്ട നിങ്ങളുടെ ശ്യാമളശരീരത്തെ കണ്ടുകൊണ്ട്, എന്റെ പ്രാണനാഥന്റെ മേൽ നോട്ടമിട്ടുകൊണ്ട് എനിയ്ക്ക് ദു:ഖിയ്ക്കാൻ സമയമേ ഉണ്ടാവില്ല. സമതലമായ ഭൂമിയിൽ പുല്ലും മരയിലകളും വിരിച്ച് നിങ്ങളുടെ ഈ ദാസി രാത്രി മുഴുവൻ നിങ്ങളുടെ പാദങ്ങളെ ഉഴിയും. നിങ്ങളുടെ മൃദുവായ സ്വരൂപത്തെ വീണ്ടും വീണ്ടും നോക്കുമ്പോൾ ചൂടു കാറ്റിന്ന് എന്മേൽ ഒരു പ്രഭാവവും ഉണ്ടാവില്ല. ഒരു

മുയലോ, കുറുക്കനോ ഒരു പെൺ സിംഹത്തെ നോക്കാൻ ധൈര്യപ്പെടാത്തതുപോലെ, എന്റെ സ്വാമിയടെ കൂടെ ഞാനിരിയ്ക്കുമ്പോൾ ആർക്കാണ് എന്റെ നേരെ നോക്കുവാൻ ധൈര്യമുണ്ടാവുക? എന്റെ ശരീരം കോമളമായിരിയ്ക്കേ എന്റെ നാഥൻ വനവാസത്തിലെ കഷ്ടങ്ങൾ അനുഭവിയ്ക്കുന്നതും, നിങ്ങൾ തപസ്സുചെയ്യുമ്പോൾ ഞാൻ സുഖഭോഗങ്ങളെ അനുഭവിയ്ക്കുന്നതും എത്രകണ്ട് ഉചിതമാണ്!"

ദോ:

ഐസെഉ ബചന് കഠോര് സുനി ജൗം ന ഹൃദഉ ബിലഗാന്,
തൗ പ്രഭു ബിഷമ് ബിയോഗ് ദുഖ് സഹിഹഹിം പാംവര് പ്രാന്. (67)

"ഇത്രയും കഠോരമായ വാക്കുകൾ കേട്ടിട്ടും എന്റെ ഹൃദയം വെടിച്ചുപോകാൻ കൂട്ടാക്കുന്നില്ല. അതിനാൽ ഈ ഭാഗ്യഹീനയുടെ പ്രാണൻ എന്റെ സ്വാമിയിൽനിന്നുമുള്ള വിരഹത്തിന്റെ യാതനകളെ സഹിയ്ക്കാൻ ജീവിച്ചിരിയ്ക്കുമെന്നത് തീർച്ചയാണ്." (67)

ചൗ:

അസ് കഹി സീയ് ബികല് ഭഇ ഭാരീ
ബചന് ബിയോഗു ന സകീ സँഭാരീ,
ദേഖി ദസാ രഘുപതി ജിയँ ജാനാ
ഹഠി രാഖേം നഹിം രാഖിഹി പ്രാനാ. 1

കഹെഉ കൃപാല് ഭാനുകൂല് നാഥാ
പരിഹരി സോചു ചലഹു ബന് സാഥാ,
നഹിം ബിഷാദ് കര് അവസരു ആജൂ
ബേഗി കരഹു ബന് ഗവന് സമാജൂ. 2

കഹി പ്രിയ് ബചന് പ്രിയാ സമുഝാഇ
ലഗേ മാതു പദ് ആസിഷ് പാഇ,
ബേഗി പ്രജാ ദുഖ് മേടബ് ആഇ
ജനനീ നിഠുര് ബിസരി ജനി ജാഇ. 3

ഫിരിഹി ദസാ ബിധി ബഹുരി കി മോരീ
ദെഖിഹഉം നയന് മനോഹര് ജോരീ,
സുദിന് സുഘരീ താത് കബ് ഹോഇഹി
ജനനീ ജിഅത് ബദന് ബിധു ജോഇഹി. 4

ഈവിധം പറഞ്ഞ് സീത ശോകവിവശയായി. വാക്കുകളാൽ കൂടി തന്റെ സ്വാമിയിൽനിന്നുമുള്ള വിരഹത്തെ അവൾക്ക് സഹിയ്ക്കാനായില്ല. അവളുടെ ദശയെ കണ്ട് അവളുടെ ഇച്ഛയ്ക്ക് എതിരായി അവളെ വിട്ടിട്ടുപോയാൽ അവൾ ജീവിച്ചിരിയ്ക്കില്ലെന്ന് രഘുപതിയ്ക്ക് ബോദ്ധ്യമായി. അതിനാൽ കൃപാലുവായ രഘുനാഥൻ പറഞ്ഞു. "ശരി, നീ വിഷാദി യ്ക്കേണ്ട, എന്റെ കൂടെ കാട്ടിലേയ്ക്ക് വന്നുകൊള്ളൂ. ഇന്നത്തെ ദിവസം വ്യസനിയ്ക്കുവാനുള്ളതല്ല. കാട്ടിലേയ്ക്ക് പോകാൻ ഉടനെ ഒരിങ്ങിക്കോളൂ." പ്രിയമായ വാക്കുകളെക്കൊണ്ട് തന്റെ പ്രിയയെ സമാധാനിപ്പിച്ച് പ്രഭു സ്വയം തന്റെ അമ്മയുടെ പാദങ്ങളിൽ വീണ് അവളുടെ അനുഗ്രഹത്തെ നേടി. "വേഗം തിരിച്ചു വന്ന് ജനങ്ങളുടെ വ്യസനത്തെ തീർക്കൂ. നിന്റെ കഠിനഹൃദയയായ അമ്മയെ മറക്കാതിരിയ്ക്കൂ. എന്റെ ഭാഗ്യം തിരിഞ്ഞു വന്ന്, ഹേ ദൈവമേ, എന്റെ കണ്ണുകൾ കൊണ്ട് ഈ മനഹോരമായ ജോഡിയെ വീണ്ടും കാണുമാറാകുമോ? എന്റെ പ്രിയ വത്സ, നിന്റെ അമ്മ ജീവിച്ചിരുന്ന് എപ്പോഴാണ് നിന്റെ ചന്ദ്രനെപ്പോലുള്ള മുഖത്തെ കാണുവാനുള്ള ആ സുദിനവും ശുഭമുഹൂർത്തവും വരാൻ പോകുന്നത്?"

ദോ:

ബഹുരി ബച്ഛ് കഹി ലാലു കഹി രഘുപതി രഘുബര് താത്,
കബഹിം ബൊലാഇ ലഗാഇ ഹിയ് ഹരഷി നിരഖിഹഉ് ഗാത്. (68)

"ഇനി വീണ്ടും എപ്പോഴാണ് ഞാൻ നിന്നെ 'എന്റെ പ്രിയ വത്സ' 'എന്റെ ഓമനേ' 'ഹേ രഘുപതേ', 'ഹേ രഘുവര' 'താത' എന്ന് വിളിയ്ക്കാൻ പോകുന്നത്? എപ്പോഴാണ് നിന്നെ വിളിച്ച് എന്റേ മറോടണച്ച് നിന്റെ ശരീരത്തെ ആനന്ദത്തോടെ നോക്കിനില്ക്കാൻ പോകുന്നത്?" (68)

ചൗ:

ലഖി സനേഹ് കാതരി മഹതാരീ
ബചനു ന ആവ് ബികല് ഭഇ ഭാരീ,

രാമ് പ്രബോധു കീൻഹ് ബിധി നാനാ
സമഉ സനേഹു ന ജാഇ ബഖാനാ. 1

തബ് ജാനകീ സാസു പഗ് ലാഗീ
സുനിഅ മായ് മൈം പരമ് അഭാഗീ,
സേവാ സമയ് ദൈഅ്ँ ബനു ദീൻഹാ
മോര് മനോരഥു സഫല് ന കീൻഹാ. 2

തജബ് ഛോഭു ജനി ഛാഡിഅ ഛോഹൂ
കരമു കഠിന് കഛു ദോസു ന മോഹൂ,
സുനി സിയ് ബചന് സാസു അകുലാനീ
ദസാ കവനി ബിധി കഹൗം ബഖാനീ. 3

ബാരഹി ബാര് ലാഇ ഉര് ലീൻഹീ
ധരി ധീരജു സിഖ് ആസിഷ് ദീൻഹീ,
അചല് ഹോഉ അഹിവാതു തുംഹാരാ
ജബ് ലഗി ഗംഗ് ജമുന് ജല് ധാരാ. 4

തന്റെ അമ്മയെ സ്നേഹപാരവശ്യത്താൽ സംസാരിയ്ക്കാൻ കഴിയാതെയും അത്യന്തം വിക്ഷുബ്ധയായും കണ്ട് ശ്രീരാമൻ അവളെ പലവിധത്തിൽ സമാധാനിപ്പിച്ചു. സന്ദർഭത്തിന്റെ ഗുരുത്വവും, സ്നേഹത്തിന്റെ അഗാധ തയും വർണ്ണനാതീതമായിരുന്നു. ജാനകി അവളുടെ ശ്വശുരിയുടെ പാദങ്ങളിൽ വീണ് പറഞ്ഞു: "അമ്മേ, കേൾക്കൂ, ഞാൻ എത്ര ദുർഭാഗ്യ വതിയാണ്. നിങ്ങളെ സേവചെയ്യേണ്ട കാലത്ത് ദൈവം എന്നെ വന വാസത്തിന്നയച്ച് എന്റെ മനോരഥത്തെ നിറവേറ്റാൻ വിസമ്മതിച്ചിരി യ്ക്കുന്നു. ദയവായി ക്ഷോഭിയ്ക്കാതിരിയ്ക്കിൻ, അതേ സമയം എന്മേലുള്ള സ്നേഹഭാവം തുടർന്നു പുലർത്തുവിൻ. വിധി കഠിനമാണ്; അതിൽ എന്റെ കുറ്റവും ഇല്ല." സീതയുടെ വാക്കുകൾ കേട്ട് ശ്വശുരി അത്രയും തീവ്രമായി വ്യാകുലയായി – അവളുടെ ദശയെ വർണ്ണിയ്ക്കാൻ എനിയ്ക്ക് വാക്കുകളില്ല. അവൾ തന്റെ മരുമകളെ വീണ്ടും വീണ്ടും മാറോടണച്ച്, സ്വയം ഉണർന്ന്, അവളെ ഉപദേശിച്ച് ഈവിധം അനുഗ്രഹിച്ചു: "നിന്റെ പാതിവ്രത്യം

മുറിവില്ലാതെയിരിയ്ക്കട്ടെ. ഗംഗയും യമുനയും തുടർന്ന് ഒഴുകുന്നേടത്തോളം കാലം അത് നിലച്ചിരിയ്ക്കട്ടെ."

ദോ:

സീതഹി സാസു അസീസ് സിഖ് ദീൻഹി അനേക് പ്രകാര്,
ചലീ നാഇ പദ് പദുമ് സിരു അതി ഹിത് ബാരഹിം ബാര്. (69)

ശ്വശുരി സീതയെ ആശീർവദിച്ച് പലവിധത്തിൽ ഉപദേശിച്ചു. സീത അത്യന്തം ആദരവോടെ അവളുടെ പാദകമലങ്ങളെ വീണ്ടും വീണ്ടും നമസ്കരിച്ച് പിരിഞ്ഞു പോയി. (69)

ചൗ:

സമാചാര് ജബ് ലഛിമന് പാഏ
ബ്യാകുല് ബിലഖ് ബദന് ഉഠി ധാഏ,
കംപ് പുലക് തന് നയന് സനീരാ
ഗഹേ ചരന് അതി പ്രേമ് അധീരാ. 1

കഹി ന സകത് കഛു ചിതവത് ഠാഢേ
മീനു ദീന് ജനു ജല് തേം കാഢേ,
സോചു ഹൃദയ്ँ ബിധി കാ ഹൊനിഹാരാ
സബു സുഖു സുകൃതു സിരാന് ഹമാരാ. 2

മോ കഹും കാഹ് കഹബ് രഘുനാഥാ
രഖിഹഹിം ഭവന് കി ലേഹഹിം സാഥാ,
രാമ് ബിലോകി ബന്ധു കര് ജോരേം
ദേഹ് ഗേഹ് സബ് സന് തൃന് തോരേം. 3

ബോലേ ബചന് രാമ് നവ നാഗര്
സീല് സനേഹ് സരല് സുഖ് സാഗര്,
താത് പ്രേമ് ബസ് ജനി കദരാഹൂ
സമുഝി ഹൃദയ്ँ പരിനാമ് ഉഛാഹൂ. 4

വർത്തമാനമറിഞ്ഞ ലക്ഷ്മണൻ വ്യാകുലതയോടെ വിവർണ്ണവദനനായി ഓടിയെത്തി. ശരീരമാസകലം വിറച്ചുകൊണ്ട്, പുളകം കൊണ്ട്, നിറഞ്ഞ

കണ്ണുകളോടെ പ്രേമാധിക്യത്താൽ ആവേശഭരിതനായി, ശ്രീരാമന്റെ പാദങ്ങളെ കെട്ടിപ്പിടിച്ചു. ജലത്തിൽനിന്നും പുറത്തെറിയപ്പെട്ട മീനിനെ പ്പോലെ ദയനീയമായി ഉറ്റുനോക്കിക്കൊണ്ട്, ചിത്രമെന്നപോലെ ഒന്നും പറയാനാവാതെ നിന്നു. അവന്റെ മനസ്സിൽ ആശങ്കയുണ്ടായിരുന്നു. 'ദൈവമേ, എന്തെല്ലാമാണോ സംഭവിയ്ക്കാൻ പോകുന്നത്?' അവൻ സ്വയം പറഞ്ഞു. 'എന്റെ എല്ലാ സുഖവും സുകൃതവും ഇതോടെ അവസാനിച്ചു. രഘുനാഥൻ എന്നെ എന്തു ചെയ്യാനാണ് കല്പിയ്ക്കുക? അദ്ദേഹം എന്നെ വീട്ടിൽ വിട്ടേച്ചു പോകുമോ, അഥവാ കൂടെ കൊണ്ടുപോകുമോ?" ശരീരത്തേയും വീടിനേയും തൃണസമാനമായി ത്യജിച്ചിരുന്ന ശ്രീരാമൻ തന്റെ അനുജനെ കൂപ്പുകൈകളോടെ കണ്ട്, ആചാരരീതികളെ നല്ല പോലെ അറിഞ്ഞിരുന്നവനും, സൗശീല്യത്തിന്റേയും, സ്നേഹത്തിന്റേയും, സരളതയുടേയും, സുഖത്തിന്റേയും സാഗരവുമായ അവൻ അവനോട് ഈവിധം പറഞ്ഞു: "പ്രിയ സഹോദര, സ്നേഹവശംവദനായി നിന്റെ സമനിലയെ നീ തെറ്റിയ്ക്കരുത്. ഇതിന്റെയെല്ലാം പരിണാമം സന്തോഷകര മായിരിയ്ക്കുമെന്ന് നീ നിന്റെ ഹൃദയത്തിൽ മനസ്സിലാക്കിക്കൊള്ളൂ."

ദോ:

മാതു പിതാ ഗുരു സ്വാമി സിഖ് സിര് ധരി കരഹി സുഭായ്ँ,
ലഹെഉ ലാഭു തിൻഹ് ജനമ് കര് നതരു ജനമു ജഗ് ജായ്ँ. (70)

"മാതാപിതാക്കളുടേയും, ഗുരുവിന്റേയും, സ്വാമിയുടേയും ഉപദേശത്തെ താഴ്മയോടും സഹജമായും ശിരസ്സിൽ ധരിച്ച് അനുസരിയ്ക്കുന്നവർ തങ്ങളുടെ ജന്മസാഫല്യത്തെ നേടിയിരിയ്ക്കുന്നു. മറിച്ചാണെങ്കിൽ ഈ ലോകത്തിൽ അവരുടെ ജന്മം നിഷ്ഫലമാണ്." (70)

ചൗ:

അസ് ജിയ്ँ ജാനി സുനഹു സിഖ് ഭാഈ
കരഹു മാതു പിതു പദ് സെവകാഈ,
ഭവന് ഭരതു രിപുസൂദനു നാഹീം
രാഉ ബൃദ്ധ് മമ ദുഖു മന് മാഹീം. 1

മൈം ബന് ജാഉം തുംഹഹി ലെഇ സാഥാ
ഹോഇ സബഹി ബിധി അവധ് അനഥാ,
ഗുരു പിതു മാതു പ്രജാ പരിവാരൂ
സബ് കഹു്ँ പരഇ ദുസഹ് ദുഖ് ഭാരൂ. 2

രഹഹു കരഹു സബ് കര് പരിതോഷൂ
നതരു താത് ഹോഇഹി ബഡ് ദോഷൂ,
ജാസു രാജ് പ്രിയ് പ്രജാ ദുഖാരീ
സോ നൃപു അവസി നരക് അധികാരീ. 3

രഹഹു താത് അസി നീതി ബിചാരീ
സുനത് ലഖനു ഭഏ ബ്യാകുല് ഭാരീ,
സിഅരേം ബചന് സൂഖി ഗഏ കൈസേം
പരസത് തുഹിന് താമരസു ജൈസേം. 4

“ഇത് മനസ്സിൽ ധരിച്ച്, ഹേ സോദര, എന്റെ ഉപദേശം ശ്രദ്ധിച്ചു കേട്ട് നമ്മുടെ മാതാപിതാക്കളുടെ പാദങ്ങളെ സേവിയ്ക്കൂ. ഭരതനും ശത്രുഘ്നനും വീട്ടിലില്ല. രാജാവോ വൃദ്ധനും, എന്നെപ്പറ്റി ചിന്തിച്ച് ശോകഭരിതനായി രിയ്ക്കുന്നു. ഞാൻ കാട്ടിലേയ്ക്ക് നിന്നേയും കൂടെ കൊണ്ടുപോയാൽ, അയോദ്ധ്യ തികച്ചും അനാഥമാവും; ഗുരുവും, മാതാപിതാക്കളും, ജനങ്ങളും, പരിവാരങ്ങളും, എല്ലാവരും തന്നെ ദുസ്സഹമായ ദു:ഖത്തിന്ന് പാത്രമാവും. സഹോദര, അതിനാൽ നീ എല്ലാവരേയും സമാധാനിപ്പിച്ചു കൊണ്ട് ഇവിടെ താമസിയ്ക്കൂ; ഇല്ലെങ്കിൽ നമുക്ക് വലിയ പാപമേല്ക്കേണ്ടി വരും. തന്റെ പ്രിയപ്പെട്ട പ്രജകൾക്ക് ദു:ഖത്തെ വരുത്തിവെയ്ക്കുന്ന രാജാവ് തീച്ചയായും നരകവാസത്തിന്നർഹനാണ്. ഈ ചൊല്ലിനെ മനസ്സിൽ കരുതി, പ്രിയ അനുജ, നീ വീട്ടിൽ താമസിയ്ക്കൂ.” ഇതു കേട്ട് ലക്ഷ്മണൻ അത്യന്തം വ്യാകുലനായി. മഞ്ഞുവർഷത്താൽ താമരപ്പൂക്കൾ വിളറുന്നതു പോലെ ഈ ഹിതകരമായ വാക്കുകളെ കേട്ട് അവൻ വിളറിപ്പോയി.

ദോ:

ഉതരു ന ആവത് പ്രേമ് ബസ് ഗഹേ ചരന് അകുലാഇ,
നാഥ് ദാസു മൈം സ്വാമി തുംഹ് തജഹു ത് കാഹ് ബസാഇ. (71)

സ്നേഹാധിക്യത്താൽ വികാരഭരിതനായി അവന് മറുപടി പറയാൻ കഴിഞ്ഞില്ല. വ്യാകുലതയോടെ അവൻ ജ്യേഷ്ഠന്റെ പാദങ്ങളെ മുറുകെ കെട്ടിപ്പിടിച്ചു. "നാഥ, ഞാൻ അങ്ങയുടെ ദാസനും, അങ്ങ് എന്റെ സ്വാമിയുമാണ്. അങ്ങെന്നെ ഉപേക്ഷിച്ചാൽ വേറെന്താണ് ഗതി?" (71)

ചൗ:

ദീൻഹി മോഹി സിഖ് നീകി ഗൊസാഇൗം
ലാഗി അഗമ് അപനീ കദരാഇൗ,.
നരബര് ധീര് ധരമ് ധുര് ധാരീ
നിഗമ് നീതി കഹു് തേ അധികാരീ. 1

മൈം സിസു പ്രഭു സനേഹ് പ്രതിപാലാ
മന്ദരു മേരു കി ലേഹി മരാലാ,
ഗുര് പിതു മാതു ന ജാനഉ് കാഹൂ
കഹഉം സുഭാഉ നാഥ് പതിആഹൂ. 2

ജഹ് ലഗി ജഗത് സനേഹ് സഗാഇൗ
പ്രീതി പ്രതീതി നിഗമ് നിജു ഗാഇൗ,
മോരേ സബ്ഇ ഏക് തുംഹ് സ്വാമീ
ദീനബന്ധു ഉര് അന്തർജാമീ, 3

ധരമ് നീതി ഉപദേസിഅ താഹീ
കീരതി ഭൂതി സുഗതി പ്രിയ് ജാഹീ,
മന് ക്രമ് ബചന് ചരന് രത് ഹോഇൗ
കൃപാസിന്ധു പരിഹരിഅ കി സോഇൗ. 4

"എന്റെ സ്വാമീ, അങ്ങെനിയ്ക്ക് നേരായ ഉപദേശമാണ് തന്നിട്ടുള്ളത്. പക്ഷെ എന്റെ ഹൃദയദൗർബല്യം കാരണം അത് എനിയ്ക്ക് അപ്രായോഗിക മായി തോന്നുന്നു. വരിഷ്ഠന്മാരും, ധീരന്മാരും, ധർമ്മധുരന്ധരന്മാരും മാത്രമാണ് വേദങ്ങളുടെ ഉപദേശത്തേയും, നീതിശാസ്ത്രത്തേയും പഠിയ്ക്കാ നർഹരായിട്ടുള്ളവർ. ഞാനോ അങ്ങയുടെ സ്നേഹസുരക്ഷയിൻ കീഴിൽ വളർന്ന ശിശുവാണ്. ഒരു അരയന്നത്തിന്ന് മന്ദരപർവതത്തേയോ, മേരു പർവതത്തേയോ തൂക്കുവാനാകുമോ? എനിയ്ക്ക് ഒരു ഗുരുവിനേയോ,

പിതാവിനേയോ, മാതാവിനേയോ അറിയില്ല. എന്റെ സ്വാമീ, ഞാൻ സത്യമായി പറയുന്നു, എന്നെ വിശ്വസിച്ചാലും. ഈ ലോകത്തിൽ വേദങ്ങളാൽ ഘോഷിയ്ക്കപ്പെട്ട ഏതുവിധത്തിലുള്ള സ്നേഹമയവും, പ്രേമ മയവും, വിശ്വാസമയവുമായ ബന്ധങ്ങളുണ്ടോ, അവയെല്ലാംം തന്നെ എന്നെ സംബന്ധിച്ചിടത്തോളം, സ്വാമീ, കേവലം അങ്ങയെ മാത്രം ചുറ്റിയുള്ളതാണ്. ഹേ ദീനബന്ധോ, ഹേ സർവാന്തര്യാമീ, കീർത്തിയും, സൗഭാഗ്യവും, സദ്ഗതിയും ഇച്ഛിയ്ക്കുന്നവർക്കാണ് ധർമ്മത്തെപ്പറ്റിയും, നീതിയെപ്പറ്റിയും ഉപദേശിയ്ക്കേണ്ടത്. മനസാ, വാചാ, കർമ്മണാ അങ്ങ യുടെ പാദങ്ങളിൽ നിരതനായിരിയ്ക്കുന്നവൻ ത്യജിയ്ക്കപ്പെടേണ്ടവനാണോ, ഹേ കൃപാസിന്ധോ?”

ദോ:

കരുനാസിന്ധു സുബന്ധു കേ സുനി മൃദു ബചന് ബിനീത്,
സമുഝാഏ ഉര് ലാഇ പ്രഭു ജാനി സനേഹ്ँ സഭീത്. (72)

തന്റെ ഇഷ്ടസഹോദരന്റെ മൃദുവും വിനീതവുമായ വാക്കുകളെ കേട്ട് കൃപാസിന്ധുവായ പ്രഭു, സ്നേഹവശംവദനായി ഭീതനായിട്ടുണ്ടെന്നറിഞ്ഞ് അവനെ തന്റെ മാറോടണച്ച് സമാധാനിപ്പിച്ചു. (72)

ചൗ:

മാഗഹു ബിദാ മാതു സന് ജാഈ
ആവഹു ബേഗി ചലഹു ബന് ഭാഈ,
മുദിത് ഭഏ സുനി രഘുബര് ബാനീ
ഭയഉ ലാഭ് ബഡ് ഗഇ ബഡി ഹാനീ. 1

ഹരഷി ഹൃദയ്ँ മാതു പഹി ആഏ
മനഹുँ അന്ധ് ഫിരി ലോചന് പാഏ,
ജാഇ ജനനി പഗ് നായഉ മാഥാ
മനു രഘുനന്ദന് ജാനകി സാഥാ. 2

പൂँഛേ മാതു മലിന് മന് ദേഖീ
ലഖന് കഹീ സബ് കഥാ ബിസേഷീ,
ഗഈ സഹമി സുനി ബചന് കഠോരാ
മൃഗീ ദേഖി ദവ് ജനു ചഹു ഓരാ. 3

ലഖന് ലഖെഉ ഭാ അനരഥ് ആജൂ
എഹിം സനേഹ് ബസ് കരബ് അകാജൂ,
മാഗത് ബിദാ സഭയ് സകുചാഹീം
ജാഇ സംഗ് ബിധി കഹിഹി കി നാഹീം. 4

"പോയി നിന്റെ അമ്മയോട് വിടവാങ്ങിക്കൊണ്ട് വേഗം തിരിച്ചുവന്ന് എന്നോടുകൂടി കാട്ടിലേയ്ക്ക് പുറപ്പെടൂ." രഘുവരന്റെ ഈ വാക്കുകൾ കേട്ട് ലക്ഷ്മണൻ സന്തോഷിച്ചു. അവന്റെ ലാഭം അധികമാവുകയും വലിയൊരു നഷ്ടമില്ലാതാവുകയുംചെയ്തു. ഒരു കുരുടൻ തന്റെ ദൃഷ്ടി തിരിച്ചുകിട്ടിയപോലെ മനസ്സിൽ ആനന്ദത്തോടെ അവൻ തന്റെ അമ്മയുടെ അടുത്തേയ്ക്ക് പോയി. അവളെ സമീപിച്ച് അവൻ അവളുടെ പാദങ്ങളിൽ വണങ്ങി. പക്ഷെ അവന്റെ മനസ്സ് രഘുനന്ദനന്റേയും ജാനകിയുടേയും കൂടെയായിരുന്നു. അവനെ ഉദാസനായിക്കണ്ട് അമ്മ കാരണമന്വേഷിച്ചു. ലക്ഷ്മണൻ എല്ലാം വിവരമായി പറഞ്ഞു. പെൺമാൻ കാട്ടുതീയിനെ കണ്ട് മിരളുന്നപോലെ സുമിത്ര ആ ക്രൂരമായ വാർത്ത കേട്ട് ഭീതിയടഞ്ഞു. ആ ദിവസം കാര്യങ്ങൾ തനിയ്ക്ക് പ്രതികൂലമായി ത്തീരുമെന്നും, സ്നേഹവശംവദയായി അമ്മ തന്റെ ഉദ്ദേശത്തെ വിഫല മാക്കുമെന്നും ലക്ഷ്മണൻ ഭയപ്പെട്ടു. അതിനാൽ അവൻ ഭീതിയോടെ അവളോട് വിട ചോദിയ്ക്കാൻ മടിച്ചുനിന്നു. അവൻ സ്വയം ചിന്തിച്ചു: 'ദൈവമേ, അവളെന്നെ ശ്രീരാമന്റെകൂടെ ചെല്ലാൻ സമ്മതിയ്ക്കുമോ ഇല്ലയോ?'

ദോ:

സമുഝി സുമിത്രാ് രാമ് സിയ് രൂപു സുസീലു സുഭാഉ,
നൃപ് സനേഹു ലഖി ധുനെഉ സിരു പാപിനി ദീൻഹ് കുദാഉ. (73)

ശ്രീരാമന്റേയും സീതയുടേയും സൗന്ദര്യത്തേയും, സൗശീല്യത്തേയും സത്സ്വഭാവത്തേയും രാജാവിന്ന് അവരുടെ മേലുള്ള സ്നേഹത്തേയും ഓർത്തുകൊണ്ട്, പാപിയായ (കൈകേയി) ചെയ്ത ചതിയെ കണ്ട് സുമിത്ര തന്റെ തലയിൽ തല്ലി. (73)

ചൗ:

ധീരജു ധരെഉ കുഅവസര് ജാനി

സഹജ് സുഹൃദ് ബോലീ മൃദു ബാനീ,
താത് തുംഹാരി മാതു ബൈദേഹീ
പിതാ രാമു സബ് ഭാ്തി സനേഹീ. 1

അവധ് തഹാ് ജഹ് രാമ് നിവാസൂ
തഹ്ഇ് ദിവസു ജഹ് ഭാനു പ്രകാസൂ,
ജൗം പൈ സീയ് രാമു ബന് ജാഹീം
അവധ് തുംഹാര് കാജു കഛു നാഹീം. 2

ഗുര് പിതു മാതു ബന്ധു സുര് സാഇൗം
സെഇഅഹിം സകല് പ്രാന് കീ നാഇൗം,
രാമു പ്രാനപ്രിയ് ജീവന് ജീകേ
സ്വാരഥ് രഹിത് സഖാ സബ്ഹീകേ. 3

പൂജനീയ് പ്രിയ് പരമ് ജഹാ് തേം
സബ് മാനിഅഹിം രാമ് കേ നാതേം,
അസ് ജിയ് ജാനി സംഗ് ബന് ജാഹൂ
ലേഹു താത് ജഗ് ജീവന് ലാഹൂ. 4

അവർക്ക് സമയം അനുകൂലമല്ലെന്നു കണ്ട്, ധൈര്യമവലംബിച്ച്, പ്രകൃത്യാ തന്നെ നല്ല മനസ്സുള്ള അവൾ മൃദുസ്വരത്തിൽ പറഞ്ഞു: "പ്രിയപുത്ര, വൈദേഹി നിന്റെ അമ്മയും, നിന്നെ എല്ലാവിധത്തിലും സ്നേഹിയ്ക്കുന്ന രാമൻ നിന്റെ അച്ഛനുമാണ്. രാമൻ വസിയ്ക്കുന്ന സ്ഥലം അയോദ്ധ്യയാണ്; സൂര്യപ്രകാശം ഉള്ളിടത്തു മാത്രമാണ് പകലുണ്ടാ വുന്നത്. സീതയും രാമനും സത്യമായും വനത്തിലേയ്ക്ക് പോകുന്നു വെങ്കിൽ നിനക്ക് അയോദ്ധ്യയിൽ യാതൊരു കാര്യവുമില്ല. ഒരുവന്റെ ഗുരു, മാതാപിതാക്കൾ, സഹോദരൻ, ദൈവങ്ങൾ, സ്വാമി ഇവരെയെല്ലാ വരേയും തന്റെ ജീവനെപ്പോലെ പാലിയ്ക്കണം. പക്ഷേ, രാമൻ ജീവനെക്കാളും പ്രാണപ്രിയനാണ്. അവൻ നമ്മുടെയെല്ലാം ജീവന്റേയും ജീവനും, എല്ലാവരുടേയും നിസ്സ്വാർത്ഥനായ സുഹൃത്തുമാണ്. ആരെല്ലാം വന്ദനാർഹരും ഏറ്റവും പ്രിയപ്പെട്ടവരുമാണോ എന്നത്, അവർക്ക് രാമനുമായുള്ള ബന്ധത്തെ അനുസരിച്ചിരിയ്ക്കും. ഇത് മനസ്സിൽ ധരിച്ച്,

എന്റെ കുട്ട, നീ അവന്റെ കൂടെ കാട്ടിലേയ്ക്ക് പോയി ഈ ലോകത്തിൽ ജനിച്ചതിന്റെ ലാഭത്തെ നേടൂ."

ദോ:

ഭൂരി ഭാഗ് ഭാജനു ഭയഹു മൊഹി സമേത് ബലി ജാഉ്ँ,
ജൗം തുംഹരേം മന് ഛാഡി ഛലു കീൻഹ് രാമ് പദ് ഠാഉ്ँ. (74)

"ഞാനാണയിട്ടു പറയുന്നു, നിന്റെ മനസ്സ് രാമന്റെ പാദങ്ങളിൽ നിഷ്കപടതയോടെ വാസം ചെയ്യുന്നുവെന്നത് നിന്റേയും എന്റേയും പരമ ഭാഗ്യമാണ്." (74)

ചൗ:

പുത്രവതീ ജുബതീ ജഗ് സോഇൗ
രഘുപതി ഭഗതു ജാസു സുതു ഹോഇൗ,
നതരു ബാँഝ് ഭലി ബാദി ബിആനീ
രാമ് ബിമുഖ് സുത് തേം ഹിത് ജാനീ. 1

തുംഹരെഹി ഭാഗ് രാമു ബന് ജാഹീം
ദൂസര് ഹേതു താത് കഛു നാഹീം,
സകല് സുകൃത് കര് ബഡ് ഫലു ഏഹൂ
രാമ് സീയ് പദ് സഹജ് സനേഹൂ. 2

രാഗു രോഷു ഇരിഷാ മദു മോഹൂ
ജനി സപനെഹും ഇൻഹ് കേ ബസ് ഹോഹൂ,
സകല് പ്രകാര് ബികാര് ബിഹാഇൗ
മന് ക്രമ് ബചന് കരെഹു സെവകാഇൗ. 3

തുംഹ് കഹുँ ബന് സബ് ഭാँതി സുപാസൂ
സँഗ് പിതു മാതു രാമു സിയ് ജാസൂ,
ജെഹി ന രാമു ബന് ലഹഹി കലേസൂ
സുത് സൊഇ കരെഹു ഇഹഇ ഉപദേസൂ. 4

"ഏതൊരുവളുടെ പുത്രൻ രാമന്റെ ഭക്തനാണോ, അവൾ മാത്രമേ ഒരു ആൺകുട്ടിയെ പ്രസവിച്ചവൾ എന്ന് പറയുവാൻ കഴിയുള്ളൂ. അല്ലെങ്കിൽ അവൾ വന്ധ്യയായിരിയ്ക്കുന്നതായിരിയ്ക്കും ഉത്തമം. എന്തെന്നാൽ രാമന്ന്

വിമുഖയായ ഒരു പുത്രനുള്ള ഒരുവൾ താൻ ഭാഗ്യവതിയാണെന്ന് കരുതുന്നുവെങ്കിൽ അവളുടെ പ്രസവം വൃഥാവാണ്. നിന്റെ ഭാഗ്യം കാരണമാണ് രാമൻ കാട്ടിലേയ്ക്ക് പോകുന്നത്. അവൻ അങ്ങനെ ചെയ്യുന്നതിന്ന് വേറൊരു കാരണവും ഉണ്ടാവാൻ വഴിയില്ല, എന്റെ കുഞ്ഞേ. എല്ലാ സുകൃതങ്ങളുടേയും ഉന്നതമായ ഫലം, സീതയുടേയും രാമന്റേയും പാദങ്ങളിൽ സഹജമായ പ്രീതിയുണ്ടായിരിയ്ക്കുക എന്നതാണ്. രാഗം, രോഷം, അസൂയ, മദം, മോഹം ഇവയ്ക്ക് സ്വപ്നത്തിൽ പോലും ഒരിയ്ക്കലും ഇടം കൊടുക്കരുത്. എല്ലാവിധ ദുർവികാരങ്ങളേയും ത്യജിച്ച് അവരെ മനസാ, വാചാ, കർമ്മണാ സേവചെയ്യൂ. നീ കാട്ടിൽ എല്ലാവിധത്തിലും സന്തോഷത്തോടെയിരിയ്ക്കും, എന്തെന്നാൽ നിനക്ക് നിന്റെ കൂടെ രാമനും സീതയും അച്ഛനമ്മമാരായിട്ടുണ്ട്. മകനേ, രാമന്ന് കാട്ടിൽ യാതൊരു ക്ലേശവും ഇല്ലാതിരിയ്ക്കുവാൻ വേണ്ടതെല്ലാം നീ ചെയ്യണം. ഇതാണ് നിനക്കെന്റെ ഉപദേശം.”

ഛം:

ഉപദേസു യഹു ജെഹിം താത് തുംഹരേ രാമ് സിയ് സുഖ് പാവഹീം,
പിതു മാതു പ്രിയ് പരിവാര് പുര് സുഖ് സുരതി ബന് ബിസരാവഹീം.
തുലസീ പ്രഭുഹി സിഖ് ദേഇ ആയസു ദീൻഹ് പുനി ആസിഷ് ദഈ,
രതി ഹോഉ അബിരല് അമല് സിയ് രഘുബീർ പദ് നിത് നിത് നഈ.

“കുഞ്ഞേ, എന്റെ ഉപദേശം ഇതാണ്: നിന്റെ രക്ഷണയിൽ രാമനും സീതയും കാട്ടിൽ സുഖമായ ജീവിതം നയിയ്ക്കുകയും, മാതാപിതാക്ക ളേയും പ്രിയപരിവാരങ്ങളേയും, നഗരസുഖങ്ങളേയും മറന്നുപോവു കയും ചെയ്യുന്നത് നിന്റെ കയ്യിലാണുള്ളത്.” തുളസീദാസന്റെ പ്രഭുവിനെ (ലക്ഷ്മണനെ) ഈവിധം ഉപദേശിച്ച് സുമിത്ര അവന്ന് (രാമനെ അനുഗമിയ്ക്കാൻ) വിട കൊടുത്ത് അവനെ അനുഗ്രഹിച്ചു. “സീതയുടേയും രഘുവീരന്റേയും പാദങ്ങളിൽ നിന്റെ ഭക്തി നിരന്തരവും, നിർമലവും, നിത്യനവീനവുമായിരിയ്ക്കട്ടെ.”

സോ:

മാതു ചരന് സിരു നാഇ ചലേ തുരത് സങ്കിത് ഹൃദയ്ँ,
ബാഗുര് ബിഷമ് തൊരാഇ മനഹുँ ഭാഗ് മൃഗു ഭാഗ് ബസ്. (75)

തന്റെ മാതാവിന്റെ പാദങ്ങളിൽ തലവണങ്ങി ലക്ഷ്മണൻ (രാമന്റെകൂടെ കാട്ടിലേയ്ക്കു) പോകാനുള്ള തന്റെ യോജന തടസ്സപ്പെടാൻ ഏതെങ്കിലും സംഭവിയ്ക്കുമോ എന്ന് സംശയിച്ചുകൊണ്ട് ഭീതിയോടെ ഉടൻ തന്നെ സ്ഥലം വിട്ടു. അത് ഒരു മാൻ ഭാഗ്യവശാൽ ശക്തമായൊരു കെണിയിൽ പെടാതെ ഓടി രക്ഷപ്പെടുവാൻ സാധിച്ചപോലെയിരുന്നു. (75)

ചൗ:

ഗഏ ലഖനു ജഹ്ँ ജാനകിനാഥൂ
ഭേ മന് മുദിത് പാഇ പ്രിയ് സാഥൂ,
ബന്ദി രാമ് സിയ് ചരന് സുഹാഏ
ചലേ സംഗ് നൃപമന്ദിര് ആഏ. 1

കഹഹിം പരസ്പര് പുര് നര് നാരീ
ഭലി ബനാഇ ബിധി ബാത് ബിഗാരീ,
തന് കൃസ് മന് ദുഖു ബദന് മലീനേ
ബികല് മനഹുँ മാഖീ മധു ഛീനേ. 2

കര് മീജഹിം സിരു ധുനി പഛിതാഹീം
ജനു ബിനു പംഖ് ബിഹഗ് അകുലാഹീം,
ഭഇ ബഡി ഭീര് ഭൂപ് ദര്ബാരാ
ബരനി ന ജാഇ ബിഷാദു അപാരാ. 3

സചിവ്ँ ഉഠാഇ രാഉ ബൈഠാരേ
കഹി പ്രിയ് ബചന് രാമു പഗു ധാരേ,
സിയ് സമേത് ദൊഉ തനയ് നിഹാരീ
ബ്യാകുല് ഭയഉ ഭൂമിപതി ഭാരീ. 4

ലക്ഷ്മണൻ നേരെ ജാനികിയുടെ നാഥനിരിയ്ക്കുന്ന സ്ഥലത്തേയ്ക്ക് പോയി. അവൻ തന്നെ തന്റെ പ്രിയജ്യേഷ്ഠന്റെ സാന്നിദ്ധ്യത്തിൽ കണ്ട് മനസ്സിൽ സന്തോഷിച്ചു. രാമന്റേയും സീതയുടേയും സുന്ദരപാദങ്ങളിൽ തല വണങ്ങി, അവൻ അവരുടെ കൂടെ രാജഭവനത്തിലേയ്ക്ക് പോയി. നഗരത്തിലെ പുരുഷന്മാരും സ്ത്രീകളും പരസ്പരം പറഞ്ഞുകൊണ്ടിരുന്നു: "ദൈവം നമ്മുടെ ഇച്ഛയെ മിക്കവാറും പൂർത്തിചെയ്തശേഷം അതിനെ

തകർത്തത് എത്ര വിചിത്രമാണ്!” ക്ഷീണിച്ച ശരീരത്തോടും, ദു:ഖം നിറഞ്ഞ മനസ്സോടും, മ്ലാനമായ മുഖത്തോടും കൂടി അവർ തേൻ കവർന്നെടുക്കപ്പെട്ട തേനീച്ചകളെപ്പോലെ വ്യാകുലരായി. കൈകളെ ഞെരിച്ചുകൊണ്ട്, തലയിൽ തല്ലിക്കൊണ്ട്, ചിറകുകൾ മുറിയ്ക്കപ്പെട്ട് അവധിപ്പെടുന്ന പക്ഷികളെപ്പോലെ പുലമ്പിക്കൊണ്ടിരുന്നു. വലിയൊരു ജനക്കൂട്ടം രാജഭവനത്തിന്റെ ദ്വാരത്തിൽ തടിച്ചുകൂടിയിരുന്നു. അവരുടെ അപാരമായ വിഷാദം വർണ്ണിയ്ക്കാനാവാത്തതായിരുന്നു. മന്ത്രി (സുമന്ത്രൻ) രാജാവിനെ പിടിച്ചു പൊക്കിയിരുത്തി രാമൻ വന്നെത്തിയ ഹിതമായ വാർത്തയെ അദ്ദേഹത്തെ അറിയിച്ചു. തന്റെ രണ്ടു പുത്രന്മാരേയും സീതയേയും കണ്ടപ്പോൾ രാജാവിന്റെ വ്യാകുലത ഭാരിച്ചതായിരുന്നു.

ദോ:

സീയ് സഹിത് സുത് സുഭഗ് ദൌഉ ദേഖി ദേഖി അകുലാഇ,
ബാരഹിം ബാര് സനേഹ് ബസ് രാഉ ലേഇ ഉര് ലാഇ. (76)

തന്റെ രണ്ടു പുത്രന്മാരേയും സീതയോടുകൂടി കണ്ട് രാജാവ് അത്യന്തം വ്യാകുലനായി. വികാരഭരിതനായി അദ്ദേഹം അവരെ വീണ്ടും വീണ്ടും തന്റെ മാറോടു ചേർത്തണച്ചു. (76)

ചൗ:

സകഇ ന ബോലി ബികല് നരനാഹൂ
സോക് ജനിത് ഉര് ദാരുന് ദാഹൂ,
നാഇ സീസു പദ് അതി അനുരാഗാ
ഉഠി രഘുബീര് ബിദാ തബ് മാഗാ. 1

പിതു അസീസ് ആയസു മൊഹി ദീജൈ
ഹരഷ് സമയ് ബിസ്മഉ കത് കീജൈ,
താത് കിഏ്ँ പ്രിയ് പ്രേമ് പ്രമാദൂ
ജസു ജഗ് ജാഇ ഹോഇ അപബാദൂ. 2

സുനി സനേഹ് ബസ് ഉഠി നരനാഹാँ
ബൈഠാരേരഘുപതി ഗഹി ബാഹാँ,

സുനഹു താത് തുംഹ് കഹു് മുനി കഹഹീം
രാമു ചരാചര് നായക് അഹഹീം. 3

സുഭ് അരു അസുഭ് കരമ് അനുഹാരീ
ഈസു ദേഇ ഫലു ഹൃദയ് ബിചാരീ,
കരഇ ജൊ കരമ് പാവ് ഫല് സോഇഈ
നിഗമ് നീതി അസി കഹ് സബു കോഇഈ. 4

രാജാവ് സംസാരിയ്ക്കാനാവാത്തവിധം അത്രയ്ക്കും അസ്വസ്ഥനായിരുന്നു. അമിതമായ ദു:ഖം കാരണം അദ്ദേഹത്തിന്റെ ഹൃദയത്തിൽ ദാരുണമായ വേദനയുണ്ടായിരുന്നു. അത്യന്തം സ്നേഹത്തോടെ തന്റെ പിതാവിന്റെ പാദങ്ങളിൽ തലവണങ്ങിക്കൊണ്ട് രഘുവീരൻ എഴുന്നേറ്റ് കാട്ടിലേയ്ക്ക് പോകാൻ അദ്ദേഹത്തോട് അനുവാദം ചോദിച്ചു: “പിതാവേ, അങ്ങയുടെ ആശിസ്സുകളേയും ആജ്ഞയേയും തന്നാലും. ആനന്ദിയ്ക്കേണ്ട ഈ സമയത്ത് എന്തിനാണ് നിങ്ങൾ ദു:ഖിയ്ക്കുന്നത്? പ്രിയപിതാവേ, പ്രിയമായ വസ്തുവിന്മേലുള്ള ആസക്തി കാരണം കർത്തവ്യത്തിന്റെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിയ്ക്കുന്നതിനാൽ ഒരുവന്റെ സത്കീർത്തി നഷ്ടപ്പെടുകയും അപവാദമുണ്ടാവുകയും ചെയ്യുന്നു.” ഇതു കേട്ട് രാജാവ് സ്നേഹവശംവദനായി എഴുന്നേറ്റ് രാമന്റെ കൈയ്യിൽ പിടിച്ച് അവനെ ഇരുത്തി പറഞ്ഞു: “എന്റെ കുഞ്ഞേ, കേൾക്കൂ. നിന്നെക്കുറിച്ച് മുനിമാർ പ്രഖ്യാപിയ്ക്കുന്നു: രാമൻ സകല ചരാചരങ്ങളുടേയും നായകനാണെന്നാണ്. ദൈവം നമ്മളുടെ കർമ്മങ്ങളെ, അവ നല്ലതോ, കെട്ടതോ എന്നതനുസരിച്ച് തന്റെ വിധിയെന്ന തുലാസ്സിൽ തൂക്കിനോക്കി പ്രതിഫലം തരുന്നു. കർമ്മം ചെയ്യുന്നവൻ മാത്രമാണ് തന്റെ കർമ്മങ്ങളുടെ ഫലങ്ങളെ അനുഭവിയ്ക്കുന്നത്. ഇതാണ് വേദങ്ങളുടെ നീതിയെന്ന് എല്ലാവരും പ്രഖ്യാപിയ്ക്കുന്നു.

ദോ:
ഔരു കരൈ അപരാധു കൊഉ ഔര് പാവ് ഫല് ഭോഗു,
അതി ബിചിത്ര് ഭഗവന്ത് ഗതി കോ ജഗ് ജാനൈ ജോഗു. (77)

“പക്ഷേ ഇക്കാര്യത്തിൽ, കുറ്റം ചെയ്യുന്നവനൊരുവൻ, അതിന്റെ ഫലം അനുഭവിയ്ക്കുന്നവൻ വേറൊരുവൻ. ദൈവത്തിന്റെ ഗതി അതിവിചിത്രം തന്നെ. ഈ ലോകത്തിലൊരുവനും ഇതിനെ അറിയാൻ യോഗ്യനല്ല.”(77)

ചൗ:

രായ്ँ രാമ് രാഖന് ഹിത് ലാഗീ
ബഹുത് ഉപായ് കിഏ ഛലു ത്യാഗീ,
ലഖീ രാമ് രുഖ് രഹത് ന ജാനേ
ധരമ് ധുരന്ധര് ധീര് സയാനേ. 1

തബ് നൃപ് സീയ് ലാഇ ഉര് ലീൻഹീ
അതി ഹിത് ബഹുത് ഭാँതി സിഖ് ദീൻഹീ,
കഹി ബന് കേ ദുഖ് ദുസഹ് സുനാഏ
സാസു സസുര് പിതു സുഖ് സമുഝാഏ. 2

സിയ് മനു രാമ് ചരന് അനുരാഗാ
ഘരു ന സുഗമു ബനു ബിഷമു ന ലാഗാ,
ഔരഉ സബഹിം സീയ് സമുഝാഈ
കഹി കഹി ബിപിന് ബിപതി അധികാഈ. 3

സചിവ് നാരി ഗുര് നാരി സയാനീ
സഹിത് സനേഹ് കഹഹി മൃദു ബാനീ,
തുംഹ് കഹുँ തൗ ന ദീൻഹ് ബനബാസൂ
കരഹു ജോ കഹഹി സസുര് ഗുര് സാസൂ. 4

രാജാവ് ശ്രീരാമനെ പിടിച്ചു നിർത്താൻ നിഷ്കപടതയോടെ പലവിധത്തിലുള്ള ഉപായങ്ങളും ശ്രമിച്ചുനോക്കി. പക്ഷേ ധർമ്മധുരന്ധരനും, ധീരനും, സമർത്ഥനുമായ രാമന്റെ ഉദ്ദേശത്തെ മനസ്സിലാക്കി, അവൻ താമസിയ്ക്കില്ലെന്ന് ബോധ്യമായി. അപ്പോൾ രാജാവ് സീതയെ തന്റെ മാറോടണച്ച് അത്യന്തം സ്നേഹത്തോടെ പലവിധത്തിൽ ഉപദേശിച്ചു. അദ്ദേഹം വനവാസത്തിലെ കഠിനമായ കഷ്ടങ്ങളെപ്പറ്റി വിവരിച്ച്, അവൾ തന്റെ പതിയുടെ മാതാപിതാക്കളുടെ കൂടേയോ, അഥവാ അവളുടെ പിതാവിന്റെ കൂടേയോ താമസിച്ചാലുണ്ടാവുന്ന സുഖസൗകര്യങ്ങളെപ്പറ്റി

പറഞ്ഞു. പക്ഷേ സീതയുടെ മനസ്സ് ശ്രീരാമന്റെ പാദങ്ങളിൽ ആസക്തമായിരുന്നതിനാൽ രണ്ടിടങ്ങളിലെ താമസവും അവൾക്ക് ആകർഷകമായോ, കാട് വിഷമമുള്ളതായോ തോന്നിയില്ല. ബാക്കിയുള്ള വർ എല്ലാവരും തന്നെ അവളോട് കാട്ടിലെ അസഹ്യമായ കഷ്ടപ്പാടു കളെപ്പറ്റി പറഞ്ഞുനോക്കി. മന്ത്രിയുടേയും (സുമന്ത്രൻ) ഗുരുവിന്റേയും (വസിഷ്ഠൻ) പത്നിമാരും മറ്റു സമർത്ഥകളായ സ്ത്രീകളും സ്നേഹത്തോടെ മൃദുവായ വാക്കുകളാൽ പ്രേരിപ്പിച്ചുനോക്കി: “നിന്നെ ആരും തന്നെ വനവാസത്തിന്ന് പോകാൻ പറഞ്ഞിട്ടില്ല. അതിനാൽ നിന്റെ പതിയുടെ മാതാപിതാക്കളും ഗുരുവും നിർദ്ദേശിയ്ക്കുന്നതുപോലെ ചെയ്യൂ.”

ദോ:

സിഖ് സീതലി ഹിത് മധുര് മൃദു സുനി സീതഹി ന സൊഹാനി,
സരദ് ചന്ദ് ചന്ദിനി ലഗത് ജനു ചകഈ അകുലാനി. (78)

ശീതളവും, ഹിതവും, മധുരവും, മൃദുവുമായ ഈ ഉപദേശം സീതയുടെ ചെവികൾക്ക് രോചകമായിരുന്നില്ല. അത് ശരത്കാലത്തിലെ ചന്ദ്രകിരണ ങ്ങൾ പെൺചകോരപ്പക്ഷിയെ അസ്വസ്ഥമാക്കുന്നതുപോലിരുന്നു. (78)

ചൗ:

സീയ് സകുച് ബസ് ഉതരു ന ദേഈ
സോ സുനി തമകി ഉഠീ കൈകേഈ,
മുനി പട് ഭൂഷന് ഭാജന് ആനീ
ആഗേം ധരി ബോലീ മൃദു ബാനീ. 1

നൃപഹി പ്രാനപ്രിയ് തുംഹ് രഘുബീരാ
സീല് സനേഹ് ന ഛാഡിഹി ഭീരാ,
സുകൃതു സുജസു പരലോകു നസാഊ
തുംഹഹി ജാന് ബന് കഹിഹി ന കാഊ. 2

അസ് ബിചാരി സൊഇ കരഹു ജൊ ഭാവാ
രാമ് ജനനി സിഖ് സുനി സുഖു പാവാ,
ഭുപ്ഹി ബചന് ബാന്സമ് ലാഗേ
കരഹിം ന പ്രാന് പയാന് അഭാഗേ. 3

ലോഗ് ബികല് മുരഛരിത് നരനാഹൂ
കാഹ് കരിഅ കഛരു സൂഝ് ന കാഹൂ,
രാമു തുരത് മുനി ബേഷു ബനാഈ
ചലേ ജനക് ജനനിഹി സിരു നാഈ. 4

സങ്കോചം കാരണം സീതയ്ക്ക് ഉത്തരമൊന്നും പറയാൻ കഴിഞ്ഞില്ല. പക്ഷേ അവരുടെ വാക്കുകൾ കേട്ട് കൈകേയി ക്രോധത്താൽ ആളിക്കത്തി. അവൾ താപസരുടെ വസ്ത്രങ്ങളും, ആഭരണങ്ങളും, പാത്രങ്ങളും കൊണ്ടുവന്ന് ശ്രീരാമന്റെ മുമ്പിൽ വെച്ച് മൃദുവായ വാക്കുകളാൽ പറഞ്ഞു: "ഹേ രഘുവീര, നീ രാജാവിന്ന് ജീവനെപ്പോലെ പ്രിയനാണ്. അദ്ദേഹമോ നിന്നോടുള്ള സ്നേഹവും മനശ്ചഞ്ചലതയും അകറ്റാൻ പറ്റാതെയുള്ള സ്ഥിതിയിലാണ്. അദ്ദേഹം തന്റെ സുകൃത ത്തേയും, സത്കീർത്തിയേയും, പരലോകസുഖത്തേയും നഷ്ടപ്പെടുത്തി യിട്ടുപോലും നിന്നെ കാട്ടിലേയ്ക്കു പോകാൻ പറയില്ല. ഇത് മനസ്സിലാക്കി നീ നിന്റെ ഇഷ്ടംപോലെ ചെയ്തുകൊള്ളൂ." തന്റെ ചിറ്റമ്മയുടെ ഉപദേശം കേട്ട് ശ്രീരാമൻ സന്തോഷിച്ചു. പക്ഷേ അവളുടെ വാക്കുകൾ രാജാവിനെ ശരങ്ങളെപ്പോലെ തറച്ചു. 'എന്റെ ഈ ഭാഗ്യഹീനമായ ജീവൻ പിരിഞ്ഞു പോവില്ലേ' എന്ന് അദ്ദേഹം സ്വയം പറഞ്ഞു. ജനങ്ങൾ അത്യന്തം വ്യാകുലരായി. രാജാവ് ബോധരഹിതനായി. ആരും എന്താണ് ചെയ്യേണ്ട തെന്നറിയാതെ നിന്നു. ശ്രീരാമൻ ഉടനെ താപസവേഷമണിഞ്ഞ്, തന്റെ മാതാപിതാക്കളെ തലവണങ്ങി പുറപ്പെട്ടു.

ദോ:

സജി ബന് സാജു സമാജു സബു ബനിതാ ബന്ധു സമേത്,
ബന്ദി ബിപ്ര് ഗുരു ചരന് പ്രഭു ചലേ കരി സബഹി അചേത്. (79)

വനയാത്രയ്ക്കുള്ള എല്ലാവിധ സന്നാഹങ്ങളും സജ്ജീകരണങ്ങളും ചെയ്ത് പ്രഭു പത്നിയോടും അനുജനോടും കൂടി ബ്രാഹ്മണരുടെയും ഗുരു വിന്റേയും പാദങ്ങളെ വണങ്ങി, എല്ലാവരേയും അമ്പരപ്പിച്ചുകൊണ്ട് പുറപ്പെട്ടു. (79)

ചൗ:

നികസി ബസിഷ്ഠ് ദ്വാര് ഭഎ ഠാഢേ
ദേഖേ ലോഗ് ബിരഹ് ദവ് ദാഢേ,

കഹി പ്രിയ് ബചന് സകല് സമുഝാഏ
ബിപ്രബൃന്ദ് രഘുബീര് ബൊലാഏ. 1

ഗുര് സന് കഹി ബരഷാസന് ദീൻഹേ
ആദര് ദാന് ബിനയ് ബസ് കീൻഹേ,
ജാചക് ദാന് മാന് സന്തോഷേ
മീത് പുനീത് പ്രേമ് പരിതോഷേ. 2

ദാസീം ദാസ് ബൊലാഇ ബഹോരീ
ഗുര്ഹി സൗംപി ബോലേ കര് ജോരീ,
സബ് കൈ സാര് സ്ँഭാര് ഗൊസാഇൗം
കരബി ജനക് ജനനീ കീ നാഇൗം. 3

ബാരഹിം ബാര് ജോരി ജുഗ് പാനീ
കഹത് രാമു സബ് സന് മൃദു ബാനീ,
സൊഇ സബ് ഭാँതി മോര് ഹിത്കാരീ
ജെഹി തേം രഹൈ ഭുആല് സുഖാരീ. 4

രാജഭവനത്തിൽനിന്നും പുറപ്പെട്ട് അവർ വസിഷ്ഠന്റെ ഗൃഹദ്വാരത്തിൽ വന്ന് നിന്നു. അവിടെ അവർ വരാനിരിയ്ക്കുന്ന വിരഹമെന്ന തീയിനാൽ പൊരിയ്ക്കപ്പെട്ടുകൊണ്ടിരുന്ന ജനങ്ങളെ കണ്ടു. രഘുവീരൻ പ്രിയമായ വാക്കുകൾ പറഞ്ഞ് അവരെയെല്ലാം സമാധാനിപ്പിച്ച് ബ്രാഹ്മണ സമൂഹത്തെ വിളിച്ചുവരുത്തി. അവൻ തന്റെ ഗുരുവിനോട് അവർക്ക് ഒരു വർഷത്തേയ്ക്കുള്ള ജീവനയാപനത്തിനുള്ള വക കൊടുപ്പാൻ അപേക്ഷിച്ച്, മര്യാദയാലും, ദാനത്താലും, വിനയത്താലും അവരുടെ ഹൃദയങ്ങളെ കവർന്നു. അവൻ യാചകന്മാരെ ദാനങ്ങളാലും ബഹുമാനത്താലും തൃപ്തരാക്കി. തന്റെ സുഹൃത്തുക്കളെ പാവനമായ പ്രേമത്താൽ തൃപ്തരാക്കി. പിന്നെ അവൻ തന്റെ ദാസന്മാരേയും ദാസിമാരേയും വിളിച്ച് അവരെ തന്റെ ഗുരുവിന്റെ രക്ഷണത്തിൽ സമർപ്പിച്ച് അദ്ദേഹ ത്തോട് കൈകൾ കൂപ്പിക്കൊണ്ട് പറഞ്ഞു: "സ്വാമീ, ദയവുചെയ്ത് ഇവരെ കാത്തു രക്ഷിച്ച് സ്വന്തം മാതാപിതാക്കളെപ്പോലെ വളർത്തി യാലും." കൂപ്പുകൈകളോടെ ശ്രീരാമൻ വീണ്ടും വീണ്ടും അവിടെയുണ്ടായിരുന്ന

ഓരോരുത്തരോടും മൃദുവായ വാക്കുകളിൽ പറഞ്ഞു: "രാജാവിന്ന് സന്തോഷത്തെ കൊടുക്കുവാനായി ഏതൊരുവൻ യത്നിയ്ക്കു ന്നുവോ, അവൻ മാത്രമാണ് എല്ലാവിധത്തിലും എന്റെ ഹിതകാരി."

ദോ:

മാതു സകല് മോരേ ബിരഹ് ജെഹിം ന ഹോഹിം ദുഖ് ദീന്,
സൊഇ ഉപാഇ തുംഹ് കരെഹു സബ് പുര് ജന് പരമ് പ്രബീന്. (80)

"എന്റെ അതിസമർത്ഥരായ പുരജനങ്ങളേ, എന്റെ അമ്മമാർ ആരുംതന്നെ എന്നിൽനിന്നുമുള്ള വിരഹത്താൽ ദീനരും ദു:ഖിതരുമാകാതെയിരിയ്ക്കു വാൻ നിങ്ങളെല്ലാവരും തന്നെ നോക്കിക്കൊള്ളുവിൻ." (80)

ചൗ:

എഹി ബിധി രാമ് സബ്ഹി സമുഝാവാ
ഗുരു പദ് പദുമ് ഹരഷി സിരു നാവാ,
ഗനപതി ഗൗരി ഗിരീസു മനാഇഊ
ചലേ അസീസ് പാഇ രഘുരാഇഊ. 1

രാമ് ചലത് അതി ഭയഉ ബിഷാദൂ
സുനി ന ജാഇ പുര് ആരത് നാദൂ,
കുസഗുന് ലങ്ക് അവധ് അതി സോകൂ
ഹരഷ് ബിഷാദ് ബിബസ് സുരലോകൂ. 2

ഗഇ മുരുഛാ തബ് ഭൂപതി ജാഗേ
ബോലി സുമന്ത്ര് കഹന് അസ് ലാഗേ,
രാമു ചലേ ബന് പ്രാന് ന ജാഹീം
കെഹി സുഖ് ലാഗി രഹത് തന് മാഹീം. 3

എഹി തേം കവന് ബ്യഥാ ബലവാനാ
ജോ ദുഖു പാഇ തജഹിം തനു പ്രാനാ,
പുനി ധരി ധീര് കഹഇ നരനാഹൂ
ലൈ രഥു സംഗ് സഖാ തുംഹ് ജാഹൂ. 4

ഈവിധം ശ്രീരാമൻ എല്ലാവരേയും സമാധാനിപ്പിച്ച് സന്തോഷത്തോടെ തന്റെ ഗുരുവിന്റെ പാദകമലങ്ങളിൽ തലവണങ്ങി. ഗണപതിയേയും, ഗൗരിയേയും ഗിരീശനേയും മനസ്സിൽ സ്മരിച്ചുകൊണ്ട് തന്റെ ഗുരുവിന്റെ ആശിസ്സിനെ ലഭിച്ച് രഘുരാമൻ യാത്ര തുടർന്നു. രാമൻ മുന്നോട്ടു ചെല്ലുമ്പോൾ ഭാരിച്ച വിഷാദമുണ്ടായിരുന്നു. പ്രജകളുടെ ദയനീയമായ വിലാപം കേൾക്കാൻ അസഹ്യമായിരുന്നു. ലങ്കയിൽ അപശകുനങ്ങൾ കണ്ടുതുടങ്ങി. അയോദ്ധ്യ അമിതമായ ശോകത്തിൽ മുങ്ങി. ദേവലോകത്ത് സന്തോഷവും വിഷാദവും കലർന്ന അനുഭവമായിരുന്നു. ബോധം തെളിഞ്ഞപ്പോൾ രാജാവ് ഉണർന്ന് സുമന്ത്രനെ വിളിച്ച് പറഞ്ഞു: "രാമൻ കാട്ടിലേയ്ക്ക് പുറപ്പെട്ടു കഴിഞ്ഞു. പക്ഷേ എന്റെ ജീവൻ വിട്ടു പിരിയാൻ മറുക്കുന്നു. ഈ ശരീരത്തിൽ അത് എന്ത് സന്തോഷത്തെയാണ് കണ്ടെത്താൻ ശ്രമിയ്ക്കുന്നതാണാവോ! എന്റെ ശരീരത്തിൽനിന്നും ജീവനെ ഇഴുത്തെടുക്കാൻ ഇതിലും ശക്തമായ വേദന വേറെന്താണുള്ളത്?" പിന്നെ സ്വയം ഉണർന്ന് രാജാവ് പറഞ്ഞു: "സുഹൃത്തേ, രഥത്തെ എടുത്തുകൊണ്ട് അവനെ പിന്തുടരൂ."

ദോ:

സുഠി സുകുമാര് കുമാര് ദൊഉ ജനകസുതാ സുകുമാരി,
രഥ് ചഢാഇ ദേഖ്രാഇ ബനു ഫിരെഹു ഗഏ് ദിന് ചാരി. (81)

"രണ്ടു രാജകുമാരന്മാരും അത്യന്തം കോമളഗാത്രരാണ്. ജാനകിയും സുകുമാരിയാണ്. അവരെ രഥത്തിൽ കയറ്റിക്കൊണ്ട് കാട്ടിൽ മൂന്നു നാലു ദിവസം ചുറ്റി കാണിച്ചു കൊടുത്ത ശേഷം അവരോടുകൂടി തിരിച്ചു വരൂ." (81)

ചൗ:

ജൗം നഹിം ഫിരഹിം ധീര് ദൊഉ ഭാഈ
സത്യസന്ധ് ദൃഢവ്രത് രഘുരാഈ,
തൗ തുംഹ് ബിനയ് കരെഹു കര് ജോരി
ഫിരിഅ പ്രഭു മിഥിലേസ് കിസോരീ. 1

ജബ് സിയ് കാനന് ദേഖി ഡെരാഈ
കഹെഹു മോരി സിഖ് അവസരു പാഈ,

സാസു സസുര് അസ് കഹെഉ സ്ँദേസൂ
പുത്രി ഫിരിഅ ബന് ബഹുത് കലേസൂ. 2

പിതൃഗൃഹ് കബഹുँ കബഹുँ സസുരാരീ
രഹെഹു ജഹാँ രുചി ഹോഇ തുംഹാരീ,
എഹി ബിധി കരെഹു ഉപായ് കദംബാ
ഫിരഇ ത് ഹോഇ പ്രാന് അവലംബാ. 3

നാഹിം ത് മോര് മരനു പരിനാമാ
കഛു ന ബസാഇ ഭഏँ ബിധി ബാമാ,
അസ് കഹി മുരഛി പരാ മഹി രാഊ
രാമു ലഖനു സിയ് ആനി ദെഖാഊ. 4

“ധീരന്മാരായ രണ്ടു സഹോദരന്മാരും മടങ്ങിവരാൻ മറുത്താൽ – എന്തെന്നാൽ രഘുരാമൻ സത്യസന്ധനും ദൃഢവ്രതനുമാണ് – പിന്നെ അവനോട് കൈകൾ കൂപ്പിക്കൊണ്ടപേക്ഷിയ്ക്കൂ: 'പ്രഭോ, മൈഥിലിയെ ദയവുചെയ്ത് തിരിച്ചയച്ചാലും.' കാടിനെ കണ്ട് സീത ഭിതിയടയു മ്പോൾ അവസരം കണ്ട് എന്റെ ഉപദേശത്തെ അവളോട് പറയൂ: 'നിന്റെ പതിയുടെ മാതാപിതാക്കൾ ഈ സന്ദേശം നിനക്ക് അയച്ചിരിയ്ക്കുന്നു: എന്റെ പുത്രി, വീട്ടിലേയ്ക്ക് തിരിച്ചുവരൂ. കാട്ടിൽ വലിയ ക്ലേശമുണ്ട്. നിന്റെ മാതാപിതാക്കളുടെ കൂടെയും, നിന്റെ പതിയുടെ വീട്ടിലും – എവിടെ നിനക്കിഷ്ടമോ, അവിടെ താമസിച്ചുകൊള്ളൂ.' ഈവിധം ആവുന്ന വിധമെല്ലാം ശ്രമിച്ചു നോക്കൂ. അവൾ മടങ്ങിവരുന്നതാണെങ്കിൽ എന്റെ ജീവന്ന് ആധാരമായിരിയ്ക്കും. അല്ലെങ്കിൽ ഇതെല്ലാം തന്നെ എന്റെ മരണത്തിൽ അവസാനിയ്ക്കും. പ്രതികൂലമായ വിധിയ്ക്കെതിരായി ഒന്നും തന്നെ ഫലിയ്ക്കില്ല.” “രാമനേയും, ലക്ഷ്മണനേയും, സീതയേയും കൊണ്ടുവന്ന് കാണിച്ചു തരൂ” എന്നു പറഞ്ഞുകൊണ്ട് രാജാവ് ബോധം കെട്ട് നിലത്ത് വീണു.

ദോ:

പാഇ രജായസു നാഇ സിരു രഥു അതി ബേഗ് ബനാഇ,
ഗയഉ ജഹാँ ബാഹെര് നഗര് സീയ് സഹിത് ദൊഉ ഭാഇ. (82)

രാജാവിന്റെ ആദേശം ലഭിച്ച് സുമന്ത്രൻ അദ്ദേഹത്തെ തലവണങ്ങി, അതിവേഗതയുള്ള ഒരു രഥത്തെ തയ്യാറാക്കി നഗരത്തിന്റെ പുറത്ത് സീതയും രണ്ടു സഹോദരന്മാരും ഇരുന്നിരുന്ന സ്ഥലത്തേയ്ക്ക് ചെന്നു.(82)

ചൗ:

തബ് സുമന്ത്ര് നൃപ് ബചന് സുനാഏ
കരി ബിനതീ രഥ് രാമു ചഢാഏ,
ചഢി രഥ് സീയ് സഹിത് ദൊഉ ഭാഈ
ചലേ ഹൃദയ്ँ അവധ്ഹി സിരു നാഈ. 1

ചലത് രാമു ലഖി അവധ് അനാഥാ
ബികല് ലോഗ് സബ് ലാഗേ സാഥാ,
കൃപാസിന്ധു ബഹുബിധി സമുഝാവഹിം
ഫിരഹിം പ്രേമ് ബസ് പുനി ഫിരി ആവഹിം. 2

ലാഗതി അവധ് ഭയാവനി ഭാരീ
മാനഹുँ കാലരാതി അँധിആരീ,
ഘോര് ജന്തു സമ് പുര് നര് നാരീ
ഡര്പഹിം ഏക്ഹി ഏക് നിഹാരീ. 3

ഘര് മസാന് പരിജന് ജനു ഭൂതാ
സുത് ഹിത് മീത് മനഹുँ ജമദൂതാ,
ബാഗൻഹ് ബിടപ് ബേലി കുംഹിലാഹീം
സരിത് സരോവര് ദേഖി ന ജാഹീം. 4

സുമന്ത്രൻ അവർക്ക് രാജാവിന്റെ സന്ദേശം അറിയിച്ച് താഴ്മയോടെ ശ്രീരാമനോട് രഥത്തിൽ കയറാനപേക്ഷിച്ചു. രഥത്തിൽ കയറി സീതയും രണ്ടു സഹോദരന്മാരും മനസാ അയോദ്ധ്യയെ വണങ്ങിക്കൊണ്ട് യാത്ര പുറപ്പെട്ടു. ശ്രീരാമൻ പോയശേഷം അയോദ്ധ്യയെ അനാഥമായിക്കണ്ട് അവിടെക്കൂടിയിരുന്നവരെല്ലാവരും വ്യാകുലമായ മനസ്സോടെ അവരെ പിന്തുടർന്നുചെന്നു. കൃപാസിന്ധുവായ രാമൻ പലവിധത്തിൽ അവരെ പറഞ്ഞു മനസ്സിലാക്കിയപ്പോൾ അവർ തിരിച്ചു ചെന്നു. പക്ഷേ സ്നേഹവശംവദരായി അവർ തിരിച്ചുവന്ന് വീണ്ടും അവരോട് ചേർന്നു.

അയോദ്ധ്യ കാളരാത്രിയിലെ കൂരിരുട്ടിനെപ്പോലെ അത്യന്തം ഭയങ്കരമായി കാണപ്പെട്ടു. നഗരത്തിലെ പുരുഷന്മാരും സ്ത്രീകളും ഘോരജന്തുക്കളെ പ്പോലെ കാണപ്പെട്ടു. അവർ പരസ്പരം കാണാൻ തന്നെ ഭയപ്പെട്ടു. അവരുടെ വീടുകൾ അനവധി ശ്മശാനങ്ങളെപ്പോലെയും, അതിൽ വസിയ്ക്കുന്നവർ ഭുതങ്ങളെപ്പോലെയും, അവരുടെ പുത്രന്മാരും, ബന്ധു ക്കളും, സുഹൃത്തുക്കളും യമദൂതന്മാരെപ്പോലെയും കാണപ്പെട്ടു. ഉദ്യാന ങ്ങളിലെ വൃക്ഷങ്ങളും വള്ളികളും വാടി; നദികളും കുളങ്ങളും കാണാൻ കൊള്ളാത്തതായിരുന്നു.

ദോ:

ഹയ് ഗയ് കോടിൻഹ് കേലിമൃഗ് പുരപസു ചാതക് മോര്,
പിക് രഥാംഗ് സുക് സാരികാ സാരസ് ഹംസ് ചകോര്. (83)

കോടിക്കണക്കിലുള്ള കുതിരകളും, ആനകളും, ക്രീഡാമൃഗങ്ങളും, നാല്ക്കാലികളും, ചാതകപ്പക്ഷികളും, കുയിലുകളും, ചക്രവാകപ്പക്ഷികളും, കിളികളും, മൈനകളും, കൊക്കുകളും, ഹംസങ്ങളും, ചകോരപ്പക്ഷി കളും...... (83)

ചൗ:

രാമ ബിയോഗ് ബികല് സബ് ഠാഢേ
ജഹ് തഹ് മനഹു ചിത്ര് ലിഖി കാഢേ,
നഗരു സഫല് ബനു ഗഹ്ബര് ഭാരീ
ഖഗ് മൃഗ് ബിപുല് സകല് നര് നാരീ. 1

ബിധി കൈകഈ കിരാതിനി കീൻഹീ
ജെഹി ദവ് ദുസഹ് ദസ്ഹു ദിസി ദീൻഹീ,
സഹി ന സകേ രഘുബര് ബിരഹാഗീ
ചലേ ലോഗ് സബ് ബ്യാകുല് ഭാഗീ. 2

സബ്ഹി ബിചാരു കീൻഹ് മന് മാഹീം
രാമ് ലഖന് സിയ് ബിനു സുഖു നാഹീം,
ജഹാ രാമു തഹ് സബുഇ സമാജൂ
ബിനു രഘുബീര് അവധ് നഹിം കാജൂ. 3

ചലേ സാഥ് അസ് മന്ത്രു ദൃഢാഈ
സുര് ദുർലഭ് സുഖ് സദന് ബിഹാഈ,
രാമ് ചരന് പങ്കജ് പ്രിയ് ജിൻഹഹീ
ബിഷയ് ഭോഗ് ബസ് കരഹി കി തിൻഹഹീ. 4

.....എല്ലാം തന്നെ ശ്രീരാമന്റെ വിയോഗത്തിൽ അസ്വസ്ഥമായി നിന്നിരുന്നു. അവയെല്ലാം തന്നെ അവിടവിടെ വരയ്ക്കപ്പെട്ട ചിത്രങ്ങളെ പ്പോലെ കാണപ്പെട്ടു. നഗരം ഫലങ്ങളെക്കൊണ്ട് നിറഞ്ഞ തിങ്ങിയ, വിശാലമായ വനത്തെപ്പോലെയും, അതിലെ പുരുഷന്മാരും സ്ത്രീകളും അനവധി പക്ഷികളേയും മൃഗങ്ങളേയും പോലെയുമിരുന്നു. ദൈവം കൈകേയിയ്ക്ക്, കാട്ടിനെ മുഴുവനും ചുട്ടെരിയിയ്ക്കുന്ന കിരാതിനിയുടെ ഭാഗം കൊടുത്തിരുന്നു. ജനങ്ങൾക്ക് ശ്രീരാമനിൽനിന്നുമുള്ള വിയോഗം അസഹ്യമായിരുന്നു. അവരെല്ലാവരും വ്യാകുലതയോടെ ഓടിപ്പോയി. അവരെല്ലാവരും തങ്ങളുടെ മനസ്സിൽ ഈ തീരുമാനത്തിലെത്തി: 'രാമനും, ലക്ഷ്മണനും, സീതയുമില്ലാതെ ഒരു സന്തോഷവുമില്ല. സമാജം മുഴുവനും തന്നെ രാമൻ താമസിയ്ക്കുന്നിടത്ത് താമസിയ്ക്കും. രഘുവീരനില്ലാതെ നമുക്ക് അയോദ്ധ്യയിൽ യാതൊരു കാര്യവുമില്ല.' ഈവിധം ദൃഢനിശ്ചയം ചെയ്തുകൊണ്ട് അവർ ദേവന്മാർപോലും അസൂയപ്പെട്ടിരുന്ന ഗൃഹസുഖങ്ങളെ ത്യജിച്ച് അവനെ പിന്തുടർന്നു. ശ്രീരാമന്റെ പാദകമലങ്ങളിൽ ഭക്തിയുള്ളവരെ വിഷയസുഖങ്ങൾക്ക് അതിക്രമിയ്ക്കാനാവുമോ?

ദോ:

ബാലക് ബൃദ്ധ് ബിഹാഇ ഗൃഹം ലഗേ ലോഗ് സബ് സാഥ്,
തമസാ തീര് നിവാസു കിയ് പ്രഥമ് ദിവസ് രഘുനാഥ്. (84)

കുഞ്ഞുങ്ങളേയും വൃദ്ധന്മാരേയും അവരുടെ വീടുകളിൽ വിട്ടിട്ട് പ്രജകൾ ശ്രീരാമനെ അനുഗമിച്ചു. രഘുനാഥൻ ആദ്യദിവസത്തെ താമസം തമസാ നദിക്കരയിലാക്കി. (84)

ചൗ:

രഘുപതി പ്രജാ പ്രേമബസ് ദേഖീ
സദയ് ഹൃദയ് ദുഖു ഭയഉ ബിസേഷീ,

കരുനാമയ് രഘുനാഥ് ഗൊസാ*ഈ
ബേഗി പാഇഅഹിം പീര് പരാഈ. 1

കഹി സപ്രേമ് മൃദു ബചന് സുഹാഏ
ബഹുബിധി രാമ് ലോഗ് സമുഝാഏ,
കിഏ ധരമ് ഉപദേസ് ഘനേരേ
ലോഗ് പ്രേമ് ബസ് ഫിരഹി ന ഫേരേ. 2

സീലു സനേഹു ഛാഡി നഹിം ജാഈ
അസമംജസ് ബസ് ഭേ രഘുരാഈ,
ലോഗ് സോഗ് ശ്രമ് ബസ് ഗഏ സോഈ
കഛുക് ദേവമായാ* മതി മോഈ. 3

ജബ്ഹി ജാമ് ജുഗ് ജാമിനി ബീതീ
രാമ് സചിവ് സന് കഹെഉ സപ്രീതീ,
ഖോജ് മാരി രഥു ഹാ*കഹു താതാ
ആന് ഉപായ്* ബനിഹി നഹിം ബാതാ. 4

പ്രജകളെ പ്രേമവിവശരായി കണ്ട രഘുപതിയുടെ മൃദുവായ ഹൃദയം തികച്ചും ദു:ഖിച്ചു. കരുണാമയനായ പ്രഭു ശ്രീരാമൻ മറ്റുള്ളവരുടെ വേദനയാൽ ഉടൻതന്നെ വികാരഭരിതനായിത്തീരുന്നു. സ്നേഹമയവും, മൃദുവും, ഹിതവുമായ വാക്കുകൾ കൊണ്ട് അവനവരെ പലവിധത്തിൽ സമാധാനിപ്പിച്ചു. അവൻ അവർക്ക് ആഴ്ന്ന ധർമ്മോപദേശങ്ങളും കൊടുത്തു, പക്ഷേ ജനങ്ങൾ തിരിച്ചുപോവാൻ പറഞ്ഞാലും, അവന്മേലുള്ള പ്രേമം കാരണം തിരിച്ചുപോയില്ല. രഘുരാമന്ന് തന്റെ സൗശീല്യത്തേയും സ്നേഹത്തേയും വിടാൻ കഴിഞ്ഞില്ല. അവൻ തന്നെ ധർമ്മസങ്കടത്തിലായിക്കണ്ടു. ശോകത്താലും ശ്രമത്താലും അതിക്രാന്ത രായ ജനങ്ങൾ ഉറങ്ങിപ്പോയി; പിന്നെ ദേവന്മാരുടെമായ അവരുടെ മനസ്സിനെ നിശ്ചേതനമാക്കി. രാത്രിയിലെ രണ്ടു യാമങ്ങൾ കഴിഞ്ഞപ്പോൾ ശ്രീരാമൻ മന്ത്രിയോട് പ്രീതിയോടെ പറഞ്ഞു: “പിതാവേ, രഥത്തെ ചക്രത്തിന്റെ പാടുകൾ അറിയാതിരിയ്ക്കത്തക്കവിധം അങ്ങോട്ടുമിങ്ങോട്ടും ഓടിയ്ക്കുവിൻ. ആതല്ലാതെ നമ്മുടെ കാര്യസിദ്ധിയ്ക്ക് വേറൊരു മാർഗ്ഗവുമില്ല.”

ദോ:

രാമ് ലഖന് സിയ് ജാന് ചഢി സംഭു ചരന് സിരു നാഇ,
സചിവ്ँ ചലായഉ തുരത് രഥു ഇത് ഉത് ഖോജ് ദുരാഇ. (85)

ശംഭുവിന്റെ പാദങ്ങളിൽ തലവണങ്ങിക്കൊണ്ട് രാമനും ലക്ഷ്മണനും സീതയും രഥത്തിൽ കയറി. മന്ത്രി ഉടനെ രഥത്തെ ഒരിക്കൽ ഒരു ദിശയിലും പിന്നെ മറ്റൊരു ദിശയിലും, തിരിച്ചും മറിച്ചും ഓട്ടി, പോയ പാടുകളെ തിരിച്ചറിയാനാകാത്തവിധം ഓട്ടിച്ചെന്നു. (85)

ചൗ:

ജാഗേ സകല് ലോഗ് ഭഎँ ഭോരൂ
ഗേ രഘുനാഥ് ഭയഉ അതി സോരൂ,
രഥ് കര് ഖോജ് കതഹുँ നഹിം പാവഹിം
രാമ് രാമ് കഹി ചഹുँ ദിസി ധാവഹിം. 1

മനഹുँ ബാരിനിധി ബൂഡ് ജഹാജൂ
ഭയഉ ബികല് ബഡ് ബനിക് സമാജൂ,
ഏകഹി ഏക് ദേഹി ഉപദേസൂ
തജേ രാമ് ഹമ് ജാനി കലേസൂ. 2

നിന്ദഹിം ആപു സരാഹഹിം മീനാ
ധിഗ് ജീവനു രഘുബീര് ബിഹീനാ,
ജൗം പൈ പ്രിയ് ബിയോഗു ബിധി കീൻഹാ
തൗ കസ് മരനു ന മാഗേം ദീൻഹാ. 3

എഹി ബിധി കരത് പ്രലാപ് കലാപാ
ആഏ അവധ് ഭരേ പരിതാപാ,
ബിഷമ് ബിയോഗ് ന ജാഇ ബഖാനാ
അവധി ആസ് സബ് രാഖഹിം പ്രാനാ. 4

ജനങ്ങളെല്ലാവരും പുലർന്നപ്പോൾ എഴുന്നേറ്റു. “രഘുനാഥൻ പോയ്ക്കഴിഞ്ഞു.” അവർ ഉറക്കെ കത്തി. രഥം പോയതിന്റെ അടയാളമൊന്നും കാണാനില്ലായിരുന്നു. അവർ നാലു ദിക്കുകളിലും “രാമ, ഹേ രാമ” എന്ന് കരഞ്ഞുകൊണ്ട് ഓടി. അത് സമുദ്രത്തിൽ തോണി മുങ്ങിയപോലെയും,

അതിലെ വ്യാപാരികൾ അത്യന്തം ക്ഷുബ്ധരായപോലെയുമിരുന്നു. ഓരോരുത്തരും മറ്റേവരോട് രാമൻ തങ്ങളുടെ കഷ്ടങ്ങളെ കണ്ട് തങ്ങളെ കൈവിട്ടുവെന്ന് പറഞ്ഞു കൊണ്ടിരുന്നു. അവർ സ്വയം നിന്ദിച്ചുകൊണ്ട് (വെള്ളത്തിൽനിന്നും കരയിലേയ്ക്ക് എറിയപ്പെട്ട ഉടൻ മരിച്ചുപോയ) മീനിനെ പ്രശംസിയ്ക്കുകയും ചെയ്തു. അവർ പരസ്പരം പറഞ്ഞു: "രഘുവീരനില്ലാത്ത നമ്മുടെ ജീവിതം ശപിയ്ക്കപ്പെട്ടതാണ്. ദൈവത്തിന് നമ്മെ നമ്മുടെ പ്രിയനിൽനിന്നും പിരിയ്ക്കാമെങ്കിൽ എന്തുകൊണ്ടാണ് അവൻ നമുക്ക് ചോദിച്ചതും മരണത്തെ തരാത്തത്?" ഈവിധം അവർ പലവിധത്തിൽ പുലമ്പിക്കൊണ്ട് ദു:ഖഭരിതരായി അയോദ്ധ്യയിലേയ്ക്ക് തിരിച്ചുചെന്നു. വിയോഗത്താലുണ്ടായ വിഷമം വർണ്ണിയ്ക്കാനാവാത്തതായിരുന്നു. എല്ലാവരും, രാമൻ വനവാസം കഴിഞ്ഞ് തിരിച്ചു വരുമ്പോൾ അവനെ കാണാമല്ലോ എന്ന ആശയോടെ അതിജീവിച്ചുകൊണ്ടിരുന്നു.

ദോ:

രാമ് ദരസ് ഹിത് നേമ് ബ്രത് ലഗേ കരന് നര് നാരി,
മനഹു̐ കോക് കോകീ കമല് ദീന് ബിഹീന് തമാരി. (86)

പുരുഷന്മാരും സ്ത്രീകളും ഒരുപോലെ ശ്രീരാമന്റെ (തിരിച്ചുവന്ന്) ദർശനത്തിന്നായി നിയമങ്ങളും വ്രതങ്ങളും അനുഷ്ഠിച്ചു. സൂര്യന്റെ അഭാവ ത്തിൽ തപിയ്ക്കുന്ന ചക്രവാകപ്പക്ഷികളെപ്പോലെയും താമരപ്പൂക്കളെ പ്പോലെയും അവർ ദീനദശയിലായിരുന്നു. (86)

ചൗ:

സീതാ സചിവ് സഹിത് ദൊഉ ഭാഈ
സൃംഗബേര്പുര് പഹു̐ചേ ജാഈ,
ഉതരേരാമു ദേവസരി ദേഖീ
കീൻഹ് ദണ്ഡവത് ഹരഷു ബിസേഷീ. 1

ലഖന് സചിവ̐ സിയ̐ കിഏ പ്രനാമാ
സബ്ഹി സഹിത് സുഖു പായഉ രാമാ,
ഗംഗ് സകല് മുദ് മംഗല് മൂലാ
സബ് സുഖ് കരനി ഹരനി സബ് ശൂലാ. 2

കഹി കഹി കോടിക് കഥാ പ്രസംഗാ
രാമ് ബിലോകഹിം ഗംഗ് തരംഗാ,
സചിവ്ഹി അനുജ്ഹി പ്രിയ്ഹി സുനാഇൗ
ബിബുധ് നദീ മഹിമാ അധികാഇൗ. 3

മജ്ജനു കീൻഹ് പംഥ് ശ്രമ് ഗയഊ
സുചി ജലു പിഅത് മുദിത് മന് ഭയഊ,
സുമിരത് ജാഹി മിടഇ ശ്രമ് ഭാരൂ
തെഹി ശ്രമ് യഹ് ലൗകിക് ബ്യവഹാരൂ. 4

സീതയോടും മന്ത്രിയോടും കൂടി രണ്ടു സഹോദരന്മാരും ശൃംഗവേരപുരത്തിലെത്തി. ദേവനദിയായ ഗംഗയെ കണ്ട് ശ്രീരാമൻ രഥത്തിൽനിന്നും ഇറങ്ങി അത്യന്തം ഹർഷത്തോടെ നിലത്ത് ദണ്ഡനമസ്കാരം ചെയ്തു. ലക്ഷ്മണനും, സീതയും, മന്ത്രിയും ഗംഗയെ വന്ദിച്ചു. ശ്രീരാമൻ അവരെല്ലാവരോടും കൂടി സുഖമനുഭവിച്ചു. എല്ലാ ആനന്ദങ്ങൾക്കും മംഗളങ്ങൾക്കും മൂലമായ ഗംഗ എല്ലാവിധ സുഖങ്ങളേയും തന്ന് എല്ലാ ദു:ഖങ്ങളേയും അകറ്റുന്നു. ഗംഗയെപ്പറ്റിയ അനവധി കഥകൾ പറഞ്ഞു കൊണ്ട് ശ്രീരാമൻ ഗംഗയുടെ അലകളെ നോക്കിക്കൊണ്ട് മന്ത്രിയോടും, അനുജനോടും, പ്രിയതമയോടും ദേവനദിയുടെ അപാരമായ മഹിമയെപ്പറ്റി പറഞ്ഞു. നദിയിൽ മുങ്ങിക്കുളിച്ചപ്പോൾ അവരുടെ യാത്രാക്ഷീണമെല്ലാം പറന്നു. അതിന്റെ പുണ്യജലത്തെ കുടിച്ചപ്പോൾ അവരുടെ ഹൃദയങ്ങൾ സന്തോഷിച്ചു. ഏതൊരുവന്റെ സ്മരണമാത്രയിൽ ജനനമരണചക്രമെന്ന ഭാരിച്ച ശ്രമമില്ലാതാകുന്നുവോ, അവൻ ക്ഷീണിതനായി എന്നത് അവൻ ലോകത്തിന്റെ ഗതിയെ അനുകരിയ്ക്കുന്നുവെന്നതിനെ കാണിയ്ക്കുന്നു.

ദോ:
സുദ്ധ് സച്ചിദാനന്ദമയ് കന്ദ് ഭാനുകുല കേതു,
ചരിത് കരത് നര് അനുഹരത് സംസൃതി സാഗര് സേതു. (87)

ശുദ്ധസച്ചദാനന്ദമയനായ, സൂര്യവംശതിലകനായ പ്രഭു സാധാരണ മനുഷ്യരെപ്പോലെ കാര്യങ്ങൾ ചെയ്തു. അത് സംസാരസാഗരത്തെ കടക്കാനുള്ള പാലമാണ്. (87)

ചൗ:

യഹ് സുധി ഗുഹ് നിഷാദ് ജബ് പാഈ
മുദിത് ലിഏ പ്രിയ് ബന്ധു ബൊലാഈ,
ലിഏ ഫല് മൂല് ഭേട് ഭരി ഭാരാ
മിലന് ചലെഉ ഹിയ് ഹരഷു അപാരാ. 1

കരി ദണ്ഡവത് ഭേട് ധരി ആഗേം
പ്രഭുഹി ബിലോകത് അതി അനുരാഗേം,
സഹജ് സനേഹ് ബിബസ് രഘുരാഈ
പൂഛി കുസല് നികട് ബൈഠാഈ. 2

നാഥ് കുസല് പദ് പങ്കജ് ദേഖേം
ഭയഉം ഭാഗ്ഭാജന് ജന് ലേഖേം,
ദേവ് ധരനി ധനു ധാമു തുംഹാരാ
മൈം ജനു നീചു സഹിത് പരിവാരാ. 3

കൃപാ കരിഅ പുര് ധാരിഅ പാഊ
ഥാപിഅ ജനു സബു ലോഗു സിഹാഊ,
കഹെഹു സത്യ് സബു സഖാ സുജാനാ
മോഹി ദീൻഹ് പിതു ആയസു ആനാ. 4

നിഷാദനായ ഗുഹൻ വർത്തമാനമറിഞ്ഞപ്പോൾ അവൻ തന്റെ ബന്ധുജനങ്ങളോടുകൂടി, കന്ദമൂലഫലാദികളെ കൊട്ടകളിൽ ഉപഹാരമായെടുത്തുകൊണ്ട് അമിതമായ ആനന്ദത്തോടെ പ്രഭുവിനെ കണ്ടുമുട്ടുവാൻ ചെന്നു. നിലത്ത് ദണ്ഡനമസ്കാരം ചെയ്ത് പ്രഭുവിന്റെ മുമ്പിൽ ഉപഹാരങ്ങളെ വെച്ച് അവനെ അത്യന്തം സ്നേഹത്തോടെ നോക്കിനിന്നു. സഹജമായ സ്നേഹത്താൽ വശപ്പെടുന്ന രഘുരാമൻ അവനെ തന്റെ അടുത്തിരുത്തി കുശലപ്രശ്നം ചെയ്തു. "നാഥ, അങ്ങയുടെ പാദകമലങ്ങളുടെ ദർശനം എല്ലാ കുശലങ്ങളുടേയും മൂലമാണ്. ഇപ്പോൾ ഞാൻ എന്നെ ഭാഗ്യശാലി

യെന്ന് കണക്കാക്കാം. ഹേ ദേവ, എന്റെ ഭൂമിയും, വീടും, ധനവും അങ്ങയുടേതാണ്. ഞാനും എന്റെ കുടുംബവും അങ്ങയുടെ അടിമ കളാണ്. എന്റെ ഗ്രാമത്തിൽ വന്ന് എന്മേൽ കൃപ കാണിച്ചാലും. എല്ലാവരും എന്റെ ഭാഗ്യത്തെ കണ്ട് അസൂയപ്പെടട്ടെ." "ഹേ ജ്ഞാനിയായ സുഹൃത്തേ, നീ പറഞ്ഞതെല്ലാം സത്യമാണ്. പക്ഷേ എന്റെ പിതാവ് മറിച്ചാണ് എന്നെ ആജ്ഞാപിച്ചിട്ടുള്ളത്."

ദോ:

ബരഷ് ചാരിദസ് ബാസു ബന് മുനി ബ്രത് ബേഷു അഹാരു,
ഗ്രാമ് ബാസു നഹിം ഉചിത് സുനി ഗുഹഹി ഭയഉ ദുഖു ഭാരു. (88)

"പതിന്നാലു വർഷത്തേയ്ക്ക് കാടാണ് എന്റെ വസതി. എന്റെ ജീവിത രീതിയും, വേഷവും, ആഹാരവും മുനിയുടേതുപോലെയാണ്. അതിനാ ലെനിയ്ക്ക് ഗ്രാമവാസം ഉചിതമല്ല." ഇതു കേട്ട് ഗുഹൻ അത്യന്തം ദു:ഖിതനായി. (88)

ചൗ:

രാമ് ലഖന് സിയ് രൂപ് നിഹാരീ
കഹഹിം സപ്രേമ് ഗ്രാമ് നര് നാരീ,
തേ പിതു മാതു കഹഹു സഖി കൈസേ
ജിൻഹ് പഠഏ ബന് ബാലക് ഐസേ. 1

ഏക് കഹഹിം ഭല് ഭൂപതി കീൻഹാ
ലോയന് ലാഹു ഹമ്ഹി ബിധി ദീൻഹാ,
തബ് നിഷാദ്പതി ഉര് അനുമാനാ
തരു സിംസുപാ മനോഹര് ജാനാ. 2

ലൈ രഘുനാഥ്ഹി ഠാഉँ ദെഖാവാ
കഹെഉ രാമ് സബ് ഭാँതി സുഹാവാ,
പുരജന് കരി ജൊഹാരു ഘര് ആഏ
രഘുബര് സന്ധ്യാ കരന് സിധാഏ. 3

ഗുഹ്ँ സ്ँവാരി സാँഥരീ ഡസാഈ
കുസ് കിസലയ്മയ് മൃദുല് സുഹാഈ,
സുചി ഫല് മൂല് മധുര് മൃദു ജാനീ
ദോനാ ഭരി ഭരി രാഖെസി പാനീ. 4

രാമന്റേയും, ലക്ഷ്മണന്റേയും, സീതയുടേയും രൂപസൗന്ദര്യത്തെ കണ്ട് ഗ്രാമത്തിലെ സ്ത്രീകൾ പ്രേമത്തോടെ പറഞ്ഞു: "സഖി, ഇങ്ങനെയുള്ള ബാലന്മാരെ കാട്ടിലേയ്ക്കയച്ചവർ ഏതു വിധത്തിലുള്ള മാതാപിതാക്കളായിരിയ്ക്കണം?" ഒരുവൻ പറഞ്ഞു: "രാജാവ് ചെയ്തത് നന്നായി. ഈവിധം ദൈവം നമ്മുടെ കണ്ണുകളെ ചാരിതാർത്ഥ്യമാക്കീട്ടുണ്ട്." നിഷാദരാജൻ മനസ്സിൽ സ്വയം ചിന്തിച്ചു. പിന്നെ ഒരു മനോഹരമായ അശോക വൃക്ഷത്തെ കണ്ടു. അവൻ രഘുനാഥനെ ആ സ്ഥലത്തേയ്ക്ക് കൊണ്ടുപോയി കാണിച്ചുകൊടുത്തു. ആ സ്ഥലം എല്ലാവിധത്തിലും സുന്ദരമാണെന്ന് രാമൻ പറഞ്ഞു. ഗ്രാമജനങ്ങൾ അവനെ ബഹുമാനിച്ചശേഷം തങ്ങളുടെ വീടുകളിലേയ്ക്ക് മടങ്ങിച്ചെന്നു. രഘുവരൻ സന്ധ്യാകർമ്മങ്ങൾ കഴിയ്ക്കാൻ ചെന്നു. ഇതിനിടയിൽ ഗുഹൻ ദർഭപ്പുല്ലുകളും തളിരിലകളും കൊണ്ട് മൃദുവായ കിടയ്ക്ക തയ്യാറാക്കി അതിനെ നിലത്ത് വിരിച്ചു. അവൻ പിന്നെ ഇലകൾ കൊണ്ടുള്ള ദൊന്നകളൾ നിറയെ ശുചിയും, മൃദുവും, മധുരവുമായ ഫലങ്ങളും മൂലങ്ങളും രാമന്റെ അടുത്ത് വെച്ചു.

ദോ:

സിയ് സുമന്ത്ര് ഭ്രാതാ സഹിത് കന്ദ് മൂല് ഫല് ഖാഇ,
സയന് കീൻഹ് രഘുബംസമനി പായ് പലോടത് ഭാഇ. (89)

കന്ദമൂലഫലങ്ങളെ സീതയോടും, സുമന്ത്രനോടും, സഹോദരനോടും കൂടി കഴിച്ചശേഷം രഘുകുലതിലകൻ, അവന്റെ അനുജൻ പാദങ്ങളെ തിരുമ്മിക്കൊണ്ട്, ഉറങ്ങുവാൻ കിടന്നു. (89)

ചൗ:

ഉഠേ ലഖനു പ്രഭു സോവത് ജാനീ
കഹി സചിവ്ഹി സോവന് മൃദു ബാനീ,
കഛുക് ദൂര് സജി ബാന് സരാസന്
ജാഗന് ലഗേ ബൈഠി ബീരാസന്. 1

ഗുഹ് ബൊലാഇ പാഹരൂ പ്രതീതീ
ഠാവ് ഠാവ് രാഖേ അതി പ്രീതീ,
ആപു ലഖന് പഹിം ബൈഠെഉ ജാഈ
കടി ഭാഥീ സര് ചാപ് ചഢാഈ. 2

സോവത് പ്രഭുഹി നിഹാരി നിഷാദൂ
ഭയഉ പ്രേമ് ബസ് ഹൃദയ് ബിഷാദൂ,
തനു പുലകിത് ജലു ലോചന് ബഹഈ
ബചന് സപ്രേമ് ലഖന് സന് കഹഈ. 3

ഭൂപതി ഭവന് സുഭായ് സുഹാവാ
സുരപതി സദനു ന പട്തര് പാവാ,
മനിമയ് രചിത് ചാരു ചൗബാരേ
ജനു രതിപതി നിജ് ഹാഥ് സ്വാരേ. 4

തന്റെ സ്വാമി ഉറങ്ങിയെന്നു കണ്ട് ലക്ഷ്മണൻ എഴുന്നേറ്റ് മന്ത്രിയോട് മൃദുസ്വരത്തിൽ ഉറങ്ങുവാൻ പറഞ്ഞു. കുറച്ചകലെയായി അവൻ തന്റെ വില്ലും ശരങ്ങളും എടുത്തുകൊണ്ട് ഒരു വീരന്റെ നിലയിൽ ഇരുന്നു കൊണ്ട് കാവലിരുന്നു. ഗുഹൻ തന്റെ വിശ്വസ്തന്മാരായ കാവൽക്കാരെ വിളിച്ച് അത്യന്തം പ്രീതിയോടെ അവരെ പല സ്ഥലങ്ങളിൽ കാവൽ നിർത്തി. അവൻ സ്വയം ശരക്കൂടിനെ അരയിൽ കെട്ടി, ഒരു ശരത്തെ വില്ലിൽ കോർത്ത് ലക്ഷ്മണന്റെ സമീപത്തിൽ ചെന്നിരുന്നു. തന്റെ സ്വാമി (പുല്ലും ഇലകളും കൊണ്ടുണ്ടാക്കിയ കിടക്കയിൽ) കിടന്നുറങ്ങു ന്നതു കണ്ട് നിഷാദൻ പ്രേമവശനായി മനസ്സിൽ അത്യന്തം ദുഃഖിതനായി. അവന്റെ ശരീരം പുളകം കൊണ്ട്, കണ്ണീർ നിറഞ്ഞുവഴിഞ്ഞുകൊണ്ട് ലക്ഷ്മണനോട് സ്നേഹത്തോടെ ഈവിധം പറഞ്ഞു: “രാജകൊട്ടാരം സഹജമായിത്തന്നെ സുന്ദരമാണ്. ഇന്ദ്രന്റെ ഭവനം കൂടി അതിന്ന് ഈടാവില്ല. അതിന്റെ മനോഹരമായ തട്ടിൻപുറങ്ങൾ രത്നങ്ങൾ കൊണ്ട് പണിതതാണ്. കാമദേവൻ തന്റെ കൈകളാൽ പണിതതാണെന്ന് തോന്ന ത്തക്കവിധം അത് അത്രയ്ക്കും സുന്ദരമാണ്.”

ദോ:

സുചി സുബിചിത്ര് സുഭോഗമയ് സുമന് സുഗന്ധ് സുബാസ്,
പലँഗ് മഞ്ജു മനിദീപ് ജഹँ സബ് ബിധി സകല് സുപാസ്. (90)

"ശുദ്ധവും അതിവിചിത്രവും, സുഖഭോഗസമൃദ്ധവും, സുഗന്ധമുള്ള പുഷ്പങ്ങളുടെ വാസനയുള്ളതുമായ അവ മനോഹരമായ മെത്തകളെ ക്കൊണ്ട് സജ്ജീകരിച്ചിട്ടുള്ളതും, രത്നങ്ങളാകുന്ന ദീപങ്ങളുള്ളതും, എല്ലാവിധ സുഖസൗകര്യങ്ങൾ നിറഞ്ഞതുമാണ്." (90)

ചൗ:

ബിബിധ് ബസന് ഉപധാന് തുരാഈം
ഛീര് ഫേന് മൃദു ബിസദ് സുഹാഈം,
തഹँ സിയ് രാമു സയന് നിസി കരഹീം
നിജ് ഛബി രതി മനോജ് മൃദു ഹരഹീം. 1

തേ സിയ് രാമു സാഥരീം സോഏ
ശ്രമിത് ബസന് ബിനു ജാഹിം ന ജോഏ,
മാതു പിതാ പരിജന് പുരബാസീ
സഖാ സുസീല് ദാസ് അരു ദാസീ. 2

ജോഗവഹിം ജിൻഹഹി പ്രാന് കീ നാഈം
മഹി സോവത് തെഇ രാമ് ഗൊസാഈം,
പിതാ ജനക് ജഗ് ബിദിത് പ്രഭാഊ
സസുര് സുരേസ് സഖാ രഘുരാഊ. 3

രാമചന്ദു പതി സോ ബൈദേഹീ
സോവത് മഹി ബിധി ബാമ് ന കേഹീ,
സിയ് രഘുബീര് കി കാനന് ജോഗൂ
കരമ് പ്രധാന് സത്യ് കഹ് ലോഗൂ. 4

"പിന്നെ അവ പാൽനുരപോലെ മൃദുവും, വെളുത്തതും, മനോഹരവു മായ പലവിധത്തിലുള്ള തലയണകളെക്കൊണ്ടും, വിരിപ്പുകളെ ക്കൊണ്ടും, പുതപ്പുകളെക്കൊണ്ടും, മറ്റു പല ഉപധാനങ്ങളെക്കൊണ്ടും സജ്ജീകരിച്ചിട്ടുള്ളതായിരിയ്ക്കും. അങ്ങനെയുള്ള തട്ടിൻപുറത്താണ്

സീതയും രാമനും, തങ്ങളുടെ സൗന്ദര്യത്താൽ രതിയുടേയും കാമദേവ ന്റേയും ഗർവത്തെ അടക്കിക്കൊണ്ട്, രാത്രി ഉറങ്ങിയിരുന്നത്. അതേ സീതയും രാമനും ഇപ്പോൾ ഒരു പായയിൽ, പുതയ്ക്കാതെ, ക്ഷീണിതരായി കിടന്നുറങ്ങുന്നത് കാണാൻ കഷ്ടമുള്ള കാഴ്ച്ചയാണ്. മാതാപിതാക്കളും, പരിവാരങ്ങളും, നഗരജനങ്ങളും, പ്രിയസുഹൃത്തുക്കളും, ദാസന്മാരും, ദാസികളും - എല്ലാവരും തന്നെ തങ്ങളുടെ ജീവനെപ്പോലെ സ്നേഹിച്ചി രുന്ന അതേ പ്രഭു രാമൻ, ഇതാ നിലത്ത് കിടന്നുറങ്ങുന്നു! പിതാവ് ലോകപ്രസിദ്ധനായ ജനകൻ, ശ്വശുരൻ രഘുകുലാധീശനും, ദേവേന്ദ്രന്റെ സഖാവും, ഭർത്താവ് രാമചന്ദ്രൻ – അങ്ങനെയുള്ള സീത ഇതാ നിലത്ത് കിടക്കുന്നു! പ്രതികൂലമായ വിധി ആരെയാണ് വിട്ടുവെയ്ക്കുന്നത്? സീതയും രാഘവനും വനവാസത്തിന്നർഹരാണോ? 'വിധി/കർമ്മം അതിപ്രധാന മാണ്' എന്ന് അവർ പറയുന്നത് എത്ര ശരിയാണ്!

ദോ:

കൈകയനന്ദനി മന്ദമതി കഠിന് കുടിലപനു കീൻഹ്.
ജെഹിം രഘുനന്ദന് ജാനകിഹി സുഖ് അവസര് ദുഖു ദീൻഹ്. (91)

"മന്ദബുദ്ധിയായ കൈകേയി ഏത്ര ക്രൂരമായ നാശവേലയാണ് ചെയ്തി രിയ്ക്കുന്നത്? സുഖഭോഗങ്ങളെ അനുഭവിയ്ക്കേണ്ട സമയത്ത് അവൾ സീതയ്ക്കും രാമന്നും കഷ്ടത്തെ ഉണ്ടാക്കിയിരിയ്ക്കുന്നു." (91)

ചൗ:

ഭഇ ദിനകര് കുല് ബിടപ് കുഠാരീ
കുമതി കീൻഹ് സബ് ബിസ്വ് ദുഖാരീ,
ഭയഉ ബിഷാദു നിഷാദ്ഹി ഭാരീ
രാമ് സീയ് മഹി സയന് നിഹാരീ. 1

ബോലേ ലഖന് മധുര് മൃദു ബാനീ
ഗ്യാന് ബിരാഗ് ഭഗതി രസ് സാനീ,
കാഹു ന കൊഉ സുഖ് ദുഖ് കര് ദാതാ
നിജ് കൃത് കരമ് ഭോഗ് സബു ഭ്രാതാ. 2

ജോഗ് ബിയോഗ് ഭോഗ് ഭല് മന്ദാ
ഹിത് അന്ഹിത് മധ്യമ് ഭ്രമ് ഫന്ദാ,
ജനമു മരനു ജഹ്ँ ലഗി ജഗ് ജാലൂ
സമ്പതി ബിപതി കരമു അരു കാലൂ. 3

ധരനി ധാമു ധനു പുര് പരിവാരൂ
സരഗു നരകു ജഹ്ँ ലഗി ബ്യവഹാരൂ,
ദേഖിഅ സുനിഅ ഗുനിഅ മന് മാഹീം
മോഹ് മൂല് പരമാരഥ് നാഹീം. 4

"ഈ ദുഷ്ടബുദ്ധിയായ സ്ത്രീ സൂര്യവംശമെന്ന മരത്തെ വെട്ടിവീഴ്ത്തുന്ന മഴുവായിത്തീർന്ന് ലോകത്തെ മുഴുവൻ സങ്കടത്തിലാഴ്ത്തിയിരിയ്ക്കുന്നു." രാമനും സീതയും നിലത്തു കിടന്നുറങ്ങുന്നതു കണ്ട് നിഷാദരാജൻ അത്യന്തം വിഷാദമഗ്നനായി. ലക്ഷ്മണൻ അവനോട് ജ്ഞാനം, വൈരാഗ്യം, ഭക്തി ഇവ നിറഞ്ഞ, മധുരവും മൃദുവുമായ വാക്കുകളിൽ പറഞ്ഞു: "ആരും തന്നെ മറ്റുള്ളവർക്ക് സുഖത്തേയോ, വേദനയേയോ കൊടുക്കുന്നില്ല. ഓരോരുത്തനും അവനവൻ ചെയ്ത കർമ്മത്തിന്റെ ഫലത്തെ അനുഭവിയ്ക്കുന്നു, സഹോദര. സംയോഗം, വിയോഗം, സുഖദു:ഖാനുഭവങ്ങൾ, സുഹൃത്തുക്കളും ശത്രുക്കളും ഇടത്തരക്കാരും ഇവയെല്ലാം തന്നെ മായാജാലമാണ്. അതുപോലെ, ജനനവും മരണവും, സമ്പത്തും വിപത്തും, വിധിയും കാലവും എല്ലാം തന്നെ ലോകത്തിന്റെ മായാജാലമാണ്. ഭൂമി, വീട്, ധനം, നഗരം, കുടുംബം, സ്വർഗ്ഗം, നരകം, ലോകവ്യവഹാരങ്ങളെല്ലാം തന്നെ – മാത്രമല്ല, ഏതെല്ലാം നാം കാണുന്നുവോ, കേൾക്കുന്നുവോ, മനസ്സിൽ ചിന്തിയ്ക്കുന്നുവോ – എല്ലാറ്റിന്റേയും ആണിവേര് അജ്ഞാനമാണ്. സത്യത്തിൽ ഒന്നും തന്നെ പരമാർത്ഥമായി സ്ഥിതിചെയ്യുന്നില്ല."

ദോ:
സപനേം ഹോഇ ഭിഖാരി നൃപു രംകു നാക്പതി ഹോഇ,
ജാഗേം ലാഭു ന ഹാനി കഛു തിമി പ്രപഞ്ച് ജീയ്ँ ജോഇ. (92)

"സ്വപ്നത്തിൽ യാചകൻ രാജാവായിക്കാണുന്നു. സ്വർഗ്ഗപതി യാചകനായി ക്കാണുന്നു. പക്ഷേ അവർ ഉണർന്നതും ഒരുവൻ ലാഭിയ്ക്കുകയോ, മറ്റേവൻ നഷ്ടപ്പെടുകയോ ചെയ്യുന്നില്ല. ഇതുപോലെത്തന്നെ നാം ലോകത്തെ കാണണം." (92)

ചൗ:

അസ് ബിചാരി നഹിം കീജീഅ രോസൂ
കാഹുഹി ബാദി ന ദേഇഅ ദോസൂ,
മോഹ് നിസാ ँ സബു സോവനിഹാരാ
ദേഖിഅ സപന് അനേക് പ്രകാരാ. 1

എഹി ജഗ് ജാമിനി ജാഗഹിം ജോഗീ
പരമാരഥീ പ്രപഞ്ച് ബിയോഗീ,
ജാനിഅ തബ്ഹി ജീവ് ജഗ് ജാഗാ
ജബ് സബ് ബിഷയ് ബിലാസ് ബിരാഗാ. 2

ഹോഇ ബിബേകു മോഹ് ഭ്രമ് ഭാഗാ
തബ് രഘുനാഥ് ചരന് അനുരാഗാ,
സഖാ പരമ് പരമാരഥ് ഏഹൂ
മന് ക്രമ് ബചന് രാമ് പദ് നേഹൂ. 3

രാമ് ബ്രഹ്മ് പരമാരഥ് രൂപാ
അബിഗത് അലഖ് അനാദി അനൂപാ,
സകല് ബികാര് രഹിത് ഗതഭേദാ
കഹി നിത് നേതി നിരൂപഹി ബേദാ. 4

ഈവിധം ചിന്തിച്ച് വൃഥാ ആരേയും കോപപ്പെടുകയോ കുറ്റംകാണു കയോ ചെയ്യരുത്. ഓരോരുത്തനും മായയെന്ന രാത്രിയിൽ ഉറങ്ങുക യാണ്. ഉറങ്ങുമ്പോൾ പലവിധത്തിലുള്ള സ്വപ്നങ്ങൾ കാണുന്നു. ഈ സംസാരമെന്ന രാത്രിയിൽ പരമാർത്ഥത്തെ അന്വേഷിയ്ക്കുന്ന, ലോകത്തിൽ നിന്നും വിരക്തരായ യോഗികൾ മാത്രമേ ഉറങ്ങാതെ ഉണർന്നിരിയ്ക്കു ന്നുള്ളൂ. ജഗത്തിന്റെ രാത്രിയിൽ ഏതൊരുവന്ന് വിഷയസുഖങ്ങളിൽ വിരക്തിയുണ്ടാകുന്നുവോ, ആ ജീവൻ മാത്രമേ ഉണർന്നിരിയ്ക്കുന്നതായി

കണക്കാക്കുവാൻ പാടുള്ളു. നല്ലതും കെട്ടതും തിരിച്ചറിയാനുള്ള കഴിവ് – വിവേകം – ഉണ്ടായാൽ മാത്രമേ മോഹമെന്ന ഭ്രമം നശിയ്ക്കുളളൂ. അപ്പോൾ മാത്രമേ ഒരുവന്ന് ശ്രീരാമന്റെ പാദങ്ങളിൽ ഭക്തിയുണ്ടാകു ന്നുള്ളൂ. സഖേ, ഏറ്റവും വലിയ പരമാർത്ഥം ഇതാണ്: മനസാ വാചാ കർമ്മണാ ശ്രീരാമന്റെ പാദങ്ങളിൽ ഭക്തിയുണ്ടാകുക. ശ്രീരാമൻ പരമാർത്ഥസ്വരൂപനും, ആരാലും അറിയാനാവാത്തതും, അവ്യക്തവും, അനാദിയും, ഉപമയില്ലാത്തതും, നിർവികാരവും, ഭേദങ്ങൾക്കപ്പുറമായതു മായ ബ്രഹ്മമല്ലാതെ മറ്റൊന്നുമല്ല. വേദങ്ങൾ അവനെപ്പറ്റി 'നേതി' ഇതല്ല എന്ന് നിത്യവും ഘോഷിയ്ക്കുന്നു."

ദോ:

ഭഗത് ഭൂമി ഭൂസുര് സുരഭി സുര് ഹിത് ലാഗി കൃപാല്,
കരത് ചരിത് ധരി മനുജ് തനു സുനത് മിടഹിം ജഗ് ജാല്. (93)

"തന്റെ ഭക്തന്മാർക്കും, ഭൂമിയ്ക്കും, ബ്രാഹ്മണർക്കും, പശുവിന്നും, ദേവന്മാ ർക്കും വേണ്ടി കൃപാലുവായ പ്രഭു മനുഷ്യന്റെ രൂപത്തിൽ അവതരിച്ച് ലീലകൾ രചിയ്ക്കുന്നു. അവയെ കേട്ടാൽ സംസാരബന്ധങ്ങൾ അറ്റു പോകുന്നു." (93)

ചൗ:

സഖാ സമുഝി അസ് പരിഹരി മോഹൂ
സിയ് രഘുബീര് ചരന് രത് ഹോഹൂ,
കഹത് രാമ് ഗുന് ഭാ ഭിനുസാരാ
ജാഗേ ജഗ് മംഗല് സുഖദാരാ. 1

സകല് സൗച് കരി രാമ് നഹാവാ
സുചി സുജാന് ബട് ഛീര് മഗാവാ,
അനുജ് സഹിത് സിര് ജടാ ബനാഏ
ദേഖി സുമന്ത്ര് നയന് ജല് ഛാഏ. 2

ഹദയ് ദാഹു അതി ബദന് മലീനാ
കഹ് കര് ജോരി ബചന് അതി ദീനാ,
നാഥ് കഹെഉ അസ് കോസല്നാഥാ
ലൈ രഥു ജാഹു രാമ് കേം സാഥാ. 3

ബനു ദെഖാഇ സുരസരി അൻഹവാഈ
ആനെഹു ഫേരി ബേഗി ദൊഉ ഭാഈ,
ലഖനു രാമു സിയ് ആനെഹു ഫേരീ
സംസയ് സകല് സ്ˇകോച് നിബേരീ. 4

"ഹേ സഖേ, ഈവിധം അറിഞ്ഞ്, മോഹത്തെ ത്യജിച്ച് സീതയുടേയും രഘുവീരന്റേയും പാദങ്ങളിൽ പ്രേമനിരതനായിരിയ്ക്കൂ." ലക്ഷ്മണൻ ഈവിധം ശ്രീരാമന്റെ ഗുണഗണങ്ങളെ വർണ്ണിച്ചു കൊണ്ടിരിയ്ക്കേ, നേരം വെളുത്തു. ജഗത്തിന്ന് മംഗളത്തേയും സുഖത്തേയും കൊടുക്കുന്ന പ്രഭു ഉണർന്നു. ശൗചകർമ്മങ്ങളെല്ലാം കഴിച്ചശേഷം, ശുദ്ധനും ജ്ഞാനിയുമായ ശ്രീരാമൻ സ്നാനാദികൾ കഴിച്ച് പേരാലിന്റെ പാല് കൊണ്ടുവരുത്തിച്ചു. അവനും സഹോദരനും (ആ പാലു കൊണ്ട്) തങ്ങളുടെ തലരോമങ്ങളെ ജടയാക്കി. ആ ദൃശ്യം കണ്ട് സുമന്ത്രന്റെ കണ്ണുകൾ അശ്രുപൂർണ്ണമായി. ഹൃദയത്തിൽ അത്യന്തം വേദനയോടും, വാടിയ മുഖത്തോടും അദ്ദേഹം കൈകൾ കൂപ്പിക്കൊണ്ട് അതിദയനീയമായ സ്വരത്തിൽ പറഞ്ഞു: "എന്റെ സ്വാമീ, കോസലരാജാവ് എന്നെ ഈ വിധം പറഞ്ഞേല്പിച്ചിട്ടുണ്ട്: 'രഥത്തെ എടുത്തുകൊണ്ട് രാമനോടുകൂടി പോകൂ. ആവർ വനത്തെ ചുറ്റിനോക്കി ഗംഗയിൽ കുളിച്ചശേഷം രണ്ടു സഹോദരന്മാരേയും തിരിച്ചുകൊണ്ടുവരൂ. അവരുടെ സംശയങ്ങളേയും, മനശ്ചാഞ്ചല്യത്തേയും കൂട്ടാക്കാതെ ലക്ഷ്മണനേയും, രാമനേയും, സീതയേയും വീട്ടിലേയ്ക്ക് തിരിച്ചുകൊണ്ടുവരൂ.'"

ദോ:

നൃപ് അസ്കഹെഉഗൊസാഇˇജസ്കഹഇകരൗംബലി സോഇ,
കരി ബിനതീ പായൻഹ് പരെഉ ദീൻഹ് ബാല് ജിമി രോഇ. (94)

"രാജാവ് എന്നെ ഈവിധം കല്പിച്ചിട്ടുണ്ട്. പക്ഷേ പ്രഭു നിർദ്ദേശിയ്ക്കുന്നതുപോലെ ഞാൻ ചെയ്യാം. ഞാൻ ഉറപ്പുതരുന്നു." ഈവിധം അപേക്ഷിച്ചശേഷം അദ്ദേഹം പ്രഭുവിന്റെ പാദങ്ങളിൽ വീണ് ചെറിയ കുട്ടിയെപ്പോലെ കരഞ്ഞു. (94)

ചൗ:

താത് കൃപാ കരി കീജിഅ സോഇൗ
ജാതേം അവധ് അനാഥ് ന ഹോഇൗ,
മന്ത്രിഹി രാമ് ഉഠാഇ പ്രബോധാ
താത് ധരമ് മതു തുംഹ് സബു സോധാ. 1

സിബി ദധീച് ഹരിചന്ദ് നരേസാ
സഹേ ധരമ് ഹിത് കോടി കലേസാ,
രന്തിദേവ് ബലി ഭൂപ് സുജാനാ
ധരമു ധരെഉ സഹി സങ്കട് നാനാ . 2

ധരമു ന ദൂസര് സത്യ് സമാനാ
ആഗമ് നിഗമ് പുരാന് ബഖാനാ,
മൈം സൊഇ ധരമു സുലഭ് കരി പാവാ
തജേം തിഹൂँ പുര് അപജസു ഛാവാ. 3

സംഭാവിത് കഹുँ അപജസ് ലാഹൂ
മരന് കോടി സമ് ദാരുന് ദാഹൂ,
തുംഹ് സന് താത് ബഹുത് കാ കഹഊँ
ദിഏँ ഉതരു ഫിരി പാതകു ലഹഊँ. 4

“കൃപ കാണിയ്ക്കൂ എന്റെ കുഞ്ഞേ, അയോദ്ധ്യ അനാഥമാകാതിരിയ്ക്കാൻ വേണ്ടതു ചെയ്യൂ.” ശ്രീരാമൻ മന്ത്രിയെ എടുത്തു നിർത്തി ഈവിധം ബോധിപ്പിച്ചു: “പിതാവേ, അങ്ങ് ധർമ്മത്തിന്റെ പരമാർത്ഥത്തെപ്പറ്റി പൂർണ്ണമായും അന്വേഷിച്ചറിഞ്ഞിട്ടുണ്ട്. ധർമത്തെ കാക്കാൻ വേണ്ടി ശിബി, ദധീചി, രാജാ ഹരിശ്ചന്ദ്രൻ മുതലായവർ എണ്ണറ്റ ക്ലേശങ്ങളനുഭവിച്ചു. ജ്ഞാനികളായ രാജാക്കന്മാർ – രന്തിദേവനും ബലിയും – പല വിധ സങ്കടങ്ങളേയും സഹിച്ച് ധർമ്മത്തെ പാലിച്ചു. സത്യത്തിന്നു സമമായ വേറൊരു ധർമ്മവുമില്ല – എന്ന് ആഗമങ്ങളും, വേദങ്ങളും, പുരാണങ്ങളും ഘോഷിയ്ക്കുന്നു. അങ്ങനെയുള്ള ധർമ്മത്തെ ഞാൻ എളുപ്പവഴിയിൽ കണ്ടെത്തിയിട്ടുണ്ട്. അതിനെ ത്യജിച്ചാൽ ഞാൻ മൂന്നു ലോകങ്ങളിലും അപകീർത്തിയെ നേടും. അത്യന്തം ആദരണീയനായ

ഒരുവന്ന് ദുഷ്പേര് കോടിമരണങ്ങൾക്കു തുല്യമായ ദാരുണമായ വേദനയെ കൊടുക്കുന്നു. താത, ഇതിന്നും അധികമായി ഞാനെന്താണ് പറയുക? അങ്ങനെ ഉത്തരം പറഞ്ഞാൽ ഞാൻ പാപമേല്ക്കും."

ദോ

പിതു പദ് ഗഹി കഹി കോടി നതി ബിനയ് കരബ് കര് ജോരി,
ചിന്താ കവനിഹു ബാത് കൈ താത് കരിഅ ജനി മോരി. (95)

"എന്റെ പിതാവിന്റെ പാദങ്ങളെ പിടിച്ചുകൊണ്ട് എന്റെ അനവധി വിനീതമായ ആദരങ്ങളെ അറിയിച്ച്, കൈകൾ കൂപ്പിക്കൊണ്ട് അദ്ദേഹത്തോട് പ്രാർത്ഥിയ്ക്കുവിൻ: 'പ്രിയ പിതാവേ, എന്നെപ്പറ്റി ചിന്തിച്ച് നിങ്ങൾ ഒരുവിധത്തിലും വ്യാകുലപ്പെടരുത്.' (95)

ചൗ:

തുംഹ് പുനി പിതു സമ് അതി ഹിത് മോരേം
ബിനതീ കരഉँ താത് കര് ജോരേം,
സബ് ബിധി സൊഇ കർതബ്യ് തുംഹാരേം
ദുഖ് ന പാവ് പിതു സോച് ഹമാരേം. 1

സുനി രഘുനാഥ് സചിവ് സംബാദൂ
ഭയഉ സപരിജന് ബികല് നിഷാദൂ,
പുനി കഛു ലഖന് കഹീ കടു ബാനീ
പ്രഭു ബർജേ ബഡ് അനുചിത് ജാനീ. 2

സകുചി രാമ് നിജ് സപഥ് ദെവാഇൗ
ലഖന് സँദേസു കഹിഅ ജനി ജാഇൗ,
കഹ് സുമന്ത്രു പുനി ഭൂപ് സँദേസൂ
സഹി ന സകിഹി സിയ് ബിപിന് കലേസൂ 3

ജെഹി ബിധി അവധ് ആവ് ഫിരി സീയാ
സൊഇ രഘുബർഹി തുംഹ്ഹി കരനീയാ,
നതരു നിപട് അവലംബ് ബിഹീനാ
മൈം ന ജിഅബ് ജിമി ജല് ബിനു മീനാ. 4

“അങ്ങ് എന്റെ സ്വന്തം പിതാവിനെപ്പോലെത്തന്നെ അത്യന്തം എന്റെ ഹിതകാരിയാണ്. താത, ഞാൻ കൈകൾ കൂപ്പിക്കൊണ്ട് പ്രാർത്ഥിയ്ക്കുന്നു: ദയവുചെയ്ത് ഞങ്ങളെക്കുറിച്ചുള്ള ചിന്തയാൽ എന്റെ പിതാവ് ദു:ഖിതനാവാതിരിയ്ക്കാൻ വേണ്ടി വേണ്ടതെല്ലാം ചെയ്യുവിൻ. അത് അങ്ങയുടെ കർതവ്യമാണ്.” രഘുനാഥന്നും മന്ത്രിയ്ക്കുമിടയിൽ നടന്ന ഈ സംഭാഷണത്തെ കേട്ട് നിഷാദരാജനും അവന്റെ ആളുകളും അത്യന്തം ദു:ഖിതരായി. അപ്പോൾ ലക്ഷ്മണൻ ചില കടുത്ത വാക്കുകൾ പറഞ്ഞു; പക്ഷേ അവന്റെ വാക്കുകൾ അത്യന്തം ആക്ഷേപകരമാണെന്നറിഞ്ഞുകൊണ്ട് പ്രഭു അവനെ തടഞ്ഞുനിർത്തി. അത്യന്തം വല്ലായ്മ അനുഭവപ്പെട്ട് ശ്രീരാമൻ സുമന്ത്രനോട് ലക്ഷ്മണൻ പറഞ്ഞതിനെ (പിതാവിനോട്) ആവർത്തിയ്ക്കില്ലെന്ന് ശപഥം ചെയ്യിച്ചു. സുമന്ത്രൻ പിന്നെ രാജാവിന്റെ സന്ദേശത്തെ അറിയിച്ചു: 'സീതയ്ക്ക് കാട്ടിലെ കഷ്ടങ്ങളെ താങ്ങാനാവില്ല. അതിനാൽ രഘുവരനും നീയും (സുമന്ത്രൻ) ചേർന്ന് സീത അയോദ്ധ്യയിലേയ്ക്ക് മടങ്ങി വരാൻ വേണ്ടി യത്നിയ്ക്കണം. അല്ലെങ്കിൽ യാതൊരു താങ്ങുമില്ലാതെ, വെള്ളമില്ലാതെ മരിയ്ക്കുന്ന മീനിനെപ്പോലെ ഞാൻ ജീവിച്ചിരിയ്ക്കില്ല.'

ദോ:

മഇകേം സസുരേം സകല് സുഖ് ജബഹിം ജഹ് മനു മാന്,
തഹ്തബ് രഹിഹി സുഖേന സിയ് ജബ് ലഗി ബിപതി ബിഹാന്. (96)

'അവളുടെ മാതാപിതാക്കളുടെ വീട്ടിലും ഭർത്താവിന്റെ മാതാപിതാക്കളുടെ വീട്ടിലും എല്ലാവിധ സുഖസൗകര്യങ്ങളുമുണ്ട്. ഈ വിപത്ത് അവസാനിയ്ക്കുന്നതുവരെ എപ്പോൾ വേണമെങ്കിലും, അവൾക്കിഷ്ടമുള്ളിടത്ത് സുഖമായിരിയ്ക്കാം.' (96)

ചൗ:

ബിനതീ ഭൂപ് കീൻഹ് ജെഹി ഭാതീ
ആരതി പ്രീതി ന സോ കഹി ജാതീ,
പിതു സ്ദേസു സുനി കൃപാനിധാനാ
സിയഹി ദീൻഹ് സിഖ് കോടി ബിധാനാ. 1

സാസു സസുര് ഗുര് പ്രിയ് പരിവാരൂ
ഫിരഹു ത് സബ് കര് മിടൈ ഖഭാരൂ,
സുനി പതി ബചന് കഹതി ബൈദേഹീ
സുനഹു പ്രാന്പതി പരമ് സനേഹീ. 2

പ്രഭു കരുനാമയ് പരമ് ബിബേകീ
തനു തജി രഹതി ഛാ്ഁഹ് കിമി ഛേംകീ,
പ്രഭാ ജാഇ കഹ്ഁ ഭാനു ബിഹാഇൗ
കഹ്ഁ ചന്ദ്രികാ ചന്ദു തജി ജാഇൗ. 3

പതിഹി പ്രേമമയ് ബിനയ് സുനാഇൗ
കഹതി സചിവ് സന് ഗിരാ സുഹാഇൗ,
തുംഹ് പിതു സസുര് സരിസ് ഹിതകാരീ
ഉതരു ദേഉ്ഁ ഫിരി അനുചിത് ഭാരീ. 4

“രാജാവിന്റെ അപേക്ഷയിലുണ്ടായിരുന്ന ദയനീയതയും സ്നേഹവും വാക്കുകളാൽ വർണ്ണിയ്ക്കാനാവില്ല.” പിതാവിന്റെ സന്ദേശത്തെ കേട്ട് കൃപാ നിധിയായ പ്രഭു സീതയോട് പലവിധത്തിൽ ഉപദേശിച്ചു നോക്കി. “നീ തിരിച്ചു പോകുന്നതായാൽ നിന്റെ ശ്വശുരിയുടേയും, ശ്വശുരന്റേയും, ഗുരുവിന്റേയും, പരിവാരജനങ്ങളുടേയും കഷ്ടങ്ങളെല്ലാം തീരും.” തന്റെ സ്വാമിയുടെ ഉപദേശത്തിന്ന് മറുപടിയായി വൈദേഹി പറഞ്ഞു: “എന്റെ പരമസ്നേഹിയായ പ്രാണനാഥ, കരുണാമയനും പരമവിവേകിയുമായ പ്രഭോ, കേട്ടാലും. ഒരു ഛായയെ അതിന്റെ വസ്തുവിൽ നിന്നും പിരിയ്ക്കാനാവുമോ? സൂര്യവെളിച്ചം സൂര്യനേയും, ചന്ദ്രിക ചന്ദ്രനേയും ഒരിയ്ക്കലും വിട്ടു പിരിഞ്ഞിരിയ്ക്കാനാവില്ല.” അവളുടെ സ്നേഹമയമായ അപേക്ഷയെ ബോധിപ്പിച്ചശേഷം അവൾ മന്ത്രിയോട് മനോഹരമായ വാക്കുകളാൽ പറഞ്ഞു: “അങ്ങ് എനിയ്ക്ക് എന്റെ സ്വന്തം പിതാവിനേയും ശ്വശുരനേയും പോലെയാണ്. അതിനാൽ ഞാൻ അങ്ങയോട് ഉത്തരം പറയുന്നത് അത്യന്തം അനുചിതമായിരിയ്ക്കും.”

ദോ:

ആരതി ബസ് സന്മുഖ് ഭയഉ്ഁ ബിലഗു ന മാനബ് താത്,
ആരജ്സുത് പദ് കമല് ബിനു ബാദി ജഹാ്ഁലഗി നാത്. (97)

“സങ്കടം കാരണമാണ് ഞാൻ അങ്ങയോട് സംസാരിയ്ക്കാൻ ബാദ്ധ്യയാകുന്നത്. താത, അതിനാലതിനെ തെറ്റായെടുക്കരുത്. എന്റെ സ്വാമിയുടെ പാദകമലങ്ങളുടെ അഭാവത്തിൽ മറ്റെല്ലാവിധ ബന്ധങ്ങളും നികൃഷ്ടമാണ്.” (97)

ചൗ:

പിതൂ ബൈഭവ് ബിലാസ് മൈം ഡീഠാ
നൃപ് മനി മുകുട് മിലിത് പദ് പീഠാ,
സുഖനിധാന് അസ് പിതു ഗൃഹ് മോരേം
പിയ് ബിഹീന് മന് ഭാവ് ന ഭോരേം. 1

സസുര് ചക്കവഇ കോസലരാഊ
ഭുവന് ചാരിദസ് പ്രഗട് പ്രഭാഊ,
ആഗേം ഹോഇ ജെഹി സുരപതി ലേഈ
അരധ് സിംഘാസന് ആസനു ദേഈ. 2

സസുര് എതാദൃസ് അവധ് നിവാസൂ
പ്രിയ് പരിവാരു മാതു സമ് സാസൂ,
ബിനു രഘുപതി പദ് പദുമ പരാഗാ
മൊഹി കെഉ സപനെഹുँ സുഖദ് ന ലാഗാ. 3

അഗമ് പംഥ് ബനഭൂമി പഹാരാ
കരി കേഹരി സര് സരിത് അപാരാ,
കോല് കിരാത് കുരംഗ് ബിഹംഗാ
മൊഹി സബ് സുഖദ് പ്രാനപതി സംഗാ. 4.

“ഞാൻ എന്റെ പിതാവിന്റെ പ്രതാപത്തെ കണ്ടിട്ടുണ്ട്. വലിയ വലിയ രാജാക്കന്മാർ തങ്ങളുടെ മണിമകുടം കൊണ്ട് അദ്ദേഹത്തിന്റെ പാദപീഠത്തെ ചുംബിച്ചിരുന്നു. എന്റെ സ്വാമി കൂടെയില്ലാതെ സുഖനിധാനമായ എന്റെ പിതാവിന്റെ വീടുകൂടി അറിയാതെ കൂടി എന്റെ മനസ്സിനെ ആകർഷിയ്ക്കുന്നില്ല. എന്റെ ശ്വശുരൻ ഭൂലോകത്തിന്റെ മുഴുവൻ ചക്രവർത്തിയായ കോസലരാജാവാണ്. അദ്ദേഹത്തിന്റെ കീർത്തി പതിന്നാലു ലോകങ്ങളിലും പരന്നതാണ്. ഇന്ദ്രൻ കൂടി മനോട്ടുചെന്ന് അദ്ദേഹത്തെ

സ്വീകരിച്ച് തന്റെ സിംഹാസനത്തിൽ തന്റെ അടുത്തുതന്നെ ഇരുത്തുന്നു. അങ്ങനെയുള്ളവനാണ് എന്റെ ശ്വശുരൻ. അയോദ്ധ്യയാണ് എന്റെ നിവാസസ്ഥലം. പരിവാരജനങ്ങാൾ പ്രിയമുള്ളവരാണ്. എന്റെ ശ്വശുരീകൾ എന്നെ സ്വന്തം അമ്മയെപ്പോലെ സ്നേഹിയ്ക്കുന്നു. പക്ഷേ, എന്റെ സ്വാമിയുടെ (രഘുപതിയുടെ) പാദകമലങ്ങളിലെ ധൂളിയില്ലാതെ മറ്റാരും തന്നെ സ്വപ്നത്തിൽക്കൂടി എനിയ്ക്ക് സുഖപ്രദരായിട്ടില്ല. മറിച്ച്, അഗമ്യങ്ങളായ വഴികളും, വനഭൂമിയും, പർവതങ്ങളും, ആനകളും, സിംഹങ്ങളും, കടക്കാനാവാത്ത സരസ്സുകളും, നദികളും, കോലന്മാർ ഭീലന്മാർ തുടങ്ങിയ കാട്ടുജാതിക്കാരും, മാനുകളും, പക്ഷികളും എല്ലാം തന്നെ എന്റെ പ്രാണേശ്വരന്റെ കൂടെ സുഖപ്രദങ്ങളാണ്."

ദോ:

സാസുസസുര്സന് മോരി ഹുँതി ബിനയ് കരബി പരി പായ്ँ
മോര് സോചു ജനി കരിഅ കഛു മൈം ബന് സുഖീസുഭായ്ँ. (98)

"എന്റെ ശ്വശുരന്റേയും ശ്വശുരിയുടേയും പാദങ്ങളിൽ വീണ് എനിയ്ക്കുവേണ്ടി അങ്ങ് അവരോട് എന്നെക്കുറിച്ച് ഒട്ടും തന്നെ ദു:ഖിയ്ക്കരുതെന്ന് അപേക്ഷിയ്ക്കണം. എന്തെന്നാൽ ഞാൻ സഹജമായിത്തന്നെ കാട്ടിൽ സുഖമായിരിയ്ക്കുന്നു." (98)

ചൗ:

പ്രാനനാഥ് പ്രിയ് ദേവര് സാഥാ
ബീര് ധുരീന് ധരേം ധനു ഭാഥാ,
നഹിം മഗ് ശ്രമു ഭ്രമു ദുഖ് മന് മോരേം
മൊഹി ലഗി സോചു കരിഅ ജനി ഭോരേം. 1

സുനി സുമന്ത്രു സിയ് സീതല് ബാനീ
ഭയഉ ബികല് ജനു ഫനി മനി ഹാനീ,
നയന് സൂഝ് നഹിം സുനഇ ന കാനാ
കഹി ന സകഇ കഛു അതി അകുലാനാ. 2

രാമ് പ്രബോധു കീൻഹ് ബഹു ഭാँതീ
തദപി ഹോതി നഹിം സീതലി ഛാതീ,

ജതന് അനേക് സാഥ് ഹിത് കീൻഹേ
ഉചിത് ഉതര് രഘുനന്ദന് ദീൻഹേ. 3

മേടി ജാഇ നഹിം രാമ് രജാഈ
കഠിന് കരമ് ഗതി കഛു ന ബസാഈ,
രാമ് ലഖന് സിയ് പദ് സിരു നാഈ
ഫിരെഉ ബനിക് ജിമി മൂര് ഗവാँഈ. 4

“എന്റെ കൂടെ എന്റെ പ്രാണനാഥനും അദ്ദേഹത്തിന്റെ അനുജനുമുണ്ട്. അവർ ധീരന്മാരിൽ ഏറ്റവും മുന്നിലുള്ളവരാണ്. ഇരുവരും വില്ലും ശരങ്ങൾ നിറഞ്ഞ ശരക്കൂടും ധരിച്ചിട്ടുണ്ട്. എന്റെ മനസ്സിൽ യാത്രാ ക്ലേശമോ, ഭ്രമമോ, ദു:ഖമോ ഇല്ല. അതിനാൽ എന്നെക്കുറിച്ച് ഒട്ടും തന്നെ അറിയാതെ കൂടി ദു:ഖിയ്ക്കരുത്.” സീതയുടെ ഈ ശീതളമായ വാക്കുകളെ കേട്ട് സുമന്ത്രൻ രത്നം നഷ്ടപ്പെട്ട സർപ്പത്തെപ്പോലെ അസ്വസ്ഥത അനുഭവിച്ചു. അദ്ദേഹത്തിന്ന് തന്റെ കണ്ണുകൾകൊണ്ട് കാണാനോ, ചെവികൾകൊണ്ട് കേൾക്കാനോ കഴിഞ്ഞില്ല; വ്യാകുലത കാരണം അദ്ദേഹത്തിന്ന് സംസാരിയ്ക്കാൻ കഴിഞ്ഞില്ല. ശ്രീരാമൻ അദ്ദേഹത്തെ പലവിധത്തിൽ സമാധാനിപ്പിച്ചു. എന്നിട്ടും അദ്ദേഹത്തിന്റെ മനസ്സ് ശാന്തമായില്ല. അദ്ദേഹം പ്രഭുവിനെ അനുഗമിയ്ക്കാൻ പല യത്നങ്ങളും ചെയ്തു നോക്കി. പക്ഷേ, രഘുനന്ദനൻ ഓരോ സമയത്തും തക്കതായ മറുപടി കൊടുത്തു. ശ്രീരാമന്റെ ആദേശത്തേയും നിരസിയ്ക്കാൻ പറ്റില്ല. കർമ്മത്തിന്റെ ഗതി എത്ര കഠിനമാണ്! ഒരു രക്ഷയുമില്ല. ശ്രീരാമന്റേയും, ലക്ഷ്മണന്റേയും, സീതയുടേയും പാദങ്ങളിൽ തല വണങ്ങിക്കൊണ്ട്, മൂലധനം നഷ്ടപ്പെട്ട വ്യാപാരിയെപ്പോലെ പിന്തിരിഞ്ഞു.

ദോ:
രഥു ഹാँകെഉ ഹയ് രാമ് തന് ഹേരി ഹേരി ഹിഹിനാഹിം,
ദേഖി നിഷാദ് ബിഷാദ്ബസ് ധുനഹിം സീസ്പഛിതാഹിം. (99)

അദ്ദേഹം രഥത്തെ തെളിച്ചപ്പോൾ കുതിരകൾ ശ്രീരാമന്റെ നേരെ നോക്കിക്കൊണ്ട് കനച്ചു. ഇതു കണ്ട് വിഷാദമഗ്നരായ നിഷാദന്മാർ തലയിൽ തല്ലിക്കൊണ്ട് പുലമ്പി. (99)

ചൗ:

ജാസു ബിയോഗ് ബികല് പസു ഐസേം
പ്രജാ മാതു പിതു ജിഇഹഹിം കൈസേം,
ബര്ബസ് രാമ് സുമന്ത്ര് പഠാഏ
സുരസരി തീര് ആപു തബ് ആഏ. 1

മാഗീ നാവ് ന കേവടു ആനാ
കഹഇ തുംഹാര് മരമു മൈം ജാനാ,
ചരന് കമല് രജ് കഹുँ സബു കഹഈ
മാനുഷ് കരനി മൂരി കഛു അഹഈ. 2

ഛുഅത് സിലാ ഭഇ നാരി സുഹാഈ
പാഹന് തേം ന കാഠ് കഠിനാഈ,
തരനിഉ മുനി ഘരിനീ ഹൊഇ ജാഈ
ബാട് പരഇ മൊരി നാവ ഉഡാഈ. 3

എഹിം പ്രതിപാലഉँ സബു പരിവാരൂ
നഹിം ജാനഉँ കഛു അഉര് കബാരൂ,
ജൗം പ്രഭു പാര് അവസി ഗാ ചഹഹൂ
മൊഹി പദ് പദുമ് പഖാരന് കഹഹൂ. 4

'അവന്റെ വിയോഗത്തിൽ മൃഗങ്ങൾ കൂടി ഇത്രയും വ്യാകുലരായാൽ, അവന്റെ പ്രജകളും, മാതാപിതാക്കളും അവനില്ലാതെ എങ്ങനെയാണ് ജീവിച്ചിരിയ്ക്കുക?' ശ്രീരാമൻ സുമന്ത്രനെ അദ്ദേഹത്തിന്റെ ഇച്ഛയ്ക്ക് വിരുദ്ധമായി പറഞ്ഞയച്ച് ഉടൻതന്നെ ദേവനദിയായ ഗംഗയുടെ തീരത്തെത്തി. അവൻ ഒരു തോണിയെ വിളിച്ചു. പക്ഷേ തോണിക്കാരൻ തോണി കൊണ്ടുവന്നില്ല. അവൻ പറഞ്ഞു: "ഞാൻ നിങ്ങളുടെ രഹസ്യം അറിയും. നിങ്ങളുടെ പാദകമലങ്ങളിലെ ധൂളി വസ്തുക്കളെ മനുഷ്യരായി മാറ്റുന്ന മാദകദ്രവ്യമാണെന്ന് എല്ലാവരും പറയുന്നു.. അത് തട്ടിയതും ഒരു പാറക്കല്ല് ഒരു സുന്ദരസ്ത്രീയായി മാറിയത്രെ. മരം കല്ലിനേക്കാൾ കഠിനമല്ല. എന്റെ തോണി ഒരു താപസന്റെ ഭാര്യയായി മാറിയാൽ (അഹല്യയെപ്പോലെ), എന്റെ പിഴപ്പ് കുഴപ്പത്തിലാവും, എന്തെന്നാൽ

എന്റെ തോണി മറഞ്ഞു പോകും. ഞാൻ ഈ തോണികൊണ്ടാണ് എന്റെ കുടുംബത്തെ മുഴുവൻ പുലർത്തുന്നത്. എനിയ്ക്ക് വേറൊരു ജോലിയു മറിയില്ല. ആതിനാൽ, സ്വാമീ, നിങ്ങൾക്ക് നദിയെ കടക്കണമെങ്കിൽ നിങ്ങളുടെ പാദകമലങ്ങളെ കഴുകുവാൻ എന്നെ നിർദ്ദേശിയ്ക്കുവിൻ."

ഛം:

പദ കമല് ധോഇ ചഢാഇ നാവ് ന നാഥ് ഉതരാഇൗ ചഹൗം,
മൊഹി രാമ് രാഉരി ആന് ദസരഥ് സപഥ് സബ സാചീ കഹൗം.
ബരുതീര് മാരഹു്ँ ലഖനു പൈ ജബ് ലഗി ന പായ്പഖാരിഹൗം,
തബ് ലഗി ന തുലസീദാസ് നാഥ് കൃപാല് പാരു ഉതാരിഹൗം.

"നിങ്ങളുടെ പാദകമലങ്ങളെ കഴുകിയ ശേഷം മാത്രമേ ഞാൻ നിങ്ങളെ തോണിയിൽ കയറാൻ അനുവദിയ്ക്കുള്ളൂ. എനിയ്ക്ക് കടത്തുകൂലിയൊന്നും വേണ്ട. ഹേ രാമ, ഞാൻ നിങ്ങൾ ആണയായും ദശരഥരാജാവ് ആണയായും പറയുന്നു – ഞാൻ പറയുന്നതെല്ലാം സത്യമാണ്. വേണ മെങ്കിൽ ലക്ഷ്മണൻ എന്മേൽ ശരങ്ങൾ എയ്തുകൊള്ളട്ടെ. പക്ഷേ, നിങ്ങളുടെ പാദങ്ങളെ കഴുകാതെ, ഹേ തുളസീദാസന്റെ കൃപാലുവായ സ്വാമീ, നിങ്ങളെ മറുകരയേറ്റില്ല."

സോ:

സുനി കേവട് കേ ബൈന് പ്രേമ് ലപേടേ അട്പടേ,
ബിഹസേ കരുനാഐന് ചിതഇ ജാനകീ ലഖന് തന്. (100)

തോണിക്കാരന്റെ ഈ സ്നേഹം നിറഞ്ഞ വിചിത്രമായ വാക്കുകളെ കേട്ട് കരുണാമയനായ പ്രഭു ജാനകിയേയും ലക്ഷ്മണനേയും നോക്കി മന്ദഹസിച്ചു. (100)

ചൗ:

കൃപാസിന്ധു ബോലേ മുസുകാഇൗ
സൊഇ കരു ജെഹി തവ നാവ് ന ജാഇൗ,
ബേഗി ആനു ജല് പായ പഖാരൂ
ഹോത് ബിലംബു ഉതാരഹി പാരൂ. 1

ജാസു നാമ് സുമിരത് എക് ബാരാ
ഉതരഹി നര് ഭവസിന്ധു അപാരാ,
സൊഇ കൃപാലു കേവട്ഹി നിഹോരാ
ജെഹി ജഗു കിയ് തിഹു പഗഹു തെ ഥോരാ. 2

പദ് നഖ് നിരഖി ദേവസരി ഹരഷീ
സുനി പ്രഭു ബചന് മോഹ് മതി കരഷീ,
കേവട് രാമ് രജായസു പാവാ
പാനി കഠ്വതാ ഭരി ലെഇ ആവാ. 3

അതി ആനന്ദ് ഉമഗി അനുരാഗാ
ചരന് സരോജ് പഖാരന് ലാഗാ,
ബരഷി സുമന് സുര് സകല് സിഹാഹീം
എഹി സമ് പുന്യപുഞ്ജ് കൊഉ നാഹീം. 4

കൃപാനിധിയായ പ്രഭു മന്ദഹസിച്ചുകൊണ്ട് പറഞ്ഞു: “നിന്റെ തോണി നഷ്ടമാകാതിരിയ്ക്കാൻ വേണ്ടതു ചെയ്യൂ. വേഗം ജലം കൊണ്ടുവന്ന് എന്റെ പാദങ്ങളെ കഴുകി മറുകരയെത്തിയ്ക്കൂ. ഞങ്ങൾക്ക് നേരം വൈകുന്നു.” ആരുടെ നാമത്തെ ഒരു പ്രാവശ്യം സ്മരിച്ചാൽ ജനങ്ങൾ അപാരമായ സംസാരസമുദ്രത്തെ തരണം ചെയ്യുന്നുവോ, ആരുടെ മൂന്നു കാൽ വെയ്പിന്ന് മൂന്നു ലോകങ്ങളും പോരാതെ വന്നുവോ (വാമനാവതാരം), അതേ കൃപാലുവായ പ്രഭു ഒരു സാധാരണ തോണിക്കാരനോട് (അക്കര കടത്തുവാൻ) അപേക്ഷിയ്ക്കുന്നു! പ്രഭുവിന്റെ വാക്കുകളെ കേട്ട് മോഹ വശംവദയായാലും ദേവനദിയായ ഗംഗ അവന്റെ കാൽവിരലുകളിലെ നഖങ്ങളെ കണ്ട് സന്തോഷിച്ചു. ശ്രീരാമന്റെ ആദേശം ലഭിച്ച് തോണി ക്കാരൻ ഒരു മരപ്പാട്ടയിൽവെള്ളം കൊണ്ടുവന്നു. അത്യാനന്ദത്തോടെ പ്രേമം നിറഞ്ഞുവഴിയുന്ന ഹൃദയത്തോടെ അവൻ പ്രഭുവിന്റെ പാദ കമലങ്ങളെ കഴുകുവാൻ തുടങ്ങി. അവന്റെ മേൽ പുഷ്പവർഷം ചെയ്തുകൊണ്ട് ദേവന്മാരെല്ലാം അവന്റെ ഭാഗ്യത്തിൽ അസൂയാലുക്ക ളായി, 'ഇവനെപ്പോലെ പുണ്യം ചെയ്തവർ വേറെയാരും തന്നെയില്ല' എന്നു പറഞ്ഞു.

ദോ:

പദ് പഖാരി ജലു പാന് കരി ആപു സഹിത് പരിവാര്,
പിതര് പാരു കരി പ്രഭുഹി പുനി മുദിത് ഗയഉ ലെഇ പാര്. (101)

പ്രഭുവിന്റെ പാദങ്ങളെ കഴുകി പരിവാരസഹിതം ആ ജലത്തെ കുടിച്ച് അവൻ തന്റെ പിതൃക്കളെ (ഭവസാഗരത്തിന്റെ) അക്കര കടത്തി, പിന്നെ സന്തോഷത്തോടെ പ്രഭുവിനെ ഗംഗയുടെ അക്കരയെത്തിച്ചു. (101)

ചൗ:

ഉതരി ഠാഢ് ഭഏ സുരസരി രേതാ
സീയ് രാമു ഗുഹ് ലഖന് സമേതാ,
കേവട് ഉതരി ദണ്ഡവത് കീൻഹാ
പ്രഭുഹി സകുച് എഹി നഹിം കഛു ദീൻഹാ. 1

പിയ് ഹിയ് കീ സിയ് ജാന് നിഹാരീ
മനി മുദരീ മന് മുദിത് ഉതാരീ,
കഹെഉ കൃപാല് ലേഹി ഉതരാഈ
കേവട് ചരന് ഗഹേ അകുലാഈ. 2

നാഥ് ആജു മൈം കാഹ് ന പാവാ
മിടേ ദോഷ് ദുഖ് ദാരിദ് ദാവാ,
ബഹുത് കാല് മൈം കീൻഹി മജൂരീ
ആജു ദീൻഹ് ബിധി ബനി ഭലി ഭൂരീ. 3

അബ് കഛു നാഥ് ന ചാഹിഅ മോരേം
ദീനദയാല് അനുഗ്രഹ് തോരേം,
ഫിരതീ ബാര് മൊഹി ജോ ദേബാ
സോ പ്രസാദു മൈം സിര് ധരി ലേബാ. 4

തോണിയിൽനിന്നും ഇറങ്ങി സീതയും ശ്രീരാമനും, ഗുഹനും, ലക്ഷ്മണനും ഗംഗക്കരയിലെ മണലിൽ നിന്നു. തോണിക്കാരനും ഇറങ്ങി പ്രഭുവിന്റെ മുമ്പിൽ ദണ്ഡനമസ്കാരം ചെയ്തു. തോണിക്കാരന് ഒന്നും കൊടുത്തില്ലല്ലോ എന്ന് ചിന്തിച്ച് അവൻ സങ്കോചപ്പെട്ടു. പക്ഷേ തന്റെ

പ്രിയതമന്റെ മനസ്സറിഞ്ഞ സീത സന്തോഷത്തോടെ അവളുടെ രത്നം പതിച്ച മോതിരത്തെ ഊരി. "നിന്റെ കടത്തുകൂലിയെടുത്തോളു" എന്ന് കൃപാലുവായ പ്രഭു പറഞ്ഞു. പക്ഷേ തോണിക്കാരൻ വ്യാകുലതയോടെ പ്രഭുവിന്റെ പാദങ്ങളെ കെട്ടിപ്പിടിച്ചു. "എന്റെ സ്വാമീ, ഇന്ന് എനിക്കെന്താണ് ലഭിച്ചിട്ടില്ലാത്തത്? ഇന്നെന്റെ പാപങ്ങളും, ദു:ഖങ്ങളും, ദാരിദ്ര്യവും നശിച്ചു കഴിഞ്ഞു. ഞാൻ വളരെക്കാലമായി ജോലി ചെയ്യുന്നു. പക്ഷേ, ഇന്നു മാത്രമേ ദൈവം എനിയ്ക്ക് മതിയാവോളമുള്ള നല്ല പ്രതിഫലം തന്നിട്ടുള്ളൂ. ഹേ ദീനദയാള, അങ്ങയുടെ കൃപയാൽ എനിയ്ക്ക് ഇപ്പോൾ ഒന്നും ആവശ്യമില്ല. തിരിച്ചു വരുമ്പോൾ അങ്ങ് എന്തു തന്നാലും അതിനെ ഞാൻ പ്രസാദമായി കൃതജ്ഞതാപൂർവം സ്വീകരിയ്ക്കാം."

ദോ:

ബഹുത് കീൻഹ് പ്രഭു ലഖന്സിയ്ँനഹിംകഛുകേവടു ലേഇ,
ബിദാ കീൻഹ് കരുനായതന് ഭഗതി ബിമല് ബരു ദേഇ. (102)

പ്രഭുവും, ലക്ഷ്മണനും, സീതയും ആവുന്നതും ശ്രമിച്ചുനോക്കി. പക്ഷേ, തോണിക്കാരൻ ഒന്നും സ്വീകരിച്ചില്ല. കരുണാനിധിയായ പ്രഭു അവന്ന് നിർമലമായ ഭക്തിയെ വരമായിക്കൊടുത്ത് അവനെ പറഞ്ഞയച്ചു. (102)

ചൗ:

തബ് മജ്ജനു കരി രഘുകുലനാഥാ
പൂജി പാരഥിവ് നായഉ മാഥാ,
സിയ്ँ സുരസരിഹി കഹെഉ കര് ജോരീ
മാതു മനോരഥ് പുരഉബി മോരീ. 1

പതി ദേവര് സँഗ് കുസല് ബഹോരീ
ആഇ കരൗം ജെഹിം പൂജാ തോരീ,
സുനി സിയ് ബിനയ് പ്രേമ് രസ് സാനീ
ഭഇ തബ് ബിമല് ബാരി ബര് ബാനീ. 2

സുനു രഘുബീര് പ്രിയാ ബൈദേഹീ
തവ പ്രഭാഉ ജഗ് ബിദിത് ന കേഹീ,

ലോകപ് ഹോഹിം ബിലോകത് തോരേം
തൊഹി സേവഹിം സബ് സിധി കര് ജോരേം. 3

തുംഹ് ജോ ഹമ്ഹി ബഡി ബിനയ് സുനാഈ
കൃപാ കീൻഹി മൊഹി ദീൻഹി ബഡാഈ,
തദപി ദേബി മൈം ദേബി അസീസാ
സഫല് ഹോന് ഹിത് നിജ് ബാഗീസാ. 4

രഘുകുലനാഥൻ പിന്നെ ഗംഗയിൽ കുളിച്ച് മണ്ണുകൊണ്ടുണ്ടാക്കിയ ശിവപ്രതിമയെ പൂജിച്ച് തലവണങ്ങി. സീത കൈകൾ കൂപ്പിക്കൊണ്ട് ദേവനദിയായ ഗംഗയോട് പ്രാർത്ഥിച്ചു: “അമ്മേ, ഞാനെന്റെ പതിയോടും ദേവരനോടും കൂടി തിരിച്ചുവന്ന് നിന്നെ പൂജിയ്ക്കാമെന്ന എന്റെ ഇച്ഛയെ സഫലമാക്കൂ.” സീതയുടെ പ്രേമരസം നിറഞ്ഞ പ്രാർത്ഥനയ്ക്കുത്തരമായി പുണ്യനദിയിൽ നിന്നും സന്തോഷകരമായ വാണിയുണ്ടായി: 'ഹേ രഘുവീരന്റെ പ്രിയയായ വൈദേഹി, കേൾക്കൂ: നിന്റെ പ്രഭാവത്തെപ്പറ്റി അറിയാത്തവരാരാണ്? നിന്റെ ദൃഷ്ടിപെടുന്ന ഉടൻ ജനങ്ങൾ ലോകപാലന്മാരായിത്തീരുന്നു. എല്ലാവിധ സിദ്ധികളും നിന്നെ കൂപ്പുകൈകളോടെ കാത്തുനില്ക്കുന്നു. നീ എന്നെ അത്യന്തം വിനയത്തോടെ പ്രാർത്ഥിച്ച് എനിയ്ക്ക് ഉയർന്നൊരു സ്ഥാനം തന്നിരിയ്ക്കുന്നു. എങ്കിലും, ദേവി, എന്റ വാണിയെ സഫലമാക്കാനായിട്ടെങ്കിലും ഞാൻ നിന്നെ അനു ഗ്രഹിയ്ക്കണം.'

ദോ:

പ്രാനനാഥ് ദേവര് സഹിത് കുസല് കോസലാ ആഇ,
പൂജിഹി സബ് മന്കാമനാ സുജസു രഹിഹി ജഗ് ഛാഇ. (103)

“നീ നിന്റെ പ്രാണനാഥനോടും അവന്റെ അനുജനോടും കൂടി സുരക്ഷിതമായി അയോദ്ധ്യയിലേയ്ക്ക് തിരിച്ചുപോകും. നിന്റെ എല്ലാ മനോകാമനകളും സഫലമാകും. നിന്റെ സൽകീർത്തി ലോകം മുഴുവൻ പരക്കും.” (103)

ചൗ:

ഗംഗ് ബചന് സുനി മംഗല് മൂലാ
മുദിത് സീയ് സുരസരി അനുകൂലാ,

തബ് പ്രഭു ഗുഹഹി കഹെഉ ഘര് ജാഹൂ
സുനത് സൂഖ് മുഖ് ഭാ ഉര് ദാഹൂ. 1

ദീന് ബചന് ഗുഹ് കഹ് കര് ജോരീ
ബിനയ് സുനഹു രഘുകുലമനി മോരീ,
നാഥ് സാഥ് രഹി പംഥു ദെഖാഇഊ
കരി ദിന് ചാരി ചരന് സെവകാഇഊ. 2

ജെഹിം ബന് ജാഇ രഹബ് രഘുരാഇഊ
പരന്കുടീ മൈം കരബി സുഹാഇഊ,
തബ് മൊഹി കഹ് ജസി ദേബ് രജാഇഊ
സൊഇ കരിഹഉ് രഘുബീര് ദൊഹാഇഊ. 3

സഹജ് സനേഹ് രാമ് ലഖി താസൂ
സംഗ് ലീൻഹ് ഗുഹ് ഹൃദയ് ഹുലാസൂ,
പുനി ഗുഹ് ഗ്യാതി ബോലി സബ് ലീൻഹേ
കരി പരിതോഷു ബിദാ തബ് കീൻഹേ. 4

ഗംഗയുടെ മംഗളകരമായ ഈ വാക്കുകളെ കേട്ട്, ദേവനദി തനിയ്ക്കനുകൂലയാണെന്നു കണ്ട് സീത സന്തോഷിച്ചു. പിന്നെ പ്രഭു ഗുഹനോട് പറഞ്ഞു: "വീട്ടിലേയ്ക്ക് പോകൂ." ഇതു കേട്ടതും അവന്റെ മുഖം മ്ലാനമായി, അവന്റെ ഹൃദയത്തിൽ കടുത്ത വേദനയുണ്ടായി. കൈകൾ കൂപ്പിക്കൊണ്ട്, ദീനതയോടെ ഗുഹൻ പ്രഭുവിനോട് പറഞ്ഞു: "ഹേ രഘുകുലതിലക, എന്റെ പ്രാർത്ഥനയെ കേട്ടാലും. പ്രഭോ, എന്നെ അങ്ങയോടുകൂടെയിരിയ്ക്കുവാൻ അനുവദിച്ചാലും; ഞാൻ അങ്ങയ്ക്ക് വഴികാണിച്ചുതരാം. കുറെ ദിവസങ്ങൾ നിങ്ങളെ സേവചെയ്തശേഷം, ഹേ രഘുരാമ, അങ്ങ് ഏതു വനത്തിലേയ്ക്ക് പോയിത്താമസിയ്ക്കുന്നതായാലും അവിടെ അങ്ങയ്ക്ക് ഒരു മനോഹരമായ പർണ്ണശാല കെട്ടിത്തരാം. അതിന്നു ശേഷം, ഹേ രഘുവീര, ഞാനാണയിട്ടു പറയുന്നു, അങ്ങ് എന്തു പറയുന്നുവോ അതുപോലെ ചെയ്യാം." അവന്റെ സഹജമായ സ്നേഹത്തെ കണ്ട് ശ്രീരാമൻ അവനെ കൂടെ കൊണ്ടുപോയി. ഗുഹൻ മനസ്സിൽ അത്യന്തം ആനന്ദ

മനുഭവിച്ചു. പിന്നെ ഗുഹൻ തന്റെ ബന്ധുക്കളെയെല്ലാം വിളിച്ച് അവരെ സംതൃപ്തരാക്കി പറഞ്ഞയച്ചു.

ദോ:

തബ് ഗനപതി സിവ് സുമിരി പ്രഭു നാഇ സുരസരിഹി മാഥ്,
സഖാ അനുജ് സിയ് സഹിത് ബന് ഗവനു കീൻഹ് രഘുനാഥ്. (104)

പിന്നെ പ്രഭു ഗണപതിയേയും ശിവനേയും സ്മരിച്ചുകൊണ്ട്, ദേവ നദിയെ തലവണങ്ങി, രഘുനാഥൻ തന്റെ സഖാവോടും, അനുജനോടും സീതയോടും കൂടി കാട്ടിലേയ്ക്ക് പുറപ്പെട്ടു. (104)

ചൗ:

തെഹി ദിന് ഭയഉ ബിടപ് തര് ബാസൂ
ലഖന് സഖാँ സബ് കീൻഹ് സുപാസൂ,
പ്രാത് പ്രാതകൃത് കരി രഘുരാഈ
തീരഥ്രാജു ദീഖ് പ്രഭു ജാഈ. 1

സചിവ് സത്യ് ശ്രദ്ധാ പ്രിയ് നാരീ
മാധവ് സരിസ് മീതു ഹിതകാരീ,
ചാരി പദാരഥ് ഭരാ ഭँഡാരൂ
പുന്യ പ്രദേസ് ദേസ് അതി ചാരൂ. 2

ഛേത്രു അഗമ് ഗഢ് ഗാഢ് സുഹാവാ
സപനെഹുँ നഹിം പ്രതിപച്ഛിൻഹ് പാവാ,
സേന് സകല് തീരഥ് ബര് ബീരാ
കലുഷ് അനീക് ദലന് രനധീരാ. 3

സംഗമു സിംഹാസനു സുഠി സോഹാ
ഛത്രു അഖയബടു മുനി മനു മോഹാ,
ചവँര് ജമുന് അരു ഗംഗ് തരംഗാ
ദേഖി ഹോഹിം ദുഖ് ദാരിദ് ഭംഗാ. 4

ആ ദിവസം അവർ ഒരു മരത്തിന്റെ ചുവട്ടിൽ തങ്ങി. ലക്ഷ്മണനും സഖാവ് ഗുഹനും അവന്നു വേണ്ട സൗകര്യങ്ങൾ ചെയ്തു. പുലർച്ചയ്ക്ക് രഘുരാമൻ

പ്രാത:കാലകർമ്മങ്ങളെല്ലാം കഴിച്ച ശേഷം വീണ്ടും യാത്ര ചെയ്ത് തീർത്ഥരാജനായ പ്രയാഗയെ ദർശിച്ചു. ഈ രാജാവിന്ന് തന്റെ മന്ത്രിയായി സത്യവും, പത്നിയായി ശ്രദ്ധയും, ഹിതകാരിയായ സുഹൃത്തായി ബിന്ദുമാധവനും (പ്രയാഗയിലെ ദൈവമൂർത്തി) ഉണ്ട്. അദ്ദേഹത്തിന്റെ വിത്തകോശം നാലുവിധ പുരുഷാർത്ഥങ്ങളെക്കൊണ്ട് നിറഞ്ഞതാണ്. അദ്ദേഹത്തിന്റെ അതിമനോഹരമായ രാജ്യം, ഗംഗാ–യമുനാ സംഗമത്തിന്നു ചുറ്റുമുള്ള പാവനമായ പ്രദേശമാണ്. പാവനമായ പ്രയാഗ അദ്ദേഹത്തിന്റെ കടക്കാനാവാത്തതും, ശക്തവും, മനോഹരവു മായ കോട്ടയാണ്; അതിനെ ഒരു ശത്രുവിന്നും സ്വപ്നത്തിൽക്കൂടി പിടിച്ചട ക്കാനാവില്ല. എല്ലാ പുണ്യതീർത്ഥങ്ങളും അദ്ദേഹത്തിന്റെ വീരന്മാരായ സേനാനികളാണ്. അവർ യുദ്ധത്തിൽ ഉറച്ചുനില്ക്കുന്നവരും, പാപങ്ങളുടെ സമൂഹങ്ങളെ പാടെ നശിപ്പിയ്ക്കാൻ പര്യാപ്തരുമാണ്. ഗംഗാ–യമുനാ സംഗമം അദ്ദേഹത്തിന്റെ സുന്ദരമായ സിംഹാസനവും, മുനിമാരുടെ മനസ്സിനെപ്പോലും കവരുന്ന അക്ഷയവടവൃക്ഷം രാജഛത്രവുമാണ്. ഗംഗയുടേയും യമുനയുടേയും അലകൾ അദ്ദേഹത്തിന്റെ ചാമരങ്ങളാണ്. അവയുടെ ദർശനം ദു:ഖത്തേയും ദാരിദ്ര്യത്തേയും നശിപ്പിയ്ക്കുന്നതാണ്.

ദോ:

സേവഹിം സുകൃതീ സാധു സുചി പാവഹിം സബ് മന്കാമ്,
ബന്ദീ ബേദ് പുരാന് ഗന് കഹഹിം ബിമല് ഗുന് ഗ്രാമ്. (105)

സുകൃതം ചെയ്ത ശുദ്ധന്മാരായ സാധുജനങ്ങൾ ഈ രാജാവിനെ സേവ ചെയ്തുകൊണ്ട് എല്ലാ മനോകാമനകളേയും ലഭിയ്ക്കുന്നു. വേദങ്ങളും പുരാണങ്ങളും അദ്ദേഹത്തിന്റെ വിശുദ്ധമായ ഗുണഗണങ്ങളെ പ്രശംസി യ്ക്കുന്ന വന്ദികളാണ്. (105)

ചൗ:

കോ കഹി സകഇ പ്രയാഗ് പ്രഭാഊ —
കലുഷ് പുംജ് കുംജര് മൃഗരാഊ,
അസ് തീരഥ്പതി ദേഖി സുഹാവാ —
സുഖ് സാഗര് രഘുബര് സുഖ് പാവാ. 1

കഹി സിയ് ലഖന്ഹി സഖഹി സുനാഇൗ
ശ്രീമുഖ് തീരഥ്രാജ് ബഡാഇൗ,
കരി പ്രനാമു ദേഖത് ബന് ബാഗാ
കഹത് മഹാതമ് അതി അനുരാഗാ. 2

എഹി ബിധി ആഇ ബിലോകീ ബേനീ
സുമിരത് സകല് സുമംഗല് ദേനീ,
മുദിത് നഹാഇ കീൻഹി സിവ് സേവാ
പൂജി ജഥാബിധി തീരഥ് ദേവാ. 3

തബ് പ്രഭു ഭരദ്വാജ് പഹിം ആഏ
കരത് ദണ്ഡവത് മുനി ഉര് ലാഏ,
മുനി മന് മോദ് ന കഛു കഹി ജാഇൗ
ബ്രഹ്മാനന്ദ് രാസി ജനു പാഇൗ. 4

പാപങ്ങളെന്ന ആനക്കൂട്ടത്തിന്ന് സിംഹമെന്നപോലുള്ള പ്രയാഗയുടെ മഹത്വത്തെ ആർക്കാണ് വർണ്ണിയ്ക്കാനാവുക? സുഖസാഗരനായ രഘു വരൻ ഇങ്ങനെയുള്ള മഹാനായ തീർത്ഥരാജനെ കണ്ട് ആനന്ദ ഭരിതനായി. തന്റെ ശ്രീമുഖം കൊണ്ട് തീർത്ഥരാജന്റെ മഹത്വത്തെ സീതയോടും, ലക്ഷ്മണനോടും സഖാവായ ഗുഹനോടും പറഞ്ഞു. ഈ പാവനപ്രദേശത്തെ നമസ്കരിച്ച് ചുറ്റുമുള്ള തോപ്പുകളേയും ഉദ്യാനങ്ങ ളേയും നോക്കിക്കൊണ്ട് അവയുടെ മാഹാത്മ്യത്തെക്കുറിച്ച് അത്യന്തം പ്രേമത്തോടെ പറഞ്ഞു. ഈവിധം അവൻ, ഏതൊന്നിന്റെ സ്മരണം എല്ലാവിധ മംഗളങ്ങളേയും പ്രദാനം ചെയ്യുന്നുവോ, ആ ഗംഗ–യമുനാ സംഗമത്തിലെത്തി അതിനെ ദർശിച്ചു. സംഗമത്തിൽ കുളിച്ച ശേഷം അവൻ സന്തോഷത്തോടെ ശിവനെ സേവിയ്ക്കുകയും, പുണ്യപ്രയാഗ യിലെ തീർത്ഥദേവന്മാരെയെല്ലാം വിധിപ്രകാരം പൂജിയ്ക്കുകയും ചെയ്തു. പ്രഭു പിന്നെ ഭരദ്വാജനെ ചെന്നു കണ്ട് അദ്ദേഹത്തെ ദണ്ഡനമസ്കാരം ചെയ്തു. മുനി അവനെ എടുത്ത് മാറോടണച്ചു. മുനി മനസ്സിലനുഭവിച്ച ആനന്ദത്തെ വാക്കുകളാൽ വർണ്ണിയ്ക്കാനാവില്ല. അത് അദ്ദേഹം ബ്രഹ്മാ നന്ദത്തിൽ ഐക്യം പ്രാപിച്ചപോലെയായിരുന്നു.

ദോ:

ദീൻഹ് അസീസ് മുനീസ് ഉര് അതി അനന്ദു അസ് ജാനി,
ലോചന് ഗോചര് സുകൃത് ഫല് മനഹു് കിഏ ബിധി ആനി. (106)

മുനീശൻ (ഭരദ്വാജൻ) പ്രഭുവിനെ ആശീർവദിച്ചു. ദൈവം തന്റെ സുകൃതത്തിന്റെ ഫലത്തെ പ്രത്യക്ഷമായിത്തന്നെ അദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടുവന്നിട്ടുള്ളതായി അറിഞ്ഞ് അദ്ദേഹത്തിന്റെ മനസ്സിൽ പരമാനന്ദമുണ്ടായി. (106)

ചൗ:

കുസല് പ്രസ്ന് കരി ആസന് ദീൻഹേ
പൂജി പ്രേമ് പരിപൂരന് കീൻഹേ,
കന്ദ് മൂല് ഫല് അങ്കുര് നീകേ
ദിഏ ആനി മുനി മനഹു് അമീകേ. 1

സീയ് ലഖന് ജന് സഹിത് സുഹാഏ
അതി രുചി രാമ് മൂല് ഫല് ഖാഏ,
ഭഏ ബിഗതശ്രമ് രാമു സുഖാരേ
ഭരദ്വാജ് മൃദു ബചന് ഉചാരേ. 2

ആജു സുഫല് തപു തീരഥ് ത്യാഗൂ
ആജു സുഫല് ജപ് ജോഗ് ബിരാഗൂ,
സഫല് സകല് സുഭ് സാധന് സാജൂ
രാമ് തുംഹഹി അവലോകത് ആജൂ. 3

ലാഭ് അവധി സുഖ് അവധി ന ദൂജീ
തുംഹരേം ദരസ് ആസ് സബ് പൂജീ,
അബ് കരി കൃപാ ദേഹു ബര് ഏഹൂ
നിജ് പദ് സരസിജ് സഹജ് സനേഹൂ. 4

അവരോട് കുശലപ്രശ്നം ചെയ്തശേഷം മുനി അവർക്ക് ആസനങ്ങൾ കൊടുത്ത് പ്രേമപൂർവം അവരെ പൂജിച്ച് തൃപ്തരാക്കി. പിന്നെ അദ്ദേഹം അമൃതംപോലെ മധുരമുള്ള കന്ദമൂലഫലങ്ങളും മുളയിട്ട ധാന്യങ്ങളും

കൊണ്ടുവന്ന് അവർക്ക് കൊടുത്തു. ശ്രീരാമനും, സീതയും, ലക്ഷ്മണനും, ഭക്തനായ ഗുഹനും ഫലമൂലങ്ങളെ അത്യന്തം രുചിയോടെ ഭക്ഷിച്ചു. ശ്രമം നീങ്ങിയപ്പോൾ ശ്രീരാമൻ സന്തുഷ്ടനായി. പിന്നെ ഭരദ്വാജൻ അവനോട് മൃദുവായ സ്വരത്തിൽ പറഞ്ഞു: "ഇന്ന് എന്റെ തപസ്സിന്റേയും, തീർത്ഥാടനത്തിന്റേയും, ത്യാഗത്തിന്റേയും ഫലം എനിയ്ക്ക് ലഭിച്ചു കഴിഞ്ഞു. ഇന്ന് എന്റെ പ്രാർത്ഥനയും യോഗവും വൈരാഗ്യവും ഫലപ്രദമായി. മാത്രമല്ല, ഹേ രാമ, എന്റെ ശുഭസാധനകളെല്ലാം തന്നെ നിന്റെ ദർശനത്താൽ സഫലമായി. ഇതിലും മികച്ച ലാഭമോ, ആനന്ദമോ വേറില്ല. നിന്റെ ദർശനത്താൽ എന്റെ എല്ലാ ആശകളും സിദ്ധിച്ചു കഴിഞ്ഞു. ഇപ്പോൾ എനിയ്ക്ക് നിന്റെ പാദകമലങ്ങളിൽ സഹജമായ ഭക്തിയുണ്ടായിരിയ്ക്കുവാനുള്ള ഒരു വരം തരാൻ കൃപയുണ്ടാകണം."

ദോ:

കരമ് ബചന് മന് ഛാഡി ഛലു ജബ് ലഗി ജനു ന തുംഹാര്,
തബ് ലഗി സുഖു സപനെഹു്ँ നഹീം കിഏ്ँ കോടി ഉപചാര്. (107)

"കപടത ത്യജിച്ച്, മനസാ വാചാ കർമ്മണാ ഒരുവന്ന് നിന്നിൽ നിർമ്മലമായ ഭക്തിയുണ്ടാകുന്നതുവരെ, എത്ര തന്നെ സുഖസൗകര്യങ്ങളുണ്ടായിരുന്നാലും, സുഖമെന്നത് അവന്ന് സ്വപ്നത്തിൽക്കൂടി ഉണ്ടാവില്ല." (107)

ചൗ:

സുനി മുനി ബചന് രാമ് സകുചാനേ
ഭാവ് ഭഗതി ആനന്ദ് അഘാനേ,
തബ് രഘുബര് മനി സുജസു സുഹാവാ
കോടി ഭാँതി കഹി സബ്ഹി സുനാവാ. 1

സോ ബഡ് സോ സബ് ഗുന് ഗന് ഗേഹൂ
ജെഹി മുനീസ് തുംഹ് ആദര് ദേഹൂ,
മുനി രഘുബീര് പരസ്പര് നവഹീം
ബചന് അഗോചര് സുഖു അനുഭവഹീം. 2

യഹ് സുധി പാഇ പ്രയാഗ് നിവാസീ
ബടു താപസ് മുനി സിദ്ധ് ഉദാസീ,

ഭരദ്വാജ് ആശ്രമ് സബ് ആഏ
ദേഖന് ദസരഥ് സുഅന് സുഹാഏ. 3

രാമ് പ്രനാമ് കീൻഹ് സബ് കാഹൂ
മുദിത് ഭഏ ലഹി ലോയന് ലാഹൂ,
ദേഹിം അസീസ് പരമ് സുഖു പാഈ
ഫിരേ സരാഹത് സുന്ദരതാഈ. 4

അദ്ദേഹത്തിന്റെ പ്രേമഭാവത്താലും ഭക്തിയാലും സന്തുഷ്ടനായിരുന്ന രാമൻ മുനിയുടെ വാക്കുകൾ കേട്ട് സങ്കോചപ്പെട്ടു. അപ്പോൾ രഘുവംശ മണിയായ രാമൻ എല്ലാവരോടും മുനിയുടെ സ്വച്ഛമായ സൽകീർത്തിയെ പ്പറ്റി എണ്ണറ്റവിധത്തിൽ പറഞ്ഞു. “ഹേ മുനീശ, അങ്ങ് ആർക്ക് ആദരവ് കാണിയ്ക്കുന്നുവോ, അവൻ മഹാനും സർവഗുണസമ്പന്നനുമാണ്.” മുനിയും രഘുവീരനും പരസ്പരം ആദരവ് കാണിയ്ക്കുകയും വർണ്ണിയ്ക്കാ നാവാത്ത ആനന്ദത്തെ അനുഭവിയ്ക്കുകയും ചെയ്തു. വർത്തമാനമറിഞ്ഞ് പ്രയാഗയിലെ ജനങ്ങൾ – ബ്രഹ്മചാരികളും, താപസന്മാരും, മുനിമാരും, സിദ്ധന്മാരും, ഉദാസികളും – എല്ലാവരും ഭരദ്വാജന്റെ ആശ്രമത്തിലേയ്ക്ക് കൂട്ടമായി ദശരഥരാജാവിന്റെ സുന്ദരന്മാരായ പുത്രന്മാരെ ഒരു നോക്കു കാണുവാനായി വന്നെത്തി. ശ്രീരാമൻ എല്ലാവരേയും വണങ്ങി. അവർ തങ്ങളുടെ കണ്ണുകളൾക്ക് സാഫല്യം ലഭിച്ച് സന്തുഷ്ടരായി. പരമാനന്ദ മടഞ്ഞ് അവനെ അനുഗ്രഹിച്ച് അവരുടെ സൗന്ദര്യത്തെ ശ്ലാഘിച്ചു കൊണ്ട് തിരിച്ചു പോയി.

ദോ

രാമ് കീൻഹ് ബിശ്രാമ് നിസി പ്രാത് പ്രയാഗ് നഹാഇ,
ചലേ സഹിത് സിയ് ലഖന് ജന് മുദിത് മുനിഹി സിരു നാഇ. (108)

ശ്രീരാമൻ ആ രാത്രി ആശ്രമത്തിൽ വിശ്രമിച്ചു. കാലത്ത് പ്രയാഗയിൽ സ്നാനം ചെയ്ത് മുനിയെ സന്തോഷത്തോടെ തലവണങ്ങി, സീതയോടും, ലക്ഷ്മണനോടും, സഖാവോടും കൂടി യാത്ര തുടർന്നു. (108)

ചൗ:

രാമ് സപ്രേമ് കഹെഉ മുനി പാഹീം
നാഥ് കഹിഅ ഹമ് കെഹി മഗ് ജാഹീം,

മുനി മന് ബിഹസി രാമ് സന് കഹഹീം
സുഗമ് സകല് മഗ് തുംഹ് കഹു് അഹഹീം. 1

സാഥ് ലാഗി മുനി സിഷ്യ് ബൊലാഏ
സുനി മന് മുദിത് പചാസക് ആഏ,
സബൻഹി രാമ് പര് പ്രേമ് അപാരാ
സകല് കഹഹി മഗു ദീഖ് ഹമാരാ. 2

മുനി ബടു ചാരി സംഗ് തബ് ദീൻഹേ
ജിൻഹ് ബഹു ജനമ് സുകൃത് സബ് കീൻഹേ,
കരി പ്രനാമു രിഷി ആയസു പാഈ
പ്രമുദിത് ഹൃദയ് ചലേ രഘുരാഈ. 3

ഗ്രാമ് നികട് ജബ് നികസഹിം ജാഈ
ദേഖഹിം ദരസു നാരി നര് ധാഈ,
ഹോഹി സനാഥ് ജനമ് ഫലു പാഈ
ഫിരഹിം ദുഖിത് മനു സംഗ് പഠാഈ. 4

ശ്രീരാമൻ പ്രേമത്തോടെ മുനിയോട് ചോദിച്ചു. “സ്വാമീ, ഞങ്ങൾ ഏതു വഴിയാണ് പോകേണ്ടതെന്ന് പറഞ്ഞാലും.” മനസ്സിൽ പുഞ്ചിരിച്ചുകൊണ്ട് മുനി ശ്രീരാമനോട് പറഞ്ഞു: “നീ പോകുന്നഎല്ലാ വഴികളും നിനക്ക് സുഗമങ്ങളാണ്.” രാമന്റെ കൂടെ പോകാൻ മുനി പിന്നെ തന്റെ ശിഷ്യന്മാരെ വിളിച്ചു. ഈ വിളി കേട്ട് അമ്പതു ശിഷ്യന്മാർ സന്തോഷത്തോടെ അവിടെയെത്തി. അവർക്കെല്ലാവർക്കും തന്നെ ശ്രീരാമന്റെ മേൽ അപാരമായ പ്രേമമുണ്ടായിരുന്നു. ഓരോരുത്തനും പറഞ്ഞു: താൻ വഴി കണ്ടിട്ടുണ്ടെന്ന്. മുനി നാല് ബ്രഹ്മചാരികളെ കൂടെ പോകാനായി പറഞ്ഞു. അവർ അനവധി പൂർവജന്മങ്ങളിൽ വളരെ സകൃതം ചെയ്തവരായിരുന്നു. ഋഷിയെ വണങ്ങി അദ്ദേഹത്തിന്റെ ആദേശം ലഭിച്ച് രഘുരാമൻ സന്തുഷ്ടഹൃദയനായി പുറപ്പെട്ടു. ആ സമൂഹം ഗ്രാമത്തിന്റെ സമീപത്തുകൂടെ പോയ്ക്കൊണ്ടിരിയ്ക്കുമ്പോൾ ഗ്രാമത്തിലെ സ്ത്രീപുരുഷന്മാർ അവരെ കാണാൻ ഓടിയെത്തി. തങ്ങളുടെ ജന്മം

സഫലമായെന്ന് അവർ തൃപ്തരായി, അവരുടെ മനസ്സിനെ ആ വഴിപോക്കരുടെ കൂടെ അയച്ച് വ്യാകുലതയോടെ അവർ തിരിച്ചു ചെന്നു.

ദോ:

ബിദാ കിഏ ബടു ബിനയ് കരി ഫിരേ പാഇ മന് കാമ്,
ഉതരി നഹാഇ ജമുന് ജല് ജോ സരീര് സമ് സ്യാമ്. (109)

അത്യന്തം ആദരവോടെ രാമൻ ബ്രഹ്മചാരികളെ തിരിച്ചയച്ചു. അവരുടെ മനോകാമന പൂർത്തിയായി അവർ തിരിച്ചുപോയി. പ്രഭു പിന്നെ തന്നെ പ്പോലെത്തന്നെ ശ്യമവർണ്ണമായ യമുനാജലത്തിലിറങ്ങി കുളിച്ചു. (109)

ചൗ:

സുനത് തീരബാസീ നര് നാരീ
ധാഏ നിജ് നിജ് കാജ് ബിസാരീ,
ലഖന് രാമ് സിയ് സുന്ദരതാഈ
ദേഖി കരഹി നിജ് ഭാഗ്യ് ബഡാഈ. 1

അതി ലാലസാ ബസഹിം മന് മാഹീം
നാഉँ ഗാഉँ ബൂഝത് സകുചാഹീം,
ജേ തിൻഹ് മഹുँ ബയ്ബിരിധ് സയാനേ
തിൻഹ് കര് ജുഗുതി രാമു പഹിചാനേ. 2

സകല് കഥാ തിൻഹ് സബഹി സുനാഈ
ബന്ഹി ചലേ പിതു ആയസു പാഈ,
സുനി സബിഷാദ് സകല് പഛിതാഹീം
രാനീ രായ്ँ കീൻഹ് ഭല് നാഹീം. 3

തെഹി അവസര് എക് താപസു ആവാ
തേജപുംജ് ലഘുബയസ് സുഹാവാ,
കബി അലഖിത് ഗതി ബേഷു ബിരാഗീ
മന് ക്രമ് ബചന് രാമ് അനുരാഗീ. 4

അവർ വന്നെത്തിയതറിഞ്ഞ് നദിക്കരയിൽ താമസിച്ചിരുന്ന ജനങ്ങൾ അവരുടെ ജോലികളെ വിട്ട് അവരെക്കാണാൻ ഓടിയെത്തി. ലക്ഷ്മണ

ന്റേയും, രാമന്റേയും, സീതയുടേയും സൗന്ദര്യത്തെ കണ്ട് അവർ തങ്ങളുടെ ഭാഗ്യത്തെ സ്വയം അഭിനന്ദിച്ചു. അവരുടെ മനസ്സിൽ നവാഗത രുടെ പേരും വീടും മറ്റും ചോദിയ്ക്കാൻ അമിതമായ ആഗ്രഹമുണ്ടായി രുന്നു. പക്ഷേ അവർ ചോദിയ്ക്കാൻ ലജ്ജിതരായി. അവരിൽ വയസ്സിൽ മൂത്തവരും സമർത്ഥരുമായവർ യുക്തിയാൽ രാമനെ തിരിച്ചറിഞ്ഞു. അവർ മറ്റുള്ളവർക്ക് രാമൻ തന്റെ പിതാവിന്റെ ആദേശമനുസരിച്ച് വനവാസത്തിന്ന് പുറപ്പെട്ട കഥയെല്ലാം പറഞ്ഞു. അവരെല്ലാവരും അതു കേട്ട് ദു:ഖിതരായി, വിലപിച്ചു. “രാജാവും റാണിയും ചെയ്തത് നന്നായില്ല” അവർ പറഞ്ഞു. ഇതിനിടയ്ക്ക് അവിടെ ഒരു തേജസ്വിയും സുന്ദരനുമായ യുവതാപസൻ വന്നെത്തി. കവികൾക്കുപോലും അവന്റെ ഗതിയെ അറിയാനാവില്ലായിരുന്നു. ഒരു വിരാഗിയുടെ വേഷമണിഞ്ഞി രുന്ന അവൻ മനസാ വാചാ കർമ്മണാ ശ്രീരാമനിൽ ഭക്തിയുള്ളവ നായിരുന്നു.

ദോ:

സജല് നയന് തന് പുലകി നിജ് ഇഷ്ടദേഉ പഹിചാനി,
പരെഉ ദണ്ഡ് ജിമി ധരനിതല് ദസാ ന ജാഇ ബഖാനി. (110)

അവന്റെ കണ്ണുകളിൽ അശ്രുക്കൾ നനഞ്ഞിരുന്നു. തന്റെ ഇഷ്ടദേവനെ (ശ്രീരാമനെ) തിരിച്ചറിഞ്ഞ് ദേഹം പുളകിതമായി. അവൻ നിലത്ത് ദണ്ഡനമസ്കാരം ചെയ്തു. അവന്റെ ശരീരത്തിന്റേയും മനസ്സിന്റേയും സ്ഥിതിയെ വാക്കുകളാൽ വർണ്ണിയ്ക്കാനാവില്ല. (110)

ചൗ:

രാമ് സപ്രേമ് പുലകി ഉര് ലാവാ
പരമ് രംക് ജനു പാരസു പാവാ,
മനഹു്ँ പ്രേമു പരമാരഥു ദോഊ
മിലത് ധരേം തന് കഹ് സബ് കോഊ. 1

ബഹുരി ലഖന് പായൻഹ് സൊഇ ലാഗാ
ലീൻഹ് ഉഠാഇ ഉമഗി അനുരാഗാ,

പുനി സിയ് ചരന് ധൂരി ധരി സീസാ
ജനനി ജാനി സിസു ദീൻഹ് അസീസാ. 2

കീൻഹ് നിഷാദ് ദണ്ഡവത് തേഹീ
മിലെഉ മുദിത് ലഖി രാമ് സനേഹീ,
പിഅത് നയന് പുട് രൂപു പിയൂഷാ
മുദിത് സുഅസനു പാഇ ജിമി ഭൂഖാ. 3

തേ പിതു മാതു കഹഹു സഖി കൈസേ
ജിൻഹ് പഠഏ ബന് ബാലക് ഐസേ,
രാമ് ലഖന് സിയ് രൂപ് നിഹാരീ
ഹോഹി സനേഹ് ബികല് നര് നാരീ. 4

പ്രേമപുളകിതനായി രാമൻ അവനെ മാറോടണച്ചു. അത് പരമദരിദ്രന്ന് പാരസമണി കിട്ടിയ പോലെയിരുന്നു. അവരെ കണ്ടവരെല്ലാവരും തന്നെ പ്രേമവും പരമാർത്ഥവും ശരീരമെടുത്ത് പരസ്പരം ആലിംഗനം ചെയ്യുന്ന പോലെയിരുന്നുവെന്ന് പറഞ്ഞു. അടുത്തതായി അവൻ ലക്ഷ്മണന്റെ കാല്ക്കൽ വീണു. ലക്ഷ്മണൻ അവനെ പ്രേമം തുളുമ്പുന്ന ഹൃദയത്തോടെ തൂക്കിയെടുത്തു. പിന്നെ അവൻ സീതയുടെ പാദധൂളിയെ തന്റെ ശിരസ്സിൽ ധരിച്ചു. അവൻ തന്റെ സ്വന്തം പുത്രനാണെന്നറിഞ്ഞ് അമ്മ (സീത) അവനെ ആശീർവദിച്ചു. നിഷാദരാജൻ മുനിയുടെ മുമ്പിൽ വീണു നമസ്കരിച്ചു. അവൻ ശ്രീരാമന്റെ സഖാവാണെന്ന് മനസ്സിലാക്കി മുനി അവനെ സന്തോഷത്തോടെ മാറോടണച്ചു. തന്റെ കണ്ണുകളാകുന്ന കോപ്പകൊണ്ട് അവൻ ശ്രീരാമന്റെ സൗന്ദര്യമെന്ന അമൃതത്തെ കുടിച്ച് വിശന്നു വലയുന്നവന്ന് വിശിഷ്ടമായ ഭക്ഷണം കിട്ടിയപോലെ സന്തോഷിച്ചു. “സഖേ, പറയൂ, ഇവരെപ്പോലുള്ള കുട്ടികളെ കാട്ടിലേയ്ക്കയച്ച മാതാപിതാക്കൾ എങ്ങനെയുള്ളവരാണ്?” ശ്രീരാമന്റേയും, ലക്ഷ്മണന്റേയും, സീതയുടേയും സുന്ദരരൂപത്തെ ആസ്വദിച്ചുകൊണ്ട് സ്നേഹം കാരണം പുരുഷന്മാരും സ്ത്രീകളും വ്യാകുലരായിരുന്നു.

ദോ:

തബ് രഘുബീര് അനേക് ബിധി സഖഹി സിഖാവനു ദീൻഹ്
രാമ് രജായസു സീസ് ധരി ഭവന് ഗവനു തെഇ കീൻഹ്. (111)

രഘുവീരൻ പിന്നെ തന്റെ സഖാവിനെ (ഗുഹനെ) പലവിധത്തിൽ ഉപദേശിച്ചു. ശ്രീരാമന്റെ ആദേശത്തിന്ന് അടിപണിഞ്ഞ് അവൻ വീട്ടിലേയ്ക്ക് പുറപ്പെട്ടുപോയി. (111)

ചൗ:

പുനി സിയ്ഁ രാമ് ലഖന് കര് ജോരീ
ജമുനഹി കീൻഹ് പ്രനാമു ബഹോരീ,
ചലേ സസീയ് മുദിത് ദൊഉ ഭാഈ
രബിതനുജാ കഇ കരത് ബഡാഈ. 1

പഥിക് അനേക് മിലഹിം മഗ് ജാതാ
കഹഹി സപ്രേമ് ദേഖി ദൊഉ ഭ്രാതാ,
രാജ് ലഖന് സബ് അംഗ് തുംഹാരേം
ദേഖി സോചു അതി ഹൃദയ് ഹമാരേം. 2

മാരഗ് ചലഹു പയാദെഹി പാഏഁ
ജ്യോതിഷു ഝൂഠ് ഹമാരേം ഭാഏഁ,
അഗമു പംഥു ഗിരി കാനന് ഭാരീ
തെഹി മഹഁ സാഥ് നാരി സുകുമാരീ. 3

കരി കേഹരി ബന് ജാഇ ന ജോഈ
ഹമ് സഁഗ് ചലഹിം ജൊ ആയസു ഹോഈ.,
ജാബ് ജഹാഁ ലഗി തഹഁ പഹുഁചാഈ
ഫിരബ് ബഹോരി തുംഹഹി സിരു നാഈ. 4

പിന്നെ, കൂപ്പുകൈകളോടെ സീതയും, രാമനും, ലക്ഷ്മണനും യമുനയെ വീണ്ടും വന്ദിച്ചു. സീതയോടുകൂടി രണ്ടു സഹോദരന്മാരും സൂര്യപുത്രിയായ യമുനയെ സ്തുതിച്ചുകൊണ്ട് സന്തോഷത്തോടെ മുന്നോട്ട് യാത്ര തുടർന്നു. വഴിയിൽ അവർ പല യാത്രികരെ കണ്ടു. അവർ ഇരു സഹോദരന്മാരേയും കണ്ട് പ്രേമത്തോടെ പറഞ്ഞു: "നിങ്ങളുടെ ശരീരത്തിൽ എല്ലാവിധ രാജകീയ ലക്ഷണങ്ങളേയും കണ്ട് ഞങ്ങളുടെ ഹൃദയത്തിൽ അത്യന്തം ശോകമുണ്ട്. നിങ്ങൾ പദയാത്ര ചെയ്യുന്നതു കണ്ട് ജ്യോതിഷശാസ്ത്രം (അതു പ്രകാരം ഈവിധമുള്ള ലക്ഷണങ്ങളുള്ള

വർ വാഹനങ്ങളിൽ സഞ്ചരിയ്ക്കേണ്ടവരാണ്) അസത്യമാണെന്ന് ഞങ്ങൾക്ക് തോന്നുന്നു. വഴി ദുർഗ്ഗമവും മലകളിൽക്കൂടിയും കാടുകളിൽക്കൂടിയുമാണ്. എല്ലാറ്റിന്നുമുപരി നിങ്ങളുടെ കൂടെ കോമളഗാത്രിയായ ഒരു പെൺകുട്ടിയുമുണ്ട്. ആനകളും സിംഹങ്ങളും നിറഞ്ഞ കാട് കാണാൻ തന്നെ ഭയങ്കരമാണ്. നിങ്ങൾ അനുവദിയ്ക്കുന്നതായാൽ ഞങ്ങൾ നിങ്ങളെ അനുഗമിയ്ക്കാം. നിങ്ങൾ പോകുന്നിടത്തോളം ഞങ്ങൾ നിങ്ങളെ കൂട്ടിക്കൊണ്ടു പോകാം. പിന്നെ നിങ്ങളെ തലവണങ്ങി ഞങ്ങൾ തിരിച്ചു വന്നുകൊള്ളാം."

ദോ:

എഹിബിധി പൂ്ഛഹിം പ്രേമ്ബസ് പുലക് ഗാത് ജലു നൈന്,
കൃപാസിന്ധു ഫേരഹിം തിൻഹഹി കഹി ബിനീത്മൃദുബൈന്. (112)

ഈവിധം അവർ പ്രേമവശംവദരായി, പുളകിതഗാത്രരായി, നിറഞ്ഞ കണ്ണുകളോടെ തങ്ങളുടെ സേവനത്തെ അറിയിച്ചു. പക്ഷേ കൃപാസിന്ധുവായ പ്രഭു വിനീതവും മൃദുവുമായ വാക്കുകൾ പറഞ്ഞ് അവരെ തിരിച്ചയച്ചു. (112)

ചൗ:

ജേ പുര് ഗാ്വ് ബസഹിം മഗ് മാഹീം
തിൻഹഹി നാഗ് സുര് നഗര് സിഹാഹീം,
കെഹി സുകൃതീം കെഹി ഘരീം ബസാഏ
ധന്യ് പുന്യമയ് പരമ് സുഹാഏ. 1

ജഹ് ജഹ് രാമ് ചരന് ചലി ജാഹീം
തിൻഹ് സമാന് അമരാവതി നാഹീം,
പുന്യപുംജ് മഗ് നികട് നിവാസീ
തിൻഹഹി സരാഹഹിം സുരപുര്ബാസീ. 2

ജേ ഭരി നയന് ബിലോകഹിം രാമ്ഹി
സീതാ ലഖന് സഹിത് ഘനസ്യാമ്ഹി,
ജേ സര് സരിത് രാമ് അവഗാഹഹിം
തിൻഹ്ഹി ദേവ സര് സരിത് സരാഹഹിം. 3

ജെഹി തരു തര് പ്രഭു ബൈഠഹി ജാഈ
കരഹിം കല്പതരു താസു ബഡാഈ,
പരസി രാമ് പദ് പദുമ പരാഗാ
മാനതി ഭൂമി ഭൂരി നിജ് ഭാഗാ. 4

വഴിയിലെ പുരങ്ങളും ഗ്രാമങ്ങളും നാഗന്മാരുടേയും ദേവന്മാരുടേയും പട്ടണങ്ങളെ അസൂയാലുക്കളാക്കി. ഈ പട്ടണങ്ങളിലെ ദേവതകൾ പരസ്പരം പറഞ്ഞു: "ഏതു സുകൃതം ചെയ്ത ആത്മാവിനാൽ, ഏതു ശുഭമുഹൂർത്തത്തിലാണ് ഈ പുരങ്ങളും ഗ്രാമങ്ങളും പണിയപ്പെട്ടത്? അവ ധന്യങ്ങളും, പുണ്യം ചെയ്തവയും അത്യന്തം മനോഹരങ്ങളുമാണ്." ഏതെല്ലാം വഴികളിൽക്കൂടി ശ്രീരാമന്റെ പാദങ്ങൾ നടന്നു പോയോ, അമരാവതികൂടി അവയ്ക്ക് സമാനമല്ല. വഴിയുടെ അരുകിൽ താമസിച്ചിരുന്നവർ പുണ്യത്തിന്റെ സ്വരൂപങ്ങളായിരുന്നു. കാർമെഘത്തെപ്പോലെ ശ്യാമളവർണ്ണനായ ശ്രീരാമനേയും, സീതയേയും, ലക്ഷ്മണനേയും കണ്ണുകൾ നിറയെ കണ്ടുകൊണ്ടിരുന്ന അവർ സ്വർഗ്ഗവാസികളുടെ പ്രശംസയ്ക്കു പാത്രരായിരുന്നു. ശ്രീരാമൻ സ്നാനം ചെയ്ത തടാകങ്ങളും അരുവികളും ദേവന്മാരുടെ തടാകങ്ങളുടേയും നദികളുടേയും അസൂയയ്ക്ക് പാത്രമായിരുന്നു. പ്രഭു ഏതു വൃക്ഷത്തിന്റെ ചുവട്ടിൽ ഇരുന്നിരുന്നുവോ, അതിനെ സ്വർഗ്ഗത്തിലെ കല്പവൃക്ഷം പുകഴ്ത്തി. ശ്രീരാമന്റെ പാദധൂളിയെ സ്പർശിച്ചുകൊണ്ട് ഭൂമിദേവി തന്നെ പരമ ഭാഗ്യവതിയായി ഭാവിച്ചു.

ദോ:

ഛാ്ഹ്കരഹിംഘന്ബിബുധഗന്ബരഷഹിംസുമന് സിഹാഹിം,
ദേഖത് ഗിരി ബന് ബിഹഗ് മൃഗ് രാമു ചലേ മഗ് ജാഹിം. (113)

മേഘങ്ങൾ അവനെ സൂര്യനിൽനിന്നും മറച്ചു. ദേവഗണങ്ങൾ പുഷ്പവർഷം ചെയ്ത് ആതുരതയോടെ അവനെ നോക്കി. പർവതങ്ങളേയും, കാടുകളേയും, പക്ഷികളേയും മൃഗങ്ങളേയും നോക്കിക്കൊണ്ട് ശ്രീരാമൻ വഴിയിൽക്കുടി നടന്നുപോയി. (113)

ചൗ:

സീതാ ലഖന് സഹിത് രഘുരാഇൗ
ഗാ ँവ് നികട് ജബ് നികസഹിം ജാഇൗ,
സുനി സബ് ബാല് ബൃദ്ധ് നര് നാരീ
ചലഹിം തുരത് ഗൃഹകാജു ബിസാരീ. 1

രാമ് ലഖന് സിയ് രൂപ് നിഹാരീ
പാഇ നയന്ഫലു ഹോഹി സുഖാരീ,
സജല് ബിലോചന് പുലക് സരീരാ
സബ് ഭഏ മഗന് ദേഖി ദൊഉ ബീരാ. 2

ബരനി ന ജാഇ ദസാ തിൻഹ് കേരീ
ലഹി ജനു രംകൻഹ് സുരമനി ഢേരീ,
ഏകൻഹ് ഏക് ബോലി സിഖ് ദേഹീം
ലോചന് ലാഹു ലേഹു ഛന് ഏഹീം. 3

രാമ്ഹി ദേഖി ഏക് അനുരാഗേ
ചിതവത് ചലേ ജാഹിം സ ँഗ് ലാഗേ,
ഏക് നയന് മഗ് ഛബി ഉര് ആനീ
ഹോഹി സിഥില് തന് മന് ബര് ബാനീ. 4

സീതയോടും ലക്ഷ്മണനോടും കൂടി രഘുരാമൻ ഏതെങ്കിലും ഗ്രാമത്തിന്റെ അടുത്തുകൂടി പോകുമ്പോഴെല്ലാം, അവർ വരുന്നതു പറ്റി കേട്ടവരെല്ലാവരും – ബാലന്മാരും, വൃദ്ധന്മാരും, പുരുഷന്മാരും, സ്ത്രീകളും – ചെയ്തുകൊണ്ടിരുന്ന വീട്ടുജോലികളെല്ലാം ത്യജിച്ച് ഉടനെ ഓടി യെത്തി. ശ്രീരാമന്റേയും, ലക്ഷ്മണന്റേയും, സീതയുടേയും സൗന്ദര്യത്തെ കണ്ട് അവർ തങ്ങളുടെ കണ്ണുകളുടെ സാഫല്യത്തെ നേടി, സംതൃപ്ത രായി. ആശ്രുപൂർണ്ണമായ കണ്ണുകളോടും, പുളകം കൊണ്ട ശരീര ത്തോടും, അവർ രണ്ടു സഹോദരന്മാരേയും കണ്ട് ആനന്ദമഗ്നരായി. ആവരുടെ മനസ്സിന്റെ സ്ഥിതി വാക്കുകൾകൊണ്ട് വർണ്ണിപ്പാനാവാത്ത തായിരുന്നു. അത് ദരിദ്രർക്ക് സ്വർഗ്ഗത്തിലെ രത്നങ്ങളുടെ ഭണ്ഡാരം ലഭിച്ചപോലെയിരുന്നു. അവർ പരസ്പരം ഉപദേശിച്ചു: “ഈ നിമിഷം നിങ്ങളുടെ കണ്ണുകളുടെ സാഫല്യത്തെ നേടുവിൻ.” ചിലർ രാമനെക്കണ്ട്

സ്നേഹമുഗ്ദ്ധരായി അവനെത്തന്നെ സദാ ഉറ്റു നോക്കിക്കൊണ്ട് അവന്റെ പിന്നാലെ പോയി. മറ്റു ചിലർ അവന്റെ രൂപത്തെ കണ്ണുകളാകുന്ന കതവുകളിൽക്കൂടി അവരുടെ ഹൃദയങ്ങളിൽ കൊണ്ടുചെന്ന് അവരുടെ ശരീരം, മനസ്സ്, വാക്കുകൾ ഇവ ശിഥിലമായി (വിവശമായി).

ദോ:

ഏക് ദേഖി ബട് ഛാँഹ് ഭലി ഡാസി മൃദുല് തൃണ് പാത്,
കഹഹിഗവാँഇഅഛിനുകുശ്രമുഗവനബ്അബ്ഹിംകി പ്രാത്. (114)

ഒരു വടവൃക്ഷത്തിന്റെ കുളിർന്ന ഛായയെക്കണ്ട് ചിലർ അതിന്റെ ചുവട്ടിൽ പുല്ലും ഇലകളും വിരിച്ച് പറഞ്ഞു: "ദയവുചെയ്ത് കുറച്ചു നേരം വിശ്രമിച്ച് പിന്നെ ഉടൻ തന്നെയോ, പ്രാതഃകാലത്തോ പുറപ്പെട്ടു പോകാം." (114)

ചൗ:

ഏക് കലസ് ഭരി ആനഹി പാനീ
അँചഇഅ നാഥ് കഹഹി മൃദു ബാനീ,
സുനി പ്രിയ് ബചന് പ്രീതി അതി ദേഖീ
രാമ് കൃപാല് സുസീല് ബിസേഷീ. 1

ജാനി ശ്രമിത് സീയ് മന് മാഹീം
ഘരിക് ബിലംബു കീൻഹ് ബട് ഛാഹീം,
മുദിത് നാരി നര് ദേഖഹി സോഭാ
രൂപ് അനൂപ് നയന് മനു ലോഭാ. 2

എക്ടക് സബ് സോഹഹിം ചഹ്ँ ഓരാ —
രാമചന്ദ്ര് മുഖ് ചന്ദ് ചകോരാ,
തരുന് തമാല് ബരന് തനു സോഹാ
ദേഖത് കോടി മദന് മനു മോഹാ. 3

ദാമിനി ബരന് ലഖന് സുഠി നീകേ
നഖ് സിഖ് സുഭഗ് ഭാവതേ ജീ കേ,
മുനിപട് കടിൻഹ് കസേം തൂനീരാ
സോഹഹിം കര് കമലനി ധനു തീരാ. 4

ചിലർ ഒരു കുടം നിറയെ വെള്ളം കൊണ്ടുവന്ന് മൃദുസ്വരത്തിൽ പറഞ്ഞു: "സ്വാമീ വായ കഴുകിയാലും." അവരുടെ പ്രിയമായ വാക്കു കളെ കേട്ട്, അവരുടെ അമിതമായ സ്നേഹത്തെ കണ്ട്, കൃപാലുവും അത്യന്തം സുശീലനുമായ ശ്രീരാമൻ മനസ്സിൽ സീത ക്ഷീണിച്ചിരിയ്ക്കു ന്നതു കണ്ട് വടവൃക്ഷത്തിന്റെ തണലിൽ കുറച്ചുനേരം വിശ്രമിച്ചു. സ്ത്രീകളും പുരുഷന്മാരും സന്തോഷത്തോടെ അവന്റെ സൗന്ദര്യത്തെ കണ്ടുനിന്നു. അവന്റെ ഉപമയില്ലാത്ത അഴക് അവരുടെ കണ്ണുകളേയും മനസ്സിനേയും കവർന്നു. അവന്നു ചുറ്റും വട്ടം ചേർന്നു നിന്ന് രാമചന്ദ്രന്റെ മുഖത്തെ ഉറ്റു നോക്കിക്കൊണ്ട് അവർ ചന്ദ്രനെ വളയം വെയ്ക്കുന്ന ചകോരപ്പക്ഷികളെ പ്പോലെ ശോഭിച്ചു. യുവതമാലവൃക്ഷത്തിന്റെ നിറം കൊണ്ട അവന്റെ ഭംഗിയേറിയ മേനിയോടെ അവൻ തന്റെ നോട്ടം കൊണ്ട് കോടി ക്കണക്കിൽ കാമദേവന്മാരുടെ മനസ്സിനെ മോഹിപ്പിച്ചു. മിന്നലിനെപ്പോലെ വർണ്ണം കൊണ്ട മേനിയോടുകൂടിയവനും അടിമുതൽ മുടിവരെ മനോഹരനുമായ ലക്ഷ്മണനും എല്ലാവരുടേയും മനസ്സിനേയും ആകർഷിച്ചു. അരയിൽ വല്ക്കലവും ഇടുപ്പിൽ ശരക്കൂടും കെട്ടി ഇരു സഹോദരന്മാരും കരകമലങ്ങളിൽ വില്ലും ശരവും ഏന്തിയിരുന്നു.

ദോ:

ജടാ മുകുട് സീസനി സുഭഗ് ഉര് ഭുജ് നയന് ബിസാല്,
സരദ് പരബ് ബിധു ബദന് ബര് ലസത് സ്വേദ് കന് ജാല്. (115)

അവരുടെ തലയിൽ ജട മനോഹരമായ മകുടം പോലെ ചുറ്റിക്കെട്ടി യിരുന്നു. അവർക്ക് വിരിഞ്ഞ മാറിടവും, നീണ്ട കൈകളും, വിശാലമായ കണ്ണുകളും ഉണ്ടായിരുന്നു. ശരത് കാലത്തെ പൂർണ്ണചന്ദ്രന്നു സമമായ അവരുടെ സുന്ദരമായ മുഖങ്ങൾ വിയർപ്പുതുള്ളികളെക്കൊണ്ട് തിളങ്ങി ക്കൊണ്ടിരുന്നു. (115)

ചൗ:

ബരനി ന ജായി മനോഹര് ജോരീ
സോഭാ ബഹുത് ഥോരി മതി മോരീ,
രാമ് ലഖന് സിയ് സുന്ദരതാഈ
സബ് ചിതവഹിം ചിത് മന് മതി ലാഈ. 1

ഥകേ നാരി നര് പ്രേമ് പിആസേ
മനഹു് മൃഗീ മൃഗ് ദേഖി ദിആ സേ,
സീയ് സമീപ് ഗ്രാമതിയ് ജാഹീം
പൂ്ഛത് അതി സനേഹ് സകുചാഹീം. 2

ബാര് ബാര് സബ് ലാഗഹിം പാഏ്
കഹഹിം ബചന് മൃദു സരല് സുഭാഏ്,
രാജകുമാരി ബിനയ് ഹമ് കരഹീം
തിയ് സുഭായ് കഛു പൂ്ഛത് ഡരഹീം. 3

സ്വാമിനി അബിനയ് ഛമബി ഹമാരീ
ബിലഗു ന മാനബ് ജാനി ഗവാ്രീ,
രാജകുഅ്ര് ദൊഉ സഹജ് സലോനേ
ഇൻഹ് തേം ലഹീ ദുതി മരകത് സോനേ. 4

ആ ജോഡി വർണ്ണിയ്ക്കാനാവാത്തവിധം അത്രയ്ക്കും മനോഹരമായിരുന്നു. അവരുടെ ലാവണ്യം മികച്ചതും, (അതിനെ വർണ്ണിപ്പാനുള്ള) എന്റെ കഴിവ് തുലോം തുച്ഛവുമാണ്. എല്ലാവരും ശ്രീരാമന്റേയും, ലക്ഷ്മണ ന്റേയും, സീതയുടേയും സൗന്ദര്യത്തെ, അവരുടെ മനസ്സും, ബുദ്ധിയും, ചിത്തവും അവരിൽത്തന്നെ ലയിച്ച് ചിത്രമെന്നപോലെ ഉറ്റു നോക്കി ക്കൊണ്ടിരുന്നു. സ്നേഹത്തിന്നുവേണ്ടി ദാഹിച്ചിരുന്ന ഗ്രാമവാസികൾ – സ്ത്രീകളും പുരുഷന്മാരും – വെളിച്ചത്തെ കണ്ട് സ്തംഭിച്ചു നില്ക്കുന്ന ആൺ മാനുകളേയും പേടമാനുകളേയും പോലെ നിശ്ചലരായി നിന്നു. ഗ്രാമ സ്ത്രീകൾ സീതയെ സമീപിച്ചു. സ്നേഹവശാൽ അവർ അവളോട് സംസാരിയ്ക്കുമായിരുന്നു. പക്ഷേ അവർ സങ്കോചപ്പെട്ടു. അവർ വീണ്ടും വീണ്ടും അവളുടെ കാല്ക്കൽ വീണ് മൃദുവും സരളവും സഹജവുമായ സ്വരത്തിൽ അവളോട് സംസാരിച്ചു. “ഹേ രാജകുമാരി, ഞങ്ങൾക്ക് നിന്നോട് ഒരു അപേക്ഷയുണ്ട് പക്ഷേ സ്ത്രീസ്വഭാവം കാരണം ചോദി യ്ക്കാൻ ഭയപ്പെടുന്നു. ദേവി ഞങ്ങളുടെ അവിവേകത്തെ ക്ഷമിച്ചാലും, ഞങ്ങൾ ഗ്രാമസ്ത്രീകളാണെന്നറിഞ്ഞ് തെറ്റായെടുക്കരുത്. രണ്ടു രാജ കുമാരന്മാരും സഹജമായിത്തന്നെ സുന്ദരന്മാരാണ്. മരകതവും സ്വർണ്ണവും ഇവരിൽ നിന്നാണ് അവയുടെ വർണ്ണപ്പകിട്ടുകളെ (പച്ചയും മഞ്ഞയും) എടുത്തിരിയ്ക്കുന്നത്.”

ദോ:

സ്യാമല് ഗൗര് കിസോര് ബര് സുന്ദര് സുഷമാ ഐെന്,
സരദ് സർബരീനാഥ് മുഖു സരദ് സരോരുഹ് നൈെന്. (116)

"ഒരുവൻ ശ്യാമളവർണ്ണനും മറ്റേവൻ ഗൗര (വെളുത്ത) വർണ്ണനും, ഇരുവരും എത്രയും മനോഹരമായ ബാലാവസ്ഥയിലുളളവരാണ്. സുന്ദരരും സുലക്ഷണരുമാണ്. അവർക്ക് ശരത്കാലത്തെ ചന്ദ്രനെപ്പോലുളള മുഖവും ശരത്കാലത്തെ താമരപ്പുവിനെപ്പോലുളള കണ്ണുകളുമുണ്ട്."(116)

ചൗ:

കോടി മനോജ് ലജാവ്നിഹാരേ
സുമുഖി കഹഹു കോ ആഹി തൂംഹാരേ,
സുനി സനേഹമയ് മംജുല് ബാനീ
സകുചീ സിയ് മന് മഹു് മുസുകാനീ. 1

തിൻഹഹി ബിലോകി ബിലോകതി ധരനീ
ദുഹു് സകോച് സകുചതി ബര്ബരനീ,
സകുചി സപ്രേമ് ബാല് മൃഗ നയനീ
ബോലീ മധുര് ബചന് പികബയനീ. 2

സഹജ് സുഭായ് സുഭഗ് തന് ഗോരേ
നാമു ലഖനു ലഘൂ ദേവര് മോരേ,
ബഹുരി ബദനു ബിധു അംചല് ഢാ്കീ
പിയ തന് ചിതഇ ഭൗംഹ് കരി ബാ്കീ. 3

ഖംജന് മംജു തിരീഛേ നയനനി
നിജ് പതി കഹെഉ തിൻഹഹി സിയ് സയനനി,
ഭഈം മുദിത് സബ് ഗ്രാമബധൂടീം
രംകൻഹ് രായ് രാസി ജനു ലൂടീം. 4

"ഹേ സുമുഖി, സൗന്ദര്യത്തിൽ കോടി കാമദേവന്മാരെ നാണിപ്പിയ്ക്കുന്ന അവർ നിന്റെ ആരാണ്?" അവരുടെ സ്നേഹമയവും മധുരവുമായ വാക്കുകളെ കേട്ട് സീത ലജ്ജിതയായി, തനിയ്ക്കുളളിൽ തന്നെ മന്ദഹസിച്ചു.

ആദ്യം അവരുടെ നേരെ നോക്കി, പിന്നെ അവൾ ഭൂമിയെ നോക്കി. ഗൗരവർണ്ണയായ അവൾക്ക് ഇരട്ടിച്ച സങ്കോചമുണ്ടായി. കുയിലിനെപ്പോലെ മധുരമായ വാണിയിൽ മാൻകുട്ടിയുടേതുപോലുള്ള കണ്ണുകളോടുകൂടിയ രാജകുമാരി ലജ്ജയോടെ സ്നേഹമയവും മധുരവുമായ സ്വരത്തിൽ മറുപടി പറഞ്ഞു: "സഹജസ്വഭാവവും ഗൗരവർണ്ണമുള്ള മേനിയുമുള്ളവന്റെ പേര് ലക്ഷ്മണനെന്നാണ്. അവൻ എന്റെ ഭർത്താവിന്റെ അനുജനാണ്." പിന്നെ ചന്ദ്രനെപ്പോലുള്ള തന്റെ മുഖത്തെ സാരിത്തുമ്പുകൊണ്ട് മറച്ചുകൊണ്ട് അവൾ തന്റെ പ്രിയസ്വാമിയുടെ നേർക്ക് നോക്കി, പിന്നെ തന്റെ കൺപുരികങ്ങളെ താഴ്ത്തിക്കൊണ്ട് വാലാട്ടിപ്പക്ഷിയുടേതുപോലുള്ള തന്റെ കണ്ണുകളെക്കൊണ്ട് പാർശ്വവീക്ഷണം ചെയ്തുകൊണ്ട് അവൾ അവർക്ക് ആംഗ്യംകൊണ്ട് അവൻ തന്റെ പ്രഭുവാണെന്ന് പറഞ്ഞു. രാജഭണ്ഡാരത്തെ കവർന്നെടുക്കാൻ അനുവദിയ്ക്കപ്പെട്ട ദരിദ്രരെപ്പോലെ എല്ലാ ഗ്രാമസ്ത്രീകളും ആനന്ദിച്ചു.

ദോ:

അതി സപ്രേമ് സിയ് പായ്ँ പരി ബഹുബിധി ദേഹിം അസീസ്,
സദാ സൊഹാഗിനി ഹോഹു തുംഹ് ജബ്‌ലഗി മഹി അഹിസീസ്. (117)

അത്യന്തം പ്രേമത്തോടെ സീതയുടെ പാദങ്ങളിൽ വീണുകൊണ്ട് പലവിധത്തിലുള്ള ആശിസ്സുകളെ കൊടുത്തുകൊണ്ട് അവർ പറഞ്ഞു: "ആദിശേഷന്റെ ശിരസ്സിൽ ഭൂമി ഇരിയ്ക്കുവോളം കാലം നീ സദാ സന്തോഷകരമായ വിവാഹിതജീവിതം അനുഭവിയ്ക്കുമാറാവട്ടെ". (117)

ചൗ:

പാർബതീ സമ് പതിപ്രിയ് ഹോഹൂ
ദേബി ന ഹമ് പര് ഛാഡബ് ഛോഹൂ,
പുനി പുനി ബിനയ് കരിഅ കര് ജോരീ
ജൗം എഹി മാരഗ് ഫിരിഅ ബഹോരീ. 1

ദര്സന് ദേബ് ജാനി നിജ് ദാസീ
ലഖീം സീയ്ँ സബ് പ്രേമ് പിആസീ,

മധുര് ബചന് കഹി കഹി പരിതോഷീം
ജനു കുമുദിനീം കൗമുദീം പോഷീം. 2

തബ്ഹിം ലഖന് രഘുബര് രുഖ് ജാനീ
പൂ്ഛെഉ മഗു ലോഗൻഹി മൃദു ബാനീ,
സുനത് നാരി നര് ഭഏ ദുഖാരീ
പുലകിത് ഗാത് ബിലോചന് ബാരീ. 3

മിടാ മോദു മന് ഭഏ മലീനേ
ബിധി നിധി ദീൻഹ് ലേത് ജനു ഛരീനേ,
സമുഝി കരമ് ഗതി ധീരജു കീൻഹാ
സോധി സുഗമ് മഗു തിൻഹ് കഹി ദീൻഹാ. 4

"പാർവതി ശിവനോടെന്നപോലെ നീ നിന്റെ സ്വാമിയോട് പ്രിയമായി രിയ്ക്കൂ; പക്ഷേ, ഹേ ദേവി ഞങ്ങളോട് കരുണ കാണിയ്ക്കുന്നത് ഒഴിവാക്കരുത്. കൂപ്പുകൈകളോടെ ഞങ്ങൾ വീണ്ടും വീണ്ടും പ്രാർത്ഥിയ്ക്കുന്നു: നിങ്ങൾ ഈ വഴിയ്ക്കു തന്നെ തിരിച്ചു വരുന്നതായാൽ ഞങ്ങളെ നിങ്ങളുടെ ദാസിമാരാണെന്നറിഞ്ഞ് ഞങ്ങൾക്ക് ദർശനം തരുവാൻ ദയവുണ്ടാകണം." സീത അവരെയെല്ലാവരേയും പ്രേമത്തിന്ന് ദാഹിയ്ക്കുന്നവരാണെന്നു കണ്ട്, ചന്ദ്രികയിൽ ആമ്പൽപ്പൂക്കൾക്ക് പോഷണം ലഭിയ്ക്കുന്നതുപോലെ, പലവിധ ത്തിലുള്ള മധുരമായ വാക്കുകൾ പറഞ്ഞ് അവരെ സമാധാനിപ്പിച്ചു. ഉടൻ തന്നെ, ശ്രീരാമന്റെ ഇംഗിതം മനസ്സിലാക്കി ലക്ഷ്മണൻ ഗ്രാമജനങ്ങളോട് തങ്ങൾ പോകേണ്ട വഴിയെപ്പറ്റി മൃദുസ്വരത്തിൽ അന്വേഷിച്ചു. ഇതു കേട്ടതും ഗ്രാമജനങ്ങൾ, – പുരുഷന്മാരും സ്ത്രീകളും, – ശോകാകുലരായി. അവരുടെ ശരീരം പുളകിതമായി, കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞു. ദൈവം തങ്ങൾക്ക് ഒരു നിധി കൊടുത്ത് അതിനെ ഉടൻ തട്ടിയെടുത്ത പോലെ, അവരുടെ സന്തോഷം മറഞ്ഞു; അവരുടെ മനസ്സ് മ്ലാനമായി. വിധിയുടെ ഗതിയെ മനസ്സിലാക്കി അവർ ധൈര്യമവലംബിച്ച് ഏറ്റവും സുഗമമായ വഴിയെ തിരഞ്ഞെടുത്ത് അവർക്ക് പറഞ്ഞുകൊടുത്തു.

ദോ:

ലഖന് ജാനകീ സഹിത് തബ് ഗവനു കീൻഹ് രഘുനാഥ്
ഫെരേ സബ് പ്രിയ ബചന് കഹി ലിഏ ലാഇ മന് സാഥ്. (118)

ലക്ഷ്മണനനും ജാനകിയും പിൻതുടരെ, രഘുനാഥൻ തന്റെ വഴിയ്ക്ക് പോയി. (ജനങ്ങൾ അവനെ പിൻതുടരാൻ ശ്രമിച്ചപ്പോൾ) പ്രിയമായ വാക്കുകൾ പറഞ്ഞ് അവരെ തിരിച്ചയച്ചു; പക്ഷേ അവരുടെ മനസ്സിനെ തന്റെ കൂടെ കൊണ്ടുപോയി. (118)

ചൗ:

ഫിരത് നാരി നര് അതി പഛിതാഹീം
ദൈഅഹി ദോഷു ദേഹി മന് മാഹീം,
സഹിത് ബിഷാദ് പരസ്പര് കഹഹീം
ബിധി കര്തബ് ഉൽടേ സബ് അഹഹീം. 1

നിപട് നിരംകുസ് നിഠുര് നിസംകൂ
ജെഹിം സസി കീൻഹ് സരുജ് സകലംകൂ,
രൂഖ് കല്പതരു സാഗരു ഖാരാ
തെഹി പഠഏ ബന് രാജകുമാരാ. 2

ജൗം പൈ ഇൻഹഹി ദീൻഹ് ബനബാസൂ
കീൻഹ് ബാദി ബിധി ഭോഗ് ബിലാസൂ,
ഏ ബിചരഹിം മഗ് ബിനു പദ്ത്രാനാ
രചേ ബാദി ബിധി ബാഹന് നാനാ. 3

ഏ മഹി പരഹിം ഡാസി കുസ് പാതാ
സുഭഗ് സേജ് കത് സൃജത് ബിധാതാ,
തരുബര് ബാസ് ഇൻഹഹി ബിധി ദീൻഹാ
ധവല് ധാമ് രചി രചി ശ്രമു കീൻഹാ. 4

മടങ്ങിച്ചെല്ലുമ്പോൾ ഗ്രാമസ്ത്രീകളും പുരുഷന്മാരും വിലപിച്ചു. സങ്കട പ്പെട്ടുകൊണ്ട് അവർ മനസ്സിൽ ദൈവത്തെ ദോഷം പറഞ്ഞു. അവർ പരസ്പരം പറഞ്ഞു: “ദൈവം ചെയ്യുന്നതെല്ലാം തന്നെ വിപരീതമാണ്. അവൻ തുലോം അടക്കാനാവാത്തവനും, ഹൃദയഹീനനും, നിർലജ്ജനുമാണ്. അവനാണ് ചന്ദ്രനെ രോഗിയും, കളങ്കിതനുമായി സൃഷ്ടിച്ചത്. അവൻതന്നെയാണ് കല്പവൃക്ഷത്തെ സസ്യരാജ്യത്തിലെ അംഗമായും, സമുദ്രത്തെ ഉപ്പുരസമുള്ളതായും ചമച്ചത്. അതേ സ്രഷ്ടാവ് തന്നെയാണ്

ഈ രാജകുമാരന്മാരെ വനത്തിലേയ്ക്കയച്ചിരിയ്ക്കുന്നത്. അവൻ വനത്തെ അവർക്ക് അനുയോജ്യമായതാണെന്ന് കരുതുന്നതായാൽ അവൻ രചിച്ച ഭോഗവിലാസങ്ങൾ വ്യർത്ഥമാണ്. അവർ വഴിയിൽ പാദരക്ഷയില്ലാതെ സഞ്ചരിയ്ക്കുന്നതായാൽ അവൻ പടച്ചിട്ടുള്ള അനവധി വാഹനങ്ങൾ വ്യർത്ഥമാണ്. അവർ നിലത്ത് പുല്ലും ഇലകളും വിരിച്ച് കിടക്കുന്ന തായാൽ പിന്നെ അവൻ മനോഹരങ്ങളായ മെത്തകൾ പണിയാൻ എന്തിനാണ് വൃഥാ ശ്രിയ്ക്കുന്നത്? മരങ്ങളുടെ തണലിൽ താമസിയ്ക്കുവാനാണ് ദൈവം ഇവരെ നിയോഗിയ്ക്കുന്നതെങ്കിൽ, വെൺമാളികകൾ പണിയാനെടുക്കുന്ന അവന്റെ ശ്രമം നിഷ്ഫലമാണ്."

ദോ:

ജൗം ഏ മുനി പട് ധര് ജടില് സുന്ദര് സുഠി സുകുമാര്,
ബിബിധ് ഭാँതി ഭൂഷന് ബസന് ബാദി കിഏ കർതാർ. (119)

"സുന്ദരന്മാരും അതികോമളഗാത്രരുമായ ഈ ബാലന്മാർ മുനിമാരുടെ വസ്ത്രവും ജടയും ധരിയ്ക്കുന്നതായാൽ ദൈവം വൃഥാവിലാണ് പലവിധ ത്തിലുള്ള ആഭരണങ്ങളേയും വസ്ത്രങ്ങളേയും സൃഷ്ടിച്ചിരിയ്ക്കുന്നത്." (119)

ചൗ:

ജൗം ഏ കന്ദ് മൂല് ഫല് ഖാഹീം
ബാദി സുധാദി അസന് ജഗ് മാഹീം,
ഏക് കഹഹിം ഏ സഹജ് സുഹാഏ
ആപു പ്രഗട് ഭഏ ബിധി ന ബനാഏ. 1

ജഹँ ലഗി ബേദ് കഹീ ബിധി കരനീ
ശ്രവന് നയന് മന് ഗോചര് ബരനീ,
ദേഖഹു ഖോജി ഭുഅന് ദസ് ചാരീ
കഹँ അസ് പുരുഷ് കഹാँ അസി നാരീ. 2

ഇൻഹഹി ദേഖി ബിധി മനു അനുരാഗാ
പട്തര് ജോഗ് ബനാവൈ ലാഗാ,
കീൻഹ് ബഹുത് ശ്രമ് ഐക് ന ആഏ
തെഹിം ഇരിഷാ ബന് ആനി ദുരാഏ. 3

ഏക് കഹഹിം ഹമ് ബഹുത് ന ജാനഹിം
ആപു ഹി പരമ് ധന്യ് കരി മാനഹിം,
തേ പുനി പുന്യപുംജ് ഹമ് ലേഖേ
ജേ ദേഖഹിം ദെഖിഹഹിം ജിൻഹ് ദേഖേ. 4

"ഇവർ കന്ദമൂലഫലങ്ങൾ മാത്രം കഴിച്ച് ജീവിയ്ക്കേണ്ടവരാണെങ്കിൽ അമൃതംപോലുള്ള ഭക്ഷണങ്ങൾ വ്യർത്ഥമാണ്." ഒരുവൻ പറഞ്ഞു: "സ്വാഭാവികമായിത്തന്നെ സുന്ദരന്മാരായ ഈ രാജകുമാരന്മാർ സ്വയം ഭൂമിയിൽ അവതരിച്ചതായിരിയ്ക്കണം; ദൈവം സൃഷ്ടിച്ചിട്ടല്ല. പതിനാലു ലോകങ്ങളിലും, വേദങ്ങളിൽ വിസ്താരമായി വിവരിച്ചിട്ടുള്ളപോലെ ചെവികൾക്കും, കണ്ണുകൾക്കും, മനസ്സിന്നും അറിയാവുന്ന ദൈവത്തിന്റെ സൃഷ്ടിയിൽ എത്ര തിരഞ്ഞുനോക്കിയാലും ഇവനെപ്പോലൊരു പുരുഷനേയും, ഇവളെപ്പോലൊരു സ്ത്രീയേയും എവിടെ കണ്ടുകിട്ടാനാണ്? അവരെ കണ്ട നിമിഷം തന്നെ ബ്രഹ്മാവ് അവരിൽ സ്നേഹാസക്തനായി, അവരെപ്പോലെത്തന്നെ സൃഷ്ടിയ്ക്കാൻ ശ്രമിച്ചു. അദ്ദേഹം ആവുന്നതും കഷ്ടപ്പെട്ടു ശ്രമിച്ചു നോക്കി, പക്ഷേ ഒന്നും തന്നെ ഇവരുടെ അടുത്തു കൂടി നില്ക്കാൻ കൊള്ളുന്നതായിരുന്നില്ല. അതിനാൽ അസൂയ കാരണം അദ്ദേഹം ഇവരെ കാട്ടിലേയ്ക്കയച്ച് മറച്ചുവെച്ചു." മറ്റൊരുവൻ പറഞ്ഞു: "നമുക്ക് അധികം അറിവൊന്നുമില്ല. പക്ഷേ നമ്മൾ അത്യന്തം ധന്യരാണ്. ഈ രാജകുമാരന്മാരെ കാണുന്നവരും, കണ്ടിട്ടുള്ളവരും, കാണാൻ പോകുന്നവരും തന്നെ സുകൃതം ചെയ്തവരാണെന്നാണ് എന്റെ അഭിപ്രായം."

ദോ:

എഹി ബിധി കഹി കഹി ബചന് പ്രിയ് ലേഹിം നയന് ഭര് നീര്,
കിമി ചലിഹഹിം മാരഗ് അഗമ് സുഠി സുകുമാര് സരീര്. (120)

ഈവിധം പ്രിയവചനങ്ങൾ പറഞ്ഞുകൊണ്ട് കണ്ണുകൾ നിറയെ കണ്ണീർ നിറച്ചുകാണ്ട് അവർ പറഞ്ഞു: "അത്യന്തം കോമളശരീരത്തോടുകൂടിയ ഇവർക്ക് എങ്ങനെയാണ് ഈവിധം ദുർഗ്ഗമമായവഴിയിൽക്കൂടി നടന്നു പോകാൻ സാധിയ്ക്കുക?" (120)

ചൗ:

നാരി സനേഹ് ബികല് ബസ് ഹോംഹീം
ചകഈൗം സാ്ഝ് സമയ് ജനു സോഹീം,
മൃദു പദ് കമല് കഠിന് മഗു ജാനീ
ഗഹബരി ഹൃദയ് കഹഹിം ബര് ബാനീ. 1

പരസത് മൃദുല് ചരന് അരുനാരേ
സകുചിത് മഹി ജിമി ഹൃദയ് ഹമാരേ,
ജൗം ജഗദീസ് ഇൻഹഹി ബനു ദീൻഹാ
കസ് ന സുമന്മയ് മാരഗു കീൻഹാ. 2

ജൗം മാഗാ പാഇഅ ബിധി പാഹീം
ഏ രഖിഅഹിം സഖി ആ്ഖിൻഹ് മാഹീം,
ജേ നര് നാരി ന അവസര് ആഏ
തിൻഹ് സിയ് രാമു ന ദേഖന് പാഏ. 3

സുനി സുരൂപ് ബൂഝഹിം അകുലാഈ
അബ് ലഗി ഗഏ കഹാ് ലഗി ഭാഈ,
സമരഥ് ധാഇ ബിലോകഹിം ജാഈ
പ്രമുദിത് ഫിരഹിം ജനമ്ഫലു പാഈ. 4

സ്നേഹവിവശരായി സ്ത്രീകൾ, സന്ധ്യയാവുമ്പോൾ പെൺചക്രവാകപ്പക്ഷി അനുഭവിയ്ക്കുന്ന പോലെ അസ്വസ്ഥതയനുഭവിച്ചു. രാജകുമാരന്മാരുടെ മൃദുവായ പാദങ്ങളേയും, അവർ നടന്നുപോകേണ്ട കഠിനമായ വഴിയേയുമോർത്ത് അവരുടെ ഹൃദയം ഭാവപൂരിതമായി, വിനീതസ്വരത്തിൽ പറഞ്ഞു: "അവരുടെ മൃദുലവും ഇളംചുവപ്പു നിറവുമുള്ള പാദങ്ങൾ തട്ടി നമ്മുടെ ഹൃദയത്തെപ്പോലെ ഭൂമി ചുങ്ങുന്നു. ജഗദീശ്വരൻ ഇവർക്ക് വനവാസം വിധിയ്ക്കുന്നതയാൽ എന്തുകൊണ്ടാണദ്ദേഹം അതേ സമയം അവരുടെ മാർഗ്ഗത്തിൽ പുഷ്പങ്ങൾ വിതറാത്തത്? ദൈവം നമുക്ക് നാം ചോദിയ്ക്കുന്ന വരം തരുന്ന പക്ഷം, സഖിമാരേ, നമുക്ക് ഈ രാജകുമാരന്മാരെ നമ്മുടെ കണ്ണിമകൾക്കുള്ളിൽ വെച്ചു സൂക്ഷിയ്ക്കാം." ആ സമയത്ത് അവിടെ വരാത്ത പുരുഷന്മാർക്കം സ്ത്രീകൾക്കും സീതയേയും രാമനേയും കാണാൻ കഴിഞ്ഞില്ല. അവരുടെ അമിതമായ സൗന്ദര്യത്തെ പ്പറ്റി കേട്ട്

അവർ ഉല്ക്കണ്ഠയോടെ ചോദിച്ചു: “സഹോദര, അവർ ഇപ്പോൾ എത്ര ദൂരം പോയിട്ടുണ്ടാവും?” അവരിൽ ശക്തന്മാരായവർ ഓടിപ്പോയി രാജകുമാരന്മാരെ കണ്ട് ആനന്ദത്തോടെ, തങ്ങളുടെ ജന്മസാഫല്യത്തെ ലഭിച്ച് തിരിച്ചു വന്നു.

ദോ:

അബലാ ബാലക് ബൃദ്ധ് ജന് കര് മീജഹിം പഛിതാഹിം,
ഹോഹിം പ്രേമബസ് ലോഗ് ഇമി രാമു ജഹാँ ജഹँ ജാഹി. (121)

സ്ത്രീകളും, കുട്ടികളും, വൃദ്ധന്മാരും തങ്ങളുടെ കൈകളെ ഞെരിച്ചു കൊണ്ട് വിലപിച്ചു. ഈ വിധം ശ്രീരാമൻ പോയിടത്തെല്ലാം ജനങ്ങൾ പ്രേമവിവശരായി. (121)

ചൗ:

ഗാँവ് ഗാँവ് അസ് ഹോഇ അനന്ദൂ
ദേഖി ഭാനുകുല് കൈരവ് ചന്ദൂ,
ജോ കഛു സമാചാര് സുനി പാവഹിം
തേ നൃപ് രാനിഹി ദോസു ലഗാവഹിം. 1

കഹഹിം ഏക് അതി ഭല് നരനാഹൂ
ദീൻഹ് ഹമ്ഹി ജൊഇ ലോചന് ലാഹൂ,
കഹഹിം പരസ്പര് ലോഗ് ലൊഗാഈം
ബാതേം സരല് സനേഹ് സുഹാഈം. 2

തേ പിതു മാതു ധന്യ് ജിൻഹ് ജാഏ
ധന്യ് സൊ നഗരു ജഹാँ തേ ആഏ,
ധന്യ് സൊ ദേസു സൈലു ബന് ഗാഊँ
ജഹँ ജഹँ ജാഹിം ധന്യ് സൊഇ ഠാഊँ. 3

സുഖു പായഉ ബിരഞ്ചി രചി തേഹീ
ഏ ജെഹി കേ സബ് ഭാँതി സനേഹീ,
രാമ് ലഖന് പഥി കഥാ സുഹാഈ
രഹീ സകല് മഗ് കാനന് ഛാഈ. 4

സൂര്യവംശമെന്ന ആമ്പൽപ്പൂവിന്ന് ചന്ദ്രനെപ്പോലുള്ള ശ്രീരാമനെ കണ്ട് ഓരോ ഗ്രാമത്തിലും ഇതുപോലുള്ള ആനന്ദാഘോഷങ്ങളുണ്ടായിരുന്നു. (ശ്രീരാമന്റെ വനവാസത്തിനെപ്പറ്റിയ) വർത്തമാനമറിഞ്ഞവർ രാജാവിനേയും റാണിയേയും കുറ്റം പറഞ്ഞു. മറ്റു പലർ പറഞ്ഞു: "രാജാവ് വളരെ നല്ലവനാണ്; എന്തെന്നാലദ്ദേഹം നമ്മുടെ കണ്ണുകൾക്ക് സാഫല്യത്തെ തന്നിരിയ്ക്കുന്നു." പുരുഷന്മാരും സ്ത്രീകളും പരസ്പരം നിഷ്കളങ്കവും, സ്നേഹമയവും, ഹിതവുമായ വാക്കുകളിൽ ഈവിധം പറഞ്ഞു: "ഈ രാജകുമാരന്മാർക്ക് ജന്മം കൊടുത്ത മാതാപിതാക്കൾ ധന്യരാണ്. അവർ എവിടെനിന്ന് വന്നുവോ, ആ നഗരം ധന്യമാണ്. അവർ പോകുന്ന ദേശവും, മലയും, വനവും, ഗ്രാമവും, ഓരോ സ്ഥലവും തന്നെ ധന്യങ്ങളാണ്. ഈ രാജകുമാരന്മാരെ സൃഷ്ടിച്ച ബ്രഹ്മാവ് ഇവരെ എല്ലാവിധത്തിലും തന്റെ പ്രിയന്മാരായി കണ്ട് സന്തുഷ്ടനായിരിയ്ക്കണം." ശ്രീരാമനും ലക്ഷ്മണനും എങ്ങനെ കാട്ടിൽക്കൂടി സഞ്ചരിച്ചു എന്ന ആനന്ദകരമായ കഥ കാടു മുഴുവൻ എല്ലാ മാർഗ്ഗങ്ങളിലും പരന്നു.

ദോ:

എഹി ബിധി രഘുകുല് കമല് രബി മഗ് ലോഗൻഹ് സുഖ് ദേത്,
ജാഹിം ചലേ ദേഖത് ബിപന് സിയ് സൗമിത്രി സമേത്. (122)

ഈവിധം വഴിയിലെ ജനങ്ങൾക്ക് ആനന്ദത്തെ കൊടുത്തുകൊണ്ട് രഘുവംശമെന്ന താമരപ്പൂവിന്ന് സൂര്യനെപ്പോലുള്ള ശ്രീരാമൻ സീതയോടും സൗമിത്രിയോടും കൂടി വനത്തെ ദർശിച്ചുകൊണ്ട് മുന്നോട്ടു പോയി.(122)

ചൗ:

ആഗേം രാമു ലഖനു ബനെ പാഛേം
താപസ് ബേഷ് ബിരാജത് കാഛേം,
ഉഭയ് ബീച് സിയ് സോഹതി കൈസേം
ബ്രഹ്മ് ജീവ് ബിച് മായാ ജൈസേം. 1

ബഹുരി കഹഉ് ഛബി ജസ് മന് ബസഈ
ജനു മധു മദന് മധ്യ് രതി ലസഈ,

ഉമാ ബഹുരി കഹഉ് ജിയ് ജോഹീ
ജനു ബുധ് ബിധു ബിച് രോഹിനി സോഹീ 2

പ്രഭു പദ് രേഖ് ബീച് ബിച് സീതാ
ധരതി ചരന് മഗ് ചലതി സഭീതാ,
സീയ് രാമ് പദ് അംക് ബരാഏ്
ലഖന് ചലഹിം മഗു ദാഹിന് ലാഏ്. 3

രാമ് ലഖന് സിയ് പ്രീത് സുഹാഈ
ബചന് അഗോചര് കിമി കഹി ജാഈ,
ഖഗ് മൃഗ് മഗന് ദേഖി ഛബി ഹോഹീം
ലിഏ ചോരി ചിത് രാമ് ബടോഹീം. 4

താപസവേഷത്തിൽ വിരാജിച്ചിരുന്ന ശ്രീരാമൻ മുന്നിലും, ലക്ഷ്മണൻ പിന്നിലും നടന്നു. അവർക്കിരുവർക്കും നടുവിൽ നടന്നിരുന്ന സീത, പരമാത്മാ(ബ്രഹ്മം)വിന്നും ജീവാത്മാവിന്നും നടുവിൽ മായയെപ്പോലെ ശോഭിച്ചിരുന്നു. അവളുടെ സൗന്ദര്യത്തെ എന്റെ മനസ്സിലുള്ള മാതിരി വർണ്ണിയ്ക്കുന്നതായാൽ, അവൾ മധു (വസന്തഋതു) വിന്നും മന്മഥന്നും നടുവിൽ വിളങ്ങുന്ന രതിയെപ്പോലെയിരുന്നു. ഹേ ഉമേ, വേറൊരു വിധത്തിൽ ഉപമിയ്ക്കുന്നതായാൽ, അവൾ ബുധന്നും ചന്ദ്രന്നും നടുവിൽ ശോഭിയ്ക്കുന്ന രോഹിണിയെപ്പോലെയിരുന്നു. സീത നടക്കുമ്പോൾ ശ്രദ്ധയോടെ പ്രഭുവിന്റെ കാൽപ്പാടുകൾക്കു നടുവിൽ തന്റെ പാദങ്ങളെ വെച്ചുകൊണ്ട് നടന്നു. ലക്ഷ്മണനോ, ശ്രീരാമന്റേയും സീതയുടേയും കാൽച്ചുവടുകളെ ഒഴിവാക്കി തന്റെ വലതുഭാഗത്തുകൂടി വഴിയിൽ സദാ നടന്നു. ശ്രീരാമന്റേയും, സീതയുടേയും, ലക്ഷ്മണന്റേയും ആദർശപരമായ സ്നേഹം വർണ്ണനാതീതമായിരുന്നു. അതിനെ ഒരുവന്ന് എങ്ങനെയാണ് വർണ്ണിയ്ക്കാനാവുക? അവരുടെ സൗന്ദര്യത്തിൽ പക്ഷികളും മൃഗങ്ങളും കൂടി മുഗ്ദ്ധരായിരുന്നു. അവയുടെ ഹൃദയങ്ങളെ വഴിപോക്കനായ രാമൻ കവർന്നിരുന്നു.

ദോ:
ജിൻഹ് ജിൻഹ് ദേഖേ പഥിക് പ്രിയ് സിയ് സമേത് ദൌഉ ഭാഇ,
ഭവ് മഗു അഗമു അനന്ദു തെഇ ബിനു ശ്രമ് രഹേ സിരാഇ. (123)

ആരെല്ലാം ഈ പ്രിയരായ വഴിപോക്കരെ – സീതയേയും രണ്ടു സഹോദരന്മാരേയും – കണ്ടുവോ, അവരെല്ലാവരും ശ്രമപൂർണ്ണമായ സംസാരമാകുന്ന ജീവിതയാത്രയുടെ അവസാനത്തെ യാതൊരു ശ്രമവും കൂടാതെ എത്തിച്ചേർന്നു. (123)

ചൗ:

അജഹുँ ജാസു ഉര് സപനെഹുँ കാഊ
ബസഹുँ ലഖനു സിയ് രാമു ബടാഊ,
രാമ് ധാമ് പഥ് പാഇഹി സോഈ
ജോ പഥ് പാവ് കബഹുँ മുനി കോഈ. 1

തബ് രഘുബീര് ശ്രമിത് സിയ് ജാനീ
ദേഖി നികട് ബടു സീതല് പാനീ,
തഹँ ബസി കന്ദ് മൂല് ഫല് ഖാഈ
പ്രാത് നഹാഇ ചലേ രഘുരാഈ. 2

ദേഖത് ബന് സര് സൈല് സുഹാഏ
ബാല്മീകി ആശ്രമ് പ്രഭു ആഏ,
രാമ് ദീഖ് മുനി ബാസു സുഹാവന്
സുന്ദര് ഗിരി കാനനു ജലു പാവന്. 3

സരനി സരോജ് ബിടപ് ബന് ഫൂലേ
ഗുംജത് മംജു മധുപ് രസ് ഭൂലേ,
ഖഗ് മൃഗ് ബിപുല് കൊലാഹല് കരഹീം
ബിരഹിത് ബൈര് മുദിത് മന് ചരഹീം. 4

ഇന്നുവരെയും ആരുടെ ഹൃദയത്തിൽ വഴിപോക്കന്മാരായ ലക്ഷ്മണനും, സീതയും, രാമനും സ്വപ്നത്തിലെങ്കിലും വസിച്ചിട്ടുണ്ടോ, അവൻ, മുനിമാർക്കുകൂടി കാണാൻ ദുർലഭമായ ശ്രീരാമന്റെ ധാമത്തിലേയ്ക്കുള്ള മാർഗ്ഗത്തെ കാണും. പിന്നെ സീതയെ ക്ഷീണിതയായിക്കണ്ട്, അടുത്ത് ഒരു പേരാൽ മരത്തേയും ശീതളമായ ജലത്തേയും കണ്ട് രഘുവീരൻ അവിടെ ഇരുന്ന് കന്ദമൂലഫലങ്ങൾ കഴിച്ച് ആ രാത്രി അവിടെ കഴിച്ചുകൂട്ടി, പുലർച്ചയ്ക്ക് കുളി കഴിഞ്ഞ് രഘുരാമൻ മുന്നോട്ട് യാത്ര തുടർന്നു. മനോഹരമായ

വനത്തേയും, തടാകങ്ങളേയും, മലകളേയും കണ്ടുകൊണ്ട് പ്രഭു വാൽമീകിയുടെ ആശ്രമത്തിലെത്തി. രാമൻ മുനിയുടെ മനോഹരമായ വാസസ്ഥലത്തേയും, അവിടത്തെ സുന്ദരമായ മലയേയും, വനത്തേയും, പാവനമായ ജലത്തേയും കണ്ടു. സരസ്സിലെ താമരകളും, കാട്ടിലെ വൃക്ഷ ങ്ങളും പുഷ്പിച്ചിരുന്നു. അവയ്ക്കു ചുറ്റും തേൻ കുടിച്ചു മദിച്ച വണ്ടുകൾ മധുരമായി മൂളിക്കൊണ്ടിരുന്നു. പക്ഷികളും മൃഗങ്ങളും വലിയ കോലാ ഹലത്തോടെ വൈരം കൂടാതെ ആനന്ദത്തോടെ ചുറ്റിത്തിരിഞ്ഞു കൊണ്ടിരുന്നു.

ദോ:

സുചി സുന്ദര് ആശ്രമ് നിരഖി ഹരഷേ രാജിവ്നേന്,
സുനി രഘുബര് ആഗമനു മുനി ആഗേം ആയഉ ലേന്. (124)

കമലനയനനായ രാമൻ പാവനവും സുന്ദരവുമായ ആശ്രമത്തെ കണ്ട് ഹർഷാകുലനായി. രഘുവരൻ വന്നിട്ടുണ്ടെന്നു കേട്ട് മുനി അവനെ സ്വീകരിയ്ക്കാൻ വന്നെത്തി. (124)

ചൗ:

മുനി കഹുँ രാമ് ദണ്ഡവത് കീൻഹാ
ആസിര്ബാദു ബിപ്രവര് ദീൻഹാ,
ദേഖി രാമ് ഛബി നയന് ജുഡാനേ
കരി സന്മാനു ആശ്രമ്ഹിം ആനേ. 1

മുനിബര് അതിഥി പ്രാനപ്രിയ് പാഏ
കന്ദ് മൂല് ഫല് മധുര് മഗാഏ,
സിയ് സൗമിത്രി രാമ് ഫല് ഖാഏ
തബ് മുനി ആശ്രമ് ദിഏ സുഹാഏ. 2

ബാല്മീകി മന് ആനँദു ഭാരീ
മംഗല് മൂരതി നയന് നിഹാരീ,
തബ് കര് കമല് ജോരി രഘുരാഈ
ബോലേ ബചന് ശ്രവന് സുഖദാഈ. 3

തുംഹ് ത്രികാല് ദരസീ മുനിനാഥാ
ബിസ്വ് ബദര് ജിമി തൂംഹരേം ഹാഥാ,
അസ് കഹി പ്രഭു സബ് കഥാ ബഖാനീ
ജെഹി ജെഹി ഭാँതി ദീൻഹ് ബനു രാനീ. 4

ശ്രീരാമൻ മുനിയുടെ മുമ്പിൽ ദണ്ഡനമസ്കാരം ചെയ്തു. ബ്രാഹ്മണവര്യൻ അവനെ അനുഗ്രഹിച്ചു. ശ്രീരാമന്റെ സൗന്ദര്യത്തെ കണ്ട് അദ്ദേഹത്തിന്റെ കണ്ണുകൾ കുളിർന്നു.. ബഹുമാനത്തോടെ അദ്ദേഹം പ്രഭുവിനെ ആശ്രമ ത്തിലേയ്ക്ക് കൊണ്ടുപോയി. തന്റെ ജീവന്നു തല്യനായ ഒരു അഥിതിയെ ലഭിച്ച് മുനിവരൻ മധുരമുള്ള കന്ദമൂലഫലങ്ങളെ വരുത്തി. സീതയും രാമനും ലക്ഷ്മണനും ആ ഫലങ്ങളെ ഭക്ഷിച്ചു. മുനി അവർക്ക് മനോഹരമായ വാസസ്ഥലം കൊടുത്തു. മംഗളമൂർത്തിയായ രാമനെ കണ്ണുകൊണ്ട് കണ്ട് വാല്മീകിയുടെ മനസ്സ് അത്യന്തം സന്തോഷിച്ചു. തന്റെ കരകമലങ്ങളെ കൂപ്പിക്കൊണ്ട് രഘുരാമൻ അപ്പോൾ അദ്ദേഹ ത്തോട് കേൾക്കാൻ സുഖപ്രദമായ വാക്കുകളിൽ പറഞ്ഞു: "ഹേ മുനീശ്വര, അങ്ങ് ത്രികാലദർശിയാണ്. വിശ്വം മുഴുവൻ തന്നെ അങ്ങയുടെ കൈപ്പത്തിയ്ക്കുള്ളിലടങ്ങിയപോലെയാണ്." എന്നു പറഞ്ഞു കൊണ്ട് പ്രഭു റാണി (കൈകേയി) എങ്ങനെ തന്നെ വനത്തിലേയ്ക്കയച്ചു വെന്ന കഥ മുഴുവൻ അദ്ദേഹത്തോട് പറഞ്ഞു.

ദോ:

താത് ബചന് പുനി മാതു ഹിത് ഭാഇ ഭരത് അസ് രാഉ,
മോ കഹുँ ദരസ് തുംഹാര് പ്രഭു സബു മമ പുന്യ് പ്രഭാഉ. (125)

"പിതാവിന്റെ വാക്കു പാലിയ്ക്കൽ, മാതാവിനെ (കൈകേകി) തൃപ്തി പ്പെടുത്തൽ, ഭരതനെപ്പോലൊരു സഹോദരനെ രാജാവായി വാഴിയ്ക്കൽ, അങ്ങയുടെ ദർശനം ഇവയെല്ലാം തന്നെ, പ്രഭോ, എന്റെ സുകൃതത്തിന്റെ പ്രഭാവം കൊണ്ടാണ്." (125)

ചൗ:

ദേഖി പായ് മുനിരായ് തുഹാരേ
ഭഏ സുകൃത് സബ് സുഫല് ഹമാരേ,

അബ് ജഹ് ँ രാഉര് ആയസു ഹോഇഈ
മുനി ഉദ്ബേഗു ന പാവൈ കോ:ഇഈ. 1

മുനി താപസ് ജിൻഹ് തേം ദുഖു ലഹഹീം
തേ നരേസ് ബിനു പാവക് ദഹഹീം,
മംഗല് മൂല് ബിപ്ര് പരിതോഷൂ
ദഹഇ കോടി കുല് ഭൂസുര് രോഷൂ. 2

അസ് ജിയ് ँ ജാനി കഹിഅ സൊഇ ഠാഉ ँ
സിയ് സൗമിത്രി സഹിത് ജഹ് ँ ജാഉ ँ,
തഹ് ँ രചി രുചിര് പരന് തൃന് സാലാ
ബാസു കരൗം കഛു കാല് കൃപാലാ. 3

സഹജ് സരല് സുനി രഘുബര് ബാനീ
സാധു സാധു ബോലേ മുനി ഗ്യാനീ,
കസ് ന കഹഹു അസ് രഘുകുലകേതൂ
തുംഹ് പാലക് സന്തത് ശ്രുതി സേതൂ. 4

“ഹേ മുനിരാജ, അങ്ങയുടെ പാദകമലങ്ങളെ കണ്ട് എന്റെ സുകൃതങ്ങളെല്ലാം സഫലമായിരിയ്ക്കുന്നു. ഇപ്പോൾ ഞാൻ അങ്ങു നിർദ്ദേശിയ്ക്കുന്ന, മുനിമാർക്ക് ഉപദ്രവമായിത്തീരാത്ത സ്ഥലത്തേയ്ക്ക് പോകുവാനുദ്ദേശിയ്ക്കുന്നു. എന്തെന്നാൽ മുനിമാർക്കും താപസന്മാർക്കും വ്യസനകാരണമായിത്തീരുന്ന രാജാക്കന്മാർ തീയില്ലാതെതന്നെ ദഹിച്ചു പോകും. ബ്രാഹ്മണരെ സന്തോഷിപ്പിയ്ക്കുക എന്നത് സർവ മംഗളങ്ങൾക്കും കാരണമാണ്. അവരുടെ കോപം കോടി കുലങ്ങളെ ദഹിപ്പിയ്ക്കും. ഇത് മനസ്സിൽ കൊണ്ട്, ദയവുചെയ്ത തക്കതായ ഒരു സ്ഥലം പറഞ്ഞുതന്നാലും. ഹേ കൃപാലോ, അവിടേയ്ക്ക് സീതയോടും ലക്ഷ്മണനോടും കൂടി പോയി, പുല്ലും ഇലകളും കൊണ്ട് ഒരു ശാല പണിത് അവിടെ കുറച്ചു കാലം കഴിച്ചുകൂട്ടാം.” രഘുവരന്റെ സഹജവും സരളവുമായ ഈ വാക്കുകളെ കേട്ട് ജ്ഞാനിയായ മുനി പറഞ്ഞു: “ശരിയാണ്. രഘുകുലത്തിന്റെ കീർത്തിധ്വജവും വേദവിഹിതങ്ങളായ നിയമങ്ങളെ പാലിയ്ക്കുന്നവനുമായ നീ എന്തുകൊണ്ട് ഈവിധം പറയില്ല?”

ഛം:

ശ്രുതി സേതു പാലക് രാമ് തുംഹ് ജഗദീസ് മായാ ജാനകീ,
ജോ സൃജതി ജഗു പാലതി ഹരതി രുഖ് പാഇ കൃപാനിധാന് കീ.
ജോ സഹസ്സീസു അഹീസു മഹിധരു ലഖനു സചരാചര് ധനീ,
സുര് കാജ് ധര് നരരാജ് തനു ചലേ ദലന് ഖല് നിസിചര് അനീ.

"നീ വേദവിഹിതങ്ങളായ നിയമങ്ങളുടെ രക്ഷകനും, ജഗദീശ്വരനുമാണ്. ജാനകി കൃപാനിധിയായ നിന്റെ ഇംഗിതമനുസരിച്ച് ജഗത്തിനെ സൃഷ്ടിയ്ക്കുകയും, പാലിയ്ക്കുകയും, സംഹരിയ്ക്കുകയും ചെയ്യുന്ന നിന്റെ മായയുമാണ്. ലക്ഷ്മണനോ, ഭൂഗോളത്തെ താങ്ങുന്നവനും, എല്ലാ ചരാചര സൃഷ്ടിയുടേയും നാഥനുമായ അവൻ ആയിരം തലകളുള്ള ശേഷനുമാണ്. ദേവന്മാരുടെ കാര്യസിദ്ധിയ്ക്കുവേണ്ടി ദുഷ്ടന്മാരായ രാക്ഷസന്മാരുടെ സമൂഹത്തെ നിഗ്രഹിയ്ക്കാനായി നീ രാജാവിന്റെ രൂപമെടുത്തിരിയ്ക്കുന്നു."

സോ:

രാമ് സരൂപ് തുംഹാര് ബചന് അഗോചര് ബുദ്ധിപര്,
അബിഗത് അകഥ് അപാര് നേതി നേതി നിത് നിഗമ് കഹ് **(126)**

"ഹേ രാമ, നിന്റെ സ്വരൂപം വാക്കുകൾക്ക് വർണ്ണിയ്ക്കാനാവാത്തതും, ബുദ്ധിയ്ക്കപ്പുറമായതും, ആർക്കും അറിയാനാവാത്തതും, പറയാനാവാത്തതും, അനന്തവുമാണ്. വേദങ്ങൾ അതിനെ സദാ 'ഇതല്ല, ഇതല്ല' എന്നു ഘോഷിയ്ക്കുന്നു. (126)

ചൗ:

ജുഗ് പേഖന് തുംഹ് ദേഖ്നിഹാരേ
ബിധി ഹരി സംഭു നചാവനിഹാരേ,
തേഉ ന ജാനഹിം മരമു തുഹാരാ
ഔര് തുംഹഹി കോ ജാന്നിഹാരാ. **1**

സൊഇ ജാനഇ ജെഹി ദേഹു ജനാഈ
ജാനത് തൂംഹഹി തുംഹഇ ഹൊഇ ജാഈ,
തുംഹരിഹി കൃപാ॰ തുംഹഹി രഘുനന്ദന്
ജാനഹിം ഭഗത് ഭഗത് ഉര് ചന്ദന്. **2**

ചിദാനന്ദമയ് ദേഹ് തുംഹാരീ
ബിഗത് ബികാര് ജാന് അധികാരീ,
നര് തനു ധരെഹു സംത് സുര് കാജാ
കഹഹു കരഹു ജസ് പ്രാകൃത് രാജാ. 3

രാമ് ദേഖി സുനി ചരിത് തുംഹാരേ
ജഡ് മോഹഹിം ബുധ് ഹോഹിം സുഖാരേ,
തുംഹ് ജോ കഹഹു കരഹു സബു സാ്ചാ
ജസ് കാഛിഅ തസ് ചാഹിഅ നാചാ. 4

"ഈ ജഗത്ത് ഒരു ദൃശ്യവും, നീ ദ്രഷ്ടാവുമാണ്. നീ ബ്രഹ്മവിഷ്ണു മഹേശ്വരന്മാരെ നിന്റെ ഇഷ്ടത്തിന്ന് ആട്ടിവെയ്ക്കുന്നു. ഇവർക്കുകൂടി നിന്റെ മർമ്മം അറിയില്ല. പിന്നെ ആർക്കാണ് അറിയാനാവുക? വാസ്തവത്തിൽ ആർക്ക് നീ നിന്നെ അറിമുഖപ്പെടുത്തുന്നുവോ അവന്നു മാത്രമേ നിന്നെ അറിയാനാവുള്ളൂ. നിന്നെ അറിഞ്ഞതും അവൻ നിന്നിൽ ഐക്യമായിത്തീരുന്നു. ഹേ രഘുനന്ദന, നിന്റെ കൃപയൊന്നുകൊണ്ടു മാത്രമേ നിന്റെ ഭക്തന്മാർ നിന്നെപ്പറ്റി അറിയുന്നുള്ളൂ, ഹേ ഭക്തവത്സല! നിന്റെ ദേഹം ചിദാനന്ദമയവും, വികാരരഹിതവുമാണ്. അർഹരായവർ മാത്രമേ അതിനെ അറിയുന്നുള്ളൂ. സാധുക്കളുടേയും ദേവന്മാരുടേയും കാര്യ സിദ്ധിയ്ക്കുവേണ്ടിയാണ് നീ മനുഷ്യശരീരം ധരിച്ചിരിയ്ക്കുന്നതും സാധാരണ രാജാക്കന്മാരെപ്പോലെ സംസാരിയ്ക്കുകയും പ്രവർത്തിയ്ക്കുകയും ചെയ്യു ന്നതും. ഹേ രാമ, നിന്റെ ലീലകളെ കണ്ട് മൂഢന്മാർ മോഹിതരാവുകയും, ജ്ഞാനികൾ ആനന്ദിയ്ക്കുകയും ചെയ്യുന്നു. നീ എന്തെല്ലാം പറയുകയും പ്രവർത്തിയ്ക്കുകയും ചെയ്യുന്നുവോ, അതെല്ലാം തന്നെ സത്യമാണ്. എന്തെന്നാൽ നാടകവേദിയിൽ ഒരുവൻ താനെടുത്ത പാത്രത്തെ അഭിനയിയ്ക്കേണ്ടതാണല്ലോ?

ദോ:

പൂ്ഛെഹുമോഹികി രഹൗം കഹ് മൈം പൂ്ഛത് സകുചാഉ്,
ജഹ് ന ഹോഹു തഹ് കഹി തുംഹഹി ദെഖാവൗം ഠാഉ്. (127)

"നീ എന്നോട് ചോദിയ്ക്കനുന്നു, 'ഞാനെവിടെയാണ് താമസിയ്ക്കേണ്ടത്?' എന്ന്. പക്ഷേ, ഞാൻ നിന്നോട് സങ്കോചത്തോടെ ചോദിയ്ക്കുന്നു: ആദ്യം

പറയൂ, എവിടെയാണ് നീ ഇല്ലാത്തത്? അതിന്നുശേഷം മാത്രമേ തക്ക തായ ഒരു സ്ഥലത്തെ നിനക്ക് കാണിച്ചു തരാനെനിയ്ക്ക് കഴിയുള്ളൂ." (127)

ചൗ:

സുനി മുനി ബചന് പ്രേമ രസ് സാനേ
സകുചി രാമ് മന് മഹു് മുസുകാനേ,
ബാല്മീകി ഹ്സി കഹഹിം ബഹോരീ
ബാനീ മധുര് അമിഅ രസ് ബോരീ. 1

സുനഹു രാമ് അബ് കഹഉ് നികേതാ
ജഹാ് ബസഹു സിയ് ലഖന് സമേതാ,
ജിൻഹ് കേ ശ്രവന് സമുദ്ര് സമാനാ
കഥാ തുംഹാരി സുഭഗ് സരി നാനാ. 2

ഭരഹിം നിരന്തര് ഹോഹിം ന പൂരേ
തിൻഹ് കേ ഹിയ് തുംഹ് കഹു് ഗൃഹ് രൂരേ,
ലോചന് ചാതക് ജീൻഹ് കരി രാഖേ
രഹഹിം ദരസ് ജലധര് അഭിലാഷേ. 3

നിദരഹിം സരിത് സിന്ധു സര് ഭാരീ
രൂപ് ബിന്ദു ജല് ഹോഹിം സുഖാരീ,
തിൻഹ് കേം ഹൃദയ് സദന് സുഖ്ദായക്
ബസഹു ബന്ധു സിയ് സഹ രഘുനായക്. 4

മുനിയുടെ സ്നേഹം നിറഞ്ഞ വാക്കുകളെ കേട്ട് ശ്രീരാമൻ സങ്കോചപ്പെട്ട് മനസ്സിൽ മന്ദഹസിച്ചു. വാല്മീകിയും പുഞ്ചിരിച്ചുകൊണ്ട് വീണ്ടും അമൃതം പോലെ മധുരമായ വാക്കുകളിൽ അവനോട് പറഞ്ഞു: "രാമ, കേൾക്കൂ: ഇപ്പോൾ നീ എവിടെയെല്ലാമാണ് സീതയോടും ലക്ഷ്മണ നോടും കൂടി താമസിയ്ക്കേണ്ടതെന്ന് പറയാം. ആരുടെ ചെവികൾ, നിന്റെ കഥകളെന്ന അനവധി മനോഹരമായ പുഴകൾ ഒഴുകിച്ചെന്ന് നിറച്ചു കൊണ്ടിരിയ്ക്കുന്ന സമുദ്രത്തെപ്പോലെ, പക്ഷേ, നിറയാതിരിയ്ക്കുന്നുവോ, അവരുടെ ഹൃദയം നിന്റെ സുന്ദരമായ വാസസ്ഥലമായിരിയ്ക്കും. പിന്നെ, ആരുടെ കണ്ണുകൾ, കാർമേഘങ്ങളെ കൊതിച്ചുനില്ക്കുന്ന ചാതകപ്പക്ഷിയെ

പ്പോലെ, നദികളേയും, സമുദ്രങ്ങളേയും, തടാകങ്ങളേയും ത്യജിച്ച്, കേവലം നിന്റെ രൂപസൗന്ദര്യമാകുന്ന ഒരു തുള്ളി മഴവെള്ളം കൊണ്ട് തൃപ്തയടയുന്നുവോ, അവരുടെ ഹൃദയമാണ് സീതയോടും അനുജ നോടും കൂടി നിനക്ക് സുഖമായിക്കഴിയാവുന്ന വാസസ്ഥലം."

ദോ:

ജസു തുഹാര് മാനസ് ബിമല് ഹംസിനി ജീഹാ ജാസു,
മുക്താഹല് ഗുന് ഗന് ചുനഇ രാമ് ബസഹു ഹിയ്ँ താസു. (128)

"നിന്റെ യശസ്സെന്ന പാവനമായ മാനസസരോവരത്തിൽ നിന്റെ ഗുണ ഗണങ്ങളെന്ന മുത്തുകളെ കൊത്തിയെടുക്കുന്ന ഹംസങ്ങളെപ്പോലുള്ള നാവുള്ളവന്റെ ഹൃദയത്തിൽ നീ വസിക്കണം. (128)

ചൗ:

പ്രഭു പ്രസാദ് സുചി സുഭഗ് സുബാസാ
സാദര് ജാസു ലഹഇ നിത് നാസാ,
തുംഹഹി നിബേദിത് ഭോജന് കരഹീം
പ്രഭു പ്രസാദ് പട് ഭൂഷന് ധരഹീം. 1

സീസ് നവഹിം സുര് ഗുരു ദ്വിജ് ദേഖീ
പ്രീതി സഹിത് കരി ബിനയ് ബിസേഷീ,
കര് നിത് കരഹിം രാമ് പദ് പൂജാ
രാമ് ഭരോസ് ഹൃദയ്ँ നഹിം ദൂജാ. 2

ചരന് രാമ് തീരഥ് ചലി ജാഹീം
രാമ് ബസഹു തിൻഹ് കേ മന് മാഹീം,
മന്ത്രരാജു നിത് ജപഹിം തുംഹാരാ
പൂജഹിം തുംഹഹി സഹിത് പരിവാരാ. 3

തര്പന് ഹോമ് കരഹിം ബിധി നാനാ
ബിപ്ര് ജെവാँഇ ദേഹിം ബഹു ദാനാ,
തുംഹ് തേം അധിക് ഗുര്ഹി ജിയ്ँ ജാനീ
സകല് ഭായ്ँ സേവഹിം സന്മാനീ. 4

“ഹേ രാമ, ആരുടെ മൂക്ക് ദിനവും അവരുടെ പ്രഭുവിന്ന്(നിനക്ക്)അർപ്പിച്ച ശുദ്ധവും, പാവനവുമായ പ്രസാദത്തിന്റെ (പുഷ്പങ്ങൾ, ചന്ദനം, മുതലായ) സുഗന്ധത്തെ ഭക്തിയോടെ നുകരുന്നുവോ, ആർ നിനക്ക് നിവേദിച്ചതിനെ മാത്രം ഭക്ഷിയ്ക്കുന്നുവോ, ആർ ആദ്യം നിനക്ക് അർപ്പിച്ചശേഷം വസ്ത്രങ്ങളേയും ആഭരണങ്ങളേയും ധരിയ്ക്കുന്നുവോ, ആരുടെ ശിരസ്സ് ഒരു ദേവനേയോ, ഗുരുവിനേയോ, ബ്രാഹ്മണനേയോ കണ്ടാൽ അത്യന്തം ഭക്തിയോടും, വിനയത്തോടും നമിയ്ക്കുന്നുവോ, ആരുടെ കൈകൾ ശ്രീരാമന്റെ പാദങ്ങളെ ദിനവും പൂജിയ്ക്കുന്നുവോ, ആർ രാമനൊഴിച്ച് വേറെയാരെയും ഹൃദയത്തിൽ സ്മരിയ്ക്കുന്നില്ലയോ, ആരുടെ പാദങ്ങൾ അവരെ ശ്രീരാമന്റെ തീർത്ഥസ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നുവോ, – അവരുടെ ഹൃദയത്തിൽ വസിയ്ക്കൂ. പിന്നെ, ആർ സദാ മന്ത്രങ്ങളുടെയെല്ലാം രാജാവായ രാമമന്ത്രത്തെ (ശ്രീരാമായ നമഃ) ജപിയ്ക്കുകയും, നിന്നെ പരിവാരസഹിതം പൂജിയ്ക്കുകയും ചെയ്യുന്നു വോ, ആർ പിതൃതർപണവും ഹോമാദികളും അനുഷ്ഠിയ്ക്കുന്നുവോ, ആർ ബ്രാഹ്മണരെ ഭോജനവും ദാനങ്ങളും കൊടുത്ത് തൃപ്തിപ്പെടുത്തുന്നു വോ, ആർ തങ്ങളുടെ ഗുരുവിനെ നിന്നെക്കാളും ശ്രേഷ്ഠനായി മനസ്സിൽ ഭാവിച്ച് സകലവിധത്തിലും സേവിയ്ക്കുകയും സമ്മാനിയ്ക്കുകയും ചെയ്യുന്നുവോ,...

ദോ:

സബു കരി മാഗഹിം ഏക് ഫലു രാമ് ചരന് രതി ഹോഉ,
തിൻഹ് കേം മന് മന്ദിര് ബസഹു സിയ് രഘുനന്ദന് ദോഉ. (129)

“പിന്നെ ആർ ഇതെല്ലാം ചെയ്തശേഷം, അതിന്റെ ഫലമായി 'എനിയ്ക്ക് ശ്രീരാമപാദങ്ങളിൽ ഭക്തിയുണ്ടാവട്ടെ' എന്ന ഒരേയൊരു വരം മാത്രം ചോദിയ്ക്കുന്നുവോ, അവരുടെ ഹൃദയമാകുന്ന ആലയത്തിൽ സീതയും രഘുനന്ദനനായ നീയും – ഇരുവരും, താമസിയ്ക്കുവിൻ.” (129)

ചൗ:

കാമ് കോഹ് മദ് മാന് ന മോഹാ
ലോഭ് ന ഛോഭ് ന രാഗ് ന ദ്രോഹാ,

ജിൻഹ് കേം കപട് ദംഭ് നഹിം മായാ
തിൻഹ് കേം ഹൃദയ് ബസഹു രഘുരായാ. 1

സബ് കേ പ്രിയ് സബ് കേ ഹിത്കാരീ
ദുഖ് സുഖ് സരിസ് പ്രസംസാ ഗാരീ,
കഹഹിം സത്യ് പ്രിയ് ബചന് ബിചാരീ
ജാഗത് സോവത് സരന് തുംഹാരീ. 2

തുംഹഹി ഛാഡി ഗതി ദൂസരി നാഹീം
രാമ് ബസഹു തിൻഹ് കേ മന് മാഹീം,
ജനനീ സമ് ജാനഹിം പരനാരീ
ധനു പരാവ് ബിഷ് തേം ബിഷ് ഭാരീ. 3

ജേ ഹരഷഹിം പര് സമ്പതി ദേഖീ
ദുഖിത് ഹോഹിം പര് ബിപതി ബിസേഷീ,
ജിൻഹഹി രാമ് തുംഹ് പ്രാന്പിആരേ
തിൻഹ് കേ മന് സുഭ് സദന് തുംഹാരേ 4

“ആർക്ക് കാമം, ക്രോധം, മദം, അഭിമാനം, മോഹം ലോഭം, ക്ഷോഭം, രാഗദ്വേഷങ്ങൾ, കാപട്യം, ദംഭം, വഞ്ചന ഇവയൊന്നുമില്ലയോ, ഹേ രഘുരാമ, ഇവരുടെ ഹൃദയത്തിലാണ് നീ വസിയ്ക്കേണ്ടത്. പിന്നെ, സർവർക്കും പ്രിയമായവരും, സർവരുടേയും സുഹൃത്തും, സുഖ-ദു:ഖ ങ്ങൾ, പ്രശംസാ-നിന്ദകൾ ഇവയെല്ലാം ഒരുപോലെ കണക്കാക്കുന്നവരും, സത്യവും പ്രിയവുമായ വാക്കുകളെ ആലോചിച്ച് പറയുന്നവരും, നീയല്ലാതെ വേറെയൊരു ഗതിയുമില്ലെന്ന് ഉണർന്നിരിയ്ക്കുമ്പോഴും, ഉറങ്ങു മ്പോഴും നീയേ ശരണമായിരിയ്ക്കുന്നവരും - ഹേ രാമ, ഇവരുടെ മനസ്സി ലാണ് നീ വാസമുറപ്പിയ്ക്കേണ്ടത്. വീണ്ടും, അന്യസ്ത്രീകളെ തന്റെ അമ്മയെ പ്പോലെ കാണുന്നവരും, അന്യരുടെ സമ്പത്തിനെ അതിമാരകമായ വിഷമായി കരുതുന്നവരും, അന്യരുടെ സൗഭാഗ്യത്തിൽ സന്തോഷിയ്ക്കു കയും, അന്യരുടെ വിപത്തിനെ കണ്ട് പ്രത്യേകിച്ചും ദു:ഖിയ്ക്കുകയും ചെയ്യുന്നവരും, നിന്നെ തങ്ങളുടെ ജീവനെപ്പോലെ പ്രിയനായികരുതുന്ന വരും - ഇവരുടെ മനസ്സ് നിന്റെ ശുഭസദനമാണ്.”

ദോ:

സ്വാമി സഖാ പിതു മാതു ഗുര് ജിൻഹ് കേ സബ് തുംഹ് താത്,
മന് മന്ദിര് തിൻഹ് കേം ബസഹു സീയ് സഹിത് ദൊഉ ഭ്രാത്. (130)

“മാത്രമല്ല, ആർക്ക് നീ ഒരേ സമയത്ത് സ്വാമിയും, സഖാവും, പിതാവും, മാതാവും, ഗുരുവും, മറ്റെല്ലാം തന്നെയുമാണോ, അവരുടെ മനോമന്ദിര ത്തിലാണ്, സീതയും, നിങ്ങൾ രണ്ടു സഹോദരന്മാരും താമസി യ്ക്കേണ്ടത്.” (130)

ചൗ:

അവഗുന് തജി സബ് കേ ഗുന് ഗഹഹീം
ബിപ്ര് ധേനു ഹിത് സങ്കട് സഹഹീം,
നീതി നിപുന് ജിൻഹ് കഇ ജഗ് ലീകാ
ഘര് തുംഹാര് തിൻഹ് കര് മനു നീകാ. 1

ഗുന് തുംഹാര് സമുഝഇ നിജ് ദോസാ
ജെഹി സബ് ഭാँതി തുംഹാര് ഭരോസാ,
രാമ് ഭഗത് പ്രിയ് ലാഗഹിം ജേഹീ
തെഹി ഉര് ബസഹു സഹിത് ബൈദേഹീ. 2

ജാതി പാँതി ധനു ധരമു ബഡാഈ
പ്രിയ് പരിവാര് സദന് സുഖദാഈ ,
സബ് തജി തുംഹഹി രഹഇ ഉര് ലാഈ
തെഹി കേ ഹൃദയ്ँ രഹഹു രഘുരാഈ. 3

സരഗു നരകു അപബരഗു സമാനാ
ജഹँ തഹँ ദേഖ് ധരേം ധനു ബാനാ,
കരമ് ബചന് മന് രാഉര് ചേരാ
രാമ് കരഹു തെഹി കേം ഉര് ഡേരാ. 4

“മറ്റുള്ളവരുടെ ദോഷങ്ങളെ കാണാതെ അവരുടെ ഗുണങ്ങളെ മാത്രം ഗ്രഹിയ്ക്കുന്നവരും, ബ്രാഹ്മണർക്കും, പശുക്കൾക്കും വേണ്ടി യാതനകളനു ഭവിയ്ക്കുന്നവരും, പിന്നെ ലോകത്തിൽ നീതിനിപുണന്മാരായി പ്രതിഷ്ഠിത രായവരും – ഇവരുടെ മനസ്സ് നിന്റെ ശ്രേഷ്ഠമായ ഗൃഹമാണ്. പിന്നെ തന്റെ

ഗുണങ്ങളെ നിന്റെ കാരണമായും, അവഗുണങ്ങൾക്കു കാരണം സ്വീയമായും കാണുന്നവനും, നിന്നെ മാത്രമവലംബിച്ചിരിയ്ക്കുന്നവനും, ശ്രീരാമഭക്തന്മാരെ സ്നേഹിയ്ക്കുന്നവനും – ഇവന്റെ ഹൃദയത്തിൽ നീ വൈദേഹീസമേതനായി വസിയ്ക്കണം. ഏതൊരുവൻ തന്റെ ജാതിയേയും, ബന്ധുക്കളേയും, സമ്പത്തിനേയും, ധർമ്മത്തേയും, സ്ഥാനത്തേയും, പ്രിയജനങ്ങളേയും, സുഖപ്രദമായ വീടിനേയും, മറ്റെല്ലാറ്റിനേയുംതന്നെ ത്യജിച്ച് നിന്നെ മാത്രം മനസ്സിൽ സ്മരിയ്ക്കുന്നുവോ, ഹേ രഘുരാമ, അവന്റെ ഹദ്രയത്തിൽ നീ നിന്റെ വാസമുറപ്പിയ്ക്കണം. പിന്നെ, ആർക്ക് സ്വർഗ്ഗവും നരകവും, മുക്തിയും ഒരുപോലെയാണോ, അവിടേയും, ഇവിടേയും, എല്ലായിടത്തും, വില്ലും ശരവുമേന്തിയ കൈകളോടെ നിന്നെ കാണുന്നുവോ, മനസാ വാചാ കർമ്മണാ നിന്റെ സേവകനാണോ ഹേ രാമ, അവന്റെ ഹൃദയത്തിൽ സ്ഥിരമായി വസിയ്ക്കൂ."

ദോ:

ജാഹി ന ചാഹിഅ കബഹു് കഛു തുംഹ്സന് സഹജ് സനേഹു,
ബസഹു നിരന്തര് താസു മന് സോ രാഉര് നിജ് ഗേഹൂ. (131)

"അവസാനമായി, ആർക്ക് ഒരിയ്ക്കലും, ഒന്നും തന്നെ ആവശ്യമില്ലയോ, നിന്നോട് സഹജമായ പ്രീതിയണ്ടോ അവന്റെ ഹദ്രയത്തിൽ നിരന്തര മായി വസിയ്ക്കൂ. അതാണ് നിന്റെ സ്വന്തം വീട്. (131)

ചൗ:

എഹി ബിധി മുനിബര് ഭവന് ദെഖാഏ
ബചന് സപ്രേമ് രാമ് മന് ഭാഏ,
കഹ് മുനി സുനഹു ഭാനുകുല്നായക്
ആശ്രമ് കഹഉ് സമയ് സുഖദായക്. 1

ചിത്രകൂട് ഗിരി കരഹു നിവാസൂ
തഹ് തുംഹാര് സബ് ഭാ്തി സുപാസൂ,
സൈലു സുഹാവന് കാനന് ചാരൂ
കരി കേഹരി മൃഗ് ബിഹഗ് ബിഹാരൂ. 2

നദീ പുനീത് പുരാന് ബഖാനീ
അത്രിപ്രിയാ നിജ് തപ്ബല് ആനീ

സുരസരി ധാര് നാഉ് മന്ദാകിനി
ജോ സബ് പാതക് പോതക് ഡാകിനി. 3

അത്രി ആദി മുനിബര് ബഹു ബസഹീം
കരഹിം ജോഗ് ജപ് തപ് തന് കസഹീം,
ചലഹു സഫല് ശ്രമ് സബ് കര് കരഹൂ
രാമ് ദേഹു ഗൗരവ് ഗിരിബരഹൂ. 4

“ഈവിധം മുനിശ്രേഷ്ഠൻ അനവധി വാസസ്ഥലങ്ങൾ അവന്ന് കാണിച്ചുകൊടുത്തു. അദ്ദേഹത്തിന്റെ പ്രേമമസൃണമായ വാക്കുകൾ രാമന്റെ മനസ്സിനെ സന്തോഷിപ്പിച്ചു. മുനി തുടർന്നു: “ഹേ സൂര്യകുലനായക, കേൾക്കൂ: ഇപ്പോഴത്തെ സ്ഥിതിയിൽ സുഖപ്രദമായ ഒരു ആശ്രമപ്രദേശം ഞാൻ പറഞ്ഞുതരാം. ചിത്രകൂടപർവതത്തിൽ നിന്റെ താമസമുറപ്പിയ്ക്കൂ. അവിടെ നിനക്ക് എല്ലാവിധ സുഖസൗകര്യങ്ങളുമുണ്ടായിരിയ്ക്കും. മല മനോഹരവും, വനം സുന്ദരവുമാണ്. അത് ആനകളുടേയും, സിംഹങ്ങളുടേയും, മാനുകളുടേയും, പക്ഷികളുടേയും വിഹാരസ്ഥലമാണ്. അവിടെ പുരാണപ്രസിദ്ധമായ ഒരു പുണ്യനദിയുണ്ട്. അത് അത്രിയുടെ പത്നി തന്റെ തപശ്ശക്തിയാൽ ഉണ്ടാക്കിയതാണ്. മന്ദാകിനിയെന്ന അത് ഗംഗയുടെ ഒരു ശാഖയാണ്. ഡാകിനി ശിശുക്കളെ കഴുത്തു ഞെരിച്ചു കൊല്ലുന്നതുപോലെ, അത് അത്രയും വേഗത്തിൽ പാപങ്ങളെ നശിപ്പിയ്ക്കുന്നു. അത്രി മുതലായ അനവധി മുനിമാർ അവിടെ യോഗം, ജപം, തപസ്സ്, ശരീരശോഷണം മുതലായവ അനുഷ്ഠിച്ചുകൊണ്ട് താമസിയ്ക്കുന്നു. രാമ, അവിടേയ്ക്ക് പോയി എല്ലാവരുടേയും ശ്രമങ്ങളേയും സഫലമാക്കുകയും, പർവതവരന്ന് ഗൗരവത്തെ കൊടുക്കുകയും ചെയ്യൂ.”

ദോ:

ചിത്രകൂട് മഹിമാ അമിത് കഹീ മഹാമുനി ഗാഇ,
ആഇ നഹാഏ സരിത് ബര് സിയ് സമേത് ദൊഉ ഭാഇ. (132)

മഹാമുനി ചിത്രകൂടത്തിന്റെ മഹിമയെ വിസ്താരമായി വർണ്ണിച്ചു. രണ്ടു സഹോദരന്മാരും സീതയോടുകൂടി പോയി പുണ്യനദിയിൽ സ്നാനം ചെയ്തു. (132)

ചൗ:

രഘുബര് കഹെഉ ലഖന് ഭല് ഘാടൂ
കരഹു കതഹു് അബ് ഠാഹര് ഠാടൂ,
ലഖന് ദീഖ് പയ് ഉതര് കരാരാ
ചഹു്ദിസി ഫിരെഉ ധനുഷ് ജിമി നാരാ. 1

നദീ പനച് സര് സമ് ദമ് ദാനാ
സകല് കലുഷ് കലി സാഉജ് നാനാ,
ചിത്രകൂട് ജനു അചല് അഹേരീ
ചുകഇ ന ഘാത് മാര് മുഠ്ഭേരീ. 2

അസ് കഹി ലഖന് ഠാഉ് ദെഖരാവാ
ഥലു ബിലോകി രഘുബര് സുഖു പാവാ,
രമെഉ രാമ മനു ദേവൻഹ് ജാനാ
ചലേ സഹിത് സുര് ഥപതി പ്രധാനാ. 3

കോല് കിരാത് ബേഷ് സബ് ആഏ
രചേ പരന് തൃന് സദന് സുഹാഏ,
ബരനി ന ജാഹിം മംജു ദുഇ സാലാ
ഏക് ലലിത് ലഘു ഏക് ബിസാലാ. 4

രഘുവരൻ പറഞ്ഞു: "ലക്ഷ്മണ, ഇവിടെ നദിയിൽ നല്ലൊരു കടവുണ്ട്. ഇപ്പോൾ നമ്മുടെ താമസത്തിന്നായി എവിടെയെങ്കിലും സ്ഥലം ഏർപ്പാടു ചെയ്യൂ." ലക്ഷ്മണൻ ഉടനെ പയസ്വിനി നദിയുടെ വടക്കുഭാഗത്ത് നിരീക്ഷണം ചെയ്തിട്ട് പറഞ്ഞു: "ഒരു കൊച്ചരുവി ഇവിടെ കരയ്ക്കു ചുറ്റം വില്ലിനെപ്പോലെ വളഞ്ഞൊഴുകുന്നു. നദി അതിന്റെ ഞാണു പോലെയും, ശമം, ദമം, ദാനം ഇവ അതിന്റെ ശരങ്ങൾ പോലെയും, എല്ലാ കലികല്മഷങ്ങളും അതിലെ ചളിക്കുണ്ടുകളുമാണ്. ഈ വില്ലിനോടുകൂടി ചിത്രകൂടം, തെറ്റാത്ത ഉന്നം വെച്ച് മുന്നോട്ട് അക്രമിയ്ക്കുന്ന ഒരു സ്ഥിര വേട്ടക്കാരനെപ്പോലെയിരിയ്ക്കുന്നു." ഇങ്ങനെ പറഞ്ഞുകൊണ്ട് ലക്ഷ്മണൻ ആ സ്ഥലത്തെ കാണിച്ചുകൊടുത്തു. ശ്രീരാമൻ ആ സ്ഥലത്തെ കണ്ട് സന്തുഷ്ടനായി. ആ സ്ഥാനം ശ്രീരാമന്റെ മനസ്സിനെ കവർന്നിട്ടുണ്ടെ

ന്നറിഞ്ഞ ദേവന്മാർ ദേവന്മാരുടെ മുഖ്യസ്ഥപതിയായ വിശ്വകർമ്മാവോടു കൂടി ചിത്രകൂടത്തിലേയ്ക്ക് പുറപ്പെട്ടു. അവരെല്ലാവരും കോലന്മാരുടേയും കിരാതന്മാരുടേയും വേഷത്തിൽ വന്ന് പുല്ലും ഇലകളും കൊണ്ട് മനോഹരമായ ശാലകൾ പണിതു. അവർ രണ്ടു കുടിലുകളുണ്ടാക്കി. അവ വാക്കുകൾക്ക് വർണ്ണിയ്ക്കാനാവാത്തവിധം അത്രയ്ക്കും മനോഹരമായി രുന്നു. മികച്ച ഒരു കൊച്ചു കുടിലും മറ്റേത് വലുതും.

ദോ:

ലഖന് ജാനകീ സഹിത് പ്രഭു രാജത് രുചിര് നികേത് ,
സോഹ് മദന് മുനി ബേഷ് ജനു രതി രിതുരാജ് സമേത്. (133)

ലക്ഷ്മണനോടും ജാനകിയോടും കൂടി ആ മനോഹരമായ കുടിലിൽ പ്രഭു, മുനിവേഷത്തിൽ രതിയോടും വസന്തഋതുവോടും കൂടിയ കാമ ദേവനെപ്പോലെ ശോഭിച്ചിരുന്നു. (133)

ചൗ:

അമര് നാഗ് കിന്നര് ദിസിപാലാ
ചിത്രകൂട് ആഏ തെഹി കാലാ,
രാമ് പ്രനാമ് കീൻഹ് സബ് കാഹൂ
മുദിത് ദേവ് ലഹി ലോചന് ലാഹൂ. 1

ബരഷി സുമന് കഹ് ദേവ് സമാജൂ
നാഥ് സനാഥ് ഭഏ ഹമ ആജൂ,
കരി ബിനതീ ദുഖ് ദുസഹ് സുനാഏ
ഹരഷിത് നിജ് നിജ് സദന് സിധാഏ. 2

ചിത്രകൂട് രഘുനന്ദനു ഛാഏ
സമാചാര് സുനി സുനി മുനി ആഏ,
ആവത് ദേഖി മുദിത് മുനിബൃന്ദാ
കീൻഹ് ദണ്ഡവത് രഘുകുല് ചന്ദാ. 3

മുനി രഘുബരഹി ലാഇ ഉര് ലേഹീം
സുഫല് ഹോന് ഹിത് ആസിഷ് ദേഹീം,

സിയ് സൗമിത്രി രാമ് ഛബി ദേഖഹിം
സാധന് സകല് സഫല് കരി ലേഖഹിം. 4

ദേവന്മാരും, നാഗന്മാരും, കിന്നരന്മാരും, അഷ്ടദിക്പാലന്മാരും ആ അവസരത്തിൽ കൂട്ടമായി അവിടെ എത്തി. ശ്രീരാമൻ അവരെ യെല്ലാവരേയും വണങ്ങി. ദേവന്മാർ അവരുടെ കണ്ണുകളുടെ സാഫല്യത്തെ നേടി. പുഷ്പങ്ങൾ വർഷിച്ചുകൊണ്ട് ദേവന്മാരുടെ സംഘം പറഞ്ഞു: "പ്രഭോ, ഇന്ന് ഞങ്ങൾ സുരക്ഷിതരായിരിയ്ക്കുന്നു." അത്യന്തം വിനയത്തോടെ അവർ അവരുടെ ദു:സഹമായ ദു:ഖത്തെ ബോധിപ്പിച്ച് സന്തോഷത്തോടെ താന്താങ്ങളുടെ വസതികളിലേയ്ക്ക് തിരിച്ചുപോയി. ശ്രീരാമൻ ചിത്രകൂടത്തിൽ താമസം തുടങ്ങിയെന്ന് കേട്ട മുനിമാർ വന്നെത്തി. സന്തോഷത്തോടെ വരുന്ന മുനിസംഘത്തെ കണ്ട് രഘുകുലചന്ദ്രനായ രാമൻ അവരെ ദണ്ഡനമസ്കാരം ചെയ്തു. മുനിമാർ രഘുവീരനെ എടുത്ത് മാറോടണച്ച്, അവരുടെ അനുഗ്രഹം സത്യമായി വരുന്നതു കാണ്മാൻ അവനെ അനുഗ്രഹിച്ചു. സീതയുടേയും സൗമിത്രി യുടേയും, രാമന്റേയും സൗന്ദര്യത്തെ ഉറ്റുനോക്കിക്കൊണ്ട് അവർ തങ്ങളുടെ സാധനകൾ എല്ലാം പൂർണ്ണമായും സഫലമായെന്ന് കരുതി.

ദോ:

ജഥാജോഗ് സന്മാനി പ്രഭു ബിദാ കിഏ മുനിബൃന്ദ്,
കരഹിം ജോഗ് ജപ് ജാഗ് തപ് നിജ് ആശ്രമൻഹി സുഛന്ദ്. (134)

അവരെല്ലാവരേയും വേണ്ടപോലെ ബഹുമാനിച്ച് പ്രഭു മുനിസംഘത്തിന്ന് വിട കൊടുത്തു. അവർ തങ്ങളുടെ ആശ്രമങ്ങളിൽ യോഗം, ജപം, തപസ്സ്, ഇവ സ്വച്ഛന്ദമായി അനുഷ്ഠിച്ചുകൊണ്ടിരുന്നു. (134)

ചൗ:

യഹ് സുധി കോല് കിരാതൻഹ് പാഈ
ഹരഷേ ജനു നവ് നിധി ഘര് ആഈ,.
കന്ദ് മൂല് ഫല് ഭരി ഭരി ദോനാ
ചലേ രംക് ജനു ലൂടന് സോനാ. 1

തിൻഹ് മഹ് ജിൻഹ് ദേഖേ ദൊഉ ഭ്രാതാ
അപര് തിൻഹഹി പൂ്ഛഹിം മഗു ജാതാ,
കഹത് സുനത് രഘുബീര് നികാഈ
ആഇ സബൻഹി ദേഖേ രഘുരാഈ. 2

കരഹിം ജൊഹാരു ഭേംട് ധരി ആഗേ
പ്രഭുഹി ബിലോകഹിം അതി അനുരാഗേ,
ചിത്ര് ലിഖേ ജനു ജഹ് തഹ് ഠാഢേ
പുലക് സരീര് നയന് ജല് ബാഢേ. 3

രാമ് സനേഹ് മഗന് സബ് ജാനേ
കഹി പ്രിയ് ബചന് സകല് സന്മാനേ,
പ്രഭുഹി ജൊഹാരി ബഹോരി ബഹോരീ
ബചന് ബിനീത് കഹഹിം കര് ജോരീ. 4

വർത്തമാനമറിഞ്ഞ കോലന്മാരും കിരാതന്മാരും കുബേരന്റെ നവനിധികളും തങ്ങളുടെ വീടുകളിൽ വന്നെത്തിയപോലെ സന്തോഷിച്ചു. ഇലദൊന്നകളിൽ കന്ദമൂലഫലങ്ങളെ നിറച്ചു കൊണ്ട്, ദരിദ്രന്മാർ സ്വർണ്ണ ത്തെ കവർന്നെടുക്കാനെന്നപോലെ അവർ മുന്നോട്ട് പോയി. രണ്ടു സഹോദരന്മാരേയും മുമ്പേ കണ്ടിട്ടുള്ളവരോട് മറ്റുള്ളവർ അവരെക്കുറിച്ച് അന്വേഷിച്ച് അതേ വഴിയിൽക്കുടി ചെന്നു. രഘുവീരന്റെ സൗന്ദര്യത്തെ വർണ്ണിച്ചും കേട്ടും കൊണ്ട് അവരെല്ലാവരും വന്ന് രഘുരാമനെ കണ്ടു. അവരുടെ ഉപഹാരത്തെ പ്രഭുവിന്റെ മുന്നിൽ വെച്ച് അവർ അവനെ സ്വാഗതം ചെയ്ത് അത്യന്തം സ്നേഹത്തോടെ നോക്കിനിന്നു. അവർ അവിടവിടെ ചിത്രം വരച്ചതുപോലെ, പുളകം കൊണ്ട ശരീരത്തോടെ, കണ്ണുകൾ നിറഞ്ഞൊഴുകിക്കൊണ്ട് നിന്നുകൊണ്ടിരുന്നു. അവരെല്ലാവരും പ്രേമമഗ്നരാണെന്ന് രാമനറിഞ്ഞു. അവരോട് പ്രിയമായി സംസാരിച്ചു കൊണ്ട്, അവരെ വേണ്ടപോലെ ബഹുമാനിച്ചു. അവരും പ്രഭുവിനെ വീണ്ടും വീണ്ടും വാഴ്ത്തിക്കൊണ്ട് കൂപ്പുകൈകളോടെ വിനയത്തോടെ പറഞ്ഞു:

ദോ:

അബ് ഹമ് നാഥ് സനാഥ് സബ് ഭഎ ദേഖി പ്രഭു പായ്,
ഭാഗ് ഹമാരേം ആഗമനു രാഉര് കോസലരായ്. (135)

"സ്വാമീ, അവിടത്തെ പാദങ്ങളെ കണ്ട് ഞങ്ങളെല്ലാവരും ഇപ്പോൾ സുരക്ഷിതരായിത്തീർന്നു. ഹേ കോസലരാജ, ഞങ്ങളുടെ ഭാഗ്യം കൊണ്ടാണ് അവിടുത്തെ ഇവിടേയ്ക്കുള്ള വരവ്." (135)

ചൗ:

ധന്യ് ഭൂമി ബന് പംഥ് പഹാരാ
ജഹ്ँ ജഹ്ँ നാഥ് പാഉ തുംഹ് ധാരാ,
ധന്യ് ബിഹഗ് മൃഗ് കാനന്ചാരീ
സഫല് ജനമ് ഭഎ തുംഹഹി നിഹാരീ. 1

ഹമ് സബ് ധന്യ് സഹിത് പരിവാരാ
ദീഖ് ദരസു ഭരി നയന് തുംഹാരാ,
കീൻഹ് ബാസ് ഭല് ഠാഉँ ബിചാരീ
ഇഹാँ സകല് രിതു രഹബ് സുഖാരീ. 2

ഹമ് സബ് ഭാँതി കരബ് സെവകാഈ
കരി കേഹരി അഹി ബാഘ് ബരാഈ.
ബന് ബേഹഡ് ഗിരി കന്ദര് ഖോഹാ
സബ് ഹമാര് പ്രഭു പഗ് പഗ് ജോഹാ. 3

തഹ്ँ തഹ്ँ തുംഹഹി അഹേര് ഖെലാഉബ്
സര് നിർഝര് ജല്ഠാഉँ ദെഖാഉബ്,
ഹമ് സേവക് പരിവാര് സമേതാ
നാഥ് ന സകുചബ് ആയസു ദേതാ. 4

"പ്രഭോ, അങ്ങയുടെ പാദം സ്പർശിച്ച ഭൂമിയും, വനവും, മാർഗ്ഗവും, മലയും ധന്യങ്ങളാണ്. വനചാരികളായ പക്ഷികളും മൃഗങ്ങളും ധന്യങ്ങ ളാണ്. അങ്ങയെ ദർശിച്ചുകൊണ്ട് അവയുടെ ജന്മം സഫലമായിട്ടുണ്ട്. ഞങ്ങളും പരിവാരങ്ങളോടുകൂടി അങ്ങയുടെ രൂപസൗന്ദര്യത്തെ കണ്ണു നിറയെ കണ്ടുകൊണ്ട് ധന്യരാണ്. അങ്ങ് താമസത്തിന്ന് തിരഞ്ഞെടുത്ത സ്ഥാനം

ഉത്തമമാണ്. എല്ലാ ഋതുക്കളിലും ഇവിടെ സുഖമായി താമ സിയ്ക്കാം. ഞങ്ങൾ അങ്ങയ്ക്ക് ആനകൾ, സിംഹങ്ങൾ, പാമ്പുകൾ, പുലികൾ മുതലായവയെ ആട്ടിയോട്ടിച്ചും കൊണ്ട് എല്ലാവിധത്തിലുള്ള സേവന ങ്ങളും അനുഷ്ഠിയ്ക്കാം. ഭയങ്കരമായ വനം, മലകൾ, ഗുഹകൾ, താഴ്വരകൾ പ്രഭോ, ഇവയെല്ലാം തന്നെ ഞങ്ങൾ ഒരടിപോലും വിടാതെ ആരാഞ്ഞു നോക്കീട്ടുണ്ട്. ഞങ്ങൾ അങ്ങയെ പലേടത്തുമുള്ള നായാട്ട് സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോയി, തടാകങ്ങളേയും, നീരുറവുകളേയും, മറ്റു ജലാശയങ്ങളേയും കാണിച്ചു തരാം. ഞങ്ങളും പരിവാരങ്ങളും അങ്ങയുടെ സേവകന്മാരാണ്. അതിനാൽ, സ്വാമീ, ഞങ്ങളെ ആജ്ഞാപി യ്ക്കുവാൻ മടിയ്ക്കരുത്."

ദോ:

ബേദ് ബചന് മുനി മന് അഗമ് തേ പ്രഭു കരുനാ ഐന്,
ബചന് കിരാതൻഹ് കേ സുനത് ജിമി പിതു ബാലക് ബൈന്. (136)

ആരെ വേദവചനങ്ങൾക്ക് വർണ്ണിയ്ക്കാനാവില്ലയോ, മുനിമാരുടെ മനസ്സിന്ന് പിടികിട്ടുന്നില്ലയോ, അതേ കൃപാലുവായ പ്രഭു കിരാതന്മാർ പറയുന്ന തിനെ, ഒരച്ഛൻ തന്റെ കുട്ടികൾ പറയുന്നതു കേൾക്കുന്നതുപോലെ കേട്ടു നിന്നു. (136)

ചൗ:

രാമ്ഹി കേവല് പ്രേമു പിആരാ
ജാനി ലേഉ ജോ ജാനനിഹാരാ,
രാമ് സകല് ബനചര് തബ് തോഷേ
കഹി മൃദു ബചന് പ്രേമ് പരിപോഷേ. 1

ബിദാ കിഏ സിര് നാഇ സിധാഏ
പ്രഭു ഗുന് കഹത് സുനത് ഘര് ആഏ,
എഹി ബിധി സിയ് സമേത് ദൊഉ ഭാഈ
ബസഹിം ബിപിന് സുര് മുനി സുഖദാഈ 2.

ജബ് തേം ആഇ രഹേ രഘുനായകു
തബ് തേം ഭയഉ ബനു മംഗലദായകു,

ഫൂലഹിം ഫലഹിം ബിടപ് ബിധി നാനാ
മഞ്ജു ബലിത് ബര് ബേലി ബിതാനാ. 3

സുരതരു സരിസ് സുഭായ്ँ സുഹാഏ
മനഹും ബിബുധ് ബന് പരിഹരി ആഏ,
ഗുഞ്ജ് മഞ്ജുതര് മധുകര് ശ്രേനീ
ത്രിബിധ് ബയാരി ബഹഇ സുഖ് ദേനീ. 4

ശ്രീരാമനെ പ്രേമമൊന്നു മാത്രമെ ആകർഷിയ്ക്കുന്നുള്ളൂ. ഇതറിയാനുത്സുകതയുള്ളവർ അറിഞ്ഞുകൊള്ളട്ടെ. ശ്രീരാമൻ ആ കാട്ടുജാതിക്കാരെയെല്ലാം സ്നേഹം നിറഞ്ഞ മൃദുവായ വാക്കുകൾ പറഞ്ഞ് സംതൃപ്തരാക്കി. വിടകൊടുക്കപ്പെട്ട അവർ അവനെ തലവണങ്ങിയശേഷം പ്രഭുവിന്റെ ഗുണഗണങ്ങളെ പറഞ്ഞും കേട്ടും കൊണ്ട് തങ്ങളുടെ വീടുകളിലേയ്ക്ക് മടങ്ങിപ്പോയി. ഈവിധം സീതയും രണ്ടു സഹോദരന്മാരും ദേവന്മാരേയും മുനിമാരേയും ആനന്ദിപ്പിച്ചുകൊണ്ട് വനത്തിൽ താമസിച്ചു. രഘുനാഥൻ അവിടെ വന്ന് താമസം തുടങ്ങിയതും വനം മംഗളപ്രദമായിത്തീർന്നു. പലതരത്തിലുള്ള വൃക്ഷങ്ങൾ പൂക്കുകയും കായ്ക്കുകയും ചെയ്തു. മനോഹരമായ വള്ളികൾ അവയെ ചുറ്റിക്കൊണ്ട് മോടിയുള്ള വിതാനങ്ങളായി ഭവിച്ചു. അവയെല്ലാം തന്നെ സ്വർഗ്ഗത്തിലെ വൃക്ഷങ്ങളെപ്പോലെ സ്വതവേ തന്നെ ഭംഗിയുള്ളവയായിരുന്നു. അത് ആ വൃക്ഷങ്ങൾ സ്വർഗ്ഗലോകത്തിലെ വനങ്ങളെ വെടിഞ്ഞ് ഇവിടേയ്ക്ക് മാറി വന്നപോലെയിരുന്നു. വണ്ടിൻ കൂട്ടങ്ങൾ അത്യന്തം മധുരമായി മൂളിക്കൊണ്ടിരുന്നു. സുഖപ്രദമായ മൃദുവും, തണുത്തതും, സുഗന്ധിതവുമായ മന്ദമാരുതൻ വീശിക്കൊണ്ടിരുന്നു.

ദോ:
നീലകൺഠ് കലകൺഠ് സുക് ചാതക് ചക്ക് ചകോര്,
ഭാँതി ഭാँതി ബോലഹിം ബിഹഗ് ശ്രവന് സുഖദ് ചിത് ചോര്. (137)

നീലക്കഴുത്തുള്ള പക്ഷികളും, കുയിലുകളും, ചാതകപ്പക്ഷികളും, ചക്രവാകപ്പക്ഷികളും, ചകോരപ്പക്ഷികളും, മറ്റു പല പക്ഷികളും അവയുടെ

കളഗാനങ്ങളാൽ ചെവികൾക്ക് ആനന്ദത്തെ കൊടുത്തുകൊണ്ടും, മനസ്സിനെ കവർന്നുകൊണ്ടുമിരുന്നു. (137)

ചൗ:

കരി കേഹരി കപി കോല് കുരംഗാ
ബിഗത്ബൈര് ബിചരഹിം സബ് സംഗാ,
ഫിരത് അഹേര് രാമ് ഛബി ദേഖീ
ഹോഹിം മുദിത് മൃഗബൃന്ദ് ബിസേഷീ. 1

ബിബുധ് ബിപിന് ജഹ് ലഗി ജഗ് മാഹീം
ദേഖി രാമ് ബനു സകല് സിഹാഹീം,
സുരസരി സരസഇ ദിനകര് കന്യാ
മേകലസുതാ ഗോദാവരി ധന്യാ. 2

സബ് സര് സിന്ധു നദീം നദ് നാനാ
മന്ദാകിനി കര് കരഹിം ബഖാനാ,
ഉദയ് അസ്ത് ഗിരി അരു കൈലാസൂ
മന്ദര് മേരു സകല് സുരബാസൂ. 3

സൈല് ഹിമാചല് ആദിക് ജേതേ
ചിത്രകൂട് ജസു ഗാവഹി തേതേ,
ബിന്ധി മുദിത് മന് സുഖു ന സമാഇൗ
ശ്രമ് ബിനു ബിപുല് ബഡാഇൗ പാഇൗ. 4

ആനകളും, സിംഹങ്ങളും, വാനരന്മാരും, കാട്ടുപന്നികളും, മാനുകളും എല്ലാം തമ്മിൽ വൈരഭാവം കൂടാതെ കൂട്ടമായി വിഹരിച്ചുകൊണ്ടിരുന്നു. മാനുകളുടെ കൂട്ടങ്ങൾ ആഹാരത്തിന്നു വേണ്ടി ചുറ്റിക്കൊണ്ടിരുന്ന ശ്രീരാമന്റെ സൗന്ദര്യത്തെ കണ്ട് സന്തോഷിച്ചു. ശ്രീരാമൻ വസിയ്ക്കുന്ന വനത്തെ കണ്ട് ജഗത്തിലുള്ള എല്ലാ ദേവന്മാരുടെ വനങ്ങളും അസൂയാകുലരായി. ദേവനദിയായ ഗംഗയും, സരസ്വതിയും, സൂര്യപുത്രിയായ യമുനയും, മേകലപർവതപുത്രിയായ നർമ്മദയും, ധന്യയായ ഗോദാവരീ നദിയും, മറ്റു പല സരസ്സുകളും, സമുദ്രങ്ങളും, നദീനദങ്ങളും, മന്ദാകിനി നദിയെ ശ്ലാഘിച്ചു. ഉദയാസ്തമനഗിരികളും, കൈലാസശിഖരവും, മന്ദരവും,

മേരുവും - എല്ലാം ദേവന്മാരുടെ വാസസ്ഥലങ്ങളാണ് - പിന്നെ ഹിമാലയപർവതവും, മറ്റും ചിത്രകൂടത്തിന്റെ യശസ്സിനെ പാടി. യാതൊരു ശ്രമവും കൂടാതെ തനിയ്ക്ക് മഹത്വം ലഭിച്ചതോർത്ത് വിന്ധ്യ പർവതത്തിന് തന്റെ സന്തോഷത്തെ മനസ്സിനുള്ളിൽ താങ്ങാനായില്ല. (എന്തെന്നാൽ വിന്ധ്യപർവതത്തിന്റെ ഒരു ശിഖരമാണ് ചിത്രകൂടം.)

ദോ:

ചിത്രകൂട് കേ ബിഹഗ് മൃഗ് ബേലി ബിടപ് തൃണ് ജാതി,
പുന്യ പുഞ്ജ് സബ് ധന്യ് അസ് കഹഹിം ദേവ് ദിന് രാതി. (138)

'ചിത്രകൂടത്തിലെ പക്ഷികളും മൃഗങ്ങളും വള്ളികളും മരങ്ങളും, തൃണജാതികളും എല്ലാം തന്നെ ധന്യങ്ങളും, പുണ്യം ചെയ്തവയുമാണ്.' എന്ന് ദേവന്മാർ രാവും പകലും ഘോഷിയ്ക്കുന്നു. (138)

ചൗ:

നയനവന്ത് രഘുബര്ഹി ബിലോകീ
പാഇ ജനമ് ഫല് ഹോഹിം ബിസോകീ,
പരസി ചരണ് രജ് അചര് സുഖാരീ
ഭഏ പരമപദ് കേ അധികാരീ. 1

സോ ബനു സൈലു സുഭായ്ँ സുഹാവന്
മംഗല്മയ് അതി പാവന് പാവന്,
മഹിമാ കഹിഅ കവനി ബിധി താസൂ
സുഖ്സാഗര് ജഹ്ँ കീൻഹ് നിവാസൂ. 2

പയ് പയോധി തജി അവധ് ബിഹാഈ
ജഹ്ँ സിയ് ലഖനു രാമു രഹെ ആഈ,
കഹി ന സകഹിം സുഷമാ ജസി കാനന്
ജൗം സത് സഹസ് ഹോഹിം സഹസാനന് 3.

സോ മൈം ബരനി കഹൗം ബിധി കേഹീം
ഡാബര് കമഠ് കി മന്ദര് ലേഹീം,
സേവഹിം ലഖനു കരമ് ബന് ബാനീ
ജാഇ ന സീലു സനേഹു ബഖാനീ. 4

കണ്ണുള്ളവർ രഘുവരനെ കണ്ട് അവരുടെ ജന്മസാഫല്യത്തെ നേടുകയും, ദു:ഖനിവൃത്തരാവുകയും ചെയ്തു. അചരങ്ങളായ വസ്തുക്കൾ അവന്റെ പാദധൂളി തട്ടി സന്തോഷിയ്ക്കുകയും, പരമപദത്തെ പ്രാപിയ്ക്കാൻ അർഹതയുള്ളവയാവുകയും ചെയ്തു. ആനന്ദസാഗരനായ പ്രഭു വസിച്ചീരുന്ന വനവും മലയും സ്വതവേ തന്നെ സുന്ദരവും, മംഗളമയവും, പാവനങ്ങളിലെല്ലാറ്റിലും വെച്ച് പാവനവുമാണ്. അവയുടെ മഹിമയെ എങ്ങനെ വർണ്ണിയ്ക്കാനാണ്? പാൽക്കടലിനേയും അയോദ്ധ്യയേയും വിട്ടു വന്ന് സീതയും, ലക്ഷ്മണനും, രാമനും താമസിച്ചിരുന്ന വനത്തിന്റെ അപാര സൗന്ദര്യത്തെ ഒരു കോടി ശേഷന്മാരാൽ പോലും വർണ്ണിയ്ക്കാനാവില്ല. എങ്ങനെ ചളിക്കുണ്ടിലിരിയ്ക്കുന്ന ആമയ്ക്ക് മന്ദരപർവതത്തെ തൂക്കാനാവില്ലയോ, അതുപോലെ എനിയ്ക്ക് ഏതുവിധത്തിലാണ് അതിനെ വർണ്ണിയ്ക്കാനാവുക? ലക്ഷ്മണൻ എത്രയും സൗശീല്യത്തോടും ഭക്തിയോടും, മനസാ, വാചാ, കർമണാ വാക്കുകളാൽ വർണ്ണിയ്ക്കാനാവാത്തവിധം സേവ ചെയ്തുകൊണ്ടിരുന്നു.

ദോ:

ഛിനു ഛിനു ലഖി സിയ് രാമ് പദ് ജാനി ആപു പര് നേഹു,
കരത്നസപനെഹു് ലഖനു ചിതു ബന്ധു മാതു പിതു ഗേഹു. (139)

സീതയുടേയും രാമന്റേയും പാദങ്ങളെ ഓരോ നിമിഷവും ഉറ്റു നോക്കിക്കൊണ്ട്, അവർക്ക് തന്മേലുള്ള സ്നേഹത്തെ അറിഞ്ഞുകൊണ്ട്, ലക്ഷ്മണൻ സ്വപ്നത്തിൽ പോലും തന്റെ അനുജനേയോ (ശത്രുഘ്നൻ), പിതാവിനേയോ, മാതാവിനേയോ, തന്റെ വീടിനേയോ പറ്റി മനസ്സിൽ ചിന്തിച്ചില്ല. (139)

ചൗ:

രാമ് സംഗ് സിയ് രഹതി സുഖാരീ
പുര് പരിജന് ഗൃഹ് സുരതി ബിസാരീ,
ഛിനു ഛിനു പിയ് ബിധു ബദനു നിഹാരീ
പ്രമുദിത് മനഹു് ചകോര്കുമാരീ. 1

നാഹ് നേഹു നിത് ബഢത് ബിലോകീ
ഹരഷിത് രഹത് ദിവസ് ജിമി കോകീ,

സിയ് മന് രാമ് ചരന് അനുരാഗാ
അവധ് സഹസ് സമ് ബനു പ്രിയ് ലാഗാ., 2

പരനകുടീ പ്രിയ് പ്രിയതമ് സംഗാ
പ്രിയ് പരിവാരു കുരംഗ് ബിഹംഗാ,
സാസു സസുര് സമ് മുനിതിയ് മുനിബര്
അസനു അമിഅ സമ് കന്ദ് മൂല് ഫര്. 3

നാഥ് സാഥ് സാംഥരീ സുഹാഈ
മയന് സയന് സയ് സമ് സുഖ്ദാഈ,
ലോകപ് ഹോഹിം ബിലോകത് ജാസൂ
തെഹി കി മോഹി സക് ബിഷയ് ബിലാസൂ. 4

ശ്രീരാമന്റെ കൂടെ സുഖമായി താമസിച്ചുകൊണ്ട് സീത തന്റെ നഗരത്തേയും (അയോദ്ധ്യ), പരിവാരങ്ങളേയും, വീടിനേയും മറന്നു. തന്റെ പ്രിയതമന്റെ ചന്ദ്രവദനത്തെ നോക്കിക്കൊണ്ട്, അവൾ പെൺചകോരക്കുഞ്ഞിനെപ്പോലെ മനസ്സിൽ അത്യന്തം സന്തുഷ്ടയായിരുന്നു. തന്റെ പ്രിയസ്വാമിയുടെ പ്രേമം നാൾക്കു നാൾ വർദ്ധിച്ചു വരുന്നതു കണ്ട് അവൾ പകലിലെ ചക്രവാകപ്പക്ഷിയെപ്പോലെ ആനന്ദത്തോടെയിരുന്നു. അവൾക്ക് വനം ആയിരം അയോദ്ധ്യകളെപ്പോലെ പ്രിയമായിത്തോന്നത്തക്കവിധം അത്രയ്ക്കും അവളുടെ മനസ്സ് ശ്രീരാമന്റെ പാദങ്ങളിൽ അനുരക്തമായിരുന്നു. തന്റെ പ്രിയതമനോടുകൂടി അവൾക്ക് പർണ്ണശാല പ്രിയമായിരുന്നു. മാനുകളും പക്ഷികളും അവളുടെ പ്രിയപരിവാരങ്ങളായിരുന്നു. മുനീശ്വരന്മാരെ തന്റെ ശ്വശരന്മാരായിട്ടും, മുനിപത്നിമാരെ തന്റെ ശ്വശുരികളായിട്ടും അവൾ ഭാവിച്ചു. ഭക്ഷണത്തിനുള്ള കന്ദമൂലഫലാദികൾ അവൾക്ക് അമൃതസദൃശമായിരുന്നു. തന്റെ നാഥന്റെ കൂടെ പുൽപ്പായ കൂടി നൂറ്റുക്കണക്കിൽ മദനന്റെ മെത്തകളെപ്പോലെ ആനന്ദിപ്പിച്ചു. ആരുടെ ഒരുദൃഷ്ടി ലോകപാലന്മാരുടെ പദവിയെ കൊടുക്കുന്നുവോ, അവളെ വിഷയവിലാസങ്ങൾ മോഹിപ്പിയ്ക്കാനാവുമോ?

ദോ:

സുമിരത് രാമ്ഹി തജഹിം ജന് തൃന് സമ് ബിഷയ് ബിലാസു,
രാമ് പ്രിയാ ജഗ് ജനനി സിയ് കഛു ന ആചരജു താസു. (140)

ശ്രീരാമനെ സ്മരിച്ചുകൊണ്ട് അവന്റെ ഭക്തന്മാർ വിഷയസുഖങ്ങളെ തൃണസമമായി ത്യജിയ്ക്കുന്നു. പിന്നെ ജഗജ്ജനനിയും ശ്രീരാമന്റെ പ്രിയയുമായ സീതയുടെ കാര്യത്തിൽ ഇത് ഒരാശ്ചര്യവുമല്ല. (140)

ചൗ:

സീയ് ലഖന് ജെഹി ബിധി സുഖു ലഹഹീം
സൊഇ രഘുനാഥ് കരഹിം സൊഇ കഹഹീം,
കഹഹിം പുരാതന് കഥാ കഹാനീ
സുനഹിം ലഖനു സിയ് അതി സുഖു മാനീ. 1

ജബ് ജബ് രാമു അവധ് സുധി കരഹീം
തബ് തബ് ബാരി ബിലോചന് ഭരഹീം,
സുമിരി മാതു പിതു പരിജന് ഭാഈ
ഭരത് സനേഹു സീലു സെവകാഈ. 2

കൃപാസിന്ധു പ്രഭു ഹോഹിം ദുഖാരീ
ധീരജു ധരഹിം കുസമഉ ബിചാരീ,
ലഖി സിയ് ലഖനു ബികല് ഹൊഇ ജാഹീം
ജിമി പുരുഷ്ഹിം അനുസര് പരിഛാഹീം. 3

പ്രിയാ ബന്ധു ഗതി ലഖി രഘുനന്ദനു
ധീര് കൃപാല് ഭഗത് ഉര് ചന്ദനു,
ലഗേ കഹന് കഛു കഥാ പുനീതാ
സുനി സുഖു ലഹഹിം ലഖനു അരു സീതാ. 4

രഘുനാഥൻ എപ്പോഴും സീതയ്ക്കും ലക്ഷ്മണന്നും സുഖപ്രദമാവും വിധത്തിൽ മാത്രമേ പ്രവർത്തിയ്ക്കുകയോ പറയുകയോ ചെയ്യുള്ളൂ. അവൻ പഴയ ഇതിഹാസങ്ങളും കഥകളും പറഞ്ഞിരുന്നു. അവയെ ലക്ഷ്മണനും സീതയും കേട്ട് അത്യന്തം ആനന്ദിച്ചിരുന്നു. അവൻ ആയോദ്ധ്യയെപ്പറ്റി ചിന്ത്തിയ്ക്കുന്ന ഓരോ സമയവും അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. തന്റെ മാതാപിതാക്കളേയും, പരിവാരങ്ങളേയും, അനുജന്മാരേയും, പ്രത്യേകിച്ചും ഭരതനെ — അവരുടെ സ്നേഹത്തേയും, സൗശീല്യത്തേയും, ഭക്തിയേയും, സ്മരിയ്ക്കുമ്പോൾ കൃപാസിന്ധുവായ പ്രഭു ദു:ഖിതനായിരുന്നു.

പക്ഷേ അവൻ സമയം പ്രതികൂലമാണെന്ന് മനസ്സിലാക്കി സ്വയം ബോധം വന്ന് ഉണരും. ഇതിനെ കണ്ട് സീതയും ലക്ഷ്മണനും, ഒരുവന്റെ ഛായ അവനെ അനുഗമിയ്ക്കുന്നതുപോലെ, വ്യാകുലരാവും. തന്റെ പ്രിയയുടേയും അനുജന്റേയും സ്ഥിതിയെ കണ്ട് ധീരനും, കൃപാലുവും ഭക്തന്മാരുടെ മനസ്സിനെ കുളിർപ്പിയ്ക്കുന്നവനുമായ രഘു നന്ദനൻ ചില പുണ്യകഥകളെ പറയാൻ തുടങ്ങും. അതു കേട്ടുകൊണ്ട് ലക്ഷ്മണനും സീതയും സന്തുഷ്ടരാവും.

ദോ:

രാമു ലഖന് സീതാ സഹിത് സോഹത് പരന് നികേത്,
ജിമി ബാസവ് ബസ് അമരപുര് സചീ ജയന്ത് സമേത്. (141)

ശ്രീരാമൻ ലക്ഷ്മണനോടും സീതയോടും കൂടി അവന്റെ പർണ്ണശാല യിൽ, അമരാവതിയിൽ പത്നി ശചിയോടും, പുത്രൻ ജയന്തനോടും കൂടി വസിയ്ക്കുന്ന ഇന്ദ്രനെപ്പോലെ ശോഭിച്ചു. (141)

ചൗ:

ജോഗവഹിം പ്രഭു സിയ് ലഖന്ഹിം കൈസേം
പലക് ബിലോചന് ഗോലക് ജൈസേം,
സേവഹി ലഖനു സീയ് രഘുബീര്ഹി
ജിമി അബിബേകീ പുരുഷ് സരീര്ഹി. 1

എഹി ബിധി പ്രഭു ബന് ബസഹിം സുഖാരീ
ഖഗ് മൃഗ് സുര് താപസ് ഹിതകാരീ,
കഹെഉँ രാമ് ബന് ഗവനു സുഹാവാ
സുനഹു സുമന്ത്ര് അവധ് ജിമി ആവാ. 2

ഫിരെഉ നിഷാദു പ്രഭുഹി പഹുँചാഈ
സചിവ് സഹിത് രഥ് ദേഖെസി ആഈ,
മന്ത്രീ ബികല് ബിലോക് നിഷാദൂ
കഹി ന ജാഇ ജസ് ഭയഉ ബിഷാദൂ. 3

രാമ് രാമ് സിയ് ലഖന് പുകാരീ
പരെഉ ധരനിതല് ബ്യാകുല് ഭാരീ,
ദേഖി ദഖിന് ദിസി ഹയ് ഹിഹിനാഹീം
ജനു ബിനു പംഖ് ബിഹഗ് അകുലാഹീം. 4

പ്രഭു സീതയേയും ലക്ഷ്മണനേയും കണ്ണിലെ കൃഷ്ണമണിയെ കൺപോളകളെന്നപോലെ കാത്തുരക്ഷിച്ചു. ലക്ഷ്മണനോ, സീതയേയും രഘുവീരനേയും, ഒരു മൂഢൻ തന്റെ ശരീരത്തെ കാത്തു സൂക്ഷിയ്ക്കുന്നതുപോലെ സേവ ചെയ്തുകൊണ്ടിരുന്നു. ഈവിധം പക്ഷികളുടേയും, മൃഗങ്ങളുടേയും ദേവന്മാരുടേയും, താപസന്മാരുടേയും ഹിതകാരിയായ പ്രഭു വനത്തിൽ സുഖമായി വസിച്ചു. ഇതുവരെ ഞാൻ ശ്രീരാമന്റെ വനത്തിലേയ്ക്കുള്ള യാത്രയെന്ന മനോഹരമായ കഥയെ പറഞ്ഞു. ഇനി സുമന്ത്രൻ എങ്ങനെ അയോദ്ധ്യയിലെത്തി എന്ന് കേൾക്കൂ. പ്രഭുവിനെ കൊണ്ടെയാക്കിയശേഷം നിഷാദരാജൻ തിരിച്ചുചെന്നപ്പോൾ മന്ത്രിയെ രഥത്തോടുകൂടി വ്യാകുലനായി കണ്ടു. ആ സമയത്ത് അദ്ദേഹത്തിന്നുണ്ടായിരുന്ന വിഷാദത്തെ വർണ്ണിയ്ക്കാനാവില്ല. 'രാമ, രാമ, സീതേ, ലക്ഷ്മണ' എന്ന് നിലവിളിച്ചുകൊണ്ട് അദ്ദേഹം അത്യന്തം വ്യാകുലതയോടെ നിലത്ത് വീണു. കുതിരകൾ തെക്കോട്ട് നോക്കിക്കൊണ്ട് കനച്ചുകൊണ്ടിരുന്നു. അവ, ചിറകുകളില്ലാത്ത പക്ഷികളെപ്പോലെ അസ്വസ്ഥരായിരുന്നു.

ദോ:

നഹിം തൃന് ചരഹിം ന പിഅഹിം ജലു മോചഹിം ലോചന് ബാരി,
ബ്യാകുല് ഭഏ നിഷാദ് സബ് രഘുബർ ബാജി നിഹാരി. (142)

അവ പുല്ലു തിന്നുകയോ, വെള്ളം കുടിയ്ക്കുകയോ ചെയ്തില്ല. അവയുടെ കണ്ണുകളിൽനിന്നും അശ്രുധാര ഒഴുകിക്കൊണ്ടിരുന്നു. എല്ലാ നിഷാദന്മാരും രഘുവീരന്റെ കുതിരകളെ കണ്ട് വ്യാകുലരായി. (142)

ചൗ:

ധരി ധീരജു തബ് കഹഇ നിഷാദൂ
അബ് സുമന്ത്ര് പരിഹരഹു ബിഷാദൂ,

തുമ് പണ്ഡിത് പരമാരഥ് ഗ്യാതാ
ധരഹു ധീര് ലഖി ബിമുഖ് ബിധാതാ. 1

ബിബിധ് കഥാ കഹി കഹി മൃദു ബാനീ
രഥ് ബൈഠാരെഉ ബര്ബസ് ആനീ,
സോക് സിഥില് രഥ് സകഇ ന ഹാँകീ
രഘുബര് ബിരഹ് പീര് ഉര് ബാँകീ. 2

ചര്ഫരാഹിം മഗ് ചലഹി ന ഘോരേ
ബന് മൃഗ് മനഹുँ ആനി രഥ് ജോരേ,
അഢകി പരഹിം ഫിരി ഹേരഹിം പീഛേം
രാമ് ബിയോഗി ബികല് ദുഖ് തീഛേം. 3

ജോ കഹ് രാമു ലഖനു ബൈദേഹീ
ഹിംകരി ഹിംകരി ഹിത് ഹേരതിം തേഹീ,
ബാജി ബിരഹ് ഗതി കഹി കിമി ജാതീ
ബിനു മനി ഫനിക് ബികല് ജെഹി ഭാँതീ. 4

സ്വയമുണർന്ന് നിഷാദരാജൻ പറഞ്ഞു: "ഹേ സുമന്ത്ര, ഇപ്പോൾ വിഷാദത്തെ ത്യജിച്ചാലും. അങ്ങ് പണ്ഡിതനും പരമാർത്ഥത്തെ അറിയു ന്നവനുമാണ്. ദൈവം പ്രതികൂലമാണെന്നറിഞ്ഞ് ധൈര്യ മവലംബി ച്ചാലും." പല കഥകളെ മൃദുവായ വാക്കുകളിൽ പറഞ്ഞുകൊണ്ട് അവൻ അദ്ദേഹത്തെ ബലം പ്രയോഗിച്ച് തൂക്കിയെടുത്ത് രഥത്തിലിരുത്തി. പക്ഷേ, ശോകവശംവദനായി അദ്ദേഹത്തിന്ന് രഥത്തെ ഓട്ടിയ്ക്കാൻ കഴിഞ്ഞില്ല. രഘുവരനിൽനിന്നുമുള്ള വിരഹത്തിന്റെ വേദന അദ്ദേഹ ത്തിന്റെ ഹൃദയത്തിൽ അത്രയ്ക്കും അസഹ്യമായിരുന്നു. കുതിരകൾ അസ്വസ്ഥത യോടെ വഴിയിൽക്കൂടി നടന്നില്ല. അത് (മെരുക്കപ്പെടാത്ത) കാട്ടുമൃഗങ്ങളെ പിടിച്ച് കെട്ടിയിട്ടപോലെയിരുന്നു. ശ്രീരാമനിൽനിന്നും പിരിയ്ക്കപ്പെട്ട് കഠിനമായ ദു:ഖത്താൽ പീഡിയ്ക്കപ്പെട്ട് അവ മറിഞ്ഞു വീണ് പിന്നോട്ട് നോക്കിക്കൊണ്ടിരുന്നു. ആരെങ്കിലും രാമന്റേയോ, ലക്ഷ്മണ ന്റേയോ, ജാനകിയുടേയോ പേരു പറഞ്ഞാൽ അവ അവനെ സ്നേഹ ത്തോടെ നോക്കിക്കൊണ്ട് കനയ്ക്കുവാൻ തുടങ്ങും. കുതിരകളുടെ വിരഹതാപത്തെ

എങ്ങനെയാണ് വർണ്ണിയ്ക്കാനാവുക? അവ മണി നഷ്ടപ്പെട്ട സർപ്പത്തെപ്പോലെ അസ്വസ്ഥരായിരുന്നു.

ദോ:

ഭയഉ നിഷാദു ബിഷാദ്ബസ് ദേഖത് സചിവ് തുരംഗ്,
ബോലി സുസേവക് ചാരി തബ് ദിഏ സാരഥീ സംഗ്. (143)

മന്ത്രിയുടേയും കുതിരകളുടേയും അവസ്ഥ കണ്ട് നിഷാദൻ വിഷാദവശംവദനായി. അവൻ പിന്നെ തന്റെ വിശ്വസ്തരായ നാല് അശ്വപാലകരെ വിളിച്ച് അവരെ സാരഥിയുടെ കൂടെയയച്ചു. (143)

ചൗ:

ഗുഹ് സാരഥിഹി ഫിരെഉ പഹുँചാഈ
ബിരഹു ബിഷാദു ബരനി നഹി ജാഈ,
ചലേ അവധ് ലെഇ രഥ്ഹി നിഷാദാ
ഹോഹിം ഛന്ഹിം ഛന് മഗന് ബിഷാദാ. 1

സോച് സുമന്ത്ര് ബികല് ദുഖ് ദീനാ
ധിഗ് ജീവന് രഘുബീര് ബിഹീനാ,
രഹിഹി ന അന്ത്ഹുँ അധമ് സരീരൂ
ജസു ന ലഹെഉ ബിഛുരത് രഘുബീരൂ. 2

ഭഏ അജസ് അഘ് ഭാജന് പ്രാനാ
കവന് ഹേതു നഹിം കരത് പയാനാ,
അഹഹ മന്ദ് മനു അവസര് ചൂകാ
അജഹുँ ന ഹൃദയ് ഹോത് ദുഇ ടൂകാ. 3

മീജി ഹാഥ് സിരു ധുനി പഛിതാഈ
മനഹുँ കൃപന് ധന് രാസി ഗവाँഈ,
ബിരിദ് ബाँധി ബര് ബീരു കഹാഈ
ചലെഉ സമര് ജനു സുഭട് പരാഈ. 4

സാരഥിയെ പറഞ്ഞയച്ച് ഗുഹൻ തിരിച്ചുവന്നു. അദ്ദേഹത്തിന്റെ വിരഹവേദന വർണ്ണിയ്ക്കാനാവാത്തവിധം അത്രയ്ക്കും ഗാഢമായിരുന്നു. നിഷാദ

ന്മാർ ഓരോ ക്ഷണവും വിഷാദത്തിലാണ്ടുകൊണ്ട് രഥത്തെ അയോദ്ധ്യയിലേയ്ക്ക് ഓട്ടിക്കൊണ്ടുപോയി. അസ്വസ്ഥനും ശോകാകുലനുമായ സുമന്ത്രൻ പുലമ്പി: "രഘുവീരനില്ലാത്ത ജീവിതം ശപിയ്ക്കപ്പെട്ടതാണ്. ഈ നീചമായ ശരീരം അധികകാലം വാണിരിയ്ക്കില്ല. രഘുവീരനിൽനിന്നും പിരിയുമ്പോൾത്തന്നെ (ജീവൻ) പിരിഞ്ഞുപോയി യശസ്സിനെ നേടാതിരുന്നത് കഷ്ടമായിപ്പോയി. ഈ ജീവിതം ദുഷ്കീർത്തിയുടേയും പാപത്തിന്റേയും പാത്രമായിത്തീർന്നു. എന്തു കാരണത്താലാണാവോ അത് പിരിഞ്ഞുപോകാതിരിയ്ക്കുന്നത്! കഷ്ടം! ഈ നീചനായ മനസ്സ് അവസരത്തെ പാഴാക്കി. ഹാ, ഇപ്പോഴും എന്റെ ഹൃദയം രണ്ടായി പിളരുന്നില്ലല്ലോ!" കൈകളെ ഞെരിച്ചുകൊണ്ടും തലയിൽ തല്ലീക്കൊണ്ടും, സമ്പത്തു മുഴുവൻ നഷ്ടപ്പെട്ട പിശുക്കനെപ്പോലെ അദ്ദേഹം തന്റെ വിധിയെ ചിന്തിച്ച് പശ്ചാത്തപിച്ചു. അത് ഒരു പ്രസിദ്ധനായ നായകൻ വീരനായ യോദ്ധാവിന്റെ ഭാഗം ഏറ്റെടുത്ത്, യുദ്ധത്തിൽ പുറം തിരിഞ്ഞോടിയപോലെയിരുന്നു.

ദോ:

ബിപ്ര് ബിബേകീ ബേദബിദ് സംമത് സാധു സുജാതി,
ജിമി ധോഖേം മദ്പാന് കര് സചിവ് സോച് തെഹി ഭാँതി. (144)

നല്ല കുലത്തിൽ ജനിച്ച വിവേകിയായ ഒരു ബ്രാഹ്മണൻ, വേദങ്ങളിൽ ജ്ഞാനമുള്ളവനായാലും, സാധുസമ്മതനായാലും, മോഹവശാൽ മദ്യപാനത്തിന്ന് വിധേയനാകുന്നതുപേലെ, മന്ത്രി ശോകത്തിന്നധീനനായി. (144)

ചൗ:

ജിമി കുലീന് തിയ് സാധു സയാനീ
പതിദേവതാ കരമ് മന് ബാനീ,
രഹൈ കരമ് ബസ് പരിഹരി നാഹൂ
സചിവ് ഹൃദയँ തിമി ദാരുന് ദാഹൂ. 1

ലോചന് സജല് ഡീഠി ഭഇ ഥോരീ
സുനഇ ന ശ്രവന് ബികല് മതി ഭോരീ,

സൂഖഹിം അധര് ലാഗി മുँഹ് ലാടീ
ജിഉ ന ജാഇ ഉര് അവധി കപാടീ. 2

ബിബരന് ഭയഉ ന ജാഇ നിഹാരീ
മാരെസി മനഹുँ പിതാ മഹതാരീ,
ഹാനി ഗ്ലാനി ബിപുല് മന് ബ്യാപീ
ജമപുര് പംഥ് സോച് ജിമി പാപീ. 3

ബചനു ന ആവ് ഹൃദയँ പഛിതാഈ
അവധ് കാഹ് മൈം ദേഖബ് ജാഈ,
രാമ് രഹിത് രഥ് ദേഖിഹി ജോഈ
സകുചിഹി മോഹി ബിലോകത് സോഈ. 4

ഒരു ഉത്തമിയും, സമർത്ഥയും, കുലീനയും, മനസാ, വാചാ, കർമ്മണാ, തന്റെ ഭർത്താവിനെ ഭജിയ്ക്കുന്നവളുമായ സ്ത്രീ, വിധിവശാൽ തന്റെ പതിയിൽനിന്നും പിരിഞ്ഞിരിയ്ക്കാൻ നിർബന്ധിതയാവുന്നതുപോലെ മന്ത്രി തന്റെ ഹൃദയത്തിൽ അത്രയ്ക്കും കഠിനമായ വേദന അനുഭവിച്ചു. അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞ് കാഴ്ച്ചശക്തി കുറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ചെവികൾ ചെവിടും, മനസ്സ് അസ്വസ്ഥവും കലങ്ങി മറിഞ്ഞുമിരുന്നു. അദ്ദേഹത്തിന്റെ ചുണ്ടുകൾ വരണ്ട് നാവ് ഉള്ളിലോട്ട് വലിഞ്ഞിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ പ്രാണൻ പിരിഞ്ഞു പോയില്ല. (വനവാസത്തിന്റെ) അവധിയെന്ന (മൂടപ്പെട്ട) വാതിൽ അതിനെ ഹൃദയ ത്തിൽനിന്നും പുറത്തു പോകാനനുവദിയ്ക്കാതെ തടഞ്ഞിരുന്നു. അദ്ദേഹം വിവർണ്ണനായി, തന്റെ സ്വന്തം മാതാപിതാക്കളെ കൊലചെയ്തപോലെ പുറത്തു നോക്കാൻ തന്നെ വെറുത്തു. അദ്ദേഹമനുഭവിച്ച നഷ്ടം കാരണം അദ്ദേഹത്തിന്റെ മനസ്സിൽ വ്യാപിച്ചിരുന്ന നിരാശയും ശോകവും വലുതാ യിരുന്നു. അദ്ദേഹം യമപുരിയിലേയ്ക്ക് പോകുന്ന വഴിയിൽ വിലപിയ്ക്കുന്ന പാപിയെപ്പോലെയിരുന്നു. അദ്ദേഹത്തിന്ന് വായടച്ചു. മനസ്സിനുള്ളിൽ പശ്ചാത്തപിച്ചു: 'അയോദ്ധയയിലെത്തിയ ശേഷം ഞാനെന്തു കാണും? രാമനില്ലാതെ വന്ന രഥത്തെ കാണുന്നവരെല്ലാവരും തന്നെ എന്നെ കാണാൻ സങ്കോചപ്പെടും.'

ദോ:

ധാഇ പൂ്ഛിഹഹിം മൊഹി ജബ് ബികല് നഗര് നര് നാരി,
ഉതരു ദേബ് മൈം സബഹി തബ് ഹൃദയ് ബജ്രു ബൈഠാരി. (145)

'അസ്വസ്ഥരായ പുരജനങ്ങൾ എന്നോട് ചോദ്യം ചെയ്യാനോടിവരു മ്പോൾ, എല്ലാവർക്കും ഞാൻ വജ്രംപോലെ ഭാരിച്ച ഹൃദയത്തോടെ മറുപടിപറയും.' (145)

ചൗ:

പുഛിഹഹിം ദീന് ദുഖിത് സബ് മാതാ
കഹബ് കാഹ് മൈം തിൻഹഹി ബിധാതാ,
പൂഛിഹി ജബഹിം ലഖന് മഹതാരീ
കഹിഹഉ് കവന് സ്ദേസ് സുഖാരീ. 1

രാമ് ജനനി ജബ് ആഇഹി ധാഈ
സുമിരി ബച്ഛു ജിമി ധേനു ലവാഈ,
പൂ്ഛത് ഉതരു ദേബ് മൈം തേഹീ
ഗേ ബനു രാമ് ലഖനു ബൈദേഹീ. 2

ജൊഇ പൂ്ഛിഹി തെഹി ഊതരു ദേബാ
ജാഇ അവധ് അബ് യഹു സുഖു ലേബാ,
പൂ്ഛിഹി ജബഹിം രാഉ ദുഖ് ദീനാ
ജിവനു ജാസു രഘുനാഥ് അധീനാ,. 3

ദേഹഉ് ഉതരു കൗനു മുഹു ലാഈ
ആയഉ് കുസല് കുഅ്ര് പഹു്ചാഈ,
സുനത് ലഖന് സിയ് രാമ് സ്ദേസൂ
തൃന് ജിമി തനു പരിഹരിഹി നരേസൂ. 4

'ദീനരും ദു:ഖിതരുമായ അമ്മമാർ എന്നോട് ചോദിയ്ക്കുമ്പോൾ, ഭഗവാനേ, ഞാനെന്താണവരോട് പറയുക? ലക്ഷ്മണന്റെ അമ്മ ചോദിയ്ക്കുമ്പോൾ അവൾക്ക് ഞാനെന്തു ശുഭസന്ദേശമാണ് കൊടുക്കുക? പിന്നെ രാമന്റെ അമ്മ, പുതുതായി കിടാവിനെ പെറ്റ പശുവിനെപ്പോലെ അതിനെത്തന്നെ

സ്മരിച്ചുകൊണ്ട്, ഓടിവരുമ്പോൾ, ഒരേയൊരു ഉത്തരം എനിയ്ക്ക് കൊടുക്കാനാവുന്നത് 'രാമനും, ലക്ഷ്മണനും, വൈദേഹിയും വനത്തിലേയ്ക്ക് പേയി' എന്നായിരിയ്ക്കും. ആരു ചോദ്യം ചെയ്താലും ഉത്തരം പറയേണ്ടി വരും. ഇതാണ് അയോദ്ധ്യയിലെത്തിയാൽ എനിയ്ക്ക് ലഭിയ്ക്കുന്ന സന്തോഷം. പിന്നെ ദുഃഖിതനും ദീനനും, ശ്രീരാമനിൽ തൂങ്ങിനില്ക്കുന്ന ജീവനോടു കൂടിയവനുമായ രാജാവ് ചോദ്യം ചെയ്യുമ്പോൾ, ഏതു മുഖത്തോടെയാണ് ഞാൻ രാജകുമാരന്മാരെ സുരക്ഷിതമായി കൂട്ടി ക്കൊണ്ടുപോയി തിരിച്ചുവന്നുവെന്ന് മറുപടി പറയുക? ലക്ഷ്മണന്റേയും, സീതയുടേയും, രാമന്റേയും സന്ദേശങ്ങളെ കേട്ടതും രാജാവിന്റെ ശരീരം പുല്ലുപോലെ വീഴും.'

ദോ:

ഹൃദഉ ന ബിദരെഉ പങ്ക് ജിമി ബിഛുരത് പ്രീതമു നീരു,
ജാനത് ഹൗം മൊഹി ദീൻഹ് ബിധി യഹു ജാതനാ സരീരു. (146)

'എന്റെ ഹൃദയത്തിന്റെ ചതുപ്പായ നിലം, പ്രിയതമനായ ശ്രീരാമനിൽ നിന്നുമുള്ള വിരഹമെന്ന നനവ് വറ്റിയെങ്കിലും അത് വെടിച്ചില്ല. ഇതിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത്, ദൈവം എനിയ്ക്ക് ദേഹം തന്നിരി യ്ക്കുന്നത് നരകയാതനയനുഭവിയ്ക്കാൻ തന്നെയാണ്.' (146)

ചൗ:

എഹി ബിധി കരത് പന്ഥ് പഛിതാവാ
തമസാ തീര് തുരത് രഥു ആവാ,
ബിദാ കിഏ കരി ബിനയ് നിഷാദാ
ഫിരേ പായ്ँ പരി ബികല് ബിഷാദാ. 1

പൈഠത് നഗര് സചിവ് സകുചാഈ
ജനു മാരെസി ഗുര് ബാँഭന് ഗാഈ,
ബൈഠി ബിടപ് തര് ദിവസു ഗവാँവാ
സാँഝ് സമയ് തബ് അവസരു പാവാ. 2

അവധ് പ്രബേസു കീൻഹ് അँധിആരേം
പൈഠ് ഭവന് രഥു രാഖി ദുആരേം,

ജിൻഹ് ജിൻഹ് സമാചാര് സുനി പാഏ
ഭൂപ് ദ്വാര് രഥു ദേഖന് ആഏ. 3

രഥു പഹിചാനി ബികല് ലഖി ഘോരേ
ഗരഹിം ഗാത് ജിമി ആതപ് ഓരേ,
നഗര് നാരി നര് ബ്യാകുല് കൈസേം
നിഘടത് നീര് മീന്ഗന് ജൈസേം. 4

ഈവിധം സുമന്ത്രൻ വഴിയിൽ പുലമ്പിക്കൊണ്ട് വന്നുകൊണ്ടിരിയ്ക്കേ, അദ്ദേഹത്തിന്റെ രഥം തമസാനദീതീരത്തെത്തി. അദ്ദേഹം വിനയത്തോടെ നിഷാദന്മാരെ വിടയാക്കി. അവരും അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണ്, ശോകാകുലരായി തിരിച്ചുപോയി. മന്ത്രി, തന്റെ മാതാപിതാക്കളെ കൊലചെയ്തപോലെയോ, ഒരു ബ്രാഹ്മണനെ വധിച്ചപോലെയോ, ഒരു പശുവിനെ കൊന്നപോലെയോ, ഭാവിച്ച് നഗരത്തിന്നുള്ളിൽ കടക്കാൻ മടിച്ചു. അദ്ദേഹം പകൽ സമയത്തെ ഒരു മരച്ചുവട്ടിൽ കഴിച്ചുകൂട്ടി. സന്ധ്യയായപ്പോൾ മാത്രമേ അവസരം ലഭിച്ചുള്ളൂ. അദ്ദേഹം ഇരുട്ടത്ത് നഗരത്തിന്നുള്ളിൽ കടന്ന്, രഥത്തെ രാജദ്വാരത്തിൽ നിർത്തി രാജഭവന ത്തിന്നുള്ളിൽ കടന്നു ചെന്നു. വിവരം ലഭിച്ചവരെല്ലാവരും രാജദ്വാര ത്തിൽ രഥത്തിനെ കാണാൻ തടിച്ചുകൂടി. രഥത്തെ തിരിച്ചറിഞ്ഞ് കുതിരകളെ അശാന്തങ്ങളായും, വെയിലത്ത് അലിഞ്ഞുപോകുന്ന ആലിപ്പഴങ്ങളെ പ്പോലെ ശരീരം വിളർത്തുപോയും കണ്ട്, നഗരത്തിലെ സ്ത്രീപുരുഷന്മാർ, വറ്റിപ്പോകുന്ന വെള്ളത്തിലെ മീനുകളെപ്പോലെ അത്യന്തം വ്യാകുലരായി.

ദോ:

സചിവ് ആഗമനു സുനത് സബു ബികല് ഭയഉ രനിവാസു,
വനു ഭയംകരു ലാഗ് തെഹി മാനഹു് പ്രേത് നിവാസു. (147)

മന്ത്രി തിരിച്ചുവന്നുവെന്ന് കേട്ടതും അന്തഃപുരം മുഴുവൻ തന്നെ അസ്വസ്ഥമായി. അദ്ദേഹത്തിന്ന് അരമന പ്രേതങ്ങൾ വസിയ്ക്കുന്ന വീടിനെ പ്പോലെ ഭയങ്കരമായി കാണപ്പെട്ടു. (147)

ചൗ:

അതി ആരതി സബ് പൂ്ഛഹിം രാനീ
ഉതരു ന ആവ് ബികല് ഭഇ ബാനീ,

സുനഇ ന ശ്രവന് നയന് നഹിം സൂഝാ
കഹഹു കഹാ് നൃപു തെഹി തെഹി ബൂഝാ. 1

ദാസിൻഹ് ദീഖ് സചിവ് ബികലാഈ
കൗസല്യാ ഗൃഹ് ഗഈം ലവാഈ,
ജാഇ സുമന്ത്ര് ദീഖ് കസ് രാജാ
അമിഅ രഹിത് ജനു ചന്ദ് ബിരാജാ. 2

ആസന് സയന് ബിഭൂഷന് ഹീനാ
പരെഉ ഭൂമിതല് നിപട് മലീനാ,
ലേഇ ഉസാസു സോച് എഹി ഭാ്തീ
സുരപുര് തേം ജനു ഖ്സെഉ ജജാതീ. 3

ലേത് സോച് ഭരി ഛിനു ഛിനു ഛാതീ
ജനു ജരി പംഖ് പരെഉ സമ്പാതീ,
രാമ് രാമ് കഹ് രാമ് സനേഹീ
പുനി കഹ് രാമ് ലഖന് ബൈദേഹീ. 4

അത്യന്തം ആർത്തരായി റാണിമാർ അദ്ദേഹത്തെ ചോദ്യം ചെയ്തു. പക്ഷേ അദ്ദേഹത്തിൽനിന്നും ഒരു മറുപടിയും വന്നില്ല. അദ്ദേഹത്തിന്റെ വായടച്ചിരുന്നു. അദ്ദേഹത്തിന്റെ ചെവികൾ കേട്ടില്ല. കണ്ണുകൾക്ക് കാണാനായില്ല. ആരെയെല്ലാം അദ്ദേഹം കണ്ടുവോ, അവരോടെല്ലാം ചോദിച്ചു: "രാജാവ് എവിടെയാണെന്ന് പറയൂ?" അദ്ദേഹത്തിന്റെ സംഭ്രമത്തെ കണ്ട് ദാസിമാർ അദ്ദേഹത്തെ കൗസല്യയുടെ ഗൃഹത്തിലേയ്ക്ക് കൊണ്ടുപോയി. അവിടെ എുത്തി, സുമന്ത്രൻ രാജാവിനെ അമൃതമില്ലാത്ത ചന്ദ്രനെപ്പോലെ നിസ്തേജനായി കണ്ടു. ഇരിയ്ക്കാൻ ആസനമോ, കിടയ്ക്കയോ, ആഭരണങ്ങളോ ഇല്ലാതെ അദ്ദേഹം അത്യന്തം ദയനീയമായ സ്ഥിതിയിൽ നിലത്ത് കിടന്നിരുന്നു. നെടുവീർപ്പിട്ടുകൊണ്ട് അദ്ദേഹം ഗ്വർഗ്ഗത്തിൽനിന്നം വീണ യയാതിയെപ്പോലെ സങ്കടപ്പെട്ടു കൊണ്ടിരുന്നു. ഹൃദയം ഓരോ ക്ഷണവും ശോകഭരിതമായി അദ്ദേഹം ചിറകുകളെരിഞ്ഞ് ആകാശത്തൽനിന്നും നിലത്തുവീണ സമ്പാതിയെ

പ്പോലെ കാണപ്പെട്ടു. ആ രാമപ്രേമി 'രാമ, രാമ' എന്നും, പിന്നെ 'രാമ, ലക്ഷ്മണ, സീതേ' എന്നും നിലവിളിച്ചുകൊണ്ടിരുന്നു.

ദോ:

ദേഖി സചിവ്ँ ജയ് ജീവ് കഹി കീൻഹെഉ ദണ്ഡ് പ്രനാമു,
സുനത് ഉഠെഉ ബ്യാകുല് നൃപതി കഹൂ സുമന്ത്ര് കഹँ രാമു. (148)

മന്ത്രി രാജാവിനെ കണ്ടപ്പോൾ 'ജയിച്ചാലും, നീണാൾ വാണാലും' എന്ന് പറഞ്ഞ് ദണ്ഡനമസ്കാരം ചെയ്തു. ഇതു കേട്ടതും രാജാവ് എഴുന്നേറ്റ് സംഭ്രമത്തോടെ ചോദിച്ചു: "സുമന്ത്ര, പറയൂ, രാമനെവിടെ?" (148)

ചൗ:

ഭൂപ് സുമന്ത്രു ലീൻഹ് ഉര് ലാഇൗ
ബൂഡത് കഛു അധാര് ജനു പാഇൗ,
സഹിത് സനേഹ് നികട് ബൈഠാരീ
പൂँഛത് രാഉ നയന് ഭരി ബാരീ. 1

രാമ് കുസല് കഹു സഖാ സനേഹീ
കഹँ രഘുനാഥു ലഖനു ബൈദേഹീ,
ആനേ ഫേരി കി ബന്ഹി സിധാഏ
സുനത് സചിവ് ലോചന് ജല് ഛാഏ. 2

സോക് ബികല് പുനി പൂँഛ് നരേസൂ
കഹു സിയ് രാമ് ലഖന് സന്ദേസൂ,
രാമ് രൂപ് ഗുന് സീല് സുഭാഉൗ
സുമിരി സുമിരി ഉര് സോചത് രാഉൗ. 3

രാഉ സുനാഇ ദീൻഹ് ബനബാസൂ
സുനി മന് ഭയഉ ന ഹരഷു ഹരाँസൂ,
സോ സുത് ബിഛുരത് ഗഏ ന പ്രാനാ
കോ പാപീ ബഡ് മോഹി സമാനാ. 4

മുങ്ങി മരിയ്ക്കുന്നവന്ന് പിടിയ്ക്കാനൊരാധാരം കിട്ടിയ പോലെ രാജാവ് അദ്ദേഹത്തെ തന്റെ മാറോടണച്ചു. അദ്ദേഹത്തെ സ്നേഹത്തോടെ തന്റെ

അടുത്തിരുത്തി അശ്രുക്കൾ നിറഞ്ഞ കണ്ണുകളോടെ രാജാവ് ചോദിച്ചു: “ഹേ സ്നേഹിതനായ സഖാവേ, രാമന്റെ കുശലത്തെപ്പറ്റി പറയൂ. എവിടെയാണ് രാമനും, ലക്ഷ്മണനും, വൈദേഹിയും? അവരെ കൂടെ തിരിച്ചു കൊണ്ടുവന്നുവോ, അഥവാ, അവർ വനത്തിലേയ്ക്കു പോയോ?” ഇതു കേട്ടതും മന്ത്രിയുടെ കണ്ണുകൾ നിറഞ്ഞു. ശോകവിവശനായി രാജാവ് വീണ്ടും ചോദിച്ചു: “സീതയുടേയും, രാമന്റേയും, ലക്ഷ്മണ ന്റേയും വിവരം പറയൂ.” ശ്രീരാമന്റെ രൂപസൗന്ദര്യത്തേയും, ഗുണങ്ങ ളേയും, സുശീലതയേയും, സ്വഭാവഗുണത്തേയും വീണ്ടും വീണ്ടും സ്മരിച്ചുകൊണ്ട് രാജാവ് മനസ്സിൽ ചിന്തിച്ചു: 'അവനെ യുവരാജാ വാക്കാമെന്ന് ഘോഷിച്ച് വനവാസത്തിന്നയച്ചു. പക്ഷേ ഈ സംഗതി അവനെ സന്തോഷിപ്പിയ്ക്കുകയോ, ദു:ഖിപ്പിയ്ക്കുകയോ ചെയ്തില്ല. ഇങ്ങനെ യുള്ളൊരു പുത്രനെ വിട്ടു പിരിയേണ്ടിവന്നിട്ടും എന്റെ ജീവൻ വിട്ടു പിരിഞ്ഞില്ല. എന്നെപ്പോലൊരു മഹാപാപി വേറെയാരുണ്ട്?”

ദോ:

സഖാ രാമു സിയ് ലഖനു ജഹ്ँ തഹാँ മോഹി പഹുँചാഉ,
നാഹിം ത് ചാഹത് ചലന് അബ് പ്രാന് കഹഉँ സതിഭാഉ. (149)

“സഖാവേ, എന്നെ രാമനും, സീതയും, ലക്ഷ്മണനുമിരിയ്ക്കുന്ന സ്ഥല ത്തേയ്ക്ക് കൊണ്ടുപോകൂ. ഇല്ലെങ്കിൽ, ഞാൻ സത്യമായും പറയുന്നു, എന്റെ ജീവൻ അധികം താമസിയാതെ തന്നെ വിട്ടു പിരിയും.” (149)

ചൗ:

പുനി പുനി പൂँഛത് മന്ത്രിഹി രാഊ
പ്രിയതമ് സുഅന് സँദേസ് സുനാഊ,
കരഹി സഖാ സൊഇ ബേഗി ഉപാഊ
രാമു ലഖനു സിയ് നയന് ദെഖാഊ. 1

സചിവ് ധീര് ധരി കഹ് മൃദു ബാനീ
മഹാരാജ് തുംഹ് പണ്ഡിത് ഗ്യാനീ,
ബീര് സുധീര് ധുരന്ധര് ദേവാ
സാധു സമാജു സദാ തുംഹ് സേവാ. 2

ജനമ് മരന് സബ് ദുഖ് സുഖ് ഭോഗാ
ഹാനി ലാഭു പ്രിയ് മിലന് ബിയോഗാ,
കാല് കരമ് ബസ് ഹോഹിം ഗൊസാഇൗം
ബരബസ് രാതി ദിവസ് കീ നാഇൗം. 3

സുഖ് ഹരഷഹിം ജഡ് ദുഖ് ബിലഖാഹീം
ദൊഉ സമ് ധീര് ധരഹിം മന് മാഹീം,
ധീരജ് ധരഹു ബിബേകു ബിചാരീ
ഛാഡിഅ സോച് സകല് ഹിത്കാരീ. 4

രാജാവ് വീണ്ടും വീണ്ടും മന്ത്രിയോട് ചോദിച്ചു: "എനിയ്ക്കെന്റെ അത്യന്തം പ്രിയരായ പുത്രന്മാരുടെ സന്ദേശത്തെ അറിയിയ്ക്കൂ. സഖേ, രാമനേയും, ലക്ഷ്മണനേയും, സീതയേയും എന്റെ കൺമുന്നിൽ കൊണ്ടുവരാൻ വേഗം ഒരുപായം കാണൂ." സ്വയം ഉണർന്ന് മന്ത്രി മൃദുസ്വരത്തിൽ പറഞ്ഞു: "മഹാരാജാവേ, അവിടുന്ന് പണ്ഡിതനും ജ്ഞാനിയുമാണ്. അങ്ങ് വീരന്മാരുടേയും മഹാധീരന്മാരുടേയും നേതാവും കൂടിയാണ്. സ്വാമീ, അങ്ങ് സാധുസമാജങ്ങളെ സേവിച്ചിട്ടുണ്ട്. ജനനമരണങ്ങൾ, എല്ലാ സുഖദു:ഖാനുഭവങ്ങൾ, ലാഭനഷ്ടങ്ങൾ പ്രിയജനങ്ങളായിട്ടുള്ള സംയോഗവിയോഗങ്ങൾ എല്ലാം തന്നെ തുടർന്നുണ്ടാവുന്ന രാപ്പകലുക ളെന്നപോലെ കാലത്തിന്റേയും കർമ്മത്തിന്റേയും മാറ്റാനാവാത്ത നിയതി യ്ക്കധീനമാണ്. മൂഢന്മാർ സുഖം വരുമ്പോൾ സന്തോഷിയ്ക്കുകയും, വിപത്തു വരുമ്പോൾ ദു:ഖിയ്ക്കുകയും ചെയ്യുന്നു. ജ്ഞാനികൾ രണ്ടു നിലകളിലും സമന്മാരാകുന്നു. അതിനാൽ, സകലഹിതകാരിയായ അങ്ങ് ധൈര്യം കൈവിടാതെ, വിവേകത്തോടെ ചിന്തിച്ച്, ദു:ഖിയ്ക്കാതിരിയ്ക്കണം."

ദോ:

പ്രഥമ് ബാസു തമസാ ഭയഉ ദൂസര് സുരസരി തീര്,
ന്ഹാഇ രഹേ ജലപാനു കരി സിയ് സമേത് ദൊഉ ബീര്. (150)

"അവരുടെ ആദ്യത്തെ വിരാമം തമസാനദീതീരത്തായിരുന്നു. അടുത്തത് ദേവനദിയായ ഗംഗാതീരത്തും. സീതയും രണ്ടു വീരസഹോദരന്മാരും കുളിച്ച് ജലം കുടിച്ച് കഴിച്ചുകൂട്ടി. (150)

ചൗ:

കേവട് കീൻഹി ബഹുത് സെവകാഈ
സോ ജാമിനി സിംഗരൗര് ഗവാँഈ,
ഹോത് പ്രാത് ബട് ഛീരുമഗാവാ
ജടാ മുകുട് നിജ് സീസ് ബനാവാ. 1

രാമ് സഖാँ തബ് നാവ് മഗാഈ
പ്രിയാ ചഢാഇ ചഢേ രഘുരാഈ,
ലഖന് ബാന് ധനു ധരേ ബനാഈ
ആപു ചഢേ പ്രഭു ആയസു പാഈ. 2

ബികല് ബിലോകി മോഹി രഘുബീരാ
ബോലേ മധുര് ബചന് ധരി ധീരാ,
താത് പ്രനാമു താത് സന് കഹെഹൂ
ബാര് ബാര് പദ് പങ്കജ് ഗഹെഹൂ. 3

കരബി പായँ പരി ബിനയ് ബഹോരീ
താത് കരിഅ ജനി ചിന്താ മോരീ,
ബന് മഗ് മംഗല് കുസല് ഹമാരേം
കൃപാ അനുഗ്രഹ് പുന്യ് തുംഹാരേം. 4

നിഷാദൻ (ഗുഹൻ) വളരെ സേവ ചെയ്തു. അവർ രാത്രി ശൃംഗവേരപുരത്തിൽ കഴിച്ചുകൂട്ടി. പുലർന്നപ്പോൾ അവർ പേരാലിന്റെ പാൽ കൊണ്ടു വരുത്തി, രണ്ടു സഹോദരന്മാരും തങ്ങളുടെ തലയിൽ ജടകൊണ്ട് മുകുടമുണ്ടാക്കി. പിന്നെ രാമന്റെ സഖാവായ ഗുഹൻ ഒരു തോണി വരുത്തി. പ്രിയയെ അതിൽ കയറാൻ സഹായിച്ച് രഘുരാമനും അതിൽ കയറി. ലക്ഷ്മണൻ അതിൽ രണ്ടു വില്ലുകളേയും ശരക്കൂടുകളേയും വരിയായി വെച്ച് പ്രഭുവിന്റെ അനുമതിയോടെ താനും കയറി. എന്റെ വ്യാകുലതയെ കണ്ട് രഘുവീരൻ ധൈര്യമവലംബിച്ച് മധുരമായ വാക്കുകളിൽ പറഞ്ഞു: “താത, അങ്ങ് പിതാവിനോട് എന്റെ പ്രണാമങ്ങളെ പറയണം. അദ്ദേഹത്തിന്റെ പാദകമലങ്ങളെ വീണ്ടും വീണ്ടും കെട്ടിപ്പിടിയ്ക്കണം. അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണ് അദ്ദേഹത്തോട്

അത്യന്തം വിനയത്തോടെ ഈവിധം അപേക്ഷിയ്ക്കണം: 'പിതാവേ, എന്നെക്കുറിച്ച് ഒട്ടും വിചാരപ്പെടരുത്. അങ്ങയുടെ കൃപയും, അനുഗ്രഹവും, സുകൃതവും കൊണ്ട് ഞങ്ങളുടെ വനത്തിലെ യാത്രയും വാസവും മംഗളകരവും സുഖകരവുമായിരിയ്ക്കും.'"

ഛം:

തുംഹരേം അനുഗ്രഹ് താത് കാനന് ജാത് സബ് സുഖ് പാഇഹൗം,
പ്രതിപാലി ആയസു കുസല് ദേഖന് പായ് പുനി ഫിരി ആഇഹൗം.
ജനനീം സകല് പരിതോഷി പരി പരി പായ്ँ കരി ബിനതീ ഘനീ,
തുലസീ കരെഹു സൊഇ ജതനു ജെഹിം കുസലീ രഹഹിം കോസല് ധനീ.

"'പിതാവേ, അങ്ങയുടെ അനുഗ്രഹത്താൽ എനിയ്ക്ക് കാട്ടിലേയ്ക്ക് ചെന്ന് എല്ലാവിധ സുഖസൗകര്യങ്ങളുമുണ്ടാവും. അങ്ങയുടെ ആദേശത്തെ പാലിച്ച് അങ്ങയുടെ പാദകമലങ്ങളെ വീണ്ടും കാണുവാൻ തിരിച്ചുവരും.' മാത്രമല്ല, തുളസീദാസൻ പറയുന്നു - എന്റെ എല്ലാ മാതാക്കളേയും സമാധാനിപ്പിച്ച് അവരുടെ പാദങ്ങളിൽ വീണ്ടും വീണ്ടും വീണ് അമിതമായ അഭ്യർത്ഥനയോടുകൂടി അയോദ്ധ്യാപതി (എന്റെ പിതാവ്) സന്തോഷത്തോടെ കാലം കഴിയ്ക്കാൻ വേണ്ട യത്നം ചെയ്യണം."

സോ:

ഗുര് സന് കഹബ് സँദേസു ബാര് ബാര് പദ് പദുമ് ഗഹി,
കരബ് സൊഇ ഉപദേസു ജെഹിം ന സോച്മൊഹി അവധ്പതി. (151)

"എന്റെ ഗുരുവിന്റെ പാദകമലങ്ങളെ വീണ്ടും വീണ്ടും കെട്ടിപ്പിടിച്ച് അദ്ദേഹത്തിന് എന്റെ സന്ദേശത്തെ കൊടുക്കണം: 'ദയവുചെയ്ത് അയോദ്ധ്യാപതി എന്നെ ചിന്തിച്ച് സങ്കടപ്പെടാതിരിയ്ക്കുവാൻ വേണ്ടവിധം ഉപദേശം കൊടുത്താലും.'" (151)

ചൗ:

പുരജന് പരിജന് സകല് നിഹോരീ
താത് സുനാഎഹു ബിനതീ മോരീ,
സൊഇ സബ് ഭാँതി മോര് ഹിതകാരീ
ജാതേം രഹ് നരനാഹു സുഖാരീ. 1

കഹബ് സ്ँദേസു ഭരത് കെ ആഏँ
നീതി ന തജിഅ രാജപദ് പാഏँ,
പാലെഹു പ്രജഹി കരമ് മന് ബാനീ
സേഅഹു മാതു സകല് സമ് ജാനീ. 2

ഓര് നിബാഹെഹു ഭായപ് ഭാഈ
കരി പിതു മാതു സുജന് സെവകാഈ,
താത് ഭാँതി തെഹി രാഖബ് രാഉ
സോച് മോര് ജെഹിം കരൈ ന കാഉ, 3

ലഖനു കഹേ കഛു ബചന് കഠോരാ
ബരജി രാമ് പുനി മോഹി നിഹോരാ
ബാര് ബാര് നിജ് സപഥ് ദെവാഈ
കഹബി ന താത് ലഖന് ലരികാഈ. 4

“എല്ലാ പുരജനങ്ങളേയും, ബന്ധുക്കളേയും താഴ്മയോടെ കണ്ട് അവരോട് എന്റെ അപേക്ഷയെ അറിയിയ്ക്കണം: 'രാജാവിന്റെ സുഖത്തിന്നു വേണ്ടി ഏതൊരുവൻ പ്രവർത്തിയ്ക്കുന്നുവോ, അവൻ മാത്രമാണ് എന്റെ സുഹൃത്ത്.' പിന്നെ, ഭരതൻ വന്നശേഷം അവന്ന് എന്റെ സന്ദേശം കൊടുക്കണം: 'രാജസ്ഥാനം ലഭിച്ച് നീതിയെ ത്യജിയ്ക്കരുത്. പ്രജകളെ മനസാ, വാചാ, കർമണാ വേണ്ടപോലെ പാലിയ്ക്കണം. നിന്റെ എല്ലാ അമ്മമാരേയും ഒരുപോലെ കണ്ട് അവരെ സേവിയ്ക്കണം. പിന്നെ, അനുജ, നമ്മുടെ മാതാപിതാക്കളേയും, ബന്ധുജനങ്ങളേയും വേണ്ടപോലെ സേവിച്ചു കൊണ്ട് നിന്റെ സഹോദരസ്നേഹത്തെ അവസാനം വരെ നിലനിർത്തണം. പിന്നെ എന്റെ കാരണം രാജാവ് ഒരുവിധത്തിലും ഒരിയ്ക്കലും സങ്കട പ്പെടാതിരിയ്ക്കത്തക്കവിധം അദ്ദേഹത്തെ കാത്തുരക്ഷിച്ചു കൊണ്ടിരിയ്ക്കണം.' ഈ സമയത്ത് ലക്ഷ്മണൻ ചില കടുത്ത വാക്കുകൾ പറഞ്ഞു. പക്ഷേ, രാമൻ അവനെ തടഞ്ഞുനിർത്തി. പിന്നെ വീണ്ടും വീണ്ടും എന്നെക്കൊണ്ട് ശപഥം ചെയ്യിച്ച് അപേക്ഷിച്ചു: 'താത, ലക്ഷ്മ ണന്റെ ബാലിശതയെ ആരോടും പറയരുത്' എന്ന്.”

ദോ:

കഹി പ്രനാമു കഛു കഹന് ലിയ് സിയ് ഭഇ സിഥില് സനേഹ്,
ഥകിത് ബചന് ലോചന് സജല് പുലക് പല്ലവിത് ദേഹ്.. (152)

“നമസ്കാരമെന്നു പറഞ്ഞ് സീത എന്തോ പറയുവാൻ വായ തുറന്നു, പക്ഷേ സ്നേഹം കൊണ്ട് ഭാവഭരിതയായി അവൾക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല. കണ്ണുകൾ നിറഞ്ഞു. ശരീരം പുളകിതമായി.” (152)

ചൗ:

തെഹി അവസര് രഘുബര് രുഖ് പാഇൗ
കേവട് പാരഹി നാവ് ചലാഇൗ,
രഘുകുലതിലക് ചലേ എഹി ഭാँതീ
ദേഖഉँ ഠാഢ് കുലിസ് ധരി ഛാതീ. 1

മൈം ആപന് കിമി കഹൗം കലേസൂ
ജിഅത് ഫിരെഉँ ലെഇ രാമ് സँദേസൂ,
അസ് കഹി സചിവ് ബചന് രഹി ഗയഉ
ഹാനി ഗ്ലാനി സോച് ബസ് ഭയഉ. 2

സൂത് ബചന് സുന്തഹിം നരനാഹൂ
പരെഉ ധരനി ഉര് ദാരുന് ദാഹൂ,
തല്ഫത് ബിഷമ് മോഹ് മന് മാപാ
മാജാ മനഹുँ മീന് കഹുँ ബ്യാപാ. 3

കരി ബിലാപ് സബ് രോവഹിം രാനീ
മഹാ ബിപതി കിമി ജാഇ ബഖാനീ,
സുനി ബിലാപ് ദുഖഹൂ ദുഖു ലാഗാ
ധീരജ്ഹൂ കര് ധീരജു ഭാഗാ. 4

“ഈ സമയത്ത് രഘുവരന്റെ ഒരു സൂചന ലഭിച്ച് തോണിക്കാരൻ തോണിയെ മറുകരയിലേയ്ക്ക് കൊണ്ടുപോയി. അങ്ങനെ രഘുകുല തിലകൻ പോയി; ഞാൻ ഭാരിച്ച ഹൃദയത്തോടെ നോക്കിനിന്നു. എന്റെ ക്ലേശത്തെ ഞാനെങ്ങിനെ വർണ്ണിയ്ക്കാനാ? രാമന്റെ സന്ദേശവുമായി ഞാൻ ജീവനോടെ തിരിച്ചുവന്നുവല്ലോ.” ഈ ഘട്ടത്തിൽ ശ്രീരാമനിൽനിന്നുമുള്ള വിരഹത്താലുണ്ടായ ശോകവും ദയനീയതയും കാരണം സുമന്ത്രന്റെ വായടച്ചുപോയി. സാരഥിയുടെ സംസാരം കേട്ടതും രാജാവ് മനസ്സിൽ അത്യന്തം വേദനയോടെ നിലത്ത് വീണു. അമിതമായ മോഹത്താൽ

ബാധിയ്ക്കപ്പെട്ട മനസ്സോടെ അദ്ദേഹം, ആദ്യമാദ്യം പെയ്യുന്ന മഴവെള്ളത്തിലെ നുരയെ കുടിച്ച് ഉന്മത്തമാകുന്ന മീനിനെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും കിടന്ന് ഉലഞ്ഞുക്കൊണ്ടിരുന്നു. റാണിമാരെല്ലാവരും പുലമ്പിക്കൊണ്ട് വിലപിച്ചു. അവരുടെ ദുർദ്ദശയെ എങ്ങനെ വർണ്ണിയ്ക്കാനാ? അവരുടെ വിലാപം കേട്ട് ശോകം തന്നെ ശോകാകുലമായി; ധീരതയ്ക്ക് ധൈര്യമവലംബിയ്ക്കാനായില്ല.

ദോ:

ഭയഉ കോലാഹലു അവധ് അതി സുനി നൃപ് രാഉര് സോരു,
ബിപുല് ബിഹഗ് ബന് പരെഉ നിസി മാനഹു്ँ കുലിസ് കഠോരു. (153)

രാജാന്തഃപുരത്തിലെ നിലവിളി കേട്ട് അയോദ്ധ്യയിലാകെ കോലാഹലമായിരുന്നു. അത് രാത്രി വലിയൊരു പക്ഷികളുടെ സമൂഹത്തിൽ കഠോരമായൊരു ഇടിത്തീ വീണപോലെയിരുന്നു. (153)

ചൗ:

പ്രാന് കണ്ഠഗത് ഭയഉ ഭുആലൂ
മനി ബിഹീന് ജനു ബ്യാകുല് ബ്യാലൂ,
ഇന്ദ്രീം സകല് ബികല് ഭഇ്ँ ഭാരീ
ജനു സര് സരസിജ് ബനു ബിനു ബാരീ. 1

കൗസ്യല്യാ്ँ നൃപു ദീഖ് മലാനാ
രബികുല് രബി അ്ँഥയഉ ജിയ്ँ ജാനാ,
ഉര് ധരി ധീര് രാമ് മഹതാരീ
ബോലീ ബചന് സമയ് അനുസാരീ. 2

നാഥ് സമുഝി മന് കരിഅ ബിചാരൂ
രാമ് ബിയോഗ് പയോധി അപാരൂ,
കരന്ധാര് തുംഹ് അവധ് ജഹാജൂ
ചഢെഉ സകല് പ്രിയ് പഥിക് സമാജൂ. 3

ധീരജു ധരിഅ ത് പാഇഅ പാരൂ
നാഹിം ത് ബൂഡിഹി സബു പരിവാരൂ,

ജൗം ജിയ് ധരിഅ ബിനയ് പിയ് മോരീ
രാമു ലഖനു സിയ് മിലഹി ബഹോരീ. 4

രാജാവിന്റെ പ്രാണശ്വാസം ഇപ്പോൾ തൊണ്ടയിൽ അടച്ചു നിന്നു. അദ്ദേഹം മണി നഷ്ടപ്പെട്ട സർപ്പത്തെപ്പോലെ അസ്വസ്ഥതയനുഭവിച്ചു. വെള്ളമില്ലാത്ത സരസ്സിലെ ഒരുകൂട്ടം താമരപ്പൂക്കളെപ്പോലെ അദ്ദേഹത്തിന്റെ എല്ലാ ഇന്ദ്രിയങ്ങളും അത്യന്തം അസ്തവ്യസ്തങ്ങളായി. രാജാവിനെ മ്ലാനനായിക്കണ്ട കൗസല്യയ്ക്ക് സൂര്യവംശത്തിന്റെ സൂര്യൻ അസ്തമിയ്ക്കാറായെന്ന് മനസ്സിലായി. മനസ്സിൽ ധൈര്യത്തെ വരുത്തിക്കൊണ്ട് ശ്രീരാമന്റെ അമ്മ സന്ദർഭോചിതമായ വാക്കുകൾ പറഞ്ഞു: "നാഥ, മനസ്സിൽ ചിന്തിയ്ക്കൂ, രാമനിൽനിന്നുമുള്ള വിയോഗം ഒരു വിശാലമായ സമുദ്രവും, അയോദ്ധ്യ നമ്മുടെ പ്രിയജനങ്ങളായ സഞ്ചാരികൾ കയറിയിരിയ്ക്കുന്ന കപ്പലും, അങ്ങ് അതിന്റെ ചാലകനുമാണെന്നുണരൂ. അങ്ങ് ധൈര്യത്തോടെയിരുന്നാൽ മാത്രമേ മറുകരയെത്താനാവുള്ളൂ. ഇല്ലെങ്കിൽ നമ്മുടെ പരിവാരം മുഴുവൻ മുങ്ങിമരയ്ക്കും. എന്റെ ഈ വിനീതമായ അപേക്ഷയെ അങ്ങ് മനസ്സിൽ കൊള്ളുന്നതായാൽ, പ്രിയ നാഥ, നമുക്ക് രാമനേയും, സീതയേയും, ലക്ഷ്മണനേയും തീർച്ചയായും വീണ്ടും കാണാൻ സാധിയ്ക്കും."

ദോ:

പ്രിയാ ബചന് മൃദു സുനത് നൃപു ചിതയഉ ആ്ഖി ഉഘാരി,
തല്ഫത് മീന് മലീന് ജനു സീംചത് സീതല് ബാരി. (154)

തന്റെ പ്രിയറാണിയുടെ മൃദുവായ വാക്കുകളെ കേട്ട് രാജാവ് തന്റെ കണ്ണുകളെ തുറന്ന്, പിടയുന്ന ഒരു ദീനനായ മീനിനെ തണുത്ത വെള്ളം കൊണ്ട് നനച്ചാലെന്നപോലെ, നോക്കി. (154)

ചൗ:

ധരി ധീരജ് ഉഠി ബൈഠ് ഭുആലൂ
കഹു സുമന്ത്ര് കഹ് രാമ് കൃപാലൂ,
കഹാ് ലഖനു കഹ് രാമു സനേഹീ
കഹ് പ്രിയ് പുത്രബധൂ ബൈദേഹീ. 1

ബിലപത് രാഉ ബികല് ബഹു ഭാँതീ
ഭഇ ജുഗ് സരിസ് സിരാതി ന രാതീ,
താപസ് അന്ധ് സാപ് സുധി ആഈ
കൗസല്യഹി സബ് കഥാ സുനാഈ. 2

ഭയഉ ബികല് ബര്നത് ഇതിഹാസാ
രാമ് രഹിത് ധിഗ് ജീവന് ആസാ,
സോ തനു രാഖി കരബ് മൈം കാഹാ
ജെഹിം ന പ്രേമ് പനു മോര് നിബാഹാ. 3

ഹാ രഘുനന്ദന് പ്രാന് പിരീതേ
തുംഹ് ബിനു ജിഅത് ബഹുത് ദിന് ബീതേ,
ഹാ ജാനകീ ലഖന് ഹാ രഘുബര്
ഹാ പിതു ഹിത് ചിത് ചാതക് ജലധര്. 4

സ്വബോധമുണ്ടായി രാജാവ് എഴുന്നേറ്റ് ഇരുന്നു. "സുമന്ത്ര പറയൂ: കൃപാലുവായ രാമനെവിടെ? ലക്ഷ്മണനെവിടെയാണ്, എന്റെ സ്നേഹമയനായ രാമനെവിടെ? എന്റെ പ്രിയ പുത്രവധുവായ വൈദേഹിയെവിടെ?" അസ്വസ്ഥനായ രാജാവ് പലവിധത്തിൽ വിലപിച്ചു. രാത്രി ഒരു യുഗം പോലെ തോന്നി; അദ്ദേഹത്തിന്ന് അത് അവസാനമില്ലാത്തതാണെന്ന് തോന്നി. അന്ധനായ താപസന്റെ ശാപം ഓർമ്മ വന്നു. ആ കഥ മുഴുവൻ അദ്ദേഹം കൗസല്യയോട് പറഞ്ഞു. ആ കഥയെ വർണ്ണിയ്ക്കുമ്പോൾ അദ്ദേഹം ശോകാകുലനായി. "രാമനില്ലാതെയുള്ള ജീവിയ്ക്കുവാനുള്ള ആശ ധിക്കാര്യമാണ്. പ്രേമപ്രതിജ്ഞയെ നിർവഹിയ്ക്കാൻ സാധിയ്ക്കാത്ത ഈ ദേഹത്തെ വെച്ചുകൊണ്ട് ഞാനെന്തു നേടാനാ? എനിയ്ക്ക് പ്രാണനെപ്പോലെ പ്രിയനായ ഹാ! രഘുനന്ദന! ഇപ്പോഴേ ഞാൻ നീയില്ലാതെ നീണ്ട കാലം ജീവിച്ചു കഴിഞ്ഞു. ഹാ! ജാനകി! ഹാ! ലക്ഷ്മണ! കാർമേഘം ചാതകപ്പക്ഷിയേയെന്നപോലെ നിന്റെ പിതാവിന്റെ സ്നേഹ മയമായ ഹൃദയത്തെ സന്തോഷിപ്പിച്ച ഹാ! രഘുവര!"

ദോ:

രാമ് രാമ് കഹി രാമ് കഹി രാമ് രാമ് കഹി രാമ്,
തനു പരിഹരി രഘുബര് ബിരഹँ രാഉ ഗയഉ സുരധാമ്. (155)

'രാമ, രാമ' എന്ന് കരഞ്ഞു കൊണ്ട്, പിന്നേയും പിന്നേയും 'രാമ, രാമ, രാമ, രാമ' എന്ന് കരഞ്ഞുകൊണ്ട് രഘുവരനിൽനിന്നുമുള്ള വിരഹം കാരണം രാജാവ് തന്റെ ശരീരത്തെ പരിത്യജിച്ച് ദേവലോകത്തിലേയ്ക്ക് ചെന്നു.(155)

ചൗ:

ജിഅന് മരന് ഫലു ദസരഥ് പാവാ
അണ്ഡ് അനേക് അമല് ജസ് ഛാവാ,
ജിഅത് രാമ് ബിധു ബദനു നിഹാരാ
രാമ് ബിരഹ് കരി മരനു സ്ँവാരാ. **1**

സോക് ബികല് സബ് രോവഹിം രാനീ
രൂപൂ സീലു ബലു തേജു ബഖാനീ,
കരഹിം ബിലാപ് അനേക് പ്രകാരാ
പരഹിം ഭൂമിതല് ബാരഹിം ബാരാ. **2**

ബിലപഹിം ബികല് ദാസ് അരു ദാസീ
ഘര് ഘര് രുദനു കരഹിം പുരബാസീ,
അँഥയഉ ആജു ഭാനുകുല് ഭാനൂ
ധരമ് അവധി ഗുന് രൂപ് നിധാനൂ. **3**

ഗാരീം സകല് കൈകയിഹി ദേഹീം
നയന് ബിഹീന് കീൻഹ് ജഗ് ജേഹീം,
എഹി ബിധി ബിലപത് രൈനി ബിഹാനീ
ആഏ സകല് മഹാമുനി ഗ്യാനീ. **4**

ദശരഥരാജാവ് തന്റെ ജനനത്തിന്റേയും മരണത്തിന്റേയും ഫലത്തെ നേടി. അദ്ദേഹത്തിന്റെ നിർമ്മലമായ യശസ്സ് അനേകം വിശ്വങ്ങളിൽ പരന്നിരുന്നു. അദ്ദേഹം ജീവിച്ചിരുന്നേടത്തോളം കാലം ശ്രീരാമന്റെ ചന്ദ്രനെപ്പോലുള്ള മുഖത്തെ നോക്കിക്കൊണ്ടിരുന്നു. ശ്രീരാമനിൽനിന്നുമുള്ള വിരഹത്തെ കാരണമാക്കിക്കൊണ്ട് അദ്ദേഹം തന്റെ മരണത്തിന്ന് കീർത്തിയുണ്ടാക്കി. ശോകാകുലരായി എല്ലാ റാണിമാരും അദ്ദേഹത്തിന്റെ രൂപസൗന്ദര്യത്തേയും, സൗശീല്യത്തേയും, ബലത്തേയും, തേജസ്സിനേയും വർണ്ണിച്ചുകൊണ്ട് വിലപിയ്ക്കാൻ തുടങ്ങി. അവർ നിലത്ത്

വീണ്ടും വീണ്ടും വീണുകൊണ്ട് പലവിധത്തിൽ വിലപിച്ചു. ദാസന്മാരും ദാസിമാരും ശോകപീഡിതരായി വിലപിച്ചു. നഗരത്തിലെ എല്ലാ വീടുകളിലും വിലാപം ഉണ്ടായിരുന്നു. 'ധർമ്മത്തിന്റെ പൂർണ്ണതയും, ഗുണങ്ങളുടേയും രൂപത്തിന്റേയും നിധിയുമായ സൂര്യവംശത്തിന്റെ സൂര്യൻ അസ്തമിച്ചുകഴിഞ്ഞു.' ജഗത്തിന്റെ കണ്ണുകളെത്തന്നെ കവർന്നെടുത്തുവെന്ന് എല്ലാവരും കൈകേയിയെ ദുഷിച്ചു. ഈവിധം രാത്രി അവസാനിയ്ക്കുംവരെ അവർ കരഞ്ഞുകൊണ്ടിരുന്നു. അപ്പോൾ എല്ലാ ജ്ഞാനികളായ മഹർഷിമാരും വന്നെത്തി.

ദോ:

തബ് ബസിഷ്ഠ് മുനി സമയ് സമ് കഹി അനേക് ഇതിഹാസ്,
സോക് നെവാരെഉ സബഹി കര് നിജ് ബിഗ്യാന് പ്രകാസ്. (156)

അപ്പോൾ വസിഷ്ഠൻ ആ സന്ദർഭത്തിനൊത്ത അനേകം ഇതിഹാസങ്ങളെ പറഞ്ഞ് തന്റെ വിജ്ഞാനത്തിന്റെ പ്രകാശംകൊണ്ട് എല്ലാവരുടേയും ശോകത്തെ നിവർത്തിച്ചു. (156)

ചൗ:

തേല് നാവ്ँ ഭരി നൃപ തനു രാഖാ
ദൂത് ബൊലാഇ ബഹുരി അസ് ഭാഷാ,
ധാവഹു ബേഗി ഭരത് പഹിം ജാഊ
നൃപ് സുധി കതഹുँ കഹഹു ജനി കാഹൂ. 1

എതനെഇ കഹെഹൂ ഭരത് സന് ജാഈ
ഗുര് ബൊലാഇ പഠയഉ ദൊഉ ഭാഈ,
സുനി മുനി ആയസു ധാവന് ധാഏ
ചലേ ബേഗ് ബര് ബാജി ലജാഏ. 2

അനരഥു അവധ് അരംഭെഉ ജബ് തേം
കുസഗുന് ഹോഹിം ഭരത് കഹുँ തബ് തേം,
ദേഖഹിം രാതി ഭയാനക് സപ്നാ
ജാഗി കരഹിം കടു കോടി കല്പനാ. 3

ബിപ്ര് ജെവാँഇ ദേഹിം ദിന് ദാനാ
സിവ് അഭിഷേക് കരഹിം ബിധി നാനാ,
മാഗഹിം ഹൃദയ് മഹേസ് മനാഈ
കുസല് മാതു പിതു പരിജന് ഭാഈ. 4

മുനി ഒരു തോണിയെ തൈലം കൊണ്ട് നിറപ്പിച്ച് രാജാവിന്റെ ശരീരത്തെ അതിൽ വെച്ചു. അദ്ദേഹം പിന്നെ ദൂതന്മാരെ വിളിച്ച് അവരോട് ഇപ്രകാരം പറഞ്ഞു: "ഓടി ഭരതന്റെ അടുത്തേയ്ക്ക് പോകുവിൻ, പക്ഷേ എവിടേയും ആരോടും രാജാവിനെപ്പറ്റിയുള്ള വർത്തമാനം പറയരുത്. ഭരതന്റെ അടുത്തുപോയി ഇത്ര മാത്രം പറഞ്ഞാൽ മതി: 'ഗുരു നിങ്ങൾ രണ്ടു സഹോദരന്മാരേയും വിളിച്ചുകൊണ്ടു വരുവാൻ പറഞ്ഞിരിയ്ക്കുന്നു.'" മുനിയുടെ ആദേശം കേട്ട് ദൂതന്മാർ ഒരു നല്ല കുതിരയെ ലജ്ജിപ്പിയ്ക്കും വിധം വേഗത്തിൽ ഓടി. അയോദ്ധ്യയിൽ അനർത്ഥങ്ങൾ സംഭവിയ്ക്കാൻ തുടങ്ങിയതു മുതൽ ഭരതന്ന് ദു:ശകുനങ്ങൾ കണ്ടു തുടങ്ങി. അവൻ രാത്രി ഭയങ്കരമായ സ്വപ്നങ്ങൾ കണ്ടു. ഉണർന്നശേഷം എല്ലാവിധത്തി ലുള്ള അശുഭങ്ങളായ വിചാരങ്ങളും ഭാവിച്ചു തുടങ്ങി. അവൻ ദിനവും ബ്രാഹ്മണർക്ക് ഭോജനവും ദാനങ്ങളും കൊടുത്തിരുന്നു. പലവിധത്തി ലുള്ള പൂജകളും ചെയ്ത് ശിവന്ന് അഭിഷേകം ചെയ്തിരുന്നു. മഹാദേവനെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് അദ്ദേഹത്തോട് തന്റെ മാതാപിതാക്കളുടേയും, പരിവാരങ്ങളുടേയും, സഹോദരന്മാരുടേയും കുശലത്തെ യാചിച്ചു.

ദോ:

എഹി ബിധി സോചത് ഭരത് മന് ധാവന് പഹുँചേ ആഇ,
ഗുരു അനുസാസന് ശ്രവന് സുനി ചലേ ഗനേസു മനാഇ. (157)

ഭരതൻ ഈവിധം ഉൽക്കണ്ഠ നിറഞ്ഞ സമയം കഴിച്ചുകൊണ്ടിരിയ്ക്കേ, ദൂതന്മാർ എത്തി. ഗുരുവിന്റെ ആദേശത്തെ കേട്ട് ഗണപതി ഭഗവാനെ മനസ്സിൽ സ്മരിച്ചുകൊണ്ട് പുറപ്പെട്ടു. (157)

ചൗ:

ചലേ സമീര് ബേഗ് ഹയ് ഹാँകേ
നാഘത് സരിത് സൈല് ബന് ബാँകേ,

ഹൃദയ്ँ സോച് ബഡ് കഛു ന സൊഹാഇൗ
അസ് ജാനഹിം ജിയ്ँ ജാഉ്ँ ഉഡാഇൗ 1

ഏക് നിമേഷ് ബരഷ് സമ് ജാഇൗ
എഹി ബിധി ഭരത് നഗര് നിഅരാഇൗ,
അസഗുന് ഹോഹിം നഗര് പൈഠാരാ
രടഹിം കുഭാँതി കുഖേത് കരാരാ. 2

ഖര് സിആര് ബോലഹിം പ്രതികൂലാ
സുനി സുനി ഹോഇ ഭരത് മന് സൂലാ,
ശ്രീഹത് സര് സരിതാ ബന് ബാഗാ
നഗരു ബിസേഷി ഭയാവനു ലാഗാ 3

ഖഗ് മൃഗ് ഹയ് ഗയ് ജാഹിം ന ജോഏ
രാമ് ബിയോഗ് കുരോഗ് ബിഗോഏ,
നഗര് നാരി നര് നിപട് ദുഖാരീ
മനഹുँസബൻഹി സബ് സമ്പതി ഹാരീ. 4

കുതിരകളെ വായുവേഗത്തിൽ ഓടുവാൻ പ്രേരിപ്പിച്ചുകൊണ്ട് അവൻ പല ദുർഗ്ഗമങ്ങളായ പുഴകളേയും, മലകളേയും, കാടുകളേയും കടന്ന് യാത്ര ചെയ്തു. അവന്റെ ഹൃദയത്തിൽ അത്രയ്ക്കും വലിയ ഉൽക്കണ്ഠയുണ്ടായിരുന്നു, എന്തുകൊണ്ടും അവന്ന് സന്തോഷമുണ്ടായില്ല. അവൻ സ്വയം ചിന്തിച്ചു: 'എനിയ്ക്ക് പറന്നുപോയി വീട്ടിലെത്താൻ സാധിയ്ക്കുമെങ്കിൽ'. ഓരോ ക്ഷണവും ഒരു വർഷം പോലെ തങ്ങിനിന്നു. ഈവിധം ഭരതൻ നഗരത്തിന്റെ അടുത്തെത്തി. അവൻ നഗരത്തിൽ കടന്നതും ദുഃശകുനങ്ങൾ കണ്ടുതുടങ്ങി. കാക്കകൾ അശുഭദ്യോതകമായി നിഷിദ്ധമായ സ്ഥലങ്ങളിൽ കരഞ്ഞുകൊണ്ടിരുന്നു. കഴുതകളും കുറുക്കന്മാരും ദുർന്നിമിത്തങ്ങളെ സൂചിപ്പിച്ചുകൊണ്ട് ഓരിയിട്ടു. അതിനെ കേട്ടുകേട്ട് അത് ഭരതന്റെ ഹൃദയംവരെ കുത്തിപ്പിളർന്നു. സരസ്സുകളും നദികളും, തോപ്പുകളും ഉദ്യാനങ്ങളും, അവയുടെ ശ്രീത്വത്തെ നഷ്ടപ്പെട്ടിരുന്നു. നഗരം പ്രത്യേകിച്ചും ഭയാവഹമായ ദൃശ്യമായിരുന്നു. രാമനിൽനിന്നും വിരഹമെന്ന നികൃഷ്ടരോഗം ബാധിച്ച് പക്ഷികളും മൃഗങ്ങളും, കുതിര

കളും ആനകളും, കാണാൻ ദയനീയമായിരുന്നു. നഗരത്തിലെ സ്ത്രീ പുരുഷന്മാർ, തങ്ങളുടെ സമ്പത്തെല്ലാം നഷ്ടപ്പെട്ടപോലെ അത്യന്തം ദു:ഖിതരായിരുന്നു.

ദോ:

പുരജന് മിലഹിം ന കഹഹിം കഛു ഗവ്ँഹിം ജൊഹാരഹിം ജാഹിം,
ഭരത് കുസല് പൂँഛി ന സകഹിം ഭയ് ബിഷാദ് മന് മാഹിം. (158)

പുരജനങ്ങൾ അവനെ കണ്ടു പക്ഷേ ഒരക്ഷരം മിണ്ടിയില്ല. അവർ അവനെ വണങ്ങി മൗനമായി കടന്നുപോയി. മനസ്സിൽ ഭയവും ദു:ഖവും കാരണം ഭരതന്നും അവരുടെ കുശലത്തെപ്പറ്റി അന്വേഷിയ്ക്കാൻ കഴിഞ്ഞില്ല. (158)

ചൗ:

ഹാട് ബാട് നഹിം ജാഇ നിഹാരീ
ജനു പുര് ദഹँദിസി ലാഗി ദവാരീ,
ആവത് സുത് സുനി കൈകയ്നന്ദിനി
ഹരഷീ രബികുല് ജലരുഹ് ചന്ദിനി. 1

സജി ആരതി മുദിത് ഉഠി ധാഈ
ദ്വാരെഹിം ഭേംടി ഭവന് ലെഇ ആഈ,
ഭരത് ദുഖിത് പരിവാരു നിഹാരാ
മാനഹുँ തുഹിന് ബനജ് ബനു മാരാ. 2

കൈകേഈ ഹരഷിത് എഹി ഭാँതീ
മനഹുँ മുദിത് ദവ് ലാഇ കിരാതീ,
സുതഹി സസോച് ദേഖി മനു മാരേം
പൂँഛതി നൈഹര് കുസല് ഹമാരേം. 3

സകല് കുസല് കഹി ഭരത് സുനാഈ
പൂँഛീ നിജ് കുല് കുസല് ഭലാഈ,
കഹു കഹँ താത് കഹാँ സബ് മാതാ
കഹँ സിയ് രാമ് ലഖന് പ്രിയ് ഭ്രാതാ. 4

അങ്ങാടികളും തെരുവീഥികളും നഗരത്തിൽ എല്ലാ ഭാഗങ്ങളും കാട്ടുതീ പടർന്നു പിടിച്ചപോലെ കാണാൻ അസഹ്യമായിരുന്നു. തന്റെ പുത്രൻ വരുന്നുവെന്നറിഞ്ഞ സൂര്യവംശമെന്ന താമരപ്പൂക്കൾക്ക് ചന്ദ്രനെന്ന പോലെയുള്ള കൈകേയി സന്തോഷിച്ചു. ആരത്തി തയ്യാറാക്കി അവൾ മനസ്സിൽ സന്തോഷത്തോടെ എഴുന്നേറ്റ് ഓടിപ്പോയി പടിയ്ക്കൽ തന്നെ അവനെ കണ്ടുമുട്ടി, തന്റെ ഭവനത്തിലേയ്ക്ക് കൊണ്ടുപോയി. പരിവാര ങ്ങളെയെല്ലാം മഞ്ഞിനാൽ വാട്ടപ്പെട്ട താമരപ്പൂക്കളെപ്പോലെ ദു:ഖിത രായും, കൈകേയിയെ കാടു മുഴുവൻ ചുട്ടെരിച്ച കിരാതിയെപ്പോലെ സന്തോഷത്തോടെയും ഇരിയ്ക്കുന്നത് ഭരതൻ ആശ്ചര്യത്തോടെ കണ്ടു. തന്റെ മകനെ ചിന്താവിഷ്ടനും, മനസ്സുടഞ്ഞവനുമായിക്കണ്ട് അവൾ ചോദിച്ചു: “എന്റെ അമ്മയുടെ വീട്ടിൽ എല്ലാം കുശലം തന്നെയല്ലേ?” “എല്ലാവർക്കും കുശലം തന്നെ” എന്ന് ഭരതൻ പറഞ്ഞ് തന്റെ കുടുംബത്തിന്റെ കുശലത്തേയും, നന്മയേയും പറ്റി ചോദിച്ചു. “പറയൂ, എന്റെ അച്ഛനെവിടെ; എന്റെ അമ്മമാരെല്ലാമെവിടെ; സീതയും എന്റെ പ്രിയസഹോദരന്മാർ ശ്രീരാമനും ലക്ഷ്മണനുമെവിടെ?”

ദോ:

സുനി സുത് ബചന് സനേഹ്മയ് കപട് നീര് ഭരി നൈന്,
ഭരത് ശ്രവന് മന് സൂല് സമ് പാപിനി ബോലീ ബൈന്. (159)

തന്റെ പുത്രന്റെ സ്നേഹമയമായ വാക്കുകളെ കേട്ട് ആ പാപിനിയായ സ്ത്രീ കണ്ണുകളിൽ മുതലക്കണ്ണീർ വടിച്ചുകൊണ്ട് അവന്റെ ചെവികളേയും മനസ്സിനേയും കുത്തിത്തുളയ്ക്കും വിധത്തിലുള്ള വാക്കുകൾ പറഞ്ഞു:(159)

ചൗ:

താത് ബാത് മൈം സകല് സ്ँവാരീ
ഭൈ മംഥരാ സഹായ് ബിചാരീ,
കഛുക് കാജ് ബിധി ബീച് ബിഗാരെഉ
ഭൂപതി സുരപതി പുര് പഗു ധാരെഉ. 1

സുനത് ഭരതു ഭഎ ബിബസ് ബിഷാദാ
ജനു സഹമെഉ കരി കേഹരി നാദാ,

താത് താത് ഹാ താത് പുകാരീ
പരേ ഭൂമിതല് ബ്യാകുല് ഭാരീ. 2

ചലത് ന ദേഖന് പായഉ്ँ തോഹീ
താത് ന രാമ്ഹി സൗംപെഹു മോഹി,
ബഹുരി ധീര് ധരി ഉഠേ സ്ँഭാരീ
കഹു പിതൂ മരന് ഹേതു മഹതാരീ. 3

സുനി സുത് ബചന് കഹതി കൈകേഈ
മരമു പാ്ँഛി ജനു മാഹുര് ദേഈ,
ആദിഹു തേം സബ് ആപനി കരനീ
കുടില് കഠോര് മുദിത് മന് ബരനീ. 4

“മകനേ, നിനക്കുവേണ്ടി ഞാനെല്ലാം തന്നെ സാധിച്ചിരിയ്ക്കുന്നു. പാവം, മന്ധര എനിയ്ക്ക് വളരെ സഹായമായിരുന്നു. പക്ഷേ അവ പൂർണ്ണമാവുന്ന തിന്നു മുമ്പ് ദൈവം നമ്മുടെ ചില കാര്യങ്ങളെ തടഞ്ഞിരിയ്ക്കുന്നു. രാജാവ് ഇന്ദ്രന്റെ സ്വർഗ്ഗലോകത്തിലേയ്ക്ക് പോയി.” ഇതു കേട്ടതും ഭരതൻ സിംഹത്തിന്റെ ഗർജ്ജനം കേട്ട് ഭീതിയടഞ്ഞ ആനയെപ്പോലെ ശോകാ കുലനായി. 'പിതാവേ, പിതാവേ, ഹാ എന്റെ പിതാവേ' എന്ന് കരഞ്ഞു കൊണ്ട് അത്യന്തം വ്യാകുലനായി നിലത്തു വീണു.' അങ്ങ് പോകുന്നതിന്നു മുമ്പ് എനിയ്ക്കങ്ങയെ കാണാൻ കഴിഞ്ഞില്ലല്ലോ. അങ്ങെന്നെ ശ്രീരാമന്റെ രക്ഷണത്തിലാക്കിയുമില്ല.' പിന്നെ സ്വയം നിയന്ത്രിച്ച് അവൻ ശ്രമത്തോടെ ഉണർന്ന് പറഞ്ഞു: “അമ്മേ അച്ഛന്റെ മരണത്തിന്നുള്ള കാരണം പറയൂ.” തന്റെ പുത്രന്റെ വാക്കുകളെ കേട്ട് അവൾ, ഒരു മർമസ്ഥാനത്തെ മുറിച്ച് അതിൽ വിഷം കലർത്തിയപോലെ മറുപടി പറഞ്ഞു. സന്തോഷത്തോടുകൂടിയ ഹൃദയത്തോടെ ക്രൂരയും ദുഷ്ടയുമായ ആ സ്ത്രീ ആദ്യം മുതൽ താൻ ചെയ്തതെല്ലാം തന്നെ വിവരിച്ചു പറഞ്ഞു.

ദോ:
ഭരത്ഹി ബിസരെഉ പിതു മരന് സുനത് രാമ് ബന് ഗൗനു,
ഹേതു അപന്പഉ ജാനി ജിയ്ँഥകിത് രഹേ ധരി മൗനു. (160)

ശ്രീരാമൻ വനത്തിലേയ്ക്കു പോയതു കേട്ട് ഭരതൻ തന്റെ അച്ഛന്റെ മരണത്തെപ്പറ്റി മറന്നു. എല്ലാറ്റിന്റേയും മൂലകാരണം താനാണെന്ന് മനസ്സിലാക്കി അവൻ ജാഡ്യതയോടെ മൗനമായിരുന്നു. (160)

ചൗ:

ബികല് ബിലോകി സുതഹി സമുഝാവതി
മനഹു ജരേ പര് ലോനു ലഗാവതി,
താത് രാഉ നഹിം സോചൈ ജോഗൂ
ബിഢഇ സുകൃത് ജസു കീൻഹെഉ ഭോഗൂ. 1

ജീവത് സകല് ജനമ് ഫല് പാഏ
അന്ത് അമരപതി സദന് സിധാഏ,
അസ് അനുമാനി സോച് പരിഹരഹൂ
സഹിത് സമാജ് രാജ് പുര് കരഹൂ. 2

സുനി സുഠി സഹമെഉ രാജകുമാരൂ
പാകേം ഛത് ജനു ലാഗ് അംഗാരൂ,
ധീരജ് ധരി ഭരി ലേഹിം ഉസാസാ
പാപിനി സബഹി ഭാംതി കുല് നാസാ. 3

ജൗം പൈ കുരുചി രഹീ അതി തോഹീ
ജനമത് കാഹെ ന മാരേ മോഹീ,
പേഡ് കാടി തൈം പാലഉ സീംചാ
മീന് ജിഅന് നിതി ബാരി ഉലീചാ. 4

തന്റെ പുത്രന്റെ വ്യാകുലതയെ കണ്ട്, വ്രണത്തിൽ ഉപ്പു തേയ്ക്കുന്നതു പോലെ അവൾ അവനെ സമാധാനിപ്പിച്ചു: “മകനേ, രാജാവ് ദു:ഖിയ്ക്കാൻ അർഹിയ്ക്കുന്നില്ല. അദ്ദേഹം മഹത്തായ സുകൃതവും കീർത്തിയും സമ്പാദിയ്ക്കുകയും ജീവിതത്തിൽ എല്ലാ ഭോഗങ്ങളേയും അനുഭവിയ്ക്കുകയും ചെയ്തു. ജീവിച്ചിരിയ്ക്കുമ്പോൾ അദ്ദേഹം എല്ലാ ജന്മസാഫല്യങ്ങളും നേടി. അവസാനം ഇന്ദ്രന്റെ ഗൃഹത്തിലേയ്ക്ക് (സ്വർഗ്ഗം) കയറിച്ചെല്ലുകയും ചെയ്തു. ഈ വിധം ചിന്തിച്ച് ദു:ഖത്തെ വെടിഞ്ഞ് രാജ്യത്തെ അതിന്റെ എല്ലാ അംഗങ്ങളോടും കൂടി ഭരിയ്ക്കൂ.” രാജകുമാരൻ ഈ വാക്കുകൾ കേട്ട്,

ചീയുന്ന വ്രണത്തിൽ തീ തട്ടിയാലെന്നപോലെ അത്യന്തം അധൈര്യനായി. സ്വയം നിയന്ത്രിച്ചുകൊണ്ട് ഒരു ദീർഗ്ഗനിശ്വസം വിട്ട് പറഞ്ഞു: "ഹേ പാപിനി, നീ നമ്മുടെ കുലത്തിന്ന് സമ്പൂർണ്ണ നാശം വരുത്തിയിരിയ്ക്കുന്നു. നിനക്ക് മനസ്സിൽ ഇത്രയും ആഴ്ന്ന ദ്രോഹബുദ്ധി നിറഞ്ഞിരുന്നുവെങ്കിൽ എന്തുകൊണ്ടാണ് ഞാൻ ജനിച്ചതും എന്നെ നീ കൊല്ലാതിരുന്നത്? മരത്തിനെ മുറിച്ച് നീ ഇലയ്ക്ക് വെള്ളമൊഴിച്ചു; മീനിനെ ജീവിപ്പിയ്ക്കാൻ കുളത്തെ വറ്റിച്ചു."

ദോ:

ഹംസബംസു ദശരഥു ജനകു രാമ് ലഖന് സേ ഭാഇ,
ജനനീ തൂँ ജനനീ ഭഇ ബിധി സന് കഛു ന ബസാഇ. (161)

"എന്നെ സൂര്യവംശജനായും, ദശരഥരാജാവിനെ എന്റെ പിതാവായും, രാമനേയും ലക്ഷ്മണനേയും എന്റെ സഹോദരന്മാരായും അവകാശപ്പെടുന്ന എനിയ്ക്ക്, അമ്മേ, നീ എന്റെ അമ്മയായുമോ! ദൈവത്തിനെതിരിൽ ആരും തന്നെ അശക്തരാണ്." (161)

ചൗ:

ജബ് തൈം കുമതി കുമത് ജിയ്ँ ഠയഊ
ഖണ്ഡ് ഖണ്ഡ് ഹൊഇ ഹൃദയ് ന ഗയഊ,
ബര് മാഗത് മന് ഭഇ നഹിം പീരാ
ഗരി ന ജീഹ് മുഹ്ँ പരെഉ ന കീരാ, 1

ഭൂപ്ँ പ്രതീതി തോരി കിമി കീൻഹീ
മരന് കാല് ബിധി മതി ഹരി ലീൻഹീ,
ബിധിഹുँ ന നാരി ഹൃദയ് ഗതി ജാനീ
സകല് കപട് അഘ് അവഗുന് ഖാനീ. 2

സരല് സുസീല് ധരമ് രത് രാവൂ
സോ കിമി ജാനൈ തീയ് സുഭാഊ,
അസ് കോ ജീവ് ജന്തു ജഗ് മാഹീം
ജെഹി രഘുനാഥ് പ്രാനപ്രിയ് നാഹീം. 3

ഭേ അതി അഹിത് രാമു തെഉ തോഹീ
കോ തൂ അഹസി സത്യ് കഹു മോഹീ,
ജോ ഹസി സോ ഹസി മുഹ്ँ മസി ലാഇഊ
ആँഖി ഓട് ഉഠി ബൈഠഹി ജാഇഊ. 4

"ഹേ ദുഷ്ടബുദ്ധേ, ഈ കൂതന്ത്രം നിന്റെ മനസ്സിൽ രചിച്ചതും, എങ്ങനെയാണ് നിന്റെ ഹൃദയം കഷണം കഷണമായി ഉടഞ്ഞുപോകാതിരുന്നത്? വരങ്ങൾ ചോദിയ്ക്കുമ്പോൾ നിന്റെ മനസ്സാക്ഷിയുടെ കുത്തൽ നിനക്കനുഭവപ്പെട്ടില്ലേ? നിന്റെ നാവ് വീണു പോയില്ലേ?; നിന്റെ വായ പുഴുത്തു ചീഞ്ഞില്ലല്ലോ? രാജാവ് നിന്നെ എങ്ങനെ വിശ്വസിച്ചു? തീർച്ചയായും ദൈവം മരണത്തിന്നു മുമ്പ് അദ്ദേഹത്തിന്റെ ബുദ്ധിയെ കവർന്നിരിയ്ക്കും. എല്ലാ കപടതയുടേയും, പാപങ്ങളുടേയും, അവഗുണങ്ങളുടേയും ഭണ്ഡാരമായ സ്ത്രീഹൃദയത്തിന്റെ ഗതിയെ ഈശ്വരൻ കൂടി അറിഞ്ഞുകാണില്ല. രാജാവ് ശുദ്ധഗതിക്കാരനും, സുശീലനും, ധർമ്മനിരതനുമായിരുന്നു. അദ്ദേഹം ഒരു സ്ത്രീയുടെ സ്വഭാവത്തെ എങ്ങനെ അറിയാനാ? ഈ ലോകത്തിൽ രഘുനാഥനെ സ്വന്തം ജീവനെപ്പോലെ പ്രിയനായിക്കാണാത്ത ഏത് ജീവജന്തുവാണുള്ളത്? എന്നിട്ടും ആ രാമൻ കൂടി നിനക്ക് ഒരു വലിയ ശത്രുവായി കാണപ്പെട്ടു. അതിനാൽ, സത്യമായി പറയു, നീ ഏതു വർഗ്ഗത്തെ ചേർന്നവളാണ്? നീ ആരായാലും ശരി, നീ നിന്റെ മുഖത്തെ മഷി പുരട്ടി എന്റെ മുമ്പിൽനിന്നും പോയി എന്റെ ദൃഷ്ടിയിൽ പെടാതെ ഏവിടെയെങ്കിലും ചെന്നോളൂ."

ദോ:

രാമ് ബിരോധീ ഹൃദയ് തേം പ്രഗട് കീൻഹ് ബിധി മോഹി,
മോ സമാന് കോ പാതകീ ബാദി കഹഉँ കഛു തോഹി. (162)

"ദൈവം എന്നെ രാമന്ന് വിരോധമായ ഒരു ഹൃദയത്തിൽനിന്നും സൃഷ്ടിച്ചിട്ടുണ്ട്. എന്നെപ്പോലെ ഇത്രയും പാപിയായി വേറെയാരുണ്ട്? അതിനാൽ, ഞാൻ നിന്നെ ദൂഷണം പറയുന്നത് വൃഥാവാണ്." (162)

ചൗ:

സുനി സത്രുഘ്നു മാതു കുടിലാഈ
ജരഹിം ഗാത് രിസ് കഛു ന ബസാഈ,

തെഹി അവസര് കുബരീ തഹ്ँ ആഈ
ബസന് ബിഭൂഷന് ബിബിധ് ബനാഈ. 1

ലഖി രിസ് ഭരെഉ ലഖന് ലഘു ഭാഈ
ബരത് അനല് ഘൃത് ആഹുതി പാഈ,
ഹുമഗി ലാത് തകി കൂബര് മാരാ
പരി മുഹ് ഭര് മഹി കരത് പുകാരാ. 2

കൂബര് ടൂടെഉ ഫൂട് കപാരൂ
ദലിത് ദസന് മുഖ് രുധിര് പ്രചാരൂ,
ആഹ് ദഇഅ മൈം കാഹ് നസാവാ
കരത് നീക് ഫലു അനഇസ് പാവാ. 3

സുനി രിപുഹന് ലഖി നഖ് സിഖ് ഖോടീ
ലഗേ ഘസീടന് ധരി ധരി ഝോംടീ,
ഭരത് ദയാനിധി ദീൻഹി ഛഡാഈ
കൗസല്യാ പഹി ഗേ ദൊഉ ഭാഈ. 4

കൈകേയിയുടെ ദുശ്ചേഷ്ടകളെ കേട്ട ശത്രുഘ്നന്റെ ശരീരം ക്രോധം കൊണ്ട് ആളിക്കത്തി. പക്ഷേ ഒരു രക്ഷയുമുണ്ടായിരുന്നില്ല. അതേ സമയം കൂനി (മന്ഥര) പല ദിവ്യവസ്ത്രങ്ങളും ആഭരണങ്ങളുമണിഞ്ഞ് അവിടെ വന്നെത്തി. ആ സ്ത്രീയുടെ ദർശനം തന്നെ ലക്ഷ്മണ സഹോദരനെ, കത്തുന്ന തിയ്യിൽ നെയ്യൊഴിച്ചപോലെ കോപഭരിതനാക്കി. മുന്നോട്ട് ചാടി വന്ന് അവളുടെ കൂനിൽ ഉന്നം തെറ്റാതെ ഒരു ചവിട്ടു കൊടുത്തു. അവൾ മുഖം കീഴ്പ്പോട്ട് തട്ടി നിലത്തു വീണ് ഉറക്കെ നിലവിളിച്ചു. അവളുടെ കുന് പൊളിഞ്ഞു, തല പിളർന്നു, പല്ലുക ളുടഞ്ഞു, വായയിൽനിന്നും രക്തം ഒഴുകി. "ഹാ ദൈവമേ, ഞാനെന്തപരാധമാണ് ചെയ്തത്? തീർച്ചയായും ഇത് ഞാൻ ചെയ്ത സേവനങ്ങൾക്കുള്ള ദുഷ്പ്രതിഫലമാണ്." അതു കേട്ട്, അവളെ അടി മുതൽ മുടി വരെ ദുഷ്ടയായിക്കണ്ട് ശത്രുഘ്നൻ അവളുടെ തലമുടിയെ പിടിച്ച് വലിച്ചിഴയ്ക്കാൻ തടങ്ങി. അപ്പോൾ കൃപാലുവായ ഭരതൻ വന്ന് അവളെ രക്ഷിച്ചു. രണ്ടു സഹോദരന്മാരും പിന്നെ അമ്മ കൗസല്യയെ ചെന്നു കണ്ടു.

ദോ:

മലിന് ബസന് ബിബരന് ബികല് കൃസ് സരീർ ദുഖ് ഭാര്,
കനക് കല്പ് ബര് ബേലി ബന് മാനഹു് ഹനീ തുസാര്. (163)

മലിനമായ വസ്ത്രമണിഞ്ഞും, വാടിയ മുഖത്തോടും, ശോകത്താൽ വിവശയായി, തളർന്ന ശരീരത്തോടും കൂടിയ അവൾ കാട്ടിലെ മഞ്ഞിനാൽ വാട്ടപ്പെട്ട മനോഹരമായ സ്വർണ്ണത്താലായ കല്പവള്ളിയെപ്പോലെയിരുന്നു. (163)

ചൗ:

ഭരത്ഹി ദേഖി മാതു ഉഠി ധാഈ
മുരുഛിത് അവനി പരീ ഝഇ് ആഈ,
ദേഖത് ഭരതു ബികല് ഭഎ ഭാരീ
പരേ ചരന് തന് ദസാ ബിസാരീ. 1

മാതു താത് കഹ് ദേഹി ദെഖാഈ
കഹ് സിയ് രാമു ലഖനു ദൊഉ ഭാഈ,
കൈകഇ കത് ജനമീ ജഗ് മാഝാ
ജൗം ജനമി ത് ഭഇ കാഹെ ന ബാംഝാ. 2

കുല് കലംകു ജെഹിം ജനമെഉ മോഹീ
അപജസ് ഭാജന് പ്രിയജന് ദ്രോഹീ,
കോ തിഭുവന് മൊഹി സരിസ് അഭാഗീ
ഗതി അസി തോരി മാതു ജെഹിം ലാഗീ, 3

പിതു സുരപുര് ബന് രഘുബര് കേതൂ
മൈം കേവല് സബ് അനരഥ് ഹേതൂ,
ധിഗ് മൊഹി ഭയഉ് ബേനു ബന് ആഗീ
ദുസഹ് ദാഹ് ദുഖ് ദൂഷന് ഭാഗീ. 4

ഭരതനെ കണ്ടപ്പോൾ മാതാവ് കൗസല്യ എഴുന്നേറ്റ് അവനെ കണ്ടുമുട്ടുവാൻ ഓടി; പക്ഷേ, അവൾ തലചുറ്റി ബോധംകെട്ട് നിലത്തു വീണു. അവളുടെ നിലയെ കണ്ട് ഭരതൻ അത്യന്തം വ്യാകുലനായി. തന്റെ

ശരീരത്തിന്റെ നിലയേയും മറന്ന് അവൻ സ്വയം അവളുടെ പാദങ്ങളിൽ വീണു. "അമ്മേ, എന്റെ പിതാവിനെ എനിയ്ക്ക് കാണിച്ചു തരൂ. സീതയും രണ്ടു സഹോദരന്മാരും എവിടെ? എന്തിനാണ് കൈകേയി ഈ ലോകത്തിൽ ജനിച്ചത്? ജനിച്ചാലും, എന്തുകൊണ്ടാണവൾ, കുലത്തിന്നു കളങ്കം വരുത്തിയ, ദുഷ്കീർത്തിയുടെ പാത്രവും, പ്രിയജനദ്രോഹിയുമായ എന്നെ പ്രസവിയ്ക്കുന്നതിന്നു പകരം മലടിയായിരിയ്ക്കാത്തത്? മൂന്നു ലോകങ്ങളിലും എന്നിലും വലിയ നിർഭാഗ്യവാൻ വേറെയാരുണ്ട്? ഞാൻ കാരണമല്ലേ, അമ്മേ, നിങ്ങൾക്ക് ഈ ഗതിയായത്? എന്റെ പിതാവ് സ്വർഗ്ഗത്തിലും, രഘുവംശത്തിന്റെ നായകനായ ശ്രീരാമൻ കാട്ടിലും! എല്ലാ അനർത്ഥങ്ങൾക്കും ഞാനൊരുവൻ മാത്രമാണ് കാരണം. എന്റെ കുലമാകുന്ന മുളംകൂട്ടത്തിന്ന് തീയായും., ദുസ്സഹമായ മനോവേദനയ്ക്കും, ദു:ഖത്തിന്നും, ദൂഷണത്തിന്നും പാത്രമായും തീർന്ന എനിയ്ക്ക് ധിക്കാരമാണ്."

ദോ:

മാതു ഭരത് കേ ബചന് മൃദു സുനി പുനി ഉഠീ സ്ँഭാരി,
ലിഏ ഉഠാഇ ലഗാഇ ഉര് ലോചന് മോചതി വാരി. (164)

ഭരതന്റെ ഈ മൃദുവായ വാക്കുകളെ കേട്ട് കൗസല്യ വീണ്ടും ശ്രമത്തോടെ എഴുന്നേറ്റ് അവനെ തൂക്കിയെടുത്ത്, കണ്ണുകളിൽനിന്നും അശ്രുധാരയൊഴുക്കിക്കൊണ്ട് മാറോടണച്ചു. (164)

ചൗ:

സരല് സുഭായ് മായ്ँ ഹിയ്ँ ലാഏ
അതി ഹിത് മനഹുँരാമ് ഫിരി ആഏ,
ഭേംടെഉ ബഹുരി ലഖന് ലഘു ഭാഈ
സോകു സനേഹു ന ഹൃദയ് സമാഈ. 1

ദേഖി സുഭാഉ കഹത് സബ് കോഈ
രാമ് മാത് അസ് കാഹെ ന ഹോഈ,
മാതാँ ഭരതു ഗോദ് ബൈഠാരേ
ആँസു പോംഛരി മൃദു ബചന് ഉചാരേ. 2

അജഹു് ബച്ഛ് ബലി ധീരജ് ധരഹൂ
കുസമഉ സമുഝി സോക് പരിഹരഊ,
ജനി മാനഹു ഹിയ്ഹാനി ഗ്ലാനീ
കാല് കരമ് ഗതി അഘടിത് ജാനീ. 3

കാഹുഹി ദോസു ദേഹു ജനി താതാ
ഭാ മൊഹി സബ് ബിധി ബാമ് ബിധാതാ,
ജോ എതഹ് ദുഖ് മോഹി ജിആവാ
അജ്ഹു് കൊ ജാനഇ കാ തെഹി ഭാവാ. 4

നിഷ്കപടസ്വഭാവമുള്ള അമ്മ കൗസല്യ അവനെ, ശ്രീരാമൻ തന്നെ തിരിച്ചു വന്നപോലെ അത്യന്തം വാത്സല്യത്തോടെ മറോടണച്ചു. അവൾ പിന്നെ ലക്ഷ്മണന്റെ അനുജനേയും മാറോടണച്ചു. അവളുടെ ഹൃദയം ശോകം കൊണ്ടും സ്നേഹം കൊണ്ടും നിറഞ്ഞു വഴിഞ്ഞിരുന്നു. അവളുടെ സ്നേഹഭാവത്തെക്കണ്ടവരെല്ലാം പറഞ്ഞു: 'ശ്രീരാമന്റെ അമ്മ യല്ലേ, അങ്ങനെയല്ലാതെ എങ്ങനെയാവാനാ?' അമ്മ ഭരതനെ തന്റെ മടിയിലിരുത്തി, അവന്റെ കണ്ണീരിനെ തുടച്ചുകൊണ്ട് മൃദുവായ വാക്കു കളിൽ പറഞ്ഞു: "വത്സ, ഞാനാണയായി പറയുന്നു, ഇപ്പോൾ നീ സ്വയം നിയന്ത്രിയ്ക്കണം. പ്രതികൂലമായ സമയമാണെന്നു കണ്ട് ദു:ഖത്തെ പരിഹരിയ്ക്കൂ. നമുക്കുണ്ടായ നാശനഷ്ടത്തെ മനസ്സിൽ എടുക്കാതെ, സമയത്തിന്റേയും ദൈവത്തിന്റേയും ഗതി മാറ്റാനാവാത്തതാണെന്ന റിഞ്ഞ് അതിന്നായി പശ്ചാത്തപിയ്ക്കാതിരിയ്ക്കൂ. മകനേ, ആരേയും കുറ്റ പ്പെടുത്തരുത്. ദൈവമാണ് എല്ലാവിധത്തിലും എനിയ്ക്കെതിരായിരിയ്ക്കുന്നത്. ഇത്രയും കഷ്ടമുള്ള പരിതസ്ഥിതിയിലും എന്നെ അവൻ ജീവിയ്ക്കാൻ നിർബന്ധിതയാക്കുന്നുവെങ്കിൽ, ഇപ്പോഴും എന്നെക്കുറിച്ച് അവന്റെ ഭാവം എന്താണെന്നാർക്കറിയാം?"

ദോ:
പിതു ആയസ് ഭൂഷന് ബസന് താത് തജേ രഘുബീര്,
ബിസ്മയും ഹരഷു ന ഹൃദയ് കഛു പഹിരേ ബല്കല് ചീര്. (165)

"താത, തന്റെ പിതാവിന്റെ ആദേശമനുസരിച്ച് രഘുവീരൻ തന്റെ ആഭരണങ്ങളേയും വസ്ത്രങ്ങളേയും ത്യജിച്ച്, ഹൃദയത്തിൽ ശോകമോ സന്തോഷമോ കൂടാതെ മരവുരിയുടുത്തു." (165)

ചൗ:

മുഖ് പ്രസന്ന് മന് രംഗ് ന രോഷൂ
സബ് കര് സബ് ബിധി കരി പരിതോഷൂ,
ചലേ ബിപിന് സുനി സിയ് സ്ംഗ് ലാഗീ
രഹഇ ന രാമ് ചരന് അനുരാഗീ. 1

സുനത്ഹി ലഖനു ചലേ ഉഠി സാഥാ
രഹഹിം ന ജതന് കിഏ രഘുനാഥാ,
തബ് രഘുപതി സബ്ഹീ സിരു നാഈ
ചലേ സംഗ് സിയ് അരു ലഘു ഭാഈ. 2

രാമു ലഖനു സിയ് ബന്ഹി സിധാഏ
ഗഇഉ്ം ന സംഗ് പ്രാന് പഠാഏ,
യഹു സബു ഭാ ഇൻഹ് ആ്ംഖിൻഹ് ആഗേം
തഉ ന തജാ തനു ജീവ് അഭാഗേം. 3

മൊഹി ന ലാജ് നിജ് നേഹു നിഹാരീ
രാമ് സരിസ് സുത് മൈം മഹതാരീ,
ജിഐ മരൈ ഭല് ഭൂപതി ജാനാ
മോര് ഹൃദയ് സത് കുലിസ് സമാനാ. 4

"പ്രസന്നമുഖനായി, മനസ്സിൽ സന്തോഷമോ, ദ്വേഷ്യമോ കൂടാതെ, അവൻ എല്ലാവരേയും എല്ലാവിധത്തിലും സമാധാനിപ്പിച്ച് കാട്ടിലേയ്ക്ക് പോയി. ഇതൂ കേട്ട് രാമന്റെ പാദങ്ങളിൽ അനുരാഗമുള്ള സീത വീട്ടിൽ താമസിയ്ക്കാതെ അവനെ അനുഗമിച്ചു. ഇതു കേട്ട് ലക്ഷ്മണനും ചാടി എഴുന്നേറ്റ് അവരുടെ പിന്നാലെ ഇറങ്ങി. രഘുനാഥൻ അവനെ പിടിച്ചു നിർത്താൻ ആവുന്നതും ശ്രമിച്ചുവെങ്കിലും, അവൻ നിന്നില്ല. രഘുപതി എല്ലാവരേയും വണങ്ങി, സീതയോടും അനുജനോടും കൂടി പുറപ്പെട്ടു പോയി. അങ്ങനെ രാമനും, ലക്ഷ്മണനും, സീതയും കാട്ടിലേയ്ക്ക് പോയി.

ഞാൻ അവരോടു കൂടെ പോവുകയോ, എന്റെ പ്രാണനെ അവരുടെകൂടെ (ശരീരത്തെ ഇവിടെ വിട്ട്) അയയ്ക്കുകയോ ചെയ്തില്ല. എല്ലാം തന്നെ ഈ കണ്ണുകൾക്ക് മുമ്പിൽ സംഭവിച്ചു എങ്കിലും ഈ ഭാഗ്യഹീനമായ പ്രാണൻ ശരീരത്തെ വിട്ടു പിരിഞ്ഞില്ല. രാമനെപ്പോലുള്ള ഒരു പുത്രന്ന് എന്നെ പ്പോലുള്ളൊരമ്മയുണ്ടായല്ലോ എന്ന് ചിന്തിച്ച് എന്റെ സ്നേഹത്തെക്കുറിച്ച് എനിയ്ക്ക് യാതൊരു ലജ്ജയുമില്ല. രാജാവിന്ന് എങ്ങനെ ജീവിയ്ക്കണമെന്നും എങ്ങനെ മരിയ്ക്കണമെന്നും നല്ലപോലെ അറിയാമായിരുന്നു. പക്ഷേ എന്റെ ഹൃദയം വജ്രത്തെക്കാൾ നുറു മടങ്ങ് കഠിനമായതാണ്."

ദോ:

കൗസല്യാ കേ ബചന് സുനി ഭരത് സഹിത് രനിവാസു,
ബ്യാകുല് ബിലപത് രാജഗൃഹ് മാനഹു്ँ സോക് നെവാസു. (166)

കൗസല്യയുടെ വാക്കുകൾ കേട്ട് ഭരതനും അന്തഃപുരം മുഴുവനും വ്യാകുലതയോടെ വിലപിയ്ക്കുവാൻ തുടങ്ങി. രാജഭവനം ശോകത്തിന്റെ നിവാസസ്ഥലം പോലെയിരുന്നു. (166)

ചൗ:

ബിലപഹിം ബികല് ഭരത് ദൊഉ ഭാഇൗ
കൗസല്യാँ ലിഎ ഹൃദയ്ँ ലഗാഇൗ,
ഭാँതി അനേക് ഭരതു സമുഝാഏ
കഹി ബിബേക്മയ് ബചന് സുനാഏ. 1

ഭരത്ഹുँ മാതു സകല് സമുഝാഇൗം
കഹി പുരാന് ശ്രുതി കഥാ സുഹാഇൗँ,
ഛല് ബിഹീന് സുചി സരല് സുബാനീ
ബോലേ ഭരത് ജോരി ജുഗ് പാനീ. 2

ജേ അഘ് മാതു പിതാ സുത് മാരേം
ഗാഇ ഗോഠ് മഹിസുര് പുര് ജാരേം,
ജേ അഘ് തിയ് ബാലക് ബധ് കീൻഹേം
മീത് മഹീപതി മാഹുര് ദീൻഹേം. 3

ജേ പാതക് ഉപപാതക് അഹഹീം
കരമ് ബചന് മന് ഭവ് കബി കഹഹീം,
തേ പാതക് മൊഹി ഹോഹു് ബിധാതാ
ജൗം യഹു ഹോഇ മോര് മത് മാതാ. 4

അത്യന്തം അസ്വസ്ഥരായി രണ്ടു സഹോദരന്മാരും – ഭരതനും ശത്രുഘ്നനും – ഉറക്കെ വിലപിച്ചു. കൗസല്യ അവരെ മാറോടണച്ചു. അവൾ ഭരതനെ പലവിധത്തിൽ സമാധാനിപ്പിച്ച് വിവേകം നിറഞ്ഞ വാക്കുകളെ പറഞ്ഞു കേൾപ്പിച്ചു. ഭരതനും, തന്റെ എല്ലാ അമ്മമാരേയും പുരാണങ്ങളിൽനിന്നും വേദങ്ങളിൽനിന്നും പല കഥകളെ പറഞ്ഞ് സമാധാനിപ്പിച്ചു. തന്റെ കൈകളെ കൂപ്പിക്കൊണ്ട് അവൻ അവരോട് നിഷ്കപടവും, ശുദ്ധവും, സരളവുമായ നല്ല വാക്കുകൾ പറഞ്ഞു. "ഒരുവന്റെ അമ്മയേയോ, അച്ഛനേയോ, മകനേയോ കൊലചെയ്താലുള്ള പാപങ്ങൾ, ഒരു പശുക്കളുടെ തൊഴുത്തിനേയോ, ബ്രാഹ്മണർ വസിയ്ക്കുന്ന ഗ്രാമത്തേയോ തീ കൊളുത്തി എരിച്ചാലുള്ള പാപങ്ങൾ, ഒരു സ്ത്രീയേയോ, ശിശുവിനേയോ വധിച്ചാലുള്ള പാപങ്ങൾ, ഒരു സുഹൃത്തിന്നോ രാജാവിന്നോ വിഷം കൊടുത്താലുള്ള പാപങ്ങൾ, മാത്രമല്ല, മഹാന്മാരാൽ ഘോഷിയ്ക്കപ്പെട്ട, മനസാ വാചാ കർമ്മണാ ചെയ്യപ്പെടുന്ന ചെറുതും വലുതുമായ പാപങ്ങളെല്ലാം തന്നെ, അമ്മേ, എനിയ്ക്ക് ഈ കുതന്ത്രത്തിൽ പങ്കുണ്ടെങ്കിൽ, എന്നെ ചേരട്ടെ."

ദോ:

ജേ പരിഹരി ഹരി ഹര് ചരന് ഭജഹിം ഭൂതഗന് ഘോര്,
തെഹി കഇ ഗതി മൊഹി ദേഉ ബിധി ജൗം ജനനീ മത് മോര്. (167)

"അമ്മേ, എനിയ്ക്ക് ഈ ഗൂഢാലോചനയിൽ പങ്കുണ്ടെങ്കിൽ, ശ്രീഹരിയുടേയും ശിവന്റേയും പാദങ്ങളെ ത്യജിച്ച് ഭയങ്കരമായ ഭൂതഗണങ്ങളെ ഭജിയ്ക്കുന്നവർക്കുള്ള ഗതിയെ ദൈവം എനിയ്ക്കു തരട്ടെ." (167)

ചൗ:

ബേചഹിം ബേദു ധരമു ദുഹി ലേഹീം
പിസുന് പരായ് പാപ് കഹി ദേഹീം,
കപടീ കുടില് കലഹപ്രിയ് ക്രോധീ

ബേദ് ബിദൂഷക് ബിസ്വ ബിരോധീ. 1

ലോഭീ ലമ്പട് ലോലുപ്ചാരാ
ജേ താകഹിം പരധനു പരദാരാ,
പാവൗം മൈം തിൻഹ് കൈ ഗതി ഘോരാ
ജൗം ജനനീ യഹു സമ്മത് മോരാ. 2

ജേ നഹി സാധുസംഗ് അനുരാഗേ
പരമാരഥ് പഥ് ബിമുഖ് അഭാഗേ,
ജേ ന ഭജഹിം ഹരി നരതനു പാഈ
ജിൻഹഹി ന ഹരി ഹര് സുജസു സൊഹാഈ. 3

തജി ശ്രുതി പംഥു ബാമ് പഥ് ചലഹീം
ബഞ്ചക് ബിരചി ബേഷ് ജഗു ഛലഹീം,
തിൻഹ് കൈ ഗതി മൊഹി സങ്കര് ദേഊ
ജനനീ ജൗം യഹു ജാനൗം ഭേഊ. 4

"അമ്മേ, ഇതിലെല്ലാറ്റിലും എന്റെ സമ്മതമുണ്ടെങ്കിൽ വേദത്തെ വില്ക്കുന്നവരുടേയും, ധർമ്മത്തെ ചൂഷണം ചെയ്യുന്നവരുടേയും, ഏഷണികൂട്ടുന്നവരുടേയും, അന്യരുടെ പാപങ്ങളെ പറഞ്ഞു നടക്കുന്നവരുടേയും, കപടതയുള്ളവരുടേയും, ദുഷ്ടന്മാരുടേയും, കലഹപ്രിയന്മാരുടേയും, ക്രോധികളുടേയും, വേദങ്ങളെ ദുഷിയ്ക്കുന്നവരുടേയും, വിശ്വത്തിന്നു മുഴുവൻ തന്നെ ശത്രുക്കളായുള്ളവരുടേയും, പിന്നെ ലോഭികളുടേയും, കാമാസക്തരുടേയും, അത്യാർത്തിയുള്ളവരുടേയും, പരധനത്തിലും പരദാരങ്ങളിലും കണ്ണുവെയ്ക്കുന്നവരുടേയും ഘോരമായ ഗതിയെ ഞാനടയട്ടെ. അമ്മേ, ഈ രഹസ്യത്തെ ഞാനറിഞ്ഞിരുന്നുവെങ്കിൽ, പരമേശ്വരൻ എനിയ്ക്ക് സാധുസംഗത്തിൽ പ്രേമമില്ലാത്തവരുടേയും, പരമാർത്ഥമാർഗ്ഗത്തിൽനിന്നും വിമുഖരായ ഭാഗ്യഹീനന്മാരുടേയും, മനുഷ്യശരീരം ലഭിച്ചിട്ടും ഹരിയെ ഭജിയ്ക്കാത്തവരുടേയും, ശ്രീഹരിയുടേയും ശിവന്റേയും സത്കീർത്തിയിൽ ആനന്ദിയ്ക്കാത്തവരുടേയും, വേദമാർഗ്ഗത്തെ വെടിഞ്ഞ് വിപരീതമാർഗ്ഗങ്ങളെ അനുസരിയ്ക്കുന്നവരുടേയും, വഞ്ചകരുടേയും, കപടവേഷം ധരിച്ച് ലോകത്തെ വഞ്ചിയ്ക്കുന്നവരുടേയും ഗതിയെ തരട്ടെ."

ദോ:

മാതു ഭരത് കേ ബചന് സുനി സാँചേ സരല് സുഭായँ,
കഹതി രാമ് പ്രിയ് താത് തുംഹ് സദാ ബചന് മന് കായँ (168)

ഭരതന്റെ നേരും, നിഷ്കപടവും, യഥാർത്ഥവുമായ വാക്കുകളെ കേട്ട് അമ്മ കൗസല്യ പറഞ്ഞു: "പ്രിയ വത്സ, നീ എപ്പോഴും മനസാ വാചാ കർമ്മണാ ശ്രീരാമന്റെ പ്രിയനാണ്." (168)

ചൗ:

രാമ് പ്രാനഹു തെം പ്രാന് തുംഹാരേ
തുംഹ് രഘുപതിഹി പ്രാനഹു തേം പ്യാരേ,
ബിധു ബിഷ് ചവൈ സ്രവൈ ഹിമു ആഗീ
ഹോഇ ബാരിചര് ബാരി ബിരാഗീ. 1

ഭഏँ ഗ്യാനു ബരു മിടൈ ന മോഹൂ
തുംഹ് രാമ്ഹി പ്രതികൂല് ന ഹോഹൂ,
മത് തുംഹാര് യഹു ജോ ജഗ് കഹഹീം
സോ സപനെഹുँസുഖ് സുഗതി ന ലഹഹീം. 2

അസ് കഹി മാതു ഭരത് ഹിയँ ലാഏ
ഥന് പയ് സ്രവഹിം നയന് ജല് ഛാഏ,
കരത് ബിലാപ് ബഹുത് യഹ് ഭാँതീ
ബൈഠെഹിം ബീതി ഗഇൗ സബ് രാതീ. 3

ബാമദേവ് ബസിഷ്ഠ് തബ് ആഏ
സചിവ് മഹാജന് സകല് ബൊലാഏ,
മുനി ബഹു ഭാँതി ഭരത് ഉപദേസേ
കഹി പരമാരഥ് ബചന് സുദേസേ. 4

"രാമൻ നിനക്ക് നിന്റെ ജീവനേക്കാൾ പ്രിയനാണ്. അതുപോലെ രഘുപതിയ്ക്ക് നീ അവന്റെ പ്രാണനേക്കാളും പ്രിയനാണ്. ചന്ദ്രൻ (ചന്ദ്രികയ്ക്കു പകരം) വിഷം പരത്താം; ഹിമം തീയിനെ കക്കാം, ജലജീവി ജലത്തെ ത്യജിയ്ക്കാം; ഞ്ജാനം മോഹത്തെ നിവർത്തിയ്ക്കാതിരിയ്ക്കാം; പക്ഷേ

ഒരുവിധത്തിലും നീ രാമന്ന് പ്രതികൂലമായിരിയ്ക്കില്ല. ഈ കുതന്ത്രം നിന്റെ സഹയോഗത്തോടുകൂടിയാണ് രചിയ്ക്കപ്പെട്ടതെന്ന് ഈ ലോകത്തിൽ പറയുന്നവരെല്ലാവരും തന്നെ ഒരിയ്ക്കലും സ്വപ്നത്തിൽക്കൂടി സുഖമായിരിയ്ക്കുകയോ, സദ്ഗതിയെ പ്രാപിയ്ക്കുകയോ ചെയ്യില്ല." എന്നു പറഞ്ഞുകൊണ്ട് അമ്മ കൗസല്യ ഭരതനെ മാറോടണച്ചു. അവളുടെ സ്തനങ്ങളിൽനിന്നും പാൽ ചുരന്നു. കണ്ണുകൾ നിറഞ്ഞു. ഈവിധം അവർ രാത്രി മുഴുവൻ അത്യധികം വിലപിച്ചുകൊണ്ടിരുന്നു. വാമദേവമുനിയും വസിഷ്ഠമുനിയും അപ്പോൾ അവിടെ വന്ന് എല്ലാ മന്ത്രിമാരേയും, നഗരപ്രധാനികളേയും വിളിച്ചു വരുത്തി. വസിഷ്ഠമുനി ഭരതനെ പലവിധ ത്തിൽ ഉപദേശിച്ച് സന്ദർഭോചിതമായ തത്ത്വവചനങ്ങളെ പറഞ്ഞു.

ദോ:

താത് ഹൃദയ് ധീരജ് ധരഹു കരഹു ജൊ അവസര് ആജു,
ഉഠേ ഭരത് ഗുര് ബചന് സുനി കരന് കഹെഉ സബു സാജു. (169)

"വത്സ, മനോധൈര്യത്തോടെയിരിയ്ക്കൂ. ഇന്ന് ഈ സന്ദർഭത്തിനൊത്ത കുര്യങ്ങളെ ചെയ്യൂ." ഗുരുവിന്റെ വാക്കുകളെ കേട്ട് ഭരതൻ എഴുന്നേറ്റ് എല്ലാ ഒരുക്കങ്ങളും ചെയ്യാൻ പറഞ്ഞു. (169)

ചൗ:

നൃപതനു ബേദ് ബിദിത് അൻഹവാവാ
പരമ് ബിചിത്ര് ബിമാനു ബനാവാ,
ഗഹി പദ് ഭരത് മാതു സബ് രാഖീ
രഹീം രാനി ദര്സന് അഭിലാഷീ. 1

ചന്ദന് അഗര് ഭാര് ബഹു ആഏ
അമിത് അനേക് സുഗന്ധ് സുഹാഏ,
സരജു തീര് രചി ചിതാ ബനാഈ
ജനു സുരപുര് സോപാന് സുഹാഈ. 2

എഹി ബിധി ദാഹ് ക്രിയാ സബ് കീൻഹീ
ബിധിവത് ൻഹാഇ തിലാഞ്ജുലി ദീൻഹീ,

സോധി സുമൃതി സബ് ബേദ് പുരാനാ
കീൻഹ് ഭരത് ദസഗാത് ബിധാനാ, 3

ജഹ്ँ ജസ് മുനിബര് ആയസു ദീൻഹാ
തഹ്ँ തസ് സഹസ് ഭാँതി സബു കീൻഹാ,
ഭഏ ബിസുദ്ധ് ദിഏ സബ് ദാനാ
ധേനു ബാജി ഗജ് ബാഹന് നാനാ. 4

അദ്ദേഹം രാജാവിന്റെ മൃതദേഹത്തെ വേദവിധിപ്രകാരം കുളിപ്പിച്ച് അതി വിചിത്രമായ ഒരു വിമാനം ഉണ്ടാക്കിച്ചു. തന്റെ അമ്മമാരുടെ പാദങ്ങളെ കെട്ടിപ്പിടിച്ചുകൊണ്ട് ഭരതൻ അവരെ (ചിതയിൽ കയറുന്നതിൽനിന്നും) തടുത്തു. ശ്രീരാമനെ വീണ്ടും കാണാനുള്ള പ്രതീക്ഷയിൽ റാണിമാർ വിരമിച്ചു. ചന്ദനം, അഗരു, മറ്റും പല ദിവ്യങ്ങളായ സുഗന്ധമുള്ള വിറകുകളും മറ്റും അനവധി ചുമടുകളിൽ വന്നെത്തി. സരയൂനദിയുടെ തീരത്തിൽ ചിതയെ ഉണ്ടാക്കി. അത് സ്വർഗ്ഗത്തെ തൊടുന്ന മനോഹര മായ ഏണിപ്പടിയെപ്പോലെയിരുന്നു. ഈവിധം ദാഹക്രിയയെല്ലാം ചെയ്ത് വിധിപ്രകാരം സ്നാനം ചെയ്ത് പരേതാത്മാവിന്ന് എള്ളും ജലവും കൊടുത്തു. സ്മൃതിയുടേയും, വേദങ്ങളുടേയും, പുരാണങ്ങ ളുടേയും മതപ്രകാരം ഭരതൻ ദശഗാത്രമെന്ന കർമ്മത്തെ അനുഷ്ഠിച്ചു. മുനിവരനായ വസിഷ്ഠൻ എന്തെല്ലാം ആദേശങ്ങൾ കൊടുത്തുവോ, അവയെ എല്ലാം ഭരതൻ ആയിരം വിധത്തിൽ ആചരിച്ചു. പുലകുളി കഴിഞ്ഞു ശുദ്ധമായ ശേഷം അവൻ എല്ലാവിധ ദാനധർമ്മങ്ങളും ചെയ്തു. അവൻ പശുക്കളേയും, കുതിരകളേയും, ആനകളേയും, പലവിധ വാഹനങ്ങളേയും ദാനം ചെയ്തു.

ദോ:
സിംഘാസന് ഭൂഷന് ബസന് അന്ന് ധരനി ധന് ധാമ്,
ദിഏ ഭരത് ലഹി ഭൂമിസുര് ഭേ പരിപൂരന് കാമ്. (170)

സിംഹാസനങ്ങളും, ആഭരണങ്ങളും, വസ്ത്രങ്ങളും, ധാന്യങ്ങളും, ഭൂമിയും, ധനവും, ഗൃഹങ്ങളും ഭരതൻ ദാനം ചെയ്തു. ആവയെല്ലാം ലഭിച്ച് ബ്രാഹ്മണർക്ക് അവരുടെ എല്ലാ ആവശ്യങ്ങളും പൂർത്തിയായി. (170)

ചൗ:

പിതു ഹിത് ഭരത് കീൻഹി ജസി കരനീ
സോ മുഖ ലാഖ് ജാഇ നഹിം ബരനീ,
സുദിനു സോധി മുനിബര് തബ് ആഏ
സചിവ് മഹാജന് സകല് ബൊലാഏ. 1

ബൈഠേ രാജസഭാ് സബ് ജാഈ
പഠഏ ബോലി ഭരത് ദൊഉ ഭാഈ,
ഭരതു ബസിഷ്ഠ് നികട് ബൈഠാരേ
നീതി ധരമ്മയ് ബചന് ഉചാരേ. 2

പ്രഥമ് കഥാ സബ് മുനിബര് ബരനീ
കൈകഇ കുടില് കീൻഹി ജസി കരനീ,
ഭൂപ് ധരമ്ബ്രതു സത്യ് സരാഹാ
ജെഹി തനു പരിഹരി പ്രേമു നിബാഹാ. 3

കഹത് രാമ് ഗുന് സീല് സുഭാഊ
സജല് നയന് പുലകെഉ മുനിരാഊ,
ബഹുരി ലഖന് സിയ് പ്രീതി ബഖാനീ
സോക് സനേഹ് മഗന് മുനി ഗ്യാനീ. 4

എതെല്ലാം കർമ്മങ്ങൾ ഭരതൻ തന്റെ പിതാവിന്നുവേണ്ടി ചെയ്തുവോ, അവയെ ലക്ഷം മുഖങ്ങളെക്കൊണ്ടും വർണ്ണിയ്ക്കാനാവില്ല. പിന്നെ ഒരു ശുഭദിനം നിശ്ചയിച്ച് മുനിവര്യൻ വന്ന് മന്ത്രിമാരേയും നഗരപ്രധാനികളേയും വിളിച്ചുവരുത്തി. ആവരെല്ലാവരും വന്ന് രാജസഭയിൽ ചെന്നിരുന്നു. രണ്ടു സഹോദരന്മാരേയും വിളിച്ചുവരുത്തി. വസിഷ്ഠൻ ഭരതനെ തന്റെ അടുത്തിരുത്തി അവനോട് നീതിയും ധർമ്മവും നിറഞ്ഞ വാക്കുകൾ പറഞ്ഞു. ആദ്യം മുനിവരൻ കൈകേയിയുടെ ദുഷ്കൃത്യങ്ങളെപ്പറ്റിയുള്ള കഥ മുഴുവൻ പറഞ്ഞ്, തന്റെ ജീവനെ കൊടുത്തും സ്നേഹത്തെ നേരായി പാലിച്ച രാജാവിന്റെ ധർമ്മവ്രതത്തേയും സത്യസന്ധതയേയും ശ്ലാഘിച്ചു. ശ്രീരാമന്റെ ഗുണഗണങ്ങളേയും, സൗശീല്യത്തേയും, സ്വഭാവശുദ്ധിയേയും പറ്റി പറയുമ്പോൾ ആ മുനീശ്വരന്റെ

കണ്ണുകൾ നിറഞ്ഞ് ശരീരം പുളകിതമായി. വീണ്ടും ലക്ഷ്മണന്നും സീതയ്ക്കും (രാമനോടുണ്ടായിരുന്ന) പ്രീതിയെ പ്രശംസിച്ചപ്പോൾ ജ്ഞാനി യായ മുനി ശോകത്താലും സ്നേഹത്താലും ആവേശഭരിതനായി.

ദോ:

സുനഹു ഭരത് ഭാവീ പ്രബല് ബിലഖി കഹെഉ മുനിനാഥ്,
ഹാനി ലാഭു ജീവനു മരനു ജസു അപജസു ബിധി ഹാഥ്. (171)

“ഹേ ഭരത, കേൾക്കു: വിധിയുടെ ഗതി പ്രബലമാണ്.” മുനീശ്വരൻ ശോകത്തോടെ പറഞ്ഞു. “നഷ്ടവും ലാഭവും, ജീവിതവും മരണവും, കീർത്തിയും ദുഷ്കീർത്തിയും – എല്ലാം ദൈവത്തിന്നധീനമാണ്.” (171)

ചൗ:

അസ് ബിചാരി കെഹി ദേഇഅ ദോസൂ
ബ്യരഥ് കാഹി പര് കീജിഅ രോസൂ,
താത് ബിചാരു കരഹു മന് മാഹീം
സോച് ജോഗു ദസരഥു നൃപു നാഹീം. 1

സോചിഅ ബിപ്ര് ജൊ ബേദ് ബിഹീനാ
തജി നിജ് ധരമു ബിഷയ് ലയ്ലീനാ,
സോചിഅ നൃപതി ജൊ നീതി ന ജാനാ
ജെഹി ന പ്രജാ പ്രിയ് പ്രാന് സമാനാ. 2

സോചിഅ ബയസു കൃപന് ധനവാനൂ
ജോ ന അതിഥി സിവ് ഭഗതി സുജാനൂ,.
സോചിഅ സൂദ്രു ബിപ്ര് അവമാനീ
മുഖര് മാനപ്രിയ് ഗ്യാന് ഗുമാനീ. 3

സോചിഅ പുനി പതി ബഞ്ചക് നാരീ
കുടില് കലഹപ്രിയ് ഇച്ഛാചാരീ,
സോചിഅ ബടു നിജ് ബ്രതു പരിഹരഈ
ജോ നഹിം ഗുര് ആയസു അനുസരഈ. 4

“ഈവിധം ചിന്തിച്ച് ആരേയാണ് നാം കുറ്റം കാണേണ്ടത്? വ്യർത്ഥമായി ആരുടെ പേരിലാണ് നാം കോപിയ്ക്കേണ്ടത്? വത്സ, മനസ്സിൽ ചിന്തിയ്ക്കൂ: ദശരഥരാജാവ് ദു:ഖിയ്ക്കാനർഹനല്ല. വേദജ്ഞാനമില്ലാത്ത, സ്വന്തം ധർമ്മത്തെ ത്യജിച്ച് വിഷയസുഖങ്ങളിൽ ലയച്ചിരിയ്ക്കുന്ന ബ്രാഹ്മണൻ ശോചനീയനാണ്. രാജനീതിയറിയാത്ത, തന്റെ പ്രജകളെ തന്റെ ജീവനെ പ്പോലെ സ്നേഹിയ്ക്കാത്ത രാജാവ് ശോചനീയനാണ്. ധനികനാണെങ്കിലും പിശുക്കനും, അതിഥിസല്ക്കാരത്തിലും ശിവഭക്തിയിലും ഈടുപാടില്ലാത്തവനുമായ വൈശ്യൻ ശോചനീയനാണ്. ബ്രാഹ്മണരെ അവമതിയ്ക്കുന്നവനും, അതിവാചാലനും, തന്റെ അറിവിൽ അഭിമാനിയ്ക്കുന്നവനും, സന്മാനത്തെ മോഹിയ്ക്കുന്നവനുമായ ശൂദ്രൻ ശോചനീയനാണ്. തന്റെ ഭർത്താവിനെ വഞ്ചിയ്ക്കുന്നവളും, കുലടയും, കലഹപ്രിയയും, സ്വേച്ഛാചാരിണിയുമായ സ്ത്രീ ശോചനീയയാണ്. തന്റെ വ്രതത്തെ തിരസ്കരിയ്ക്കുന്നവനും ഗുരുവിന്റെ ആദേശങ്ങളെ അനുസരിയ്ക്കാത്തവനുമായ ബ്രഹ്മചാരി ശോചനീയനാണ്.”

ദോ:

സോചിഅ ഗൃഹീ ജോ മോഹ് ബസ് കരഇ കരമ് പഥ് ത്യാഗ്,
സോചിഅ ജതീ പ്രപഞ്ച് രത് ബിഗത് ബിബേക് ബിരാഗ്. (172)

“മാത്രമല്ല, മോഹവശാൽ തന്റെ കർമ്മങ്ങളെ ത്യജിയ്ക്കുന്ന ഗൃഹസ്ഥൻ ശോചനീയനാണ്. സംസാരാസക്തനും, വിവേകവും വൈരാഗ്യവുമില്ലാത്ത സന്യാസി ശോചനീയനാണ്.” (172)

ചൗ:

ബൈഖാനസ് സൊഇ സോചൈ ജോഗൂ
തപു ബിഹാഇ ജെഹി ഭാവഇ ഭോഗൂ,
സോചിഅ പിസുന് അകാരന് ക്രോധീ
ജനനി ജനക് ഗുര് ബന്ധു ബിരോധീ. 1

സബ് ബിധി സോചിഅ പര് അപകാരീ
നിജ് തനു പോഷക് നിർദയ് ഭാരീ,

സോചനീയ് സബ്ഹീം ബിധി സോഈ
ജോ ന ഛാഡി ഛലു ഹരി ജന് ഹോഈ. 2

സോചനീയ് നഹിം കോസലരാഊ
ഭുവന് ചാരിദസ് പ്രഗട് പ്രഭാഊ,
ഭയഉ ന അഹഇ ന അബ് ഹൊനിഹാരാ
ഭൂപ് ഭരത് ജസ് പിതാ തുംഹാരാ. 3

ബിധി ഹരി ഹരു സുരപതി ദിസിനാഥാ
ബരനഹിം സബ് ദസരഥ് ഗുന് ഗാഥാ. 4

“തപശ്ചര്യയെ വെടിഞ്ഞ് സുഖഭോഗങ്ങളിൽ ആസക്തിവളർത്തുന്ന യോഗി ശോചനീയനാണ്. കാരണമില്ലാതെ ദ്വേഷ്യപ്പെടുന്ന ഏഷണിക്കാരൻ ശോചനീയനാണ്. തന്റെ മാതാപിതാക്കളേയും ഗുരുവിനേയും, സഹോദരന്മാരേയും വിരോധിയ്ക്കുന്നവൻ ശോചനീയനാണ്. മറ്റുള്ളവരെ എല്ലാവിധത്തിലും ഉപദ്രവിയ്ക്കുന്ന, തന്റെ ശരീരത്തെ മാത്രം പോഷിപ്പിയ്ക്കുന്ന, അത്യന്തം നിർദ്ദയനായ ഒരുവൻ ശോചനീയനാണ്. ശ്രീഹരിയിങ്കൽ നിഷ്കപടമായ ഭക്തിയില്ലാത്തവൻ എല്ലാവിധത്തിലും ശോചനീയനാണ്. കോസലരാജാവ് ശോചനാർഹനേ അല്ല. എന്തെന്നാൽ അദ്ദേഹത്തിന്റെ പ്രഭാവം പതിന്നാലു ലോകങ്ങളിലും പരന്നതാണ്. ഹേ ഭരത, നിന്റെ പിതാവിനെപ്പോലൊരു ഭൂപതി ഇതുവരെ ഉണ്ടായിട്ടുമില്ല, ഇപ്പോഴുമില്ല, ഇനി ഉണ്ടാവാൻ പോകുന്നുമില്ല. ബ്രഹ്മാവും, വിഷ്ണുവും, ശിവനും, ഇന്ദ്രനും, ദിക്പാലന്മാരും ദശരഥരാജാവിന്റെ സ്തുതിയെ പാടുന്നു.”

ദോ:

കഹഹു താത് കെഹി ഭാँതി കൊഉ കരിഹി ബഡാഈ താസു,
രാമ് ലഖന് തുംഹ് സത്രുഹന് സരിസ് സുഅന് സുചി ജാസു. (173)

“താത, പറയൂ, രാമനേയും, ലക്ഷ്മണനേയും, നിന്നേയും, ശത്രുഘ്നനേയും പോലെ ധർമ്മശീലന്മാരായ പുത്രന്മാരെ കൊണ്ട അദ്ദേഹത്തെ ആർക്കാണ് സ്തുതിയ്ക്കാനാവുക? (173)

ചൗ:

സബ് പ്രകാര് ഭൂപതി ബഡ്ഭാഗീ
ബാദി ബിഷാദു കരിഅ തെഹി ലാഗീ,
യഹു സുനി സമുഝി സോചു പരിഹരഹൂ
സിര് ധരി രാജ് രജായസു കരഹൂ. 1

രായ്ँ രാജപദു തുംഹ് കഹുँ ദീൻഹാ
പിതാ ബചനു ഫുര് ചാഹിഅ കീൻഹാ,
തജേ രാമു ജെഹിം ബചന്ഹി ലാഗീ
തനു പരിഹരെഉ രാമ് ബിരഹാഗീ. 2

നൃപ്ഹി ബചന് പ്രിയ് നഹിം പ്രിയ് പ്രാനാ
കരഹു താത് പിതു ബചന് പ്രവാനാ,
കരഹു സീസ് ധരി ഭുപ് രജാഈ
ഇഹ തുംഹ് കഹ്ँ സബ് ഭാँതി ഭലാഈ. 3

പരസുരാമ് പിതു അഗ്യാ രാഖീ
മാരീ മാതു ലോക് സബ് സാഖീ,
തനയ് ജജാതിഹി ജൗബനു ദയഊ
പിതു അഗ്യാँ അഘ് അജസു ന ഭയഊ. 4

“രാജാവ് എല്ലാവിധത്തിലും മഹാഭാഗ്യവാനാണ്. അദ്ദേഹത്തിന്നുവേണ്ടി വിഷാദിയ്ക്കുന്നതിൽ കാര്യമില്ല. ഇതു കേട്ട്, മനസ്സിലാക്കി, ദു:ഖിയ്ക്കാ തിരിയ്ക്കൂ. രാജാവിന്റെ ആദേശത്തെ ശിരോധാര്യമായെടുക്കൂ. രാജാവ് രാജപദവിയെ നിനക്ക് തന്നിരിയ്ക്കുന്നു. അതിനാൽ നീ നിന്റെ പിതാവിന്റെ വാക്കിനെ പാലിയ്ക്കേണ്ടതാണ്. അദ്ദേഹം തന്റെ വാക്കു പാലിയ്ക്കാൻ രാമനെത്തന്നെ ത്യജിച്ചു. രാമനിൽനിന്നുമുള്ള വിരഹവേദന കാരണം ശരീരത്തെ ത്യജിച്ചു. രാജാവ് തന്റെ പ്രിയ ജീവനെക്കാളും തന്റെ വാക്കിനെയാണ് സ്നേഹിച്ചത്. അതിനാൽ മകനേ, നിന്റെ പിതാവിന്റെ വാക്കിനെ പാലിയ്ക്കൂ. രാജാവിന്റെ ആദേശത്തെ ആദരവോടെ അനുസരിയ്ക്കൂ. അത് നിനക്ക് എല്ലാവിധത്തിലും നല്ലതായിരിയ്ക്കും. പരശുരാമൻ തന്റെ പിതാവിന്റെ ആജ്ഞയെ മാനിച്ച് തന്റെ സ്വന്തം അമ്മയെ വധിച്ചു. ലോകം മുഴുവൻ

ഇതിന്നു സാക്ഷിയാണ്. യയാതിയുടെ പുത്രൻ (പൂരു*) തന്റെ യൗവനത്തെ അച്ഛന്ന് കൊടുത്ത് പകരം തന്റെ അച്ഛന്റെ വാർദ്ധക്യത്തെ സ്വീകരിച്ച് പാപമോ ദുഷ്കീർത്തിയോ പ്രാപിച്ചില്ല, എന്തെന്നാൽ അവൻ തന്റെ പിതാവിന്റെ ആദേശത്തെ അനുസരിയ്ക്കുകയായിരുന്നു."

---

*യയാതിരാജാവ് അസുരഗുരുവായ ശുക്രാചാര്യരുടെ മകൾ ദേവയാനിയെ വിവാഹം ചെയ്തിരുന്നു. അവൾ അച്ഛനോട് രാജാവിൻെറ വ്യഭിചാരവൃത്തിയെപ്പറ്റി പരാതി പറഞ്ഞിരുന്നു. ശുക്രാചാര്യൻെറ ശാപം കാരണം യയാതി വാർധക്യം പ്രാപിച്ചു. മുനിയെ പ്രീതിപ്പെടുത്തിയപ്പോൾ വേറൊരുവൻെറ യൗവനത്തെ പ്രതിദാനമായെടുക്കാൻ സമ്മതിച്ചു. രാജാവ് പുത്രന്മാരോടപേക്ഷിച്ചുവെങ്കിലും, മൂത്ത നാലു മക്കളും നിരസിച്ചു. ഒടുവിലത്തെ മകൻ പൂരു സമ്മതിച്ചു. കുറച്ചുകാലം യൗവനസുഖമനുഭവിച്ചശേഷം വിരക്തനായി, പൂരുവിന് യൗവനം തിരിച്ചുകൊടുത്ത് അവനെ രാജാവാക്കി, വനത്തിലേയ്ക്കുപോയി. യയാതി പുത്രൻറെ യൗവനത്തെ അനുഭവിച്ചുവെങ്കിലും. പുത്രന്ന് പാപമൊന്നുമുണ്ടായില്ല എന്തെന്നാൽ അവൻ ചെയ്തത് തൻറെ പിതാവിനെ സന്തോഷിപ്പിയ്ക്കാൻ ചെയ്ത ത്യാഗമായിരുന്നു.

ദോ:

അനുചിത് ഉചിത് ബിചാരു തജി ജേ പാലഹിം പിതു ബൈന്
തേ ഭാജന് സുഖ് സുജസ് കേ ബസഹിം അമരപതി ഐന്. (174)

"ഉചിതമോ അനുചിതമോ എന്ന വിചാരത്തെ ത്യജിച്ച് തന്റെ പിതാവിന്റെ വാക്കിനെ പാലിയ്ക്കുന്നവർ സുഖവും സൽകീർത്തിയും ലഭിച്ച് ഇന്ദ്രന്റെ ധാമത്തിൽ വസിയ്ക്കും." (174)

ചൗ:

അവസി നരേസ് ബചന് ഫുര് കരഹൂ
പാലഹു പ്രജാ സോകു പരിഹരഹൂ,
സുരപുര് നൃപു പാഇഹി പരിതോഷൂ
തുംഹ് കഹു്ँ സുകൃതു സുജസു നഹിം ദോഷൂ. 1

ബേദ് ബിദിത് സമ്മത് സബഹീ കാ
ജെഹി പിതു ദേഇ സൊ പാവഇ ടീകാ,
കരഹു രാജ് പരിഹരഹു ഗ്ലാനീ
മാനഹു മോര് ബചന് ഹിത് ജാനീ. 2

സുനി സുഖു ലഹബ് രാമ് ബൈദേഹീം
അനുചിത് കഹബ് ന പണ്ഡിത് കേഹീം,
കൗസല്യാദി സകല് മഹതാരീം
തേഉ പ്രജാ സുഖ് ഹോഹിം സുഖാരീം. 3

പരമ് തുംഹാര് രാമ് കര് ജാനിഹി
സോ സബ് ബിധി തുംഹ് സന് ഭല് മാനിഹി,
സൗംപെഹു രാജു രാമ് കേ ആഏ്ँ
സേവാ കരെഹു സനേഹ് സുഹാഏ്ँ. 4

അതിനാൽ നീ തീർച്ചയായും രാജാവിന്റെ വാക്കിനെ പാലിയ്ക്കണം. നിന്റെ പ്രജകളെ പാലിച്ചുകൊണ്ട് ദു:ഖത്തെ ത്യജിയ്ക്കൂ. സ്വർഗ്ഗത്തിൽ രാജാവിന്ന് സമാധാനമുണ്ടാവും; നിനക്ക് സുകൃതവും സൽകീർത്തിയുമുണ്ടാവും; യാതൊരു ദോഷവുമുണ്ടാവില്ല. പിതാവ് ആർക്ക് രാജപദവിയെ കൊടുക്കുന്നുവോ അവൻ രാജാവാകുമെന്നത് വേദങ്ങളിൽ പറഞ്ഞിട്ടുള്ളതും, എല്ലാരാലും സമ്മതിയ്ക്കപ്പെട്ടതുമാണ്. അതിനാൽ രാജ്യത്തെ ഭരിയ്ക്കൂ. പരിഭവത്തെ ത്യജിച്ച് എന്റെ ഉപദേശത്തെ ഹിതമാണെന്നറിഞ്ഞ് സ്വീകരിയ്ക്കൂ. ഇതു കേട്ട് രാമനും വൈദേഹിയും സന്തോഷിയ്ക്കും. വിവേകമുള്ള ഒരുവനും ഇതിനെ അനുചിതമെന്ന് പറയില്ല. ജനങ്ങളുടെ സന്തോഷത്തിൽ കൗസല്യയും മറ്റെല്ലാ അമ്മമാരും സന്തോഷിയ്ക്കും. മാത്രമല്ല, നിനക്കും രാമന്നുമിടയിലുള്ള ശ്രേഷ്ഠമായ പ്രേമത്തെ അറിയുന്നവന്ന് എല്ലാവിധത്തിലും നിന്നോട് സദ്ഭാവനയുണ്ടായിരിയ്ക്കും. രാമൻ തിരിച്ചു വരുമ്പോൾ രാജ്യത്തെ അവന്ന് സമർപ്പിച്ച് അവനെ ദിവ്യമായ സ്നേഹത്തോടെ സേവിയ്ക്കൂ.”

ദോ:

കീജിഅ ഗുര് ആയസു അവസി കഹഹിം സചിവ് കര് ജോരി,
രഘുപതി ആഏ്ँ ഉചിത് ജസ് തസ് തബ് കരബ് ബഹോരി. (175)

മന്ത്രിമാർ കൂപ്പുകൈകളോടെ അപേക്ഷിച്ചു: “നീ നിന്റെ ഗുരുവിന്റെ ആദേശത്തെ അനുസരിയ്ക്കണം. രഘുപതി തിരിച്ചുവരുമ്പോൾ നിനക്കെന്തുചിതമെന്നു തോന്നുന്നുവോ അത് ചെയ്യാം.” (175)

ചൗ:

കൗസല്യാ ധരി ധീരജു കഹഇൗ
പൂത് പഥ്യ് ഗുര് ആയസു അഹഇൗ,
സോ ആദരിഅ കരിഅ ഹിത് മാനീ
തജിഅ ബിഷാദു കാല് ഗതി ജാനീ. 1

ബന് രഘുപതി സുരപതി നരനാഹൂ
തുംഹ് എഹി ഭാँതി താത് കദരാഹൂ,
പരിജന് പ്രജാ സചിവ് സബ് അംബാ
തുംഹഹി സുത് സബ് കഹँ അവലംബാ. 2.

ലഖി ബിധി ബാമ് കാലു കഠിനാഇൗ
ധീരജു ധരഹു മാതു ബലി ജാഇൗ,
സിര് ധരി ഗുര് ആയസു അനുസരഹൂ
പ്രജാ പാലി പരിജന് ദുഖു ഹരഹൂ. 3

ഗുര് കേ ബചന് സചിവ് അഭിനന്ദനു
സുനേ ഭരത് ഹിയ് ഹിത് ജനു ചന്ദനു,
സുനീ ബഹോരി മാതു മൃദു ബാനീ
സീല് സനേഹ് സരല് രസ് സാനീ 4

ധൈര്യമവലംബിച്ചുകൊണ്ട് കൗസല്യ പറഞ്ഞു: "മകനേ, നിന്റെ ഗുരുവിന്റെ ആദേശം പരിശുദ്ധവും ഹിതമായതുമാണ്. നിന്റെ നന്മയ്ക്കു വേണ്ടി നീ അതിനെ ആദരിച്ച് അനുസരിയ്ക്കണം. കാലത്തിന്റെ ഗതിയെ അറിഞ്ഞ് വിഷാദത്തെ ത്യജിയ്ക്കൂ. രഘുപതി വനത്തിലും രാജാവ് സുര പതിയുടെ കൂടെ സ്വർഗ്ഗത്തിലുമാണ്. മകനേ, നീയോ ഹൃദയദൗർബല്യ ത്തിന്ന് വഴങ്ങുന്നു. പരിവാരങ്ങൾക്കും, പ്രജകൾക്കും, മന്ത്രിമാർക്കും, നിന്റെ എല്ലാ അമ്മമാർക്കും – എല്ലാവർക്കും തന്നെ നീയാണ് ഏകാവ ലംബമായിരയ്ക്കുന്നത്. ദൈവം പ്രതികൂലമായിരിയ്ക്കുന്നതും കാലത്തിന്റെ കഠിനമായ ഗതിയേയും കണ്ട്, എന്റെ ജീവനാണയായി നിന്നോട് അപേക്ഷിയ്ക്കുന്നു, ധൈര്യമവലംബിയ്ക്കൂ. ആദരവോടെ നിന്റെ ഗുരുവിന്റെ ആദേശത്തെ അനുസരിയ്ക്കൂ; പ്രജകളെ പാലിയ്ക്കൂ; നിന്റെ പരിവാരത്തിന്റെ

ദു:ഖത്തെ പരിഹരിയ്ക്കൂ." ഭരതൻ ചന്ദനക്കുഴമ്പുപോലെ ഹിതകരമായ ഗുരുവിന്റെ ഉപദേശത്തേയും, അതിനെ മന്ത്രിമാർ അനുമോദിച്ചതിനേയും ശ്രദ്ധിച്ചു കേട്ടു. അമ്മയുടെ മൃദുവും, അമൃതത്തെപ്പോലെ പ്രിയകരവും, സ്നേഹം നിറഞ്ഞതും, നിഷ്കപടവുമായ വാക്കുകളേയും കേട്ടു.

ഛം:

സാനി സരല് രസ് മാതു ബാനീ സുനി ഭരതു ബ്യാകുല് ഭഏ,
ലോചന് സരോരുഹ് സ്രവത് സീംചത് ബിരഹ് ഉര് അങ്കുര് നഏ.
സോ ദസാ ദേഖത് സമയ് തെഹി ബിസരീ സബ്ഹി സുധി ദേഹ് കീ,
തുലസീ സരാഹത് സകല് സാദര് സീവ്ँ സഹജ് സനേഹ് കീ.

അമ്മയുടെ സരളവും അമൃതതുല്യവുമായ വാക്കുകൾ കേട്ട് ഭരതൻ അസ്വസ്ഥനായി. അവന്റെ താമരക്കണ്ണുകളിൽനിന്നും പൊഴഞ്ഞ കണ്ണീർ അവന്റെ ഹൃദയത്തിൽ പുതുതായി ഉണ്ടായ വിരഹദു:ഖമെന്ന അങ്കുരത്തെ നനച്ചു. ആ സമയത്ത് അവന്റെ ആ ദശയെ കണ്ടവരെല്ലാവരും തങ്ങളുടെ അസ്തിത്വത്തെത്തന്നെ മറന്നു. തുളസീദാസൻ പറയുന്നു, എല്ലാവരും അവനെ നിഷ്കപടമായ പ്രേമത്തിന്റെ പൂർണ്ണതയെന്ന് പ്രശംസിച്ചു.

സോ:

ഭരതു കമല് കര് ജോരി ധീര് ധുരന്ധര് ധീര് ധരി,
ബചന് അമിअँ ജനു ബോരി ദേത് ഉചിത് ഉത്തര് സബ്ഹി. (176)

തന്റെ കരകമലങ്ങളെ കൂപ്പിക്കൊണ്ട്, ധീരന്മാരിൽ അഗ്രഗണ്യനായ ഭരതൻ ധൈര്യമവലംബിച്ച് എല്ലാവർക്കും അമൃതം പുരട്ടിയ ഉചിതമായ ഉത്തരം കൊടുക്കുവാൻ തുടങ്ങി. (176)

ചൗ:

മോഹി ഉപദേസു ദീൻഹ് ഗുര് നീകാ
പ്രജാ സചിവ് സമ്മത് സബ്ഹീ കാ,
മാതു ഉചിത് ധരി ആയസു ദീൻഹാ
അവസി സീസ് ധരി ചാഹഉँ കീൻഹാ. 1

ഗുര് പിതു മാതു സ്വാമി ഹിത് ബാനീ
സുനി മന് മുദിത് കരിഅ ഭലി ജാനീ,
ഉചിത് കി അനുചിത് കിഏ്ഁ ബിചാരൂ
ധരമു ജാഇ സിര് പാതക് ഭാരൂ. 2

തുംഹ് തൗ ദേഹു സരല് സിഖ് സോഈ
ജോ ആചരത് മോര് ഭല് ഹോഈ,
ജദ്യപി യഹ് സമുഝത് ഹഉ്ഁ നീകേം
തദപി ഹോത് പരിതോഷു ന ജീ കേം. 3

അബ് തുംഹ് ബിനയ് മോരി സുനി ലേഹൂ
മൊഹി അനുഹരത് സിഖാവനു ദേഹൂ,
ഉതരു ദേഉ്ഁ ഛമബ് അപരാധൂ
ദുഖിത് ദോഷ് ഗുന് ഗനഹിം ന സാധൂ. 4

എന്റെ ഗുരു എനിയ്ക്ക് ഉത്തമമായ ഉപദേശമാണ് തന്നിരിയ്ക്കുന്നത്. അതിനെ പ്രജകളും, മന്ത്രിമാരും, മറ്റെല്ലാവരും തന്നെ അനുമോദിച്ചുമിരിയ്ക്കുന്നു. മാതാവും (കൗസല്യ) അവർക്കുചിതമെന്ന് വിചാരിച്ചതിനെ നിർദ്ദേശിച്ചിരിയ്ക്കുന്നു. ഞാനും അതിനെ ആദരവോടെ അവശ്യം നിറവേറ്റുവാൻ ഇച്ഛിയ്ക്കുന്നു. ഒരു ഗുരുവിന്റേയും, മാതാപിതാക്കളുടേയും, സ്വാമിയുടേയും, സുഹൃത്തിന്റേയും ഉപദേശത്തെ തനിയ്ക്കനുകൂലമാണെന്നറിഞ്ഞ് സന്തുഷ്ടഹൃദയത്തോടെ ആചരിയ്ക്കേണ്ടതാണ്. അത് ഉചിതമോ അനുചിതമോ എന്ന് ചിന്തിയ്ക്കുവാൻ താമസിച്ചാൽ ഒരുവൻ തന്റെ കടമയിൽനിന്നും വ്യതിചലിയ്ക്കുകയും, ഭാരിച്ച പാപം ഏല്ക്കുകയും ചെയ്യും. നിങ്ങൾ തന്ന ഉപദേശം തീർച്ചയായും നേരായതാണ്. അതിനെ അനുസരിച്ചാൽ എനിയ്ക്ക് മേന്മയുണ്ടാവുകയും ചെയ്യും. ഇതിനെ ഞാൻ പൂർണ്ണമായും മനസ്സിലാക്കുന്നുവെങ്കിലും, എന്റെ മനസ്സിന്ന് തൃപ്തിയില്ല. ഇപ്പോൾ എന്റെ അപേക്ഷയെ കേൾക്കുവിൻ, പിന്നെ എനിയ്ക്കനുയോജ്യമായ ഉപദേശം തരുവിൻ. ഞാൻ ഉത്തരം പറയുന്നുവെന്ന അപരാധത്തെ ക്ഷമിച്ചാലും. എന്തെന്നാൽ സാധുക്കൾ ദു:ഖിതരുടെ ദോഷങ്ങളേയോ ഗുണങ്ങളേയോ കണക്കിലെടുക്കുന്നില്ല.”

ദോ:

പിതു സുരപുര് സിയ് രാമു ബന് കരന് കഹഹു മൊഹി രാജു,
എഹി തേം ജാനഹു മോര് ഹിത് കൈ ആപന് ബഡ് കാജു. (177)

"എന്റെ പിതാവ് സ്വർഗ്ഗത്തിലും, സീതയും രാമനും കാട്ടിലുമാണ്. നിങ്ങൾ എന്നെ രാജ്യം ഭരിയ്ക്കുവാൻ പറയുന്നു. ഇത് എനിയ്ക്ക് ഏതെങ്കിലും ഗുണം ചെയ്യുമെന്ന് നിങ്ങൾ വിചാരിയ്ക്കുന്നുണ്ടോ? അഥവാ ഇതിൽനിന്നും നിങ്ങൾക്കേതെങ്കിലും വലിയ ലാഭമുണ്ടാകുമെന്ന് പ്രതീക്ഷിയ്ക്കുന്നുണ്ടോ?" (177)

ചൗ:

ഹിത് ഹമാര് സിയ്പതി സെവാകാഈം
സോ ഹരി ലീൻഹ് മാതു കുടിലാഈൗ്,
മൈം അനുമാനി ദീഖ് മന് മാഹീം
ആന് ഉപായ്ൗ് മോര് ഹിത് നാഹീം. 1

സോക് സമാജു രാജു കെഹി ലേഖേം
ലഖന് രാമ് സിയ് ബിനു പദ് ദേഖേം,
ബാദി ബസന് ബിനു ഭൂഷന് ഭാരൂ
ബാദി ബിരതി ബിനു ബ്രഹ്മ് ബിചാരൂ. 2

സരുജ് സരീര് ബാദി ബഹു ഭോഗാ
ബിനു ഹരിഭഗതി ജായ്ൗ് ജപ് ജോഗാ,
ജായ്ൗ് ജീവ് ബിനു ദേഹ് സുഹാഈ
ബാദി മോര് സബു ബിനു രഘുരാഈ. 3

ജാഉ്ൗ് രാമ് പഹി ആയസു ദേഹൂ
ഏകഹി ആ്ൗ്ക് മോര് ഹിത് ഏഹൂ,
മൊഹി നൃപ് കരി ഭല് ആപന് ചഹഹൂ
സൊഉ സനേഹ് ജഡതാ ബസ് കഹഹൂ. 4

"ശ്രീരാമനെ സേവിയ്ക്കുന്നതിലാണ് എന്റെ നന്മയുള്ളത്. എന്റെ അമ്മയുടെ കുടിലത കാരണം എന്റെ ആ അവകാശം നഷ്ടപ്പെട്ടിരിയ്ക്കുന്നു. ഞാൻ എന്റെ ഹൃദയത്തിൽ ചിന്തിച്ച് എന്റെ നന്മ വേറൊരു വഴിയിലുമില്ലെന്ന്

മനസ്സിലാക്കിക്കഴിഞ്ഞു. ലക്ഷ്മണന്റേയും, രാമന്റേയും, സീതയുടേയും പാദങ്ങളെ കാണാതെ, ഈ രാജ്യം കേവലം ശോകത്തിന്റെ നിവാസ സ്ഥലമല്ലാതെ മറ്റെന്താണ്? വസ്ത്രങ്ങളില്ലാതെ ഭാരിച്ച ആഭരണങ്ങളെ ക്കൊണ്ട് യാതൊരു പ്രയോജനവുമില്ല. വൈരാഗ്യമില്ലാതെ ബ്രഹ്മവിചാരം ഉപയോഗശൂന്യമാണ്. ഒരു രോഗമുള്ള ശരീരത്തിന്ന് പലവിധ ഭോഗങ്ങളെ ക്കൊണ്ട് പ്രയോജനമില്ല. ശ്രീഹരിയിങ്കൽ ഭക്തിയില്ലാതെ ജപവും യോഗവും കൊണ്ട് യാതൊരുപയോഗവുമില്ല. ജീവനില്ലാതെ സുന്ദരമായ ശരീരം കൊണ്ട് എന്തു പ്രയോജനമാണുള്ളത്? രഘുരാമനില്ലാതെ എന്റെ എല്ലാം തന്നെ ശൂന്യമാണ്. രാമൻ ഇരിയ്ക്കുന്നേടത്തിലേയ്ക്കു പോകുവാൻ എനിയ്ക്ക് അനുവാദം തരുവിൻ. എന്റെ ഹിതമിരിയ്ക്കുന്നത് ആ ഒരേ ഒരു സ്ഥലത്താണ്. എന്നെ രാജാവാക്കി വാഴിച്ച് നിങ്ങൾക്ക് നന്മയുണ്ടാകു മെന്ന് കരുതുന്നതായാൽ, അത് സ്നേഹം നിമിത്തമായ നിങ്ങളുടെ അജ്ഞാനം കൊണ്ടാണ്."

ദോ:

കൈകേയീ സുഅ കുടില്മതി രാമ് ബിമുഖ് ഗതലാജ്,
തുംഹ്ചാഹത്സുഖുമോഹ്ബസ് മോഹിസേ അധമ് കേം രാജ്. (178)

"കൈകേയിയുടെ പുത്രനും, കുടിലബുദ്ധിയും, രാമന്ന് വിമുഖനും, ലജ്ജയില്ലാത്തവനുമായ എന്റെ ഭരണം കൊണ്ട് നിങ്ങൾ സുഖത്തെ പ്രതീക്ഷിയ്ക്കുന്നത് കേവലം മോഹം കൊണ്ടാണ്." (178)

ചൗ:

കഹഉँ സാँചു സബ് സുനി പതിആഹൂ
ചാഹിഅ ധരമ്സീല് നര്നാഹൂ,
മോഹി രാജു ഹഠി ദെഇഹഹു ജബ്ഹീം
രസാ രസാതല് ജാഇഹി തബ്ഹീം. 1

മോഹി സമാന് കൊ പാപ് നിവാസൂ
ജെഹി ലഗി സീയ് രാമ് ബനബാസൂ,
രായ്ँ രാമ കഹുँ കാനനു ദീൻഹാ
ബിഛുരത് ഗമനു അമരപുര് കീൻഹാ. 2

മൈം സഠു സബ് അനരഥ് കര് ഹേതൂ
ബൈഠ് ബാത് സബ് സുനഉ് സചേതൂ,
ബിനു രഘുബീര് ബിലോകി അബാസൂ
രഹേ പ്രാന് സഹി ജഗ് ഉപഹാസൂ. 3

രാമ് പുനീത് ബിഷയ് രസ് രൂഖേ
ലോലുപ് ഭൂമി ഭോഗ് കേ ഭൂഖേ,
കഹ് ലഗി കഹൗം ഹൃദയ് കഠിനാഈ
നിദരി കുലിസു ജെഹിം ലഹീ ബഡാഈ. 4

"ഞാൻ പറയുന്നത് സത്യമാണ്. നിങ്ങൾ ശ്രദ്ധിച്ചു കേട്ട് ഞാൻ പറയുന്നതിനെ വിശ്വസിയ്ക്കണം. ധർമ്മശീലനായ ഒരുവനെ മാത്രമെ രാജാവായി വാഴിയ്ക്കാൻ പാടുള്ളൂ. എന്നെ നിർബന്ധിച്ച് രാജാവാക്കിയാൽ ആ നിമിഷം തന്നെ ഭൂമി രസാതലത്തിലേയ്ക്ക് താണുപോകും. ആരുടെ കാരണം സീതയ്ക്കും രാമന്നും വനവാസം ചെയ്യേണ്ടിവന്നുവോ, ആ എന്നെപ്പോലെ ഇത്രയും മഹാപാപി വേറെയാരുണ്ട്? രാജാവ് രാമനെ വനത്തിലേയ്ക്കയച്ച് അവൻ പോയതും സ്വയം സ്വർഗ്ഗത്തിലേയ്ക്കു പോയി. എല്ലാ അനർത്ഥങ്ങൾക്കും ഏകഹേതുവായ ഈ കുടിലനായ ഞാനോ, മിണ്ടാതെ ഇരുന്നുകൊണ്ട് എല്ലാവരും പറയുന്നത് യാതൊരു കുലുക്കവുമില്ലാതെ കേട്ടുകൊണ്ടിരിയ്ക്കുന്നു. അരമനയെ രാമനില്ലാതെ കാണുന്നുവെങ്കിലും, ലോകത്തിന്റെ പരിഹാസത്തെയെല്ലാം സഹിച്ചുകൊണ്ട് ജീവനോടെയിരിയ്ക്കുന്നു. പുനീതമായ സ്നേഹത്തിന്റെ ഭാജനമായ ശ്രീരാമനിങ്കൽ പ്രേമരസമില്ലാതെ, എന്റെ മനസ്സ് അത്യാർത്തിയോടെ ഭൂമിയ്ക്കും, സുഖഭോഗങ്ങൾക്കും വേണ്ടി വിശന്നിരിയ്ക്കുന്നു. എന്റെ ഹൃദയത്തിന്റെ കഠിനതയെപ്പറ്റി പറയാൻ എനിയ്ക്ക് വാക്കുകളില്ല. അത് വജ്രത്തേക്കാളും കഠിനമാണെന്ന് കുപ്രസിദ്ധി നേടിക്കഴിഞ്ഞു."

ദോ:
കാരന് തേം കാരജു കഠിന് ഹോഇ ദോസു നഹി മോര്,
കുലിസ് അസ്ഥി തേം ഉപല് തേം ലോഹ് കരാല് കഠോര്. (179)

“കാര്യം കാരണത്തേക്കാളും കഠിനമാണ്. അതിന്ന് ഞാനതിനെ കുറ്റം പറയുന്നില്ല. വജ്രായുധം (അതുണ്ടാക്കപ്പെട്ട ദധീചി മഹർഷിയുടെ) എല്ലനെക്കാളും കഠിനമായതാണ്. ഇരുമ്പ് (അത് കുഴി ച്ചെടുക്കപ്പെടുന്ന) പാറയെക്കാളും അതികഠിനമായതാണ്.” (179)

ചൗ:

കൈകേഈ ഭവ തനു അനുരാഗേ
പാവ്ँര് പ്രാന് അഘാഇ അഭാഗേ,
ജൗം പ്രിയ് ബിരഹ്ँ പ്രാന് പ്രിയ് ലാഗേ
ദേഖബ് സുനബ് ബഹുത് അബ് ആഗേ. 1

ലഖന് രാമ് സിയ് കഹുँ ബനു ദീൻഹാ
പഠഇ അമരപുര് പതി ഹിത് കീൻഹാ,
ലീൻഹ് ബിധവപന് അപജസു ആപൂ
ദീൻഹെഉ പ്രജഹി സോകു സന്താപൂ. 2

മോഹി ദീൻഹ് സുഖു സുജസു സുരാജു
കീൻഹ് കൈകഈം സബ് കര് കാജൂ,
എഹി തേം മോര് കാഹ് അബ് നീകാ
തെഹി പര് ദേന് കഹഹു തുംഹ് ടീകാ. 3

കൈകഇ ജഠര് ജനമി ജഗ് മാഹീം
യഹ് മൊഹി കഹ്ँ കഛു അനുചിത് നാഹീം,
മോരി ബാത് സബ് ബിധിഹിം ബനാഈ
പ്രജാ പാँച് കത് കരഹ് സഹാഈ. 4

“കൈകേയിയിൽനിന്നും ജനിച്ച ഈ ശരീരത്തിൽ ആസക്തനായി, എന്റെ ഈ നീചമായ ജീവൻ അത്യന്തം ഭാഗ്യഹീനമാണ്. എന്റെ പ്രിയസഹോദരനിൽനിന്നും പിരിയ്ക്കപ്പെട്ടിരുന്നിട്ടും എന്റെ ജീവൻ എനിയ്ക്ക് പ്രിയമായിരിയ്ക്കേ, എനിയ്ക്ക് വളരെയധികം കാണാനും കേൾക്കാനുമുണ്ട്. കൈകേയി ലക്ഷ്മണനേയും, രാമനേയും, സീതയേയും കാട്ടിലേയ്ക്കയച്ചു. തന്റെ ഭർത്താവിനെ സ്വർഗ്ഗത്തിലേയ്ക്കയച്ച് അവൾ അദ്ദേഹത്തിന്ന് നന്മയെ ചെയ്തു. അവൾ സ്വയം വൈധവ്യത്തേയും ദുഷ്കീർത്തിയേയും

ഏറ്റെടുത്ത് ജനങ്ങൾക്ക് ദു:ഖത്തേയും സന്താപത്തേയും കൊടുത്തു. എനിയ്ക്ക് അവൾ സുഖത്തേയും, സൽകീർത്തിയേയും, സുഭിക്ഷമായ രാജ്യത്തേയും തന്നു. ഈവിധം അവൾ എല്ലാവരുടേയും താല്പര്യങ്ങളേയും പൂർത്തിചെയ്തിരിയ്ക്കുന്നു. ഇതിലും വലിയൊരു നന്മയെ എനിയ്ക്ക പ്രതീക്ഷിയ്ക്കാനാവില്ല. ഇതിന്നും പുറമെ, നിങ്ങളെല്ലാവരും കൂടി എന്നെ രാജാവാക്കുവാനുള്ള ഉദ്ദേശത്തെ പ്രകടിപ്പിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. കൈകേയിയുടെ വയറ്റിൽനിന്നും ഈ ലോകത്തിലേയ്ക്ക വന്നിരിയ്ക്കുന്നതിനാൽ ഇതെല്ലാം തന്നെ എനിയ്ക്ക് അനുചിതമല്ല. ദൈവം തന്നെ എനിയ്ക്കുവേണ്ടി എല്ലാം സാധിച്ചുതന്നിരിയ്ക്കുന്നു. പിന്നെയെന്തിനാണ് നിങ്ങളെല്ലാവരും, ജനങ്ങളും കൂടി, എന്നെ സഹായിയ്ക്കുന്നത്?"

ദോ:

ഗ്രഹ് ഗ്രഹീത് പുനി ബാത് ബസ് തെഹി പുനി ബീഛീ മാര്,
തെഹി പിആഇഅ ബാരുനി കഹഹു കാഹ് ഉപചാര്. (180)

"പ്രേതബാധിതനായ ഒരുവൻ ഉന്മത്തതയാലും ബാധിയ്ക്കപ്പെട്ട്, പിന്നെ അവനെ ഒരു തേളും കൊട്ടിയിരിയ്ക്കേ, അവന്ന് കുറച്ചു മദ്യം സേവിയ്ക്കാൻ കൊടുത്താൽ, നിങ്ങൾ പറയിൻ, ഇത് ഏതു വിധത്തിലുള്ള ചികിത്സയാണ്?" (180)

ചൗ:

കൈകഇ സുഅന് ജോഗു ജഗ് ജോഇൗ
ചതുര് ബിരംചി ദീൻഹ് മൊഹി സോഇൗ.
ദസരഥ് തനയ് രാമ് ലഘു ഭാഇൗ
ദീൻഹി മോഹി ബിധി ബാദി ബഡാഇൗ. 1

തുംഹ് സബ് കഹഹു കഢാവന് ടീകാ
രായ് രജായസു സബ് കഹ്ँ നീകാ,.
ഉതരു ദേഉँ കെഹി ബിധി കെഹി കേഹീ
കഹഹു സുഖേന ജഥാ രുചി ജേഹീ. 2

മൊഹി കുമാതു സമേത് ബിഹാഇൗ
കഹഹു കഹിഹി കെ കീൻഹ് ഭലാഇൗ,

മോ ബിനു കോ സചരാചര് മാഹീം
ജെഹി സിയ് രാമു പ്രാനപ്രിയ് നാഹീം. **3**

പരമ് ഹാനി സബ് കഹ്ॅ ബഡ് ലാഹൂ
അദിനു മോര് നഹിം ദൂഷന് കാഹൂ,
സംസയ് സീല് പ്രേമ് ബസ് അഹഹൂ
സബുഇ ഉചിത് സബ് ജോ കഛു കഹഹൂ. **4**

“ഈ ലോകത്തിൽ കൈകേയിയുടെ പുത്രന്ന് യോഗ്യതയുള്ള എല്ലാം തന്നെ സമർത്ഥനായ ദൈവം എനിയ്ക്ക് സാധിച്ചുതന്നിട്ടുണ്ട്. പക്ഷേ അദ്ദേഹം എനിയ്ക്ക് ദശരഥരാജാവിന്റെ പുത്രനെന്നും, ശ്രീരാമന്റെ അനുജ നെന്നുമുള്ള ബഹുമതിയെ വൃഥാവായി പ്രദാനം ചെയ്തിരിയ്ക്കുന്നു. നിങ്ങളെല്ലാവരും എന്നെ രാജപദവിയെ സ്വീകരിയ്ക്കാൻ നിർബന്ധിയ്ക്കുന്നു. രാജാവിന്റെ ആദേശം എല്ലാവർക്കും ഹിതമായതാണ്. ഓരോരുത്തർക്കും എനിക്കെങ്ങനെയാണ് മറുപടി പറയുവാൻ കഴിയുക? ഓരോരുത്തരും അവനവന്നിഷ്ടം പോലെ സന്തോഷത്തോടെ പറയട്ടെ. എന്നേയും എന്റെ ദുഷ്ടയായ അമ്മയേയുമൊഴിച്ച് ശരിയായ കാര്യമാണ് ചെയ്യപ്പെട്ടിരിയ്ക്കുന്ന തെന്ന് ആരു പറയും? പറയുവിൻ. ഞാനൊഴിച്ച്, സമസ്ത ചരാചരസൃഷ്ടീ യിലും, സീതയേയും രാമനേയും തന്റെ ജീവനെപ്പോലെ സ്നേഹിയ്ക്കാത്ത വൻ ആരാണുള്ളത്? അത്യന്തം ഹാനികരമായത് നിങ്ങൾക്ക് ഉയർന്ന ലാഭമായി തോന്നുന്നു. അതെന്റെ ദുർഭാഗ്യമാണ്. അതിന്ന് ഞാനാരേയും കുറ്റപ്പെടുത്തുന്നുമില്ല. നിങ്ങൾ സംശയത്തിന്റേയും, സൗഹാർദ്ദത്തി ന്റേയും, സ്നേഹത്തിന്റേയും പിടിയിലാണ്. നിങ്ങൾ പറയുന്നതെല്ലാം തന്നെ ശരിയുമാണ്.”

ദോ:

രാമ മാതു സുഠി സരലചിത് മോ പര് പ്രേമു ബിസേഷി,
കഹഇ സുഭായ് സനേഹ് ബസ് മോരി ദീനതാ ദേഖി. **(181)**

“ശ്രീരാമന്റെ അമ്മ (കൗസല്യ) അത്യന്തം നിഷ്കപടചിത്തമുള്ളവളാണ്; പിന്നെ അവൾക്ക് എന്റെ പേരിൽ വിശേഷ സ്നേഹവുമുണ്ട്. എന്റെ ദയനീയാവസ്ഥയെ കണ്ട് സ്നേഹവശംവദയായിട്ടാണ് അവൾ പറഞ്ഞ തെല്ലാം.” (181)

ചൗ:

ഗുര് ബിബേക് സാഗര് ജഗു ജാനാ
ജിൻഹഹി ബിസ്വ കര് ബദര് സമാനാ,
മോ കഹ്ँ തിലക് സാജ് സജ് സോഊ
ഭഎँ ബിധി ബിമുഖ് ബിമുഖ് സബ് കോഊ. 1

പരിഹരി രാമു സീയ് ജഗ് മാഹീം
കോഉ ന കഹിഹി മോര് മതി നാഹീം,
സോ മൈം സുനബ് സഹബ് സുഖു മാനീ
അംതഹുँ കീച് തഹാँ ജഹँ പാനീ. 2

ഡരു ന മോഹി ജഗ് കഹിഹി കി പോചൂ
പരലോകഹു കര് നാഹിന് സോചൂ,
ഏകഇ ഉര് ബസ് ദുസഹ് ദവാരീ
മൊഹി ലഗി ഭേ സിയ് രാമു ദുഖാരീ,. 3

ജീവന് ലാഹു ലഖന് ഭല് പാവാ
സബു തജി രാമ് ചരന് മനു ലാവാ,
മോര് ജനമ് രഘുബര് ബന് ലാഗീ
ഝൂഠ് കാഹ് പഛിതാഉँ അഭാഗീ. 4

“എന്റെ ഗുരു (വസിഷ്ഠൻ) ലോകം മുഴുവൻ അറിയപ്പെടുന്ന വിവേകത്തിന്റെ സമുദ്രമാണ്. വിശ്വം മുഴുവൻ തന്നെ അദ്ദേഹത്തിന്ന് കൈയ്യുള്ളിലുള്ള നെല്ലിയ്ക്ക പോലെയാണ്. ദൈവം പ്രതികൂലവും മറ്റെല്ലാവരും തന്നെ ശത്രുതയോടും ഇരിയ്ക്കുന്നു. ശ്രീരാമനും സീതയുമൊഴിച്ച് ഈ ലോകത്തിൽ ആരും തന്നെ ഈ കുതന്ത്രത്തിൽ എന്റെ സമ്മതമുണ്ടായിരുന്നില്ലെന്ന് പറയില്ല. ഇതെല്ലാം തന്നെ എനിയ്ക്ക് സന്തുഷ്ടഹൃദയത്തോടെ കേൾക്കുകയും സഹിയ്ക്കുകയും ചെയ്യണം. എന്തെന്നാൽ വെള്ളമുള്ളിടത്ത് ചളിയും ക്രമേണ വന്നുചേരണമല്ലോ. ലോകം എന്നെ ദുഷ്ടനെന്ന് വിളിച്ചാലും ഞാൻ ഭയപ്പെടില്ല. പരലോകത്തെപ്പറ്റി എനിയ്ക്ക് ചിന്തയുമില്ല. എന്റെ കാരണം സീതയും രാമനും ദു:ഖമനുഭവിയ്ക്കുന്നുവല്ലോ എന്ന ഒരേ ഒരു ദുസ്സഹമായ വേദന എന്റെ ഹൃദയത്തെ പീഡിപ്പിയ്ക്കുന്നു. ലക്ഷ്മണൻ തന്റെ ജന്മത്തിന്റെ സാഫല്യത്തെ പൂർണ്ണമായും

നേടിക്കഴിഞ്ഞു. എല്ലാം ത്യജിച്ച് അവൻ ശ്രീരാമന്റെ പാദങ്ങളിൽ തന്റെ മനസ്സിനെ ലയിപ്പിച്ചിരിയ്ക്കുന്നു. എന്റെ ജന്മമോ, രഘുവരനെ വനത്തിലേയ്ക്കയയ്ക്കാൻ വേണ്ടിയായിരുന്നു. ഭാഗ്യഹീനനായ ഞാൻ വൃഥാവായി പുലമ്പിക്കൊണ്ടിരിയ്ക്കുന്നു."

ദോ:

ആപനി ദാരുന് ദീനതാ കഹഉ് സബ്ഹി സിരു നാഇ,
ദേഖേം ബിനു രഘുനാഥ് പദ് ജിയ് കൈ ജരനി ന ജാഇ. (182)

"എല്ലാവർക്കും തലവണങ്ങിക്കൊണ്ട് ഞാനെന്റെ കഠിനമായ ദീനതയെ നിങ്ങളുടെ മുമ്പിൽ തുറന്നു പറയുന്നു. ശ്രീരാമന്റെ പാദങ്ങളെ കണ്ടല്ലാതെ എന്റെ ഹൃദയവേദന ശമിയ്ക്കില്ല." (182)

ചൗ:

ആന് ഉപാഉ മോഹി നഹി സൂഝാ
കോ ജിയ് കൈ രഘുബര് ബിനു ബൂഝാ,
ഏകഹിം ആ്ക് ഇഹഇ മന് മാഹീം
പ്രാത്കാല് ചലിഹഉ് പ്രഭു പാഹീം. 1

ജദ്യപി മൈം അന്ഭല് അപരാധീ
ഭൈ മൊഹി കാരന് സകല് ഉപാധീ,
തദപി സരന് സന്മുഖ് മൊഹി ദേഖീ
ഛമി സബ് കരിഹഹിം കൃപാ ബിസേഷീ. 2

സീല് സകുച് സുഠി സരല് സുഭാഊ
കൃപാ സനേഹ് സദന് രഘുരാഊ,
അരിഹുക് അന്ഭല് കീൻഹ് ന രാമാ
മൈം സിസു സേവക ജദ്യപി ബാമാ., 3

തുംഹ് പൈ പാ്ച് മോര് ഭല് മാനീ
ആയസു ആസിഷ് ദേഹു സുബാനീ,
ജെഹി സുനി ബിനയ് മോഹി ജനു ജാനീ
ആവഹിം ബഹുരി രാമു രജധാനീ. 4

"വേറൊരു ഉപായവും എനിയ്ക്ക് തോന്നുന്നില്ല. രഘുവരനല്ലാതെ മറ്റാർക്കാണ് എന്റെ മനസ്സിലുള്ളതിനെ അറിയുവാൻ കഴിയുക? എന്റെ മനസ്സിൽ ഒരേ ഒരു നിശ്ചയമേ ഇപ്പോൾ ഉള്ളൂ. പ്രാത:കാലത്ത് പ്രഭുവിനെ കാണുവാൻ പുറപ്പെട്ടു പോകണം. ഞാനൊരു നീചനായ അപരാധിയും എല്ലാ അനിഷ്ടങ്ങൾക്കും മൂലകാരണവുമാണെങ്കിലും, ശരണമടഞ്ഞവ നായി പ്രഭു എന്നെ മുന്നിൽ കാണുമ്പോൾ അവൻ എന്റെ എല്ലാ തെറ്റു കളേയും ക്ഷമിച്ച് എന്മേൽ തന്റെ വിശേഷമായ കൃപയെ വർഷിയ്ക്കും. രഘുരാമൻ സൗഹൃദത്തിന്റേയും, താഴ്മയുടേയും, അത്യന്തം സരള സ്വഭാവത്തിന്റേയും, കാരുണ്യത്തിന്റേയും, സ്നേഹത്തിന്റേയും നിവാസ സ്ഥലമാണ്. ശ്രീരാമൻ ഒരു ശത്രുവിനെപ്പോലും നോവിച്ചിട്ടില്ല. പിന്നെ യാണോ എന്നെ – കേവലം ശിശുവും, അവന്റെ സേവകനും, അവന്ന് പ്രതികൂലമായിരുന്നാലും കൂടി? ആതിനാൽ എന്നെ നിങ്ങളെല്ലാവരും നല്ല വാർത്തകളാൽ അനുഗ്രഹിച്ച് അതെനിയ്ക്ക് ഹിതകരമാണെന്നറിഞ്ഞ്, പുറപ്പെട്ടുപോകാനനുവദിയ്ക്കുവിൻ. അങ്ങനെ എന്റെ പ്രാർത്ഥനയെ കേട്ട്, എന്നെ അവന്റെ സേവകാനാണെന്നറിഞ്ഞ് ശ്രീരാമൻ രാജധാനിയിലേയ്ക്ക് മടങ്ങി വരുമാറാകട്ടെ."

ദോ:

ജദ്യപി ജനമു കുമാതു തേം മൈം സഠു സദാ സദോസ്,
ആപന് ജാനി ന ത്യാഗിഹിം മൊഹി രഘുബീര് ഭരോസ്. (183)

"ഒരു ദുഷ്ടമാതാവിൽനിന്നും ജനിച്ചുവെങ്കിലും, സ്വയം ദുഷ്ടനും, സദാ ദോഷിയുമായാലും, എന്നെ അവന്റെ സ്വന്തമാണെന്നറിഞ്ഞ് ശ്രീരാമൻ എന്നെ പരിത്യജിക്കില്ലെന്ന് എനിയ്ക്ക് വിശ്വാസമുണ്ട്. (183)

ചൗ:

ഭരത് ബചന് സബ് കഹ്ँ പ്രിയ് ലാഗേ
രാമ് സനേഹ് സുധാँ ജനു പാഗേ,
ലോഗ് ബിയോഗ് ബിഷമ് ബിഷ് ദാഗേ
മന്ത്ര് സബീജ് സുനത് ജനു ജാഗേ. 1

മാതു സചിവ് ഗുര് പുര് നര് നാരീ
സകല് സനേഹ്ँ ബികല് ഭഎ ഭാരീ,

ഭരത്ഹി കഹഹിം സരാഹി സരാഹീ
രാമ് പ്രേമ് മൂരതി തനു ആഹീ. 2

താത് ഭരത് അസ് കാഹെ ന കഹഹൂ
പ്രാന് സമാന് രാമ് പ്രിയ് അഹഹൂ,
ജോ പാവ്ँരു അപനീ ജഡതാഈം
തുംഹഹി സുഗാഇ മാതു കുടിലാഈം. 3

സോ സഠു കോടിക് പുരുഷ് സമേതാ
ബസിഹി കല്പ് സത് നരക് നികേതാ,
അഹി അഘ് അവഗുന് നഹിം മനി ഗഹഈ
ഹരഇ ഗരല് ദുഖ് ദാരിദ് ദഹഈ. 4

ശ്രീരാമനിങ്കലുള്ള ഭക്തിയെന്ന അമൃതംപോലുള്ള ഭരതന്റെ വാക്കുകൾ എല്ലാവരേയും സന്തോഷിപ്പിച്ചു. ശ്രീരാമനിൽനിന്നുമുള്ള വിരഹമെന്ന മാരകമായ വിഷത്താൽ ബാധിയ്ക്കപ്പെട്ടിരുന്ന ജനങ്ങൾ വിഷമിറക്കാനുള്ള മന്ത്രവും ബീജാക്ഷരവും പോലെയുള്ള (ഭരതന്റെ വാക്കുകളെ) കേട്ടതും ബോധമുണ്ടായി ഉണർന്നു. അമ്മമാരും, മന്ത്രിമാരും, ഗുരുവും, നഗര ജനങ്ങളും എല്ലാവരും തന്നെ ആത്യന്തം സ്നേഹംകൊണ്ട് വികാരവശം വദരായി. അവർ ഭരതനെ വീണ്ടും വീണ്ടും പ്രശംസിച്ചുകൊണ്ട് പറഞ്ഞു: “നിന്റെ ശരീരം ശ്രീരാമനിങ്കലുള്ള സ്നേഹത്തിന്റെ മൂർത്തിയാണ്. പ്രിയ ഭരത, നീ അങ്ങനെ പറയുന്നതിൽ യാതൊരാശ്ചര്യവുമില്ല. എന്തെന്നാൽ നീ രാമന്ന് അവന്റെ സ്വന്തം ജീവനെപ്പോലെ പ്രിയനാണ്. അജ്ഞാന വശാൽ ഏതൊരു മൂഢൻ നിന്റെ അമ്മയുടെ കുടിലത കാരണം നിന്നെ വെറുക്കുന്നുവോ, അവൻ തന്റെ കോടി പൂർവജന്മാരോടുകൂടി നുറു കല്പം കാലം നരകത്തിൽ വസിയ്ക്കും. ഒരു സർപ്പത്തിന്റെ തലയിലിരിയ്ക്കുന്ന മണി, സർപ്പം ചെയ്ത പാപത്താൽ ബാധിയ്ക്കപ്പെടുന്നില്ല. മറിച്ച് അത് വിഷ ത്തേയും, ദു:ഖത്തേയും, ദാരിദ്ര്യത്തേയും നശിപ്പിയ്ക്കുകയും ചെയ്യുന്നു.”

ദോ:

അവസി ചലിഅ ബന് രാമു ജഹँ ഭരത് മന്ത്രു ഭല് കീൻഹ്,
സോക് സിന്ധു ബൂഡത് സബ്ഹി തുംഹ് അവലംബനു ദീൻഹ്. (184)

“ഹേ ഭരത, നീ നല്ലൊരു യോജനയാണ് ആലോചിച്ചിരിയ്ക്കുന്നത്. എങ്ങനെയും നമുക്ക് ശ്രീരാമനിരിയ്ക്കുന്ന വനത്തിലേയ്ക്ക് പോകാം. ഞങ്ങളെല്ലാവരും ശോകസാഗരത്തിൽ മുങ്ങിക്കൊണ്ടിരിയ്ക്കുമ്പോൾ നീ ഒരു സഹായഹസ്തം നീട്ടിയിരിയ്ക്കുന്നു.” (184)

ചൗ:

ഭാ സബ് കേം മന് മോദു ന ഥോരാ
ജനു ഘന് ധുനി സുനി ചാതക് മോരാ,
ചലത് പ്രാത് ലഖി നിർനഉ നീകേ
ഭരതു പ്രാനപ്രിയ് ഭേ സബ്ഹീ കേ. 1

മുനിഹി ബന്ദി ഭരത്ഹി സിരു നാഈ
ചലേ സകല് ഘര് ബിദാ കരാഈ,
ധന്യ് ഭരത് ജീവനു ജഗ് മാഹീം
സീലു സനേഹു സരാഹത് ജാഹീം. 2

കഹഹി പരസ്പര് ഭാ ബഡ് കാജൂ
സകല് ചലൈ കര് സാജഹിം സാജൂ,
ജെഹി രാഖഹിം രഹു ഘര് രഖ്വാരീ
സോ ജാനഇ ജനു ഗർദനി മാരീ,. 3

കൊഉ കഹ് രഹന് കഹിഅ നഹിം കാഹൂ
കോ ന ചഹഇ ജഗ് ജീവന് ലാഹൂ. 4

എല്ലാവരും, ചാതകപ്പക്ഷികളും മയിലുകളും മേഘങ്ങളുടെ ഇടിമുഴക്കം കേട്ടാലെന്നപോലെ, മനസ്സിൽ അമിതമായ സന്തോഷം അനുഭവിച്ചു. അടുത്ത പ്രഭാതത്തിൽ തന്നെ പുറപ്പെടാനുള്ള ഭരതന്റെ ഹിതമായ നിശ്ചയത്തെ അറിഞ്ഞതും. ജനങ്ങൾ അവനെ തങ്ങളുടെ ജീവനെ പ്പോലെ സ്നേഹിയ്ക്കാൻ തുടങ്ങി. മുനിയെ വന്ദിച്ച്, ഭരതനെ തലവണങ്ങി, വിടകൊടുക്കപ്പെട്ട്, അവരെല്ലാവരും അവന്റെ സൗഹൃദത്തേയും സ്നേഹ ത്തേയും പ്രശംസിച്ചുകൊണ്ട്, 'ഈ ലോകത്തിൽ ഭരതന്റെ ജീവിതം ധന്യമാണ്' എന്ന് ഘോഷിച്ചുകൊണ്ട് തങ്ങളുടെ ഗൃഹങ്ങളിലേയ്ക്ക് തിരിച്ചുപോയി. അവർ പരസ്പരം പറഞ്ഞു: “വലിയൊരു കാര്യം സഫല

മായിരിയ്ക്കുന്നു.” എല്ലാവരും യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്യാൻ തുടങ്ങി. ആരെയെല്ലാം അവർ വീടുകളിൽ 'നീ വീടിനെ നോക്കിക്കൊള്ളുവാൻ താമസിയ്ക്കണം' എന്നു പറഞ്ഞ് വിട്ടുവന്നുവോ, അവർക്കെല്ലാം തങ്ങളുടെ കഴുത്തിൽ അടിയേറ്റപോലെയിരുന്നു. ഒരുവൻ പറഞ്ഞു: “ആരേയും തന്നെ വീട്ടിലിരിയ്ക്കാൻ പറയരുത്. ആരാണ് ഈ ലോകത്തിൽ തന്റെ ജീവിതത്തിന്റെ സാഫല്യത്തെ ഇച്ഛിയ്ക്കാത്തത്?”

ദോ:

ജരഉ സൊ സമ്പതി സദന് സുഖു സുഹൃദ് മാതു പിതു ഭാഇ,
സന്മുഖ് ഹോത് ജൊ രാമ് പദ് കരൈ ന സഹസ് സഹാഇ. (185)

“ശ്രീരാമന്റെ പാദങ്ങളുടെ നേർക്ക് മുഖത്തെ തിരിയ്ക്കുവാൻ തങ്ങളെ സന്തോഷത്തോടെ സഹായിയ്ക്കാത്തവരുടെ സമ്പത്തും, വീടും സുഖവും, സുഹൃത്തും, മാതാപിതാക്കളും, സഹോദരരും നശിച്ചു പോകട്ടെ.” (185)

ചൗ:

ഘര് ഘര് സാജഹി ബാഹന് നാനാ
ഹരഷു ഹൃദയ്ँ പര്ഭാത് പയാനാ,.

ഭരത് ജാഇ ഘര് കീൻഹ് ബിചാരൂ
നഗരു ബാജി ഗജ് ഭവന് ഭँഡാരൂ. 1

സമ്പതി സബ് രഘുപതി കൈ ആഹീ
ജൗം ബിനു ജതന് ചലൗം തജി താഹീ,
തൗ പരിനാമ് ന മോരി ഭലാഈ
പാപ് സിരോമനി സാഇँ ദൊഹാഈ. 2

കരഇ സ്വാമി ഹിത് സേവക് സോഈ
ദൂഷന് കോടി ദേഇ കിന് കോഈ,
അസ് ബിചാരി സുചി സേവക് ബോലേ
ജേ സപനെഹുँ നിജ് ധരമ് ന ഡോലേ. 3

കഹി സബു മരമു ധരമു ഭല് ഭാഷാ
ജോ ജെഹി ലായക് സോ തെഹിം രാഖാ,

കരി സബു ജതനു രാഖി രഖ്വാരേ
രാമ് മാതു പഹി ഭരതു സിധാരേ. 4

ഓരോ വീട്ടിലും പലവിധത്തിലുള്ള വാഹനങ്ങൾ തയ്യാറാക്കപ്പെട്ടിരുന്നു. പ്രഭാതത്തിൽ പ്രയാണത്തെപ്പറ്റി ചിന്തിച്ചുകൊണ്ട് അവർ മനസ്സിൽ സന്തോഷിച്ചു. തന്റെ വീട്ടിലെത്തിയപ്പോൾ ഭരതൻ മനസ്സിൽ ചിന്തിച്ചു: 'നഗരം, കുതിരകൾ, ആനകൾ, വീടുകൾ, ഭണ്ഡാരം എല്ലാം രഘുപതിയ്ക്ക് സ്വന്തമായവയാണ്. ഞാനവയെ സുരക്ഷിതമല്ലാതെ വിട്ടുപോയാൽ അതെനിയ്ക്ക് നന്നായിരിയ്ക്കില്ല. എന്തെന്നാൽ സ്വാമിയോട് വിശ്വാസഘാതം ചെയ്യുന്നത് എല്ലാ പാപങ്ങളിലും വെച്ച് ഏറ്റവും വലുതാണ്. ആരെങ്കിലും അവനെതിരായി കോടിക്കണക്കിൽ ദൂഷണങ്ങൾ ആരോപി ച്ചാലും, തന്റെ സ്വാമിയ്ക്ക് ഹിതമായി പ്രവർത്തിയ്ക്കുന്നവനാണ് ഒരു ഭൃത്യൻ.' ഈവിധം ചിന്തിച്ചുകൊണ്ട്, സ്വപ്നത്തിൽ പോലും തങ്ങളുടെ ധർമ്മത്തിൽ നിന്നും വ്യതിചലിയ്ക്കാത്തവരായ വിശ്വസ്തന്മാരായ സേവകന്മാടെ വിളിച്ചു വരുത്തി. അവരോട് എല്ലാ രഹസ്യങ്ങളും പറഞ്ഞ് അവരുടെ ഉത്തമമായ ധർമ്മത്തെ എടുത്തുരച്ച്, അവരവർക്ക് യോജിച്ച ജോലിയെ ചുമതല പ്പെടുത്തി കൊടുത്തു. എല്ലാ ഒരുക്കങ്ങളും ചെയ്ത്, രക്ഷകന്മാരെ സ്ഥാപിച്ച് ഭരതൻ ശ്രീരാമന്റെ അമ്മയുടെ അടുത്തേയ്ക്ക് പോയി.

ദോ:

ആരത് ജനനീം ജാനി സബ് ഭരത് സനേഹ് സുജാന്,
കഹെഉ ബനാവന് പാലകീം സജന് സുഖാസന് ജാന്. (186)

അമ്മമാരെല്ലാവരും ശോകാവിഷ്ടരാണെന്നറിഞ്ഞ്, സ്നേഹത്തെപ്പറ്റി നല്ല പോലെ അറിഞ്ഞിരുന്ന ഭരതൻ പല്ലക്കുകളും കസേരപ്പല്ലക്കുകളും ഉണ്ടാക്കിച്ചു. (186)

ചൗ:

ചക്ക് ചക്കി ജിമി പുര നര് നാരീ
ചഹത് പ്രാത് ഉര് ആരത് ഭാരീ,
ജാഗത് സബ് നിസി ഭയഉ ബിഹാനാ
ഭരത് ബൊലാഏ സചിവ് സുജാനാ. 1

കഹെഉ ലേഹു സബു തിലക് സമാജൂ
ബനഹിം ദേബ് മുനി രാമ്ഹി രാജൂ,
ബേഗി ചലഹു സുനി സചിവ് ജൊഹാരേ
തുരത് തുരഗ് രഥ് നാഗ് സ്ँവാരേ. 2

അരുന്ധതീ അരു അഗിനി സമാഊ
രഥ് ചഢി ചലേ പ്രഥമ് മുനിരാഊ,
ബിപ്ര ബൃന്ദ് ചഢി ബാഹന് നാനാ
ചലേ സകല് തപ് തേജ് നിധാനാ. 3

നഗര് ലോഗ് സബ് സജി സജി ജാനാ
ചിത്രകൂട് കഹ്ँകീൻഹ് പയാനാ,
ശിബികാ സുഭഗ് ന ജാഹിം ബഖാനീ
ചഢി ചഢി ചലത് ഭഈം സബ് രാനീ. 4

ചക്രവാകപ്പിടകളെപ്പോലെ അത്യന്തം ദു:ഖിതരായി നഗരത്തിലെ സ്ത്രീ പുരുഷന്മാർ നേരം വെളുക്കുവാൻ കാത്തിരുന്നു. അവർ രാത്രി മുഴുവൻ, നേരം പുലരുന്നതുവരെ ഉണർന്നിരുന്നു. ഭരതൻ തന്റെ ജ്ഞാനികളായ മന്ത്രിമാരെ വിളിച്ചു വരുത്തി പറഞ്ഞു: “രാജ്യാഭിഷേകത്തിന്നാവശ്യമായ എല്ലാ സാധനങ്ങളും എടുത്തു കൊള്ളുവിൻ. (വസിഷ്ഠ) മുനി വനത്തിൽ തന്നെ രാമനെ രാജാവാക്കും. വേഗം പുറപ്പെടുവിൻ.” ഇതു കേട്ട് മന്ത്രിമാർ അവനെ അഭിനന്ദിച്ച് കുതിരകളേയും, രഥങ്ങളേയും, ആന കളേയും ഉടൻ തന്നെ തയ്യാറാക്കി. തന്റെ പത്നിയായ അരുന്ധതിയോടു കൂടി, അഗ്നി ഹോത്രത്തിന്നുള്ള സാമഗ്രികളോടെ വസിഷ്ഠൻ ആദ്യം രഥത്തിൽ കയറി പുറപ്പെട്ടു. തപോധനന്മാരും, തേജസ്വികളുമായ ബ്രാഹ്മണരുടെ സമൂഹ ങ്ങൾ പലതരത്തിലുള്ള വാഹനങ്ങളിൽ പിന്തുടർന്നു. അടുത്തതായി അവരവരുടെ സ്വന്തം വാഹനങ്ങളിൽ നഗരജനങ്ങൾ പിന്തുടർന്ന് അവരെ ല്ലാവരും ചിത്രകൂടത്തിലേയ്ക്ക് പുറപ്പെട്ടുപോയി. എല്ലാ റാണിമാരും വർണ്ണിയ്ക്കാനാവാത്ത വിധം മനോഹരമായ പല്ലക്കുകളിൽ യാത്ര ചെയ്തു.

ദോ:

സൗംപി നഗര് സുചി സേവക്നി സാദര് സകല് ചലാഇ,
സുമിരി രാമ് സിയ് ചരന് തബ് ചലേ ഭരത് ദൊഉ ഭാഇ. (187)

നഗരത്തെ വിശ്വസ്തന്മാരായ സേവകന്മാരുടെ കയ്യിലേല്പിച്ച് എല്ലാവരേയും ആദരവോടെ മുന്നിലയച്ച്. രണ്ടു സഹോദരന്മാരും ശ്രീരാമന്റേയും സീതയുടേയും പാദങ്ങളെ സ്മരിച്ചുകൊണ്ട് പിന്നാലെ പുറപ്പെട്ടു. (187)

ചൗ:

രാമ് ദരസ് ബസ് സബ് നര് നാരീ
ജനു കരി കരിനി ചലേ തകി ബാരീ,
ബന് സിയ് രാമു സമുഝി മന് മാഹീം
സാനുജ് ഭരത് പയാദെഹിം ജാഹീം. 1

ദേഖി സനേഹ് ലോഗ് അനുരാഗേ
ഉതരി ചലേ ഹയ് ഗയ് രഥ് ത്യാഗേ,
ജായി സമീപ് രാഖി നിജ് ഡോലീ
രാമ മാതു മൃദു ബാനീ ബോലീ. 2

താത് ചഢഹു രഥ് ബലി മഹതാരീ
ഹോഇഹി പ്രിയ് പരിവാരു ദുഖാരീ,
തുംഹരേം ചലത് ചലിഹി സബു ലോഗൂ
സകല് സോക് കൃസ് നഹിം മഗ് ജോഗൂ. 3

സിര് ധരി ബചന് ചരന് സിരു നാഇൗ
രഥ് ചഢി ചലത് ഭഏ ദൊഉ ഭാഇൗ,
തമസാ പ്രഥമ് ദിവസ് കരി ബാസൂ
ദൂസര് ഗോമതി തീര് നിവാസൂ. 4

രാമനെ ദർശിക്കുവാനുള്ള ആതുരതയോടുകൂടിയ എല്ലാ ജനങ്ങളും – പുരുഷന്മാരും സ്ത്രീകളും, – ആണാനകളും പെണ്ണാനകളും വെള്ളത്തിനെ അന്വേഷിച്ച് ഓടുന്നതുപോലെ, മുന്നോട്ട് ചെന്നു. സീതയും രാമനും വനത്തിലാണെന്ന് മനസ്സിൽ ധരിച്ച് ഭരതനും അനുജനും കാൽനടയായി യാത്രചെയ്തു. അവരുടെ സ്നേഹഭാവത്തെ കണ്ട ജനങ്ങൾ ഭാവവിവശരായി, അവരുടെ കുതിരകളേയും, ആനകളേയും, രഥങ്ങളേയും വിട്ട് ഇറങ്ങി അവരും നടക്കാൻ തുടങ്ങി. ഭരതന്റെ അടുക്കൽ ചെന്ന് ശ്രീരാമന്റെ അമ്മ തന്റെ പല്ലക്കിനെ നിറുത്തി, മൃദുസ്വരത്തിൽ പറഞ്ഞു: "കുഞ്ഞേ,

ഞാനെന്റെ ജീവനാണയായി നിന്നോടപേക്ഷിയ്ക്കുന്നു: രഥത്തിൽ കയറൂ. ഇല്ലെങ്കിൽ നമ്മുടെ എല്ലാ പ്രിയജനങ്ങളും ബുദ്ധിമുട്ടും. നീ കാൽനടയായി ചെന്നാൽ എല്ലാ ജനങ്ങളും കാൽനടയായി ചെല്ലും. അവരെല്ലാവരും ശോകം കാരണം ക്ഷീണിച്ചിരിയ്ക്കുന്നുവെന്ന് നിനക്കറിയാമല്ലോ? അവർ കാൽനടയായി സഞ്ചരിയ്ക്കാൻ കഴിവില്ലാത്തവരാണ്." അവളുടെ ആദേശത്തെ ആദരവോടെ അനുസരിച്ചുകൊണ്ട്, അവളുടെ പാദങ്ങളിൽ തലവണങ്ങി, രണ്ടു സഹോദരന്മാരും അവരുടെ രഥത്തിൽ കയറി, യാത്ര തുടർന്നു. അവർ ആദ്യത്തെ ദിവസം തമസാനദീതീരത്ത് വസിച്ചു. അടുത്ത താമസം ഗോമതീനദീതീരത്തായിരുന്നു.

ദോ:

പയ് അഹാര് ഫല് അസന് എക് നിസി ഭോജന് എക് ലോഗ്,
കരത് രാമ് ഹിത് നേമ് ബ്രത് പരിഹരി ഭൂഷന് ഭോഗ്. (188)

ചിലർ പാൽ കഴിച്ചും, ചിലർ ഫലങ്ങൽ കഴിച്ചും, മറ്റുള്ളവർ രാത്രി മാത്രം ആഹാരം കഴിച്ചും ജീവിച്ചു. ആഭരണങ്ങളേയും ഭോഗവസ്തുക്കളേയും ത്യജിച്ച് അവർ ശ്രീരാമന്റെ ഹിതത്തെ ഉദ്ദേശിച്ച് വ്രതങ്ങളും നിയമങ്ങളും അനുഷ്ഠിച്ചു. (188)

ചൗ:

സഈ തീര് ബസി ചലേ ബിഹാനേ
സൃംഗബേര്പുര് സബ് നിഅരാനേ,
സമാചാര് സബ് സുനേ നിഷാദാ
ഹൃദയ് ബിചാര് കരഇ സബിഷാദാ. 1

കാരന് കവന് ഭരതു ബന് ജാഹീം
ഹൈ കഛു കപട് ഭാഉ മന് മാഹീം,
ജൗം പൈ ജീയ്ँ ന ഹോതി കുടിലാഈ
തൗ കത് ലീൻഹ് സംഗ് കടകാഈ. 2

ജാനഹിം സാനുജ് രാമ്ഹി മാരീ
കരഉँ അകംടക് രാജു സുഖാരീ,

ഭരത് ന രാജനീതി ഉര് ആനീ
തബ് കലംകു അബ് ജീവന് ഹാനീ. 3

സകല് സുരാസുര് ജുരഹി ജുഝാരാ
രാമ്ഹി സമര് ന ജീത്നിഹാരാ,
കാ ആചരജു ഭരതു അസ് കരഹീം
നഹിം ബിഷ് ബേലി അമിഅ ഫല് ഫരഹീം. 4

അടുത്ത് സഈ നദീതീരത്ത് താമസിച്ച് അവർ പുലർച്ചയ്ക്ക് യാത്ര തുടർന്ന് എല്ലാവരും ശൃംഗവേരപുരത്തിന്നടുക്കലെത്തി. വർത്തമാന മെല്ലാം കേട്ട നിഷാദരാജൻ (ഗുഹൻ) മനസ്സങ്കടത്തോടെ സ്വയം ചിന്തിച്ചു: 'കാട്ടിലേയ്ക്ക് പോകാൻ ഭരതന്റെ ഉദ്ദേശമെന്തായിരിയ്ക്കും? അവന്ന് മനസ്സിൽ ഏതെങ്കിലും ദുരുദ്ദേശമുണ്ടായിരിയ്ക്കണം. അവന്റെ മനസ്സിൽ കുടിലമായ ഉദ്ദേശമില്ലെ ങ്കിൽ അവനെന്തിന് ഒരു സേനയെ കൂടെ കൊണ്ടുവരണം? രാമനേയും അനുജനേയും കൊന്ന് രാജ്യത്തെ മുഴുവൻ സുഖമായി ഭരിയ്ക്കാമെന്ന് അവൻ ചിന്തിച്ചിട്ടുണ്ടായിരിയ്ക്കാം. പക്ഷേ ഭരതൻ രാജനീതിയെ ശരിയായി മനസ്സിലാക്കിയിട്ടില്ല. മുമ്പ് കളങ്കത്തേയും, ഇപ്പോൾ മരണത്തേയും കൂടി സ്വയം തന്മേൽ വരുത്തിച്ചിരിയ്ക്കുന്നു. ദേവന്മാരുടേയും അസുരന്മാരുടേയും എല്ലാ സേനകളും ചേർന്ന് ശ്രീരാമനെ എതിർത്താലും അവർ അവനെ യുദ്ധത്തിൽ തോല്പിയ്ക്കുവാ നാവില്ല. ഭരതൻ ഈവിധം പെരുമാറുന്നതിൽ എന്താശ്ചര്യമാണുള്ളത്? എന്തൊക്കെയായാലും വിഷവള്ളികളിൽ അമൃതഫലങ്ങൾ ഒരിയ്ക്കലും ഉണ്ടാകില്ല.

ദോ:
അസ് ബിചാരി ഗുഹ് ഗ്യാതി സന് കഹെഉ സജഗ് സബ് ഹോഹു,
ഹഥ്വാസഹു ബോരഹു തരനി കീജീഅ ഘാടാരോഹു. (189)

ഈവിധം ചിന്തിച്ച് ഗുഹൻ തന്റെ ബന്ധുജനങ്ങളോട് പറഞ്ഞു: “എല്ലാവരും ജാഗ്രതയായിരിയ്ക്കുവിൻ. തോണികളെയെല്ലാം ശേഖരിച്ച് അവയെ വെള്ളത്തിൽ മുക്കുവിൻ. കടവുകളെയെല്ലാം ഉപരോധം ചെയ്യുവിൻ.” (189)

ചൗ:

ഹോഹു സ്ജോഇല് രോകഹു ഘാടാ
ഠാടഹു സകല് മരൈ കേ ഠാടാ,
സന്മുഖ് ലോഹ് ഭരത് സന് ലേഊ്
ജിഅത് ന സുരസരി ഉതരന് ദേഊ്. 1

സമര് മരനു പുനി സുരസരി തീരാ
രാമ് കാജു ഛനഭംഗു ശരീരാ,
ഭരത് ഭാഇ നൃപു മൈം ജന് നീചൂ
ബഡേം ഭാഗ് അസി പാഇഅ മീചു. 2

സ്വാമി കാജ് കരിഹഉ് രന് രാരീ
ജസ് ധവലിഹഉ് ഭുവന് ദസ് ചാരീ,
തജഉ് പ്രാന് രഘുനാഥ് നിഹോരേം
ദുഹൂ് ഹാഥ് മുദ് മോദക് മോരേം. 3

സാധു സമാജ് ന ജാകര് ലേഖാ
രാമ് ഭഗത് മഹു് ജാസു ന രേഖാ,
ജായ്് ജിഅത് ജഗ് സോ മഹി ഭാരൂ
ജനനീ ജൗബന് ബിടപ് കഠാരൂ. 4

“ആയുധസന്നദ്ധരായിരിയ്ക്കുവിൻ. കടവുകളെ തടഞ്ഞുനില്ക്കുവിൻ. ഏതു വിധത്തിലും മരണത്തെപ്പോലും നേരിടാൻ തയ്യാറായിരിയ്ക്കുവിൻ. ഞാൻ ഭരതനെ നേർക്കു നേർ ആക്രമിയ്ക്കുവാൻ പോകുന്നു. അവനെ ഗംഗയെ കടന്നു ചെല്ലുവാൻ എന്റെ ജീവനിരിയ്ക്കുന്നേടത്തോളം കാലം സമ്മതി യ്ക്കില്ല. യുദ്ധം ചെയ്തു മരിയ്ക്കുക – അതും ഗംഗയുടെ കരയിൽ, ഈ നശ്വരമായ ശരീരത്തെ ശ്രീരാമന്നു വേണ്ടി സമർപ്പിയ്ക്കുക! പിന്നെ ഭരതൻ ശ്രീരാമന്റെ സ്വന്തം സഹോദരനാണ്, രാജാവുമാണ്. ഞാനോ, ഒരു താഴ്ന്ന മനുഷ്യനും. വലിയൊരു സൗഭാഗ്യത്താലാണ് ഒരുവൻ ഈവിധം ഒരു മരണത്തെ ലഭിയ്ക്കുന്നത്. എന്റെ സ്വാമിയ്ക്കുവേണ്ടി ഞാൻ യുദ്ധം ചെയ്യും. എന്റെ യശസ്സിനെക്കൊണ്ട് പതിന്നാലു ലോകങ്ങളേയും പ്രകാശിപ്പിയ്ക്കും. ഞാനെന്റെ ജീവനെ രഘുനാഥന്നുവേണ്ടി അർപ്പിയ്ക്കും. രണ്ടു വഴിയ്ക്കും

ഞാൻ ലാഭവാനായിരിയ്ക്കും. (ജയിച്ചാൽ സ്വാമിയുടെ കാര്യം സാദ്ധ്യമാവും; മരിച്ചാൽ പ്രഭുവിന്റെ ധാമത്തിലേയ്ക്ക് പോകും.) ഏതൊരുവൻ സാധുസമാജത്തിലും ശ്രീരാമന്റെ ഭക്തനായും കണക്കാക്കപ്പെടുന്നില്ലയോ, അവൻ ഈ ലോകത്തിൽ ജീവിച്ചിരിയ്ക്കുന്നത് വൃഥാവാണ്. അവൻ ഭൂമിയ്ക്ക് ഒരു ഭാരവും, തന്റെ അമ്മയുടെ യൗവനമെന്ന മരത്തിന്ന് ഒരു മഴുവുമാണ്."

ദോ:

ബിഗത് ബിഷാദ് നിഷാദ്പതി സബ്ഹി ബഢാഇ ഉഛാഹു,
സുമിരി രാമ് മാഗെഉ തുരത് തര്കസ് ധനുഷ് സനാഹു. (190)

വിഷാദത്തെ വെടിഞ്ഞ് നിഷാദരാജൻ എല്ലാവരേയും പ്രോത്സാഹിപ്പിച്ച്, ശ്രീരാമനെ സ്മരിച്ചുകൊണ്ട്, തന്റെ ശരക്കൂടും, വില്ലും, കവചവും കൊണ്ടുവരാൻ പറഞ്ഞു. (190)

ചൗ:

ബേഗഹു ഭാഇഹു സജഹു സ്ँജോഊ
സുനി രജാഇ കദരാഇ ന കോഊ,
ഭലെഹിം നാഥ് സബ് കഹഹിം സഹര്ഷാ
ഏകഹിം ഏക് ബഢാവഇ കരഷാ. 1

ചലേ നിഷാദ് ജൊഹാരി ജൊഹാരി
സൂര് സകല് രന് രൂചഇ രാരീ,
സുമിരി രാമ് പദ് പങ്കജ് പനഹീം
ഭാഥീം ബാँധി ചഢാഇൻഹി ധനഹീം. 2

അँഗരീ പഹിരി കൂँഡി സിര് ധരഹീം
ഫരസാ ബാँസ് സേല് സമ് കരഹീം,
ഏക് കുസല് അതി ഓഡന് ഖാँഡേ
കൂദഹിം ഗഗന് മനഹുँ ഛിതി ഛാँഡേ. 3

നിജ് നിജ് സാജു സമാജു ബനാഇ
ഗുഹ് രാഉതഹി ജൊഹാരേ ജാഇ,

ദേഖി സുഭട് സബ് ലായക് ജാനേ
ലൈ ലൈ നാമ് സകല് സന്മാനേ. 4

“സഹോദരന്മാരേ, വേഗമാവട്ടെ, ആവശ്യമുള്ള ആയുധങ്ങളെ തയ്യാറാക്കി വെയ്ക്കുവിൻ. എന്റെ ആദേശം ലഭിച്ചതും ആരും തന്നെ ഭയപ്പെട്ട് തളരരുത്.” “ശരി, സ്വാമീ” അവരെല്ലാവരും സന്തോഷത്തോടെ പറഞ്ഞ് ഓരോരുത്തരും മറ്റവരുടെ ഉത്സാഹത്തെ ഉണർത്തിക്കൊണ്ടിരുന്നു. തങ്ങളുടെ തലവനായ നിഷാദരാജനെ അഭിനന്ദിച്ചുകൊണ്ട് അവർ പോയി. അവരെല്ലാവരും തന്നെ ധീരന്മാരും, യുദ്ധപ്രിയരുമായിരുന്നു. ശ്രീരാമന്റെ പാദകമലങ്ങളിലെ പാദുകകളെ സ്മരിച്ചുകൊണ്ട് അവർ തങ്ങളുടെ ശരക്കൂടിനെ മുറുക്കെ കെട്ടി, വില്ലുകളിൽ ഞാണേറ്റി. പിന്നെ അവർ കവചങ്ങളും ശിരത്രാണങ്ങളുമണിഞ്ഞ്, അവരുടെ മഴുക്കളേയും, ഗദകളേയും, കുന്തങ്ങളേയും നിവർത്തിയെടുത്തു. വാൾപയറ്റുകലയിൽ വിശേഷവൈദഗ്ദ്ധ്യമുള്ള ചിലർ അത്രയും ശരീരലാഘവത്തോടെ ചാടി, അവർ നിലം തൊടാതെ ആകാശത്തിൽ തന്നെ സഞ്ചരിയ്ക്കുന്നപോലെ യിരുന്നു. അവരവരുടെ ആയുധങ്ങളെ ധരിച്ചുകൊണ്ട്, പല സംഘങ്ങ ളായി, അവരെല്ലാവരും അവരുടെ തലവനായ ഗുഹന്റെ അടുത്തേയ്ക്കു പോയി അവനെ വണങ്ങിനിന്നു. തന്റെ ധീരന്മാരായ ഭടന്മാരെ കണ്ട് അവരെയെല്ലാവരേയും പ്രവർത്തനത്തിന്ന് അർഹരാണെന്നു കണ്ട് അവൻ അവരെ ഓരോരുത്തരേയും, പേരു വിളിച്ച് ബഹുമാനിച്ചു.

ദോ:

ഭാഇഹു ലാവഹു ധോഖ് ജനി ആജു കാജ് ബഡ് മോഹി,
സുനി സരോഷ് ബോലേ സുഭട് ബീര് അധീര് ന ഹോഹി. (191)

“സഹോദരന്മാരേ, ജീവനെ വകവെയ്ക്കാതെയിരിയ്ക്കുവിൻ. വലിയൊരു സമസ്യയാണ് ഇന്ന് എന്റെ മുമ്പിൽ.” അതു കേട്ട് ധീരഭടന്മാർ രോഷ ത്തോടെ പറഞ്ഞു: “വീര, ധൈര്യമായിരുന്നാലും.” (191)

ചൗ:

രാമ് പ്രതാപ് നാഥ് ബല് തോരേ
കരഹിം കടകു ബിനു ഭട് ബിനു ഘോരേ,

ജീവത് പാഉ ന പാഛേം ധരഹീം
രുണ്ഡ് മുണ്ഡ്മയ് മേദിനി കരഹീം. 1

ദീഖ് നിഷാദ്നാഥ് ഭല് ടോലൂ
കഹെഉ ബജാഉ ജുഝാഊ ഢോലൂ,
എതനാ കഹത് ഛീംക് ഭഇ ബാ്ഏ
കഹെഉ സഗുനിഅൻഹ് ഖേത് സുഹാഏ. 2

ബൂഢു ഏകു കഹ് സഗുന് ബിചാരീ
ഭരത്ഹി മിലിഅ ന ഹോഇഹി രാരീ,
രാമ്ഹി ഭരതു മനാവന് ജാഹീം
സഗുന് കഹഇ അസ് ബിഗ്രഹു നാഹീം. 3

സുനി ഗുഹ് കഹഇ നീക് കഹ് ബൂഢാ
സഹസാ കരി പഛിതാഹിം ബിമൂഢാ,
ഭരത് സുഭാഉ സീലു ബിനു ബൂഝേം
ബഡി ഹിത് ഹാനി ജാനി ബിനു ജൂഝേം. 4

"ശ്രീരാമന്റെ പ്രതാപം കൊണ്ടും, അങ്ങയുടെ ബലത്താലും, പ്രഭോ, ഞങ്ങൾ ശത്രുവിന്റെ ഭടന്മാരേയോ, കുതിരകളേയോ ബാക്കിവെക്കില്ല. ഞങ്ങൾക്ക് ജീവനുള്ളേടത്തോളം കാലം ഞങ്ങൾ ഒരിയ്ക്കലും പിൻതിരീയില്ല. ഞങ്ങൾ ഭൂമിയെ മരിച്ച ഭടന്മാരുടെ ശരീരങ്ങളേയും ശിരസ്സുകളേയും കൊണ്ട് പരത്തും." നിഷാദരാജൻ തനിയ്ക്ക് ഒരു സംഘം മികച്ച ഭടന്മാരുണ്ടെന്നു കണ്ട് ഘോഷിച്ചു: "യുദ്ധഭേരി മുഴക്കുവിൻ". അവൻ ഇതു പറഞ്ഞപ്പോൾ ഒരുവൻ ഇടതു ഭാഗത്ത് തുമ്മി. ജ്യോതിഷികൾ പറഞ്ഞു: "തുമ്മൽ ഒരു ശുഭമായ ഭാഗത്തുനിന്നാണ് വന്നിട്ടുള്ളത്. (അത് ശുഭമായ കാര്യത്തെ കുറിയ്ക്കുന്നു.) ഒരു വൃദ്ധൻ ആ ശകുനത്തിന്റെ അർത്ഥത്തെപ്പറ്റി ചിന്തിച്ച് പറഞ്ഞു: "നമുക്ക് പോയി ഭരതനെ ചെന്നു കാണാം. സംഘട്ടനമൊന്നുമുണ്ടാവില്ല. ഭരതൻ രാമനെ തിരിച്ചു വരുവാൻ സമ്മതിപ്പിയ്ക്കാൻ വേണ്ടിയാണ് പോകുന്നത്. ഒരു തടസ്സവുമുണ്ടാവില്ലെന്നാണ് ശകുനം പറയുന്നത്." അതു കേട്ട് ഗുഹൻ പറഞ്ഞു: "വൃദ്ധൻ പറയുന്നത് ശരിയാണ്. മൂഢന്മാർ തീരെ ചിന്തിയ്ക്കാതെ പ്രവർത്തിച്ച് പിന്നീട് പശ്ചാത്തപിയ്ക്കുന്നു. ഭരതന്റെ സ്വഭാവത്തേയും ഉദ്ദേശത്തേയും

അറിയാതെ അവനായിട്ട് ഏറ്റു മുട്ടിയാൽ നാം നമ്മുടെ കാര്യ®ിന്നു തന്നെ വലിയ ഹാനിയുണ്ടാക്കുന്നതായിരിയ്ക്കും."

ദോ:

ഗഹഹു ഘാട് ഭട് സമിടി സബ് ലേഉ് മരമ് മിലി ജാഇ,
ബൂഝി മിത്ര് അരി മധ്യ് ഗതി തസ് തബ് കരിഹഉ് ആഇ. (192)

"ഭടന്മാരേ, ഞാൻ ഭരതനെ കണ്ട് അവന്റെ മനസ്സിലുള്ളതിനെ അറിയുന്നതുവരെ ഒന്നിച്ചു ചേർന്ന് കടവിനെ തടഞ്ഞു നില്ക്കുവിൻ. അവന്റെ മനസ്ഥിതി സൗഹാർദ്ദമുള്ളതോ, ശത്രുതയുള്ളതോ, നടുത്തരമായതോ എന്ന് മനസ്സിലാക്കിയ ശേഷം വേണ്ടപോലെ ഞാൻ പ്രവർത്തിയ്ക്കാം. (192)

ചൗ:

ലഖബ് സനേഹു സുഭായ്ഁ സുഹാഏ്ഁ
ബൈരു പ്രീതി നഹിം ദുരഇ്ഁ ദുരാഏ്ഁ,
അസ് കഹി ഭേംട് സ്ഁജോവന് ലാഗേ
കന്ദ് മൂല് ഫല് ഖഗ് മൃഗ് മാഗേ, 1

മീന് പീന് പാഠീന് പുരാനേ
ഭരി ഭരി ഭാര് കഹാരൻഹ് ആനേ,
മിലന് സാജു സജി മിലന് സിധാഏ
മംഗല് മൂല് സഗുന് സുഭ് പാഏ. 2

ദേഖി ദൂരി തേം കഹി നിജ് നാമൂ
കീൻഹ് മുനീസ്ഹി ദണ്ഡ് പ്രനാമൂ,
ജാനി രാമപ്രിയ് ദീൻഹി അസീസാ
ഭരത്ഹി കഹെഉ ബുഝാഇ മുനീസാ. 3

രാമ് സഖാ സുനി സംദനു ത്യാഗാ
ചലേ ഉതരി ഉമഗത് അനുരാഗാ,
ഗാഉ്ഁ ജാതി ഗുഹ്ഁ നാഉ്ഁ സുനാഈ
കീൻഹ് ജൊഹാരു മാഥ് മഹി ലാഈ. 4

“ഞാനവന്റെ സ്നേഹഭാവത്തെ അവന്റെ സൗഹൃദമെന്ന ഉരകല്ലിൽ പരീക്ഷിച്ചു നോക്കും. എന്തെന്നാൽ വൈരഭാവവും സ്നേഹഭാവവും ഒരുവൻ എത്രതന്നെ ശ്രമിച്ചാലും മറയ്ക്കാനാവാത്തവയാണ്.” എന്ന് പറഞ്ഞുകൊണ്ട് അവൻ കാഴ്ച്ച വെയ്ക്കാൻ സാമഗ്രികൾ ശേഖരിയ്ക്കാൻ തുടങ്ങി. അവൻ കന്ദമൂലഫലങ്ങളും, പക്ഷികളും, മാനുകളും മറ്റും കൊണ്ടു വരുത്തി. ചുമടുതൂക്കുന്നവർ പാഠീനമെന്ന ഒരുതരം തടിച്ച് പാകമായ മീനുകളുടെ ചുമടുകൾ കൊണ്ടുവന്നു. ഈവിധം കാഴ്ച്ചദ്രവ്യങ്ങളോടുകൂടി അവൻ ഭരതനെ കാണുവാൻ പുറപ്പെട്ടപ്പോൾ മംഗളത്തെ സൂചിപ്പിക്കുന്ന ശുഭശകുനങ്ങൾ കണ്ടു. മുനീശ്വരനായ വസിഷ്ഠനെ കണ്ടപ്പോൾ അവൻ ദൂരത്തിൽനിന്നുതന്നെ തന്റെ പേരു പറഞ്ഞുകൊണ്ട് നിലത്ത് ദണ്ഡനമസ്കാരം ചെയ്തു. അവനെ ശ്രീരാമന്റെ സുഹൃത്താണെന്നറിഞ്ഞുകൊണ്ട് അനുഗ്രഹിച്ച് ഭരതനോട് അവനെപ്പറ്റി വിവരിച്ചു പറഞ്ഞു. അവൻ ശ്രീരാമന്റെ സഖാവാണെന്നറിഞ്ഞ് ഭരതൻ രഥത്തെ വിട്ടിറങ്ങി സ്നേഹം നിറഞ്ഞുവഴിഞ്ഞൊഴുകുന്ന ഹൃദയത്തോടെ അവന്റെ നേരെ മുന്നോട്ടു പോയി. ഗുഹൻ തന്റെ ഗ്രാമം, ജാതി, പേര് എല്ലാം പറഞ്ഞ് തല നിലത്തു തൊട്ട് നമസ്കരിച്ചു.

ദോ:

കരത് ദണ്ഡവത് ദേഖി തെഹി ഭരത് ലീൻഹ് ഉര് ലാഇ,
മനഹു ँ ലഖന് സന് ഭേംട് ഭഇ പ്രേമു ന ഹൃദയ ँ സമാഇ. (193)

നിലത്ത് ദണ്ഡനമസ്കാരം ചെയ്ത അവനെ ഭരതൻ തൂക്കിയെടുത്ത് തന്റെ മാറോടണച്ചു. അവന്ന് ലക്ഷ്മണനെ കണ്ടപോലെ തോന്നി. ഉയരുന്ന പ്രേമഭാവം ഹൃദയത്തിലടങ്ങുന്നതായിരുന്നില്ല. (193)

ചൗ:

ഭേംടത് ഭരതു താഹി അതി പ്രീതീ
ലോഗ് സിഹാഹിം പ്രേമ് കൈ രീതീ,
ധന്യ് ധന്യ് ധുനി മംഗല് മൂലാ
സുര് സരാഹി തെഹി ബരിസഹിം ഫൂലാ. 1

ലോക് ബേദ് സബ് ഭാ്തിഹിം നീചാ
ജാസു ഛാ്ഹ് ഛുഇ ലേഇഅ സീംചാ,
തെഹി ഭരി അംക് രാമ് ലഘു ഭ്രാതാ
മിലത് പുലക് പരിപൂരിത് ഗാതാ. 2

രാമ് രാമ് കഹി ജേ ജമുഹാംഹീം
തിൻഹഹി ന പാപ് പുംജ് സമുഹാംഹീം,
യഹ് തൗ രാമ് ലാഇ ഉര് ലീൻഹാ
കുല് സമേത് ജഗു പാവന് കീൻഹാ. 3

കരമനാസ് ജലു സുരസരി പരഈ
തെഹി കോ കഹഹു സീസ് നഹിം ധരഈ,
ഉല്ടാ നാമു ജപത് ജഗു ജാനാ
ബാല്മീകി ഭഏ ബ്രഹ്മ് സമാനാ. 4

ഭരതൻ അവനെ അത്യന്തം സ്നേഹത്തോടെ സ്വീകരിച്ചു. അവന്റെ പ്രേമത്തിന്റെ രീതിയെ ജനങ്ങൾ പ്രശംസിച്ചു. ദേവന്മാർ 'ധന്യൻ, ധന്യൻ' എന്ന് മംഗളകരമായ സ്വരത്തിൽ അവനെ അനുമോദിച്ചുകൊണ്ട് പുഷ്പ വർഷം ചെയ്തു. "ഇവൻ ലോകത്തിന്റെ കണ്ണുകളിലും, വേദങ്ങളുടെ അഭിപ്രായത്തിലും അത്രയ്ക്കും നീചനാണ്, അവന്റെ നിഴൽ തട്ടിയാൽ കൂടി ഒരുവൻ കുളിയ്ക്കണം. എങ്കിലും ശ്രീരാമന്റെ അനുജൻ, ഭരതൻ, അവനെ മാറോടണച്ചുകൊണ്ട്, ശരീരം ആനന്ദപുളകിതമായി സ്വീകരിച്ചു. കോട്ടുവായിടുമ്പോൾ പോലും രാമനാമത്തെ ഉച്ചരിയ്ക്കുന്നവരുടെ പാപ സമൂഹങ്ങൾ അവരെ വിട്ടകലുന്നു. ഈ മനഷ്യനാകട്ടെ, ഇവൻ ശ്രീരാമ നാൽ സ്വയം മാറോടണയ്ക്കപ്പെട്ട് അവനേയും അവന്റെ കുലത്തേയും ലോകത്തെ മുഴുവനും തന്നെ പാവനമാക്കുവാൻ അർഹരാക്കി. കർമ്മ നാശാ നദി ഗംഗയോടു ചേരുന്നിടത്തെ ജലത്തെ ആരാണ് ശിരസ്സിൽ ധരിയ്ക്കാത്തത്? (കർമ്മനാശ ശപിയ്ക്കപ്പെട്ട നദിയാണ്) വാല്മീകി (രാമ) നാമത്തെ മറിച്ചു (മരാ) ഉരു വിട്ടുകൊണ്ട് ബ്രഹ്മാവിന്ന് സമാനനായെന്നത് ലോകം മുഴുവൻ അറിയുന്നതാണ്.

ദോ:

സ്വപച് സബര് ഖസ് ജമന് ജഡ് പാവ്ँര് കോല് കിരാത്,
രാമു കഹത് പാവന് പരമ് ഹോത് ഭുവന് ബിഖ്യാത്. (194)

"ഒരു പറയനും, ഭീലനും, ഖാസിയും, മുഢനായ യവനനും (ബർബരൻ), നീചനായ കോലനും, കിരാതനും (എല്ലാം കാട്ടു ജാതിക്കാർ) രാമനാമ ത്തെ ഉച്ചരിച്ചുകൊണ്ട് പരമപാവനന്മാരായി ലോകപ്രസിദ്ധരായി ത്തീരുന്നു." (194)

ചൗ:

നഹിം അചിരിജു ജുഗ് ജുഗ് ചലി ആഈ
കെഹി ന ദീൻഹ് രഘുബീര് ബഡാഈ,
രാമ് നാമ മഹിമാ സുര് കഹഹീം
സുനി സുനി അവധ്ലോഗ് സുഖു ലഹഹീം. 1

രാമസഖഹി മിലി ഭരത് സപ്രേമാ
പൂँഛരീ കുസല് സുമംഗല് ഖേമാ,
ദേഖി ഭരത് കര് സീലു സനേഹൂ
ഭാ നിഷാദ് തെഹി സമയ് ബിദേഹൂ. 2

സകുച് സനേഹു മോദു മന് ബാഢാ
ഭരത്ഹി ചിതവത് എക്ടക് ഠാഢാ,
ധരി ധീരജു പദ് ബന്ദി ബഹോരീ
ബിനയ് സപ്രേമ് കരത് കര് ജോരീ. 3

കുസല് മൂല് പദ് പങ്കജ് പേഖീ
മൈം തിഹുँ കാല് കുസല് നിജ് ലേഖീ,
അബ് പ്രഭു പരമ് അനുഗ്രഹ് തോരേം
സഹിത് കോടി കുല് മംഗല് മോരേം. 4

"യുഗങ്ങളായി നടന്നുവരുന്നതാണിത്. അതിൽ ആശ്ചര്യമൊന്നുമില്ല. രഘുവീരനുമായി ബന്ധപ്പെട്ടവർ ആരാണ് ഉയർന്നനിലയിലാവാത്തത്?" ഈവിധം ദേവന്മാർ ശ്രീരാമനാമത്തിന്റെ മഹിമയെ പറഞ്ഞു. അതു കേട്ടു കേട്ട് ആയോദ്ധ്യാവാസികൾ ആനന്ദിച്ചു. ഈവിധം ശ്രീരാമന്റെ സഖാ

വിനെ (ഗുഹനെ) കണ്ട് ഭരതൻ പ്രേമത്തോടെ അവന്റെ കുശലത്തേയും, ക്ഷേമത്തേയും പറ്റി അന്വേഷിച്ചു. ഭരതന്റെ സൗഹാർദ്ദത്തേയും സ്നേഹത്തേയും ആ സമയത്തു കണ്ട് നിഷാദൻ തന്നെത്താൻ മറന്നുനിന്നു. അവന്റെ സങ്കോചവും, സ്നേഹവും, മനസ്സന്തോഷവും വർദ്ധിച്ചു. അവൻ ഭരതനെ കണ്ണിമയ്ക്കാതെ നോക്കി നിന്നു. പിന്നെ സ്വയം ഉണർന്ന് അവൻ ഭരതന്റെ പാദങ്ങളിൽ വീണ്ടും വണങ്ങി, കൂപ്പുകൈകളോടെ സ്നേഹത്തോടെ അപേക്ഷിച്ചു. "ഇപ്പോൾ മംഗളങ്ങളുടെ മൂലമായ അങ്ങയുടെ പാദകമലങ്ങളെ കണ്ട് ഞാൻ സ്വയം സർവദാ അനുഗൃഹീതനായി കണക്കാക്കുന്നു. പ്രഭോ, ഇപ്പോൾ അങ്ങയുടെ കൃപയാൽ കോടി കുലങ്ങളോടു കൂടി എന്റെ സൗഭാഗ്യം സുരക്ഷിതമായി."

ദോ:

സമുഝി മോര് കര്തൂതി കുലു പ്രഭു മഹിമാ ജിയ്ँ ജോഇ,
ജോ ന ഭജഇ രഘുബീര് പദ് ജഗ് ബിധി ബംചിത് സോഇ. (195)

ഒരു പുറത്ത് എന്റെ പ്രവൃത്തിയേയും കുലത്തേയും, മറുപുറത്ത് പ്രഭുവിന്റെ മഹിമയേയും മനസ്സിലാക്കി, ഏതൊരുവാൻ സ്വയം ശ്രീരാമപാദങ്ങളെ ഭജിയ്ക്കുന്നില്ലയോ, അവൻ ദൈവത്താൽ വഞ്ചിയ്ക്കപ്പെട്ടവനാണ്. 195)

ചൗ:

കപടീ കായര് കുമതി കുജാതീ
ലോക് ബേദ് ബാഹര് സബ് ഭാँതീ,
രാമ് കീൻഹ് ആപന് ജബ് ഹീ തേം
ഭയഉँ ഭുവന് ഭൂഷന് തബ് ഹീ തേം. 1

ദേഖി പ്രീതി സുനി ബിനയ് സുഹാഈ
മിലെഉ ബഹോരി ഭരത് ലഘു ഭാഈ,
കഹി നിഷാദ് നിജ് നാമ് സുബാനീം
സാദര് സകല് ജൊഹാരീം രാനീം. 2

ജാനി ലഖന് സമ് ദേഹിം അസീസാ
ജിഅഹു സുഖീ സയ് ലാഖ് ബരീസാ,
നിരഖി നിഷാദു നഗര് നര് നാരീ
ഭഏ സുഖീ ജനു ലഖനു നിഹാരീ. 3

കഹഹിം ലഹൈഉ എഹിം ജീവന് ലാഹൂ
ഭേംടെഉ രാമഭദ്ര് ഭരി ബാഹൂ,
സുനി നിഷാദ് നിജ് ഭാഗ് ബഡാഈ
പ്രമുദിത് മന് ലഇ ചലെഉ ലെവാഈ. 4

“കപടനും, ഭീരുവും, ദുർബുദ്ധിയും, നീചജാതിയും, സമാജത്താലും വേദങ്ങളാലും എല്ലാവിധത്തിലും പുറത്തു തളളപ്പെട്ടവനുമായ ഞാൻ ശ്രീരാമനാൽ തന്റേതായി സ്വീകരിയ്ക്കപ്പെട്ടതിന്നുശേഷം മുതൽ ലോകത്തിന്റെ ഭൂഷണമായിത്തീർന്നിരിയ്ക്കുന്നു.” അവന്റെ സ്നേഹത്തെ കണ്ട്, അവന്റെ വിനീതമായ അപേക്ഷയെ കേട്ട് ഭരതന്റെ അനുജനായ ശത്രുഘ്നൻ അവനെ മാറോടണച്ചു. നിഷാദരാജൻ പിന്നെ റാണിമാരെയെല്ലാം ബഹുമാനത്തോടെ വിനീതമായ സ്വരത്തിൽ തന്റെ പേരു പറഞ്ഞ് അഭിവാദനം ചെയ്തു. അവനെ ലക്ഷ്മണന്നു സമമായി ഭാവിച്ച് അവർ അവനെ ആശീർവദിച്ചു: “നീ ലക്ഷം വർഷം സുഖമായി വാഴൂ.” നഗരവാസികളായ പുരുഷന്മാരും സ്ത്രീകളും ലക്ഷ്മണനെ കണ്ടാലെന്നപോലെ നിഷാദരാജനെ കണ്ട് സന്തുഷ്ടരായി, പറഞ്ഞു: “രാമഭദ്രന്റെ കൈകളാൽ മാറോടണയ്ക്കപ്പെട്ട ഇവൻ തന്റെ ജന്മസാഫല്യം നേടിക്കഴിഞ്ഞു.” തന്റെ ഭാഗ്യത്തെ അവർ പ്രശംസിയ്ക്കുന്നത് കേട്ടുകൊണ്ട് നിഷാദൻ സന്തുഷ്ടഹൃദയത്തോടെ അവരെ കൂട്ടിക്കൊണ്ടു പോയി.

ദോ:

സന്കാരേ സേവക് സകല് ചലേ സ്വാമി രുഖ് പാഇ,
ഘര് തരു സര് ബാഗ് ബന് ബാസ് ബനാഎൻഹി ജാഇ. (196)

തങ്ങളുടെ സ്വാമിയുടെ സങ്കേതം ലഭിച്ച് അവന്റെ മനസ്സറിഞ്ഞ് സേവകന്മാരെല്ലാവരും പോയി, വീടുകളിലും, മരച്ചുവടുകളിലും, കുളക്കരകളിലും, പൂന്തോട്ടങ്ങളിലും, തോപ്പുകളിലും, വനങ്ങളിലും അഥിതികൾക്കുവേണ്ടി വാസസ്ഥലങ്ങൾ നിർമ്മിച്ചു. (196)

ചൗ:

സൃംഗബേര്പുര് ഭരത് ദീഖ് ജബ്
ഭേ സനേഹ്ഽ സബ് അംഗ് സിഥില് തബ്,

സോഹത് ദിഏ് നിഷാദ്ഹി ലാഗൂ
ജനു തനു ധരേം ബിനയ് അനുരാഗൂ. 1

എഹി ബിധി ഭരത് സേനു സബു സംഗാ
ദീഖി ജാഇ ജഗ് പാവനി ഗംഗാ,
രാമ്ഘാട് കഹ് കീൻഹ് പ്രനാമൂ
ഭാ മനു മഗനു മിലേ ജനു രാമു. 2

കരഹിം പ്രനാമ് നഗര് നര് നാരീ
മുദിത് ബ്രഹ്മമയ് ബാരി നിഹാരീ,
കരി മജ്ജനു മാഗഹിം കര് ജോരീ
രാമചന്ദ്ര് പദ് പ്രീതി ന ഥോരീ. 3

ഭരത് കഹെഉ സുരസരി തവ രേനൂ
സകല് സുഖദ് സേവക് സുരധേനൂ,
ജോരി പാനി ബര് മാഗഉ് ഏഹൂ
സീയ് രാമ് പദ് സഹജ് സനേഹൂ. 4

ശൃംഗവേരപുരത്തെ കണ്ടപ്പോൾ ഭരതന്റെ ശരീരമാസകലം സ്നേഹഭാവം കൊണ്ട് ആക്രാന്തമായി. നിഷാദരാജന്റെ മേൽ ചാഞ്ഞു നിന്ന് അവൻ കാണാൻ നല്ലൊരു ദൃശ്യമായിരുന്നു. അത് വിനയവും സ്നേഹവും രൂപമെടുത്തപോലെയിരുന്നു. ഈവിധം ഭരതൻ തന്റെ എല്ലാ സേന യോടും കൂടി ചെന്ന് ജഗത്പാവനിയായ ഗംഗയെ ദർശിച്ചു. രാമൻ കുളിച്ചു ജപിച്ചിരുന്ന കടവിനെ അവൻ നമസ്കരിച്ചു. അവന്റെ മനസ്സ് ശ്രീരാമനെ കണ്ടാലെന്നപോലെ സ്നേഹപരവശമായി. നഗരവാസികളായ സ്ത്രീപുരുഷന്മാർ താണു തൊഴുതു. അവർ ദേവനദിയെ കണ്ട് സന്തുഷ്ട രായി. അതിൽ കുളിച്ച് കൈകൾ കൂപ്പിക്കൊണ്ട് അവർ ശ്രീരാമചന്ദ്രന്റെ പാദങ്ങളിൽ അപാരമായ ഭക്തിയെ തരുവാൻ പ്രാർത്ഥിച്ചു. ഭരതൻ പറഞ്ഞു: "ഗംഗാമാതാവേ, നിന്റെ മണലുകൾ എല്ലാവർക്കും സുഖത്തെ കൊടുക്കുന്നതാണ്. അത് നിന്റെ ഭക്തന്മാർക്ക് കാമധേനുവാണ്. അതി നാൽ കൂപ്പുകൈകളോടെ ഞാൻ നിന്നോട് ഒരേ ഒരു വരം അപേക്ഷി യ്ക്കുന്നു: 'സീതയുടേയും രാമന്റേയും പാദങ്ങളിൽ സഹജമായ പ്രേമം.'

ദോ:

എഹി ബിധി മജ്ജനു ഭരതു കരി ഗുര് അനുസാസന് പാഇ,
മാതു നഹാനീം ജാനി സബ് ഡേരാ ചലേ ലവാഇ. (197)

ഈവിധം ഗംഗയിൽ കുളിച്ച്, ഗുരുവിന്റെ ആദേശം ലഭിച്ച്, തന്റെ അമ്മമാരെല്ലാവരും കുളിച്ചു കഴിഞ്ഞുവെന്നറിഞ്ഞ്, അവൻ ശിബിരങ്ങളെ അഴിച്ചുമാറ്റിച്ചു. (197)

ചൗ:

ജഹ്ँ തഹ്ँ ലോഗൻഹ് ഡേരാ കീൻഹാ
ഭരത് സോധു സബ്ഹീ കര് ലീൻഹാ,
സുര് സേവാ കരി ആയസു പാഈ
രാമ് മാതു പഹിം ഗേ ദൊഉ ഭാഈ. 1

ചരന് ചാँപി കഹി കഹി മൃദു ബാനീ
ജനനീം സകല് ഭരത് സന്മാനീ,
ഭാഇഹി സൗംപി മാതു സെവകാഈ
ആപു നിഷാദ്ഹി ലീൻഹ് ബൊലാഈ. 2

ചലേ സഖാ കര് സോം കര് ജോരേം
സിഥില് സരീരു സനേഹ് ന ഥോരേം,
പൂँഛത് സഖഹി സൊ ഠാഉँ ദെഖാഊ
നേകു നയന് മന് ജരനി ജുഡാഊ. 3

ജഹ്ँ സിയ് രാമു ലഖനു നിസി സോഏ
കഹത് ഭരേ ജല് ലോചന് കോഏ,
ഭരത് ബചന് സുനി ഭയഉ ബിഷാദൂ
തുരത് തഹാँ ലഇ ഗയഉ നിഷാദൂ. 4

ജനങ്ങൾ പല സ്ഥലങ്ങളിലായി താമസിയ്ക്കാൻ തുടങ്ങി. ഭരതൻ അവരെയെല്ലാം അന്വേഷിച്ചുകൊണ്ടിരുന്നു. ദേവന്മാരെ പൂജിച്ചശേഷം അവരിൽനിന്നും വിട വാങ്ങി, രണ്ടു സഹോദരന്മാരും രാമന്റെ അമ്മയുടെ അടുത്തേയ്ക്കു പോയി. ഭരതൻ ബഹുമാനപൂർവം എല്ലാ അമ്മമാരുടേയും പാദങ്ങളെ തിരുമ്മിക്കൊണ്ട് അവരോട് മൃദുവായി സംസാരിച്ചു. പിന്നെ

അമ്മമാരെ ശുശ്രൂഷിയ്ക്കാൻ അനുജനെ ഏല്പിച്ച് അവൻ നിഷാദരാജനെ വിളിച്ചു വരുത്തി അവനോട് കൈ കോർത്തുകൊണ്ട്, അമിതമായ സ്നേഹത്താൽ ആക്രാന്തമായ ശരീരത്തോടെ ചെന്നു. അവൻ തന്റെ സഖാവിനോട് സീതയും, ശ്രീരാമനും, ലക്ഷ്മണനും രാത്രി കിടന്നുറ ങ്ങിയ സ്ഥലത്തെ കാണിച്ചു തരാൻ – അങ്ങനെ തന്റെ കണ്ണുകളുടേയും മനസ്സിന്റേയും വേദനയെ കുറച്ചെങ്കിലും ശമിപ്പിയ്ക്കാൻ – ആവശ്യപ്പെട്ടു. ഈവിധം പറയുമ്പോൾ തന്നെ അവന്റെ കണ്ണുകളുടെ കോണുകളിൽ അശ്രുക്കൾ നിറഞ്ഞു. ഭരതന്റെ വാക്കുകളെ കേട്ട് നിഷാദൻ വിഷണ്ണ നായി, അവനെ ആ സ്ഥലത്തേയ്ക്ക് ഉടനെ കൊണ്ടുപോയി.

ദോ:

ജഹ്ँ സിംസുപാ പുനീത് തര് രഘുബര് കിയ് ബിശ്രാമു,
അതി സനേഹ്ँ സാദര് ഭരത് കീൻഹെഉ ദണ്ഡ് പ്രനാമു. (198)

എവിടെ രഘുവരൻ പുനീതമായ അശോകവൃക്ഷത്തിന്റെ ചുവട്ടിൽ വിശ്രമിച്ചിരുന്നുവോ, അവിടേയ്ക്ക്. അത്യന്തം സ്നേഹത്തോടും ആദര വോടും ഭരതൻ അവിടെ ദണ്ഡനമസ്കാരം ചെയ്തു. (198)

ചൗ:

കുസ് സാँഥരീ നിഹാരി സുഹാഈ
കീൻഹ് പ്രനാമു പ്രദച്ഛിന് ജാഈ,
ചരന് രേഖ് രജ് ആँഖിൻഹ് ലാഈ
ബനഇ ന കഹത് പ്രീതി അധികാഈ. 1

കനക് ബിന്ദു ദുഇ ചാരിക് ദേഖേ
രാഖേ സീസ് സീയ് സമ് ലേഖേ,
സജല് ബിലോചന് ഹൃദയ്ँ ഗ്‌ലാനീ
കഹത് സഖാ സന് ബചന് സുബാനീ. 2

ശ്രീഹത് സീയ് ബിരഹ്ँ ദുതിഹീനാ
ജഥാ അവധ് നര് നാരി ബിലീനാ,
പിതാ ജനക് ദെഉँ പട്തര് കേഹീ
കരതല് ഭോഗു ജോഗു ജഗ് ജേഹീ. 3

സസുര് ഭാനുകുല് ഭാനു ഭുആലൂ
ജെഹി സിഹാത് അമരാവതിപാലൂ,
പ്രാണനാഥു രഘുനാഥ് ഗൊസാഇൗം
ജോ ബഡ് ഹോത് സൊ രാമ് ബഡാഇൗം. 4

ദർഭപ്പുല്ലിനാൽ ചെയ്ത മനോഹരമായ ഒരു പായയെ കണ്ട് അവൻ അതിനെ വന്ദിച്ച് പ്രദക്ഷിണം വെച്ചു. (ശ്രീരാമന്റെ) കാലടിയിലെ ധൂളിയെ വാക്കുകളാൽ വർണ്ണിയ്ക്കാനാവാത്തവിധം അത്യന്തം പ്രീതി യോടെ തന്റെ കണ്ണുകളിൽ വെച്ചു. അവിടെ കുറെ സ്വർണ്ണശകലങ്ങളെ കണ്ട് അവയെ സീതയ്ക്കു സമാനമായി കരുതി തന്റെ തലയിൽ വെച്ചു. കണ്ണുകളിൽ കണ്ണീരോടും, ഹൃദയത്തിൽ ദു:ഖത്തോടും അവൻ തന്റെ സഖാവിനോട് മധുരമായ വാണിയിൽ പറഞ്ഞു: “അയോദ്ധ്യയിലെ സ്ത്രീ പുരുഷന്മാർ എങ്ങനെ ശോകാർത്തരായി തളർന്നിരിയ്ക്കുന്നുവോ, അതു പോലെ സീതയിൽനിന്നും പിരിഞ്ഞ കാരണം ഈ സ്വർണ്ണശകലങ്ങൾ അവയുടെ പ്രഭയെ നഷ്ടപ്പെട്ടിരിയ്ക്കുന്നു. ഈ ലോകത്തിൽ ഭോഗത്തി ന്റേയും യോഗത്തിന്റേയും അധീശനായ അവളുടെ പിതാവായ ജനകനെ ആരായിട്ടാണ് ഞാൻ ഉപമിയ്ക്കുക? അവളുടെ ശ്വശുരൻ സൂര്യവംശത്തിന്റെ സൂര്യനായ, ദേവേന്ദ്രൻ കൂടി അസൂയപ്പെടുന്ന ദശരഥരാജാവാണ്. അവളുടെ പ്രാണനാഥനോ, ആരുടെ മഹിമയാൽ മഹാന്മാർ തങ്ങളുടെ പ്രതാപത്തെ നേടിയിട്ടുണ്ടോ, സാക്ഷാത് ആ രഘുനാഥപ്രഭുവുമാണ്.”

ദോ:

പതി ദേവതാ സുതീയ് മനി സീയ് സാ്ഥരീ ദേഖി,
ബിഹരത് ഹൃദയ് ന ഹഹരിഹര് പബിതേം കഠിന് ബിസേഷി. (199)

“പതിവ്രതയും, ഉത്തമസ്ത്രീകളുടെ മുകുടമണിയുമായ സീതയുടെ പായയെ കാണുമ്പോൾ എന്റെ ഹൃദയം ഭയത്താൽ വെടിയ്ക്കുന്നില്ലല്ലോ; ദൈവമേ, അത് വജ്രത്തേക്കാളും കഠിനമായതാണ്.” (199)

ചൗ:

ലാലന് ജോഗു ലഖന് ലഘു ലോനേ
ഭേ ന ഭാഇ അസ് അഹഹിം ന ഹോനേ,

പുരജന് പ്രിയ് പിതു മാതു ദുലാരേ
സിയ് രഘുബീർഹി പ്രാനപിആരേ. 1

മൃദു മൂരതി സുകുമാര് സുഭാഊ
താത് ബാഉ തന് ലാഗ് ന കാഊ,
തേ ബന് സഹഹിം ബിപതി സബ് ഭാँതീ
നിദരേ കോടി കുലിസ് എഹി ഛാതീ. 2

രാമ് ജനമി ജഗു കീൻഹ് ഉജാഗര്
രൂപ് സീല് സുഖ് സബ് ഗുന് സാഗര്,
പുരജന് പരിജന് ഗുര് പിതു മാതാ
രാമ് സുഭാഉ സബ്ഹി സുഖദാതാ. 3

ബൈരിഉ രാമ് ബഡാഈ കരഹീം
ബോലനി മിലനി ബിനയ് മന് ഹരഹീം,
സാദര് കോടി കോടി സത് സേഷാ
കരി ന സകഹിം പ്രഭു ഗുന് ഗന് ലേഖാ. 4

"പിന്നെ എന്റെ അനുജൻ, ലക്ഷ്മണൻ, അത്രയ്ക്കും സുകുമാരനും ലാളിയ്ക്കത്തക്കവനുമാണ്. അവനെപ്പോലൊരു സഹോദരൻ ഉണ്ടായിട്ടുമില്ല, ഇപ്പോഴുമില്ല, ഇനി ഉണ്ടാകാൻ പോകുന്നുമില്ല. നഗരജനങ്ങളുടെ പ്രിയനും, മാതാപിതാക്കളുടെ കണ്ണിലുണ്ണിയുമായ അവൻ സീതയ്ക്കും രഘുവീരന്നും ജീവനെപ്പോലെ പ്രിയനാണ്. അവൻ മൃദുശരീരത്തോടും, കോമളസ്വഭാവത്തോടും കൂടിയവനാണ്. അവൻ ഒരിയ്ക്കലും ഉഷ്ണവായുവിൽ പുറത്തിറങ്ങീട്ടില്ല. എന്നിട്ടും അവൻ കാട്ടിൽ എല്ലാവിധ കഷ്ടപ്പാടുകളും അനുഭവിയ്ക്കുന്നു. ഹാ! എന്റെ ഈ മാറിടം കോടി വജ്രായുധങ്ങളേയും അതിവർത്തിച്ചിരിയ്ക്കുന്നു! ശ്രീരാമൻ ലോകത്തിൽ ജന്മമെടുത്ത് അതിനെ പ്രകാശമയമാക്കീട്ടുണ്ട്. അവൻ സൗന്ദര്യത്തിന്റേയും, സൗഹൃദത്തിന്റേയും, ആനന്ദത്തിന്റേയും, സർവഗുണങ്ങളുടേയും സാഗരമാണ്. ശ്രീരാമന്റെ സ്വഭാവം അയോദ്ധ്യാവാസികൾക്കും, തന്റെ പരിവാരത്തിന്നും, അതിലും അധികം തന്റെ ഗുരുവിന്നും, മാതാപിതാക്കൾക്കും ആനന്ദത്തെ കൊടുക്കുന്നതാണ്. അവന്റെ വിനീതമായ സംസാരത്താലും, സൗശീല്യത്താലും, നമ്രവ്യവഹാരത്താലും, ശത്രുക്കൾ

കൂടി ശ്രീരാമനെ പ്രശംസിയ്ക്കുന്നു. ഒരു കോടി ശാരദമാരാലും, നൂറുകോടി ശേഷന്മാരാലും കൂടി പ്രഭുവിന്റെ ഗുണഗണങ്ങളെ വർണ്ണിയ്ക്കാനാവില്ല."

ദോ:

സുഖസ്വരൂപ് രഘുബംസ്മനി മംഗല് മോദ് നിധാന്,
തേ സോവത് കുസ് ഡാസി മഹി ബിധി ഗതി അതി ബലവാന്. (200)

"ആനന്ദസ്വരൂപനും, മംഗളങ്ങളുടേയും, സുഖത്തിന്റേയും നിധിയുമായ രഘുവംശരത്നം നിലത്ത് ദർഭപ്പായയിന്മേൽ കിടന്നുറങ്ങുന്നു! വിധിയുടെ ഗതി അത്യന്തം ബലവാനാണ്." (200)

ചൗ:

രാമ് സുനാ ദുഖു കാന് ന കാഊ
ജീവന്തരു ജിമി ജൊഗവഇ രാഊ,
പലക് നയന് ഫനി മനി ജെഹി ഭാँതീ
ജൊഗവഹിം ജനനി സകല് ദിന് രാതീ. 1

തേ അബ് ഫിരത് ബിപിന് പദചാരീ
കന്ദ് മൂല് ഫല് ഫൂല് അഹാരീ,
ധിഗ് കൈകഈ അമംഗല് മൂലാ
ഭഇസി പ്രാന് പ്രിയതമ് പ്രതികൂലാ. 2

മൈം ധിഗ് ധിഗ് അഘ് ഉദധി അഭാഗീ
സബു ഉത്പാതു ഭയഉ ജെഹി ലാഗീ,
കുല് കലംകു കരി സൃജെഉ ബിധാതാँ
സാഇँദോഹ് മൊഹി കീൻഹ് കുമാതാँ. 3

സുനി സപ്രേമ് സമുഝാവ് നിഷാദൂ
നാഥ് കരിഅ കത് ബാദി ബിഷാദൂ,
രാമ് തുംഹഹി പ്രിയ് തുംഹ് പ്രിയ് രാമ്ഹി
യഹ് നിർജോസു ദോസു ബിധി ബാമ്ഹി. 4

"രാമൻ ദു:ഖത്തെപ്പറ്റി ഒരിയ്ക്കലും പറഞ്ഞുകൂടി കേട്ടിട്ടില്ല. രാജാവ് അവനെ ജീവനവൃക്ഷമെന്നപോലെയാണ് വളർത്തിയത്. അമ്മമാർ അവനെ

രാപ്പകൽ കൃഷ്ണമണിയെ കൺപോളകളും, തന്റെ തലയിലുള്ള രത്നത്തെ സർപ്പവും കാത്തു രക്ഷിയ്ക്കുന്നതുപോലെയാണ് കാത്തിരുന്നത്. അതേ രാമൻ ഇപ്പോൾ കന്ദമൂലഫലപുഷ്പാദികൾ ഭക്ഷിച്ചുകൊണ്ട് പാദരക്ഷയില്ലാതെ കാട്ടിൽ അലഞ്ഞുനടക്കുന്നു. എല്ലാ അമംഗളങ്ങ ൾക്കും മൂലകാരണമായ, അവൾക്ക് പ്രാണനെപ്പോലെ അത്യന്തം പ്രിയ തമനായിരുന്ന, (തന്റെ ഭർത്താവിന്ന്) പ്രതികൂലയായിത്തിർന്ന (എന്റെ അമ്മ) കൈകേയി, ശപിയ്ക്കപ്പെട്ടവളാണ്. പാപത്തിന്റെ സമുദ്രവും, എല്ലാ വിപത്തുകൾക്കും ഏകകാരണക്കാരനുമായ ദുർഭാഗ്യവാനായ ഈ ഞാൻ അതിന്നിരട്ടി ശപിയ്ക്കപ്പെട്ടവനാണ്. ദൈവം എന്നെ എന്റെ കുലത്തിന്ന് കളങ്കമായി സൃഷ്ടിച്ച്, പുറമെ എന്റെ ദുഷ്ടയായ അമ്മ എന്റെ സ്വാമിയുടെ ശത്രുവുമാക്കി." ഇതു കേട്ട് നിഷാദരാജൻ സ്നേഹത്തോടെ അവനെ സമാധാനിപ്പിച്ചു. "പ്രഭോ, അങ്ങ് എന്തിനാണ് വൃഥാവായി വ്യസനി യ്ക്കുന്നത്? രാമൻ അങ്ങയ്ക്കും, അങ്ങ് രാമന്നും പ്രിയരാണെന്നുള്ളത് സത്യമാണ്. ദോഷക്കാരൻ വിപരീതമായ വിധിയാണ്."

ഛം:

ബിധി ബാമ് കീ കരനീ കഠിന് ജെഹിം മാതു കീൻഹീ ബാവരീ,
തെഹി രാതി പുനി പുനി കരഹിം പ്രഭു സാദര് സരഹ്നാ രാവരീ.
തുലസീ ന തുംഹ് സോ രാമ് പ്രീതമു കഹതു ഹൗം സൗംഹേം കിഏം
പരിനാമ് മംഗല് ജാനി അപനേ ആനിഏ ധീരജു ഹിഏം.

"വിപരീതമായ വിധിയുടെ കൃത്യങ്ങൾ ക്രൂരമാണ്. അതാണ് അമ്മ കൈകേയിയെ ഭ്രാന്തിയാക്കിയത്. പ്രഭു ആ രാത്രി അങ്ങയെ വീണ്ടും വീണ്ടും ആദരവോടെ പ്രശംസിച്ചു. തുളസീദാസൻ പറയുന്നു: അങ്ങയെ പ്പോലെ ഇത്രയും പ്രിയതമനായി ശ്രീരാമന്ന് വേറെയാരും തന്നെയില്ല. ഇതു ഞാൻ ആണയായി പറയുന്നു. അതിനാൽ, അവസാനം എല്ലാം ശുഭമായിത്തന്നെ പരിണമിയ്ക്കുമെന്ന് വിശ്വസിച്ച് മനസ്സിൽ ധൈര്യമായി രുന്നാലും."

ദോ:

അന്തർജാമീ രാമു സകുച് സപ്രേമ് കൃപായതന്,
ചലിഅ കരിഅ ബിശ്രാമു യഹ് ബിചാരി ദൃഢ് ആനി മന്. (201)

"ശ്രീരാമൻ എല്ലാവരുടേയും മനസ്സിനെ അറിയുന്നവനാണ്. അവൻ സങ്കോചത്തിന്റേയും, പ്രേമത്തിന്റേയും, കൃപയുടേയും നിധാനമാണ്. ഈവിധം ചിന്തിച്ച്, മനസ്സിൽ ധൈര്യമവലംബിച്ച്, ചെന്ന് വിശ്രമിച്ചാലും."
(201)

ചൗ:

സഖാ ബചന് സുനി ഉര് ധരി ധീരാ
ബാസ് ചലേ സുമിരത് രഘുബീരാ,
യഹ് സുധി പാഇ നഗര് നര് നാരീ
ചലേ ബിലോകന് ആരത് ഭാരീ. 1

പരദഖിനാ കരി കരഹിം പ്രനാമാ
ദേഹിം കൈകയിഹി ഖോരി നികാമാ,
ഭരി ഭരി ബാരി ബിലോചന് ലേഹീം
ബാമ് ബിധാത്ഹി ദൂഷന് ദേഹീം. 2

ഏക് സരാഹഹിം ഭരത് സനേഹൂ
കൊഉ കഹ് നൃപതി നിബാഹെഉ നേഹൂ
നിന്ദഹിം ആപു സരാഹി നിഷാദ്ഹി
കോ കഹി സകഇ ബിമോഹ് ബിഷാദ്ഹി. 3

എഹി ബിധി രാതി ലോഗു സബു ജാഗാ
ഭാ ഭിനുസാര് ഗുദാരാ ലാഗാ,
ഗൂര്ഹി സുനാവ്ँ ചഢാഇ സുഹാഈँ
നഈँ നാവ് സബ് മാതു ചഢാഈം. 4

ദണ്ഡ് ചാരി മഹ്ँ ഭാ സബു പാരാ
ഉതരി ഭരത് തബ് സബ്ഹി സँഭാരാ. 5

സഖാവിന്റെ വാക്കുകൾ കേട്ട് ഭരതൻ സമാധാനമടഞ്ഞ് രഘുവീരനെ സ്മരിച്ചുകൊണ്ട് തന്റെ വാസസ്ഥലത്തേയ്ക്കു പോയി. ഈ വർത്തമാന മറിഞ്ഞ് നഗരവാസികളായ സ്ത്രീപുരുഷന്മാർ മനസ്സിൽ അത്യന്തം ആതുര തയോടെ (ശ്രീരാമൻ ഒരു രാത്രി കിടന്നുറങ്ങിയ) ആ സ്ഥലത്തെ

നോക്കാൻ ചെന്നു. അതിനെ പ്രദക്ഷിണം ചെയ്ത് വന്ദിച്ച് അവർ കൈകേയിയെ നല്ലപോലെ മനസ്സിൽ ദുഷിച്ചു. അവരുടെ കണ്ണുകളിൽ വീണ്ടും വീണ്ടും കണ്ണീർ നിറഞ്ഞൊഴുകി. അവർ പ്രതികൂലമായ വിധിയെ ദുഷിച്ചു. ചിലർ ഭരതനെ പ്രശംസിച്ചു. മറ്റു ചിലർ രാജാവ് തന്റെ സ്നേഹത്തെ ന്യായീകരിച്ചുവെന്നു പറഞ്ഞു. അവർ തങ്ങളെത്തന്നെ നിന്ദിയ്ക്കുകയും നിഷാദരാജനെ പ്രശംസിയ്ക്കുകയും ചെയ്തു. അവരുടെ സംഭ്രമത്തേയും വിഷാദത്തേയും ആർക്കാണ് വർണ്ണിയ്ക്കാനാവുക? ഈവിധം അവരെല്ലാവരും രാത്രി മുഴുവനും ഉണർന്നിരുന്നു. പുലർ ന്നതും പുഴയെ കടന്നു ചെല്ലാൻ തുടങ്ങി. ഗുരുവിനെ ഒരു നല്ല മനോഹരമായ തോണിയിൽ കയറ്റി. അമ്മമാരെയെല്ലാം പുതുതായി പണിത വേറൊരു തോണിയിൽ കയറ്റി. നാലു ദണ്ഡത്തിനുള്ളിൽ (ഒന്നര മണിക്കൂർ) എല്ലാവരും അക്കരയെത്തി. ഭരതൻ ഇറങ്ങി എല്ലാവരും വന്നെത്തിയെന്ന് ഉറപ്പുവരുത്തി.

ദോ:

പ്രാതക്രിയാ കരി മാതു പദ് ബന്ദി ഗുർഹി സിരു നാഇ,
ആഗേം കിഏ നിഷാദ് ഗന് ദീൻഹെഉ കടകു ചലാഈ. (202)

പ്രാത:കാലത്തെ കാര്യങ്ങളെയെല്ലാം കഴിച്ച് ഭരതൻ തന്റെ അമ്മമാരുടെ പാദങ്ങളെ വന്ദിച്ച്, ഗുരുവിനെ തലവണങ്ങി, നിഷാദസംഘത്തെ മുന്നി ലയച്ച്, അവരെല്ലാവരും പുറപ്പെട്ടു. (202)

ചൗ:

കിയഉ നിഷാദ്നാഥു അഗുആഈം
മാതു പാലകീം സകല് ചലാഈം,
സാഥ് ബൊലാഇ ഭാഇ ലഘു ദീൻഹാ
ബിപ്രൻഹ് സഹിത് ഗവനു ഗുര് കീൻഹാ. 1

ആപു സുരസരിഹി കീൻഹ് പ്രനാമൂ
സുമിരേ ലഖന് സഹിത് സിയ് രാമൂ,
ഗവനേ ഭരത് പയാദെഹിം പാഏ
കോതല് സംഗ് ജാഹിം ഡൊരിആഏ. 2

കഹഹി സുസേവക് ബാരഹിം ബാരാ
ഹോഇഅ നാഥ് അസ്‌ അസ്‌വാരാ,
രാമു പയാദെഹി പായ്ँ സിധാഏ
ഹമ് കഹ്ँ രഥ് ഗജ് ബാജി ബനാഏ. 3

സിര് ഭര് ജാഉँ ഉചിത് അസ് മോരാ
സബ് തേം സേവക് ധരമു കഠോരാ,
ദേഖി ഭരത് ഗതി സുനി മൃദു ബാനീ
സബ് സേവക് ഗന് ഗരഹിം ഗ്‌ലാനീ. 4

അവൻ നിഷാദരാജനെ മുന്നണിയെ നയിയ്ക്കുവാൻ ഏല്പിച്ചു. പിന്നെ അമ്മമാരെ വഹിച്ചിരുന്ന പല്ലക്കുകൾ പുറപ്പെട്ടു. തന്റെ അനുജനെ വിളിച്ച് അവർക്ക് അകമ്പടിയായിരിയ്ക്കുവാൻ പറഞ്ഞു. അടുത്തതായി ഗുരുവും മറ്റു ബ്രാഹ്മണരും പുറപ്പെട്ടു. പിന്നെ അവൻ സുരനദിയായ ഗംഗയെ വന്ദിച്ച്, ലക്ഷ്മണനോടു കൂടിയ സീതയേയും രാമനേയും സ്മരിച്ചുകൊണ്ട് കാൽനടയായി പുറപ്പെട്ടു. രാജാവിന്ന് വേണ്ടിയുള്ള സവാരിക്കുതിരകൾ കടിഞ്ഞാണുകളാൽ നിയന്ത്രിയ്ക്കപ്പെട്ട് അവനോ ടൊപ്പം നയിയ്ക്കപ്പെട്ടു. ആവന്റെ വിശ്വസ്തഭൃത്യന്മാർ വീണ്ടും വീണ്ടും പറഞ്ഞു: “സ്വാമീ, ദയവു ചെയ്ത് കുതിരപ്പുറത്ത് കയറിയാലും.” “ശ്രീരാമൻ കാൽനടയായിട്ടാണ് പോയത്. എനിയ്ക്ക് രഥങ്ങളും, ആനകളും, കുതിരകളും അല്ലേ? എനിയ്ക്കുചിതമായത് ഞാൻ എന്റെ തല കൊണ്ടാണ് നടക്കേണ്ടത്; എല്ലാ ധർമ്മത്തേക്കാളും ഒരു സേവകന്റെ ധർമ്മമാണ് കഠിനമായത്.” അവന്റെ പെരുമാറ്റത്തെ കണ്ട്, മൃദുവായ സംസാരത്തെ കേട്ട് അവന്റെ എല്ലാ സേവകന്മാരും കുറ്റബോധത്താൽ കുറുകിപ്പോയി.

ദോ:

ഭരത് തീസരേ പഹര് കഹ്ँ കീൻഹ് പ്രബേസു പ്രയാഗ്,
കഹത് രാമ് സിയ് രാമ് സിയ് ഉമഗി ഉമഗി അനുരാഗ്. (203)

മദ്ധ്യാഹ്നസമയത്ത് ഭരതൻ പ്രയാഗയുടെ അതിർത്തിയിൽ പ്രവേശിച്ചു. സ്നേഹം നിറഞ്ഞുവഴിഞ്ഞുകൊണ്ട് അവൻ 'രാമ, സീതേ' 'രാമ, സീതേ' എന്ന് വിളിച്ചുകൊണ്ട് നടന്നു. (203)

ചൗ:

ഝലകാ ഝലകത് പായൻഹ് കൈസേം
പങ്കജ് കോസ് ഓസ് കന് ജൈസേം,
ഭരത് പയാദെഹിം ആഏ ആജൂ
ഭയഉ ദുഖിത് സുനി സകല് സമാജൂ. 1

ഖബരി ലീൻഹ് സബ് ലോഗ് നഹാഏ
കീൻഹ് പ്രനാമു ത്രിബേനിഹിം ആഏ,
സബിധി സിതാസിത് നീര് നഹാനേ
ദിഏ ദാന് മഹിസുര് സന്മാനേ. 2

ദേഖത് സ്യാമല് ധവല് ലഹോരേ
പുലകി സരീര് ഭരത് കര് ജോരേ,
സകല് കാമ് പ്രദ് തീരഥ്രാഊ
ബേദ് ബിദിത് ജഗ് പ്രഗട് പ്രഭാഊ. 3

മാഗഉ് ഭീഖ് ത്യാഗി നിജ് ധരമൂ
ആരത് കാഹ് ന കരഇ കുകരമൂ,
അസ് ജീയ് ജാനി സുജാന് സുദാനീ
സഫല് കരഹിം ജഗ് ജാചക് ബാനീ. 4

അവന്റെ കാലടികളിലെ നീർപ്പോളകൾ താമരമൊട്ടിൽ മഞ്ഞുതുള്ളികളെപ്പോലെയിരുന്നു. ഭരതൻ ആ ദിവസം മുഴുവൻ കാൽനടയായാണ് സഞ്ചരിച്ചതെന്നറിഞ്ഞ് സമാജം മുഴുവൻ ദു:ഖിതരായി. എല്ലാവരും കുളിച്ചുകഴിഞ്ഞുവെന്നറിഞ്ഞ് അവൻ ഗംഗായമുനാസരസ്വതി സംഗമമായ ത്രിവേണിയിലേയ്ക്കു ചെന്ന് അതിനെ പ്രണമിച്ചു. വെളുത്തും കറുത്തുമിരുന്ന ജലത്തിൽ അവൻ വിധിവത്തായി സ്നാനം ചെയ്ത് ബ്രാഹ്മണർക്ക് ദാനങ്ങൾ കൊടുത്ത് സന്മാനിച്ചു. കറുപ്പും വെളുപ്പുമായ അലകൾ വരുന്നതിനെ നോക്കിക്കൊണ്ട് അവന്റെ ശരീരം പുളകിതമായി. അവൻ തന്റെ കൈകളെ കൂപ്പിക്കൊണ്ട് പ്രാർത്ഥിച്ചു: “ഹേ തീർത്ഥരാജ, നീ എല്ലാ ഇച്ഛിച്ച പദാർത്ഥങ്ങളേയും പ്രദാനം ചെയ്യുന്നവനാണ്. നിന്റെ മഹിമ വേദങ്ങൾക്കുകൂടി അറിയാവുന്നതും ലോകം മുഴുവനും പ്രകട

മായതുമാണ്. സ്വധർമ്മത്തെ (ക്ഷത്രിയ ധർമ്മം) വെടിഞ്ഞ് ഞാൻ നിന്നോട് യാചിയ്ക്കുന്നു. പിന്നെ ദു:ഖിതനായ ഒരുവൻ എന്തു ദുഷ്കർമ്മ മാണ് ചെയ്യാൻ തുനിയാത്തത്? ഈവിധം മനസ്സിൽ ധരിച്ചുകൊണ്ട് ജ്ഞാനികളും മഹാദാനികളുമായവർ ഈ ലോകത്തിൽ യാചകന്മാരുടെ പ്രാർത്ഥനയെ സഫലമാക്കുന്നു."

ദോ:

അരഥ് ന ധരമ് ന കാമ് രുചി ഗതി ന ചഹഉ്ँ നിര്ബാന്,
ജനമ് ജനമ് രതി രാമ് പദ് യഹ് ബരദാനു ന ആന്. (204)

"എനിയ്ക്ക് സമ്പത്തിലോ, ധർമ്മത്തിലോ, കാമത്തിലോ, നിർവാണഗതി യിലോ ഇച്ഛയില്ല. ഓരോ ജന്മത്തിലും എനിയ്ക്ക് ശ്രീരാമന്റെ പാദങ്ങളിൽ ഭക്തിയുണ്ടായിരിയ്ക്കണം. ഈ ഒരു വരം മാത്രം തരുവാൻ യാചിയ്ക്കുന്നു. വേറൊന്നും തന്നെ വേണ്ട." (204)

ചൗ:

ജാനഹുँ രാമു കുടില് കരി മോഹീ
ലോഗ് കഹഉ ഗുര് സാഹിബ് ദ്രോഹീ,
സീതാ രാമ് ചരന് രതി മോരേം
അനുദിന് ബഢഉ അനുഗ്രഹ് തോരേം. 1

ജലദു ജനമ് ഭരി സുരതി ബിസാരഉ
ജാചത് ജലു പബി പാഹന് ഡാരഉ,
ചാതകു രടനി ഘടേം ഘടി ജാഇൗ
ബഢേം പ്രേമു സബ് ഭാँതി ഭലാഇൗ. 2

കനക്ഹിം ബാന് ചഢഇ ജിമി ദാഹേം
തിമി പ്രിയതമ് പദ് നേമ് നിബാഹേം,
ഭരത് ബചന് സുനി മാഝ് ത്രിബേനീ
ഭഇ മൃദു ബാനി സുമംഗല് ദേനീ. 3

താത് ഭരത് തുംഹ് സബ് ബിധി സാധൂ
രാമ് ചരന് അനുരാഗ് അഗാധൂ,

ബാദി ഗ്ലാനി കരഹു മന് മാഹീം
തുംഹ് സമ് രാമ്ഹി കൊഉ പ്രിയ് നാഹീം. 4

"ശ്രീരാമൻ എന്നെ ദുഷ്ടനായി കരുതട്ടെ; ജനങ്ങൾ എന്നെ ഗുരുദ്രോഹിയെന്നും സ്വാമിദ്രോഹിയെന്നും വിളിയ്ക്കട്ടെ. പക്ഷേ, നിന്റെ അനുഗ്രഹത്താൽ സീതാരാമചരണങ്ങളിൽ എന്റെ പ്രേമം നാൾക്കുനാൾ വളരട്ടെ. മേഘം ചാതകപ്പക്ഷിയെ ജീവിതം മുഴുവൻ അവഗണിച്ച് ജലം ചോദിച്ചാൽ ഇടിയും ആലിപ്പഴവും വർഷിയ്ക്കാം. പക്ഷേ അത് മേഘത്തെ കൂവിവിളിയ്ക്കുന്നതു നിർത്തിയാൽ മറ്റുള്ളവരുടെ അഭിപ്രായത്തിൽ നിസ്സാരമായിത്തീരും. മേഘത്തോടുള്ള അതിന്റെ സ്നേഹത്തെ അധികരിച്ചാൽ മാത്രമേ അതിന്ന് എല്ലാവിധത്തിലും നന്മയുണ്ടാവുള്ളൂ. തീയിൽ പഴുത്ത് സ്വർണ്ണത്തിന്റെ തിളക്കം അധികരിയ്ക്കുന്നതുപോലെ, തന്റെ പ്രിയതമനായ സ്വാമിയുടെ പാദങ്ങളോടുള്ള ഭക്തിയെന്ന വ്രതത്തെ നിർവഹിച്ചാലേ ഭക്തൻ ശോഭിയ്ക്കുള്ളൂ." ഭരതന്റെ വാക്കുകളെ കേട്ട് ത്രിവേണിയുടെ നടുവിൽനിന്ന് മൃദുവും മംഗളപ്രദവുമായ വാണിയുണ്ടായി. "പ്രിയ ഭരത! നീ എല്ലാവിധത്തിലും സാധുവാണ്. ശ്രീരാമപാദങ്ങളിൽ നിനക്കുള്ള പ്രേമം ആഴ്ന്നതാണ്. നീ വൃഥാവായിട്ടാണ് മനസ്സിൽ വിഷമകരമായ ചിന്തകൾ ഭാവിയ്ക്കുന്നത്. നിന്നെപ്പോലെ ശ്രീരാമന്ന് പ്രിയനായി വേറെയാരും തന്നെയില്ല."

ദോ:

തനു പുലകെഉ ഹിയ്ँ ഹരഷു സുനി ബേനി ബചന് അനുകൂല്,
ഭരത് ധന്യ് കഹി ധന്യ് സുര് ഹരഷിത് ബരഷഹിം ഫൂല്. (205)

ഭരതന്റെ ശരീരം പുളകിതമായി. ത്രിവേണിയുടെ അനുകൂലമായ വാക്കുകളെ കേട്ട് അവന്റെ മനസ്സ് സന്തോഷിച്ചു. 'ഭരതൻ ധന്യനാണ്, ധന്യനാണ്' എന്ന് ഘോഷിച്ചുകൊണ്ട് ദേവന്മാർ പുഷ്പവർഷം ചെയ്തു.(205)

ചൗ:

പ്രമുദിത് തീരഥ്രാജ് നിവാസീ
ബൈഖാനസ് ബടു ഗൃഹീ ഉദാസീ,
കഹഹിം പരസ്പര് മിലി ദസ് പാँചാ
ഭരത് സനേഹു സീലു സുചി സാँചാ. 1

സുനത് രാമ് ഗുന് ഗ്രാമ് സുഹാഏ
ഭരദ്വാജ് മുനിബര് പഹിം ആഏ,
ദണ്ഡ് പ്രനാമു കരത് മുനി ദേഖേ
മൂരതിമംത് ഭാഗ്യ നിജ് ലേഖേ. 2

ധാഇ ഉഠാഇ ലാഇ ഉര് ലീൻഹേ
ദീൻഹ് അസീസ് കൃതാരഥ് കീൻഹേ,
ആസനു ദീൻഹ് നാഇ സിരു ബൈഠേ
ചഹത് സകുച് ഗൃഹ്ँ ജനു ഭജി പൈഠേ. 3

മുനി പൂँഛബ് കഛു യഹ് ബഡ് സോചൂ
ബോലേ രിഷി ലഖി സീലു സँകോചൂ,
സുനഹു ഭരത് ഹമ് സബ് സുധി പാഈ
ബിധി കര്തബ് പര് കിഛു ന ബസാഈ. 4

തീർത്ഥരാജാവായ പ്രയാഗയിലെ വാസികൾ – വാനപ്രസ്ഥന്മാരും, ബ്രഹ്മചാരികളും, ഗൃഹസ്ഥന്മാരും, സന്യാസികളും – സന്തോഷിച്ചു. അഞ്ചും പത്തും പേർ ചേർന്ന പല സംഘങ്ങളായി അവർ പരസ്പരം പറഞ്ഞു: "ഭരതന്റെ സ്നേഹവും സൗഹൃദവും നിഷ്കളങ്കതയും സത്യമാണ്." ശ്രീരാമന്റെ ഉയർന്ന ഗുണഗണങ്ങളെ കേട്ടുകൊണ്ട് അവൻ ഭരദ്വാജമഹർഷിയുടെ അടുക്കലേയ്ക്ക് വന്നു. മുനി അവൻ തന്നെ ദണ്ഡനമസ്കാരം ചെയ്യുന്നതുകണ്ട് തന്റെ ഭാഗ്യം രൂപമെടുത്തുവന്ന പോലെ അവനെ കണ്ടു. ഓടിപ്പോയി അവനെ വാരിയെടുത്ത് മുനി അവനെ തന്റെ മാറോടണച്ച് ആശീർവദിച്ച് കൃതാർത്ഥനാക്കി. ഇരിയ്ക്കാൻ ആസനം കൊടുത്തപ്പോൾ അവൻ തല താഴ്ത്തിക്കൊണ്ട് ഇരുന്നു. അത് അവൻ ഓടിപ്പോയി സങ്കോചമെന്ന വീട്ടിനുള്ളിൽ കടന്നുചെന്ന് ഒളിയുമെന്ന് തോന്നുന്നപോലെയിരുന്നു. മുനി തന്നോട് ഏതെങ്കിലും ചോദ്യം ചെയ്യുമോ എന്ന് അവൻ അത്യന്തം ഉൽക്കൺഠാകുലനായി. അവന്റെ സൗശീല്യത്തേയും സങ്കോചത്തേയും കണ്ട് മുനി അവനോട് പറഞ്ഞു: "ഭരത, കേൾക്കു: ഞാനെല്ലാം കേട്ടു. പക്ഷേ നമുക്ക് വിധിയുടെ ഗതിയെ നിയന്ത്രിയ്ക്കാനാവില്ലല്ലോ."

ദോ:

തുംഹ് ഗ്ലാനി ജിയ്ँ ജനി കരഹു സമുഝി മാതു കർതൂതി,
താത് കൈകഇഹി ദോസു നഹിം ഗഈ ഗിരാ മതി ധൂതി. (206)

“നിന്റെ അമ്മ ചെയ്തതിനെ ഓർത്ത് മനസ്സിൽ ദു:ഖിയ്ക്കാതിരിയ്ക്കൂ. വത്സ, അത് കൈകേയിയുടെ കുറ്റമല്ല; വാഗ്ദേവിയാണ് അവളുടെ മനസ്സിനെ ഭ്രമിപ്പിച്ചത്.” (206)

ചൗ:

യഹഉ കഹത് ഭല് കഹിഹി ന കോഊ
ലോകു ബേദു ബുധ് സംമത് ദോഊ,
താത് തുംഹാര് ബിമല് ജസു ഗാഈ
പാഇഹി ലോകഉ ബേദു ബഡാഈ. 1

ലോക് ബേദ് സംമത് സബു കഹഈ
ജെഹി പിതു ദേഇ രാജ് സോ ലഹഈ,
രാഉ സത്യബ്രത് തുംഹഹി ബൊലാഈ
ദേത് രാജു സുഖു ധരമു ബഡാഈ. 2

രാമ് ഗവനു ബന് അനരഥ് മൂലാ
ജോ സുനി സകല് ബിസ്വ് ഭഇ സൂലാ,
സോ ഭാവീ ബസ് രാനി അയാനീ
കരി കുചാലി അംതഹുँ പഛിതാനീ. 3

തഹँഉँ തുംഹാര് അല്പ് അപരാധൂ
കഹൈ സൊ അധമ് അയാന് അസാധൂ,
കർതെഹു രാജു ത് തുംഹഹി ന ദോഷൂ
രാമ്ഹി ഹോത് സുനത് സന്തോഷൂ. 4

“ഞാനങ്ങനെ പറഞ്ഞാലും അതിനെ ആരും ശരിവെയ്ക്കില്ല. എന്തെന്നാൽ ജ്ഞാനികൾ ലോകത്തിന്റെയും വേദങ്ങളുടേയും അഭിപ്രായത്തെ മാനിയ്ക്കുന്നു. പക്ഷേ താത, നിന്റെ നിർമ്മലമായ യശസ്സിനെ പാടിയാൽ ലോകവും വേദങ്ങളും മഹത്വത്തെ പ്രാപിയ്ക്കും. ലോകവും വേദങ്ങളും

അതിനെ സമ്മതിയ്ക്കുന്നു. പിന്നെ മക്കൾക്കിടയിൽ ആർക്ക് പിതാവ് (രാജാവ്) രാജ്യത്തെ കൊടുക്കുന്നുവോ, അവന്നു മാത്രമേ രാജ്യം കിട്ടുള്ളൂ. സത്യവ്രതനായിരുന്ന രാജാവ് നിന്നെ വരുത്തി നിന്നെ രാജാവായി വാഴിയ്ക്കുമായിരുന്നു. ഇത് രാജാവിന്ന് ആനന്ദത്തേയും, സുകൃതത്തേയും, യശസ്സിനേയും കൊടുക്കുമായിരുന്നു. പക്ഷേ എല്ലാ അനർത്ഥങ്ങളുടേയും മൂലകാരണം രാമന്റെ വനവാസമായിരുന്നു. അതു കേട്ട് വിശ്വം മുഴുവൻ തന്നെ വേദനയടഞ്ഞു. വിധി വശാൽ മുഢയായ റാണി (കൈകേയി) തെറ്റു ചെയ്തു, അതിന്നിപ്പോൾ പശ്ചാത്തപിയ്ക്കു കയും ചെയ്യുന്നു. പക്ഷേ അതിന്ന് നിന്നെ അല്പമെങ്കിലും കുറ്റം പറയുന്നവൻ നീചനും, അജ്ഞാനിയും, ദുഷ്ടനുമാണ്. നീ രാജ്യത്തെ സ്വീകരിച്ചാൽ കൂടി നിനക്ക് ഒരു ദോഷവുമുണ്ടാവില്ല. രാമൻ കൂടി അതു കേട്ട് സന്തുഷ്ടനാവും."

ദോ:

അബ് അതി കീൻഹെഹു ഭരത് ഭല് തുംഹ്ഹി ഉചിത് മത് ഏഹു,
സകല് സുമംഗല് മൂല് ജഗ് രഘുബര് ചരന് സനേഹു. (207)

"പക്ഷേ നീ ഇപ്പോൾ ചെയ്തത് വളരെ നന്നായി. നിന്റെ അഭിപ്രായം എറ്റവുമുചിതമായതാണ്. എന്തെന്നാൽ ഈ ലോകത്തിൽ എല്ലാ വിശിഷ്ട മംഗളങ്ങളുടേയും മൂലം രഘുവരന്റെ പാദങ്ങളിൽ ഭക്തിയാണ്. (207)

ചൗ:

സോ തുംഹാര് ധനു ജീവനു പ്രാനാ
ഭൂരിഭാഗ് കോ തുംഹ്ഹി സമാനാ,
യഹ് തുംഹാര് ആചരജു ന താതാ
ദസരഥ് സുഅന് രാമ് പ്രിയ് ഭ്രാതാ. 1

സുനഹു ഭരത് രഘുബര് മന് മാഹീം
പേമ് പാത്രു തുംഹ് സബ് കൊഉ നാഹീം,
ലഖന് രാമ് സീതഹി അതി പ്രീതീ
നിസി സബ് തുംഹഹി സരാഹത് ബീതീ. 2

ജാനാ മരമു നഹാത് പ്രയാഗാ
മഗന് ഹോഹിം തുംഹരേം അനുരാഗാ,
തുംഹ് പര് അസ് സനേഹു രഘുബര് കേം
സുഖ് ജീവന് ജഗ് ജസ് ജഡ് നര് കേം. 3

യഹ് ന അധിക് രഘുബീര് ബഡാഈ
പ്രനത് കുടുംബ് പാല് രഘുരാഈ,
തുംഹ് തൗ ഭരത് മോര് മത് ഏഹൂ
ധരേം ദേഹ് ജനു രാമ് സനേഹൂ. 4

“അതാണ് നിന്റെ ധനവും, ജീവനും, പ്രാണനും കൂടി. പിന്നെ ആരാണ് നിന്നെക്കാളും അതിഭാഗ്യവാനായിട്ടുള്ളത്? ദശരഥരാജാവിന്റെ പുത്രനും, രാമന്റെ പ്രിയഭ്രാതാവുമായ നിന്റെ കാര്യത്തിൽ ഈവിധമുള്ളത് ആശ്ചര്യമൊന്നുമല്ല. ഭരത, ഞാൻ പറയുന്നു, രഘുവീരന്റെ മനസ്സിൽ നിന്നോളം ഇത്രയും പ്രിയനായി ആരും തന്നെയില്ല. ലക്ഷ്മണനും, രാമനും, സീതയും അന്നു രാത്രി മുഴുവൻ അത്യന്തം പ്രീതിയോടെ നിന്നെ പ്രശംസിച്ചിരുന്നു. അവർ പ്രയാഗയിൽ കുളയ്ക്കുമ്പോഴാണ് ഞാൻ ആ രഹസ്യം അറിഞ്ഞത്. നിന്നോടുള്ള സ്നേഹം കൊണ്ട് അവർ ആമഗ്നരായിരുന്നു. ഒരു മൂഢൻ ലോകത്തിൽ സുഖമായ ജീവിതത്തെ ആശിയ്ക്കുന്നതുപോലെ, അതേവിധം രഘുവരന് നിന്നോട് പ്രേമഭാവമുണ്ട്. ആശ്രിതരുടെ കുടുംബത്തെ പാലിയ്ക്കുന്നവനായ രഘുവീരന് ഇതൊന്നും വലിയൊരു മഹാനതയല്ല. ഭരത, എന്റെ അഭിപ്രായത്തിൽ നീ ശ്രീരാമനോടുള്ള പ്രേമം ശരീരം ധരിച്ചപോലെയാണ്.”

ദോ:

തുംഹ് കഹ്ँ ഭരത് കലംക് യഹ് ഹമ് സബ് കഹ്ँ ഉപദേസു,
രാമ് ഭഗതി രസ് സിദ്ധി ഹിത് ഭാ യഹ് സമഉ ഗനേസു. (208)

“ഭരത, നീ എതിനെ നിന്മേലുള്ള കളങ്കമെന്ന് കരുതുന്നുവോ, അത് ഞങ്ങൾക്കെല്ലാവർക്കും ഒരു പാഠമാണ്. ഈ സന്ദർഭം രാമഭക്തി എന്ന രസത്തെ തയ്യാറാക്കുവാനുള്ള വളരെ ശുഭമായ സമയമാണ്.” (208)

ചൗ:

നവ ബിധു ബിമല് താത് ജസു തോരാ
രഘുബര് കിങ്കര് കുമുദ് ചകോരാ,
ഉദിത് സദാ അँഥഇഹി കബ്ഹൂँ നാ
ഘടിഹി ന ജഗ് നഭ് ദിന് ദിന് ദൂനാ. 1

കോക് തിലോക് പ്രീതി അതി കരിഹീ
പ്രഭു പ്രതാപ് രബി ഛബിഹി ന ഹരിഹീ,
നിസി ദിന് സുഖദ് സദാ സബ് കാഹൂ
ഗ്രസിഹി ന കൈകഇ കരതബു രാഹൂ. 2

പൂരന് രാമ് സുപേമ് പിയൂഷാ
ഗുര് അവമാന് ദോഷ് നഹിം ദൂഷാ,
രാമ് ഭഗത് അബ് അമിअँ അഘാഹൂँ
കീൻഹെഹു സുലഭ് സുധാ ബസുധാഹൂँ. 3

ഭൂപ് ഭഗീരഥ് സുരസരി ആനീ
സുമിരത് സകല് സുമംഗല് ഖാനീ,
ദസരഥ് ഗുന് ഗന് ബരനി ന ജാഹീം
അധികു കഹാ ജെഹി സമ് ജഗ് നാഹീം. 4

"വത്സ, നിന്റെ യശസ്സ് കളങ്കമില്ലാത്ത പുതുവിധം ചന്ദ്രനും, രാമന്റെ ഭക്തന്മാർ (ചന്ദ്രികയിൽ വിടരുന്ന) ആമ്പൽപ്പൂക്കളും (ചന്ദ്രനെ ഇഷ്ട പ്പെടുന്ന) ചകോരപ്പക്ഷികളുമാണ്. അത് ഉദിച്ച് ഒരിയ്ക്കലും അസ്തമിയ്ക്കാതെ ആകാശത്തിൽ ഇരിയ്ക്കുന്നതാണ്; അത് ഒരിയ്ക്കലും ചുരുങ്ങാതെ ഈ ലോകമെന്ന ആകാശത്തിൽ സദാ പൂർണ്ണമായിത്തന്നെയിരിയ്ക്കുന്നതാണ്. മൂന്നു ലോകങ്ങളെന്ന ചക്രവാകപ്പക്ഷി അതിനെ അത്യന്തം പ്രേമിയ്ക്കും. പ്രഭുവിന്റെ പ്രതാപം എന്ന സൂര്യൻ അതിന്റെ പ്രകാശത്തെ കവർന്നെ ടുക്കില്ല. അത് രാവും പകലും സദാ എല്ലാവരേയും ആനന്ദിപ്പിച്ചു കൊണ്ടിരിയ്ക്കും; കൈകേയിയുടെ ദുഷ്കൃത്യങ്ങളെന്ന രാഹു അതിനെ മറയ്ക്കില്ല. അത് രാമനിങ്കൽ മികച്ച പ്രേമമെന്ന അമൃതം നിറഞ്ഞതാണ്. ഗുരു അവമാനമെന്ന ദോഷം* അതിനെ ദുഷിപ്പിയ്ക്കില്ല. രാമഭക്തന്മാർക്ക് ഇപ്പോൾ

ആ അമൃതത്തെ മതിയാവോളം ആസ്വദിയ്ക്കാം. എന്തെന്നാൽ നീ അതിനെ ഭൂമിയിൽ സുലഭമായി ലഭിയ്ക്കുമാറാക്കിയിട്ടുണ്ട്. നിന്റെ പൂർവജ നായ ഭഗീരഥരാജാവ് സ്മരണമാത്രത്തിൽ സർവമംഗളങ്ങളേയും പ്രദാനം ചെയ്യുന്ന ദേവനദിയായ ഗംഗയെ ആകാശത്തിൽനിന്നും കൊണ്ടുവന്നു. ദശരഥന്റെ ഗുണഗണങ്ങൾ വർണ്ണനാതീതമാണ്. അദ്ദേഹ ത്തെപ്പറ്റി അധികമെന്തു പറയാനാണ്? അദ്ദേഹത്തിന്ന് സമനായി ആരും തന്നെ ഉണ്ടായിരുന്നില്ല."

---

*ബൃഹസ്പതി ഒരിയ്ക്കൽ ഗംഗയിൽ കുളിച്ചുവരുമ്പോൾ തന്റെ ഭാര്യയായ താരയെ ചന്ദ്രനോടുകൂടി കണ്ടു. അദ്ദേഹം തന്റെ ഈറൻ വസ്ത്രത്തെ ചന്ദ്രന്റെ മുഖത്ത് എറിഞ്ഞു. അങ്ങനെയാണ് ചന്ദ്രനിൽ കളങ്കമുണ്ടായതെന്ന് പുരാണങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ദോ:

ജാസു സനേഹ് സകോച് ബസ് രാമ് പ്രഗട് ഭഎ ആഇ,
ജേ ഹര് ഹിയ് നയന്നി കബഹു് നിരഖേ നഹീം അഘാഇ. (209)

"അദ്ദേഹത്തിന്റെ സ്നേഹത്തിന്നും വിനയത്തിന്നും വശംവദനായി ശ്രീരാമൻ ആരെ ശിവൻ ഒരിയ്ക്കലും തനിയ്ക്ക് തൃപ്തിയാവോളം തന്റെ മനക്കണ്ണുകളാൽ കണ്ടിട്ടില്ലയോ, ആ രാമൻ സ്വയം ഭൂമിയിൽ അവതരിച്ചു." (209)

ചൗ:

കീരതി ബിധു തുംഹ് കീൻഹ് അനൂപാ
ജഹ് ബസ് രാമ് പേമ് മൃഗരൂപാ,
താത് ഗലാനി കരഹു ജിയ് ജാഏ്
ഡരഹു ദരിദ്ര്ഹി പാരസു പാഏ്. 1

സുനഹു ഭരത് ഹമ് ഝൂഠ് ന കഹഹീം
ഉദാസീന് താപസ് ബന് രഹഹീം,
സബ് സാധന് കര് സുഫല് സുഹാവാ
ലഖന് രാമ് സിയ് ദര്സനു പാവാ. 2

തെഹി ഫല് കര് ഭലു ദരസ് തുംഹാരാ
സഹിത് പയാഗ് സുഭാഗ് ഹമാരാ,
ഭരത് ധന്യ് തുംഹ് ജസു ജഗു ജയഊ
കഹി അസ് പേമ് മഗന് മുനി ഭയഊ. 3

സുനി മുനി ബചന് സഭാസദ് ഹരഷേ
സാധു സരാഹി സുമന് സുര് ബരഷേ,
ധന്യ് ധന്യ് ധുനി ഗഗന് പയാഗാ
സുനി സുനി ഭരതു മഗന് അനുരാഗാ. 4

"നീ നിന്റെ കീർത്തിയെന്ന ഉപമയില്ലാത്ത ചന്ദ്രനെ ഉണ്ടാക്കിയിരിയ്ക്കുന്നു. അതിൽ രാമഭക്തിയെന്ന മൃഗരൂപം വസിയ്ക്കുന്നു. താത, നീ വൃഥാവാണ് മനസ്സിൽ ദു:ഖിയ്ക്കുന്നത്. നീ പാരസമണിയെ കൈയ്യിൽ വെച്ചുകൊണ്ട് ദാരിദ്ര്യത്തെ ഭയപ്പെടുന്നു. ഭരത, കേൾക്കൂ: ഞാൻ പറയുന്നത് കള്ളമല്ല. ഞാൻ വനത്തിൽ വസിയ്ക്കുന്ന, ലോകമായിട്ട് ഒരു താല്പര്യവുമില്ലാത്ത താപസനാണ്. ഞാൻ ലക്ഷ്മണനേയും, രാമനേയും, സീതയേയും കണ്ട പ്പോൾ എന്റെ എല്ലാ സാധനകളുടേയും സുഖപ്രദവും, ശ്രേഷ്ഠവുമായ ഫലത്തെ നേടി. ആ സുകൃതത്തിന്റെ സുകൃതം നിന്റെ ദർശനമാണ്. അതിൽ ഞാൻ മാത്രമല്ല, പ്രയാഗ മുഴുവൻ തന്നെ അഭിനന്ദനാർഹമാണ്. ഭരത, നിന്റെ യശസ്സിനാൽ ലോകത്തെ മുഴുവൻ തന്നെ ജയിച്ചിരിയ്ക്കുന്ന നീ ധന്യനാണ്." ഈവിധം പറഞ്ഞ് മുനി പ്രേമമഗ്നനായി. മുനിയുടെ വാക്കുകളെ കേട്ട് ആ സഭയിലുണ്ടായിരുന്നവരെല്ലാവരും സന്തോഷിച്ചു. ദേവന്മാർ ഭരതനെ സാധുവാദം ചെയ്തുകൊണ്ട് അവന്മേൽ പുഷ്പ വർഷം ചെയ്തു. 'ധന്യൻ, ധന്യൻ' എന്ന ശബ്ദത്തെ ആകാശത്തിൽ നിന്നും പ്രയാഗയിൽനിന്നും കേട്ട് അവൻ പ്രേമപരവശനായി.

ദോ:
പുലക് ഗാത് ഹിയ്ँ രാമു സിയ് സജല് സരോരുഹ് നൈന്,
കരി പ്രനാമു മുനി മണ്ഡലിഹി ബോലേ ഗദ്ഗദ് ബൈന്. (210)

പുളകിതശരീരനായി ഹൃദയത്തിൽ രാമനും സീതയും നിറഞ്ഞ്, കമല നയനങ്ങൾ കണ്ണീർ വടിച്ചുകൊണ്ട്, അവൻ മുനിസമൂഹത്തെ പ്രണമിച്ച് ഗദ്ഗദ്മായ വാക്കുകളാൽ ഈവിധം പറഞ്ഞു: (210)

ചൗ:

മുനി സമാജു അരു തീരഥ്രാജൂ
സാँചിഹുँ സപഥ് അഘാഇ അകാജൂ,
എഹിം ഥല് ജൗം കിഛു കഹിഅ ബനാഇൗ
എഹി സമ് അധിക് ന അഘ് അധമാഇൗ. 1

തുമ് സർബഗ്യ് കഹഉँ സതിഭാഊ
ഉര് അന്തർജാമീ രഘുരാഊ,
മൊഹി ന മാതു കർതബ് കര് സോചൂ
നഹിം ദുഖു ജിയँ ജഗു ജാനിഹി പോചൂ. 2

നാഹിന് ഡരു ബിഗരിഹി പരലോകൂ
പിതഹു മരന് കര് മോഹി ന സോകൂ,
സുകൃത് സുജസ് ഭരി ഭുഅന് സുഹാഏ
ലഛിമന് രാമ് സരിസ് സുത് പാഏ. 3

രാമ് ബിരഹ്ँ തജി തനു ഛന്ഭംഗൂ
ഭൂപ് സോച് കര് കവന് പ്രസംഗൂ,
രാമ് ലഖന് സിയ് ബിനു പഗ് പനഹീം
കരി മുനി ബേഷ് ഫിരഹിം ബന് ബനഹീം. 4

“ഇവിടെ ഒരു മുനിസമാജവും തീർത്ഥരാജൻ എന്നറിയപ്പെടുന്ന സ്ഥല വുമുണ്ട്. ഇവിടെ ഒരുവൻ സത്യമായതിനെക്കൂടി ആണയിട്ടു പറഞ്ഞാൽ വലിയ സങ്കടത്തിലാവും. പിന്നെ ഒരുവൻ കള്ളം പറയുന്നുവെങ്കിൽ അതിലും വലിയ പാപവും നീചത്വവും വേറൊന്നുമില്ല. നിങ്ങളെല്ലാവരും സർവജ്ഞരും, രഘുരാമൻ സർവാന്തര്യാമിയുമാണെന്നറിഞ്ഞുകൊണ്ട് ഞാൻ സത്യം തുറന്നു പറയുന്നു. എനിയ്ക്ക് എന്റെ അമ്മ ചെയ്തതിൽ യാതൊരു സങ്കടവുമില്ല. ലോകം എന്നെ നീചനായി കാണുമെന്ന വിചാരത്താൽ എന്റെ മനസ്സിൽ ദു:ഖവുമില്ല. എന്റെ പരലോകത്തെപ്പറ്റി

എനിയ്ക്കു ഭയവുമില്ല. ആരുടെ സുകൃതവും സൽകീർത്തിയും വിശ്വം മുഴുവൻ ശോഭിയ്ക്കുന്നുവോ, ആർക്ക് ലക്ഷ്മണനേയും ശ്രീരാമനേയും പോലുളള പുത്രന്മാരുണ്ടോ, ആർ ശ്രീരാമന്റെ വിയോഗത്താൽ തന്റെ ക്ഷണഭംഗുരമായ ശരീരത്തെ വെടിഞ്ഞുവോ, ആ എന്റെ പിതാവിന്റെ മരണത്തിൽ എനിയ്ക്ക് ശോകവുമില്ല. ഇങ്ങനെ അദ്ദേഹത്തെക്കുറിച്ച് ദു:ഖിയ്ക്കുവാൻ ഒരവസരവുമില്ല. ശ്രീരാമനും, ലക്ഷ്മണനും, സീതയും താപസവേഷമണിഞ്ഞ് പാദരക്ഷ കൂടെയില്ലാതെ കാടുകൾ തോറും അലഞ്ഞുനടക്കുന്നുവെന്നതാണ് എനിയ്ക്ക് വേദനയെ കൊടുക്കുന്നത്.”

ദോ:

അജിന് ബസന് ഫല് അസന് മഹി സയന് ഡാസി കുസ് പാത്,
ബസി തരു തര് നിത് സഹത് ഹിമ് ആതപ് ബരഷാ ബാത്. (211)

“മാൻ തോലുടുത്ത്, ഫലങ്ങൾ ഭക്ഷിച്ചുകൊണ്ട്, ദർഭപ്പുല്ലും ഇലകളും കൊണ്ടുണ്ടാക്കിയ പായയിൽ നിലത്ത് കിടന്നുകൊണ്ട്, മരച്ചുവടിൽ തങ്ങിക്കൊണ്ട്, അവർ സദാ വെയ്യിലും, തണുപ്പും, മഴയും, കാറ്റും സഹിച്ചുകൊണ്ട് കഴിയുന്നു.” (211)

ചൗ:

എഹി ദുഖ് ദാഹ്ँ ദഹഇ ദിന് ഛാതീ
ഭൂഖ് ന ബാസര് നീദ് ന രാതീ,
എഹി കുരോഗ് കര് ഔഷധ് നാഹീം
സോധെഉँ സകല് ബിസ്വ് മന് മാഹീം. 1

മാതു കുമത് ബഢഈ അഘ് മൂലാ
തെഹിം ഹമാര് ഹിത് കീൻഹ് ബँസൂലാ,
കലി കുകാഠ് കര് കീൻഹ് കുജന്ത്രൂ
ഗാഡി അവധി പഢി കഠിന് കുമന്ത്രൂ. 2

മൊഹി ലഗി യഹു കുഠാടു തെഹിം ഠാടാ
ഘാലെസി സബ് ജഗു ബാരഹ്ബാടാ,
മിടഇ കുജോഗു രാമ് ഫിരി ആഏँ
ബസഇ അവധ് നഹിം ആന് ഉപാഏँ. 3

ഭരത് ബചന് സുനി മുനി സുഖു പാഇൗ
സബ്ഹിം കീൻഹി ബഹു ഭാँതി ബഡാഇൗ,
താത് കരഹു ജനി സോചു ബിസേഷീ
സബ് ദുഖു മിടിഹി രാമ് പഗ് ദേഖീ. 4

"ഈ കത്തുന്ന വേദനയാണ് എന്റെ മാറിടത്തെ ക്ഷയിപ്പിയ്ക്കുന്നത്. അതുകാരണം എനിയ്ക്ക് പകലിൽ വിശപ്പോ, രാത്രി ഉറക്കമോ ഇല്ല. ഈ ദുഷിച്ച രോഗത്തിന്ന് മരുന്നൊന്നുമില്ല. ഞാനെന്റെ മനസ്സിൽ വിശ്വത്തെ മുഴുവൻ പരിശോധിച്ചു കഴിഞ്ഞു. എന്റെ അമ്മയുടെ ദുഷ്കൃത്യം ഒരു പാപിയായ ആശാരിയെപ്പോലെ, എന്റെ ഹിതമെന്ന ഉളി ഉപയോഗിച്ച് അത്യാഹിതമെന്ന അശുഭമായ മരത്തെ ചെതുക്കി, നാശകരമായ ഒരു യന്ത്രത്തെ ഉണ്ടാക്കി, ശ്രീരാമന്റെ നിശ്ചിതകാലത്തേയ്ക്ക് (പതിന്നാലു കൊല്ലം) വനവാസമെന്ന ദ്വേഷബുദ്ധിയോടുകൂടിയ ഭയങ്കരമായ കൂടോത്രം ജപിച്ച് അതിനെ അയോദ്ധ്യയിലെ മണ്ണിൽ കുഴിച്ചു മൂടി. എനിയ്ക്കുവേണ്ടിയാണ് അവൾ ഈ കുതന്ത്രം രചിച്ച് ഈ ലോകത്തിന്നു മുഴുവൻ നാശത്തെ ഉണ്ടാക്കിയത്. ഈ അത്യാഹിതം ശ്രീരാമൻ മടങ്ങി വന്നാൽ മാത്രമേ ഇല്ലാതാവുള്ളൂ. വേറെ ഒരു ഉപായത്താലും അയോദ്ധ്യ അഭിവൃദ്ധിയടയില്ല." മുനി (ഭരദ്വാജൻ) ഭരതന്റെ വാക്കുകളെ കേട്ട് സംതൃപ്തനായി. എല്ലാവരും അവനെ പലവിധത്തിൽ പ്രശംസിച്ചു. "വത്സ, അധികം ദു:ഖിയ്ക്കേണ്ട. നിന്റെ എല്ലാ ദു:ഖങ്ങളും ശ്രീരാമന്റെ പാദങ്ങളെ കണ്ടതും മറഞ്ഞു പോകും."

ദോ:

കരി പ്രബോധു മുനിബര് കഹെഉ അതിഥി പേമ പ്രിയ് ഹോഹു,
കന്ദ് മൂല് ഫല് ഫൂല് ഹമ് ദേഹിം ലേഹു കരി ഛോഹൂ. (212)

ഈവിധം അവനെ സമാധാനിപ്പിച്ച് മുനിവരൻ പറഞ്ഞു: "എന്റെ പ്രിയ അതിഥിയാകൂ. ഞങ്ങൾ തരുന്ന കന്ദമൂലഫലപുഷ്പങ്ങളെ സ്വീകരിയ്ക്കാൻ ദയവുണ്ടാവട്ടെ." (212)

ചൗ:

സുനി മുനി ബചന് ഭരത് ഹിയ്ँ സോചൂ
ഭയഉ കൂഅവസര് കഠിന് സँകോചൂ,

ജാനി ഗുരുഇ ഗുര് ഗിരാ ബഹോരീ
ചരന് ബന്ദി ബോലേ കര് ജോരീ 1

സിര് ധരി ആയസു കരിഅ തുംഹാരാ
പരമ് ധരമ് യഹു നാഥ് ഹമാരാ,
ഭരത് ബചന് മുനിബര് മന് ഭാഏ
സുചി സേവക് സിഷ് നികട് ബൊലാഏ. 2

ചാഹിഅ കീൻഹി ഭരത് പഹുനാഈ
കന്ദ് മൂല് ഫല് ആനഹു ജാഈ,
ഭലെഹിം നാഥ് കഹി തിൻഹ് സിര് നാഏ
പ്രമുദിത് നിജ് നിജ് കാജ് സിധാഏ. 3

മുനിഹി സോച് പാഹുന് ബഡ് നേവതാ
തസി പൂജാ ചാഹിഅ ജസ് ദേവതാ,
സുനി രിധി സിധി അനിമാദിക് ആഈം
ആയസു ഹോഇ സൊ കരഹിം ഗൊസാഈം. 4

മുനിയുടെ വാക്കുകളെ കേട്ട് ഭരതൻ ചിന്താകുലനായി. എന്തെന്നാൽ ഇങ്ങനെയുള്ളൊരു കഷ്ടമായ സമയത്ത് കഠിനമായൊരു പ്രശ്നത്തെ നേരിടേണ്ടിവന്നു. പിന്നെ ഗുരുവിന്റെ വാക്കിന്റെ ഗുരുത്വത്തെ മനസ്സിലാക്കി അവൻ മുനിയുടെ പാദങ്ങളെ വന്ദിച്ച് കൈകൾ കൂപ്പിക്കൊണ്ട് മറുപടി പറഞ്ഞു: “സ്വാമീ, അങ്ങയുടെ ആദേശം ശിരോധാര്യമാണ്. അതിനെ പാലിയ്ക്കുന്നത് എന്റെ പരമധർമ്മമാണ്.” ഭരതന്റെ മറുപടി മുനിവരനെ സന്തുഷ്ടനാക്കി. അദ്ദേഹം തന്റെ വിശ്വസ്തന്മാരായ സേവകന്മാരേയും ശിഷ്യന്മാരേയും അടുത്തേയ്ക്ക് വിളിച്ചു. “ഭരതനെ നമുക്ക് അതിഥിസല്ക്കാരം ചെയ്യണം. അതിനാൽ പോയി കന്ദമൂലഫലാദികൾ കൊണ്ടുവരുവിൻ.” 'ശരി, സ്വാമി' എന്നു പറഞ്ഞ് അവർ തലവണങ്ങി, അത്യന്തം സന്തോഷത്തോടെ അവരുടെ കാര്യത്തെ നിറവേറ്റുവാൻ പുറപ്പെട്ടുപോയി. 'താനൊരു വിശിഷ്ടാതിഥിയെയാണ് ക്ഷണിച്ചിരിയ്ക്കുന്നത്, ദേവത എങ്ങനെയോ, പൂജയും അതുപോലെയിരിയ്ക്കണം.' എന്ന് മുനി ആതുരതയോടെ ചിന്തിച്ചു. അതു കേട്ട് ഋദ്ധി, സിദ്ധി, അണിമ മുതലായവ

പ്രത്യക്ഷമായി വന്ന് പറഞ്ഞു: "പ്രഭോ, അങ്ങയുടെ ആദേശത്തെ ഞങ്ങൾ നിറവേറ്റാം."

ദോ:

രാമ് ബിരഹ് ബ്യാകുല് ഭരതു സാനുജ് സഹിത് സമാജ്,
പഹുനാഈ കരി ഹരഹു ശ്രമ് കഹാ മുദിത് മുനിരാജ്. (213)

ഭരതനും, അനുജനും, സമാജം മുഴുവനും, രാമനിൽനിന്നുമുള്ള വിരഹം കാരണം വ്യാകുലരാണ്. അവരെ സല്ക്കരിച്ച് അവരുടെ ശ്രമത്തെ പരിഹരിയ്ക്കുവിൻ." എന്ന് മുനിരാജൻ സന്തോഷത്തോടെ പറഞ്ഞു. (213)

ചൗ:

രിധി സിധി സിര് ധരി മുനിബര് ബാനീ
ബഡ്ഭാഗിനി ആപുഹി അനുമാനീ,
കഹഹിം പരസ്പര് സിധി സമുദാഇ
അതുലിത് അതിഥി രാമ് ലഘു ഭാഈ. 1

മുനി പദ് ബന്ദി കരിഅ സൊഇ ആജൂ
ഹോഇ സുഖീ സബ് രാജ് സമാജൂ,
അസ് കഹി രചെഉ രുചിര് ഗൃഹ് നാനാ
ജെഹി ബിലോകി ബിലഖാഹിം ബിമാനാ. 2

ഭോഗ് ബിഭൂതി ഭൂരി ഭരി രാഖേ
ദേഖത് ജിൻഹ്ഹി അമര് അഭിലാഷേ,
ദാസീം ദാസ് സാജു സബ് ലീൻഹേം
ജോഗവത് രഹഹിം മന്ഹി മനു ദീൻഹേം. 3

സബ് സമാജു സജി സിധി പല് മാഹീം
ജേ സുഖ് സുരപുര് സപനെഹുँ നാഹീം
പ്രഥമ്ഹിം ബാസ് ദിഏ സബ് കേഹീ
സുന്ദര് സുഖദ് ജഥാ രുചി ജേഹീ. 4

ഋദ്ധിസിദ്ധികൾ മുനിവരന്റെ വാക്കുകളെ ശിരോധരിച്ച് തങ്ങളെ വലിയ ഭാഗ്യവതികളായി ഭാവിച്ചു. സിദ്ധികൾ പരസ്പരം പറഞ്ഞു: "ശ്രീരാമന്റെ

അനുജൻ (ഭരതൻ) തുലനയില്ലാത്ത അതിഥിയാണ്. മുനിയുടെ പാദ ങ്ങളെ വന്ദിച്ച് നമുക്ക് രാജസമാജത്തെ സന്തുഷ്ടരാക്കും വിധം വേണ്ടതെല്ലാം ചെയ്യാം." എന്നു പറഞ്ഞുകൊണ്ട് അവർ പലമാതിരി യുള്ള മനോഹരമായ ഗൃഹങ്ങൾ പണിതു. അവയുടെ രൂപം ദേവന്മാരുടെ വിമാനങ്ങളെപ്പോലും ലജ്ജിപ്പിയ്ക്കുന്നതായിരുന്നു. അവ ദേവന്മാരാൽ പോലും ആശിയ്ക്കപ്പെടുന്ന വിധം എല്ലാവിധ ഭോഗവിഭവങ്ങളെക്കൊണ്ടും നിറഞ്ഞിരുന്നു. എല്ലാവിധത്തിലും അണിഞ്ഞൊരുങ്ങിയ ദാസന്മാരും ദാസിമാരും അതിഥികളെ സംതൃപ്തരാക്കുവാൻ തല്പരരായി ഒരുങ്ങി നിന്നിരുന്നു. സിദ്ധികൾ ക്ഷണനേരം കൊണ്ട് സ്വർഗ്ഗത്തിൽക്കൂടി സ്വപ്ന ത്തിലും കാണാനാവാത്ത എല്ലാവിധ സുഖസൗകര്യങ്ങളും ഉണ്ടാക്കി. ആദ്യം അവർ എല്ലാ അതിഥികൾക്കും മനോഹരവും സുഖപ്രദവും അവരവരുടെ രുചിക്കനുസരിച്ചുള്ളതുമായ ഗൃഹങ്ങൾ കൊടുത്തു.

ദോ:

ബഹുരി സപരിജന് ഭരത് കഹു്ँ രിഷി അസ് ആയസു ദീൻഹ്,
ബിധി ബിസ്മയ് ദായകു ബിഭവ് മുനിവര് തപ്ബല് കീൻഹ്. (214)

അതിന്നുശേഷം ഭരതന്നും പരിവാരങ്ങൾക്കും വാസസ്ഥലങ്ങൾ കൊടുത്തു. എന്തെന്നാൽ മുനിയുടെ ആദേശം അങ്ങനെയായിരുന്നു. തന്റെ തപോബലം കൊണ്ട് മുനിവരൻ ഉണ്ടാക്കിയ വിഭവങ്ങൾ ബ്രഹ്മാവിനെക്കുടി അമ്പരപ്പിച്ചിരുന്നു. (214)

ചൗ:

മുനി പ്രഭാവ് ജബ് ഭരത് ബിലോകാ
സബ് ലഘു ലഗേ ലോകപതി ലോകാ,
സുഖ് സമാജു നഹിം ജാഇ ബഖാനീ
ദേഖത് ബിരതി ബിസാരഹിം ഗ്യാനീ. 1

ആസന് സയന് സുബസന് ബിതാനാ
ബന് ബാടികാ ബിഹഗ് മൃഗ് നാനാ,
സുരഭി ഫൂല് ഫല് അമിഅ സമാനാ
ബിമല് ജലാസയ് ബിബിധ് ബിധാനാ. 2

അസന് പാന് സുചി അമിഅ അമീ സേ
ദേഖി ലോഗ് സകുചാത് ജമീ സേ,
സുര് സുരഭീ സുരതരു സബ്ഹീ കേം
ലഖി അഭിലാഷു സുരേസ് സചീ കേം. 3

രിതു ബസന്ത് ബഹ് ത്രിബിധ് ബയാരീ
സബ് കഹ്ँ സുലഭ് പദാരഥ് ചാരീ,
സ്രക് ചന്ദന് ബനിതാദിക് ഭോഗാ
ദേഖി ഹരഷ് ബിസ്മയ് ബസ് ലോഗാ. 4

ഭരതൻ മുനിയുടെ പ്രഭാവത്തെ കണ്ടപ്പോൾ അവന്റെ കണ്ണുകൾക്ക് എല്ലാ ദിക്പാലന്മാരുടെ ലോകങ്ങളും തുച്ഛമായിത്തോന്നി. ഭോഗവസ്തുക്കൾ വർണ്ണിയ്ക്കാനാവാത്തവയായിരുന്നു. ജ്ഞാനികൾ അവയെ കണ്ട് വൈരാഗ്യത്തെ മറക്കും. ആസനങ്ങളും, മെത്തകളും, ദിവ്യവസ്ത്രങ്ങളും, വിതാനങ്ങളും, തോപ്പുകളും, ഉദ്യാനങ്ങളും, പലവിധം പക്ഷികളും, മൃഗങ്ങളും, സുഗന്ധം പരത്തുന്ന പുഷ്പങ്ങളും, അമൃതതുല്യമായ ഫലങ്ങളും, അനവധി നിർമലമായ തടാകങ്ങളും, കുളങ്ങളും അവിടെ ഉണ്ടായിരുന്നു. ശുദ്ധമായ, അമൃതത്തേക്കാളും രുചികരമായ ഭക്ഷണ ങ്ങളും, പാനീയങ്ങളുമുണ്ടായിരുന്നു. അതിഥികൾ അവയെ തപസ്വികളെ പ്പോലെ സ്വീകരിയ്ക്കുവാൻ തയങ്ങും. ഒരോ ഗൃഹത്തിലും ഒരു കാമ ധേനുവും ഒരു കല്പവൃക്ഷവും ഉണ്ടായിരുന്നു. അവയെക്കണ്ട് ഇന്ദ്രനും, ഭാര്യ ശചിയും ദുരാഗ്രഹികളായി. അത് വസന്ത ഋതുവായിരുന്നു. കുളിർന്ന സുഗന്ധമുള്ള മന്ദമാരുതൻ വീശിക്കൊണ്ടിരുന്നു. എല്ലാവർക്കും നാലു പുരുഷാർത്ഥങ്ങളും സുലഭ്യമായിരുന്നു. മാല, ചന്ദനം, സ്ത്രീകൾ തുടങ്ങിയ വിഭവങ്ങളെ കണ്ട അതിഥികൾക്ക് സുഖവും ദു:ഖവും കലർന്ന അനുഭവമുണ്ടായിരുന്നു. (മുനിയുടെ അപൂർവമായ സല്ക്കാര ത്തിൽ സുഖവും, ഈ സമയം ഈവിധത്തിലുള്ള വിഭവങ്ങളെ ത്യജിയ്ക്കേണ്ടപ്പോൾ അവർക്ക് അവയെ തരപ്പെടുന്നുവല്ലോ എന്ന ദു:ഖവും).

ദോ:

സമ്പതി ചകഈ ഭരത് ചക് മുനി ആയസ് ഖെല്വാര്,
തെഹി നിസി ആശ്രമ് പിംജരാँ രാഖേ ഭാ ഭിനുസാര്. (215)

സമ്പത്ത് പെൺ ചക്രവാകപ്പക്ഷിയെപ്പോലെയും, ഭരതൻ അതിന്റെ ഇണയെപ്പോലെയും ആ രാത്രി ആശ്രമമെന്ന ഒരു കൂട്ടിനുള്ളിൽ മുനിയുടെ ആദേശപ്രകാരം അടയ്ക്കപ്പെട്ടിരുന്നു. അതൊരു കളിയിൽ തല്പരനായ ശിശുവിന്ന് തുല്യമായിരുന്നു. അവർ അതിൽ പുലരുന്നതുവരെ ഒന്നിച്ചിരുന്നു.* (215)

---

*ചക്രവാകജോഡികൾ രാത്രി ഒന്നിച്ചിരുന്നാലും ഒന്നിനൊന്ന് പുറം കാണിച്ചുകൊണ്ട് കിടന്ന് കഴിച്ചുകൂട്ടുമത്രെ. അതുപോലെ ഭരതൻ ഭോഗവസ്തുക്കൾക്കിടയിലിരുന്നിരുന്നാലും അവയെ തിരിഞ്ഞു നോക്കുകപോലും ചെയ്തില്ല.

ചൗ:

കീൻഹ് നിമജ്ജനു തിരഥ്രാജാ
നാഇ മുനിഹി സിരു സഹിത് സമാജാ,
രിഷി ആയസു അസീസ് സിര് രാഖീ
കരി ദണ്ഡവത് ബിനയ് ബഹു ഭാഷീ. 1

പഥ് ഗതി കുസല് സാഥ് സബ് ലീൻഹേം
ചലേ ചിത്രകൂട്ഹിം ചിതു ദീൻഹേം,
രാമസഖാ കര് ദീൻഹേം ലാഗൂ
ചലത് ദേഹ് ധരി ജനു അനുരാഗൂ. 2

നഹിം പദ് ത്രാന് സീസ് നഹിം ഛായാ
പേമു നേമു ബ്രതു ധരമു അമായാ,
ലഖന് രാമ് സിയ് പംഥ് കഹാനീ
പൂँഛത് സഖഹി കഹത് മൃദു ബാനീ. 3

രാമ് ബാസ് ഥല് ബിടപ് ബിലോകേം
ഉര് അനുരാഗ് രഹത് നഹിം രോകേം,
ദേഖി ദസാ സുര് ബരിസഹിം ഫൂലാ
ഭഇ മൃദു മഹി മഗു മംഗല് മൂലാ. 4

ഭരതനും സംഘവും തീർത്ഥരാജാവായ ത്രിവേണിയിൽ സ്നാനം ചെയ്ത് മുനിയെ തലവണങ്ങി. ഭരതൻ ഋഷിയെ ദണ്ഡനമസ്കാരം ചെയ്ത്,

അത്യന്തം വിനയപൂർവം സ്തുതിച്ച് അദ്ദേഹത്തിന്റെ ആശിസ്സും ആദേശ വും ലഭിച്ചു. സമർത്ഥന്മാരായ മാർഗ്ഗദർശകന്മാരോടുകൂടി ഭരതൻ തന്റെ സംഘത്തോടുകൂടി, മനസ്സിനെ ചിത്രകൂടത്തിൽ ലയിപ്പിച്ച് യാത്ര തുടർന്നു. രാമസഖാവായ ഗുഹന്റെ കൈ പിടിച്ചുകൊണ്ട് പ്രേമം രൂപമെടുത്തപോലെ അവൻ നടന്നു. അവന്ന് കാലുകളിൽ പാദുകയോ, തലയ്ക്കുമീതെ കുടയോ ഉണ്ടായിരുന്നില്ല. അവന്റെ പ്രേമവും, നിയമവും, വ്രതവും, ധർമ്മവും നിഷ്കളങ്കമായതായിരുന്നു. അവൻ തന്റെ സഖാവി നോട് ലക്ഷ്മണന്റേയും, രാമന്റേയും, സീതയുടേയും പര്യടനത്തെ പറ്റി പറയാൻ പറഞ്ഞു. ഗുഹനും മൃദുവായ വാക്കുകളിൽ വിവരിച്ചു പറഞ്ഞു. രാമൻ താമസിച്ചിരുന്ന സ്ഥലങ്ങളേയും, തങ്ങിയിരുന്ന മരച്ചുവടുകളേയും കണ്ടപ്പോൾ അവന്റെ മനസ്സിൽ ഉയർന്ന പ്രേമാവേശത്തെ തടഞ്ഞു നിർത്തുവാൻ അവന്ന് കഴിഞ്ഞില്ല. അവന്റെ ദശയെ കണ്ട് ദേവന്മാർ പുഷ്പവർഷം ചെയ്തു. ഭൂമി മൃദുവായി, വഴി സുഖപ്രദവുമാക്കി.

ദോ:

കിഏ ँ ജാഹി ഛായാ ജലദ് സുഖദ് ബഹഇ ബര് ബാത്,
തസ് മഗ് ഭയഉ ന രാമ് കഹ് ँജസ് ഭാ ഭരത്ഹി ജാത്. (216)

പോകുന്ന വഴിയിൽ മേഘങ്ങൾ തണൽ കൊടുത്തു; സുഖപ്രദമായ മന്ദമാരുതൻ വീശി. രാമന്ന് യാത്ര ഭരതന്റേതുപോലെ അത്രയും ഹിതകരമായിരുന്നില്ല. (216)

ചൗ:

ജഡ് ചേതന് മഗ് ജീവ് ഘനേരേ
ജേ ചിതഏ പ്രഭു ജിൻഹ് പ്രഭു ഹേരേ,
തേ സബ് ഭഏ പരമ് പദ് ജോഗൂ
ഭരത് ദരസ് മേടാ ഭവ് രോഗൂ. 1

യഹ് ബഡി ബാത് ഭരത് കഇ നാഹീം
സുമിരത് ജിന്ഹി രാമ് മന് മാഹീം,
ബാരക് രാമ് കഹത് ജഗ് ജേഊ
ഹോത് തരന് താരന് നര് തേഊ. 2

ഭരതു രാമ് പ്രിയ് പുനി ലഘു ഭ്രാതാ
കസ് ന ഹോഇ മഗു മംഗല്ദാതാ,
സിദ്ധ് സാധു മുനിബര് അസ് കഹഹീം
ഭരത്ഹി നിരഖി ഹരഷു ഹിയ്ँ ലഹഹീം. 3

ദേഖി പ്രഭാഉ സുരേസ്ഹി സോചൂ
ജഗു ഭല് ഭലെഹി പോച് കഹുँ പോചൂ,
ഗുര് സന് കഹൈഉ കരിഅ പ്രഭു സോഇൗ
രാമ്ഹി ഭരത്ഹി ഭേട് ന ഹോഇൗ. 4

പ്രഭുവിനെ കണ്ടവയും, പ്രഭുവിനാൽ കാണപ്പെട്ടവയുമായ എണ്ണറ്റ ജഡ ചേതനങ്ങളായ ജീവങ്ങൾ എല്ലാം തന്നെ പരമപദത്തെ പ്രാപിയ്ക്കാൻ യോഗ്യതയെ പ്രാപിച്ചിരുന്നു. ഇപ്പോൾ ഭരതനെ ദർശിച്ച് അവ ഭവരോഗത്തിൽനിന്നും മുക്തരായി. ശ്രീരാമൻ തന്റെ മനസ്സിൽ സദാ സ്മരിച്ചുകൊണ്ടിരുന്ന ഭരതന്ന് ഇത് വലിയൊരു കാര്യമായിരുന്നില്ല. “ഈ ലോകത്തിൽ രാമനാമത്തെ ഒരുപ്രാവശ്യം ഉച്ചരിയ്ക്കുന്നവർ സ്വയം (ഭവസാഗരത്തിന്റെ) മറുകരയെത്തുക മാത്രമല്ല, മറ്റുള്ളവരേയും കൂടെ അക്കരയ്ക്ക് കൊണ്ടുപോകാൻ കഴിവുള്ളവരാണ്. ഭരതനാവട്ടെ ശ്രീരാമനന്റെ പ്രിയനും, പിന്നെ അനുജനും കൂടിയാണ്. അതിനാൽ അവന്ന് യാത്ര മംഗളപ്രദമായിരുന്നതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല.” സിദ്ധന്മാരും, സാധുക്കളും, മുനിവരന്മാരും ഈവിധം പറഞ്ഞുകൊണ്ട് ഭരതനെ നോക്കി മനസ്സിൽ സന്തോഷിച്ചു. ഭരതന്റെ പ്രഭാവത്തെ കണ്ട് ഇന്ദ്രൻ ചിന്താകുലനായി. ലോകം നല്ലവർക്ക് നല്ലതും, ദുഷ്ടന്മാർക്ക് ദുഷിച്ചതുമാണ്. അയാൾ തന്റെ ഗുരുവിനോട് (ബൃഹസ്പതി) പറഞ്ഞു: “സ്വാമീ, രാമനും ഭരതനുമായുള്ള കണ്ടുമുട്ടലിനെ തടയുവാൻ എന്തെങ്കിലും ചെയ്യണം.”

ദോ:
രാമു സँകോചി പ്രേമ് ബസ് ഭരത് സപേമ് പയോധി,
ബനീ ബാത് ബേഗരന് ചഹതി കരിഅ ജതനു ഛലു സോധി. (217)

"ശ്രീരാമൻ പ്രകൃത്യാ സങ്കോചിയും സ്നേഹവശംവദനുമാണ്. ഭരതനോ പ്രേമസാഗരവുമാണ്. ഇതുവരെ സാധിച്ചതെല്ലാം തന്നെ വിഫലമാവാൻ സാദ്ധ്യതയുണ്ട്. അതിനാൽ ഏതെങ്കിലും പരിഹാരം കണ്ട് അതിനെ നടപ്പിലാക്കാൻ ശ്രമിക്കണം." (217)

ചൗ:

ബചന് സുനത് സുരഗുരു മുസുകാനേ
സഹസ്നയന് ബിനു ലോചന് ജാനേ,
മായാപതി സേവക് സന് മായാ
കരഇ ത് ഉലടി പരഇ സുരരായാ. 1

തബ് കിഛു കീൻഹ് രാമ് രുഖ് ജാനീ
അബ് കുചാലി കരി ഹോഇഹി ഹാനീ,
സുനു സുരേസ് രഘുനാഥ് സുഭാഊ
നിജ് അപരാധ് രിസാഹിം ന കാഊ. 2

ജോ അപരാധ് ഭഗത് കര് കരഈ
രാമ് രോഷ് പാവക് സൊ ജരഈ,
ലോക്ഹു് ബേദ് ബിദിത് ഇതിഹാസാ
യഹ് മഹിമാ ജാനഹിം ദുർബാസാ. 3

ഭരത് സരിസ് കോ രാമ് സനേഹീ
ജഗു ജപ് രാമ് രാമു ജപ് ജേഹീ. 4

അയാൾ പറഞ്ഞതു കേട്ട് ദേവന്മാരുടെ ഗുരു പുഞ്ചിരിച്ചു. ആയിരം കണ്ണുകളുള്ളവനാണെങ്കിലും ഇന്ദ്രൻ അന്ധനാണെന്ന് കണ്ടു. അദ്ദേഹം പറഞ്ഞു: "ഹേ സുരേശ്വര, ആരെങ്കിലും മായാപതിയായ ശ്രീരാമന്റെ ഭക്തന്മരുടെ മേൽ മറിമായം ചെയ്താൽ അത് ചെയ്തവരെത്തന്നെ തിരിച്ചടിക്കും. മുമ്പൊരിക്കൽ നാം ചിലത് ചെയ്തതിൽ രാമന്റെ പരോക്ഷമായ സമ്മതമുണ്ടായിരുന്നു. ഇപ്പോൾ നമ്മൾ വല്ല കുതന്ത്രവും ചെയ്താൽ നമുക്ക് നിശ്ചയമായും ഹാനിയുണ്ടാവും. ഹേ സുരേശ, കേൾക്കൂ, ആരെങ്കിലും ശ്രീരാമനെതിരായി വല്ല അപരാധവും ചെയ്താൽ അവൻ കോപിക്കില്ല. അതാണവന്റെ സ്വഭാവം. പക്ഷേ അവന്റെ

ഭക്തന്മാർക്കെതിരായി ആരെങ്കിലും അപരാധം ചെയ്താൽ അവൻ തീർച്ചയായും രാമന്റെ രോഷമെന്ന തീയിൽ എരിഞ്ഞുപോകും. ദുർവാസാ മുനിയുടെ കഥ ലോകം മുഴുവനും, വേദങ്ങളിലും പ്രസിദ്ധ മാണ്. അദ്ദേഹത്തിന് ശ്രീരാമന്റെ സ്വഭാവത്തിന്റെ മഹിമ മനസ്സിലായി. രാമന്റെ നാമത്തെ ലോകം മുഴുവൻ ഉരുവിടുമ്പോൾ ശ്രീരാമൻ സദാ ഭരതന്റെ നാമത്തെ ഉരുവിടുന്നു. ആരാണ് ഭരതനെപ്പോലെ ശ്രീരാമനെ സ്നേഹിച്ചിട്ടുള്ളത്?"

ദോ:

മനഹു് ന ആനിഅ അമരപതി രഘുബര് ഭഗത് അകാജു,
അജസു ലോക് പരലോക് ദുഖ് ദിന് ദിന് സോക് സമാജു. (218)

"ഹേ അമരപതേ, രഘുവരന്റെ ഭക്തന്റെ കാര്യത്തെ മുടക്കുവാനുള്ള വിചാരത്തെ മനസ്സിൽ ഒരിക്കലും കൊണ്ടുവരരുത്. അത് ഈ ലോകത്തിൽ ദുഷ്കീർത്തിയേയും, പരലോകത്തിൽ ദു:ഖത്തേയും ദൈനംദിനജീവിതത്തിൽ ശോകസമൂഹത്തേയും തരും. (218)

ചൗ:

സുനു സുരേസ് ഉപദേസു ഹമാരാ –
രാമ്ഹി സേവകു പരമ് പിആരാ,
മാനത് സുഖു സേവക് സെവകാഈം –
സേവക് ബൈര് ബൈരു അധികാഈം. 1

ജദ്യപി സമ് നഹിം രാഗ് ന രോഷൂ
ഗഹഹിം ന പാപ് പൂനു ഗുന് ദോഷൂ,
കരമ് പ്രധാന് ബിസ്് കരി രാഖാ
ജോ ജസ് കരഇ സൊ തസ് ഫലു ചാഖാ. 2

തദപി കരഹിം രാമ് ബിഷമ് ബിഹാരാ
ഭഗത് അഭഗത് ഹൃദയ് അനുസാരാ,
അഗുന് അലേപ് അമാന് ഏക്രസ്
രാമു സഗുന് ഭഎ ഭഗത് പേമ് ബസ്. 3

രാമ് സദാ സേവക് രുചി രാഖീ

ബേദ് പുരാന് സാധു സുര് സാഖീ,
അസ് ജീയ്ᐤ ജാനി തജഹു കുടിലാഈ
കരഹു ഭരത് പദ് പ്രീതി സുഹാഈ. 4

"ഹേ സുരേശ, നമ്മുടെ ഉപദേശത്തെ കേൾക്കൂ. രാമന്ന് തന്റെ സേവകൻ അത്യന്തം പ്രിയനാണ്. തന്റെ ഭക്തനെ സേവിച്ച് അവൻ തൃപ്തനാകുന്നു. അവരോട് വൈരം ഭാവിയ്ക്കുന്നവരോട് അവന്ന് വലിയ വൈരമുണ്ടാവും. പ്രഭു എല്ലാവരോടും രാഗദ്വേഷഭാവമില്ലാതെ സമമായിരുന്നാലും, പാപ പുണ്യങ്ങളേയോ, ഗുണദോഷങ്ങളേയോ ഗ്രഹിയ്ക്കുന്നില്ലെങ്കിലും, കർമ്മ ത്തെ (വിധി) – ഒരുവൻ വിതച്ചതിനെ കൊയ്യുന്നത് – ലോകത്തിൽ പ്രധാന ഘടകമായി വിധിച്ചിട്ടുണ്ടെങ്കിലും, ഒരുവന്റെ ഹൃദയത്തിൽ ഭക്തിയോ, നാസ്തികതയോ ഉള്ളതനുസരിച്ച് സമഭാവമോ വൈരഭാവമോ പ്രഭുവിന്നുണ്ടാവും. നിർഗ്ഗുണനും, നിർലേപനും, അഭിമാനരഹിതനും, മാറ്റമില്ലാത്തവനുമാണെങ്കിലും, ഭക്തന്മാരുടെ പ്രേമത്തിന്നു വശംവദ നായി ശ്രീരാമൻ സഗുണരൂപം എടുക്കുന്നു. ശ്രീരാമൻ സദാ തന്റെ ഭക്തന്മാരുടെ ഇച്ഛയെ മാനിയ്ക്കുന്നുണ്ട്. വേദങ്ങളും, പുരുണങ്ങളും, സാധുക്കളും, ദേവന്മാരും ഇതിന്ന് സാക്ഷിയാണ്. ഈവിധം മനസ്സിലാക്കി കുടിലതയെ ത്യജിച്ച് ഭരതന്റെ പാദങ്ങളിൽ നിർമ്മലമായ പ്രേമത്തെ വളർത്തൂ."

ദോ:

രാമ് ഭഗത് പരഹിത് നിരത് പര് ദുഖ് ദുഖീ ദയാല്,
ഭഗത് സിരോമനി ഭരത് തേം ജനി ഡർപഹു സുരപാല്. (219)

"ശ്രീരാമഭക്തന്മാർ സദാ അന്യർക്ക് ഹിതത്തെ ചെയ്യുന്നതിൽ തൽപര രാണ്. മറ്റുള്ളവരുടെ ദു:ഖത്തിൽ അവർ പങ്കുകൊള്ളുന്നു. അവർ സ്വാഭാവികമായിത്തന്നെ ദയാലുക്കളാണ്. പിന്നെ ഭരതൻ ഭക്തശിരോ മണിയുമാണ്. അതിനൽ, ഹേ ദേവരാജ, നീ ഭയപ്പെടേണ്ട." (219)

ചൗ:

സത്യസന്ധ് പ്രഭു സുര ഹിത്കാരീ
ഭരത് രാമ് ആയസ് അനുസാരീ,

സ്വാരഥ് ബിബസ് ബികല് തുംഹ് ഹോഹൂ
ഭരത് ദോസു നഹിം രാഉര് മോഹൂ. 1

സുനി സുരബര് സുരഗുര് ബര് ബാനീ
ഭാ പ്രമോദു മന് മിടീ ഗ്ലാനീ,
ബരഷി പ്രസൂന് ഹരഷി സുരരാഊ
ലഗേ സരാഹന് ഭരത് സുഭാഊ. 2

എഹി ബിധി ഭരത് ചലേ മഗ് ജാഹീം
ദസാ ദേഖി മുനി സിദ്ധ് സിഹാഹീം,
ജബ്ഹിം രാമു കഹി ലേഹിം ഉസാസാ
ഉമഗത് പേമ് മനഹു് ചഹു പാസാ. 3

ദ്രവഹിം ബചന് സുനി കുലിസ് പഷാനാ
പുരജന് പേമു ന ജാഇ ബഖാനാ,
ബീച് ബാസ് കരി ജമുനഹിം ആഏ
നിരഖി നീരു ലോചന് ജല് ഛാഏ. 4

"പ്രഭു സത്യസന്ധനും ദേവന്മാരുടെ സുഹൃത്തുമാണ്. ഭരതൻ രാമന്റെ ആദേശത്തെ അനുസരിക്കുന്നു. സ്വാർത്ഥത കാരണമാണ് നീ അസ്വസ്ഥനാകുന്നത്. ഭരതന്റെ ഒരു ദോഷവുമില്ല. നിന്റെ അജ്ഞാന മാണ് അസ്വസ്ഥതയ്ക്ക് കാരണം." സുരപതി സുരഗുരുവിന്റെ ഈ മഹത്തായ വാക്കുകളെ കേട്ട് മനസ്സിൽ സന്തുഷ്ടനായി. അവന്റെ ഗ്ലാനത ശമിച്ചു. ദേവരാജൻ പുഷ്പവർഷം ചെയ്ത് ഭരതന്റെ സ്വഭാവത്തെ പ്രശംസിക്കാൻ തുടങ്ങി. ഈവിധം ഭരതൻ തന്റെ വഴിയ്ക്ക് പോയി. അവന്റെ ദശയെ കണ്ട് മുനിമാരും സിദ്ധന്മാരും അസൂയാലുക്കളായി. അവൻ 'രാമ' എന്ന് പറഞ്ഞുകൊണ്ട് നീണ്ട നെടുവീർപ്പിടുമ്പോഴെല്ലാം നാലു പുറമും പ്രേമം നിറഞ്ഞു വഴിഞ്ഞൊഴുകുന്നപോലെയിരുന്നു. വജ്രവും പാറയും കൂടി അവന്റെ വാക്കു കേട്ട് ഉരുകി. പുരജനങ്ങളുടെ സ്നേഹം വർണ്ണനാതീത മായിരുന്നു. യമുനയുടെ ഇക്കരയിൽ ഒരിടത്ത് തങ്ങിയ ശേഷം എല്ലാവരും യമുനയുടെ തീരത്തെത്തി. യമുനയുടെ ശ്യാമളമായ ജലത്തെ കണ്ട്

(അതവനെ ശ്രീരാമന്റെ ശ്യാമളശരീരത്തെ ഓർമ്മിപ്പിച്ച്) ഭരതന്റെ കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞു.

ദോ:

രഘുബര് ബരന് ബിലോകി ബര് ബാരി സമേത് സമാജ്,
ഹോത് മഗന് ബാരിധി ബിരഹ് ചഢേ ബിബേക് ജഹാജ്. (220)

രഘുവരന്റെ ശരീരത്തിന്റെ അതേ ശ്യാമളവർണ്ണത്തെ കൊണ്ട മനോഹരമായ നദിയെ കണ്ട് ഭരതനും സമാജവും അവനിൽനിന്നുമുള്ള വിരഹമെന്ന ശോകസാഗരത്തിൽ മുങ്ങി, വിവേകമെന്ന കപ്പലിൽ കയറി രക്ഷപ്പെട്ടു. (220)

ചൗ:

ജമുന് തീര് തെഹി ദിന് കരി ബാസു
ഭയഉ സമയ് സമ് സബ്ഹി സുപാസൂ,
രാതിഹിം ഘാട് ഘാട് കീ തരനീ
ആഈം അഗനിത് ജാഹിം ന ബരനീ. 1

പ്രാത് പാര് ഭഏ ഏക്ഹി ഖേവാ॰
തോഷേ രാമ്സഖാ കീ സേവാ॰,
ചലേ നഹാഇ നദിഹി സിര് നാഈ
സാഥ് നിഷാദനാഥ് ദൊഉ ഭാഈ. 2

ആഗേം മുനിബര് ബാഹന് ആഛേം
രാജസമാജ് ജാഇ സബു പാഛേം,
തെഹി പാഛേം ദൊഉ ബന്ധു പയാദേം
ഭൂഷന് ബസന് ബേഷ് സുഠി സാദേം. 3

സേവക് സുഹൃദ് സചിവസുത് സാഥാ
സുമിരത് ലഖനു സീയ് രഘുനാഥാ,
ജഹ॰ ജഹ॰ രാമ് ബാസ് ബിശ്രാമാ
തഹ॰ തഹ॰ കരഹിം സപ്രേമ് പ്രനാമാ. 4

ആ ദിവസം എല്ലാവരും യമുനയുടെ കരയിൽ തങ്ങി. എല്ലാവർക്കും സമയോചിതമായ സുഖസൗകര്യങ്ങൾ കൊടുക്കപ്പെട്ടു. രാത്രി സമയത്ത് വർണ്ണിയ്ക്കാനാവാത്ത വിധം പലവിധങ്ങളിലുള്ള എണ്ണറ്റ തോണികൾ എല്ലാ കടവുകളിൽനിന്നും വന്നടിഞ്ഞു. കാലത്ത് സംഘം മുഴുവൻ ഒറ്റ കടത്തിൽ അക്കരയെത്തി. ഇതിൽ ശ്രീരാമസഖാവായ ഗുഹന്റെ സേവന ത്തിൽ എല്ലാവരും സന്തോഷിച്ചു. എല്ലാവരും കുളികഴിഞ്ഞ് യമുനാ നദിയെ തലവണങ്ങി രണ്ടു സഹോദരന്മാരും നിഷാദരാജനോടുകൂടി യാത്ര തുടർന്നു. മുന്നിൽ നല്ല വാഹനങ്ങളിൽ മുനിവര്യന്മാർ (വസിഷ്ഠൻ, വാമദേവൻ മുതലായവർ), അതിനെ തുടർന്ന് രാജകുടുംബങ്ങളും, പ്രജകളും യാത്രചെയ്തു. അതിന്ന് പിന്നിൽ രണ്ടു രാജകുമാരന്മാരും നടന്നു ചെന്നു. അവരുടെ ആഭരണങ്ങളും വസ്ത്രങ്ങളും ഏറ്റവും സാധാരണമായിരുന്നു. അവരുടെ കൂടെ അവരുടെ സേവകന്മാരും, സുഹൃത്തുക്കളും, മന്ത്രിപുത്രനും മറ്റെല്ലാവരും ലക്ഷ്മണനേയും, സീതയേയും, രഘുനാഥനേയും സ്മരിച്ചുകൊണ്ട് യാത്രചെയ്തു. അവർ എവിടെയെല്ലാം ശ്രീരാമൻ വസിയ്ക്കുകയും വിശ്രമിയ്ക്കുകയും ചെയ്തുവോ ആ സ്ഥലങ്ങളെയെല്ലാം സ്നേഹത്തോടെ വണങ്ങി.

ദോ:

മഗ്ബാസീ നര് നാരി സുനി ധാമ് കാമ് തജി ധാഇ,
ദേഖി സരൂപ് സനേഹ് സബ് മുദിത് ജനമ് ഫലു പാഇ. (221)

വർത്തമാനമറിഞ്ഞ് വഴിയരുകിൽ താമസിച്ചിരുന്ന സ്ത്രീപുരുഷന്മാർ തങ്ങളുടെ വീട്ടുജോലികളെ ത്യജിച്ച് ഓടിപ്പോയി രാജകുമാരന്മാരുടെ സുന്ദരരൂപത്തേയും സ്നേഹത്തേയും കണ്ട് സന്തോഷിച്ച് തങ്ങളുടെ ജന്മസാഫല്യത്തെ നേടി. (221)

ചൗ:

കഹഹിം സപേമ് ഏക് എക് പാഹീം
രാമു ലഖനു സഖി ഹോഹിം കി നാഹീം,
ബയ് ബപു ബരന് രൂപു സൊഇ ആലീ
സീലു സനേഹു സരിസ് സമ് ചാലീ. 1

ബേഷു ന സോ സഖി സീയ് ന സംഗാ
ആഗേം അനീ ചലീ ചതുരംഗാ,
നഹിം പ്രസന്ന് മുഖ് മാനസ് ഖേദാ
സഖി സന്ദേഹു ഹോഇ എഹിം ഭേദാ. 2

താസു തരക് തിയ്ഗന് മന് മാനീ
കഹഹിം സകല് തെഹി സമ് ന സയാനീ,
തെഹി സരാഹി ബാനീ ഫുരി പൂജീ
ബോലീ മധുര് ബചന് തിയ് ദൂജീ. 3

കഹി സപേമ് സബ് കഥാപ്രസംഗൂ
ജെഹി ബിധി രാമു രാജ രസ് ഭംഗൂ
ഭരത്ഹി ബഹുരി സരാഹന് ലാഗീ
സീല് സനേഹ് സുഭായ് സുഭാഗീ. 4

ഒരു സ്ത്രീ മറ്റൊരുവളോട് പറഞ്ഞു: “സഖി, അവർ രാമനും ലക്ഷ്മണനുമാണോ, അല്ലയോ? സഖി, അവരുടെ വയസ്സ്, ശരീരം, നിറം, രൂപം എല്ലാം അതേ മാതിരിയാണ്. അവരുടെ ശീലവും സ്നേഹഭാവവും കൂടി ഒരേപോലെയാണ്. അവരുടെ നടത്തവും രാമന്റേയും ലക്ഷ്മണ ന്റേയും പോലെത്തന്നെയാണ്. അവരുടെ വേഷം മാത്രം ഒരേ മാതിരീ യല്ല. പിന്നെ കൂടെ സീതയുമില്ല; പിന്നെ മുന്നിൽ ചതുരങ്കപ്പടയുമുണ്ട്. സഖി, അവരുടെ മുഖം പ്രസന്നമല്ല, മനസ്സ് ദു:ഖം നിറഞ്ഞതായും കാണപ്പെടുന്നു. ഈ വ്യത്യാസം അവർ രാമലക്ഷ്മണന്മാരിൽനിന്നും വേറെയാണെന്ന സംശയത്തെ ഉണ്ടാക്കുന്നു.” അവളുടെ ഊഹം മറ്റുള്ള സ്ത്രീകൾക്ക് ശരിയെന്നു തോന്നി, അവർ പറഞ്ഞു: “അവളെപ്പോലെ ഇത്രയും സമർത്ഥയായി വേറെയാരുമില്ല.” അവളെ പ്രശംസിച്ചുകൊണ്ട്, അവൾ പറഞ്ഞതിന്റെ സത്യത്തെ സ്തുതിച്ചുകൊണ്ട് വേറൊരുത്തി മധുരമായ വാക്കുകളിൽ പ്രേമത്തോടെ രാമന്റെ പട്ടാഭിഷേകം നിന്നു പോയ കഥയെല്ലാം വിസ്തരിച്ചു പറഞ്ഞു. പിന്നെ അവൾ ഭരതന്റെ സൗഹൃദത്തേയും, സ്നേഹത്തേയും, സ്വഭാവഗുണത്തേയും, സൗഭാഗ്യ ത്തേയും പ്രശംസിയ്ക്കാൻ തുടങ്ങി.

ദോ:

ചലത് പയാദേം ഖാത് ഫല് പിതാ ദീൻഹ് തജി രാജു,
ജാത് മനാവന് രഘുബര്ഹി ഭരത് സരിസ് കോ ആജു. (222)

“കാൽനടയായി സഞ്ചരിച്ചുകൊണ്ട്, ഫലങ്ങൾ ഭക്ഷിച്ചുകൊണ്ട്, തന്റെ പിതാവിനാൽ കൊടുക്കപ്പെട്ട രാജ്യത്തെ ത്യജിച്ച്, ഭരതൻ രഘുവരനെ തിരിച്ചുവരുവാൻ സമ്മതിപ്പിയ്ക്കുവാനായിട്ടാണ് പോകുന്നത്. ഭരതന്ന് സമനായി ഇന്ന് വേറെയാരുണ്ട്?” (222)

ചൗ:

ഭായപ് ഭഗതി ഭരത് ആചരനൂ
കഹത് സുനത് ദുഖ് ദൂഷന് ഹരനൂ,
ജോ കഛു കഹബ് ഥോര് സഖി സോഇൗ
രാമ് ബന്ധു അസ് കഹേ ന ഹോഇൗ. 1

ഹമ് സബ് സാനുജ് ഭരത്ഹി ദേഖേം
ഭഇൻഹ് ധന്യ് ജുബതീ ജന് ലേഖേം,
സുനി ഗുന് ദേഖി ദസാ പഛിതാഹീം
കൈകഇ ജനനി ജോഗു സുതു നാഹീം. 2

കൊഉ കഹ് ദൂഷനു രാനിഹി നാഹിന്
ബിധി സബ് കീൻഹ് ഹമ്ഹി ജോ ദാഹിന്,
കഹ്ँ ഹമ് ലോക് ബേദ് ബിധി ഹീനീ
ലഘു തിയ് കുല് കര്തൂതി മലീനീ. 3

ബസഹിം കുദേസ് കുഗാँവ് കുബാമാ
കഹ്ँ യഹ് ദരസു പുന്യ് പരിനാമാ,
അസ് അനന്ദു അചിരിജു പ്രതി ഗ്രാമാ
ജനു മരുഭൂമി കല്പതരു ജാമാ. 4

“ഭരതന്റെ സഹോദരസ്നേഹവും, ഭക്തിയും, ആചരണവും അവയെപ്പറ്റി പറയുന്നവരുടേയോ കേൾക്കുന്നവരുടേയോ ദു:ഖത്തേയും ദോഷങ്ങളേയും ഇല്ലാതാക്കും. സഖി, അവരെപ്പറ്റി എന്തുതന്നെ പറഞ്ഞാലും അവയെല്ലാം തന്നെ വളരെ കുറവായിരിയ്ക്കും. രാമന്റെ അനുജൻ ഈ വിധം

ഇരിയ്ക്കുന്നതിൽ ആശ്ചര്യമൊന്നുമില്ല. അനുജനോടുകൂടി ഭരതനെ കണ്ട നാമെല്ലാവരും തന്നെ സ്ത്രീകൾക്കിടയിൽ ധന്യരാണ്." അവന്റെ ഗുണഗണങ്ങളെ കേട്ട്, അവന്റെ ദശയെ കണ്ട്, അവർ പുലമ്പി: "അവൻ നിശ്ചയമായും കൈകേയിയെപ്പോലൊരു ദുഷ്ടയായ അമ്മയുടെ മകനാവാനർഹനല്ല." വേറൊരുവൾ പറഞ്ഞു: "റാണി (കൈകേയി) കുറ്റക്കാരീയല്ല. ഇതെല്ലാം തന്നെ ദൈവം നമുക്കനുകൂലമായിരുന്ന് ചെയ്തതാണ്. ലൗകീകവും വൈദീകവുമായ വിധികളിൽനിന്നും വിലക്കപ്പെട്ടവരും, ജന്മനാവും കർമ്മണാവും അശുദ്ധരും, ദുഷിച്ച സ്ഥലത്ത് (വനപ്രദേശത്ത്), നീചമായ ഗ്രാമത്തിൽ വസിയ്ക്കുന്നവരും, നമ്മുടെ ജാതിയിൽ തന്നെ അത്യന്തം നീചമായ ജാതിക്കാരുമായ ദുഷിച്ച സ്ത്രീജന്മങ്ങളായ നാം ഇങ്ങനെയൊരു ദൃശ്യത്തെ കണ്ട് മഹാപുണ്യഫലത്തിന്നർഹരായിരിയ്ക്കുന്നു." ഒരോ ഗ്രാമത്തിലും ഈ വിധമുള്ള ആനന്ദോത്സവവും അതിശയവും ഉണ്ടായിരുന്നു. അത് ഒരു മരുഭൂമിയിൽ കല്പവൃക്ഷം മുളച്ചുവന്നപോലെയിരുന്നു.

ദോ:

ഭരത് ദരസു ദേഖത് ഖുലെഉ മഗ് ലോഗൻഹ് കര് ഭാഗു,
ജനു സിംഘലബാസിൻഹ് ഭയഉ ബിധി ബസ് സുലഭ് പ്രയാഗു. (223)

ഭരതനെ ദർശിച്ച് വഴിയരുകേയുള്ള ജനങ്ങളുടെ ഭാഗ്യം, സിംഹള ദ്വീപിലെ ജനങ്ങൾക്ക് ദൈവാധീനത്താൽ പ്രയാഗ എളുപ്പത്തിൽ കൈവന്നപോലെയിരുന്നു. (223)

ചൗ:

നിജ് ഗുന് സഹിത് രാമ് ഗുന് ഗാഥാ
സുനത് ജാഹിം സുമിരത് രഘുനാഥാ,
തീരഥ് മുനി ആശ്രമ് സുരധാമാ
നിരഖി നിമജ്ജഹിം കരഹിം പ്രനാമാ., 1

മന്ഹീം മന് മാഗഹിം ബരു ഏഹൂ
സീയ് രാമ് പദ് പദുമ് സനേഹൂ,
മിലഹിം കിരാത് കോല് ബനബാസി
ബൈഖാനസ് ബടു ജതീ ഉദാസി. 2

കരി പ്രനാമു പൂ്ഛഹിം ജെഹി തേഹീ
കെഹി ബന് ലഖനു രാമു ബൈദേഹീ,
തേ പ്രഭു സമാചാര് സബ് കഹഹീം
ഭരത്ഹി ദേഖി ജനമ് ഫല് ലഹഹീം. 3

ജേ ജന് കഹഹിം കുസല് ഹമ് ദേഖേ
തേ പ്രിയ് രാമ് ലഖന് സമ് ലേഖേ,
എഹി ബിധി ബൂഝത് സബ്ഹി സുബാനീ
സുനത് രാമ് ബനബാസ് കഹാനീ. 4

തന്റെ ഗുണങ്ങളേയും ശ്രീരാമന്റെ ഗുണഗണങ്ങളേയും കേട്ടുകൊണ്ട് ഭരതൻ ശ്രീരാമനേയും സ്മരിച്ചുകൊണ്ട് പോയിക്കൊണ്ടിരുന്നു. തീർത്ഥ ങ്ങളിൽ കുളിച്ചും, മുനിയുടെ ആശ്രമമോ, ദൈവമന്ദിരമോ കണ്ടാൽ അതിനെ വന്ദിച്ചുകൊണ്ടും, തന്റെ മനസ്സിൽ ഒരേ ഒരു വരം മാത്രം നേർന്നു: സീതയുടേയും രാമന്റേയും പാദകമലങ്ങളിൽ പ്രേമം. കിരാതനോ, കോലനോ, വാനപ്രസ്ഥനോ, ബ്രഹ്മചാരിയോ, സന്യാസി യോ, മുനിയോ, ആരെക്കണ്ടാലും അവരെ വണങ്ങി, ലക്ഷ്മണനും, രാമനും, വൈദേഹിയും വനത്തിന്റെ ഏതുഭാഗത്താണ് ഉള്ളതെന്ന് ചോദിയ്ക്കും. അവരും പ്രഭുവിന്റെ വർത്തമാനമെല്ലാം പറഞ്ഞ്, ഭരതനെ കണ്ട് തങ്ങളുടെ ജന്മസാഫല്യത്തെ നേടി. പ്രഭുവിനെ കണ്ടതായും അവന്ന് കുശലം തന്നെയെന്നും പറഞ്ഞവർ ശ്രീരാമനേയും ലക്ഷ്മണ നേയും പോലെ പ്രിയരായി ഗണിയ്ക്കപ്പെട്ടിരുന്നു. ഈവിധം അവൻ വിനീതമായി അന്വേഷിച്ച് എല്ലാവരിൽനിന്നും ശ്രീരാമന്റെ വനവാസ ജീവിതത്തെപ്പറ്റിയ കഥയെ കേൾക്കുമായിരുന്നു.

ദോ:

തെഹി ബാസര് ബസി പ്രാതഹീം ചലേ സുമിരി രഘുനാഥ്,
രാമ് ദരസ് കീ ലാലസാ ഭരത് സരിസ് സബ് സാഥ്. (224)

അന്നത്തെ ദിവസം ഒരിടത്ത് താമസിച്ച് അടുത്തദിവസം പുലർച്ചയ്ക്ക് അവൻ രഘുനാഥനെ സ്മരിച്ചുകൊണ്ട് യാത്ര തുടർന്നു. ഭരതനെപ്പോലെ

കൂടെ ചെന്നിരുന്ന എല്ലാവർക്കും തന്നെ ശ്രീരാമനെ കാണാനുള്ള തീവ്രമായ അഭിലാഷമുണ്ടായിരുന്നു. (224)

ചൗ:

മംഗല് സഗുന് ഹോഹിം സബ് കാഹൂ
ഫരകഹിം സുഖദ് ബിലോചന് ബാഹൂ,
ഭരത്ഹി സഹിത് സമാജ് ഉഛാഹൂ
മിലിഹഹിം രാമു മിടിഹി ദുഖ് ദാഹൂ. 1

കരത് മനോരഥ് ജസ് ജിയ്ँ ജാകേ
ജാഹിം സനേഹ് സുരാँ സബ് ഛാകേ,
സിഥില് അംഗ് പഗ് മഗ് ഡഗി ഡോലഹിം
ബിഹബല് ബചന് പേമ് ബസ് ബോലഹിം. 2

രാമ്സഖാँ തെഹി സമയ് ദെഖാവാ
സൈല് സിരോമനി സഹജ് സുഹാവാ,
ജാസു സമീപ് സരിത് പയ് തീരാ
സീയ് സമേത് ബസഹിം ദൊഉ ബീരാ. 3

ദേഖി കരഹിം സബ് ദണ്ഡ് പ്രനാമാ
കഹി ജയ ജാനകി ജീവന് രാമാ,
പ്രേമ് മഗന് അസ് രാജ് സമാജൂ
ജനു ഫിരി അവധ് ചലേ രഘുരാജൂ. 4

എല്ലാവർക്കും ശുഭശകുനങ്ങൾ കണ്ടുതുടങ്ങി. അവരുടെ കണ്ണുകളിലും കൈകളിലും സുഖസൂചകമായ തുടിപ്പുകളുണ്ടായി. ശ്രീരാമനെ കാണാൻ കഴിയുമെന്നും, അവരുടെ ദു:ഖമാകുന്ന ദാഹം തീരുമെന്നും വിചാരിച്ച് ഭരതനും സമാജവും ഉത്സാഹഭരിതരായി. ഓരോരുത്തരും അവരവർക്കു തോന്നിയപോലെ മനോരഥങ്ങൾ നിർമ്മിച്ചു. സ്നേഹമെന്ന മദ്യത്തെ കഴിച്ച് എല്ലാവരും ഉന്മത്തരായി. അവരുടെ അവയവങ്ങൾ നിയന്ത്രണമില്ലാതെ, കാലുകൾ നിലതെറ്റി നടന്നുകൊണ്ട്, പ്രേമവശംവദ രായി കുഴഞ്ഞു കുഴഞ്ഞ് സംസാരിച്ചുകൊണ്ടിരുന്നു. രാമസഖാവായ ഗുഹൻ അപ്പോൾ ഭരതന്ന് പർവതങ്ങളുടെ ശിരോമണിയെ (കാമദ ഗിരിയെ) കാണിച്ചു

കൊടുത്തു. അത് പ്രകൃത്യാ തന്നെ മനോഹര മായിരുന്നു. അതിന്റെ അടുത്ത് പയസ്വിനി നദീതീരത്ത് രണ്ടു വീര സഹോദരന്മാരും സീതയോടുകൂടി താമസിച്ചിരുന്നു. പർതത്തെ കണ്ട് എല്ലാവരും ദണ്ഡനമസ്കാരം ചെയ്ത്, "ജാനകീജീവനായ ശ്രീരാമന്ന് ജയം" എന്ന് ഘോഷിച്ചു. രാജസമാജം മുഴുവൻ, രഘുരാമൻ അയോദ്ധ്യയിലേയ്ക്ക് തിരിച്ചു പുറപ്പെട്ടപോലെ പ്രേമമഗ്നരായി.

ദോ:

ഭരത് പ്രേമു തെഹി സമയ് ജസ് തസ് കഹി സകഇ ന സേഷു,
കബിഹി അഗമ് ജിമി ബ്രഹ്മസുഖു അഹ മമ മലിന് ജനേഷു. (225)

ആ സമയത്ത് ഭരതന്റെ പ്രേമഭാവം ആദിശേഷനാൽകൂടി വർണ്ണിയ്ക്കാനാവാത്തതായിരുന്നു. അഹങ്കാരം കൊണ്ട് ദൂഷിതരായവർക്ക് ബ്രഹ്മസുഖം ഏതുവിധം അടുക്കാനാവാത്തതാണോ, അതുപോലെ കവിയ്ക്ക് ആ ഭാവം അഗമ്യമായിരുന്നു. (225)

ചൗ:

സകല് സനേഹ് സിഥില് രഘുബര് കേം
ഗഏ കോസ് ദുഇ ദിനകര് ഢര്കേം,
ജലു ഥലു ദേഖി ബസേ നിസി ബീതേം
കീൻഹ് ഗവന് രഘുനാഥ് പിരീതേം. 1

ഉഹാ്ঁ രാമു രജനീ അവസേഷാ
ജാഗേ സീയ്ঁ സപന് അസ് ദേഖാ,
സഹിത് സമാജ് ഭരത് ജനു ആഏ
നാഥ് ബിയോഗ് താപ് തന് താഏ. 2

സകല് മലിന് മന് ദീന് ദുഖാരീ
ദേഖീം സാസു ആന് അനുഹാരീ,
സുനി സിയ് സപന് ഭരേ ജല് ലോചന്
ഭഏ സോച്ബസ് സോച് ബിമോചന് 3

ലഖന് സപന് യഹ് നീക് ന ഹോഇഈ
കഠിന് കുചാഹ് സുനാഇഹി കോഇഈ,

അസ് കഹി ബന്ധു സമേത് നഹാനേ
പൂജി പുരാരി സാധു സന്മാനേ. 4

രഘുവരന്മേലുള്ള സ്നേഹാധിക്യം കാരണം, അവർ സൂര്യാസ്തമനത്തിനുള്ളിൽ രണ്ടു കോശം ദൂരം (നാലു മൈൽ) മാത്രമെ സഞ്ചരിച്ചിരുന്നുള്ളൂ. സൗകര്യമായ സ്ഥലവും അടുത്ത് ജലവും കണ്ട് അവർ രാത്രി അവിടെ കഴിച്ചുകൂട്ടി. അടുത്ത പ്രഭാതത്തിൽ രഘുനാഥന്റെ പ്രിയൻ യാത്ര തുടർന്നു. അപ്പുറത്ത് ശ്രീരാമൻ രാത്രി ഇനിയും കുറച്ചു ബാക്കിയുള്ളപ്പോൾ എഴുന്നേറ്റു. ആതേ രാത്രി സീത ഒരു സ്വപ്നം കണ്ട് എഴുന്നേറ്റു. അതിൽ ഭരതൻ സംഘത്തോടുകൂടി വന്നിട്ടുള്ളതായും, അവന്റെ ശരീരം പ്രഭുവിൽനിന്നുമുള്ള വിരഹവേദനയാൽ തുടിച്ചുകൊണ്ടിരിയ്ക്കുന്നതായും കണ്ടു. അവന്റെ കൂടെ വന്നിരുന്നവരെല്ലാവരും തന്നെ മനസ്സിൽ കലുഷിതരും, ദീനരും, ദു:ഖിതരുമായിരുന്നു. അവളുടെ ശ്വശുരിമാർ മാറിയ ആകൃതിയിൽ കാണപ്പെട്ടിരുന്നു. സീതയുടെ സ്വപ്നത്തെ കേട്ട് ശ്രീരാമന്റെ കണ്ണുകൾ നിറഞ്ഞു. ശോകവിനാശകൻ തന്നെ ശോകാകുലനായി. “ലക്ഷ്മണ, ഈ സ്വപ്നം നല്ലതിനെ സൂചിപ്പിയ്ക്കുന്നില്ല. ആരെങ്കിലും അത്യന്തം ചീത്തയായ വർത്തമാനം കേൾപ്പിയ്ക്കും.” ഈവിധം പറഞ്ഞുകൊണ്ട് അവൻ തന്റെ അനുജനോടുകൂടി കുളിച്ച് ത്രിപുരാരിയായ ശിവഭഗവാനെ പൂജിച്ച് സാധുക്കളെ ബഹുമാനിച്ചു.

ഛം:

സന്മാനി സുര് മുനി ബന്ദി ബൈഠേ ഉതര് ദിസി ദേഖത് ഭഏ,
നഭ് ധൂരി ഖഗ് മൃഗ് ഭൂരി ഭാഗേ ബികല് പ്രഭു ആശ്രമ് ഗഏ.
തുലസീ ഉഠേ അവലോകി കാരനു കാഹ് ചിത് സചകിത് രഹേ,
സബ്സമാചാര് കിരാത് കോലൻഹി ആഇ തെഹി അവസര് കഹേ.

പ്രഭു ദേവന്മാരെ സമ്മാനിച്ച് മുനിമാരെ വന്ദിച്ച് വടക്കുദിശയെ നോക്കിക്കൊണ്ടിരുന്നു. ആകാശത്തിൽ ധൂളി പറന്നുകൊണ്ടിരുന്നു. പക്ഷികളും മൃഗങ്ങളും പരിഭ്രാന്തരായി പ്രഭുവിന്റെ ആശ്രമത്തിലേയ്ക്ക് ഓടിവന്നുകൊണ്ടിരുന്നു. തുളസീദാസൻ പറയുന്നു: അവൻ ഇതു കണ്ട്

ഇതിന്റെ കാരണമെന്തായിരിയ്ക്കുമെന്ന് മനസ്സിൽ അതിശയിച്ചു. അപ്പോൾ കോലന്മാരും കിരാതന്മാരും വന്ന് എല്ലാ വർത്തമാനങ്ങളും പറഞ്ഞു.

സോ:

സുനത് സുമംഗല് ബൈന് മന് പ്രമോദ് തന് പുലക് ഭര്,
സരദ് സരോരുഹ് നൈന് തുലസീ ഭരേ സനേഹ് ജല്. (226)

ശുഭകരമായ ഈ വാർത്ത കേട്ട് അവൻ മനസ്സിൽ സന്തുഷ്ടനായി. ശരീരം പുളകിതമായി. തുളസീദാസൻ പറയുന്നു: ശരൽക്കാലത്തെ താമര പോലുള്ള കണ്ണുകളിൽ പ്രേമജലം നിറഞ്ഞു. (226)

ചൗ:

ബഹുരി സോച്ബസ് ഭേ സിയരവനൂ
കാരന് കവന് ഭരത് ആഗവനൂ,
ഏക് ആഇ അസ് കഹാ ബഹോരീ
സേന് സംഗ് ചതുരംഗ് ന ഥോരീ. 1

സോ സുനി രാമ്ഹി ഭാ അതി സോചൂ
ഇത് പിതു ബച് ഇത് ബന്ധു സകോചൂ,
ഭരത് സുഭാഉ സമുഝി മന് മാഹീം
പ്രഭു ചിത് ഹിത് ഥിതി പാവന് നാഹീം. 2

സമാധാന് തബ് ഭാ യഹ് ജാനേ
ഭരതു കഹേ മഹു്ँ സാധു സയാനേ,
ലഖന് ലഖെഉ പ്രഭു ഹൃദയ്ँ ഖഭാരൂ
കഹത് സമയ് സമ് നീതി ബിചാരൂ. 3

ബിനു പൂഛേം കഛു കഹഉ്ँ ഗൊസാഈം
സേവകു സമ്ँ ന ഢീഠ് ഢിഠാഈം,
തുംഹ് സർബഗ്യ് സിരോമനി സ്വാമീ
ആപനി സമുഝി കഹഉ്ँ അനുഗാമീ. 4

സീതാരമണൻ അടുത്ത ക്ഷണം തന്നെ ചിന്താമഗ്നനായി. 'ഭരതന്റെ വരവിന്റെ ഉദ്ദേശം എന്തായിരിയ്ക്കും?' അപ്പോൾ ഒരാൾ വന്ന് അവനോട്

ഈവിധം പറഞ്ഞു: “അവന്റെ കൂടെ വളരെ വലിയൊരു ചതുരംഗപ്പട യുണ്ട്.” അതു കേട്ട് രാമൻ അത്യന്തം വ്യാകുലനായി. ഒരുപുറം തന്റെ പിതാവിന്റെ ആദേശം; മറുപുറം തന്റെ അനുജന്റെ (ഭരതൻ) പേരിലുള്ള ബഹുമാനം. ഭരതന്റെ സ്വഭാവത്തെ മനസ്സിൽ അറിഞ്ഞ് പ്രഭു തന്റെ മനസ്സിൽ ഒരുവിധത്തിലുള്ള ഉദ്ദേശവും കണ്ടെത്തിയില്ല. പിന്നെ ഭരതൻ സാധുവും, സൽസ്വഭാവിയും, വിവേകിയുമാണെന്ന് വിചാരിച്ച് തന്നെ ത്താൻ സമാധാനിച്ചു. പ്രഭു മനസ്സിൽ വ്യാകുലനായിക്കണ്ട് ലക്ഷ്മണൻ സന്ദർഭോചിതമായ വിവേകത്തോടുകൂടി പറഞ്ഞു: “സ്വാമീ, അങ്ങു ചോദിയ്ക്കാതെ തന്നെ ഞാൻ അങ്ങയോട് ചിലത് പറയുവാൻ തുനിയുന്നു. പക്ഷേ ഒരു സേവകന്റെ മര്യാദക്കുറവ് അവസരത്തിനൊത്തതാണെങ്കിൽ, അതിനെ മര്യാദക്കുറവായെടുക്കരുത്. സ്വാമീ, അങ്ങ് സർവജ്ഞന്മാരുടെ ശിരോമണിയാണ്. എങ്കിലും അങ്ങയുടെ സേവകനായ ഞാൻ എന്റെ മനസ്സിലുള്ളതിനെ പറയുന്നു.”

ദോ:

നാഥ് സുഹൃദ് സുഠി സരല് ചിത് സീല് സനേഹ് നിധാന്,
സബ്പര് പ്രീതി പ്രതീതി ജിയ്ँ ജാനിഅ ആപു സമാന്. (227)

“നാഥ, അങ്ങ് സഹജമായിത്തന്നെ സ്നേഹശീലനും, ശുദ്ധഹൃദയനും, സൗശീല്യത്തിന്റേയും സൗഹൃദത്തിന്റേയും കലവറയുമാണ്. അങ്ങ് എല്ലാവരേയും സ്നേഹിയ്ക്കുകയും, വിശ്വസിയ്ക്കുകയും ചെയ്യുന്നു; എല്ലാവരും അങ്ങയെപ്പോലെയെന്ന് മനസ്സിൽ കരുതുന്നു.” (227)

ചൗ:

ബിഷഈ ജീവ് പാഇ പ്രഭുതാഈ
മൂഢ് മോഹ് ബസ് ഹോഹിം ജനാഈ,
ഭരതു നീതി രത് സാധു സുജാനാ
പ്രഭു പദ് പ്രേമു സകല് ജഗു ജാനാ. 1

തേഊ ആജു രാമ് പദു പാഈ
ചലേ ധരമ് മര്ജാദ് മെടാഈ,

കുടില് കുബന്ധു കുഅവസരു താകീ
ജാനി രാമ് ബനബാസ് എകാകീ. 2

കരി കുമന്ത്രു മന് സാജി സമാജൂ
ആഏ കരൈ അകംടകു രാജൂ,
കോടി പ്രകാര് കല്പി കുടിലാഈ
ആഏ ദല് ബടോരി ദൊഉ ഭാഈ. 3

ജൗം ജിയ്ँ ഹോതി ന കപട് കുചാലീ
കെഹി സൊഹാതി രഥ് ബാജി ഗജാലീ,
ഭരത്ഹി ദോസു ദേഇ കോ ജാഏँ
ജഗ് ബൗരാഇ രാജ് പദു പാഏँ. 4

വിഷയാസക്തരായ മൂഢന്മാർ പ്രഭുത്വം ലഭിച്ച് മോഹവശംവദരായി അവരുടെ സ്വഭാവത്തെ കാണിയ്ക്കുന്നു. ഭരതൻ നീതിനിരതനും, സാധുവും, ജ്ഞാനിയുമായിരുന്നു. പ്രഭുവിന്റെ പാദങ്ങളിൽ അവന്റെ ഭക്തി ലോകം മുഴുവൻ അറിഞ്ഞതാണ്. പക്ഷേ ഇപ്പോൾ അവന്ന് ശ്രീരാമന്റെ (അങ്ങയുടെ) സ്ഥാനം ലഭിച്ചിരിയ്ക്കുന്നതിനാൽ അവൻകൂടി ധർമ്മത്തിന്റെ അതിർത്തിയെ കടന്നിരിയ്ക്കുന്നു. പ്രതികൂലമായ നിലയെ കണ്ട്, അങ്ങ് കാട്ടിൽ തനിച്ചാണെന്നറിഞ്ഞ്, ഈ കുടിലനും ദുഷ്ടബുദ്ധിയുമായ അനുജൻ ഒരു കുതന്ത്രം രചിച്ച്, സന്നദ്ധനായി തന്റെ രാജപദവിയെ അകണ്ടകമാക്കാനായി വന്നിരിയ്ക്കുന്നു. എല്ലാവിധ ഷഡ്യന്ത്രങ്ങളും മനസ്സിൽ കല്പിച്ചുകൊണ്ട് രണ്ടു സഹോദരന്മാരും എല്ലാ സൈന്യങ്ങളോടും കൂടി ഇവിടെ വന്നിരിയ്ക്കുന്നു. അവർക്ക് മനസ്സിൽ ദുഷ്ടവിചാരവും നെറികേടും ഇല്ലാതിരുന്നുവെങ്കിൽ, പിന്നെ ആരാണ് രഥങ്ങളേയും, കുതിരകളേയും, ആനകളേയും കൂടെ കൊണ്ടു വരാൻ ഇഷ്ടപ്പെടുക? രാജപദവി നേടിയ ശേഷം ഈ ലോകത്തിൽ ആരും തന്നെ സമനില തെറ്റി നടക്കുമ്പോൾ എന്തിന് വെറുതെ ഭരതനെ കുറ്റം പറയണം?"

ദോ:

സസി ഗുര് തിയ് ഗാമീ നഘുഷു ചഢെഉ ഭൂമിസുര് ജാന്,
ലോക് ബേദ് തേം ബിമുഖ് ഭാ അധമ് ന ബേന് സമാന്. (228)

"ചന്ദ്രൻ തന്റെ ഗുരുവിന്റെ (ബൃഹസ്പതി) ഭാര്യയുമായി വ്യഭിചരിച്ചു. നഹുഷൻ ബ്രാഹ്മണർ വഹിച്ചിരുന്ന പല്ലക്കിൽ കയറി. പിന്നെ വേനനെപ്പോലെ അധ:പതിച്ചവനും, ലൗകികവൈദീക ധർമ്മങ്ങളിൽനിന്നും വിമുഖനുമായി വേറെയാരും തന്നെ ഉണ്ടായിരുന്നില്ല." (228)

ചൗ:

സഹസബാഹു സുരനാഥു ത്രിസംകൂ
കെഹി ന രാജ്മദ് ദീൻഹ് കലംകൂ,
ഭരത് കീൻഹ് യഹ് ഉചിത് ഉപാഊ
രിപു രിന് രംച് ന രാഖബ് കാഊ. 1

ഏക് കീൻഹി നഹിം ഭരത് ഭലാഈ
നിദരേരാമു ജാനി അസഹാഈ,
സമുഝി പരിഹി സൊഉ ആജു ബിസേഷീ
സമര് സരോഷ് രാമ് മുഖു പേഖീ. 2

എതനാ കഹത് നീതി രസ് ഭൂലാ
രന് രസ് ബിടപു പുലക് മിസ് ഫൂലാ,
പ്രഭു പദ് ബന്ദി സീസ് രജ് രാഖീ
ബോലേ സത്യ് സഹജ് ബലു ഭാഷീ. 3

അനുചിത് നാഥ് ന മാനബ് മോരാ
ഭരത് ഹമ്ഹി ഉപചാര് ന ഥോരാ,
കഹ്ँ ലഗി സഹിഅ രഹിഅ മനു മോരേം
നാഥ് സാഥ് ധനു ഹാഥ് ഹമാരേം. 4

"സഹസ്രബാഹു രാജാവ് (കാർത്തവീര്യാർജുനൻ), ദേവരാജാവായ ഇന്ദ്രൻ, ത്രിശങ്കുരാജാവ് – ഇവരിൽ ആരാണ് രാജമദത്താൽ ദുഷ്കീർത്തിയെ പ്രാപിച്ചിട്ടില്ലാത്തത്? ഭരതൻ ചെയ്ത ഉപായം എത്രയും ശരിയാണ്. ഒരുവൻ തന്റെ ശത്രുക്കളേയും, കടനേയും എല്ലാവിധത്തിലും നാമാവശേഷമാക്കിത്തീർക്കേണ്ടതാണ്. പക്ഷേ അവൻ ഒരു തെറ്റു ചെയ്തു. അവൻ ശ്രീരാമനെ നിസ്സഹായനാണെന്ന് വിചാരിച്ച് വെറുത്തു. യുദ്ധക്കളത്തിൽ ഇന്ന് ശ്രീരാമന്റെ (അങ്ങയുടെ) രോഷത്തോടുകൂടിയ മുഖത്തെ കാണുമ്പോൾ അവൻ തന്റെ തെറ്റിനെ നല്ലപോലെ

മനസ്സിലാക്കും.” ഈവിധം പറഞ്ഞുകൊണ്ട് അവൻ തന്റെ ഔചിത്യ ത്തോടുള്ള സ്നേഹത്തെ മറന്നു; യുദ്ധൗത്സുക്യം എന്ന വൃക്ഷത്തിൽ രോമാഞ്ചമെന്ന പുഷ്പങ്ങൾ പൂത്തുകുലുങ്ങി. പ്രഭുവിന്റെ പാദങ്ങളെ വന്ദിച്ച് അവയിലെ ധൂളികളെ തന്റെ തലയിൽ തടവിക്കൊണ്ട്, അവൻ തന്റെ നേരായതും സഹജവുമായ ബലത്തെപ്പറ്റി പറഞ്ഞു: “സ്വാമീ, ഭരതൻ എന്നെ കുറച്ചൊന്നുമല്ല ക്ഷോഭിപ്പിച്ചിരിയ്ക്കുന്നത് എന്ന് ഞാൻ പറയുന്നതിനെ അങ്ങ് ദയവുചെയ്ത് തെറ്റായെടുക്കരുത്. എന്തൊക്കെ യായാലും, എന്റെ സ്വാമി (അങ്ങ്) എന്റെ കൂടെയും, വില്ല് എന്റെ കയ്യിലുമുള്ളപ്പോൾ, എത്ര കാലം ഞാൻ എന്റെ വികാരങ്ങളെ അടക്കി ക്കൊണ്ട് ഇതിനെ സഹിച്ചുകൊണ്ടിരിയ്ക്കും?”

ദോ:

ഛത്രീ ജാതി രഘുകുല് ജനമു രാമ് അനുഗ് ജഗു ജാന്,
ലാതഹു്ँ മാരേം ചഢതി സിര് നീച് കോ ധൂരി സമാന്. (229)

“ജാതിയാൽ ക്ഷത്രിയനും, ജനിച്ചത് രഘുകുലത്തിലുമായ ഞാൻ അറിയ പ്പെടുന്നത് ശ്രീരാമന്റെ (അങ്ങയുടെ) അനുഗാമിയായിട്ടാണ്. വീഥിയിലെ ധൂളിയിലും താണതായിട്ട് എന്താണുള്ളത്? പക്ഷേ അതിനെ ചവിട്ടിയാൽ അത് ഉയർന്ന് തലയിൽ തങ്ങും.” (229)

ചൗ:

ഉഠി കര് ജോരി രജായസു മാഗാ
മനഹു്ँ ബീര് രസ് സോവത് ജാഗാ,
ബാ്ँധി ജടാ സിര് കസി കടി ഭാഥാ
സാജി സരാസനു സായകു ഹാഥാ. 1

ആജു രാമ് സേവക് ജസു ലേഊ്ँ
ഭരത്ഹി സമര് സിഖാവന് ദേഊ്ँ,
രാമ് നിരാദര് കര് ഫല് പാഈ
സോവഹു്ँ സമര് സേജ് ദൊഉ ഭാഈ. 2

ആഇ ബനാ ഭല് സകല് സമാജൂ
പ്രഗട് കരഉ്ँ രിസ് പാഛില് ആജൂ,

ജിമി കരി നികര് ദലഇ മൃഗരാജൂ
ലേഇ ലപേടി ലവാ ജിമി ബാജൂ. 3

തൈസെഹിം ഭരത്ഹി സേന് സമേതാ
സാനുജ് നിദരി നിപാതഉ് ഖേതാ,
ജൗം സഹായ കര് സംകരു ആഈ
തൗ മാരഉ് രന് രാമ് ദൊഹാഈ. 4

അവൻ എഴുന്നേറ്റ് കൂപ്പുകൈകളോടെ (ഭരതനോടേറ്റുമുട്ടാൻ) അനുമതി ചോദിച്ചപ്പോൾ, അത് വീരരസം രൂപമെടുത്ത് ഉറക്കത്തിൽനിന്നും ഉണർന്നപോലെയിരുന്നു. തന്റെ ജടയെ കെട്ടി, ശരക്കൂടിനെ അരയിൽ മുറുകെ കെട്ടി, അവൻ തന്റെ വില്ലിൽ ഞാണേറ്റി, കയ്യിൽ ഒരു ശരമെടുത്തു. "ഇന്ന് ഞാൻ ശ്രീരാമന്റെ സേവകനാണെന്ന് പേരെടുത്ത് ഭരതനെ യുദ്ധക്കളത്തിൽ ഒരു പാഠം പഠിപ്പിയ്ക്കും. ശ്രീരാമനെ നിരാദരീച്ചതിന്റെ ഫലമായി രണ്ടു സഹോദരന്മാരും യുദ്ധക്കളമെന്ന മെത്തയിൽ ഉറങ്ങട്ടെ. സമാജമെല്ലാം ഒന്നിച്ചു ഒരിടത്ത് കൂടിയിരിയ്ക്കുന്നത് നന്നായി. ഞാൻ എന്റെ മുമ്പത്തെ ക്രോധത്തെ ഇന്ന് പ്രകടിപ്പിയ്ക്കാം. മൃഗരാജാവായ സിംഹം ആനക്കൂട്ടത്തെ ആക്രമിച്ച് നശിപ്പിയ്ക്കുന്നതുപോലെ, പരുന്ത് ഒരു വാനമ്പാടിപ്പക്ഷിയെ റാഞ്ചിയെടുത്ത് കൊണ്ടുപോകുന്നതുപോലെ, ഞാൻ കളത്തിൽ ഭരതനേയും അനുജനേയും സൈന്യസമേതം തോല്പിച്ച് വീഴ്ത്തും. അവനെ സഹായിയ്ക്കാൻ ശങ്കരഭഗവാൻ വന്നാൽക്കൂടി, രാമനാണയായി പറയുന്നു, ഞാനവനെ യുദ്ധത്തിൽ കൊല്ലും."

ദോ:
അതി സരോഷ് മാഖേ ലഖനു ലഖി സുനി സപഥ് പ്രവാന്,
സഭയ് ലോക് സബ് ലോകപതി ചാഹത് ഭഭരി ഭഗാൻ. (230)

ലക്ഷ്മണനെ ഈവിധം ദൃഢതയോടും രോഷത്തോടും പറയുന്നതു കണ്ട്, അവന്റെ ശപഥത്തെ കേട്ട്, എല്ലാ ദിക്കുകളും വിറച്ചു. ലോകപാലന്മാരെല്ലാവരും ഭയത്താൽ ഓടിപ്പോകുവാൻ ആതുരരായിരുന്നു. (230)

ചൗ:
ജഗു ഭയ് മഗന് ഗഗന് ഭഇ ബാനീ
ലഖന് ബാഹുബലു ബിപുല് ബഖാനീ,

താത് പ്രതാപ് പ്രഭാഉ തുംഹാരാ
കോ കഹി സകഇ കൊ ജാനനിഹാരാ. 1

അനുചിത് ഉചിത് കാജു കിഛു ഹോഊ
സമുഝി കരിഅ ഭല് കഹ് സബു കോഊ,
സഹസാ കരി പാഛേം പഛിതാഹീം
കഹഹിം ബേദ് ബുധ് തേ ബുധ് നാഹീം. 2

സുനി സുര് ബചന് ലഖന് സകുചാനേ
രാമ് സീയ്ँ സാദര് സന്മാനേ,
കഹീ താത് തുംഹ് നീതി സുഹാഈ
സബ് തേം കഠിന് രാജമദു ഭാഈ. 3

ജോ അചവँത് നൃപ് മാതഹിം തേഈ
നാഹിന് സാധുസഭാ ജെഹിം സേഈ
സുനഹു ലഖന് ഭല് ഭരത് സരീസാ
ബിധി പ്രപംച് മഹ്ँ സുനാ ന ദീസാ. 4

ലോകം മുഴുവൻ ഭയാതുരമായി. ലക്ഷ്മണന്റെ വിപുലമായ കൈബലത്തെ പ്രശംസിച്ചുകൊണ്ട് ആകാശവാണിയുണ്ടായി: 'താത, നിന്റെ പ്രതാപത്തേയും പ്രഭാവത്തേയും ആർക്കാണ് പറയാനാവുക? ആർക്കറിയാനാവും? പക്ഷേ ഏതെങ്കിലും ചെയ്യുന്നതിന്നു മുമ്പ് ഒരുവൻ താൻ ചെയ്യുന്നത് ശരിയോ തെറ്റോ എന്ന് ആലോചിയ്ക്കണം. എന്നാൽ എല്ലാവരും അതിനെ ശരിയായി കണക്കാക്കും. പെട്ടെന്ന് ആവേശ ത്തോടെ ഒരു കാര്യത്തെ ചെയ്ത് പിന്നീട് പശ്ചാത്തപിയ്ക്കുന്നവൻ വിവേകി യല്ലെന്ന് വേദങ്ങളും ജ്ഞാനികളും ഘോഷിയ്ക്കുന്നു." ആകാശവാണി കേട്ട് ലക്ഷ്മണൻ ലജ്ജിതനായി. പക്ഷേ ശ്രീരാമനും സീതയും അവനോട് ആദരവോടും സന്മാനത്തോടും പറഞ്ഞു: "ലക്ഷ്മണ, നീ പറഞ്ഞത് ആഴ്ന്ന നീതിയാണ്. രാജമദം എല്ലാറ്റിലും വെച്ച് മോശമാണ്. പക്ഷേ, രാജാക്കന്മാരിൽ, സാധുക്കളുടെ സഭയെ ഒരിയ്ക്കലും ആശ്രയിച്ചീട്ടില്ലാത്തവർ മാത്രമേ അങ്ങനെ നില തെറ്റി പ്രവർത്തിയ്ക്കുള്ളൂ. ഭരതനെ സംബന്ധിച്ചിടത്തോളം, ലക്ഷ്മണ, ഞാൻ പറയുന്നു, ദൈവത്തിന്റെ

സമസ്ത സൃഷ്ടിയിലും, അവനെപ്പോലെ ഇത്രയും ഉത്തമനായി വേറൊരുവനേയും ഞാൻ കാണുകയോ, കേൾക്കുകയോ ചെയ്തിട്ടില്ല."

ദോ:

ഭരത്ഹി ഹോഇ ന രാജമദു ബിധി ഹരി ഹര് പദ് പാഇ,
കബ്ഹു്ँ കി കാँജീ സീകരിനി ഛീരസിന്ധു ബിനസാഇ. (231)

"ബ്രഹ്മവിഷ്ണുശിവന്മാരുടെ പദവി ലഭിച്ചാലും കൂടി ഭരതന്ന് രാജമദ മുണ്ടാവില്ല. കുറച്ചു തുള്ളികൾ കാജി (പുളിപ്പുള്ള കഞ്ഞി) ഒഴിച്ചാൽ പാൽക്കടൽ പിരിയുമോ?" (231)

ചൗ:

തിമിരു തരുന് തരനിഹി മകു ഗിലഈ
ഗഗനു മഗന് മകു മേഘഹിം മിലഈ,
ഗോപദ് ജല് ബൂഡഹിം ഘടജോനീ
സഹജ് ഛമാ ബരു ഛാഡൈ ഛോനീ. 1

മസക് ഫൂँക് മകു മേരു ഉഡാഈ
ഹോഇ ന നൃപമദു ഭരത്ഹി ഭാഈ,
ലഖന് തുംഹാര് സപഥ് പിതു ആനാ
സുചി സുബന്ധു നഹിം ഭരത് സമാനാ. 2

സഗുനു ഖീരു അവഗുനു ജലു താതാ
മിലഇ രചഇ പരപംചു ബിധാതാ,
ഭരതു ഹംസ് രബിബംസ് തഡാഗാ
ജനമി കീൻഹ് ഗുന് ദോഷ് ബിഭാഗാ. 3

ഗഹി ഗുന് പയ് തജി അവഗുന് ബാരീ
നിജ് ജസ് ജഗത് കീൻഹി ഉജിആരീ,
കഹത് ഭരത് ഗുന് സീലു സുഭാഊ
പേമ് പയോധി മഗന് രഘുരാഊ. 4

"ഇരുട്ട് മദ്ധ്യാഹ്നസൂര്യനെ മറയ്ക്കാം, ആകാശം ഒരു മേഘത്തിന്നുള്ളിൽ ലയിച്ചുപോകാം അഗസ്ത്യമുനി പശുവിന്റെ കുളമ്പടിവെള്ളത്തിൽ മുങ്ങി

പ്പോകാം, ഭൂമി തന്റെ സ്വാഭാവികമായ ക്ഷമാശീലതയെ ത്യജിയ്ക്കാം, മേരുപർവതത്തെ ഒരു കൊതുക് ഊതിപ്പറപ്പിയ്ക്കാം പക്ഷേ, അനുജ, ഭരതൻ ഒരിയ്ക്കലും രാജമദത്താൽ ബാധിതനാവില്ല. ലക്ഷ്മണ, ഞാൻ നീ ആണയായും നമ്മുടെ പിതാവ് ആണയായും പറയുന്നു: ഭരതനെപ്പോലെ ഒരു ശുദ്ധനും നിഷ്കളങ്കനുമായൊരു സഹോദരൻ വേറില്ല. പ്രിയ സോദര, ദൈവം ലോകത്തെ സദ്ഗുണമെന്ന പാലിനേയും ദുർഗ്ഗുണ മെന്ന വെള്ളത്തേയും കലർന്ന് സൃഷ്ടിയ്ക്കുന്നു. സൂര്യവംശമെന്ന തടാക ത്തിലെ ഹംസമായ ഭരതൻ സദ്ഗുണമെന്ന പാലിനെ എടുത്ത്, അവഗുണമെന്ന വെള്ളത്തെ ത്യജിച്ച് തന്റെ യശസ്സിനാൽ ലോകത്തെ പ്രകാശിപ്പിച്ചിരി യ്ക്കുന്നു." ഭരതന്റെ ഗുണങ്ങളേയും, സൗഹൃദത്തേയും സത്സ്വഭാവത്തേയും വർണ്ണിച്ചുകൊണ്ടിരിയ്ക്കേ, രഘുരാമൻ പ്രേമസാഗരത്തിൽ മഗ്നനായി.

ദോ:

സുനി രഘുബര് ബാനീ ബിബുധ് ദേഖി ഭരത് പര് ഹേതു,
സകല് സരാഹത് രാമ് സോ പ്രഭു കോ കൃപാനികേതു. (232)

രഘുവരന്റെ വാക്കുകളെ കേട്ട്, ഭരതന്മേൽ അവനുള്ള സ്നേഹത്തെ കണ്ട് ദേവന്മാരെല്ലാം അഭിനന്ദിച്ചുകൊണ്ട് പറഞ്ഞു: "ശ്രീരാമനെപ്പോലെ ഇത്രയും കൃപാലുവായ പ്രഭു വേറെയാരുണ്ട്?" (232)

ചൗ:

ജൗം ന ഹോത് ജഗ് ജനമ് ഭരത് കോ
സകല് ധരമ് ധുര് ധരനി ധരത് കോ,
കബി കുല് അഗമ് ഭരത് ഗുന് ഗാഥാ
കോ ജാനഇ തുംഹ് ബിനു രഘുനാഥാ. 1

ലഖന് രാമ് സിയ്ँ സുനി സുര് ബാനീ
അതി സുഖു ലഹെഉ ന ജാഇ ബഖാനീ,
ഇഹാँ ഭരതു സബ് സഹിത് സഹാഏ
മന്ദാകിനീം പുനീത് നഹാഏ. 2

സരിത് സമീപ് രാഖി സബ് ലോഗാ
മാഗി മാതു ഗുര് സചിവ് നിയോഗാ,

ചലേ ഭരതു ജഹ്ँ സിയ് രഘുരാഈ
സാഥ് നിഷാദ്നാഥു ലഘു ഭാഈ. 3

സമുഝി മാതു കര്തബ് സകുചാഹീം
കരത് കുതരക് കോടി മന് മാഹീം,
രാമു ലഖനു സിയ് സുനി മമ നാഊँ
ഉഠി ജനി അനത് ജാഹിം തജി ഠാഊँ. 4

"ഭരതൻ ഈ ലോകത്തിൽ ജനിച്ചിരുന്നില്ലെങ്കിൽ പിന്നെ ആരാണ് ഈ ഭൂമിയിൽ സകല ധർമ്മങ്ങളുടേയും രക്ഷയ്ക്കുവേണ്ടി മുൻകൈയ്യെടുക്കുക? ഹേ രഘുനാഥ, അങ്ങയ്ക്കല്ലാതെ, മറ്റാർക്കാണ് കവികുലത്തിന്നുപോലും പിടികിട്ടാത്ത ഭരതന്റെ ഗുണഗണങ്ങളെ അറിയുവാൻ കഴിയുക?" ദേവന്മാരുടെ ഈ വാക്കുകളെ കേട്ട് ലക്ഷ്മണനും, രാമനും, സീതയും വർണ്ണിയ്ക്കാനാവാത്ത വിധത്തിലുള്ള പരമസുഖത്തെ അനുഭവിച്ചു. അപ്പുറത്ത് ഭരതൻ തന്റെ സംഘത്തോടുകൂടി പുണ്യനദിയായ മന്ദാകിനിയിൽ കുളിച്ചു. പിന്നെ എല്ലാവരേയും നദീതീരത്ത് വിട്ട് തന്റെ അമ്മമാരുടേയും, ഗുരുവിന്റേയും, മന്ത്രിയുടേയും (സുമന്ത്രൻ) സമ്മതത്തോടെ, നിഷാദരാജനോടും അനുജനോടും കൂടി അവൻ സീതയും ശ്രീരാമനുമിരിയ്ക്കുന്ന സ്ഥലത്തേ അന്വേഷിച്ചു പുറപ്പെട്ടു. തന്റെ അമ്മയുടെ കൃത്യത്തെ ഓർത്തിച്ചുകൊണ്ട് അവൻ ലജ്ജിതനായി മനസ്സിൽ എല്ലാവിധത്തിലുള്ള കുതർക്കങ്ങളും ഭാവിച്ചുകൊണ്ടിരുന്നു. 'ദൈവമേ, ശ്രീരാമനും, ലക്ഷ്മണനും, സീതയും എന്റെ പേരു കേട്ടതും ഇരുന്നിടത്തുനിന്ന് എഴുന്നേറ്റ് വേറൊരു സ്ഥലത്തേയ്ക്ക് പോകാതിരിയ്ക്കണമേ!'

ദോ:
മാതു മതേ മഹുँ മാനി മൊഹി ജോ കഛു കരഹിം സൊ ഥോര്,
അഘ് അവഗുന് ഛമി ആദരഹിം സമുഝി ആപനീ ഓര്. (233)

"എന്നെ എന്റെ അമ്മയുടെ പങ്കാളിയാണെന്ന് കരുതി, അവൻ എന്തു തന്നെ ചെയ്താലും, അത് മിതമാവില്ല. പക്ഷേ, അവനെ മനസ്സിലാക്കിയിടത്തോളം, അവൻ എന്റെ പാപങ്ങളേയും അവഗുണങ്ങളേയും ക്ഷമിച്ച് എന്നെ ആദരവോടെ സ്വീകരിയ്ക്കുമെന്നത് നിശ്ചയമാണ്." (233)

ചൗ:

ജൗം പരിഹരഹിം മലിന് മനു ജാനീ
ജൗം സന്മാനഹിം സേവകു മാനീ,
മോരേം സരന് രാമ്ഹി കീ പന്ഹീ
രാമ് സുസ്വാമി ദോസു സബ് ജന്ഹി. 1

ജഗ് ജസ് ഭാജന് ചാകത് മീനാ
നേമ് പേമ് നിജ് നിപുന് നബീനാ,
അസ് മന് ഗുനത് ചലേ മഗ് ജാതാ
സകുച് സനേഹ്ँ സിഥില് സബ് ഗാതാ. 2

ഫേരതി മനഹുँ മാതു കൃത് ഖോരീ
ചലത് ഭഗതി ബല് ധീരജ് ധോരീ,
ജബ് സമുഝത് രഘുനാഥ് സുഭാഊ
തബ് പഥ് പരത് ഉതാഇല് പാഊ. 3

ഭരത് ദസാ തെഹി അവസര് കൈസീ
ജല് പ്രബാഹ്ँ ജല് അലി ഗതി ജൈസീ,
ദേഖി ഭരത് കര് സോചു സനേഹൂ
ഭാ നിഷാദ് തെഹി സമയ്ँ ബിദേഹൂ. 4

"അവനെന്നെ മലിനമായ മനസ്സുള്ളവനെന്ന് കരുതി വെറുത്താലും, സേവകനെന്ന് കരുതി സ്വീകരിച്ചാലും, എന്റെ ഒരേ ഒരു ശരണം ശ്രീരാമന്റെ പാദുകകളാണ്. ശ്രീരാമൻ ഒരു മഹാനായ സ്വാമിയാണ്. മുഴുവൻ ദോഷവും സേവകനിലാണ് (എന്നിൽ). ലോകത്തിൽ ചാതകപ്പക്ഷിയും മീനും മാത്രമേ യശസ്സിന്ന് അർഹരായിട്ടുള്ളു. അവ തങ്ങളുടെ നിഷ്ഠയുടേയും സ്നേഹത്തിന്റേയും വ്രതത്തെ സാമർത്ഥ്യ ത്തോടെ എന്നും പുതിയതായി വെച്ചുകൊണ്ട് പാലിയ്ക്കുന്നു." ഈവിധം മനസ്സിൽ ചിന്തിച്ചുകൊണ്ട് അവൻ തന്റെ യാത്ര തുടർന്നു. ലജ്ജയും പ്രേമവും കാരണം അവന്റെ ശരീരം ശക്തിയറ്റിരുന്നു. അവന്റെ അമ്മ യുടെ പാപകർമ്മം അവനെ പിന്നോട്ടിഴുത്തു; പക്ഷേ, ധീരന്മാരിൽ ഏറ്റവും മുന്നിലായ അവന്റെ ഭക്തിയുടെ ശക്തി അവനെ മുന്നോട്ട് കൊണ്ടുചെന്നു.

രഘുനാഥന്റെ സ്വഭാവത്തെ സ്മരിയ്ക്കുമ്പോഴെല്ലാം അവന്റെ പാദങ്ങൾ വഴിയിൽക്കൂടി വേഗം മുന്നോട്ട് ചെന്നുകൊണ്ടിരുന്നു. ആ സമയത്ത് ഭരതന്റെ നടത്തം ഒരു ഈച്ച പുഴവെള്ളത്തിന്റെ ഒഴുക്കിൽ ഒലിച്ചുപോകുന്നതുപോലെയിരുന്നു. ആ സമയത്തെ ഭരതന്റെ വ്യാകുലത യേയും സ്നേഹത്തേയും കണ്ട് നിഷാദരാജാവ് സ്വന്തം ശരീരത്തെ മറന്നു നിന്നു.

ദോ:

ലഗേ ഹോന് മംഗല് സഗുന് സുനി ഗുനി കഹത് നിഷാദു,
മിടിഹി സോചു ഹോഇഹി ഹരഷു പുനി പരിനാമ് ബിഷാദു. (234)

ശുഭശകുനങ്ങൾ കണ്ടുതുടങ്ങി. നിഷാദരാജാവ് അവയെ കേട്ട് ചിന്തിച്ച് പറഞ്ഞു: "വ്യാകുലത പോയി സന്തോഷം ഉണ്ടാവും, പക്ഷേ വീണ്ടും ശോകത്തിൽ പരിണമിയ്ക്കും. (234)

ചൗ:

സേവക് ബചന് സത്യ് സബ് ജാനേ
ആശ്രമ് നികട് ജാഇ നിഅരാനേ,
ഭരത് ദീഖ് ബന് സൈല് സമാജൂ
മുദിത് ഛുധിത് ജനു പാഇ സുനാജൂ. 1

ഈതി ഭീതി ജനു പ്രജാ ദുഖാരീ
ത്രിബിധ് താപ് പീഢിത് ഗ്രഹ് മാരീ,
ജാഇ സുരാജ് സുദേസ് സുഖാരീ
ഹോഹിം ഭരത് ഗതി തെഹി അനുഹാരീ. 2

രാമ് ബാസ് ബന് സമ്പതി ഭ്രാജാ
സുഖീ പ്രജാ ജനു പാഇ സുരാജാ,
സചിവ് ബിരാഗു ബിബേകു നരേസൂ
ബിപിന് സുഹാവന് പാവന് ദേസൂ. 3

ഭട് ജമ് നിയമ് സൈല് രജധാനീ
സാന്തി സുമതി സുചി സുന്ദര് രാനീ,

സകല് അംഗ് സമ്പന്ന് സുരാഊ
രാമ് ചരന് ആശ്രിത് ചിത് ചാഊ. 4

സേവകൻ (ഗുഹൻ) പറഞ്ഞതെല്ലാം തന്നെ സത്യമാണെന്ന് ഭരതൻ അറിഞ്ഞിരുന്നു. മുന്നോട്ടു ചെന്ന് അവൻ ആശ്രമത്തിന്നടുത്തെത്തി. വനത്തേയും പർവതനിരയേയും കണ്ട് ഭരതൻ, വിശന്നുവലഞ്ഞവന് സ്വാദിഷ്ടമായ ഭക്ഷണം ലഭിച്ചപോലെ സന്തോഷിച്ചു. അത്യാഹിതങ്ങളുടെ ഭയത്താലും, മൂന്നുവിധം താപങ്ങളാലും (ആധിഭൗധികം, ആധിദൈവികം, ആദ്ധ്യാത്മികം), ദുഷ്ടഗ്രഹങ്ങളാലും, മഹാമാരിയാലും പീഡിയ്ക്കപ്പെട്ട ജനങ്ങൾ നല്ല ഭരണവും സുഭിക്ഷവുമായ വേറൊരു രാജ്യത്തേയ്ക്ക് പോയി താമസിച്ച് സന്തോഷിയ്ക്കുന്നതുപോലെ ഭരതന്നും അതേവിധം മനോഭാവമുണ്ടായി. നല്ല രാജാവിനെ ലഭിച്ച് പ്രജകൾ സുഖമനുഭവിയ്ക്കുന്നതുപോലെ ശ്രീരാമൻ താമസം തുടങ്ങിയശേഷം വനസമ്പത്ത് വർദ്ധിച്ചു. മനോഹരമായ വനം പാവനമായ രാജ്യവും, വിവേകം അതിലെ രാജാവും, വൈരാഗ്യം അവന്റെ മന്ത്രിയുമായിരുന്നു. യമനിയമങ്ങൾ അവന്റെ സേനാധിപരും, ചിത്രകൂടപർവതം ആ രാജ്യത്തിന്റെ രാജധാനിയുമായിരുന്നു. ശാന്തിയും സദ്ബുദ്ധിയും, സദ്ഗുണസമ്പന്നരും സുന്ദരികളുമായ റാണിമാരായിരുന്നു. ഈവിധം നല്ല രാജാവ് സകല അംഗങ്ങളോടും സമ്പന്നനായി, ശ്രീരാമന്റെ പാദങ്ങളെ ആശ്രയിച്ചുകൊണ്ട് അവന്റെ ഹൃദയം ഉത്സാഹഭരിത മായിരുന്നു.

ദോ:

ജീതി മോഹ് മഹിപാലു ദല് സഹിത് ബിബേക് ഭുആലു,
കരത് അകംടക് രാജു പുര്ँ സുഖ് സമ്പദാ സുകാലു. (235)

മോഹമെന്ന രാജാവിനേയും കൂട്ടുകാരേയും ജയിച്ച്, വിവേകമെന്ന രാജാവ് സർവാധിപത്യത്തോടെ തന്റെ നഗരത്തിൽ ഭരിച്ചിരുന്നു. എങ്ങും സുഖവും, സമ്പത്തും, സുഭിക്ഷവും നിലകൊണ്ടിരുന്നു. (235)

ചൗ:

ബന് പ്രദേസ് മുനി ബാസ് ഘനേരേ
ജനു പുര് നഗര് ഗാഉँ ഗന് ഖേരേ,

ബിപുല് ബിചിത്ര് ബിഹഗ് മൃഗ് നാനാ
പ്രജാ സമാജു ന ജാഇ ബഖാനാ. 1

ഖഗഹാ കരി ഹരി ബാഘ് ബരാഹാ
ദേഖി മഹിഷ് വൃഷ് സാജു സരാഹാ,
ബയരു ബിഹാഇ ചരഹിം എക് സംഗാ
ജഹ്ँ തഹ്ँ മനഹു്ँ സേന് ചതുരംഗാ. 2

ഝരനാ ഝരഹിം മത്ത് ഗജ് ഗാജഹിം
മനഹു്ँ നിസാന് ബിബിധി ബിധി ബാജഹിം,
ചക് ചകോര് ചാതക് സുക് പിക് ഗന്
കൂജത് മംജു മരാല് മുദിത് മന്. 3

അലിഗന് ഗാവത് നാചത് മോരാ
ജനു സുരാജ് മംഗല് ചഹു ഓരാ,
ബേലി ബിടപ് തൃന് സഫല് സഫൂലാ
സബ് സമാജു മുദ് മംഗല് മൂലാ. 4

വനപ്രദേശങ്ങളിൽ അനവധി മുനിമാർ വസിച്ചിരുന്ന സ്ഥലങ്ങൾ പട്ടണങ്ങളും നഗരങ്ങളും, ഗ്രാമങ്ങളും, ചെറുഗ്രാമങ്ങളുമായിരുന്നു. പല നിറങ്ങളിലുള്ള അനവധി പക്ഷികളും, പലതരത്തിലുള്ള മൃഗങ്ങളും അവന്റെ (രാജാവ്) എണ്ണറ്റ പ്രജകളായിരുന്നു. മുയലുകളും, ആനകളും, സിംഹങ്ങളും, പുലികളും, കാട്ടുപന്നികളും, കാട്ടുപോത്തുകളും, കാളകളും ചേർന്ന് ആസ്വാദനീയമായൊരു ദൃഷ്ടിയായിരുന്നു. അവയുടെ പ്രാകൃതിക വൈരഭാവത്തെ വെടിഞ്ഞ് അവ ഒന്നുചേർന്ന് ചതുരംഗപ്പടയെപ്പോലെ ചുറ്റിനടന്നുകൊണ്ടിരുന്നു. കൊച്ചരുവികൾ സ്വച്ഛമായി ഒഴുകിക്കൊണ്ടിരുന്നു. മദയാനകൾ ബീരിയിട്ടുകൊണ്ടിരുന്നു. അവയുടെ ശബ്ദം പലവിധത്തിലുള്ള ദുംദുഭിമുഴക്കം പോലെയിരുന്നു. ചക്രവാകപ്പക്ഷികൾ, ചകോരപ്പക്ഷികൾ, ചാതകപ്പക്ഷികൾ, കിളികൾ, കുയിലുകൾ, അരയന്നങ്ങൾ ഇവയുടെ കോലാഹലമായ ശബ്ദങ്ങൾ മനസ്സിനെ സന്തോഷിപ്പിയ്ക്കുന്ന പാട്ടുകച്ചേരികൾ പോലെയിരുന്നു. തേൻവണ്ടു കളുടെ കൂട്ടങ്ങൾ മൂളിക്കൊണ്ടിരുന്നു. മയിലുകൾ നൃത്തം ചെയ്തു കൊണ്ടിരുന്നു. അത് സുഭിക്ഷമായ രാജ്യത്തിൽ മംഗളമയമായ ആനന്ദോത്സവം

നടന്നുകൊണ്ടിരിയ്ക്കുന്നപോലെയിരുന്നു. വള്ളികളും, വൃക്ഷങ്ങളും, പുല്ലുകളും, പുഷ്പങ്ങളെക്കൊണ്ടും ഫലങ്ങളെക്കൊണ്ടും സമൃദ്ധമായി, സമാജം മുഴുവൻ തന്നെ ശുഭവും ആനന്ദകരവുമായ ദൃശ്യത്തെ ദ്യോതിപ്പിച്ചുകൊണ്ടിരുന്നു.

ദോ:

രാമ് സൈല് സോഭാ നിരഖി ഭരത് ഹൃദയ്ँ അതി പേമു,
താപസ് തപ് ഫലു പാഇ ജിമി സുഖീ സിരാനേം നേമു. (236)

ഒരു താപസൻ തന്റെ നിയമനിഷ്ഠ പൂർണ്ണമായി തപോഫലത്തെ പ്രാപിച്ച് സുഖമനുഭവിയ്ക്കുന്നതുപോലെ, ശ്രീരാമന്റെ മലയെ (ചിത്രകൂടം) കണ്ട് ഭരതന്റെ ഹൃദയം അത്യന്തം പ്രേമഭാവത്താൽ നിറഞ്ഞൊഴുകി. (236)

ചൗ:

തബ് കേവട് ഊँചേം ചഢി ധാഈ
കഹെഉ ഭരത് സന് ഭുജാ ഉഠാഈ,
നാഥ് ദേഖിഅഹിം ബിടപ് ബിസാലാ
പാകരി ജംബു രസാല് തമാലാ. 1

ജിൻഹ് തരുബരൻഹ് മധ്യ് ബടു സോഹാ
മംജു ബിസാല് ദേഖി മനു മോഹാ,
നീല് സഘന് പല്ലവ് ഫല് ലാലാ
അബിരല് ഛാഹ്ँ സുഖദ് സബ് കാലാ. 2

മാനഹുँ തിമിര് അരുന്മയ് രാസീ
ബിരചീ ബിധി സँകേലി സുഷമാ സീ,
ഏ തരു സരിത് സമീപ് ഗൊസാँഈ
രഘുബര് പരന്കുടീ ജഹ്ँ ഛാഈ. 3

തുലസീ തരുബര് ബിബിധ് സുഹാഏ
കഹുँ കഹുँ സിയ്ँ കഹുँ ലഖന് ലഗാഏ.
ബട് ഛായാँ ബേദികാ ബനാഈ
സിയ്ँ നിജ് പാനി സരോജ് സുഹാഈ. 4

അപ്പോൾ നിഷാദരാജാവ് ഒരു ഉയർന്ന കുന്നിൻപുറത്തു ഓടിക്കയറി, തന്റെ കൈ ഉയർത്തി ഭരതനോട് വിളിച്ചു പറഞ്ഞു: “പ്രഭോ ആ വിശാലമായ അത്തിമരങ്ങളേയും, ജംബൂമരങ്ങളേയും, മാമരങ്ങളേയും, തമാലമരങ്ങളേയും നോക്കുവിൻ. ആ വലിയ വൃക്ഷങ്ങളുടെ നടുവിൽ ഒരു മനോഹരവും ഗംഭീരവുമായ വടവൃക്ഷം നില്ക്കുന്നു. അതിന്റെ ഇരുണ്ട് തിങ്ങിവളർന്ന തളിരിലകളും, ചുവന്ന പഴങ്ങളും, വിടവില്ലാത്ത തണലും നോക്കാൻ മനോഹരമായതാണ്. അത് എല്ലാ കാലങ്ങളിലും സുഖപ്രദ മാണ്. അത് ദൈവം അത്യന്തം മനോഹരമായ എല്ലാറ്റിനേയും ഒന്നുകൂട്ടി അതിന്ന് ഇരുണ്ടതും ഇളം ചുവപ്പു നിറവും കൊണ്ട വസ്തുവിന്റെ രൂപം കൊടുത്തപോലെയിരിയ്ക്കുന്നു. സ്വാമീ, ആ വൃക്ഷങ്ങൾ നദീതീരത്താണ്. അവിടെയാണ് രഘുവരൻ തന്റെ പർണ്ണശാല കെട്ടിയിരിയ്ക്കുന്നത്. അതിന്റെ മുൻഭാഗത്ത് സീതയും ലക്ഷ്മണനും വെച്ചു പിടിപ്പിച്ച പലതര ത്തിലുള്ള മനോഹരമായ തുളസിച്ചെടികളെ കാണാം. പേരാലിന്റെ തണലിൽ സീത തന്റെ സ്വന്തം കൈകളാൽ കെട്ടിയ മനോഹരമായ ഒരു വേദികയുണ്ട്.”

ദോ:

ജഹാ്ँ ബൈഠി മുനിഗന് സഹിത് നിത് സിയ് രാമു സുജാന്,
സുനഹിം കഥാ ഇതിഹാസ് സബ് ആഗമ് നിഗമ് പുരാന്. (237)

“അതിന്റെ മേലിരുന്നുകൊണ്ട് ജ്ഞാനികളായ സീതയും രാമനും മുനിമാ രോടുകൂടി ആഗമങ്ങളിൽനിന്നും, വേദങ്ങളിൽനിന്നും, പുരാണങ്ങളിൽ നിന്നും എല്ലാ വിധ കഥകളും, ഇതിഹാസങ്ങളും ദിനവും കേൾക്കുന്നു.” (237)

ചൗ:

സഖാ ബചന് സുനി ബിടപ് നിഹാരീ
ഉമഗേ ഭരത് ബിലോചന് ബാരീ,
കരത് പ്രനാമ് ചലേ ദൊഉ ഭാഈ
കഹത് പ്രീതി സാരദ് സകുചാഈ. 1

ഹരഷഹിം നിരഖി രാമ് പദ് അംകാ
മാനഹു്ँ പാരസു പായഉ രംകാ,

രജ് സിര് ധരി ഹിയ്ँ നയനൻഹി ലാവഹിം
രഘുബര് മിലന് സരിസ് സുഖ് പാവഹിം. 2

ദേഖി ഭരത് ഗതി അകഥ് അതീവാ
പ്രേമ് മഗന് മൃഗ് ഖഗ് ജഡ് ജീവാ,
സഖഹി സനേഹ് ബിബസ് മഗ് ഭൂലാ
കഹി സുപംഥ് സുര് ബര്ഷഹിം ഫൂലാ. 3

നിരഖി സിദ്ധ് സാധക് അനുരാഗേ
സഹജ് സനേഹു സരാഹന് ലാഗേ,
ഹോത് ന ഭൂതല് ഭാഉ ഭരത് കോ
അചര് സചര് ചര് അചര് കരത് കോ. 4

സഖാവിന്റെ വാക്കുകൾ കേട്ട് മരങ്ങളെ കണ്ടതും അവന്റെ കണ്ണുകൾ നിറഞ്ഞു. രണ്ടു സഹോദരന്മാരും വന്ദിച്ചുകൊണ്ട് മുന്നോട്ട് ചെന്നു. (ശ്രീരാമനോട്) അവരുടെ സ്നേഹത്തെ വർണ്ണിയ്ക്കാനാവാതെ ശാരദ സങ്കോചപ്പെട്ടു. അവർ ശ്രീരാമന്റെ കാല്പാടുകളെ കണ്ട് ദരിദ്രന്ന് പാരസമണി കിട്ടിയപോലെ സന്തോഷിച്ചു. (ശ്രീരാമന്റെ പാദ)ധൂളിയെ തലയിലും ഹൃദയഭാഗത്തും തൊട്ട് അതിനെ കണ്ണുകളിൽ ഇട്ട് രഘുവരനെ കണ്ടാലുണ്ടാവുന്ന പോലെ ആനന്ദമനുഭവിച്ചു. ഭരതന്റെ അത്യന്തം അവർണ്ണനീയമായ ദശയെ കണ്ട് മൃഗങ്ങളും പക്ഷികളും, സ്ഥാവരങ്ങളും (മരങ്ങൾ മുതലായവ) കൂടി പ്രേമമഗ്നരായി. പ്രേമവിവശ നായ ഭരതന്റെ സഖാവ് (ഗുഹൻ) വഴി മറന്നു. പക്ഷേ ദേവന്മാർ വഴി കാണിച്ചുകൊടുത്ത് പുഷ്പവർഷം ചെയ്തു. സിദ്ധന്മാരും സാധകന്മാരും അവനെ കണ്ടതും പ്രേമഭരിതരായി, അവന്റെ സഹജമായ സ്നേഹത്തെ പ്രശംസിയ്ക്കാൻ തുടങ്ങി. ഭരതൻ ഭൂമിയിൽ ജനിച്ചിരുന്നില്ലെങ്കിൽ, ചരത്തെ അചരജീവങ്ങളായും, അചരത്തെ ചരജീവങ്ങളായും മാറ്റാൻ ആവില്ലായിരുന്നു.

ദോ:

പേമ് അമിഅ മംദരു ബിരഹു ഭരതു പയോധി ഗँഭീര്,
മഥി പ്രഗടെഉ സുര് സാധു ഹിത് കൃപാസിന്ധു രഘുബീര്. (238)

ദേവന്മാർക്കും സാധുക്കൾക്കും വേണ്ടി കൃപാസിന്ധുവായ രഘുവീരൻ ഭരതനെന്ന അഗാധമായ പാൽക്കടലിനെ കടഞ്ഞ് പ്രേമമെന്ന അമൃതത്തെ എടുത്തു. അവനിൽനിന്നുമുള്ള വിരഹം മന്ദരപർവതമായിരുന്നു.
(238)

ചൗ:

സഖാ സമേത് മനോഹര് ജോടാ
ലഖെഉ ന ലഖന് സഘന് ബന് ഓടാ,
ഭരത് ദീഖ് പ്രഭു ആശ്രമു പാവന്
സകല് സുമംഗല് സദനു സുഹാവന്. 1

കരത് പ്രബേസ് മിടേ ദുഖ് ദാവാ
ജനു ജോഗീം പരമാരഥു പാവാ,
ദേഖേ ഭരത് ലഖന് പ്രഭു ആഗേ
പൂँഛേ ബചന് കഹത് അനുരാഗേ. 2

സീസ് ജടാ കടി മുനി പട് ബാँധേം
തൂന് കസേം കര് സരു ധനു കാँധേം,
ബേദീ പര് മുനി സാധു സമാജൂ
സീയ് സഹിത് രാജത് രഘുരാജൂ. 3

ബല്കല് ബസന് ജടില് തനു സ്യമാ
ജനു മുനി ബേഷ് കീൻഹ് രതി കാമാ,
കര് കമലിനി ധനു സായകു ഫേരത്
ജിയ് കീ ജരനി ഹരത് ഹँസി ഹേരത്. 4

സുന്ദരരായ രണ്ടു സഹോദരന്മാരേയും അവരുടെ സഖാവിനേയും ലക്ഷ്മണന്ന് കാണാൻ കഴിഞ്ഞില്ല. അവർക്കിടയിൽ തിങ്ങിയ വനമുണ്ടായിരുന്നു. പക്ഷേ ഭരതൻ തന്റെ പ്രഭുവിന്റെ പാവനവും മനോഹരവു മായ, എല്ലാവിധ മംഗളങ്ങളുടേയും നിവാസസ്ഥലമായിരുന്ന ആശ്രമത്തെ കണ്ടു. അതിന്നുള്ളിൽ പ്രവേശിച്ചതും അവന്റെ ദു:ഖവും വേദനയും മറഞ്ഞുപോയി. അത് ഒരു യോഗി പരമാർത്ഥത്തെ പ്രാപിച്ച പോലെയിരുന്നു. ഭരതൻ ലക്ഷ്മണനെ പ്രഭുവിന്റെ മുമ്പിൽ നിന്നുകൊണ്ട്

അവന്റെ ചോദ്യങ്ങൾക്ക് സ്നേഹത്തോടെ മറുപടി പറഞ്ഞുകൊണ്ടിരിയ്ക്കുന്നതായി കണ്ടു. അവൻ ശിരസ്സിൽ ജടയും അരയിൽ മുനിമാരുടെ വസ്ത്രവും ധരിച്ചിരുന്നു. പുറമെ അവന്റെ അരക്കെട്ടിൽ ഒരു ശരക്കൂട് കെട്ടിയിരുന്നു. കയ്യിൽ ഒരു ശരവും തോളിൽ വില്ലും ധരിച്ചിരുന്നു. വേദിയിൽ മുനിമാരുടേയും സാധുക്കളുടേയും നടുവിൽ വല്ക്കലവും ജടയും ധരിച്ച് ശ്യാമവർണ്ണനായ രഘുരാമൻ സീതയോടുകൂടി ശോഭിച്ചുകൊണ്ടിരുന്നു. അത് രതിയും കാമദേവനും മുനിവേഷമണിഞ്ഞ് വന്ന പോലെയിരുന്നു. അവൻ തന്റെ കരകമലങ്ങളിൽ തന്റെ വില്ലിനേയും ശരത്തേയും ചുറ്റിക്കൊണ്ടിരുന്നു. അവൻ തന്റെ മന്ദഹാസത്താൽ ഒരുവന്റെ മനസ്സിലെ എരിച്ചലിനെ ശമിപ്പിയ്ക്കുമായിരുന്നു.

ദോ:

ലസത് മംജു മുനി മണ്ഡലീ മധ്യ് സീയ് രഘുചന്ദു,
ഗ്യാന് സഭാ ജനു തനു ധരേം ഭഗതി സച്ചിദാനന്ദു. (239)

ഒരു മനോഹരമായ മുനിമാരുടെ വലയത്തിന്റെ നടുവിൽ സീതയും രഘുകുലചന്ദ്രനും, ജ്ഞാനസഭയിൽ ഭക്തിയും സച്ചിദാനന്ദവും രൂപമെടുത്താലെന്നപോലെ വിലസിച്ചുകൊണ്ടിരുന്നു. (239)

ചൗ:

സാനുജ് സഖാ സമേത് മഗന് മന്
ബിസരേ ഹരഷ് സോക് സുഖ് ദുഖ് ഗന്,
പാഹി നാഥ് കഹി പാഹി ഗോസാഈ
ഭൂതല് പരേ ലകുട് കീ നാഈ. 1

ബചന് സപേമ് ലഖന് പഹിചാനേ
കരത് പ്രനാമു ഭരത് ജിയ് ജാനേ,
ബന്ധു സനേഹ് സരസ് എഹി ഓരാ
ഉത് സാഹിബ് സേവാ ബസ് ജോരാ. 2

മിലി ന ജാഇ നഹിം ഗുദരത് ബനഈ
സുകബി ലഖന് മന് കീ ഗതി ഭനഈ,

രഹേ രാഖി സേവാ പര് ഭാരൂ
ചഢീ ചംഗ് ജനു ഖൈംച് ഖെലാരൂ. 3

കഹത് സപ്രേമ് നാഇ മഹി മാഥാ
ഭരത് പ്രനാമ് കരത് രഘുനാഥാ,
ഉഠേ രാമു സുനി പേമ് അധീരാ
കഹു് പട് കഹു് നിഷംഗ് ധനു തീരാ. 4

അനുജനോടും സഖാവോടും കൂടി ഭരതൻ അത്രയ്ക്കും ആനന്ദഭരിതരായി, അവർ ഹർഷശോകങ്ങളേയും, സുഖദു:ഖങ്ങളേയും മറന്നു. "നാഥ, രക്ഷിച്ചാലും, സ്വാമീ രക്ഷിച്ചാലും" എന്ന് പറഞ്ഞുകൊണ്ട് അവൻ മരത്തടിപോലെ നിലത്തു വീണു. അവന്റെ പ്രേമമയമായ സംസാരത്തെ ലക്ഷ്മണൻ തിരിച്ചറിഞ്ഞ് തന്റെ മനസ്സിൽ അത് ഭരതൻ പ്രണാമം ചെയ്യുകയാണെന്ന് മനസ്സിലാക്കി. ഒരു പുറം തന്റെ ജ്യേഷ്ഠനോടുള്ള (ഭരതൻ) മികച്ച സ്നേഹവും, മറുപുറത്ത് തന്റെ സ്വാമിയോടുള്ള ശക്തമായ സേവനകർത്തവ്യബോധവും ഉണ്ടായിരുന്നു. അതിനാൽ അവന്ന് തന്റെ ജ്യേഷ്ഠനെ സ്വീകരിയ്ക്കുവാനോ, അവഗണിയ്ക്കുവാനോ കഴിഞ്ഞില്ല. നല്ലൊരു കവിയ്ക്കു മാത്രമേ ലക്ഷ്മണന്റെ മനസ്ഥിതി വർണ്ണിയ്ക്കാൻ കഴിയുള്ളൂ. പട്ടം പറപ്പിയ്ക്കുന്നവൻ ആകാശത്ത് ഉയർന്നു പറക്കുന്ന പട്ടത്തിനെ വലിച്ചിഴുക്കുന്നപോലെ അവൻ ഭാരത്തെ മുഴുവൻ സേവനത്തിന്റെ ഭാഗത്ത് ഇട്ട് നിന്നിരുന്ന സ്ഥലത്തുതന്നെ നിന്നു. തലയെ നിലംതൊട്ട് വണങ്ങിക്കൊണ്ട് അവൻ സ്നേഹത്തോടെ പറഞ്ഞു: "രഘുനാഥ, ഭരതൻ അങ്ങയെ നമസ്കരിയ്ക്കുന്നു." അതു കേട്ടതും പ്രേമ പരവശനായി ശ്രീരാമൻ തന്റെ വസ്ത്രം ഒരു പുറവും, വില്ലും ശരവും മറ്റൊരുപുറവും പറന്നുകൊണ്ട് പെട്ടെന്ന് എഴുന്നേറ്റു.

ദോ:
ബര്ബസ് ലിഏ ഉഠാഇ ഉര് ലാഏ കൃപാനിധാന്,
ഭരത് രാമ് കീ മിലനി ലഖി ബിസരേ സബ്ഹി അപാന്. (240)

കൃപാനിധിയായ പ്രഭു ശക്തിയായി ഭരതനെ തൂക്കിയെടുത്ത് തന്റെ മാറോടണച്ചു. ഭരതന്റേയും ശ്രീരാമന്റേയും ഈ കൂടി ക്കാഴ്ചയെ കണ്ടവരെല്ലാവരും തങ്ങളുടെ സ്വബോധത്തെ നഷ്ടപ്പെട്ടു. (240)

ചൗ:

മിലനി പ്രീതി കിമി ജാഇ ബഖാനീ
കബികുല് അഗമ് കരമ് മന് ബാനീ,
പരമ് പേമ് പൂരത് ദൊഉ ഭാഈ
മന് ബുധി ചിത് അഹമിതി ബിസരാഈ. 1

കഹഹു സുപേമ് പ്രഗട് കോ കരഈ
കെഹി ഛായാ കബി മതി അനുസരഈ,
കബിഹി അരഥ് ആഖര് ബലു സാँചാ
അനുഹരി താല് ഗതിഹി നടു നാചാ. 2

അഗമ് സനേഹ് ഭരത് രഘുബര് കോ
ജഹँ ന ജാഇ മനു ബിധി ഹരി ഹര് കോ,
സോ മൈം കുമതി കഹൗം കെഹി ഭാँതീ
ബാജ് സുരാഗ് കി ഗാँഡര് താँതീ. 3

മിലനി ബിലോകി ഭരത് രഘുബര് കീ
സുരഗന് സഭയ് ധക്ധകീ ധരകീ,
സമുഝാഏ സുരഗുരു ജഡ് ജാഗേ
ബരഷി പ്രസൂന് പ്രസംസന് ലാഗേ. 4

ആ സ്നേഹം നിറഞ്ഞ കൂടിക്കാഴ്ച്ചയെ എങ്ങനെ വർണ്ണിയ്ക്കാനാണ്? അത് കവികുലത്തിന്ന് മനസാ വാചാ കർമ്മണാ അടുക്കാനാവാത്തതാണ്. രണ്ടു സഹോദരന്മാരും പരമപ്രേമരസംകൊണ്ട് നിറഞ്ഞുവഴിഞ്ഞു കൊണ്ടിരുന്നു. അവരുടെ മനസ്സും, ബുദ്ധിയും, ചിത്തവും, അഹംഭാവവും എല്ലാം തന്നെ നഷ്ടമായി. അത്രയും വിശഷ്ടമായ പ്രേമത്തെ ആർക്കാണ് ചിത്രീകരിയ്ക്കാനാവുക, പറയൂ? എന്തു ഛായ കൊണ്ടാണ് കവിയുടെ മനസ്സിന്ന് അതിനെ അനുസരിയ്ക്കുവാനാവുക? കവിയുടെ മുഴുവൻ ശക്തിയും പ്രതിപാദ്യവിഷയത്തേയും, അവൻ ഉപയോഗിയ്ക്കുന്ന ഭാവ

ശൈലിയേയും അനുസരിച്ചിരിയ്ക്കും. ഒരു നർത്തകൻ തന്റെ ശരീരത്തിന്റെ ചലനങ്ങളെ താളത്തേയും സംഗീതത്തേയും അനുസരിച്ച് ക്രമീകരിയ്ക്കും. ഭരതന്റേയും രഘുവരന്റേയും പ്രേമം ബ്രഹ്മവിഷ്ണുമഹേശന്മാർക്കുപോലും അടുക്കാനാവാത്തതാണ്. പിന്നെ മന്ദമതിയായ എനിയ്ക്കെങ്ങനെയാണ തിനെ വർണ്ണിപ്പാനാവുക? 'ഗാഡരം' എന്ന ഒരുവിധം പുല്ലിനെ സംഗീതോപകരണത്തിൽ തന്ത്രിയായി കെട്ടിയാൽ അതിൽനിന്നും നല്ല സംഗീതം ഉണ്ടാവാനാകുമോ? ഭരതന്റേയും രഘുവരന്റേയും കൂടിക്കാഴ്ച്ച യെ കണ്ട് ദേവന്മാർ ഭീതിയടഞ്ഞ് അവരുടെ ഹൃദയം തുടിയ്ക്കാൻ തുടങ്ങി. ജഡബുദ്ധികളായ അവർക്ക് തങ്ങളുടെ ഗുരു(ബൃഹസ്പതി)വിന്റെ ഉപദേശം കേട്ട ശേഷം മാത്രമേ ബുദ്ധി തെളിഞ്ഞുള്ളൂ. അപ്പോൾ അവർ പുഷ്പവർഷം ചെയ്തുകൊണ്ട് അവരെ പ്രശംസിയ്ക്കാൻ തുടങ്ങി.

ദോ:

മിലി സപേമ് രിപുസൂദന്ഹി കേവടു ഭേടൈഉ രാമ്,
ഭൂരി ഭായ്ঁ ഭേംടേ ഭരത് ലഛിമന് കരത് പ്രനാമ്. **(241)**

ശത്രുഘ്നനെ സ്നേഹപൂർവം മാറോടണച്ച ശേഷം ശ്രീരാമൻ നിഷാദ രാജനെ കണ്ടുമുട്ടി. പിന്നെ ഭരതൻ തന്നെ നമസ്കരിച്ച ലക്ഷ്മണനെ അത്യന്തം സ്നേഹത്തോടെ മാറോടണച്ചു. (241)

ചൗ:

ഭേംടെഉ ലഖന് ലലകി ലഘുഭാഈ
ബഹുരി നിഷാദു ലീൻഹ് ഉര് ലാഈ,
പുനി മുനിഗന് ദുഹുঁ ഭാഇൻഹ് ബന്ദേ
അഭിമത് ആസിഷ് പാഇ അനന്ദേ. **1**

സാനുജ് ഭരത് ഉമഗി അനുരാഗാ
ധരി സിര് സിയ് പദ് പദുമ പരാഗാ,
പുനി പുനി കരത് പ്രനാമ് ഉഠാഏ
സിര് കര് കമല് പരസി ബൈഠാഏ. **2**

സീയ്ঁ അസീസ് ദീൻഹി മന് മാഹീം
മഗന് സനേഹ്ঁ ദേഹ് സുധി നാഹീം,

സബ് ബിധി സാനുകൂല് ലഖി സീതാ
ഭേ നിസോച് ഉര് അപ്ഡര് ബീതാ. 3

കൊഉ കിഛു കഹഇ ന കൊഉ കിഛു പൂ്ഛാ
പ്രേമ് ഭരാ മന് നിജ് ഗതി ഛൂ്ഛാ,
തെഹി അവസര് കേവടു ധീരജു ധരി
ജോരി പാനി ബിനവത് പ്രനാമു കരി. 4

പിന്നെ ലക്ഷ്മണൻ തന്റെ അനുജൻ ശത്രുഘ്നനെ ആതുരതയോടെ മാറോടണച്ച് അടുത്തതായി നിഷാദരാജനെ കണ്ട് മാറോടണച്ചു. പിന്നെ രണ്ടു സഹോദരന്മാരും (ഭരതനും ശത്രുഘ്നനും) മുനിസമാജത്തെ വന്ദിച്ച് അവർക്കിഷ്ടമുള്ള ആശിസ്സുകളെ അവരിൽനിന്നും ലഭിച്ച് ആനന്ദിച്ചു. ഭരതനും അനുജനും സീതയുടെ പാദകമലങ്ങളിലെ ധൂളികളെ തലയിൽ തടവിക്കൊണ്ട് അവളെ വീണ്ടും വീണ്ടും നമസ്കരിച്ചു. ഓരോരിക്കലും അവൾ അവരെ തൂക്കിയെഴുന്നേല്പിച്ച് തന്റെ കരകമലങ്ങളാൽ അവരുടെ തലയെ തടവിക്കൊണ്ട് ഇരുത്തി. സീത അവരെ തന്റെ ഹൃദയത്തിൽ ആനുഗ്രഹിച്ചു. അവൾ അത്രയ്ക്കും സ്നേഹവശംവദയായിരുന്നു, അവൾ തന്റെ ശരീരബോധത്തെ കൂടി നഷ്ടപ്പെട്ടു. സീത എല്ലാവിധത്തിലും തങ്ങൾക്കനുകൂലമാണെന്നു കണ്ട് അവർ നിശ്ചിന്തരായി; അവർ മനസ്സിൽ ഭാവിച്ചിരുന്ന ഭീതി മറഞ്ഞു. ആരും ഒന്നും പറഞ്ഞില്ല. ആരും ഒന്നും ചോദിച്ചില്ല. മനസ്സിൽ അത്രയ്ക്കും പ്രേമം നിറഞ്ഞിരുന്നു, അത് പ്രവർത്തന രഹിതമായി. ഉടനെ നിഷാദരാജാവ് സ്വയം ഉണർന്ന് തലവണങ്ങി, കൈകൾ കൂപ്പിക്കൊണ്ട്, വിനീതമായി പറഞ്ഞു.

ദോ:
നാഥ് സാഥ് മുനിനാഥ് കേ മാതു സകല് പുര് ലോഗ്.
സേവക് സേനപ് സചിവ് സബ് ആഏ ബികല് ബിയോഗ്. (242)

“സ്വാമീ, അങ്ങയിൽനിന്നുമുള്ള വിരഹം കാരണം, അങ്ങയുടെ എല്ലാ അമ്മമാരും, നഗരജനങ്ങളും, സേവകന്മാരും, സേനാനികളും, മന്ത്രിമാരും എല്ലാവരും മുനീശ്വര(വസിഷ്ഠ)ന്റെ കൂടെ വന്നിട്ടുണ്ട്.” (242)

ചൗ:

സീല്സിന്ധു സുനി ഗുര് ആഗവനു
സിയ് സമീപ് രാഖേ രിപുദവനു,
ചലേ സബേഗ് രാമു തെഹി കാലാ
ധീര് ധരമ് ധുര് ദീനദയാലാ. 1

ഗുര്ഹി ദേഖി സാനുജ് അനുരാഗേ
ദണ്ഡ് പ്രനാമ് കരന് പ്രഭു ലാഗേ,
മുനിബര് ധാഇ ലിഏ ഉര് ലാഇൗ
പ്രേമ് ഉമഗി ഭേംടേ ദൊഉ ഭാഇൗ. 2

പ്രേമ് പുലകി കേവട് കഹി നാമൂ
കീൻഹ് ദൂരി തേം ദണ്ഡ് പ്രനാമൂ,
രാമ്സഖാ രിഷി ബര്ബസ് ഭേംടാ
ജനു മഹി ലുഠത് സനേഹ് സമേടാ. 3

രഘുപതി ഭഗതി സുമംഗല് മൂലാ
നഭ് സരാഹി സുര് ബരിസഹിം ഫൂലാ,
എഹി സമ് നിപട് നീച് കൊഉ നാഹീം
ബഡ് ബസിഷ്ഠ് സമ് കോ ജഗ് മാഹീം. 4

സൗഹൃദത്തിന്റെ സമുദ്രമായ ശ്രീരാമൻ തന്റെ ഗുരു വന്നിട്ടുണ്ടെ ന്നറിഞ്ഞ് ശത്രുഘ്നനെ സീതയുടെ പക്കൽ ഇരുത്തി, ധർമ്മധുരന്ധരനായ ദീനദയാളൻ ഉടനെ വേഗം പുറപ്പെട്ടു. ഗുരുവിനെ കണ്ടതും പ്രഭുവും അനുജനും പ്രേമഭരിതരായി, ദണ്ഡനമസ്കാരം ചെയ്തു. പക്ഷേ, മുനിവരൻ ഓടിച്ചെന്ന് അവരെ തന്റെ മാറോടണച്ച് സ്നേഹം വഴിഞ്ഞൊ ഴുകുന്ന ഹൃദയത്തോടെ സ്വീകരിച്ചു. പ്രേമംകൊണ്ട് പുളകിതഗാത്രനായ നിഷാദരാജൻ തന്റെ പേരു പറഞ്ഞുകൊണ്ട് ദൂരെ നിന്നുകൊണ്ടുതന്നെ ദണ്ഡനമസ്കാരം ചെയ്തു. പക്ഷേ, ഋഷി അവനെ രാമന്റെ സഖാവാണെ ന്നറിഞ്ഞ് നിർബന്ധമായി മാറോടണച്ചു. അത് നിലത്ത് ഇറങ്ങുകിടന്ന സ്നേഹത്തെ കൂട്ടിയെടുത്തപോലെയിരുന്നു. “രഘുപതിയിങ്കൽ ഭക്തി എല്ലാ മംഗളങ്ങളുടേയും മൂലമാണ്.” എന്ന് പ്രശംസിച്ചുകൊണ്ട് ദേവന്മാർ

ആകാശത്തിൽനിന്നും പുഷ്പവർഷം ചെയ്തു. “ഇവനെപ്പോലെ ഇത്രയും നീചനായി വേറെയാരും തന്നെയില്ല. പിന്നെ വസിഷ്ഠനെ പ്പോലെ ഇത്രയും ശ്രേഷ്ഠനായി ഈ ലോകത്തിൽ വേറെയാരുണ്ട്?”

ദോ:

ജെഹി ലഖി ലഖന്ഹു തേം അധിക് മിലേ മുദിത് മുനിരാഉ,
സോ സീതാപതി ഭജന് കോ പ്രഗട് പ്രതാപ് പ്രഭാഉ. (243)

“എന്നിട്ടും അവനെ (ഗുഹനെ) കണ്ടതും മുനിവരൻ ലക്ഷ്മണനോടുള്ള തിനെക്കാളും സന്തോഷത്തോടെ അവനെ പുണർന്നു. അത് സീതാപതി യെ ഭജിയ്ക്കുന്നതിന്റെ സ്പഷ്ടമായ പ്രതാപത്തേയും പ്രഭാവത്തേയും പ്രകടിപ്പിയ്ക്കുന്നതായിരുന്നു.” (243)

ചൗ:

ആരത് ലോഗ് രാമ് സബു ജാനാ
കരുനാകര് സുജാന് ഭഗവാനാ,
ജോ ജെഹി ഭായ്ँ രഹാ അഭിലാഷീ
തെഹി തെഹി കൈ തസി തസി രുഖ് രാഖീ. 1

സാനുജ് മിലി പല് മഹുँ സബ് കാഹൂ
കീൻഹ് ദൂരി ദുഖു ദാരുന് ദാഹൂ,
യഹ് ബഡി ബാത് രാമ് കൈ നാഹീം
ജിമി ഘട് കോടി ഏക് രബി ഛാഹീം. 2

മിലി കേവട്ഹി ഉമഗി അനുരാഗാ
പുരജന് സകല് സരാഹഹിം ഭാഗാ,
ദേഖീം രാമ് ദുഖിത് മഹതാരീം
ജനു സുബേലി അവലീം ഹിമ് മാരീം. 3

പ്രഥമ് രാമ് ഭേംടീ കൈകേഈ
സരല് സുഭായ്ँ ഭഗതി മതി ഭേഈ,
പഗ് പരി കീൻഹ് പ്രബോധു ബഹോരീ
കാല് കരമ് ബിധി സിര് ധരി ഖോരീ. 4

കരുണാകരനും, സർവജ്ഞനുമായ പ്രഭു എല്ലാ ജനങ്ങളേയും അസ്വസ്ഥരായി കണ്ടു. അതിനാൽ, ഓരോരുത്തരും അവരവരുടെ മനസ്സിൽ എങ്ങനെ ഇച്ഛിച്ചിരുന്നുവോ, അതേ മാതിരി അവനും അനുജനും എല്ലാവരേയും ക്ഷണനേരത്തിൽ ഒരേസമയത്ത് കണ്ട് അവരുടെ ദു:ഖത്തേയും തീവ്രമായ വേദനയേയും നിവർത്തിച്ചു. കോടിക്കണക്കിൽ (വെള്ളം നിറച്ച) കുടങ്ങളിൽ സൂര്യന്റെ പ്രതിബിംബം ഒരേ സമയത്ത് കാണുന്നതുപോലെ, രാമന്ന് ഇത് വലിയൊരു കാര്യമായിരുന്നില്ല. എല്ലാ പ്രജകളും നിഷാദരാജനെ സ്നേഹം നിറഞ്ഞുവഴിയുന്ന ഹൃദയത്തോടെ കണ്ട് അവന്റെ സൗഭാഗ്യത്തെ പ്രശംസിച്ചു. ശ്രീരാമൻ തന്റെ അമ്മമാരെയെല്ലാം, മഞ്ഞിനാൽ വാട്ടപ്പെട്ട തളിർവള്ളികളുടെ നിരയെപ്പോലെ ദു:ഖിതരായി കണ്ടു. ആദ്യം അവൻ കൈകേയിയെ ചെന്നു കണ്ടു. തന്റെ സഹജമായ സ്വഭാവവും ഭക്തിയും കൊണ്ട് അവളുടെ മനസ്സിനെ ശാന്തമാക്കി. അവൻ അവളുടെ പാദങ്ങളിൽ വീണ്, കാലവും, കർമ്മവും, വിധിയുമാണ് എല്ലാ അനിഷ്ടങ്ങൾക്കും കാരണമെന്ന് ബോധിപ്പിച്ച് അവളെ സമാധാനിപ്പിച്ചു.

ദോ:

ഭേംടീം രഘുബർ മാതു സബ് കരി പ്രബോധു പരിതോഷു,
അംബ ഈസ് അധീന് ജഗു കാഹു ന ദേഇഅ ദോഷു. (244)

പിന്നെ രഘുവരൻ മറ്റെല്ലാ അമ്മമാരേയും കണ്ട്, “അമ്മേ, ലോകം ദൈവാധീനത്തിലാണ്. അതിനാൽ ആരേയും കുറ്റപ്പെടുത്തരുത്“ എന്ന് ബോദ്ധ്യപ്പെടുത്തി സമാധാനിപ്പിച്ചു. (244)

ചൗ:

ഗുർതിയ് പദ് ബന്ദേ ദുഹു ഭാഈ
സഹിത് ബിപ്രതിയ് ജേ സംഗ് ആഈ,
ഗംഗ് ഗൗരി സമ് സബ് സന്മാനീം
ദേഹിം അസീസ് മുദിത് മൃദു ബാനീം. 1

ഗഹി പദ് ലഗേ സുമിത്രാ അംകാ
ജനു ഭേംടീ സംപതി അതി രംകാ,

പുനി ജനനീ ചരന്നി ദൊഉ ഭ്രാതാ
പരേ പേമ് ബ്യാകുല് സബ് ഗാതാ. 2

അതി അനുരാഗ് അംബ ഉര് ലാഏ
നയന് സനേഹ് സലില് അൻഹവാഏ,
തെഹി അവസര് കര് ഹരഷ് ബിഷാദൂ
കിമി കബി കഹൈ മൂക് ജിമി സ്വാദൂ. 3

മിലി ജനനിഹി സാനുജ് രഘുരാഊ
ഗുര് സന് കഹെഉ കി ധാരിഅ പാഊ,
പുരജന് പാഇ മുനീസ് നിയോഗൂ
ജല് ഥല് തകി തകി ഉതരെഉ ലോഗൂ. 4

രണ്ടു സഹോദരന്മാരും പിന്നെ അവരുടെ ഗുരുപത്നയുടേയും (അരുന്ധതി) അവളുടെ കൂടെ വന്നിരുന്ന മറ്റെല്ലാ ബ്രാഹ്മണപത്നിമാരുടേയും പാദങ്ങളെ വന്ദിച്ച് അവരെ ഗംഗയ്ക്കും ഗൗരിയ്ക്കും (പാർവതി) സമമായി ബഹുമാനിച്ചു. സ്ത്രീകളും അവരെ മൃദുവായ വാക്കുകളിൽ ആശീർവദിച്ചു. അതിദരിദ്രനായ ഒരുവൻ സമ്പത്തിനെ കെട്ടിപ്പിടിയ്ക്കും പോലെ, അവർ സുമിത്രയുടെ പാദങ്ങളെ കെട്ടിപ്പിടിച്ചശേഷം, അവളുടെ മടിയിൽ ഇരുന്നു. പിന്നെ രണ്ടു സഹോദരന്മാരും അവരുടെ ശരീരം മുഴുവൻ പ്രേമവിവശമായി, അമ്മ കൗസല്യയുടെ പാദങ്ങളിൽ വീണു. അമ്മ അവരെ തന്റെ മാറോടണച്ച് പ്രേമാശ്രുക്കളാൽ കുളിപ്പിച്ചു. ഒരു ഊമയ്ക്ക് എങ്ങനെ താൻ ഭക്ഷിച്ച ആഹാരത്തിന്റെ രുചിയെ പറയാനാവില്ലയോ, അതുപോലെ ഒരു കവിയ്ക്ക് ആ അവസരത്തിലെ സന്തോഷത്തേയും സന്താപത്തേയും എങ്ങനെയാണ് വർണ്ണിയ്ക്കാനാവുക? അമ്മയെ കണ്ട ശേഷം രഘുരാമൻ തന്റെ ഗുരുവിനെ തങ്ങളെ അനുഗമിയ്ക്കുവാൻ അപേക്ഷിച്ചു. മുനിവരന്റെ നിയോഗപ്രകാരം പുരജനങ്ങൾ എവിടെയെല്ലാം സൗകര്യമായ സ്ഥലവും ജലവും കണ്ടുകിട്ടിയോ അവിടെയെല്ലാം താവളമടിച്ചു.

ദോ:

മഹിസുര് മന്ത്രി മാതു ഗുര് ഗനേ ലോഗ് ലിഏ സാഥ്,
പാവന് ആശ്രമ് ഗവനു കിയ് ഭരത് ലഖന് രഘുനാഥ്. (245)

അവരുടെ കൂടെ കുറെ തിരഞ്ഞെടുക്കപ്പെട്ടവരെ, അതായത് ബ്രാഹ്മണരും, മന്ത്രിമാരും, റാണിമാരും, ഗുരുവും, ഭരതനും, ലക്ഷ്മണനും, രഘുനാഥനും, പാവനമായ ആശ്രമത്തിലേയ്ക്ക് പോയി. (245)

ചൗ:

സീയ് ആഇ മുനിബര് പഗ് ലാഗീ
ഉചിത് അസീസ് ലഹീ മന് മാഗീ,
ഗുര്പതിനിഹി മുനിതിയൻഹ് സമേതാ
മിലീ പേമു കഹി ജാഇ ന ജേതാ. 1

ബന്ദി ബന്ദി പഗ് സിയ് സബ്ഹീകേ
ആസിര്ബചന് ലഹേ പ്രിയ് ജീ കേ,
സാസു സകല് ജബ് സീയ്ँ നിഹാരീം
മൂദേ നയന് സഹമി സുകുമാരീം. 2

പരീം ബധിക് ബസ് മനഹുँ മരാലീം
കാഹ് കീൻഹ് കര്താര് കുച:ലീം,
തിൻഹ് സിയ് നിരഖി നിപട് ദുഖു പാവാ
സോ സബ് സഹിഅ ജൊ ദൈഉ സഹാവാ. 3

ജനകസുതാ തബ് ഉര് ധരി ധീരാ
നീല് നലിന് ലോയന് ഭരി നീരാ,
മിലീ സകല് സാസുൻഹ് സിയ് ജാഇൗ
തെഹി അവസര് കരുനാ മഹി ഛാഇൗ. 4

സീത വന്ന് മുനിവരന്റെ (വസിഷ്ഠൻ) പാദങ്ങളിൽവീണു. അവൾ മനസ്സിൽ ഇച്ഛിച്ച ആശിസ്സുകളെ ലഭിച്ചു. ഗുരുപത്നിയേയും (അരുന്ധതി) മുനിപത്നിമാരേയും അവൾ സ്നേഹപൂർവം സ്വീകരിച്ചത് വർണ്ണനാതീതമായിരുന്നു. ഓരോരുത്തരുടേയും പാദങ്ങളെ വന്ദിച്ചുകൊണ്ട് സീത അവരിൽനിന്നും അവളുടെ മനസ്സിന്ന് പ്രിയമായ ആശിസ്സുകളെ ലഭിച്ചു. തന്റെ ശ്വശുരിമാരെയെല്ലാം കണ്ടപ്പോൾ സുകുമാരിയായ സീത ധൈര്യം നഷ്ടപ്പെട്ട് തന്റെ കണ്ണുകളെ അടച്ചു. അവർ വേടന്റെ കൈയ്യിലകപ്പെട്ട അരയന്നപ്പിടകളെപ്പോലെ കാണപ്പെട്ടു. 'വിഷമകാരിയായ ദൈവം

എന്താണ് ചെയ്തിരിയ്ക്കുന്നത്!' അവൾ സ്വയം പറഞ്ഞു. അവരും സീതയെ കണ്ട് വളരെ ദു:ഖിതരായി. 'ദൈവം നമ്മുടെ മേൽ ചുമത്തുന്നതെല്ലാം നാം സഹിച്ചുതന്നെ തീരണം.' അവർ വിചാരിച്ചു. പിന്നെ ജാനകി മനസ്സിൽ ധൈര്യമവലംബിച്ച് തന്റെ നീലത്താമര പോലുള്ള കണ്ണുകൾ അശ്രുപൂർണ്ണമായി, എല്ലാ ശ്വശുരിമാരേയും കണ്ട് മാറോടണച്ചു. ആ അവസരത്തിൽ ഭൂമി കരുണാരസം കൊണ്ട് ആവൃതമായിരുന്നു.

ദോ:

ലാഗി ലാഗി പഗ് സബ്നി സിയ് ഭേംടതി അതി അനുരാഗ്,
ഹൃദയ്ँ അസീസ്ഹിം പേമ് ബസ് രഹിഅഹു ഭരീ സൊഹാഗ്. (246)

എല്ലാവരുടേയും പാദങ്ങളിൽ വീണുകൊണ്ട് സീത എല്ലാവരേയും അത്യന്തം പ്രേമത്തോടെ സ്വീകരിച്ചു. പ്രേമം തുളുമ്പുന്ന ഹൃദയത്തോടെ എല്ലാവരും അവളെ മനസ്സിൽ അനുഗ്രഹിച്ചു. 'നീ സുമംഗലിയായി എന്നും ആനന്ദമയമായ ജീവിതം നയിയ്ക്കൂ.' (246)

ചൗ:

ബികല് സനേഹ്ँ സീയ് സബ് രാനീം
ബൈഠന് സബ്ഹി കഹെഉ ഗുര് ഗ്യാനീം,
കഹി ജഗ് ഗതി മായിക് മുനിനാഥാ
കഹേ കഛുക് പരമാരഥ് ഗാഥാ. 1

നൃപ് കര് സുരപുര് ഗവനു സുനാവാ
സുനി രഘുനാഥ് ദുസഹ് ദുഖു പാവാ,
മരന് ഹേതു നിജ് നേഹു ബിചാരീ
ഭേ അതി ബികല് ധീര് ധുര് ധാരീ. 2

കുലിസ് കഠോര് സുനത് കടു ബാനീ
ബിലപത് ലഖന് സീയ് സബ് രാനീ,
സോക് ബികല് അതി സകല് സമാജൂ
മാനഹുँ രാജു അകാജെഉ ആജൂ. 3

മുനിബര് ബഹുരി രാമ് സമുഝാഏ
സഹിത് സമാജ് സുസരിത് നഹാഏ,
ബ്രതു നിരംബു തെഹി ദിന് പ്രഭു കീൻഹാ
മുനിഹു കഹേം ജലു കാഹുഁ ന ലീൻഹാ. 4

സീതയേയും എല്ലാ റാണിമാരേയും സ്നേഹഭാവത്താൽ ബാധിതരായി ക്കണ്ട് ജ്ഞാനിയായ ഗുരു അവരെയെല്ലാം ഇരിയ്ക്കുവാൻ പറഞ്ഞു. ജഗത്തിന്റെ മായികമായ ഗതിയെപ്പറ്റി വിവരിച്ചുകൊണ്ട് പരമാർ¾ത്തെ പ്പറ്റി കുറെ പ്രവചനങ്ങൾ പറഞ്ഞു. അദ്ദേഹം പിന്നെ രാജാവ് സ്വർഗ്ഗ പ്രാപ്തനായതിനെപ്പറ്റി അറിയിച്ചു. അതു കേട്ട് രഘുനാഥൻ ദുസ്സഹമായ ദു:ഖമനുഭവിച്ചു. രാജാവ് തന്റെ പേരിലുള്ള സ്നേഹം കാരണമാണ് മരിച്ചതെന്ന് ചിന്തിച്ച് ധീരന്മാരിലും ധീരനായ അവൻ അത്യന്തം വ്യാകുലനായി. വജ്രസമാനം കഠോരവും ദാരുണവുമായ വാർത്തകേട്ട് ലക്ഷ്മണനും, സീതയും, എല്ലാ റാണിമാരും വിലപിയ്ക്കുവാൻ തുടങ്ങി. സമാജം മുഴുവൻ തന്നെ രാജാവ് ആ ദിവസം തന്നെ മരിച്ചുപോയ പോലെ ശോകാകുലരായി. മുനിവരൻ രാമനെ പറഞ്ഞ് സമാധാനിപ്പിച്ചു. അവനും അവിടെയിരുന്ന എല്ലാവരും ദേവനദിയിൽ സ്നാനം ചെയ്തു. പ്രഭു ആന്ന് ജലപാനം കൂടി ചെയ്യാതെ ഉപവസിച്ചു. മുനി അപേക്ഷിച്ചു വെങ്കിലും, മറ്റെല്ലാവരും തന്നെ ഒരു തുള്ളി വെള്ളം കൂടി കഴിച്ചില്ല.

ദോ:

ഭോരു ഭഏഁ രഘുനന്ദന്ഹി ജോ മുനി ആയസു ദീൻഹ്,
ശ്രദ്ധാ ഭഗതി സമേത് പ്രഭു സോ സബു സാദരു കീൻഹ്. (247)

നേരം പുലർന്നപ്പോൾ രഘുനന്ദനൻ മുനി നിർദ്ദേശിച്ചതെല്ലാം ശ്രദ്ധാ ഭക്തിസമേതം ആദരവോടെ പ്രഭു അനുഷ്ഠിച്ചു. (247)

ചൗ:

കരി പിതു ക്രിയാ ബേദ് ജസി ബരനീ
ഭേ പുനീത് പാതക് തമ് തരനീ,
ജാസു നാമ് പാവക് അഘ് തൂലാ
സുമിരത് സകല് സുമംഗല് മൂലാ. 1

സുദ്ധ് സൊ ഭയഉ സാധു സംമത് അസ്
തീരഥ് ആവാഹന് സുരസരി ജസ്,
സുദ്ധ് ഭഏ്ँ ദുഇ ബാസര് ബീതേ
ബോലേ ഗുര് സന് രാമ് പിരീതേ. 2

നാഥ് ലോഗ് സബ് നിപട് ദുഖാരീ
കന്ദ് മൂല് ഫല് അംബു അഹാരീ,
സാനുജ് ഭരതു സചിവ് സബ് മാതാ
ദേഖി മോഹി പല് ജിമി ജുഗു ജാതാ. 3

സബ് സമേത് പുര് ധാരിഅ പാഊ
ആപു ഇഹാँ അമരാവതി രാഊ,
ബഹുത് കഹെഉँ സബ് കിയഉँ ഢിഠാഈ
ഉചിത് ഹോഇ തസ് കരിഅ ഗൊസാँഈ. 4

തന്റെ പിതാവിന്റെ ക്രിയകളെ വേദവിധിപ്രകാരം അനുഷ്ഠിച്ച് പാപങ്ങളെന്ന ഇരുട്ടിനെ അകറ്റുന്ന സൂര്യനായ പ്രഭു വീണ്ടും ശുദ്ധനായി. ആരുടെ നാമം പാപങ്ങളെന്ന പഞ്ഞിന്ന് തീയിനെപ്പോലെയാണോ, ആരുടെ സ്മരണം എല്ലാ ശുഭമംഗളങ്ങൾക്കും മൂലമാണോ, ആ പ്രഭു, മറ്റു തീർത്ഥജലങ്ങളെക്കൊണ്ട് ഏതുവിധം ദേവനദിയായ ഗംഗയെ ശുദ്ധീകരിയ്ക്കുന്നുവോ അതുപോലെ ശുദ്ധിയടഞ്ഞു. അങ്ങനെയാണ് സാധുക്കൾ വിധിച്ചിട്ടുള്ളത്. ശുദ്ധനായി രണ്ടുദിവസം കഴിഞ്ഞ് ശ്രീരാമൻ പ്രീതിയോടെ ഗുരുവിനോട് പറഞ്ഞു: "സ്വാമീ, ജനങ്ങളെല്ലാവരും കന്ദമൂലഫലാദികളും ജലവും മാത്രം കഴിച്ചു ജീവിച്ചുകൊണ്ട് വളരെ കഷ്ടപ്പെട്ടുകൊണ്ടിരിയ്ക്കുന്നു. ഭരതനേയും, അനുജൻ ശത്രുഘ്നനേയും, മന്ത്രിമാരേയും, എല്ലാ അമ്മമാരേയും കാണുമ്പോൾ ഓരോ നിമിഷവും ഓരോ യുഗം പോലെ കഴിഞ്ഞു പോകുന്നപോലെ തോന്നുന്നു. അതിനാൽ ദയവായി എല്ലാവരോടും കൂടി നഗരത്തിലേയ്ക്ക് മടങ്ങി ച്ചെന്നാലും; എന്തെന്നാൽ അങ്ങ് ഇവിടേയും, രാജാവ് സ്വർഗ്ഗത്തിലുമാണ് (നഗരത്തെ കാത്തു രക്ഷിയ്ക്കാൻ ആരുമില്ല.) ഞാൻ കൂടുതൽ സംസാരിച്ച്

അധികം അനാദരവ് കാണിച്ചിരിയ്ക്കുന്നു. ഇനി അങ്ങ് എന്ത് ഉചിതമോ അതുപോലെ ചെയ്താലും.”

ദോ:

ധർമ് സേതു കരുനായതന് കസ് ന കഹഹു അസ് രാമ്,
ലോഗ് ദുഖിത് ദിന് ദുഇ ദരസ് ദേഖി ലഹഹു്ँ ബിശ്രാമ്. (248)

“ധർമ്മത്തിന്റെ രക്ഷകനും കരുണാനിധിയുമായ ഹേ രാമ, നീ ഈവിധം സംസാരിയ്ക്കുന്നതിൽ ആശ്ചര്യമൊന്നുമില്ല. പക്ഷേ ദു:ഖിതരായ ജനങ്ങൾ രണ്ടു ദിവസം കൂടി നിന്നെ ദർശിച്ചുകൊണ്ട് സമാധാനിയ്ക്കട്ടെ.” (248)

ചൗ:

രാമ് ബചന് സുനി സഭയ് സമാജൂ
ജനു ജലനിധി മഹു്ँ ബികല് ജഹാജൂ,
സുനി ഗുര് ഗിരാ സുമംഗല് മൂലാ
ഭയഉ മനഹു്ँ മാരുത് അനുകൂലാ. 1

പാവന് പയ്ँ തിഹു്ँ കാല് നഹാഹീം
ജോ ബിലോകി അഘ് ഓഘ് നസാഹീം,
മംഗലമൂരതി ലോചന് ഭരി ഭരി
നിരഖഹിം ഹരഷി ദണ്ഡവത് കരി കരി. 2

രാമ് സൈല് ബന് ദേഖന് ജാഹീം
ജഹ്ँ സുഖ് സകല് സകല് ദുഖ് നാഹീം,
ഝരനാ ഝരഹിം സുധാമയ് ബാരീ
ത്രിബിധ് താപഹര് ത്രബിധ് ബയാരീ. 3

ബിടപ് ബേലി തൃന് അഗനിത് ജാതീ
ഫല് പ്രസൂന് പല്ലവ് ബഹു ഭാँതീ,
സുന്ദര് സിലാ സുഖദ് തരു ഛാഹീം
ജാഇ ബരനി ബന് ഛബി കെഹി പാഹീം. 4

ശ്രീരാമൻ പറഞ്ഞതു കേട്ട് സമാജം സമുദ്രത്തിൽ കപ്പൽ കാറ്റിലുലയുന്നതുപോലെ വിറച്ചു. പക്ഷേ ഗുരുവിന്റെ മംഗളകരമായ വാക്കുകളെ

കേട്ടപ്പോൾ അത് കാറ്റ് തങ്ങൾക്കനുകൂലമായപോലെ തോന്നി. ദർശന മാത്രത്തിൽ പാപസമൂഹങ്ങളെ അകറ്റുന്ന പയസ്വിനി നദിയിൽ അവർ മൂന്നു നേരവും കുളിച്ച് മംഗളമൂർത്തിയായ ശ്രീരാമനെ കണ്ണുകൾ നിറയെ കണ്ടുകൊണ്ട് അവന്റെ മുമ്പിൽ വീണ്ടും വീണ്ടും സന്തോഷ ത്തോടെ നമസ്കരിച്ചുകൊണ്ടിരുന്നു. പിന്നെ അവർ സർവദു:ഖങ്ങളേയും നശിപ്പിച്ച് സർവസുഖങ്ങളും നിറഞ്ഞ രാമന്റെ പേരിൽ അറിയപ്പെടുന്ന മലയേയും വനത്തേയും നോക്കാൻ പോയി. അരുവികളിൽ അമൃത തുല്യമായ ജലം ഒഴുകിക്കൊണ്ടിരുന്നു. കുളിർന്ന, സുഗന്ധമുള്ള മന്ദമാരുതൻ വീശിക്കൊണ്ട് ജനങ്ങളുടെ മൂന്നുവിധ താപങ്ങളേയും ശമിപ്പിച്ചുകൊണ്ടിരുന്നു. എണ്ണറ്റ വിധങ്ങളിലുള്ള മരങ്ങളും, വള്ളികളും, പുല്ലുകളും, പലവിധങ്ങളിലുള്ള ഫലങ്ങളും, പുഷ്പങ്ങളും, ഇലകളും, മനോഹരമായ ശിലകളും, സുഖപ്രദമായ മരങ്ങളുടെ ഛായയും കൊണ്ട വനത്തിന്റെ ഭംഗി വർണ്ണനാതീതമായിരുന്നു.

ദോ:

സരനി സരോരുഹ് ജല് ബിഹഗ് കൂജത് ഗുംജത് ഭൃംഗ്,
ബൈര് ബിഗത് ബിഹരത് ബിപിന് മൃഗ് ബിഹംഗ് ബഹുരംഗ്. (249)

തടാകങ്ങളിൽ താമരപ്പൂക്കൾ നിറഞ്ഞിരുന്നു. ജലപക്ഷികൾ കൂവി ക്കൊണ്ടിരുന്നു. തേൻ വണ്ടുകൾ മൂളിക്കൊണ്ടിരുന്നു. പല നിറങ്ങളിലുള്ള വന്യമൃഗങ്ങളും പക്ഷികളും വൈരഭാവം വെടിഞ്ഞ് സ്വതന്ത്രമായി കാട്ടിൽ ചുറ്റി വിഹരിച്ചുകൊണ്ടിരുന്നു. (249)

ചൗ:

കോല് കിരാത് ഭില്ല് ബനബാസീ
മധു സുചി സുന്ദര് സ്വാദു സുധാ സീ,
ഭരി ഭരി പരന് പുടീം രചി രൂരീ
കംദ് മൂല് ഫല് അംകുര് ജൂരീ. 1

സബ്ഹി ദേഹിം കരി ബിനയ് പ്രനാമാ
കഹി കഹി സ്വാദ് ഭേദ് ഗുന് നാമാ,
ദേഹിം ലോഗ് ബഹു മോല് ന ലേഹീം
ഫേരത് രാമ് ദൊഹാഈ ദേഹീം. 2

കഹഹിം സനേഹ് മഗന് മൃദു ബാനീ
മാനത് സാധു പേമ് പഹിചാനീ,
തുംഹ് സുകൃതീ ഹമ് നീച് നിഷാദാ
പാവാ ദര്സനു രാമ് പ്രസാദാ. 3

ഹമ്ഹി അഗമ് അതി ദരസു തുംഹാരാ
ജസ് മരു ധരനി ദേവധുനി ധാരാ,
രാമ് കൃപാല് നിഷാദ് നെവാജാ
പരിജന് പ്രജഉ ചഹിഅ ജസ് രാജാ. 4

കോലന്മാരും, കിരാതന്മാരും, ഭീലന്മാരും, മറ്റു വനവാസികളും ഇലകൾ കൊണ്ടുള്ള ദൊന്നകളുണ്ടാക്കി അവയിൽ ശുദ്ധവും, മനോഹരവും, അമൃതംപോലെ രുചികരവുമായ തേൻ നിറച്ച്, പിന്നെ കന്ദമൂലഫല ങ്ങളും മുളയിട്ട ധാന്യങ്ങളും കെട്ടു കെട്ടായി എല്ലാവർക്കും, താണു തൊഴുതുകൊണ്ട്, ഓരോന്നിന്റേയും സ്വാദ് ജാതി, ഗുണം, പേര് ഇവയെ വിവരിച്ചുകൊണ്ട് സമ്മാനിച്ചു. ജനങ്ങൾ അവർക്ക് നല്ല വില കൊടുത്തു, പക്ഷേ അവർ സ്വീകരിയ്ക്കാതെ ശ്രീരാമനിങ്കലുള്ള സ്നേഹമാണയായി തിരിച്ചെടുക്കുവാൻ പറഞ്ഞ് മടക്കിക്കൊടുത്തു. പ്രേമമഗ്നരായി അവർ മൃദുവായ വാക്കുകളിൽ പറഞ്ഞു: “സാധുക്കൾ നേരായ പ്രേമത്തെ മനസ്സിലാക്കി അതിനെ മാനിയ്ക്കുന്നു. നിങ്ങളെല്ലാവരും സുകൃതം ചെയ്തവരാണ്. ഞങ്ങളോ നീചന്മാരായ കാട്ടുജാതിക്കാരും. രാമന്റെ കൃപയാലാണ് ഞങ്ങൾക്ക് നിങ്ങളെയൊക്കെ കാണാനുള്ള ഭാഗ്യമുണ്ടായത്. മരുഭൂമിയിൽ ദേവനദിയായ ഗംഗയെന്നപോലെ നിങ്ങൾ ഞങ്ങൾക്ക് തികച്ചും അപ്രാപ്യരായിരുന്നു. കൃപാലുവായ രാമൻ അവന്റെ കൃപയെ നിഷാദരാജന്മേൽ പൊഴിഞ്ഞിട്ടുണ്ട്. രാജാവിന്റെ പരിജനങ്ങളും പ്രജകളും കൂടി അവന്റെ അനുഗ്രഹത്തിൽ ഭാഗികളാവണം.”

ദോ:
യഹ് ജിയ്ँ ജാനി സँകോചു തജി കരിഅ ഛോഹു ലഖിനേഹു,
ഹമ്ഹി കൃതാരഥ് കരന് ലഗി ഫല് തൃന് അംകുര് ലേഹു. (250)

"ഈവധം മനസ്സിൽ കൊണ്ട് സംകോചം വെടിഞ്ഞ് ഞങ്ങളുടെ സ്നേഹത്തെ തിരിച്ചറിഞ്ഞ് ഞങ്ങളുടെ മേൽ കൃപ കാണിയ്ക്കുവിൻ. ഫലങ്ങളേയും, പുല്ലിനേയും, മുളയിട്ട ധാന്യങ്ങളേയും സ്വീകരിച്ച് ഞങ്ങളെ കൃതാർത്ഥരാക്കുവിൻ." (250)

ചൗ:

തുംഹ് പ്രിയ് പാഹുനെ ബന് പഗു ധാരേ
സേവാ ജോഗു ന ഭാഗ് ഹമാരേ,
ദേബ് കാഹ് ഹമ് തുംഹ്ഹി ഗൊസാँഈ
ഈംധനു പാത് കിരാത് മിതാഈ. 1

യഹ് ഹമാരി അതി ബഡി സെവകാഈ
ലേഹിം ന ബാസന് ബസന് ചൊരാഈ,
ഹമ് ജഡ് ജീവ് ജീവ് ഗന് ഘാതീ
കുടില് കുചാലി കുമതി കുജാതീ. 2

പാപ് കരത് നിസി ബാസര് ജാഹീം
നഹിം പട് കടി നഹിം പേട് അഘാഹീം,
സപനെഹുँ ധരമ് ബുദ്ധി കസ് കാഊ
യഹ് രഘുനന്ദന് ദരസ് പ്രഭാഊ. 3

ജബ് തേം പ്രഭു പദ് പദുമ് നിഹാരേ
മിടേ ദുസഹ് ദുഖ് ദോഷ് ഹമാരേ,
ബചന് സുനത് പുരജന് അനുരാഗേ
തിൻഹ് കേ ഭാഗ് സരാഹന് ലാഗേ. 4

"നിങ്ങൾ ഈ കാട്ടിലേയ്ക്ക് ഞങ്ങളുടെ പ്രിയ അതിഥികളായിട്ടാണ് വന്നിരിയ്ക്കുന്നത്. പക്ഷേ, നിങ്ങൾക്ക് സേവചെയ്യാനുള്ള അർഹതയുണ്ടാവാനുള്ള ഭാഗ്യം ഞങ്ങൾക്കില്ല. സ്വാമിമാരേ, നിങ്ങൾക്ക് ഞങ്ങൾ എന്തു തരാനാണ്. വിറകും ഇലകളും മാത്രമേ കാട്ടുജാതിക്കാർക്ക് സൗഹൃദത്തിന്റെ സൂചകമായിട്ടുള്ളത്. പിന്നെ ഞങ്ങൾക്ക് ചെയ്യാനാവുന്ന എറ്റവും ഉയർന്ന സേവനം, ഞങ്ങൾ നിങ്ങളുടെ പാത്രങ്ങളേയും വസ്ത്രങ്ങളേയും കട്ടെടുക്കില്ല എന്നതാണ്. ഞങ്ങൾ അന്യരെ ദയാദാക്ഷിണ്യമില്ലാതെ

കൊല്ലുന്ന ജഡജന്തുക്കളായിരുന്നു. പ്രകൃത്യാ തന്നെ കുടിലരും, ദുഷ്ടരും, കപടമനസ്സുള്ളവരും നീചജാതിയിൽ ജനിച്ചവരുമാണ്. രാവും പകലും ഞങ്ങൾ പാപകർമ്മങ്ങളെ ചെയ്തു കൊണ്ടിരുന്നു. എന്നിട്ടും ഞങ്ങൾക്ക് മാനം മറയ്ക്കാൻ വസ്ത്രമോ, വയറു നിറച്ച് ഭക്ഷണമോ കിട്ടിയിരുന്നില്ല. രഘുനന്ദനന്റെ പ്രഭാവത്താലല്ലാതെ, ഞങ്ങൾക്ക് സ്വപ്നത്തിൽ പോലും ധർമ്മബുദ്ധിയെങ്ങിനെയുണ്ടാവാനാ? പ്രഭുവിന്റെ പാദകമലങ്ങളെ ദർശിയ്ക്കുവാൻ തുടങ്ങിയതു മുതൽ ഞങ്ങളുടെ ദുസ്സഹമായ ദു:ഖവും ദോഷങ്ങളും മറഞ്ഞുപോയി.” ഈ വാക്കുകളെ കേട്ട് പുരജനങ്ങൾ സ്നേഹവശംവദരായി ആ കാട്ടുജാതിക്കാരുടെ ഭാഗ്യത്തെ പ്രശംസിയ്ക്കാൻ തുടങ്ങി.

ഛം:

ലാഗേ സരാഹന് ഭാഗ് സബ് അനുരാഗ് ബചന് സുനാവഹീം,
ബോലനി മിലനി സിയ് രാമ്ചരന് സനേഹു ലഖി സുഖു പാവഹീം.
നര് നാരി നിദരഹിം നേഹു നിജ് സുനി കോല് ഭില്ലനി കീ ഗിരാ,
തുലസീ കൃപാ രഘുബംസ്മനി കീ ലോഹ് ലൈ ലൗകാ തിരാ.

എല്ലാവരും കാട്ടുജാതിക്കാരുടെ ഭാഗ്യത്തെ പ്രശംസിച്ചുകൊണ്ട് അവരോട് സ്നേഹം നിറഞ്ഞ വാക്കുകളിൽ സംസാരിച്ചു. എല്ലാവരും അവരുടെ സംസാരത്തെ കേട്ടുകൊണ്ടും, വിനീതമായ പെരുമാറ്റത്തേയും, സീതയുടേയും രാമന്റേയും പാദങ്ങളിൽ അവർക്കുണ്ടായിരുന്ന ഭക്തീ യേയും കണ്ടുകൊണ്ടും സന്തോഷിച്ചു. കോലന്മാരുടേയും ഭീലന്മാരുടേ യും വാക്കുകളെ കേട്ട് പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ (പ്രഭുവിനോ ടുള്ള) സ്നേഹത്തെ അപലപിച്ചു. തുളസീദാസൻ പറയുന്നു, അത് രഘുവംശത്തിന്റെ ശിരോമണിയായ ശ്രീരാമന്റെ കൃപയാലാണ് ഒരു ഇരുമ്പുകട്ടി*, അതിന്മേൽ ഒരു തോണിയോടു കൂടി വെള്ളത്തിൽ പൊങ്ങിനില്ക്കുന്നത്.

---

*സ്വതവേ വെള്ളത്തിൽ മുങ്ങുന്ന ഇരുമ്പുകട്ടിപോലെ നീചജാതിക്കാരും, ദുഷിച്ചവരു മായ കാട്ടുജാതിക്കാർ ശ്രീരാമന്റെ കൃപകൊണ്ട് അതിന്നു മീതെ ഒരു തോണിയോടും കൂടി പൊങ്ങിനില്ക്കുന്നു. അയോദ്ധ്യാവാസികൾ തങ്ങളുടെ ശ്രീരാമനോടുള്ള ഭക്തീ യാൽ

തങ്ങളെ മാത്രമല്ല, മറ്റുള്ളവരെക്കൂടി ഭവസാഗരത്തെ കടക്കുവാനുള്ള തോണി യായി ശ്രീരാമന്റെ ധാമത്തിലേയ്ക്ക് കൊണ്ടുപോകാൻ കഴിവുള്ളവരാണ്. ഈ കാട്ടു ജാതിക്കാർ ആ തോണിയേയും കൂടി താങ്ങി പോവാൻ കഴിവുള്ളവരാണെന്ന് സാരം.

സ:

ബിഹരഹിം ബന് ചഹു ഓര് പ്രതിദിന് പ്രമുദിത് ലോഗ് സബ്,
ജല് ജ്യോം ദാദുര് മോര് ഭഏ പീന് പാവസ് പ്രഥമ്. (251)

ഓരോ ദിവസവും ജനങ്ങൾ കാടിന്റെ എല്ലാ ഭാഗത്തും അത്യന്തം ആനന്ദത്തോടെ, ആദ്യത്തെ മഴയാൽ തവളകളും മയിലുകളും ബലിഷ്ഠരാവുന്നതുപോലെ, ചുറ്റി വിഹരിച്ചുകൊണ്ടിരുന്നു. (251)

ചൗ:

പുരജന് നാരി മഗന് അതി പ്രീതീ
ബാസര് ജാഹിം പലക് സമ് ബീതീ,
സീയ് സാസു പ്രതി ബേഷ് ബനാഈ
സാദര് കരഇ സരിസ് സെവകാഈ. 1

ലഖാ ന മരമു രാമ് ബിനു കാഹൂँ
മായാ സബ് സിയ് മായാ മാഹൂँ,
സീയ്ँ സാസു സേവാ ബസ് കീൻഹീം
തിൻഹ് ലഹി സുഖ് സിഖ് ആസിഷ് ദീൻഹീം. 2

ലഖി സിയ് സഹിത് സരല് ദൊഉ ഭാഈ
കുടില് രാനി പഛിതാനി അഘാഈ,
അവനി ജമ്ഹി ജാചതി കൈകേഈ
മഹി ന ബീചു ബിധി മീചു ന ദേഈ. 3

ലോക്ഹുँ ബേദ് ബിദിത് കബി കഹഹീം
രാമ് ബിമുഖ് ഥലു നരക് ന ലഹഹീം,
യഹു സംസഉ സബ് കേ മന് മാഹീം
രാമ് ഗവനു ബിധി അവധ് കി നാഹീം. 4

നഗരജനങ്ങൾ അത്യന്തം പ്രീതിയിൽ മഗ്നരായിരുന്നു. ദിവസങ്ങൾ നിമിഷങ്ങൾ പോലെ കടന്നു ചെന്നു. സീത തനിയ്ക്ക് എത്ര ശ്വശുരീ മാരുണ്ടോ അത്രയും രൂപങ്ങൾ ധരിച്ച് ഓരോരുത്തരേയും സമമായി ആദരവോടെ സേവചെയ്തു. രാമനൊഴിച്ച് മറ്റാരും തന്നെ ഇതിന്റെ പിന്നിലുള്ള രഹസ്യത്തെ അറിഞ്ഞിരുന്നില്ല. എന്തെന്നാൽ എല്ലാ മായാശക്തികളും സീതയുടെ ഒരു അംഗമാണ് സീതയുടെ മായാശക്തി. സീത തന്റെ സേവയാൽ എല്ലാ ശ്വശുരിമാരേയും വശീകരിച്ചു. തൃപ്തരായ അവർ അവളെ ഉപദേശിയ്ക്കുകയും അനുഗ്രഹിയ്ക്കുകയും ചെയ്തു. രണ്ടു സഹോദരന്മാരേയും സീതയേയും പെരുമാറ്റത്തിൽ നേരായി കണ്ട് ദുഷ്ടയായ റാണി തീവ്രമായി പശ്ചാത്തപിച്ചു. കൈകേയി ഭൂമിദേവിയോടും മരണദേവതയോടും സഹായമഭ്യർഥിച്ചു. പക്ഷേ ഭൂമിദേവി പിളർന്ന് ഇടവെളിയോ, യമൻ മരണമോ അവൾക്ക് കൊടുത്തില്ല. രാമന്ന് വിമുഖരായിട്ടുള്ളവർക്ക് നരകത്തിൽക്കൂടി സ്ഥലം കിട്ടില്ലെന്ന് ലോകരീതിയിലും, വേദങ്ങളിലും പ്രസിദ്ധമാണ്. വിദ്വാന്മാരും അതിനെ ഘോഷിയ്ക്കുന്നു. ഇപ്പോൾ എല്ലാവരുടേയും മനസ്സിലും ഉണ്ടായിരുന്ന സംശയം 'രാമൻ അയോദ്ധ്യയിലേയ്ക്ക് തിരിച്ചു വരുമോ, ഇല്ലയോ' എന്നായിരുന്നു.

ദോ:

നിസി ന നീദ് നഹിം ഭൂഖ് ദിന് ഭരതു ബികല് സുചി സോച്,
നീച് കീച് ബിച് മഗന് ജസ് മീന്ഹി സലില് സँകോച്. (252)

ഭരതന്ന് രാത്രി ഉറക്കമോ, പകലിൽ വിശപ്പോ ഉണ്ടായിരുന്നില്ല. ചളിക്കുണ്ടിലകപ്പെട്ട മീൻ ജലത്തിന്റെ കുറവു കാരണം വ്യാകുലപ്പെടുന്നതുപോലെ അവൻ അത്യുല്ക്കണ്ഠയാൽ അസ്വസ്ഥനായി. (252)

ചൗ:

കീൻഹി മാതു മിസ് കാല് കുചാലീ
ഈതി ഭീതി ജസ് പാകത് സാലീ,
കെഹി ബിധി ഹോഇ രാമ് അഭിഷേകൂ
മൊഹി അവകലത് ഉപാഇ ന ഏകൂ. 1

അവസി ഫിരഹിം ഗുര് ആയസു മാനീ
മുനി പുനി കഹബ് രാമ് രുചി ജാനീ,
മാതു കഹെഹു്ँ ബഹുരഹിം രഘുരാഊ
രാമ് ജനനി ഹഠ് കരബി കി കാഊ. 2

മൊഹി അനുചര് കര് കേതിക് ബാതാ
തെഹി മഹ്ँ കുസമഉ ബാമ് ബിധാതാ,
ജൗം ഹഠ് കരഉ്ँ ത് നിപട് കുകരമൂ
ഹര്ഗിരി തേം ഗുരുസേവക് ധരമൂ. 3

ഏകഉ ജുഗുതി ന മന് ഠഹരാനീ
സോചത് ഭരത്ഹി രൈനി ബിഹാനീ,
പ്രാത് നഹാഇ പ്രഭുഹി സിര് നാഇൗ
ബൈഠത് പഠഏ രിഷയ്ँ ബൊലാഇൗ. 4

'കൊയ്യുവാനിരിയ്ക്കുന്ന നെൽവിളയെ കീടങ്ങൾ അക്രമിച്ചു നശിപ്പിയ്ക്കുന്നതുപോലെ വിധി എന്റെ അമ്മയുടെ രൂപത്തിൽ വന്ന് ഈ ദുഷ്കൃത്ത്യത്തെ ചെയ്തിരിയ്ക്കുന്നു. ശ്രീരാമന്റെ അഭിഷേകം എങ്ങനെ സാദ്ധ്യമാവും? ഞാനൊരുപായവും കാണുന്നില്ല. ഗുരുവിന്റെ ആദേശത്തെ മാനിച്ച് അവൻ നിശ്ചയമായും (അയോദ്ധ്യയിലേയ്ക്ക്) തിരിച്ചുവരും. പക്ഷേ മുനി രാമന്ന് അതിഷ്ടമാണെന്നറിഞ്ഞാൽ മാത്രമേ രാമനെ തിരിച്ചുവരാൻ പറയുള്ളൂ. രഘുരാമൻ തന്റെ അമ്മ പറഞ്ഞാൽക്കൂടി തിരിച്ചുവരും, പക്ഷേ ശ്രീരാമന്റെ അമ്മ അവനെ നിർബന്ധിയ്ക്കുമോ? ഞാനോ, കേവലം ഒരു അനുചരനാണ്. അതിനാൽ ഒട്ടും പരിഗണിയ്ക്കപ്പെടുന്നവനല്ല. അതിന്നും മീതെ ഇതെന്റെ ദുഷിച്ച കാലമാണ്. ദൈവം എനിയ്ക്കെതിരുമാണ്. ഞാൻ നിർബന്ധിച്ചു പറഞ്ഞാൽ അത് മഹാപാപമാവും; എന്തെന്നാൽ ഒരു സേവകന്റെ ധർമ്മം കൈലാസപർവതത്തെ ചുമക്കുന്നതിനെക്കാളും കഠിനമാണ്.' ഭരതന്ന് ഒരുപായവും മനസ്സിൽ പെട്ടില്ല. അവർ രാത്രി മുഴുവൻ ചിന്തയിൽ കഴിച്ചു. പുലർച്ചയ്ക്ക് അവൻ കുളികഴിഞ്ഞ് പ്രഭുവിനെ തലവണങ്ങി അവന്റെ അടുത്ത് ഇരിയ്ക്കുവാൻ

തുടങ്ങിയപ്പോൾ ഋഷി (വസിഷ്ഠൻ) അവനെ വിളിച്ചുകൊണ്ടുവരുവാൻ ആളയച്ചു.

ദോ:

ഗുര് പദ് കമല് പ്രനാമു കരി ബൈഠേ ആയസു പാഇ,
ബിപ്ര് മഹാജന് സചിവ് സബ് ജുരേ സഭാസദ് ആഇ. (253)

ഗുരുവിന്റെ പാദകമലങ്ങളിൽ നമസ്കരിച്ച്, അദ്ദേഹത്തിന്റെ സമ്മതം ലഭിച്ച് ഭരതൻ ഇരുന്നു. ഉടനെ ബ്രാഹ്മണരും, നഗരമുഖ്യന്മാരും, മന്ത്രിമാരും, മറ്റു സഭാംഗങ്ങളും വന്നുകൂടി. (253)

ചൗ:

ബോലേ മുനിബരു സമയ് സമാനാ
സുനഹു സഭാസദ് ഭരത് സുജാനാ,
ധരമ് ധുരീന് ഭാനുകുല് ഭാനൂ
രാജാ രാമു സ്വബസ് ഭഗവാനൂ. 1

സത്യസന്ധ് പാലക് ശ്രുതി സേതൂ
രാമ് ജനമു ജഗ് മംഗല് ഹേതൂ,
ഗുര് പിതു മാതു ബചന് അനുസാരീ
ഖല് ദല് ദലന് ദേവ് ഹിതകാരീ. 2

നീതി പ്രീതി പരമാരഥ് സ്വാരഥു
കൊഉ ന രാമ് സമ് ജാന് ജഥാരഥു,
ബിധി ഹരി ഹരു സസി രബി ദിസിപാലാ
മായാ ജീവ് കരമ് കുലി കാലാ. 3

അഹിപ് മഹിപ് ജഹ്ँ ലഗി പ്രഭുതാഈ
ജോഗ് സിദ്ധി നിഗമാഗമ് ഗാഈ,
കരി ബിചാര് ജിയ്ँ ദേഖഹു നീകേം
രാമ് രജാഇ സീസ് സബ്ഹീ കേം. 4

മുനിവരൻ (വസിഷ്ഠൻ) സമയോചിതമായി പറഞ്ഞു: "ഹേ സദസ്യരെ, ഹേ ജ്ഞാനിയായ ഭരത, കേൾക്കുവിൻ. സൂര്യവംശത്തിന്റെ സൂര്യനായ

രാജാവ് രാമൻ ധർമ്മധുരന്ധരനും, ആരേയും ആശ്രയിയ്ക്കാതെ സ്വാശ്രിത നായ ഭഗവാനുമാണ്. അവൻ സത്യസന്ധനും, വേദങ്ങളാൽ സ്ഥാപിയ്ക്കപ്പെട്ട സദാചാരത്തിന്റെ രക്ഷകനുമാണ്. രാമന്റെ ജന്മം തന്നെ ലോകത്തിന്ന് സർവ മംഗളങ്ങളുടേയും മൂലമാണ്. തന്റെ ഗുരുവിന്റേയും മാതാപിതാക്കളുടേയും ആദേശങ്ങളെ അനുസരിയ്ക്കുന്ന അവൻ ദുഷ്ടന്മാരുടെ സമൂഹത്തെ നശിപ്പിയ്ക്കുന്നവനും ദേവന്മാരുടെ ഹിതകാരിയുമാണ്. നീതി, പ്രീതി, പരമാർത്ഥം, സ്വാർത്ഥം ഇവയെപ്പറ്റി രാമനറിയുന്നതു പോലെ മറ്റാരുമറിയില്ല. ബ്രഹ്മവിഷ്ണുമഹേശ്വരന്മാരും, ചന്ദ്രനും, സൂര്യനും, ദിക്പാലന്മാരും, മായയും, ജീവാത്മാവും, പലവിധത്തിലുള്ള കർമ്മങ്ങളും, കാലാത്മാവും, ആദിശേഷനും, രാജാക്കന്മാരും, മറ്റെല്ലാ പ്രഭുത്വങ്ങളും, വേദങ്ങളാലും മറ്റു ഗ്രന്ഥങ്ങളാലും വാഴ്ത്തപ്പെടുന്ന യോഗസിദ്ധികളും കൂടി മനസ്സിൽ ചിന്തിച്ചുനോക്കി നല്ലപോലെ പരിഗണിയ്ക്കുവിൻ ഇവയെല്ലാറ്റിന്റേയും മേൽ ശ്രീരാമന്റെ നിയന്ത്രണം ആധിപത്യം പാലിയ്ക്കുന്നു."

ദോ:

രാഖേം രാമ് രജാഇ രുഖ് ഹമ് സബ് കര് ഹിത് ഹോഇ,
സമുഝി സയാനേ കരഹു അബ് സബ് മിലി സംമത് സോഇ. (254)

"നാം ശ്രീരാമന്റെ ആദേശത്തെ പാലിയ്ക്കുകയും, അവന്റെ ഇച്ഛയെ മാനിയ്ക്കുകയും ചെയ്താൽ അത് നമുക്കെല്ലാവർക്കും ഹിതകരമായി രിയ്ക്കും. ഹേ വിവേകികളായ സദസ്യരേ, ഇതിനെ മനസ്സിലാക്കി നിങ്ങളെല്ലാവരും ഒരുമനസ്സോടെ വേണ്ടത് തീരുമാനിച്ച് അതിനെ ചെയ്യുവിൻ." (254)

ചൗ:

സബ് കഹുँ സുഖദ് രാമ് അഭിഷേകൂ
മംഗല് മോദ് മൂല് മഗ് ഏകൂ,
കെഹി ബിധി അവധ് ചലഹിം രഘുരാഊ
കഹഹു സമുഝി സൊഇ കരിഅ ഉപാഊ. 1

സബ് സാദര് സുനി മുനിബര് ബാനീ
നയ് പരമാരഥ് സ്വാരഥ് സാനീ,

ഉതരു ന ആവ് ലോഗ് ഭഎ ഭോരേ
തബ് സിരു നാഇ ഭരത് കര് ജോരേ. 2

ഭാനുബംസ് ഭഎ ഭൂപ് ഘനേരേ
അധിക് ഏക് തേം ഏക് ബഡേരേ,
ജനമ് ഹേതു സബ് കഹ്ँ പിതു മാതാ
കരമ് സുഭാസുഭ് ദേഇ ബിധാതാ. 3

ദലി ദുഖ് സജഇ സകല് കല്യാനാ
അസ് അസീസ് രാഉരി ജഗു ജാനാ,
സോ ഗൊസാഇँ ബിധി ഗതി ജെഹിം ഛേംകീ
സകഇ കൊ ടാരി ടേക് ജോ ടേകീ. 4

"ശ്രീരാമനെ രാജാവായി അഭിഷേകം ചെയ്യുന്നത് എല്ലാവർക്കും സന്തോഷകരമാണ്. അതൊരു മാർഗ്ഗം മാത്രമാണ് മംഗളങ്ങൾക്കും സുഖത്തിന്നും മൂലം. രഘുരാമനെ എങ്ങനെ അയോദ്ധ്യയിലേയ്ക്ക് തിരിച്ചു വരുവാൻ പ്രേരിപ്പിയ്ക്കുക എന്നാലോചിച്ച് എന്നോട് പറയുവിൻ. നമുക്ക് ആ ഉപായം പ്രയോഗിയ്ക്കാം." എല്ലാവരും മുനിവരന്റെ വിവേകവും പരമാർത്ഥവും നിറഞ്ഞതും, ലൗകീകപരമായി ഹിതമായതുമായ പ്രസംഗത്തെ ആദരവോടെ കേട്ടു. പക്ഷേ ആരും ഉത്തരം പറഞ്ഞില്ല. എല്ലാവരും മൂകരായിരുന്നു. ഭരതൻ തലവണങ്ങിക്കൊണ്ട്, കൈകൾ കൂപ്പിക്കൊണ്ട് ഈവിധം പറഞ്ഞു: "സൂര്യവംശത്തിൽ അനവധി രാജാക്കന്മാർ, ഓരോരുത്തരും മറ്റവരെക്കാൾ മഹാന്മാരായി, ഉണ്ടായി ട്ടുണ്ട്. എല്ലാവരുടേയും ജനനത്തിന്ന് അവരുടെ മാതാപിതാക്കളാണ് കാരണക്കാർ, പക്ഷേ അവരുടെ കർമ്മങ്ങളുടെ നല്ലതോ ചീത്തയോ ആയ ഫലങ്ങൾ കൊടുക്കുന്നത് ദൈവമാണ്. അങ്ങയുടെ ആശീർവാദം ദു:ഖത്തെ നശിപ്പിച്ച് എല്ലാ മംഗളങ്ങളേയും പ്രദാനം ചെയ്യുന്നു എന്നത് ലോകം മുഴുവൻ അറിയുന്നതാണ്. അങ്ങയെ സംബന്ധിച്ചവരയിലും, സ്വാമീ, അങ്ങ് വിധിയുടെ ഗതിയെക്കൂടി തടുത്തു നിർത്തി.* അങ്ങ് നിശ്ചയിച്ചതിനെ ആർക്കും തന്നെ മാറ്റാനാവില്ല."

---

*ഇതിനെ തെളിയിയ്ക്കാൻ താഴെ പറയുന്ന സംഭവങ്ങൾ മതിയാവും:

1. ദശരഥരാജാവിന് പുത്രന്മാരുണ്ടായിരുന്നില്ല. മുനിയുടെ അനുഗ്രഹത്താൽ അദ്ദേഹത്തിന് 60,000 മത്തെ വയസ്സിൽ നാലു പുത്രന്മാരുണ്ടായി.

2. ഏഴാമത്തെ മനുവായ വൈവസ്വതമനുവിന്ന് പുത്രനുണ്ടായിരുന്നില്ല. വസിഷ്ഠമഹർഷി അദ്ദേഹത്തെക്കൊണ്ട് ഒരു യാഗം കഴിപ്പിച്ചു. മനുവിന്റെ ഭാര്യയായ ശ്രദ്ധയ്ക്ക് ഒരു മകളെ കിട്ടാൻ ആഗ്രഹമുണ്ടായിരുന്നു. യാഗത്തിൽ ഹോതാവിനോട് അങ്ങനെ അവൾ പറയുകയും ചെയ്തു. ഹോതാവും മകൾ ജനിയ്ക്കാനായി ആഹുതി ചെയ്തു. അങ്ങനെ അവൾക്ക് ഇള എന്നു പേരായ മകൾ ജനിച്ചു. മനുവിന്ന് ഇതുകണ്ട് ആശ്ചര്യവും നിരാശയുമുണ്ടായി, വസിഷ്ഠമുനിയെ സമീപിച്ചു. മുനി ധ്യാനത്തിൽ നടന്നതെല്ലാം കണ്ടു. അദ്ദേഹം തന്റെ തപസ്സുകൊണ്ട് മനുവിന്റെ ആഗ്രഹം സഫലമാക്കാമെന്ന് ആശ്വസിപ്പിച്ച്, ഭഗവാനെ പ്രാർത്ഥിച്ച് മനുവിന്റെ പുത്രിയെ പുത്രനാക്കാനുള്ള വരം നേടി. അങ്ങനെ ഇള എന്ന മകൾ സുദ്യുമ്നൻ എന്ന പുത്രനായി മാറി. യൗവനയുക്തനായ സുദ്യുമ്നൻ ഒരിയ്ക്കൽ നായാട്ടിന്നു പോയി സുമേരു പർവതത്തിന്റെ അടിവാരത്തിൽ ഒരുദ്യാനത്തിൽ കടന്നപ്പോൾ ശിവനാൽ കൊടുക്കപ്പെട്ട ഒരു ശാപത്താൽ അവനും അവന്റെ കുതിരയും സ്ത്രീയും പെൺകുതിരയുമായി മാറി. (ആ ഉദ്യാനത്തിൽ കടന്നവരെല്ലാവരും സ്ത്രീവർഗ്ഗമായി മാറുമെന്നതായിരുന്നു ശാപം). ആ ഉദ്യാനത്തിന്റെ പരിസരത്തിൽ ചന്ദ്രന്റെ പുത്രനായ ബുധൻ സാധനകൾ ചെയ്യുന്നുണ്ടായിരുന്നു. ഇളയെന്ന സ്ത്രീയായി മാറിയ സുദ്യുമ്നനെ കണ്ട് ബുധൻ അവളിൽ അനുരക്തനായി. അവളുമവനെ ഇഷ്ടപ്പെട്ടു. അവർ ഭാര്യാഭർത്താക്കന്മാരായി ജീവിച്ചുകൊണ്ടിരുന്നു. ഒരു ദിവസം അവൾ വസിഷ്ഠമുനിയെ സ്മരിച്ചു. മുനി പ്രത്യക്ഷനായി അവളുടെ ദശ കണ്ട് ശിവഭഗവാനെ പ്രീതിപ്പെടുത്തി, ഒരുമാസം ഇളയായി ബുധന്റെ കൂടെയും, ഒരുമാസം സുദ്യുമ്നനായി രാജാവായും മാറി മാറി തുടരുവാൻ വരം വാങ്ങി.

3. ബ്രഹ്മാവിന്റെ മാനസപുത്രനായിരുന്നു വസിഷ്ഠൻ. ബ്രഹ്മാവ് അദ്ദേഹത്തെ സൂര്യവംശരാജാക്കന്മാർക്ക് കുലഗുരുവായിരിയ്ക്കാൻ ആജ്ഞാപിച്ചു. വസിഷ്ഠന്ന് പൗരോഹിത്യം അത്ര ഇഷ്ടപ്പെട്ടില്ല. അപ്പോൾ ബ്രഹ്മാവ് ത്രേതായുഗത്തിൽ പ്രഭു ശ്രീരാമനായി അവതരിയ്ക്കുമെന്ന് പറഞ്ഞപ്പോൾ അതിന്ന് സമ്മതിച്ചു. ആ സമയത്ത് ത്രേതായുഗം മൂന്നാമത്തെ യുഗമായിരുന്നു. (കൃതം, ദ്വാപരം, ത്രേതാ, കലി). രണ്ടു യുഗം കൂടി കാത്തിരിയ്ക്കാൻ ക്ഷമയില്ലാതെ വസിഷ്ഠൻ ത്രേതായുഗത്തെ രണ്ടാമത്തെ യുഗമായി മാറ്റി. ഈവിധം അദ്ദേഹത്തിന്റെ ഇച്ഛയനുസരിച്ചാണ് കൃതയുഗത്തിന്നുശേഷം ത്രേതായുഗമുണ്ടായത്.

4. വസിഷ്ഠന്റെ കൃപയാലാണ് ക്ഷത്രിയനായ വിശ്വാമിത്രൻ രാജർഷിയിൽനിന്നും ബ്രഹ്മർഷിയായി ബ്രാഹ്മണനായി ഉയർന്നത്.

5. ദിലീപരാജാവിന്റേയും സുദക്ഷിണയുടേയും വിവാഹസമയത്ത് ഇരുവരുടേയും വസ്ത്രങ്ങളുടെ തുമ്പുകൾ മുറുകെ കെട്ടിയിട്ടിരുന്നു. വസിഷ്ഠൻ കാരണമന്വേഷിച്ചപ്പോൾ, കെട്ടഴിച്ചാൽ ഇരുവരും മരിയ്ക്കുമെന്നു പറഞ്ഞു. മുനി വിധിയുടെ ഗതിയെ മാറ്റി അവരെ മരണത്തിൽനിന്നും രക്ഷിച്ചു.

ദോ:

ബൂഢിഅ മൊഹി ഉപാഉ അബ് സോ സബ് മോര് അഭാഗു,
സുനി സനേഹമയ് ബചന് ഗുര് ഉര് ഉമഗാ അനുരാഗു. (255)

“ഇതൊക്കയറിഞ്ഞിട്ടും അങ്ങ് ഈ സമയത്ത് എന്റെ അഭിപ്രായം ചോദിയ്ക്കുന്നത് എത്രയും ദുർഭാഗ്യകരമാണ്.” ഈ സ്നേഹമയമായ വാക്കുകൾ കേട്ട് ഗുരുവിന്റെ ഹൃദയം പ്രേമംകൊണ്ട് നിറഞ്ഞുവഴിഞ്ഞു. (255)

ചൗ:

താത് ബാത് ഫുരി രാമ് കൃപാഹീം
രാമ് ബിമുഖ് സിധി സപനെഹു്ँ നാഹീം,
സകുചഉ്ँ താത് കഹത് എക് ബാതാ
അരധ് തജഹിം ബുധ് സര്ബസ് ജാതാ. 1

തുംഹ് കാനന് ഗവനഹു ദൊഉ ഭാഇൗ
ഫെരിഅഹിം ലഖന് സീയ് രഘുരാഉൗ,
സുനി സുബചന് ഹരഷേ ദൊഉ ഭ്രാതാ
ഭേ പ്രമോദ് പരിപൂരന് ഗാതാ. 2

മന് പ്രസന്ന് തന് തേജു ബിരാജാ
ജനു ജിയ് രാഉ രാമു ഭഎ രാജാ,
ബഹുത് ലാഭ് ലോഗൻഹ് ലഘു ഹാനീ
സമ് ദുഖ് സുഖ് സബ് രോവഹിം രാനീ. 3

കഹഹിം ഭരതു മുനി കഹാ സൊ കീൻഹേ
ഫലു ജഗ് ജീവൻഹ് അഭിമത് ദീൻഹേ,
കാനന് കരഉ്ँ ജനമ് ഭരി ബാസൂ
എഹി തേം അധിക് ന മോര് സുപാസൂ. 4

“താത, നീ പറഞ്ഞത് ശരിയാണെന്നതിന്ന് സംശയമില്ല. പക്ഷെ അതെല്ലാം തന്നെ ശ്രീരാമന്റെ കൃപയാലെ സാധ്യമാവൂ. രാമന്ന് വിമുഖനായവന്ന് സ്വപ്നത്തിൽക്കൂടി ഒന്നും സാദ്ധ്യമാവില്ല. ഞാൻ ഒരു കാര്യം പറയാൻ സങ്കോചപ്പെടുന്നു: വിവേകികൾ മുഴുവന്റെ നാശത്തെ തടുക്കാൻ പകുതിയെ ത്യജിയ്ക്കുന്നു. നിങ്ങൾ രണ്ടു സഹോദരന്മാരും വനവാസം ചെയ്യുവിൻ. ലക്ഷ്മണനേയും, സീതയേയും, രാഘവനേയും (അയോദ്ധ്യയിലേയ്ക്ക്) തിരിച്ചയയ്ക്കാം.” ഈ ശുഭമായ വാർത്ത കേട്ട് രണ്ടു സഹോദരന്മാരും സന്തോഷിച്ചു. അവരുടെ ശരീരം ആനന്ദം കൊണ്ട്

പുളകിതമായി. അവർ മനസ്സിൽ സന്തോഷിച്ച്, ദശരഥരാജാവ് വീണ്ടും ജീവിച്ചുവന്ന് രാമനെ രാജാവായി അഭിഷേകം ചെയ്തുവെന്നപോലെ അവരുടെ ശരീരത്തിൽ ഒരു പുതിയ തേജസ്സ് ജ്വലിയ്ക്കുന്നതുപോലെ യിരുന്നു. ജനങ്ങൾ, ഇതിനാൽ അവരുടെ നേട്ടം വലുതും, നഷ്ടം നിസ്സാരവുമാണെന്ന് വിചാരിച്ചു. റാണിമാർ അവരുടെ ദു:ഖവും സന്തോഷവും സമമായി അവരിൽനിന്നും പറിയ്ക്കപ്പെടുന്നതു കണ്ട് വിലപിച്ചു. ഭരതൻ പറഞ്ഞു: “ഗുരുവിന്റെ ആദേശത്തെ അനുസരിയ്ക്കു ന്നതുകൊണ്ട് ഒരുവൻ ലോകത്തിലുള്ള എല്ലാ ജീവികളേയും തൃപ്തിപ്പെടുത്തിയാലുള്ള ഫലത്തെ പ്രാപിയ്ക്കും. ഞാൻ ജീവിതകാലം മുഴുവൻ കാട്ടിൽ താമസിയ്ക്കാം. ഇതിലും വലിയൊരു സുഖം എനിയ്ക്ക് വേറില്ല.”

ദോ:

അന്തർജാമീ രാമു സിയ് തുംഹ് സർബഗ്യ് സുജാന്,
ജൗം ഫുര് കഹഹു ത് നാഥ് നിജ് കീജീഅ ബചനു പ്രവാന്. (256)

“രാമന്നും സീതയ്ക്കും എല്ലാവരുടെ ഹൃദയങ്ങളേയും അറിയുവാനുള്ള ശക്തിയുണ്ട്. (അന്തര്യാമികളാണ്). അങ്ങ് സർവജ്ഞനും വിവേകിയു മാണ്. അങ്ങു പറയുന്നത് സത്യമായും നടക്കുന്നതാണെങ്കിൽ, സ്വാമീ, അങ്ങ് അങ്ങയുടെ വാക്കിനെ പാലിയ്ക്കുവിൻ.” (256)

ചൗ:

ഭരത് ബചന് സുനി ദേഖി സനേഹൂ
സഭാ സഹിത് മുനി ഭഏ ബിദേഹൂ,
ഭരത് മഹാ മഹിമാ ജലരാസീ
മുനി മതി ഠാഢി തീര് അബലാ സീ. 1

ഗാ ചഹ് പാര് ജതനു ഹിയ്ँ ഹേരാ
പാവതി നാവ് ന ബോഹതു ബേരാ,
ഔര് കഹിഹി കോ ഭരത് ബഡാഈ
സരസീ സീപി കി സിന്ധു സമാഈ. 2

ഭരതു മുനിഹി മന് ഭീതര് ഭാഏ
സഹിത് സമാജ് രാമ് പഹിം ആഏ,
പ്രഭു പ്രനാമു കരി ദീൻഹ് സുആസനു
ബൈഠേ സബ് സുനി മുനി അനുസാസനു. 3

ബോലേ മുനിബരു ബചന് ബിചാരീ
ദേസ് കാല് അവസര് അനുഹാരീ,
സുനഹു രാമ് സര്ബഗ്യ് സുജാനാ
ധരമ് നീതി ഗുന് ഗ്യാന് നിധാനാ. 4

ഭരതന്റെ വാക്കുകളെ കേട്ട്, അവന്റെ സ്നേഹത്തെ കണ്ട്, മുനിയും സഭയും തങ്ങളുടെ ശരീരത്തെ കൂടി മറന്നു. ഭരതന്റെ മഹത്തായ പ്രതാപം സമുദ്രത്തെപ്പോലെയും, മുനിയുടെ ബുദ്ധിശക്തി അതിന്റെ കരയിൽ അതിനെ കടക്കാൻ ആഗ്രഹിയ്ക്കുന്ന, പക്ഷേ എത്ര ശ്രമിച്ചിട്ടും ഒരു തോണിയേയോ, കപ്പലിനേയോ, ഓടത്തേയോ കാണാനാവാത്ത നിസ്സഹായയായ ഒരു സ്ത്രീയെപ്പോലെയുമിരുന്നു. വേറെ ആർക്കാണ് ഭരതന്റെ മഹത്വത്തെ പറയാനാവുക? സമുദ്രത്തെ ഒരു ചെറിയ കുളത്തിൽ നിറയ്ക്കാനാവുമോ? മുനി ഭരതനിൽ മനസ്സിനുള്ളിൽ സന്തുഷ്ട നായി, സമാജത്തോടുകൂടി ശ്രീരാമന്റെ അടുക്കലേയ്ക്ക് വന്നു. പ്രഭു അദ്ദേഹത്തെ വണങ്ങി ഒരു നല്ല ആസനം നൽകി. മുനിയുടെ നിർദ്ദേശം ലഭിച്ച് എല്ലാവരും ഇരുന്നു. മുനിവരൻ ദേശകാലാവസ്ഥകളെ അനുസരിച്ച് നന്നായി ആലോചിച്ച് ഈവിധം പറഞ്ഞു: “രാമ, കേൾക്കൂ: നീ സർവജ്ഞനും, നല്ല ജ്ഞാനിയും, ധർമ്മത്തിന്റേയും, നീതിയുടേയും, ഗുണങ്ങളുടേയും, ജ്ഞാനത്തിന്റേയും കലവറയാണ്.”

ദോ:

സബ് കേ ഉര് അംതര് ബസഹു ജാനഉ ഭാഉ കുഭാഉ,
പുരജന് ജനനീ ഭരത് ഹിത് ഹോഇ സൊ കഹിഅ ഉപാഉ. (257)

“നീ എല്ലാവരുടേയും ഹൃദയത്തിൽ വസിച്ചുകൊണ്ട് നല്ലതും ചീത്തയു മായ ഉദ്ദേശങ്ങളെ അറിയുന്നു. അതിനാൽ, പുരവാസികളും, അമ്മമാരും, ഭരതനും ഏതുവിധത്തിൽ കൃതാർത്ഥരാവും എന്ന് പറയൂ.” (257)

ചൗ:

ആരത് കഹഹിം ബിചാരി ന കാഊ
സൂഝ് ജുആരിഹി ആപന് ദാഊ,
സുനി മുനി ബചന് കഹത് രഘുരാഊ
നാഥ് തുംഹാരെഹി ഹാഥ് ഉപാഊ. 1

സബ് കര് ഹിത് രുഖ് രാഉരി രാഖേം
ആയസു കിഏ്ँ മുദിത് ഫുര് ഭാഷേം,
പ്രഥമ് ജൊ ആയസു മോ കഹു്ँ ഹോഈ
മാഥേം മാനി കരൗം സിഖ് സോഈ. 2

പുനി ജെഹിം കഹ്ँ ജസ് കഹബ് ഗൊസാഈം
സോ സബ് ഭാँതി ഘടിഹി സെവകാഈം,
കഹ് മുനി രാമ് സത്യ് തുംഹ് ഭാഷാ
ഭരത് സനേഹ്ँ ബിചാരു ന രാഖാ. 3

തെഹി തേം കഹഉ്ँ ബഹോരി ബഹോരീ
ഭരത് ഭഗതി ബസ് ഭഇ മതി മോരീ,
മോരേം ജാന് ഭരത് രുചി രാഖീ
ജോ കീജിഅ സോ സുഭ് സിവ് സാഖീ. 4

"ദു:ഖിതരായിരിയ്ക്കുന്നവർ ഒരിയ്ക്കലും ചിന്തിച്ച് സംസാരിയ്ക്കില്ല. ഒരു ചൂതാട്ടക്കാരൻ തന്റെ കളിയെ മാത്രം കാണുന്നു." മുനിയുടെ വാക്കുകളെ കേട്ട് രാഘവൻ മറുപടി പറഞ്ഞു: "സ്വാമീ, പരിഹാരം അങ്ങയുടെ കൈകളിലാണുള്ളത്. എല്ലാവരും അങ്ങയുടെ ഇച്ഛയെ തൃപ്തിപ്പെടുത്തി, അങ്ങയുടെ ആദേശങ്ങളെ നിറവേറ്റി, അവയെ സന്തോഷത്തോടെ സ്വാഗതം ചെയ്തുകൊണ്ട് ഉപകൃതരാവും. ആദ്യം അങ്ങ് തരുന്ന ഏത് ആദേശങ്ങളേയും, ഉപദേശങ്ങളേയും ഞാൻ ആദരവോടെ നിർവഹിയ്ക്കും. പിന്നെ, പ്രഭോ, ആരെല്ലാം അങ്ങയുടെ ആദേശങ്ങളെ ലഭിയ്ക്കുന്നുവോ, അവരെല്ലാം എല്ലാവിധത്തിലും അങ്ങ യുടെ സേവയ്ക്കായി പൂർണ്ണമായും സമർപ്പിതരാവും." മുനി പറഞ്ഞു: "രാമ, നീ പറഞ്ഞത് സത്യമാണ്. പക്ഷേ, ഭരതന്റെ സ്നേഹം എന്റെ മനസ്സിനെ കവർന്നിരിയ്ക്കുന്നു. അതാണ് ഞാൻ

വീണ്ടും വീണ്ടും പറയുന്നത്, എന്റെ വിവേചനശക്തി ഭരതന്റെ ഭക്തിയാൽ വശപ്പെടുത്തപ്പെട്ടിരിയ്ക്കുന്നു. എന്റെ മനസ്സിന്ന്, ഭരതന്റെ ഇച്ഛയെ മാനിച്ചുകൊണ്ട് എന്തുതന്നെ നീ ചെയ്താലും, ശിവൻ സാക്ഷിയാണ്, എല്ലാം നല്ലതിനായിരിയ്ക്കും."

ദോ:

ഭരത് ബിനയ് സാദര് സുനിഅ കരിഅ ബിചാരു ബഹോരി,
കരബ് സാധുമത് ലോകമത് നൃപനയ് നിഗമ് നിചോരി. (258)

"ഭരതന്റെ വിനീതമായ അപേക്ഷയെ ശ്രദ്ധിച്ചു കേട്ട്, പിന്നെ അതിനെപ്പറ്റി ചിന്തിച്ചു നോക്കൂ. പിന്നെ സാധുക്കളുടേയും, ലോകത്തിന്റേയും അഭിപ്രായങ്ങളേയും, രാജകീയനയത്തേയും, വേദങ്ങളുടെ മതത്തേയും പരിശോധിച്ച് അവ എന്തു നിർദ്ദേശിയ്ക്കുന്നുവോ, അതു പ്രകാരം പ്രവർത്തിയ്ക്കൂ." (258)

ചൗ:

ഗുര് അനുരാഗു ഭരത് പര് ദേഖീ
രാമ് ഹൃദയ്ँ ആനന്ദു ബിസേഷീ,
ഭരത്ഹി ധരമ് ധുരന്ധര് ജാനീ
നിജ് സേവക് തന് മാനസ് ബാനീ. 1

ബോലേ ഗുര് ആയസ് അനുകൂലാ
ബചന് മംജു മൃദു മംഗല്മൂലാ,
നാഥ് സപഥ് പിതു ചരന് ദൊഹാഈ
ഭയഉ ന ഭുഅന് ഭരത് സമ് ഭാഈ. 2

ജേ ഗുര് പദ് അംബുജ് അനുരാഗീ
തേ ലോക്ഹുँ ബേദ്ഹുँ ബഡ്ഭാഗീ,
രാഉര് ജാ പര് അസ് അനുരാഗൂ
കോ കഹി സകഇ ഭരത് കര് ഭാഗൂ. 3

ലഖി ലഘു ബന്ധു ബുദ്ധി സകുചാഈ
കരത് ബദന് പര് ഭരത് ബഡാഈ,

ഭരതു കഹഹിം സൊഇ കിഏ് ഭലാഈ
അസ് കഹി രാമ് രഹേ അര്ഗാഈ. **4**

ഭരതന്റെ പേരിൽ ഗുരുവിന്നുണ്ടായിരുന്ന സ്നേഹത്തെ കണ്ട് ശ്രീരാമന്റെ മനസ്സിൽ വിശേഷിച്ചും ആനന്ദമുണ്ടായി. ഭരതനെ ധർമ്മധുരന്ധരനും, മനസാ വാചാ കർമ്മണാ തന്റെ സേവകനുമാണെന്നറിഞ്ഞ്, അവൻ ഗുരുവിന്റെ ആദേശത്തിന്നനുകൂലമായതും, മധുരവും, മൃദുവും, മംഗളകരവുമായ വാക്കുകളിൽ പറഞ്ഞു: "പ്രഭോ, അങ്ങയുടേയും എന്റെ പിതാവിന്റേയും പാദങ്ങൾ ആണയായി പറയുന്നു, ഈ ലോകത്തിൽ ഭരതനെപ്പോലെ ഒരു സഹോദരൻ ഉണ്ടായിട്ടില്ല. തങ്ങളുടെ ഗുരുവിന്റെ പാദങ്ങളിൽ ഭക്തിയുള്ളവർ, ലോകത്തിന്റെയും വേദങ്ങളുടേയും ദൃഷ്ടി യിൽ മഹാഭാഗ്യവാന്മാരാണ്. ആരുടെ മേൽ അങ്ങയ്ക്ക് ഇത്രയും സ്നേഹമുണ്ടോ ആ ഭരതന്റെ ഭാഗ്യത്തെ ആർക്കാണ് വർണ്ണിയ്ക്കുവാനാവുക! അവനെ എന്റെ അനുജനാണെന്നറിഞ്ഞുകൊണ്ട് അവന്റെ മുഖത്തിന്നു നേരെത്തന്നെ അവനെ പ്രശംസിയ്ക്കാൻ തുടങ്ങുമ്പോൾ എന്റെ മനസ്സ് ചുങ്ങിപ്പോകുന്നു. ഭരതൻ പറയുന്നതിനെ നടപ്പിലാക്കുന്നത് നമ്മുടെ നന്മയ്ക്കായിരിയ്ക്കും." എന്നു പറഞ്ഞ് ശ്രീരാമൻ മൗനമായിരുന്നു.

ദോ:

തബ് മുനി ബോലേ ഭരത് സന് സബ് സ്കോചു തജി താത്,
കൃപാസിന്ധു പ്രിയ് ബന്ധു സന് കഹഹു ഹൃദയ് കൈ ബാത്. **(259)**

അപ്പോൾ മുനി ഭരതനോട് പറഞ്ഞു: "വത്സ, സങ്കോചമെല്ലാം വെടിഞ്ഞ് നിന്റെ മനസ്സിലുള്ളതിനെ കൃപാസിന്ധുവായ നിന്റെ ജ്യേഷ്ഠനോട് പറയൂ." (259)

ചൗ:

സുനി മുനി ബചന് രാമ് രുഖ് പാഈ
ഗുരു സാഹിബ് അനുകൂല് അഘാഈ,
ലഖി അപനേം സിര് സബു ഛരു ഭാരൂ
കഹി ന സകഹിം കഛു കരഹിം ബിചാരു. **1**

പുലകി സരീര് സഭാ്ഺ ഭഎ ഠാഢേ
നീരജ് നയന് നേഹ് ജല് ബാഢേ,
കഹബ് മോര് മുനിനാഥ് നിബാഹാ
എഹി തേം അധിക് കഹൗ മൈം കാഹാ. 2

മൈം ജാനഉ്ഺ നിജ്നാഥ് സുഭാഊ
അപരാധിഹു പര് കോഹ് ന കാഊ,
മോ പര് കൃപാ സനേഹു ബിസേഷീ
ഖേലത് ഖുനിസ് ന കബഹൂ്ഺ ദേഖീ. 3

സിസുപന് തേം പരിഹരെഉ്ഺ ന സംഗൂ
കബഹു്ഺ ന കീൻഹ് മോര് മന് ഭംഗൂ,
മൈം പ്രഭു കൃപാ രീതി ജിയ്ഺ ജോഹീ
ഹാരെഹു്ഺ ഖേല് ജിതാവഹിം മോഹീ. 4

മുനിയുടെ വാക്കുകളെ കേട്ട്, ശ്രീരാമന്റെ മനസ്സിലുള്ളതിനെ അറിഞ്ഞ് ഗുരുവും പ്രഭവും തനിയ്ക്കനുകൂലമാണെന്നുകണ്ട് ഭരതൻ തൃപ്തിയടഞ്ഞു. അതേ സമയം എല്ലാ ഭാരത്തേയും തന്റെ ചുമലിലേറ്റിയിരിയ്ക്കുന്നതായി മനസ്സിലാക്കി. അതിനാൽ അവൻ ഒന്നും തന്നെ പറയാനാവാതെ ചിന്തയിലാണ്ടു. രോമാഞ്ചം കൊണ്ട ശരീരത്തോടെ അവൻ സഭയുടെ മുന്നിൽ നിന്നു. കണ്ണുകളിൽ പ്രേമാശ്രുക്കൾ നിറഞ്ഞുവഴിഞ്ഞു. “എനിയ്ക്ക് പറയാനുണ്ടായിരുന്നതിനെ മുനീശ്വരൻ പറഞ്ഞു കഴിഞ്ഞു. അതിന്നും മീതെ എനിയ്ക്ക് ഒന്നും തന്നെ പ്രസ്താവിയ്ക്കാനില്ല. എന്റെ സ്വാമിയുടെ സ്വഭാവം എനിയ്ക്കറിയും. അവൻ അപരാധികളോടുകൂടി ഒരിയ്ക്കലും കോപിയ്ക്കില്ല. എന്മേൽ അവന്ന് പ്രത്യേകം കൃപയും സ്നേഹവുമുണ്ട്. കളിയ്ക്കുമ്പോൾ കൂടി അവൻ എന്നോട് ദ്വേഷ്യപ്പെട്ട് ഞാൻ കണ്ടിട്ടില്ല. കുട്ടിക്കാലം തൊട്ടുതന്നെ ഞാനവന്റെ സംസർഗ്ഗം വിട്ടിട്ടില്ല. അവൻ ഒരിയ്ക്കലും എന്റെ മനസ്സിനെ നോവിച്ചിട്ടില്ല. പ്രഭുവിന്ന് എന്മേലുള്ള കൃപയെപ്പറ്റി എനിയ്ക്ക് നന്നായി മനസ്സിലായിട്ടുണ്ട്. കളിയ്ക്കുമ്പോൾ ഞാൻ തോല്ക്കുന്നതായാൽ അവൻ എന്നെ ജയിപ്പിയ്ക്കുമായിരുന്നു.”

ദോ:

മഹു് സനേഹ് സകോച് ബസ് സന്മുഖ് കഹീ ന ബൈന്,
ദര്സന് തൃപിത് ന ആജു ലഗി പേമ് പിആസേ നൈന്. (260)

"സ്നേഹവും സങ്കോചവും കാരണം ഞാനും അവന്നു മുമ്പിൽ വായ തുറക്കില്ലായിരുന്നു. അവന്റെ ദർശനത്തിന്നായി പ്രേമത്തോടെ ദാഹിച്ചു കൊണ്ടിരിയ്ക്കുന്ന എന്റെ കണ്ണുകൾ ഇന്നേവരെയും തന്നെ തൃപ്തി യടഞ്ഞിട്ടില്ല." (260)

ചൗ:

ബിധി ന സകെഉ സഹി മോര് ദുലാരാ
നീച് ബീചു ജനനീ മിസ് പാരാ,
യഹഉ കഹത് മൊഹി ആജു ന സോഭാ
അപനീ സമുഝി സാധു സുചി കോ ഭാ. 1

മാതു മന്ദി മൈം സാധു സുചാലീ
ഉര് അസ് ആനത് കോടി കുചാലീ,
ഫരഇ കി കോദവ് ബാലി സുസാലീ
മുക്താ പ്രസവ് കി സംബുക് കാലീ. 2

സപനെഹു് ദോസക് ലേസു ന കാഹൂ
മോര് അഭാഗ് ഉദധി അവഗാഹൂ,
ബിനു സമുഝേം നിജ് അഘ് പരിപാകൂ
ജാരിഉ് ജായ് ജനനി കഹി കാകൂ. 3

ഹൃദയ് ഹേരി ഹാരെഉ് സബ് ഓരാ
ഏക്ഹി ഭാ്തി ഭലെഹിം ഭല് മോരാ,
ഗുര് ഗൊസാഇ് സാഹിബ് സിയ് രാമൂ
ലാഗത് മോഹി നീക് പരിനാമൂ. 4

"പക്ഷേ, വിധിയ്ക്ക് ഞാൻ വാത്സ്യല്യത്തോടെ കൊണ്ടാടപ്പെടുന്നത് സഹിയ്ക്കാനായില്ല. ദൈവം ഞങ്ങൾക്കിടയിൽ എന്റെ നീചയായ അമ്മയുടെ രൂപത്തിൽ ഒരു വിടവിനെ ഉണ്ടാക്കി. ഇന്ന് ഞാൻ ഈവിധം പറയുന്നതുകൂടി എനിയ്ക്ക് ശോഭയെ തരുന്നില്ല. എന്തെന്നാൽ ആരാണ്

സ്വന്തം അഭിപ്രായത്തിന്റെ ആധാരത്തിൽ ഒരുവൻ നല്ലവനും നിർദോഷിയുമാണെന്ന് മാനിയ്ക്കപ്പെട്ടിട്ടുള്ളത്? എന്റെ അമ്മ ദുഷ്ടയും ഞാൻ സാധുവും നേരായവനുമാണെന്ന വിചാരത്തെ മനസ്സിൽ പരിഗണിയ്ക്കുന്നതുതന്നെ കോടി കുതന്ത്രങ്ങൾക്ക് സമമാണ്. കോദ്രവ* ച്ചെടിയിൽ നല്ലതരം നെല്ല് എങ്ങനെയുണ്ടാവും? ശംബുക (ഇരട്ടക്കക്ക) ത്തിൽ എങ്ങനെയാണ് മുത്തുണ്ടാവുക? ലേശം ദോഷം കൂടി ആരേയും സ്വപ്നത്തിലും ബാധിയ്ക്കുന്നില്ല. എന്റെ ദുർഭാഗ്യം സമുദ്രത്തെപ്പോലെ ആഴം കാണാനാവാത്തതാണ്. എന്റെ സ്വന്തം പാപങ്ങളുടെ ഫലങ്ങളെ കണക്കാക്കാതെ ഞാൻ വൃഥാ എന്റെ അമ്മയെ ദുഷിച്ച് അവളെ വേദനിപ്പിച്ചു. ഞാനെന്റെ മനസ്സിൽ എല്ലാ സാദ്ധ്യതകളുടെ വഴികളും ആരാഞ്ഞുനോക്കിക്കഴിഞ്ഞു. പക്ഷേ നിരാശനായിരിയ്ക്കുന്നു. എന്റെ രക്ഷയ്ക്ക് ഒരേ ഒരു ആശയെ ഉള്ളൂ: അങ്ങുന്ന് എന്റെ ഗുരുവും, സീതയും രാമനും എന്റെ സ്വാമിമാരുമാണ്. ഇതിൽനിന്നും എല്ലാം ശുഭമായി പരിണമിയ്ക്കുമെന്ന് ഞാൻ ഊഹിയ്ക്കുന്നു."

---

*കോദ്രവം (കോഡോ) എന്നത് വടക്കേ ഇന്ത്യയിൽ വളരുന്ന, സാധുക്കൾ ഭക്ഷിയ്ക്കുന്ന, വളരെ താണജാതി ധാന്യമാണ്.

ദോ:

സാധു സഭാ് ഗുര് പ്രഭു നികട് കഹഉ് സുഥല് സതിഭാഉ,
പ്രേമ്പ്രപംചു കി ഝൂഠ് ഫുര് ജാനഹിം മുനി രഘുരാഉ. (261)

"ഈ സാധുക്കളുടെ സാന്നിദ്ധ്യമുള്ള സഭയിൽ, എന്റെ ഗുരുവിന്റേയും സ്വാമിയുടേയും സമക്ഷത്തിൽ, ഈ പുണ്യസ്ഥലത്തിൽ ഞാൻ ആത്മാർത്ഥതയോടെ പറയുന്നു: എന്റെ ഹൃദയത്തിൽ സ്നേഹമുണ്ടോ, അഥവാ എല്ലാംതന്നെ ഒരു നാട്യം മാത്രമാണോ എന്നും, ഞാൻ പറയുന്നത് സത്യമോ കള്ളമോ എന്നും മുനിയ്ക്കും രാമന്നുമറിയാവുന്നതാണ്." (261)

ചൗ:

ഭൂപതി മരന് പേമ് പനു രാഖീ
ജനനീ കുമതി ജഗതു സബു സാഖീ,
ദേഖി ന ജാഹിം ബികല് മഹതാരീം
ജരഹിം ദുസഹ് ജര് പുര് നര് നാരീം. 1

മഹീം സകല് അനരഥ് കര് മൂലാ
സോ സുനി സമുഝി സഹിഉ്ँ സബ് സൂലാ,
സുനി ബന് ഗവനു കീൻഹ് രഘുനാഥാ
കരി മുനി ബേഷ് ലഖന് സിയ് സാഥാ. 2

ബിനു പാനഹിൻഹ് പയാദെഹി പാഏँ
സംകരു സാഖി രഹെഉँ എഹി ധാഏँ,
ബഹുരി നിഹാരി നിഷാദ് സനേഹൂ
കുലിസ് കഠിന് ഉര് ഭയഉ ന ബേഹൂ. 3

അബ് സബു ആँഖിൻഹ് ദേഖെഉँ ആഇഊ
ജിഅത് ജീവ് ജഡ് സബ്ഇ സഹാഇഊ,
ജിൻഹഹി നിരഖി മഗ് സാँപിനി ബീഛീ
തജഹിം ബിഷമ് ബിഷു താമസ് തീഛീ. 4

"ഒരുവശത്ത് രാജാവ് തന്റെ ഉറച്ച സ്നേഹം കാരണവും, മറുവശത്ത് എന്റെ അമ്മയുടെ ദുർബുദ്ധി കാരണവുമാണ് രാജാവ് മരിച്ചുപോയ തെന്നതിന്ന് ലോകം മുഴുവൻ തന്നെ സാക്ഷ്യം വഹിയ്ക്കും. റാണിയമ്മ മാരുടെ ദു:ഖാവസ്ഥ കണ്ടു സഹിയ്ക്കാനാവുന്നതല്ല. നഗരത്തിലെ സ്ത്രീ പുരുഷന്മാർ ദുസ്സഹമായ വേദനയാൽ നീറുന്നു. ഞാനാണ് എല്ലാ അനർത്ഥങ്ങൾക്കും മൂലകാരണമെന്ന് കേൾക്കുകയും മനസ്സിലാക്കുകയും ചെയ്ത് അതനുസരിച്ച് യാതനകളെല്ലാം അനുഭവിയ്ക്കുകയും ചെയ്തിട്ടുണ്ട്. എല്ലാറ്റിന്നും മീതെ രഘുനാഥൻ ലക്ഷ്മണനോടും സീതയോടും കൂടി പാദരക്ഷകളില്ലാതെ കാൽനടയായി കാട്ടിലേയ്ക്ക് പോയി. ആ അടിയേയും ഞാൻ അതിജീവിച്ചുവെന്നതിന്ന് ശിവഭഗവാൻ സാക്ഷിയാണ്. പോരാത്തതിന്ന് നിഷാദന്റെ സ്നേഹത്തെ കണ്ടപ്പോൾ വജ്രത്തെക്കാളും കഠിനമായ എന്റെ ഹൃദയം വെടിച്ചില്ല. ഇപ്പോൾ ഞാൻ എല്ലാം എന്റെ കണ്ണുകൾകൊണ്ട് കണ്ടുകഴിഞ്ഞു; ഇനി ഞാൻ ജീവിച്ചിരിയ്ക്കുന്നേടത്തോളം കാലം എന്റെ ഈ ജഡമായ മനസ്സ് എനിയ്ക്ക് എല്ലാവിധ യാതനകളേയും തരും. രാമനേയും, ലക്ഷ്മണനേയും, സീത യേയും പറ്റി എന്തു പറയാനാ? അവരെ കണ്ട് വഴിയിൽക്കൂടി പോകുന്ന പാമ്പുകളും തേളുകളും

തങ്ങളുടെ മാരകമായ വിഷത്തേയും അടക്കാനാവാത്ത ക്രോധത്തേയും മറന്നുപോകുന്നു."

ദോ:

തെഇ രഘുനന്ദനു ലഖനു സിയ് അന്ഹിത് ലാഗേ ജാഹി,
താസു തനയ് തജി ദുസഹ് ദുഖ് ദൈഉ സഹാവഇ കാഹി. (262)

"രാമനേയും, ലക്ഷ്മണനേയും, സീതയേയും ശത്രുക്കളായികണ്ട കൈകേയിയുടെ പുത്രന്മേലല്ലാതെ മറ്റാരുടെ മേലാണ് ദൈവം അസഹ്യമായ വേദനയെ ഏല്പിയ്ക്കുക?" (262)

ചൗ:

സുനി അതി ബികല് ഭരത് ബര് ബാനീ
ആരതി പ്രീതി ബിനയ് നയ് സാനീ,
സോക് മഗന് സബ് സഭാँ ഖഭാരൂ
മനഹുँ കമല് ബന് പരെഉ തുസാരൂ. 1

കഹി അനേക് ബിധി കഥാ പുരാനീ
ഭരത് പ്രബോധു കീൻഹ് മുനി ഗ്യാനീ,
ബോലേ ഉചിത് ബചന് രഘുനന്ദൂ
ദിനകര് കുല് കൈരവ് ബന് ചന്ദൂ. 2

താത് ജായँ ജിയँ കരഹു ഗ്ലാനീ
ഈസ് അധീന് ജീവ് ഗതി ജാനീ,
തീനി കാല് തിഭുഅന് മത് മോരേം
പുന്യസിലോക് താത് തര് തോരേം. 3

ഉര് ആനത് തുംഹ് പര് കുടിലാഈ
ജാഇ ലോകു പരലോകു നസാഈ,
ദോസു ദേഹിം ജനനിഹി ജഡ് തേഈ
ജിൻഹ് ഗുര് സാധു സഭാ നഹിം സേഈ.. 4

വേദനയും, സ്നേഹവും, വിനയവും, വിവേകവും നിറഞ്ഞ ഭരതന്റെ അത്യന്തം വികാരഭരിതമായ മഹത്തായ വാക്കുകളെ കേട്ട്, എല്ലാവരും

ദു:ഖിതരായി. മഞ്ഞിനാൽ വാട്ടപ്പെട്ട താമരപ്പൂക്കളുടെ കൂട്ടത്തെപ്പോലെ സഭ മുഴുവൻ തന്നെ ശോകാകുലരായി. ജ്ഞാനിയായ മുനി അനേകം പുരാണകഥകളും മറ്റും പറഞ്ഞ് ഭരതനെ ആശ്വസിപ്പിച്ചു. സൂര്യവംശ മെന്ന ആമ്പൽപ്പൂക്കൾക്ക് ചന്ദ്രനെന്നപോലുള്ള രഘുനന്ദനൻ സന്ദർഭോ ചിതമായ വാക്കുകൾ പറഞ്ഞു: "പ്രിയസോദര, നീ വെറുതെയാണ് മനസ്സിൽ മ്ലാനത ഭാവിയ്ക്കുന്നത്. ജീവികളുടെ ഗതി ദൈവത്തിന്റെ അധീനത്തിലാണെന്നറിയൂ. എന്റെ മനസ്സിന്ന് മൂന്നു ലോകങ്ങളിലെ മൂന്നു കാലങ്ങളിലുമുള്ള പുണ്യശ്ലോകന്മാരായവർ നിന്റെ മുന്നിൽ എത്രയും താണവരാണ്. നിന്റെ മേൽ മനസ്സിൽക്കൂടി കുടിലത ഭാവിയ്ക്കുന്നവർ ഈ ലോകത്തിലും പരലോകത്തിലും നാശത്തെ പ്രാപിയ്ക്കും. അമ്മ കൈകേയിയെ കുറ്റം പറയുന്നവർ ഗുരുവിനേയും സാധുജനങ്ങളേയും ആശ്രയിയ്ക്കാത്ത ജഡങ്ങളാണ്."

ദോ:

മിടിഹഹിം പാപ് പ്രപംച് സബ് അഖില് അമംഗല് ഭാര്,
ലോക് സുജസു പരലോക് സുഖു സുമിരന് നാമു തുംഹാര്. (263)

"നിന്റെ നാമത്തിന്റെ സ്മരണത്താൽ എല്ലാ പാപങ്ങളും, ഭവഭയവും, സർവ അമംഗളങ്ങളും മറഞ്ഞുപോകും. മാത്രമല്ല, അത് ഈ ലോകത്തിൽ സൽകീർത്തിയേയും പരലോകത്തിൽ സൗഖ്യത്തേയും പ്രദാനം ചെയ്യും." (263)

ചൗ:

കഹഉँ സുഭാഉ സത്യ് സിവ് സാഖീ
ഭരത് ഭൂമി രഹ് രാഉരി രാഖീ,
താത് കുതരക് കരഹു ജനി ജാഏँ
ബൈര് പേമ് നഹിം ദുരഇ ദുരാഏँ. 1

മുനി ഗന് നികട് ബിഹഗ് മൃഗ് ജാഹീം
ബാധക് ബധിക് ബിലോകി പരാഹീം,
ഹിത് അന്ഹിത് പസു പച്ഛിഉ ജാനാ
മാനുഷ് തനു ഗുന് ഗ്യാന് നിധാനാ. 2

താത് തുംഹഹി മൈം ജാനഉँ നീകേം
കരൗം കാഹ് അസമംജസ് ജീകേം,
രാഖെഉ രായँ സത്യ് മൊഹി ത്യാഗീ
തനു പരിഹരെഉ പേമ് പന് ലാഗീ. 3

താസു ബചന് മേടത് മന് സോചൂ
തെഹി തേം അധിക് തുംഹാര് സँകോചൂ,
താ പര് ഗുര് മൊഹി ആയസു ദീൻഹാ
അവസി ജൊ കഹഹു ചഹഉँ സൊഇ കീൻഹാ. 4

"ശിവഭഗവാൻ സാക്ഷിയായി, ആത്മാർത്ഥതയോടെ ഞാൻ പറയുന്നത് സത്യമാണ്. ഭരത, ഈ ഭൂമി നിലനില്ക്കുന്നതുതന്നെ നിന്നാലാണ്. പ്രിയ അനുജ, അനാവശ്യമായി നിന്നെപ്പറ്റി തെറ്റായ ധാരണയിൽ ഇരിയ്ക്കേണ്ട. വൈരഭാവവും സ്നേഹവും ഒരുവൻ എത്രതന്നെ ശ്രമിച്ചാലും അവയെ മറയ്ക്കാനാവില്ല. പക്ഷികളും മൃഗങ്ങളും മുനിമാരുടെ അടുത്തു പോകുന്നു. പക്ഷേ അവയെ ഉപദ്രവിയ്ക്കുന്ന വേടന്മാരെ കണ്ടാൽ അവ ദൂരെ ഓടിപ്പോകുന്നു. മൃഗങ്ങളും പക്ഷികളും കൂടി ഹിതകാരികളേയും ശത്രുക്കളേയും തിരിച്ചറിയുന്നു. ഗുണങ്ങളുടേയും ജ്ഞാനത്തിന്റേയും ഇരുപ്പിടമായ മനുഷ്യശരീരത്തെപ്പറ്റി പറയേണ്ടതുമില്ല. പ്രിയ സോദര, എനിയ്ക്ക് നിന്നെ നല്ലപോലെ അറിയും, പക്ഷേ ഞാനെന്തു ചെയ്യാനാ? എന്റെ മനസ്സിൽ വലിയ കുഴപ്പമുണ്ട്. രാജാവ് (നമ്മുടെ അച്ഛൻ) സത്യം പാലിച്ചുകൊണ്ട് എന്നെ ത്യജിച്ചു. മാത്രമല്ല, തന്റെ പ്രേമമാകുന്ന വ്രതത്തെ പാലിയ്ക്കാനായി തന്റെ ജീവനെത്തന്നെ ത്യജിച്ചു. ഞാനദ്ദേഹ ത്തിന്റെ വാക്കിനെ അവമതിയ്ക്കാൻ തുനിഞ്ഞാൽ എന്റെ മനസ്സ് അസ്വസ്ഥ മാകുന്നു. നിന്നെപ്പറ്റിയുള്ള മനശ്ചാഞ്ചല്യം അതിലും വലുതാണ്. പോരാത്തതിന്ന് എന്റെ ഗുരു എനിയ്ക്ക് ആദേശവും തന്നിരിയ്ക്കുന്നു. എന്തായാലും നീ നിർദ്ദേശിയ്ക്കുന്നപോലെ ചെയ്യുവാൻ ഞാൻ തയ്യാറാണ്."

ദോ:

മനു പ്രസന്ന് കരി സകുച് തജി കഹഹു കരൗം സൊഇ ആജു,
സത്യസന്ധ് രഘുബര് ബചന് സുനി ഭാ സുഖീ സമാജു. (264)

"പ്രസന്നമായ മനസ്സോടെ, സങ്കോചമില്ലാതെ എന്താണ് ചെയ്യേണ്ടതെന്ന് പറയൂ. അതിനെ ഞാൻ ഇന്നുതന്നെ നിർവഹിയ്ക്കാം." (264)

ചൗ:

സുര ഗന് സഹിത് സഭയ് സുരരാജൂ
സോചഹിം ചാഹത് ഹോന് അകാജൂ,
ബനത് ഉപാഉ കരത് കഛു നാഹീം
രാമ് സരന് സബ് ഗേ മന് മാഹീം. 1

ബഹുരി ബിചാരി പരസ്പര് കഹഹീം
രഘുപതി ഭഗത് ഭഗതി ബസ് അഹഹീം,
സുധി കരി അംബരീഷ് ദുർബാസാ
ഭേ സുര് സുരപതി നിപട് നിരാസാ. 2

സഹേ സുരൻഹ് ബഹു കാല് ബിഷാദാ
നരഹരി കിഏ പ്രഗട് പ്രഹ്‌ലാദാ,
ലഗി ലഗി കാന് കഹഹിം ധുനി മാഥാ
അബ് സുര് കാജ് ഭരത് കേ ഹാഥാ. 3

ആന് ഉപാഉ ന ദേഖിഅ ദേവാ
മാനത് രാമു സുസേവക് സേവാ,
ഹിയ്ँ സപേമ് സുമിരഹു സബ് ഭരത്ഹി
നിജ് ഗുന് സീല് രാമ് ബസ് കരത്ഹി. 4

ഇന്ദ്രനും ദേവഗണങ്ങളും തങ്ങളുടെ ഉദ്ദേശം വിഫലമായിത്തീരുമോ എന്ന വിചാരത്താൽ ഭീതിയടഞ്ഞു. അവർക്ക് എന്താണ് ചെയ്യേണ്ടതെന്നറിഞ്ഞില്ല. അവസാനം അവർ മനസ്സിൽ ശ്രീരാമനെ ശരണം പ്രാപിച്ചു. പിന്നേയും അവർ പരസ്പരം ചർച്ചചെയ്തുകൊണ്ട് രഘുപതി തന്റെ ഭക്തന്മാരുടെ ഭക്തിയ്ക്കധിനനാണെന്ന് പറഞ്ഞു. അംബരീഷന്റേയും ദുർവാസാവിന്റേയും കഥയെ സ്മരിച്ചുകൊണ്ട് ദേവന്മാരും ദേവേന്ദ്രനും അത്യന്തം നിരാശരായി. ഇതിന്നു മുമ്പും ദേവന്മാർ വളരെക്കാലം കഷ്ടമനുഭവിച്ചു. അവസാനം പ്രഹ്ലാദൻ നരഹരിയെ പ്രകടിപ്പിച്ചു. തലയിൽ തല്ലിക്കൊണ്ട് അവർ ഒരുവർക്കൊരുവർ സ്വകാര്യമായി

പറഞ്ഞുകൊണ്ടിരുന്നു: "ഇപ്പോൾ ദേവന്മാരുടെ കാര്യസാധന ഭരതന്റെ കൈകളിലാണ്. ദേവന്മാരേ, വേറൊരു ഉപായവും കാണുന്നില്ല. രാമൻ തന്റെ മഹാന്മാരായ സേവകന്മാരുടെ സേവനങ്ങളെ മാനിയ്ക്കുന്നതു മാത്രമാണ് ഒരു വഴി. അതിനാൽ നാം എല്ലാവരും തന്റെ ഗുണങ്ങളാലും സൗശീല്യത്താലും ശ്രീരാമനെ കവർന്നിരിയ്ക്കുന്ന ഭരതനെ പ്രേമം നിറഞ്ഞ മനസ്സോടെ സ്മരിയ്ക്കാം."

ദോ:

സുനി സുര് മത് സുരഗുര് കഹെഉ ഭല് തുംഹാര് ബഡ് ഭാഗു,
സകല് സുമംഗല് മൂല് ജഗ് ഭരത് ചരന് അനുരാഗു. (265)

ദേവന്മാരുടെ ഉദ്ദേശത്തെ കേട്ട ദേവഗുരു (ബൃഹസ്പതി) പറഞ്ഞു: "നന്നായി. നിങ്ങളുടെ ഭാഗ്യം വലുതാണ്. ഈ ലോകത്തിൽ ഭരതന്റെ പാദങ്ങളിൽ ഭക്തി എല്ലാ ശുഭമംഗളങ്ങളുടേയും മൂലകാരണമാണ്."(265)

ചൗ:

സീതാപതി സേവക് സെവകാഈ
കാമധേനു സയ് സരിസ് സുഹാഈ,
ഭരത് ഭഗതി തുംഹരേം മന് ആഈ
തജഹു സോചു ബിധി ബാത് ബനാഈ. 1

ദേഖു ദേവപതി ഭരത് പ്രഭാഊ
സഹജ് സുഭായ്ँ ബിബസ് രഘുരാഊ,
മന് ഥിര് കരഹു ദേവ് ഡരു നാഹീം
ഭരത്ഹി ജാനി രാമ് പരിഛാംഹീം. 2

സുനി സുരഗുര് സുര് സംമത് സോചൂ
അംതര്ജാമീ പ്രഭുഹി സകോചൂ,
നിജ് സിര് ഭാരു ഭരത് ജിയ്ँ ജാനാ
കരത് കോടി ബിധി ഉര് അനുമാനാ. 3

കരി ബിചാരി മന് ദീൻഹീ ഠീകാ
രാമ് രജായസ് ആപന് നീകാ,

നിജ് പന് തജി രാഖെഉ പന് മോരാ
ഛോഹു സനേഹു കീൻഹ് നഹിം ഥോരാ. 4

“സീതാപതിയുടെ സേവകന്റെ സേവനം നൂറ് കാമധേനുക്കൾക്കു സമാനം വിശിഷ്ടമാണ്. ഇപ്പോൾ നിങ്ങളുടെ മനസ്സിൽ ഭരതന്റെ പേരിൽ ഭക്തിയുണ്ടായിരിയ്ക്കുന്നതിനാൽ നിങ്ങൾ ദു:ഖിയ്ക്കേണ്ടതില്ല. എന്തെന്നാൽ ദൈവം നിങ്ങളുദ്ദേശിച്ച കാര്യത്തെ നിറവേറ്റിക്കഴിഞ്ഞു. ഹേ ദേവേന്ദ്ര, ഭരതന്റെ പ്രഭാവത്തെ നോക്കൂ. രാഘവൻ സഹജമായിത്തന്നെ മുഴുവനും അവന്റെ അധീനത്തിലാണ്. ഭരതനെ രാമന്റെ ഛായയാണെന്ന് മനസ്സിലാക്കി മനസ്സിനെ ദൃഢമാക്കിക്കൊള്ളുവിൻ. ഭയപ്പെടേണ്ടതില്ല.” സർവാന്തര്യാമിയായ പ്രഭു ദേവന്മാരും അവരുടെ ഗുരുവും തമ്മിലുണ്ടായ സംവാദത്തെ കേട്ട് അസ്വസ്ഥനായി. എല്ലാ ഭാരവും ഇപ്പോൾ തന്റെ തോളത്താണെന്ന് ഭരതൻ ഭാവിച്ച് മനസ്സിൽ അനവധി അനുമാനങ്ങൾ ചെയ്തു. നല്ലപോലെ ചിന്തിച്ചശേഷം അവൻ ശ്രീരാമനെ അനുസരിയ്ക്കുന്നതിലാണ് തന്റെ നന്മയുള്ളതെന്ന തീരുമാനത്തിലെത്തി. 'അവൻ തന്റെ സ്വന്തം വ്രതത്തെ വെടിഞ്ഞ് എന്റെ വ്രതത്തെ മാനിച്ച് കരുണയും സ്നേഹവും കാണിച്ചത് കുറച്ചൊന്നുമല്ല.'.

ദോ:

കീൻഹ് അനുഗ്രഹ് അമിത് അതി സബ് ബിധി സീതാനാഥ്,
കരി പ്രനാമു ബോലേ ഭരതു ജോരി ജലജ് ജുഗ് ഹാഥ്. (266)

'സീതാപതി എല്ലാവിധത്തിലും എന്മേൽ അത്യന്തം അമിതമായ അനുഗ്രഹമാണ് ചെയ്തിട്ടുള്ളത്.' പിന്നെ ഭരതൻ തലവണങ്ങിക്കൊണ്ട്, തന്റെ കരകമലങ്ങളെ കൂപ്പിക്കൊണ്ട് പറഞ്ഞു: (266)

ചൗ:

കഹൗം കഹാവൗം കാ അബ് സ്വാമീ
കൃപാ അംബുനിധി അന്തർജാമീ,
ഗുര് പ്രസന്ന് സാഹിബ് അനുകൂലാ
മിടീ മലിന് മന് കല്പിത് സുലാ. 1

അപ്ഡര് ഡരെഉँ ന സോച് സമൂലേം
രബിഹി ന ദോസു ദേവ് ദിസി ഭൂലേം,

മോര് അഭാഗു മാതു കുടിലാഈ
ബിധി ഗതി ബിഷമ് കാല് കഠിനാഈ. 2

പാഉ രോപി സബ് മിലി മൊഹി ഘാലാ
പ്രനതപാല് പന് ആപന് പാലാ,
യഹ് നഇ രീതി ന രാഉര് ഹോഈ
ലോക്ഹു് ബേദ് ബിദിത് നഹിം ഗോഈ. 3

ജഗു അന്ഭല് ഭല് ഏകു ഗൊസാഈം
കഹിഅ ഹോഇ ഭല് കാസു ഭലാഈം,
ദേഉ ദേവതരു സരിസ് സുഭാഊ
സന്മുഖ് ബിമുഖ് ന കാഹുഹി കാഊ. 4

“കൃപാസമുദ്രവും സർവാന്തര്യാമിയുമായ സ്വാമീ, ഞാനെന്തു പറയാനാ, മറ്റുള്ളവരെക്കൊണ്ട് എന്ത് പറയിയ്ക്കാനാ? ഇപ്പോൾ ഗുരു പ്രസന്നനും സ്വാമി (അങ്ങ്) അനുകൂലവുമായിരിയ്ക്കേ, എന്റെ മലിനമായ മനസ്സിനാൽ ത്തന്നെ കല്പിയ്ക്കപ്പെട്ട ദു:ഖം മറഞ്ഞുകഴിഞ്ഞു. ഞാൻ മനസ്സിൽ സങ്കല്പിച്ച ഭയത്താൽ അത്യന്തം ബാധിതനായിരുന്നു. എന്റെ ആകുലതയ്ക്ക് യാതൊരു വിധത്തിലുള്ള അടിസ്ഥാനവുമില്ല. ആരെങ്കിലും ദിശയെ തെറ്റായെടുത്താൽ അത് സൂര്യന്റെ കുറ്റമല്ല. എന്റെ ദുർഭാഗ്യവും, എന്റെ അമ്മയുടെ കുടിലതയും, വിധിയുടെ ഗതിയും, കാലത്തിന്റെ ക്രൂരതയും ചേർന്ന് എന്നെ നശിപ്പിയ്ക്കാനുള്ള തുറന്ന ഉദ്ദേശത്തോടെ കൂട്ടുചതി ചെയ്തു. പക്ഷേ ആശ്രിതരെ രക്ഷിയ്ക്കുകയെന്ന വ്രതത്തെക്കൊണ്ട അങ്ങെന്നെ രക്ഷിച്ചു. ഇതങ്ങയ്ക്ക് പുതിയൊരു കാര്യമൊന്നുമല്ല. ഇത് ലോകം മുഴുവനും, വേദങ്ങൾക്കും നല്ലപോലെ അറിയാവുന്ന തുറന്ന രഹസ്യമാണ്. ലോകം മുഴുവനും വൈരിയായാലും, സ്വാമിയായ അങ്ങ് മാത്രം കരുണകാണിയ്ക്കുന്നതായാൽ, അങ്ങയുടേതല്ലാതെ മറ്റാരുടെ സദ്ഭാവം കൊണ്ടാണ് ഒരുവന്ന് നന്മയുണ്ടാവുന്നത്? സ്വാമീ അങ്ങ് സ്വഭാവത്താൽ ആരേയും അനുകൂലിയ്ക്കയോ, പ്രതികൂലിയ്ക്കുകയോ ചെയ്യാത്ത കല്പവൃക്ഷത്തെപ്പോലെയാണ്.”

ദോ:

ജാഇ നികട് പഹിചാനി തരു ഛാഹ്ഁ സമനി സബ് സോച്,
മാഗത് അഭിമത് പാവ് ജഗ് രാഉ രംകു ഭല് പോച്. (267)

“ഒരുവൻ കല്പവൃക്ഷത്തെ അറിഞ്ഞുകൊണ്ട് സമീപിച്ചാൽ അതിന്റെ ഛായയിൽ നിന്നാൽക്കൂടി അവന്റെ എല്ലാ ദുശ്ചിന്തകളും ശമിയ്ക്കും. ഈ ലോകത്തിൽ, രാജാവായാലും, യാചകനായാലും, നല്ലവനായാലും, കെട്ടവനായാലും, ആരുതന്നെ ചോദിച്ചാലും അത് ഇച്ഛിച്ച സാധനത്തെ കൊടുക്കുന്നു.” (267)

ചൗ:

ലഖി സബ് ബിധി ഗുര് സ്വാമി സനേഹൂ
മിടെഉ ഛോഭു നഹിം മന് സംദേഹൂ,
അബ് കരുനാകര് കീജിഅ സോഈ
ജന് ഹിത് പ്രഭു ചിത് ഛോഭു ന ഹോഈ. 1

ജോ സേവകു സാഹിബ്ഹി സ്ँകോചീ
നിജ് ഹിത് ചഹഇ താസു മതി പോചീ,
സേവക് ഹിത് സാഹിബ് സെവകാഈ
കരൈ സകല് സുഖ് ലോഭ് ബിഹാഈ. 2

സ്വാരഥു നാഥ് ഫിരേം സബ്ഹീ കാ
കിഏँ രജാഇ കോടി ബിധി നീകാ,
യഹ് സ്വാരഥ് പരമാരഥ് സാരൂ
സകല് സുകൃത് ഫല് സുഗതി സിംഗാരൂ. 3

ദേവ് ഏക് ബിനതീ സുനി മോരീ
ഉചിത് ഹോഇ തസ് കരബ് ബഹോരീ,
തിലക് സമാജു സാജി സബു ആനാ
കരിഅ സുഫല് പ്രഭു ജൗം മനു മാനാ. 4

“എന്റെ ഗുരുവിനേയും എന്റെ സ്വാമിയേയും (അങ്ങയെ) എല്ലാവിധ ത്തിലും സ്നേഹമുള്ളവരാണെന്നു കണ്ട് എന്റെ അസ്വസ്ഥത പോയി ക്കഴിഞ്ഞു. എന്റെ മനസ്സിൽ ഒരു സംശയവുമില്ല. ഹേ കരുണാകര, അങ്ങ് അങ്ങയുടെ ഈ ദാസന്നുവേണ്ടി ക്ഷുബ്ധനാകാതിരിയ്ക്കാൻ വേണ്ട നടവടികൾ എടുത്താലും. സ്വന്തം ലാഭത്തിന്നുവേണ്ടി തന്റെ സ്വാമിയെ സങ്കോചപ്പെടുത്തുന്ന അവസ്ഥയിലാക്കുന്ന സേവകൻ നീചബുദ്ധിയുള്ള

വനാകുന്നു. സ്വന്തം സുഖസൗകര്യങ്ങളേയും, ലോഭത്തേയും ത്യജിച്ച് തന്റെ സ്വാമിയെ സേവയ്ക്കുന്ന സേവകൻ മാത്രമേ ഗുണത്തെ പ്രാപിയ്ക്കുള്ളൂ. സ്വാമീ, അങ്ങ് അയോദ്ധ്യയിലേയ്ക്ക് മടങ്ങി വരുന്നതായാൽ എല്ലാവർക്കും ഗുണമുണ്ടാവും. ഞങ്ങൾ അങ്ങയുടെ ആദേശത്തെ അനുസരിയ്ക്കുന്ന തായാൽ ഞങ്ങൾ കോടി വിധത്തിൽ ലാഭിയ്ക്കും. അങ്ങയെ അനുസരിയ്ക്കുക എന്നത് ഭൗതികവും ആത്മീയവുമായ ഏറ്റവും വലിയ നേട്ടമാണ്. മാത്രമല്ല, അത് എല്ലാ സുകൃതങ്ങളുടേയും പൂർണ്ണതയും എല്ലാ സൗഭാഗ്യ ങ്ങളുടേയും അലങ്കാരവുമാകുന്നു. പ്രഭോ, എന്റെ ഈ അപേക്ഷയെ കേട്ടശേഷം അങ്ങയ്ക്ക് ഉചിതമെന്നു തോന്നുന്നത് ചെയ്താലും. ഞാൻ പട്ടാഭിഷേകത്തിന്നു വേണ്ട എല്ലാ സാധനങ്ങളും തയ്യാറാക്കി കൊണ്ടുവന്നിട്ടുണ്ട്. അങ്ങയുടെ ഇഷ്ടം പോലെ അവയെ വേണ്ടപോലെ ഉപയോഗത്തിൽ വരുത്തിയാലും."

ദോ:

സാനുജ് പഠഇഅ മോഹി ബന് കീജീഅ സബ്ഹി സനാഥ്,
നതരു ഫെരിഅഹിം ബന്ധു ദൊഉ നാഥ് ചലൗം മൈം സാഥ്. (268)

"എന്റെ സഹോദരനോടുകൂടെ (ശത്രുഘ്നൻ) എന്നെ കാട്ടിലേയ്ക്കയച്ചാലും. അങ്ങനെ എല്ലാവരേയും സനാഥരാക്കിയാലും. അഥവാ, രണ്ട് അനുജന്മാ രേയും (അയോദ്ധ്യയിലേയ്ക്ക്) തിരിച്ചയച്ച് ഞാൻ അങ്ങയുടെ കൂടെ വരാം." (268)

ചൗ:

നതരു ജാഹിം ബന് തീനിഉ ഭാഈ
ബഹുരിഅ സീയ് സഹിത് രഘുരാഈ,
ജെഹി ബിധി പ്രഭു പ്രസന്ന് മന് ഹോഈ
കരുനാ സാഗര് കീജിഅ സോഈ. 1

ദേവ്ँ ദീൻഹ് സബു മോഹി അഭാരൂ
മോരേം നീതി ന ധരമ് ബിചാരൂ,
കഹഉँ ബചന് സബ് സ്വാരഥ് ഹേതൂ
രഹത് ന ആരത് കേം ചിത് ചേതൂ. 2

ഉതരു ദേഇ സുനി സ്വാമി രജാഈ
സോ സേവകു ലഖി ലാജ് ലജാഈ,
അസ് മൈം അവഗുന് ഉദധി അഗാധൂ
സ്വമി സനേഹ് സരാഹത് സാധൂ. 3

അബ് കൃപാല് മൊഹി സോ മത് ഭാവാ
സകുച് സ്വാമി മന് ജാഇ് ന പാവാ,
പ്രഭു പദ് സപഥ് കഹഉ് സതി ഭാഊ
ജഗ് മംഗല് ഹിത് ഏക് ഉപാഊ. 4

"അല്ലെങ്കിൽ ഞങ്ങൾ മൂന്നു സഹോദരന്മാരും കാട്ടിലിരുന്നുകൊള്ളാം. സീതയും അങ്ങും അയോദ്ധ്യയിലേയ്ക്ക് തിരിച്ചു പോകാം. ഹേ കരുണാസാഗരനായ പ്രഭോ, ഏതു വിധത്തിൽ അങ്ങയുടെ മനസ്സ് പ്രസന്നമാകുമോ അതുപോലെ ചെയ്താലും. സ്വാമീ, അങ്ങ് ഭാരം മുഴുവൻ എന്മേലാണ് ഏല്പിച്ചിരിയ്ക്കുന്നത്. എനിയ്ക്ക് നീതിപരമായോ ധർമ്മത്തെപ്പറ്റിയോ ഉള്ള അറിവില്ല. ഞാൻ പറയുന്നതെല്ലാം സ്വാർത്ഥപരമായതാണ്. ദു:ഖിതനായവന്റെ ചിത്തത്തിൽ വിവേകം ഉണ്ടായിരിയ്ക്കില്ല. തന്റെ സ്വാമിയുടെ ആദേശത്തെ കൂട്ടാക്കാത്തവനെ കാണാൻ ലജ്ജ തന്നെ ലജ്ജിയ്ക്കും. അങ്ങനെയുള്ള അവഗുണങ്ങളുടെ ആഴമറിയാത്ത സമുദ്രമായ എന്നെ എന്റെ സ്വാമി എന്മേലുള്ള സ്നേഹം കാരണം മഹാത്മാവെന്ന് പ്രശംസിയ്ക്കുന്നു. ഹേ കൃപാലുവായ പ്രഭോ, ഇപ്പോൾ ഞാൻ അങ്ങയുടെ മനസ്സിന്ന് സങ്കോചം വരാത്തവിധത്തിലുള്ള ഏതൊരു പ്രസ്താവത്തിന്നും ഞാൻ വഴങ്ങും. പ്രഭുവിന്റെ പാദങ്ങൾ ആണയായി ആത്മാർത്ഥതയോടെ ഞാൻ പറയുന്നു, ലോകക്ഷേമത്തിന്ന് ഇതൊരുപായം മാത്രമേ ഉള്ളൂ."

ദോ:

പ്രഭു പ്രസന്ന് മന് സുകുച് തജി ജോ ജെഹി ആയസു ദേബ്,
സോ സിര് ധരി ധരി കരിഹി സബു മിടിഹി അനട് അവരേബ്. (269)

“ഞങ്ങളെല്ലാവരും തന്നെ പ്രഭു തരുന്ന ആദേശത്തെ യാതൊരു സങ്കോചവും കൂടാതെ പ്രസന്നമനസ്സോടെ പാലിയ്ക്കും. അങ്ങനെ എല്ലാ അനീതിയും അവ്യവസ്ഥയും അവസാനിയ്ക്കും.” (269)

ചൗ:

ഭരത് ബചന് സുനി സുനി സുര് ഹരഷേ
സാധു സരാഹി സുമന് സുര് ബരഷേ,
അസമംജസ് ബസ് അവധ് നെവാസീ
പ്രമുദിത് മന് താപസ് ബന്ബാസീ. 1

ചുപ്ഹിം രഹേ രഘുനാഥ് സ്ംകോചീ
പ്രഭു ഗതി ദേഖി സഭാ സബ് സോചീ,
ജനക് ദൂത് തെഹി അവസര് ആഏ
മുനി ബസിഷ്ഠ് സുനി ബേഗി ബൊലാഏ. 2

കരി പ്രനാമ് തിൻഹ് രാമു നിഹാരേ
ബേഷു ദേഖി ഭഏ നിപട് ദുഖാരേ,
ദൂതൻഹ് മുനിബര് ബൂഝീ ബാതാ
കഹഹു ബിദേഹ് ഭൂപ് കുസലാതാ. 3

സുനി സകുചാഇ നാഇ മഹി മാഥാ
ബോലേ ചര് ബര് ജോരേം ഹാഥാ,
ബൂഝബ് രാഉര് സാദര് സാഈം
കുസല് ഹേതു സൊ ഭയഉ ഗൊസാഈം. 4

ഭരതന്റെ നിഷ്കളങ്കമായ വാക്കുകളെ കേട്ട് ദേവന്മാർ സന്തുഷ്ടരായി. “നന്നായി” എന്നു പറഞ്ഞുകൊണ്ട് അവർ പുഷ്പവർഷം ചെയ്തു. അയോദ്ധ്യാവാസികൾ പരിഭ്രാന്തരായി. മുനിമാരും വനവാസികളും മനസ്സിൽ അത്യന്തം സന്തോഷിച്ചു. സങ്കോചസ്വഭാവമുള്ള രഘുനാഥൻ മൗനം പാലിച്ചു. അവന്റെ മൗനത്തെ കണ്ട് സഭ മുഴുവൻ തന്നെ ചിന്താവിഷ്ടരായി. അതേ സമയമത്ത് ജനകരാജാവിന്റെ ദൂതന്മാർ അവിടെ എത്തി. അതുകേട്ട് വസിഷ്ഠമുനി അവരെ ഉടനെ വിളിച്ചു വരുത്തി. അവർ വന്ന് വണങ്ങിയശേഷം ശ്രീരാമനെ നോക്കി, അവന്റെ വേഷത്തെ കണ്ട്

ദു:ഖിതരായി. മുനിവരൻ ദൂതന്മാരോട് അന്വേഷിച്ചു: "വിദേഹരാജാവിന്ന് കുശലം തന്നെയല്ലെ? പറയൂ." അതു കേട്ട് ദൂതന്മാർ സങ്കോചപ്പെട്ട് തല ഭൂമിയിൽ തൊട്ട് വണങ്ങിക്കൊണ്ട്, കൈകൾ കൂപ്പിക്കൊണ്ട് മറുപടി പറഞ്ഞു: "സ്വാമീ, അങ്ങയുടെ സ്നേഹമയമായ അന്വേഷണം തന്നെ ഞങ്ങളുടെ കുശലത്തിന്ന് അനുകൂലമായിട്ടുണ്ട്."

ദോ:

നാഹിം ത് കോസല് നാഥ് കേം സാഥ് കുസല് ഗഇ നാഥ്,
മിഥിലാ അവധ് ബിസേഷ് തേം ജഗു സബ് ഭയഉ അനാഥ്. (270)

"അന്യഥാ, ഹേ നാഥ, ഞങ്ങളുടെ കുശലമെല്ലാം കോസലനാഥന്റെ കുടെ പോയിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ മരണം ലോകത്തെ മുഴുവൻ തന്നെ, പ്രത്യേകിച്ചും മിഥിലയേയും അയോദ്ധ്യയേയും അനഥരാക്കി യിരിയ്ക്കുന്നു." (270)

ചൗ:

കോസലപതി ഗതി സുനി ജനകൗരാ
ഭേ സബ് ലോക് സോക് ബസ് ബൗരാ,
ജെഹിം ദേഖേ തെഹി സമയ് ബിദേഹൂ
നാമു സത്യ് അസ് ലാഗ് ന കേഹൂ. 1

രാനി കുചാലി സുനത് നരപാല്ഹി
സൂഝ് ന കഛു ജസ് മനി ബിനു ബ്യാല്ഹി,
ഭരത് രാജ് രഘുബര് ബനവാസൂ
ഭാ മിഥിലേസ്ഹി ഹൃദയ്ँ ഹരാँസൂ. 2

നൃപ് ബൂഝേ ബുധ് സചിവ് സമാജൂ
കഹഹു ബിചാരി ഉചിത് കാ ആജൂ,
സമുഝി അവധ് അസമംജസ് ദോഉ
ചലിഅ കി രഹിഅ ന കഹ് കഛു കോഊ. 3

നൃപഹിം ധീര് ധരി ഹൃദയ്ം ബിചാരീ
പഠഏ അവധ് ചതുര് ചര് ചാരീ,

ബൂഝി ഭരത് സതി ഭാഉ കുഭാഊ
ആഎഹു ബേഗി ന ഹോഇ ലഖാഊ., 4

“അയോദ്ധ്യാപതിയുടെ മരണവാർത്ത കേട്ട് ജനകപുരവാസികൾ മുഴുവൻ ശോകത്താൽ പരിഭ്രാന്തരായി. ആ സമയത്ത് വിദേഹരാജാ വിനെ കണ്ടവർ അദ്ദേഹത്തിന്റെ ആ പേരിന്റെ (വിദേഹൻ) പിന്നിൽ ഉള്ള സത്യത്തെ അറിഞ്ഞ് ആ പേരിൽ അദ്ദേഹത്തെ വിളിച്ചില്ല. റാണി കൈകേയിയുടെ ദുഷ്കൃത്യത്തെ കേട്ട അദ്ദേഹം മണി നഷ്ടപ്പെട്ട സർപ്പത്തെപ്പോലെ അമ്പരന്നുപോയി. ഭരതന്ന് രാജ്യവും രഘുവരന്ന് വനവാസവും! ആ വർത്തമാനം മിഥിലാധിപന്റെ മനസ്സിൽ ആഗാധമായ വേദനയെ ഉണ്ടാക്കി. രാജാവ് ജ്ഞാനികളും മന്ത്രിമാരും കൊണ്ട ഒരു സഭ വിളിച്ചുകൂട്ടി പറഞ്ഞു: “നല്ലപോലെ ആലോചിച്ച് ഇപ്പോൾ എന്താണ് ചെയ്യേണ്ടതെന്ന് പറയുവിൻ.” പക്ഷേ അയോദ്ധ്യയിലെ സ്ഥിതിഗതികളെ മനസ്സിലാക്കി, അദ്ദേഹം (അങ്ങോട്ട്) പോകേണമോ അഥവാ വീട്ടിൽ ത്തന്നെ ഇരിക്കേണമോ എന്ന് ആരും തന്നെ അഭിപ്രായം പറഞ്ഞില്ല. രാജാവ് സ്വയം ഉണർന്ന് മനസ്സിൽ ചിന്തിച്ച് നാല് സമർത്ഥന്മാരായ ചാരന്മാരെ അയോദ്ധ്യയിലേയ്ക്ക് അയച്ച് ഈവിധം നിർദ്ദേശിച്ചു: 'ഭരതന്റെ ഉദ്ദേശം നല്ലതോ കെട്ടതോ എന്നറിഞ്ഞ് ആരും അറിയാതെ ഉടനെ തിരിച്ചുവരുവിൻ.'

ദോ:

ഗഏ അവധ്ചര് ഭരത് ഗതി ബൂഝി ദേഖി കര്തൂതി,
ചലേ ചിത്രകൂട്ഹി ഭരതു ചാര് ചലേ തെര്ഹൂതി. (271)

“ചാരന്മാർ അയോദ്ധ്യയിലേയ്ക്ക് പോയി, ഭരതന്റെ കൃത്യങ്ങളെ കണ്ടു മനസ്സിലാക്കി മിഥിലയിലേയ്ക്ക് മടങ്ങിവന്നു. ആ സമയത്ത് ഭരതൻ ചിത്രകൂടത്തിലേയ്ക്ക് പുറപ്പെട്ടുപോയിരുന്നു.” (271)

ചൗ:

ദൂതൻഹ് ആഇ ഭരത് കഇ കരനീ
ജനക് സമാജ് ജഥാമതി ബരനീ,

സുനി ഗുര് പരിജന് സചിവ് മഹീപതി
ഭേ സബ് സോച് സനേഹ്ˢ ബികല് അതി. 1

ധരി ധീരജു കരി ഭരത് ബഡാഈ
ലിഏ സുഭട് സാഹനീ ബൊലാഈ,
ഘര് പുര് ദേസ് രാഖി രഖ്വാരേ
ഹയ് ഗയ് രഥ് ബഹു ജാന് സˢവാരേ. 2

ദുഘരീ സാധി ചലേ തത്കാലാ
കിഏ ബിശ്രാമു ന മഗ് മഹിപാലാ,
ഭോര്ഹിം ആജു നഹാഇ പ്രയാഗാ
ചലേ ജമുന് ഉതരന് സബു ലാഗാ. 3

ഖബരി ലേന് ഹമ് പഠഏ നാഥാ
തിൻഹ് കഹി അസ് മഹി നായഉ മാഥാ,
സാഥ് കിരാത് ഛ സാതക് ദീൻഹേ
മുനിബര് തുരത് ബിദാ ചര് കീൻഹേ. 4

“ചാരന്മാർ തിരിച്ചുവന്ന് ഭരതന്റെ കൃത്യങ്ങളെപ്പറ്റി ജനകന്റെ രാജസഭ യിൽ അവർക്കറിഞ്ഞതെല്ലാം വർണ്ണിച്ചു. ഗരുവും (ശതാനന്ദൻ) രാജ കുടുംബാംഗങ്ങളും, മന്ത്രിമാരും, രാജാവും അത് കേട്ട് അത്യന്തം ശോകാകുലരും സ്നേഹവശംവദരുമായി. പിന്നെ രാജാവ് സ്വയം ഉണർന്ന് ഭരതനെ പ്രശംസിച്ചുകൊണ്ട് തന്റെ വിശ്വസ്തരായ ഭടന്മാരേയും രാജധാനി യിലെ രക്ഷകന്മാരേയും വിളിച്ചുവരുത്തി രാജധാനിയിലും, നഗരത്തിലും, ദേശത്തിലും കാവലിരുത്തി, കുറെ കുതിരകളേയും, ആനകളേയും, രഥങ്ങളേയും, മറ്റു പല വാഹനങ്ങളേയും തയ്യാറാക്കി. ഒരു മണിക്കുറി ന്നുള്ളിൽ ഒരു ശുഭമുഹൂർത്തം കണ്ട് ഉടൻ പറപ്പെട്ട് വഴിയിൽ ഒരിടത്തും തങ്ങാതെ, ഇന്നു കാലത്ത് പ്രയാഗയിലെത്തി സ്നാനം ചെയ്ത് ഉടൻ തന്നെ പുറപ്പെട്ട് എല്ലാവരും യമുനയെ കടക്കുമ്പോൾ അവർ ഞങ്ങളെ വർത്തമാനമറിഞ്ഞുവരാനായി ഇങ്ങോട്ട് പറഞ്ഞയച്ചു, സ്വാമീ.” എന്നു പറഞ്ഞുകൊണ്ട് അവർ തല നിലം തൊട്ട് വണങ്ങി. മുനിവരൻ ഉടൻ തന്നെ ദൂതന്മാരെ ആറേഴ് കിരാതന്മാരെ തുണയാക്കി പറഞ്ഞയച്ചു.

ദോ:

സുനത് ജനക് ആഗവനു സബു ഹരഷെഉ അവധ് സമാജു,
രഘുനന്ദന്ഹി സകോചു ബഡ് സോച് ബിബസ് സുരരാജു. (272)

ജനകൻ വന്നെത്തിയതറിഞ്ഞ് അയോദ്ധ്യാവാസികളെല്ലാവരും സന്തോഷിച്ചു; രഘുനന്ദനൻ അത്യന്തം അസ്വസ്ഥനായി; ദേവേന്ദ്രൻ പ്രത്യേകിച്ചും ചിന്താവിഷ്ടനായി. (272)

ചൗ:

ഗരഇ ഗ്ലാനി കുടില് കൈകേഈ
കാഹി കഹൈ കെഹി ദൂഷനു ദേഈ,
അസ് മന് ആന് മുദിത് നര് നാരീ
ഭയഉ ബഹോരി രഹബ് ദിന് ചാരീ. 1

എഹി പ്രകാര് ഗത് ബാസര് സോഊ
പ്രാത് നഹാന് ലാഗ് സബു കോഊ,
കരി മജ്ജനു പൂജഹിം നര് നാരീ
ഗനപ് ഗൗരി തിപുരാരി തമാരീ. 2

രമാ രമന് പദ് ബന്ദി ബഹോരീ
ബിനവഹിം അംജുലി അംചല് ജോരീ,
രാജാ രാമു ജാനകീ രാനീ
ആനँദ് അവധി അവധ് രജധാനീ. 3

സുബസ് ബസഉ ഫിരി സഹിത് സമാജാ
ഭരത്ഹി രാമു കരഹുँ ജുബരാജാ,
എഹി സുഖ് സുധാँ സീഞ്ചി സബ് കാഹൂ
ദേവ് ദേഹു ജഗ് ജീവന് ലാഹൂ. 4

ദുഷ്ടയായ കൈകേയി പശ്ചാത്താപത്താൽ പിടഞ്ഞുകൊണ്ടിരുന്നു. ആരോടാണ് തന്റെ മനസ്സിനെ തുറന്നു പറയുക? ആരെയാണ് കുറ്റം പറയുക? പക്ഷേ ജനങ്ങൾ തങ്ങളുടെ താമസം കുറെ ദിവസങ്ങൾ കൂടി നീണ്ടുനില്ക്കുമെന്നു വിചാരിച്ച് സന്തോഷിച്ചു. ഈവിധം ആ ദിവസം

കടന്നുപോയി. അടുത്ത ദിവസം എല്ലാവരും കുളിയ്ക്കാൻ പോയി. കുളി കഴിഞ്ഞ് പുരുഷന്മാരും സ്ത്രീകളും ഗണപതിയേയും, ഗൗരിയേയും, ശിവനേയും, സൂര്യനേയും പൂജിച്ചു. പിന്നെ അവർ ലക്ഷ്മീപതിയായ വിഷ്ണുഭഗവാന്റെ പാദങ്ങളെ വണങ്ങി, പുരുഷന്മാർ തങ്ങളുടെ കൂപ്പുകൈകൾ മേല്പ്പോട്ടുയർത്തിക്കൊണ്ട്, സ്ത്രീകൾ തങ്ങളുടെ സാരിത്തുമ്പുകളെ പിടിച്ചു നിവർത്തിക്കൊണ്ട് പ്രാർത്ഥിച്ചു: 'ശ്രീരാമൻ രാജാവായും ജാനകി റാണിയായും, അയോദ്ധ്യാ രാജധാനിയിലേയ്ക്ക് ജനങ്ങൾ ആനന്ദത്തോടെ തിരിച്ചുചെന്ന് സുഖമായി വാഴുമാറാവട്ടെ. ശ്രീരാമൻ ഭരതനെ യുവരാജാവായി വാഴിയ്ക്കട്ടെ. ഈ ആനന്ദാമൃതത്തിൽ കുളിച്ചുകൊണ്ട്, പ്രഭോ, എല്ലാവരും ലോകത്തിൽ തങ്ങളുടെ ജന്മസാഫല്യത്തെ നേടുമാറാവട്ടെ.'

ദോ:

ഗുര് സമാജ് ഭാഇൻഹ് സഹിത് രാമ് രാജു പുര് ഹോഉ,
അഛത് രാമ് രാജ് അവധ് മരിഅ മാഗ് സബ് കോഉ. (273)

'ശ്രീരാമൻ ഈ നഗരത്തെ തന്റെ ഗുരുവിന്റേയും, മന്ത്രിമാരുടേയും, സഹോദരന്മാരുടേയും സഹായത്തോടെ ഭരിയ്ക്കുമാറാവട്ടെ. ശ്രീരാമൻ രാജാവായിരിയ്ക്കേ തന്നെ ഞങ്ങൾ അയോദ്ധ്യയിൽ മരിയ്ക്കുമാറാവട്ടെ.'(273)

ചൗ:

സുനി സനേഹ്മയ് പുരജന് ബാനീ
നിന്ദഹിം ജോഗ് ബിരതി മുനി ഗ്യാനീ,
എഹി ബിധി നിത്യകരമ് കരി പുരജന്
രാമ്ഹിം കരഹിം പ്രനാമ് പുലകി തന്. 1

ഊँച് നീച് മധ്യമ് നര് നാരീ
ലഹഹിം ദരസു നിജ് നിജ് അനുഹാരീ,
സാവധാന് സബ്ഹീ സന്മാനഹിം
സകല് സരാഹത് കൃപാനിധാനഹിം. 2

ലരികാഇഹി തേം രഘുബര് ബാനീ
പാലത് നീതി പ്രീതി പഹിചാനീ,

സീല് സകോച് സിന്ധു രഘുരാഊ
സുമുഖ് സുലോചന് സരല് സുഭാഊ. 3

കഹത് രാമ് ഗുന് ഗന് അനുരാഗേ
സബ് നിജ് ഭാഗ് സരാഹന് ലാഗേ,
ഹമ് സമ് പുന്യ പുംജ് ജഗ് ഥോരേ
ജിൻഹഹി രാമു ജാനത് കരി മോരേ. 4

പുരജനങ്ങളുടെ സ്നേഹമയമായ വാക്കുകളെ കേട്ട് ജ്ഞാനികളായ മുനിമാർ കൂടി യോഗത്തേയും വൈരാഗ്യത്തേയും നിന്ദിച്ചു. ഈവിധം നിത്യകർമ്മങ്ങൾ ചെയ്തുകൊണ്ട് പുരജനങ്ങൾ പുളകം കൊണ്ട ശരീരത്തോടെ ശ്രീരാമനെ വന്ദിച്ചു. എല്ലാ നിലയിലുമുള്ള സ്ത്രീപുരുഷ ന്മാരും – മേൽത്തരക്കാരും, കീഴ്ത്തരക്കാരും, നടുത്തരക്കാരും – അവരവ രുടെ നിലയനുസരിച്ച് അവനെ ദർശിച്ചു. ശ്രീരാമൻ ശ്രദ്ധയോടെ എല്ലാവരേയും ബഹുമാനിച്ചു. കൃപാനിധിയായ അവനെ എല്ലാവരും ഈവിധം പ്രശംസിച്ചു: "രഘുവരൻ തന്റെ കുട്ടിക്കാലം മുതല്ക്കുതന്നെ ജനങ്ങൾക്ക് അവനോടുള്ള പ്രേമത്തെ മനസ്സിലാക്കി ഔചിത്യത്തോടെ പെരുമാറാൻ ശീലിച്ചവനാണ്. സുമുഖനും, സുന്ദരനും, സരളസ്വഭാവിയു മായ രഘുരാമൻ സൗഹൃദത്തിന്റേയും മര്യാദയുടേയും സാഗരമാണ്." ഈവിധം ശ്രീരാമന്റെ ഗുണഗണങ്ങളെ പറഞ്ഞുകൊണ്ട് അവരെല്ലാവരും പ്രേമപരവശരായി, തങ്ങളുടെ സൗഭാഗ്യത്തെ പ്രശംസിയ്ക്കാൻ തുടങ്ങി. 'ഈ ലോകത്തിൽ നമ്മളെപ്പോലെ ഇത്രയും പുണ്യം ചെയ്തവരായി, ശ്രീരാമനാൽ തന്റേതായി കരുതപ്പെടുന്നവർ വളരെ ചുരുക്കമാണ്.'

ദോ:
പ്രേമ് മഗന് തെഹി സമയ് സബ് സുനി ആവത് മിഥിലേസു,
സഹിത് സഭാ സംഭ്രമ് ഉഠെഉ രബികുല് കമല് ദിനേസു. (274)

അങ്ങനെ പ്രേമമഗ്നരായിരിയ്ക്കുന്ന സമയത്ത് മിഥിലാരാജാവ് വരുന്നു വെന്ന് കേട്ട് സുര്യവംശമെന്ന താമരപ്പൂക്കൾക്ക് സൂര്യനെന്നപോലെയുള്ള ശ്രീരാമനും സഭയിലുള്ളവരും സംഭ്രമത്തോടെ (അദ്ദേഹത്തെ വരവേ ല്ക്കാൻ) എഴുന്നേറ്റു നിന്നു. (274)

ചൗ:

ഭാഇ സചിവ് ഗുര് പുരജന് സാഥാ
ആഗേം ഗവനു കീൻഹ് രഘുനാഥാ,
ഗിരിബരു ദീഖ് ജനക്പതി ജബ്ഹീം
കരി പ്രനാമു രഥ് ത്യാഗെഉ തബ്ഹീം. 1

രാമ് ദരസ് ലാലസാ ഉഛാഹൂ
പഥ് ശ്രമ് ലേസു കലേസു ന കാഹൂ,
മന് തഹ്ँ ജഹ്ँ രഘുബര് ബൈദേഹീ
ബിനു മന് തന് ദുഖ് സുഖ് സുധി കേഹീ. 2

ആവത് ജനകു ചലേ എഹി ഭാँതീ
സഹിത് സമാജ് പ്രേമ് മതി മാതീ,
ആഏ നികട് ദേഖി അനുരാഗേ
സാദര് മിലന് പരസ്പര് ലാഗേ. 3

ലഗേ ജനക് മുനിജന് പദ് ബംദന്
രിഷിൻഹ് പ്രനാമു കീൻഹ് രഘുനന്ദന്,
ഭായിൻഹ് സഹിത് രാമു മിലി രാജ്ഹി
ചലേ ലവാഇ സമേത് സമാജ്ഹി. 4

തന്റെ അനുജന്മാരും മന്ത്രിയും, ഗുരുവും, പ്രജകളും പിൻതുടരെ രഘുനാഥൻ മുമ്പേ നടന്നു. ഗിരിവരനായ കാമദനാഥനെ കണ്ടതും ജനകരാജാവ് തന്റെ രഥത്തിൽനിന്നും ഇറങ്ങി അതിനെ വണങ്ങി. ശ്രീരാമനെ കാണുവാനുള്ള ഉല്ക്കണ്ഠയും ഉത്സാഹവും കാരണം അവർക്ക് യാത്രാക്ലേശമോ ക്ഷീണമോ തോന്നിയില്ല. എന്തെന്നാൽ അവരുടെ മനസ്സ് രഘുവരന്റേയും വൈദേഹിയുടേയും കൂടെയായിരുന്നു. മനസ്സ് മറ്റൊരിടത്താവുമ്പോൾ ആരാണ് ദേഹത്തിലെ ദു:ഖത്തേയും സുഖത്തേയും അറിയുക? ഈവിധം ജനകൻ തന്റെ സമാജത്തോടുകൂടി പ്രേമം നിറഞ്ഞ മനസ്സോടെ മുന്നോട്ടു നീങ്ങി. രണ്ടു പക്ഷക്കാരും അടുത്തെത്തി പരസ്പരം കണ്ടപ്പോൾ എല്ലാവരും പ്രേമവിവശരായി ആദരവോടെ പരസ്പരം കണ്ടുമുട്ടി. ജനകൻ (അയോദ്ധ്യാവാസികളായ) മുനിമാരുടെ പാദങ്ങളെ വന്ദിയ്ക്കാൻ തുടങ്ങി. രഘുനന്ദനൻ (ജനകന്റെ കൂടെ വന്ന) ഋഷിമാരെ

വന്ദിച്ചു. പിന്നെ ശ്രീരാമൻ തന്റെ അനുജന്മാ രോടുകൂടി രാജാവിനെ വരവേറ്റ് എല്ലാവരോടും കൂടി തന്റെ (ആശ്രമത്തിലേയ്ക്ക്) നയിച്ചു.

ദോ:

ആശ്രമ് സാഗര് സംത് രസ് പൂരന് പാവന് പാഥു,.
സേന് മനഹു് കരുനാ സരിത് ലിഏ്ജാഹിം രഘുനാഥു. (275)

ശ്രീരാമന്റെ ആശ്രമം പാവനമായ സാധുക്കളെന്ന ജലത്തെക്കൊണ്ട് നിറഞ്ഞുവഴിഞ്ഞുകൊണ്ടിരുന്ന സമുദ്രത്തെപ്പോലെയും, ജനകനെ അനുഗമിച്ചിരുന്ന സമൂഹം കരുണയെന്ന നദിയെപ്പോലെയും, രഘു നാഥൻ അതിനെ (തന്റെ ആശ്രമമാകുന്ന സമുദ്രത്തിലേയ്ക്ക്) നയിയ്ക്കുന്നതു പോലെയുമിരുന്നു. (275)

ചൗ:

ബോരതി ഗ്യാന് ബിരാഗ് കരാരേ
ബചന് സസോക് മിലത് നദ് നാരേ,
സോച് ഉസാസ് സമീര് തരംഗാ
ധീരജ് തട് തരുബര് കര് ഭംഗാ. 1

ബിഷമ് ബിഷാദ് തൊരാവതി ധാരാ
ഭയ് ഭ്രമ് ഭവ്ര് അബര്ത് അപാരാ,
കേവട് ബുധ് ബിദ്യാ ബഡി നാവാ
സകഹിം ന ഖേഇ ഐക് നഹിം ആവാ. 2

ബനചര് കോല് കിരാത് ബിചാരേ
ഥകേ ബിലോകി പഥിക് ഹിയ് ഹാരേ,
ആശ്രമ് ഉദധി മിലീ ജബ് ജാഇൗ
മനഹു് ഉഠെഇ അംബുധി അകുലാഇൗ. 3

സോക് ബികല് ദൊഉ രാജ് സമാജാ
രഹാ ന ഗ്യാനു ന ധീരജു ലാജാ,
ഭൂപ് രൂപ് ഗുന് സീല് സരാഹീ
രോവഹിം സോക് സിന്ധു അവഗാഹീ. 4

നദി ജ്ഞാനവും വൈരാഗ്യവുമാകുന്ന അതിന്റെ രണ്ടു തീരങ്ങളേയും കവിഞ്ഞൊഴുകി. അതിന്റെ ഗതിയിൽ ശോകമയമായ സംസാരങ്ങളെന്ന പോഷകനദികളും അരുവികളും ചെന്നു ചേർന്നു. നെടുവീർപ്പുകളും വിലാപങ്ങളുമാവുന്ന അലകളും കാറ്റും അതിന്റെ കരയിൽ നിന്നിരുന്ന ധൈര്യമെന്ന മരത്തിനെ വേരോടെ പുഴക്കിയെടുത്തു. അമിതമായ വിഷാദം അതിന്റെ വേഗതയുള്ള ഒഴുക്കായിരുന്നു. ഭയവും ഭ്രമവും അതിലെ അനവധി നീർച്ചുഴികളുമായിരുന്നു. വിദ്വാന്മാരെന്ന തോണി ക്കാർ വിദ്യയെന്ന വലിയ തോണികളോടെ കാത്തുകൊണ്ടിരുന്നു. പക്ഷേ നദിയുടെ ആഴമറിയാതെ അവർക്ക് തോണികളെ തുഴയുവാൻ കഴിഞ്ഞില്ല. വനത്തിൽ ചുറ്റിത്തിരിഞ്ഞുകൊണ്ടിരുന്ന കോലന്മാരും കിരാതന്മാരുമായ യാത്രക്കാർ നദിയുടെ പെരുക്കെടുത്ത ഒഴുക്കിനെ കണ്ട് നിരാശരായി അമ്പരന്നു നിന്നു. ആശ്രമമെന്ന സമുദ്രത്തിൽ ആ നദി ചേർന്നപ്പോൾ സമുദ്രവും ആവേശമെന്ന കൊന്തളിപ്പുകൊണ്ട് മേലോട്ടുയർന്നു. രണ്ടു പക്ഷത്തിലുമുള്ള രാജകുടുംബാംഗങ്ങളും ശോക ത്താൽ ബോധവും, ധൈര്യവും, ലജ്ജയും നഷ്ടപ്പെട്ടിരുന്നു. (ദശരഥ) രാജാവിന്റെ രൂപത്തേയും, ഗുണങ്ങളേയും, സൗഹൃദത്തേയും പ്രശംസി ച്ചുകൊണ്ട് അവരെല്ലാവരും തന്നെ വിലപിച്ചുകൊണ്ട് ശോകസാഗരത്തി ലാണ്ടു.

ഛം:

അവഗാഹി സോക് സമുദ്ര് സോചഹിം നാരീ നര് ബ്യാകുല് മഹാ,
ദൈ ദോഷ് സകല് സരോഷ് ബോലഹിം ബാമ് ബിധി കീൻഹോ കഹാ.
സുര് സിദ്ധ് താപസ് ജോഗിജന് മുനി ദേഖി ദസാബിദേഹ് കീ,
തുലസീ ന സമരഥു കോഉ ജോ തരി സകൈ സരിത് സനേഹ് കീ.

ശോകസാഗരത്തിലാണ്ട് പുരുഷന്മാരും സ്ത്രീകളും വ്യാകുലതയോടെ വിലപിച്ചു. എല്ലാവരും കോപത്തോടെ 'ക്രൂരമായ വിധി എന്താണി ചെയ്തത്' എന്ന് ദൈവത്തെ ദുഷിച്ചുകൊണ്ട് പറഞ്ഞു. ആ സമയത്ത് ജനകന്റെ ദശയെ കണ്ട ദേവന്മാരും, സിദ്ധന്മാരും, താപസന്മാരും, യോഗികളും മുനിമാരും, ആരും തന്നെ, തുളസീദാസൻ പറയുന്നു, സ്നേഹമെന്ന നദിയെ കടന്നു ചെല്ലാൻ സമർത്ഥരായിരുന്നില്ല.

സോ:

കിഏ അമിത് ഉപദേസ് ജഹ്ँ തഹ്ँ ലോഗൻഹ് മുനിബരൻഹ്,
ധീരജു ധരിഅ നരേസ് കഹെഉ ബസിഷ്ഠ് ബിദേഹ് സന്. (276)

അവിടവിടെ മുനിവരന്മാർ ജനങ്ങളെ പലവിധത്തിൽ ഉപദേശിച്ചുകൊണ്ടിരുന്നു. വസിഷ്ഠമുനി വിദേഹരാജാവോട് പറഞ്ഞു: “രാജാവേ സമാധാനത്തോടെയിരിയ്ക്കുവിൻ.” (276)

ചൗ:

ജാസു ഗ്യാനു രബി ഭവ നിസി നാസാ
ബചന് കിരന് മുനി കമല് ബികാസാ,
തെഹി കി മോഹ് മമതാ നിഅരാഈ
യഹ് സിയ് രാമ് സനേഹ് ബഡാഈ. 1

ബിഷഈ സാധക് സിദ്ധ് സയാനേ
ത്രിബിധ് ജീവ് ജഗ് ബേദ് ബഖാനേ,
രാമ് സനേഹ് സരസ് മന് ജാസൂ
സാധു സഭാँ ബഡ് ആദര് താസൂ. 2

സോഹ് ന രാമ് പേമ് ബിനു ഗ്യാനൂ
കരന്ധാര് ബിനു ജിമി ജലജാനൂ,
മുനി ബഹുബിധി ബിദേഹു സമുഝാഏ
രാമ്ഘാട് സബ് ലോഗ് നഹാഏ. 3

സകല് ലോക് സംകുല് നര് നാരീ
സോ ബാസരു ബീതെഉ ബിനു ബാരീ,
പസു ഖഗ് മൃഗൻഹ് ന കീൻഹ് അഹാരൂ
പ്രിയ് പരിജന് കര് കൗന് ബിചാരൂ. 4

ആരുടെ ജ്ഞാനമെന്ന സൂര്യൻ സംസാരമെന്ന രാത്രിയെ അകറ്റുന്നുവോ, ആരുടെ ഭാഷണമെന്ന കിരണങ്ങൾ മുനിമാരെന്ന താമരപ്പൂക്കളെ വികസിപ്പിയ്ക്കുന്നുവോ, അങ്ങനെയുള്ള ജനകരാജാവിനെ മോഹവും മമതയു മെന്ന ഇരുട്ടിന്ന് അടുക്കാനാകുമോ? അങ്ങനെയുള്ള അദ്ദേഹവും ശോകാകുലനായി എന്നത് അദ്ദേഹത്തിന്ന് സീതയുടേയും രാമന്റേയും

മേൽ ഉണ്ടായിരുന്ന സ്നേഹത്തിന്റെ വിജയത്തെ കുറിയ്ക്കുന്നു. വേദങ്ങളിൽ വർണ്ണിച്ചിരിയ്ക്കുന്ന പ്രകാരം ഈ ലോകത്തിൽ മൂന്നുവിധം ജീവരാശികൾ ഉണ്ട്. വിഷയവാസനയുള്ളവർ, സാധകന്മാർ, സിദ്ധന്മാരായ ജ്ഞാനികൾ. ഇവരിൽ ആരുടെ മനസ്സ് ശ്രീരാമനിങ്കലുള്ള പ്രേമരസം കൊണ്ട് നിറഞ്ഞതാണോ, അവൻ മാത്രമേ സാധുക്കളുടെ സഭയിൽ ഏറ്റവും ആദരണീയനായി പരിഗണിയ്ക്കപ്പെടുന്നുള്ളൂ. ശ്രീരാമനിങ്കൽ പ്രേമമില്ലാത്ത ജ്ഞാനം, നാവികനില്ലാത്ത കപ്പലിനെപ്പോലെ ശോഭിയ്ക്കുന്നില്ല. മുനി (വസിഷ്ഠൻ) വിദേഹരാജാവിനെ പലവിധത്തിൽ ഉപദേശിച്ചു. ശ്രീരാമൻ കുളിച്ചിരുന്ന കടവിൽ എല്ലാവരും കുളിച്ചു. എല്ലാ സ്ത്രീപുരുഷന്മാരും അത്രയ്ക്കും ശോകത്തിലാണ്ടിരുന്നു, അവർ ആ ദിവസം മുഴുവൻ തന്നെ ഒരു തുള്ളി ജലം പോലും കുടിയ്ക്കാതെ കഴിച്ചുകൂട്ടി. പശുക്കളും, പക്ഷി കളും, മൃഗങ്ങളും കൂടി ആഹാരം കഴിയ്ക്കാതെയിരുന്നു. പിന്നെ ശ്രീരാമന്റെ പ്രിയജനങ്ങളെപ്പറ്റി പറയേണമോ?

ദോ:

ദൊഉ സമാജ് നിമിരാജു രഘുരാജു നഹാനേ പ്രാത്,
ബൈഠേ സബ് ബട് ബിടപ് തര് മന് മലീന് കൃസ് ഗാത്. (277)

പ്രാത:കാലത്ത് നിമിവംശജനായ ജനകരാജാവും രഘുരാമനും അവരുടെ സമാജങ്ങളുംകുളികഴിഞ്ഞ് മനസ്സങ്കടത്തോടും ശരറരം ശോഷിച്ചും പേരാൽവൃക്ഷത്തിൻറെ ചുവട്ടിലിരുന്നു.

ചൗ:

ജേ മഹിസുര് ദസരഥ് പുര് ബാസീ
ജേ മിഥിലാപതി നഗര് നിവാസീ,
ഹംസ് ബംസ് ഗുര് ജനക് പുരോധാ
ജിൻഹ് ജഗ് മഗു പരമാരഥു സോധാ. 1

ലഗേ കഹന് ഉപദേസ് അനേകാ
സഹിത് ധരമ് നയ് ബിരതി ബിബേകാ,
കൗസിക് കഹി കഹി കഥാ പുരാനീം
സമുഝാഈ സബ് സഭാ സുബാനീം. 2

തബ് രഘൂനാഥ് കൗസിക്ഹി കഹെഊ
നാഥ് കാലി ജല് ബിനു സബു രഹെഉ,
മുനി കഹ് ഉചിത് കഹത് രഘുരാഈ
ഗയഉ ബീതി ദിന് പഹര് അഢാഈ. 3

രിഷി രുഖ് ലഖി കഹ് തെരഹുതിരാജൂ
ഇഹാँ ഉചിത് നഹിം അസന് അനാജൂ,
കഹാ ഭൂപ് ഭല് സബ്ഹി സൊഹാനാ
പാഇ രജായസു ചലേ നഹാനാ. 4

ലൗകികനന്മയ്ക്കും പാരമാർത്ഥികസുഖത്തിന്നും വേണ്ട മാർഗ്ഗങ്ങളെ ആരാഞ്ഞിരുന്ന അയോദ്ധ്യയിൽനിന്നും മിഥിലയിൽനിന്നും വന്നിരുന്ന ബ്രാഹ്മണരും, സുര്യവംശത്തിന്റെ കുലഗുരുവായ വസിഷ്ഠനും, ജനക രാജാവിന്റെ കുലഗുരുവായ ശതാനന്ദനും, ധർമ്മം, നീതി, വിരക്തി, വിവേകം തുടങ്ങിയ വിഷയങ്ങളടക്കമുള്ള അനവധി പ്രവചനങ്ങൾ ചെയ്തു. കൗശികൻ (വിശ്വാമിത്രൻ) സഭയെ മുഴുവൻ സംബോധനം ചെയ്തുകൊണ്ട് പുരാണകഥകളിൽനിന്നും അനവധി ഉപദേശങ്ങളെ എടുത്തു പറഞ്ഞു. അപ്പോൾ രഘുനാഥൻ കൗശികനോട് പറഞ്ഞു: “സ്വാമി! എല്ലാവരും തന്നെ ഇന്നലെ മുതൽ ജലപാനം ചെയ്യാതെയാണ് ഇരിയ്ക്കുന്നത്.” മുനി പറഞ്ഞു: “രാഘവൻ പറഞ്ഞത് എത്രയും ശരിയാണ്. ഇന്ന് ഇപ്പോൾത്തന്നെ മദ്ധ്യാഹ്നം കഴിഞ്ഞിരിയ്ക്കുന്നു.” മുനിയുടെ മനസ്സിലിരിയ്ക്കുന്നതിനെ മനസ്സിലാക്കി തിരഹൂതരാജാവ് (ജനകൻ) പറഞ്ഞു: “ഇവിടെ ധാന്യം ഭക്ഷിയ്ക്കുന്നത് ഉചിതമായിരിയ്ക്കില്ല.” രാജാ വിന്റെ ഉചിതമായ മറുപടി എല്ലാവരേയും തൃപ്തരാക്കി. (മുനിയുടെ) ആദേശം ലഭിച്ച് എല്ലാവരും കുളിയ്ക്കുവാൻ പോയി.

ദോ:
തെഹി അവസര് ഫല് ഫൂല് ദല് മൂല് അനേക് പ്രകാര്,
ലഇ ആഏ ബനചര് ബിപുല് ഭരി ഭിര കാँവരി ഭാര്. (278)

ആ സമയത്ത് വനവാസികൾ പലതരത്തിലുള്ള ധാരാളം പഴങ്ങളും, പുഷ്പങ്ങളും, ഇലകളും, കിഴങ്ങുകളും കൂടകളിൽ ചുമന്നുകൊണ്ട് അവിടെ എത്തി. (278)

ചൗ:

കാമദ് ഭേ ഗിരി രാമ് പ്രസാദാ
അവലോകത് അപഹരത് ബിഷാദാ,
സര് സരിതാ ബന് ഭൂമി ബിഭാഗാ
ജനു ഉമഗത് ആനँദ് അനുരാഗാ. 1

ബേലി ബിടപ് സബ് സഫല് സഫൂലാ
ബോലത് ഖഗ് മൃഗ് അലി അനുകൂലാ,
തെഹി അവസര് ബന് അധിക് ഉഛാഹൂ
ത്രിബിധ് സമീര് സുഖദ് സബ് കാഹൂ. 2

ജാഇ ന ബരനി മനോഹരതാഈ
ജനു മഹി കരതി ജനക് പഹുനാഈ,
തബ് സബ് ലോഗ് നഹാഇ നഹാഈ
രാമ് ജനക് മുനി ആയസു പാഈ. 3

ദേഖി ദേഖി തരുബര് അനുരാഗേ
ജഹँ തഹँ പുരജന് ഉതരന് ലാഗേ,
ദല് ഫല് മൂല് കന്ദ് ബിധി നാനാ
പാവന് സുന്ദര് സുധാ സമാനാ. 4

ശ്രീരാമന്റെ കൃപയാൽ മലകൾ ഇച്ഛിച്ചതിനെയെല്ലാം കൊടുക്കുകയും അവയുടെ ദർശനത്താൽത്തന്നെ എല്ലാവരുടേയും വിഷാദത്തെ ഇല്ലാതാക്കുകയും ചെയ്തു. തടാകങ്ങളും, പുഴകളും, വനങ്ങളും, മറ്റു ഭൂവിഭാഗങ്ങളും ആനന്ദവും പ്രേമവും കൊണ്ട് വിഴിഞ്ഞൊഴുകിക്കൊണ്ടിരുന്നു. വള്ളികളിലും വൃക്ഷങ്ങളിലും പഷ്പങ്ങളും ഫലങ്ങളും നിറഞ്ഞിരുന്നു. പക്ഷികളും, മൃഗങ്ങളും, തേൻവണ്ടുകളും മധുരസ്വരങ്ങൾ മുഴക്കിക്കൊണ്ടിരുന്നു. ആ സമയത്ത് വനം ആഹ്ലാദത്താൽ അത്യന്തം ആപൂരിതമായിരുന്നു. തണുത്ത, സുഗന്ധമുള്ള മന്ദമാരുതൻ എല്ലാവരേയും

ആനന്ദിപ്പിച്ചുകൊണ്ടിരുന്നു. വനത്തിന്റെ മനോഹരത അവർണ്ണനീയമായിരുന്നു. അത് ഭൂമിദേവിതന്നെ ജനകരാജാവിന്ന് അതിഥിസല്ക്കാരം ചെയ്യുന്നുവോ എന്ന് തോന്നുമാറായിരുന്നു. പിന്നെ എല്ലാവരും കുളിച്ച്, ശ്രീരാമന്റേയും, ജനകന്റേയും, വസിഷ്ഠന്റേയും അനുമതിയോടെ വലിയ വലിയ വൃക്ഷങ്ങളെ സ്നേഹത്തോടെ നോക്കിക്കൊണ്ട് അവിടവിടെ താവളമടിയ്ക്കാൻ തടങ്ങി. അപ്പോൾ ശുദ്ധവും, മനോഹരവും, അമൃതം പോലെ സ്വാദുള്ളതുമായ പലതരത്തിലുള്ള ഇലകളും, കന്ദമൂല ഫലങ്ങളും.....

ദോ:

സാദര് സബ് കഹ്ँ രാമ്ഗുര് പഠഏ ഭരി ഭരി ഭാര്,
പൂജി പിതര് സുര് അതിഥി ഗുര് ലഗേ കരന് ഫലഹാര്. (279)

........ശ്രീരാമന്റെ ഗുരുവായ വസിഷ്ഠമുനിയാൽ ആദരവോടെ കൊട്ടകളിൽ നിറച്ചു നിറച്ച് എല്ലാവർക്കും കൊടുത്തയയ്ക്കപ്പെട്ടു. പിതൃക്കളേയും, ദേവന്മാരേയും, അതിഥികളേയും, ഗുരുവിനേയും പൂജിച്ചശേഷം അവർ ഫലാഹാരങ്ങളെ കഴിയ്ക്കാൻ തുടങ്ങി. (279)

ചൗ:

എഹി ബിധി ബാസര് ബീതേ ചാരീ
രാമു നിരഖി നര് നാരി സുഖാരീ,
ദുഹു സമാജ് അസി രുചി മന് മാഹീം
ബിനു സിയ് രാമ് ഫിരബ് ഭല് നാഹീം. 1

സീതാ രാമ് സംഗ് ബനബാസൂ
കോടി അമരപുര് സരിസ് സുപാസൂ,
പരിഹരി ലഖന് രാമു ബൈദേഹീ
ജെഹി ഘരു ഭാവ് ബാമ് ബിധി തേഹീ. 2

ദാഹിന് ദഇഉ ഹോഇ ജബ് സബ്ഹീ
രാമ് സമീപ് ബസിഅ ബന് തബ്ഹീ,
മന്ദാകിനി മജ്ജനു തിഹു കാലാ
രാമ് ദരസു മുദ് മംഗല് മാലാ. 3

അടനു രാമ് ഗിരി ബന് താപസ് ഥല്
അസനു അമിഅ സമ് കന്ദ് മൂല് ഫല്,
സുഖ് സമേത് സംബത് ദുഇ സാതാ
പല് സമ് ഹോഹിം ന ജനിഅഹിം ജാതാ. 4

ഈ വിധം നാലു ദിവസങ്ങൾ കഴിഞ്ഞുപോയി. ശ്രീരാമനെ കണ്ടു കൊണ്ട് പുരുഷന്മാരും സ്ത്രീകളും സന്തുഷ്ടരായിരുന്നു. രണ്ടു ഭാഗത്തുള്ള വരുടേയും മനസ്സിൽ ഏറ്റവും മുന്നിലിരുന്നത്: 'സീതയേയും രാമനേയും കൂടാതെ മടങ്ങിച്ചെല്ലുന്നത് നന്നല്ല. സീതയോടും രാമനോടും കൂടി കാട്ടിൽ വസിയ്ക്കുന്നത് അമരാവതിയിൽ വസിയ്ക്കുന്നതിനെക്കാളും കോടി ഇരട്ടി സുഖകരമാണ്. ലക്ഷ്മണനേയും, രാമനേയും, സീതയേയും വെടിഞ്ഞ് ഏതൊരുവൻ തന്റെ വീട്ടിൽ താമസിയ്ക്കുവാൻ ഇഷ്ടപ്പെടു ന്നുവോ, അവനെ വിധി അനുകൂലിയ്ക്കില്ല. ദൈവം അനുകൂലമായിരുന്നാൽ മാത്രമേ നമുക്കെല്ലാവർക്കും ശ്രീരാമന്റെ സാമീപ്യത്തിൽ വസിയ്ക്കാനുള്ള സൗഭാഗ്യമുണ്ടാവുള്ളൂ. ദിനവും മൂന്നു കാലവും മന്ദാകിനിയിൽ കുളിച്ചു കൊണ്ട്, സന്തോഷത്തിന്റേയും മംഗളങ്ങളുടേയും മൂലമായ ശ്രീരാമനെ ദർശിച്ചുകൊണ്ട്, രാമഗിരിയേയും (കാമദനാഥമല) അതിനടുത്തുള്ള വനത്തേയും, അതിലുള്ള താപസന്മാരുടെ ആശ്രമങ്ങളേയും കണ്ടു കൊണ്ട് ചുറ്റിനടക്കുകയും ചെയ്തുകൊണ്ട്, അമൃതസമാനമായ കന്ദമൂല ഫലങ്ങളെ ഭക്ഷിച്ചുകൊണ്ട് പതിന്നാലു കൊല്ലങ്ങൾ നിമിഷംപോലെ നമ്മളറിയാതെ തന്നെ സന്തോഷത്തോടെ കഴിഞ്ഞുപോകും.'

ദോ:

എഹി സുഖ് ജോഗ് ന ലോഗ് സബ് കഹഹിം കഹാँ അസ് ഭാഗു,
സഹജ് സുഭായँ സമാജ് ദുഹു രാമ് ചരന് അനുരാഗു. (280)

എല്ലാവരും പറഞ്ഞുകൊണ്ടിരുന്നു: 'ഈ സുഖത്തിന്ന് നാം അർഹരല്ല. അങ്ങനെയുള്ള ഭാഗ്യം നമുക്കെവിടെ?' ഈവിധമായിരുന്നു രണ്ടു പക്ഷ ങ്ങളിലുള്ളവരുടേയും ശ്രീരാമന്റെ പാദങ്ങളിൽ സഹജവും സ്വാഭാവിക വുമായ ഭക്തി. (280)

ചൗ:

എഹി ബിധി സകല് മനോരഥ് കരഹീം
ബചന് സപ്രേമ് സുനത് മന് ഹരഹീം,

സീയ് മാതു തെഹി സമയ് പഠാഇൗം
ദാസീം ദേഖി സുഅവസരു ആഇൗം. 1

സാവകാസ് സുനി സബ് സിയ് സാസൂ
ആയഉ ജനകരാജ് രനിവാസൂ,
കൗസല്യാ് സാദര് സന്മാനീ
ആസന് ദിഏ സമയ് സമ് ആനീ. 2

സീലു സനേഹു സകല് ദുഹു ഓരാ
ദ്രവഹിം ദേഖി സുനി കുലിസ് കഠോരാ,
പുലക് സിഥില് തന് ബാരി ബിലോചന്
മഹി നഖ് ലിഖന് ലഗീം സബ് സോചന്. 3

സബ് സിയ് രാമ് പ്രീതി കി സി മൂരതി
ജനു കരുനാ ബഹു ബേഷ് ബിസൂരതി,
സീയ് മാതു കഹ് ബിധി ബുധി ബാ്കീ
ജോ പയ് ഫേനു ഫോര് പബി ടാ്ടീ. 4

ഈവിധം എല്ലാവരും അവരവരുടെ മനോരഥത്തെ സങ്കല്പിച്ചു. അവരുടെ പ്രേമമയമായ വാക്കുകൾ കേൾക്കാൻ മനോഹരമായിരുന്നു. സീതയുടെ അമ്മ (റാണി സുനയന) അപ്പോൾ ദാസിമാരെ ദശരഥരാജാവിന്റെ റാണി മാരുടെ അടുക്കലേയ്ക്ക് അയച്ചു. അവരും അത് ശരിയായ സമയമാണെന്ന് മനസ്സിലാക്കി തിരിച്ചുവന്നു. സീതയുടെ ശ്വശുരിമാർ എല്ലാവരും സാവകാശത്തിലാണെന്നു കേട്ട് ജനകരാജാവിന്റെ അന്ത:പുരസ്ത്രീകൾ അവരെ ചെന്നു കണ്ടു. കൗസല്യ അവരെ ബഹുമാനത്തോടും ആദരവോടും വരവേറ്റ് ആ സമയത്തിനൊത്ത ആസനങ്ങൾ കൊടുത്തു. രണ്ടു പക്ഷത്തിലുമുണ്ടായിരുന്ന സൗഹൃദവും സ്നേഹവും അതികഠിന മായ വജ്രത്തെ കൂടി – അത് അവയെ കാണുകയോ കേൾക്കുകയോ ചെയ്താൽ – അലിയിയ്ക്കുമായിരുന്നു. പുളകം കൊണ്ട് ശിഥിലമായ ശരീരത്തോടും, അശ്രുക്കൾ നിറഞ്ഞ കണ്ണുകളോടും, കാൽ കട്ടവിരൽ കൊണ്ട് ഭൂമിയിൽ ചുരണ്ടിക്കൊണ്ട് അവർ ശോകം കൊണ്ടാടുവാൻ തുടങ്ങി. അവരെല്ലാവരും തന്നെ സീതയുടേയും രാമന്റേയും പേരിലുള്ള സ്നേഹത്തിന്റെ പ്രതിമകളെപ്പോലെയിരുന്നു. അത് കരുണാരസം സ്വയം

അനവധി രൂപങ്ങളിൽ ദു:ഖിയ്ക്കുന്നതുപോലെയിരുന്നു. സീതയുടെ അമ്മ പറഞ്ഞു: “വിധിയുടെ ബുദ്ധി അത്രയ്ക്കും വിചിത്രമാണ്, അത് പാലിന്റെ നുരയെ വജ്രംകൊണ്ടുണ്ടാക്കിയ ഉളികൊണ്ട് പൊളിയ്ക്കാൻ തുനിഞ്ഞു!”

ദോ:

സുനിഅ സുധാ ദേഖിഅഹിം ഗരല് സബ് കരതൂതി കരാല്,
ജഹ്ँ തഹ്ँ കാക് ഉലൂക് ബക് മാനസ് സകൃത് മരാല്. (281)

“നാം കേൾക്കുന്നത് അമൃതത്തെപ്പറ്റിയാണെങ്കിലും, കാണുന്നത് വിഷത്തെയാണ്. അവൻ (ദൈവം) ചെയ്യുന്നതെല്ലാം തന്നെ കഠോരമാണ്. കാക്കകളേയും, മൂങ്ങകളേയും, കൊക്കുകളേയും എല്ലായിടത്തും കാണാൻ കഴിയും; പക്ഷേ ഹംസങ്ങളെ മാനസസരസ്സിൽ മാത്രമേ കാണാൻ കഴിയുള്ളൂ.” (281)

ചൗ:

സുനി സസോച് കഹ് ദേബി സുമിത്രാ
ബിധി ഗതി ബഡി ബിപരീത് ബിചിത്രാ,
ജോ സൃജി പാലഇ ഹരഇ ബഹോരീ
ബാല് കേലി സമ് ബിധി മതി ഭോരീ. 1

കൗസല്യാ കഹ് ദോസു ന കാഹൂ
കരമ് ബിബസ് ദുഖ് സുഖ് ഛതി ലാഹൂ,
കഠിന് കരമ് ഗതി ജാന് ബിധാതാ
ജോ സുഭ് അസുഭ് സകല് ഫല് ദാതാ. 2

ഈസ് രജാഇ സീസ് സബ്ഹീ കേം
ഉത്പതി ഥിതി ലയ് ബിഷഹു അമീ കേം,
ദേബി മോഹ് ബസ് സോചിഅ ബാദീ
ബിധി പ്രപംചു അസ് അചല് അനാദീ. 3

ഭൂപതി ജിഅബ് മരബ് ഉര് ആനീ
സോചിഅ സഖി ലിഖി നിജ് ഹിത് ഹാനീ,
സീയ് മാതു കഹ് സത്യ് സുബാനീ
സുകൃതീ അവധി അവധ്പതി രാനീ. 4

അതു കേട്ട് സുമിത്ര ശോകത്തോടെ പറഞ്ഞു: “വിധിയുടെ ഗതി അത്യധികം പ്രതികൂലവും വിചിത്രവുമാണ്. അവൻ സൃഷ്ടിയ്ക്കുന്നു, പാലിയ്ക്കുന്നു, പിന്നെ നശിപ്പിയ്ക്കുന്നു. ഒരു കുട്ടിയുടെ കളിയെപ്പോലെ വിധിയുടെ കൃത്യങ്ങൾ ബാലിശങ്ങളാണ്.” കൗസല്യ പറഞ്ഞു: “അത് ആരുടേയും കുറ്റമല്ല. സുഖദു:ഖങ്ങളും, ലാഭനഷ്ടങ്ങളും നമ്മൾ ചെയ്ത കർമ്മങ്ങളനുസരിച്ച് നിശ്ചയിയ്ക്കപ്പെടുന്നവയാണ്. കഠിനമായ വിധിയുടെ ഗതിയെ ദൈവത്തിന്നു മാത്രമേ അറിയാവൂ. അവനാണ് എല്ലാവിധത്തിലുള്ള ശുഭാശുഭഫലങ്ങളേയും (കർമ്മങ്ങൾക്കനുസരിച്ച്) നല്കുന്നത്. ഈശ്വരന്റെ കല്പന എല്ലാവരുടെ മേലും ബാധ്യമാണ് സൃഷ്ടി, സ്ഥിതി, ലയം, വിഷം, അമൃതം (ജീവനെ എടുക്കുകയും ജീവൻ കൊടുക്കുകയും ചെയ്യുന്നത്) ഇവയടക്കം. അതിനാൽ, ദേവി, മോഹവശാൽ ദു:ഖിച്ചിട്ട് യാതൊരു കാര്യവുമില്ല. വിധിയുടെ കൃത്യങ്ങൾ അലംഘനീയവും അനാദിയുമാണ്. രാജാവ് ജീവിച്ചിരുന്നാലും, മരിച്ചാലും, നാം ദു:ഖിയ്ക്കുന്നതിന്നു കാരണം, സഖി, അദ്ദേഹത്തിന്റെ മരണം കാരണം നമ്മുടെ സ്വാർത്ഥതാല്പര്യങ്ങൾക്ക് ഹാനിയുണ്ടായിരിയ്ക്കുന്നുവെന്നതിനാലാണ്.” സീതയുടെ അമ്മ മറുപടി പറഞ്ഞു: “നിങ്ങളുടെ മഹത്തായ വാക്കുകൾ എത്രയും സത്യമാണ്. എറ്റവും വലിയ പുണ്യാത്മാവായ അയോദ്ധ്യാപതിയുടെ റാണിയാണല്ലോ നിങ്ങൾ.”

ദോ:

ലഖനു രാമു സിയ് ജാഹു ँ ബന് ഭല് പരിനാമ് ന പോചു,
ഗഹബരി ഹിയ് ँ കഹ് കൗസിലാ മോഹി ഭരത്കര് സോചു. (282)

“ലക്ഷ്മണനും രാമനും സീതയും കാട്ടിൽ വസിയ്ക്കുന്നതായാൽ പരിണാമം നല്ലതായിരിയ്ക്കും, ദോഷമുണ്ടായിരിയ്ക്കില്ല. പക്ഷേ,” സ്നേഹഭരിതമായ മനസ്സോടെ കൗസല്യ തുടർന്നു: “ഭരതനെക്കുറിച്ചാണ് എനിയ്ക്ക് ചിന്ത.”(282)

ചൗ:

ഈസ് പ്രസാദ് അസീസ് തുംഹാരീ
സുത് സുതബധൂ ദേവസരി ബാരീ.
രാമ് സപഥ് മൈം കീൻഹി ന കാഊ
സോ കരി കഹഉ ँ സഖീ സതി ഭാഊ. 1

ഭരത് സീല് ഗുന് ബിനയ് ബഡാഈ
ഭായപ് ഭഗതി ഭരോസ് ഭലാഈ,
കഹത് സാരദ്ഹു കരി മതി ഹീചേ
സാഗര് സീപ് കി ജാഹിം ഉലീചേ. 2

ജാനഉ്ँ സദാ ഭരത് കുലദീപാ
ബാര് ബാര് മൊഹി കഹെഉ മഹീപാ,
കസേം കനകു മനി പാരിഖി പാഏ്ँ
പുരുഷ് പരിഖിഅഹിം സമയ്ँ സുഭാഏ്ँ. 3

അനുചിത് ആജു കഹബ് അസ് മോരാ
സോക് സനേഹ്ँ സയാനപ് ഥോരാ,
സുനി സുരസരി സമ് പാവനി ബാനീ
ഭഈം സനേഹ് ബികല് സബ് രാനീ. 4

“ദൈവാനുഗ്രഹത്താലും നിങ്ങളുടെ ആശീർവാദത്താലും എന്റെ പുത്രന്മാരും പുത്രവധുക്കളും ഗംഗാജലത്തെപ്പോലെ പരിശുദ്ധരാണ്. ഞാനിതുവരെരാമനാണയായി ഒന്നും പറഞ്ഞിട്ടില്ലെങ്കിലും, സഖി, ഇപ്പോൾ ഞാൻ രാമനാണയായി ആത്മാർത്ഥതയോടെ പറയുന്നു, ഭരതന്റെ സൗഹൃദം, ഗുണങ്ങൾ, വിനയം, മഹാനത, സഹോദരസ്നേഹം, ഭക്തി, വിശ്വാസം, സദ്ഭാവന ഇവയെ പ്രശംസിയ്ക്കുന്നതിൽ ശാരദയുടെ സാമർത്ഥ്യം പതറുന്നു. മുത്തുച്ചിപ്പിയെ തവിയാക്കി സമുദ്രത്തെ കലക്കാനാവുമോ? ഞാൻ ഭരതനെ സദാ കുലത്തിന്റെ വിളക്കാണെന്നറിയും. രാജാവ് വീണ്ടും വീണ്ടും എന്നോട് അത് പറഞ്ഞിട്ടുണ്ട്. സ്വർണ്ണത്തിന്റെ മാറ്റ് ഉരകല്ലിൽ ഉരച്ചറിയാം; ഒരു രത്നത്തെ വിദഗ്ധനായ രത്നവ്യാപാരിയ്ക്കും തിരിച്ചറിയാം; ആളുകളെ തിരിച്ചറിയുന്നത് അപ്രതീക്ഷിതാവസ്ഥകളിൽ അവരുടെ സ്വഭാവത്തെ കണ്ടാണ്. ഇന്ന് ഞാൻ ഈവിധം പറയുന്നത് അനുചിതമാണ്. പക്ഷേ, ശോകവും സ്നേഹവും ഒരാളുടെ വിവേകത്തെ കുറയ്ക്കുന്നു.” ഗംഗാജലം പോലെ പാവനമായ ഈ വാക്കുകളെ കേട്ട് എല്ലാ റാണിമാരും സ്നേഹവശംവദരായി.

ദോ:

കൗസല്യാ കഹ് ധീര് ധരി സുനഹു ദേബി മിഥിലേസി,
കോ ബിബേകനിധി ബല്ലഭ്ഹി തുംഹഹി സകഇ ഉപദേസി. (283)

കൗസല്യ ധൈര്യമവലംബിച്ച് തുടർന്നു: "ഹേ മിഥിലാറാണി, കേൾക്കു: വിവേകത്തിന്റെ സാഗരമായ ജനകരാജാവ് ഭർത്താവായുള്ള നിങ്ങളെ ആർക്കാണ് ഉപദേശിയ്ക്കാനാവുക?" (283)

ചൗ:

രാനി രായ് സന് അവസരു പാഇൗ
അപനീ ഭാ്ँതി കഹബ് സമുഝാഇൗ,
രഖിഅഹിം ലഖനു ഭരതു ഗവനഹിം ബന്
ജൗം യഹ് മത് മാനൈ മഹീപ് മന്. 1

തൗ ഭല് ജതനു കരബ് സുബിചാരീ
മോരേം സോചു ഭരത് കര് ഭാരീ,
ഗൂഢ് സനേഹ് ഭരത് മന് മാഹീം
രഹേം നീക് മൊഹി ലാഗത് നാഹീം. 2

ലഖി സുഭാവു സുനി സരല് സുബാനീ
സബ് ഭഇ മഗന് കരുന് രസ് രാനീ,
നഭ് പ്രസൂന് ഝരി ധന്യ് ധന്യ് ധുനി
സിഥില് സനേഹ്ँ സിദ്ധ് ജോഗി മുനി. 3

സബ് രനിവാസു ബിഥകി ലഖി രഹെഇൗ
തബ് ധരി ധീര് സുമിത്രാँ കഹെഇൗ,
ദേബി ദണ്ഡ് ജുഗ് ജാമിനി ബീതീ
രാമ് മാതു സുനി ഉഠീ സപ്രീതീ. 4

"ഹേ റാണി, അവസരം കിട്ടുമ്പോൾ രാജാവിനോട്, നിങ്ങൾ തന്നെ പറയുന്നതുപോലെ സംസാരിച്ച്, ലക്ഷ്മണനെ തിരിച്ചു വിളിച്ച്, പകരം ഭരതനെ വനത്തിലേയ്ക്കു പോകാനായി അപേക്ഷിയ്ക്കുവിൻ. ഈ നിർദ്ദേശം രാജാവിന്ന് സമ്മതമായാൽ, പിന്നെ നല്ലപോലെ ചിന്തിച്ച് അതിന്നുവേണ്ടി വേണ്ടതെല്ലാം ചെയ്യുവാൻ അദ്ദേഹം പ്രയത്നിയ്ക്കട്ടെ. എനിയ്ക്ക് ഭരതനെ

ക്കുറിച്ച് അമിതമായ ചിന്തയുണ്ട്. അവന്റെ മനസ്സിലിരിയ്ക്കുന്ന സ്നേഹം അത്രയ്ക്കും ഗൂഢമാണ്, അവൻ വീട്ടിലിരുന്നാൽ അവന്ന് എന്തെങ്കിലും അസംഭാവിതം നടക്കുമോ എന്ന് എനിയ്ക്ക് ഭയമുണ്ട്." കൗസല്യയുടെ സഹജമായ സ്നേഹത്തെ കണ്ട്, അവളുടെ നിഷ്കളങ്കമായ സംസാരത്തെ കേട്ട്, എല്ലാ റാണിമാരും കരുണാരസത്തിൽ മഗ്നരായി. ആകാശത്തിൽ നിന്നും പുഷ്പവർഷമുണ്ടായി. കൂടെ 'ധന്യം' 'ധന്യം' എന്ന പ്രശംസാ വചനങ്ങളുമുണ്ടായി. സിദ്ധന്മാരും, യോഗികളും, മുനിമാരും പ്രേമാവേശ ഭരിതരായി. ഇതു കണ്ട് അന്തഃപുരത്തിലുണ്ടായിരുന്ന സ്ത്രീകളെല്ലാവരും തന്നെ ആശ്ചര്യഭരിതരായി. പിന്നെ സുമിത്ര സ്വയം ഉണർന്ന് പറഞ്ഞു: "ദേവി, രാത്രിയുടെ ഒരു യാമം കഴിഞ്ഞുകഴിഞ്ഞു." അതു കേട്ട് ശ്രീരാമന്റെ അമ്മ പ്രീതിയോടെ എഴുന്നേറ്റ്.......

ദോ:

ബേഗി പാഉ ധാരിഅ ഥല്ഹി കഹ് സനേഹ്ँ സതിഭായ്,
ഹമരേം തൗ അബ് ഈസ് ഗതി കൈ മിഥിലേസ് സഹായ്. (284)

....സ്നേഹത്തോടും ആത്മാർത്ഥതയോടുംകൂടി പറഞ്ഞു: "നിങ്ങൾ ദയവു ചെയ്ത് ഉടനെ നിങ്ങളുടെ വാസസ്ഥലത്തേയ്ക്ക് ചെല്ലുവിൻ. ഇപ്പോൾ ഞങ്ങൾക്ക് ഒരേ ഗതി ദൈവവും, ഒരേ സഹായി മിഥിലാ ധിപതിയുമാണ്." (284)

ചൗ:

ലഖി സനേഹ് സുനി ബചന് ബിനീതാ
ജനക്പ്രിയാ ഗഹ് പായ് പുനീതാ,
ദേബി ഉചിത് അസി ബിനയ് തുംഹാരീ
ദസരഥ് ഘരിനി രാമ് മഹതാരീ. 1

പ്രഭു അപനേ നീചഹൂ ആദരഹീം
അഗിനി ധൂമ് ഗിരി സിര് തിനു ധരഹീം,
സേവകു രാഉ കരമ് മന് ബാനീ
സദാ സഹായ് മഹേസു ഭവാനീ. 2

രാഉരെ അംഗ് ജോഗു ജഗ് കോ ഹൈ
ദീപ് സഹായ് കി ദിനകര് സോഹൈ,
രാമു ജാഇ ബനു കരി സുര് കാജൂ
അചല് അവധ്പുര് കരിഹഹിം രാജൂ. 3

അമര് നാഗ് നര് രാമ് ബാഹുബല്
സുഖ് ബസിഹഹിം അപനേം അപനേം ഥല്,
യഹ് സബ് ജാഗ്ബലിക് കഹി രാഖാ
ദേബി ന ഹോഇ മുധാ മുനി ഭാഷാ. 4

അവളുടെ സ്നേഹത്തെ കണ്ട്, അവളുടെ വിനീതമായ വാക്കുകളെ കേട്ട് , ജനകന്റെ പ്രിയറാണി കൗസല്യയുടെ പാവനമായ പാദങ്ങളെ കെട്ടി പ്പിടിച്ചു. "ദേവി, ദശരഥരാജാവിന്റെ പത്നിയും ശ്രീരാമന്റെ മാതാവുമായ നിങ്ങളുടെ ഈ വിനയം എത്രയും ഉചിതമാണ്. മഹാന്മാർ തങ്ങളുടെ താണ നിലയിലുള്ള സേവകന്മാരോടുപോലും ആദരവോടെ പെരുമാറു ന്നു. തീ പുകയെ തലയിൽ ധരിയ്ക്കുന്നു. മലകൾ ശിഖരങ്ങളിൽ പുല്ലിനെ വഹിയ്ക്കുന്നു. (ജനക) രാജാവ് മനസാ, വാചാ, കർമ്മണാ നിങ്ങളുടെ സേവകനാണ്. മഹേശ്വരനും ഭവാനിയും നിങ്ങളുടെ നിത്യസഹായിക ളാണ്. ഈ ലോകത്തിൽ നിങ്ങളുടെ സഹായിയായിരിയ്ക്കുവാനുള്ള യോഗ്യത ആർക്കാണുള്ളത്? സാധാരണ ദീപം സൂര്യന്റെ സഹായിയി പ്രകാശിയ്ക്കുവാൻ സാധിയ്ക്കുമോ? തന്റെ വനവാസാവധി കഴിഞ്ഞ്, ദേവന്മാരുടെ കാര്യത്തെ സാധിച്ച് തിരിച്ചുവന്ന് ശ്രീരാമൻ അയോദ്ധ്യയെ അകണ്ടകമായി ഭരിയ്ക്കും. ശ്രീരാമന്റെ ബാഹുബലത്തിന്റെ കീഴിൽ ദേവന്മാരും, നാഗന്മാരും, മനഷ്യരും താന്താങ്ങളുടെ സ്ഥലങ്ങളിൽ സുഖമായി വസിയ്ക്കും. ഇതെല്ലാം തന്നെ യാജ്ഞവല്ക്യമുനിയാൽ പ്രവചിയ്ക്കപ്പെട്ടിട്ടുണ്ട്. ദേവി, ഒരു മുനിയുടെ പ്രവചനം ഒരിയ്ക്കലും വിഫലമാവില്ല....."

ദോ:

അസ് കഹി പഗ് പരി പേമ് അതി സിയ് ഹിത് ബിനയ് സുനാഇ,
സിയ് സമേത് സിയ്മാതു തബ് ചലീ സുആയസു പാഇ. (284)

.....എന്നു പറഞ്ഞുകൊണ്ട് അവൾ അത്യന്തം സ്നേഹത്തോടെ കൗസല്യ യുടെ പാദങ്ങളിൽ വീണ് സീതയെ തന്നോടുകൂടി കൊണ്ടുപോകുവാൻ സമ്മതം അപേക്ഷിച്ചു. കൗസല്യയുടെ സമ്മതം ലഭിച്ച് സീതയുടെ അമ്മ അപ്പോൾ സീതയോടുകൂടി തന്റെ വാസസ്ഥലത്തേയ്ക്ക് പോയി. (284)

ചൗ:

പ്രിയ് പരിജന്ഹി മിലീ ബൈദേഹീ
ജോ ജെഹി ജോഗു ഭാँതി തെഹി തേഹീ.,
താപസ് ബേഷ് ജാനകീ ദേഖീ
ഭാ സബു ബികല് ബിഷാദ് ബിസേഷീ. 1

ജനക് രാമ് ഗുര് ആയസു പാഈ
ചലേ ഥല്ഹി സിയ് ദേഖീ ആഈ,
ലീൻഹി ലാഇ ഉര് ജനക് ജാനകീ
പാഹുനി പാവന് പേമ് പ്രാന് കീ. 2

ഉര് ഉമഗെഉ അംബുധി അനുരാഗൂ
ഭയഉ ഭൂപ് മനു മനഹുँ പയാഗൂ,
സിയ് സനേഹ് ബടു ബാഢത് ജോഹാ
താ പര് രാമ് പേമ് സിസു സോഹാ. 3

ചിരജീവീ മുനി ഗ്യാന് ബികല് ജനു
ബൂഡത് ലഹെഉ ബാല് അവലംബനു,
മോഹ് മഗന് മതി നഹിം ബിദേഹ് കീ
മഹിമാ സിയ് രഘുബര് സനേഹ് കീ. 4

വൈദേഹി തന്റെ പ്രിയബന്ധുജനങ്ങളെ അവരവരുടെ സ്ഥാനത്തിന്നനു സരിച്ച് കണ്ടുമുട്ടി. ജാനകിയെ മുനിവേഷത്തിൽ കണ്ട് അവർ അത്യന്തം ദു:ഖിതരായി. ശ്രീരാമന്റെ ഗുരുവായ വസിഷ്ഠന്റെ സമ്മതത്തോടെ ജനക രാജാവും തന്റെ വാസസ്ഥലത്തിലേയ്ക്ക് മടങ്ങി. അവിടെ അദ്ദേഹം സീതയെ കണ്ടു. രാജാവ് തന്റെ പാവനമായ പ്രേമത്തിന്റേയും, ജീവന്റേയും ദിവ്യാതിഥിയായ ജാനകിയെ തന്റെ മാറോടണച്ചു. അദ്ദേഹത്തിന്റെ മനസ്സിൽ സ്നേഹത്തിന്റെ സമുദ്രം ഉറവെടുത്തു. അദ്ദേഹത്തിന്റെ ഹൃദയം

ഇപ്പോൾ പാവനമായ പ്രയാഗയെപ്പോലെ ആയിത്തീർന്നു. സീതയുടെ പേരിലുള്ള സ്നേഹമെന്ന വടവൃക്ഷം, ശ്രീരാമന്റെ പേരിലുള്ള പ്രേമമെന്ന ദിവ്യശിശുവോടുകൂടി അതിന്റെ മുകളിൽ ശോഭിച്ചുകൊണ്ട് വളർന്നു വരുന്നതായി കാണപ്പെട്ടു. ജനകരാജാവിന്റെ ജ്ഞാനമെന്ന ചിരഞ്ജീവിയായ മാർക്കണ്ഡേയമുനി അത്യന്തം വിവശനായി മുങ്ങിമരിയ്ക്കുവാനിരുന്ന ആ സമയത്ത് അദ്ദേഹം ദിവ്യശിശുവിന്റെ (ആലിലക്കൃഷ്ണൻ) ആവലംബം ലഭിച്ച് രക്ഷപ്പെട്ടു. വാസ്തവത്തിൽ അത് മോഹത്താൽ വിദേഹരാജന്റെ മനസ്സിന്റെ പരാജയമായിരുന്നില്ല; പക്ഷേ അത് അദ്ദേഹത്തിന്ന് സീതയോടും രഘുവരനോടുമുണ്ടായിരുന്ന സ്നേഹത്തിന്റെ വിജയമായിരുന്നു.

ദോ:

സിയ് പിതു മാതു സനേഹ് ബസ് ബികല് ന സകീ സ്ँഭാരി,
ധരനിസുതാँ ധീരജു ധരെഉ സമഉ സുധരമു ബിചാരി. (286)

തന്റെ മാതാപിതാക്കളുടെ സ്നേഹത്താൽ വിവശയായ സീതയ്ക്കും സ്വയം നിയന്ത്രിയ്ക്കാൻ കഴിഞ്ഞില്ല. പക്ഷേ ആ സമയത്തെ കുഴപ്പമായ നിലയേയും തന്റെ മഹത്തായ ധർമ്മത്തേയും മനസ്സിൽ കൊണ്ട് ഭൂമിപുത്രി സ്വയം ഉണർന്നു. (286)

ചൗ:

താപസ് ബേഷ് ജനക് സിയ് ദേഖീ
ഭയഉ പേമു പരിതോഷു ബിസേഷീ,
പുത്രി പബിത്ര് കിഏ കുല് ദോഊ
സുജസ് ധവല് ജഗു കഹ് സബു കോഊ. 1

ജിതി സുരസരി കീരതി സരി തോരീ
ഗവനു കീൻഹ് ബിധി അണ്ഡ് കരോരീ,
ഗംഗ് അവനി ഥല് തീനി ബഡേരേ
എഹി കിഎ സാധു സമാജ് ഘനേരേ. 2

പിതു കഹ് സത്യ് സനേഹ്ँ സുബാനീ
സീയ് സകുച് മഹുँ മനഹുँ സമാനീ,
പുനി പിതു മാതു ലീൻഹി ഉര് ലാഇ

സിഖ് ആസിഷ് ഹിത് ദീൻഹി സുഹാഇൗ. 3

കഹതി ന സീയ് സകുചി മന് മാഹീം
ഇഹാ് ബസബ് രജനീം ഭല് നാഹീം,
ലഖി രുഖ് രാനി ജനായഉ രാഉൗ
ഹൃദയ് സരാഹത് സീലു സുഭാഉൗ. 4

ജനകൻ സീതയെ താപസിവേഷത്തിൽ കണ്ട് അത്യധികം പ്രേമ പരവശനായി, സംതൃപ്തിയടഞ്ഞു. "പുത്രി, നീ രണ്ടു കുലങ്ങളേയും (നമ്മുടെ കുലത്തേയും നിന്റെ ഭർത്താവിന്റെ കുലത്തേയും) പവിത്രമാക്കി. നിന്റെ സൽകീർത്തി ലോകത്തെ മുഴുവനും ഉജ്ജ്വലമക്കിയെന്ന് എല്ലാ വരും പറയുന്നു. നിന്റെ കീർത്തിയാകുന്ന നദി ദേവനദിയായ ഗംഗയെത്തന്നെ അതിശോഭിച്ചിരിയ്ക്കുന്നു അത് കോടിക്കണക്കിൽ ബ്രഹ്മാണ്ഡങ്ങളിലും ചെന്നു ചേർന്നിരിയ്ക്കുന്നു. ഗംഗ മൂന്നു സ്ഥലങ്ങളെ മാത്രമേ (തന്റെ പ്രവാഹത്തിൽക്കൂടി) ഉന്നതസ്ഥാനത്തേയ്ക്ക് ഉയർത്തീ ട്ടുള്ളൂ. (ഹരിദ്വാരം, പ്രയാഗ, ഗംഗാസാഗരം) നിന്റെ കീർത്തിയാകുന്ന നദിയോ, എണ്ണറ്റ സാധുസംഘങ്ങളുടെ മഹത്വത്തെ വർദ്ധിപ്പിച്ചീ രിയ്ക്കുന്നു." സീതയുടെ പിതാവ് അവളുടെ പേരിലുള്ള സ്നേഹം കാരണം ഈവിധം സത്യവും സുന്ദരവുമായ വാക്കുകൾ പറഞ്ഞുവെങ്കിലും, അവൾ സങ്കോചമാകുന്ന സമുദ്രത്തിൽ മുങ്ങിയപോലെയിരുന്നു. അവളുടെ മാതാപിതാക്കൾ അവളെ വീണ്ടും മാറോടണച്ച് അവൾക്ക് നല്ല, ഹിത കരമായ ഉപദേശങ്ങളും ആശിസ്സുകളും കൊടുത്തു. സീത ഒന്നും പറഞ്ഞില്ല. അവൾക്ക് സങ്കോചമുണ്ടായി, എന്തെന്നാൽ രാത്രി തന്റെ മാതാപിതാക്കളുടെ കൂടെ താമസിയ്ക്കുന്നത് ശരിയല്ലെന്ന് അവൾ വിചാരിച്ചു. അവളുടെ മനസ്സിലുള്ളതറിഞ്ഞ് റാണി അതിനെ രാജാവിനെ അറിയിച്ചു. ഇരുവരും അവളുടെ സൗഹൃദത്തേയും, സത്സ്വഭാവത്തേയും തങ്ങളുടെ മനസ്സിനുള്ളിൽ പ്രശംസിച്ചു.

ദോ:

ബാര് ബാര് മിലി ഭേംടി സിയ് ബിദാ കീൻഹി സന്മാനി,
കഹീ സമയ് സിര് ഭരത് ഗതി രാനി സുബാനി സയാനി. (287)

സീതയെ വീണ്ടു വീണ്ടും കണ്ട് മാറോടണച്ച് അവർ അവളെ സന്മാന ത്തോടെ വിടയാക്കി. ഈ അവസരത്തെ ഉപയോഗപ്പെടുത്തി സമർത്ഥ യായ റാണി രാജാവോട് ഭരതന്റെ സ്ഥിതിയെ സുന്ദരമായ വാക്കുകളിൽ പറഞ്ഞു ധരിപ്പിച്ചു. (287)

ചൗ:

സുനി ഭൂപാല് ഭരത് ബ്യവഹാരൂ
സോന് സുഗംധ് സുധാ സസി സാരൂ,
മൂദേ സജല് നയന് പുലകേ തന്
സുജസു സരാഹന് ലഗേ മുദിത് മന്. 1

സാവധാന് സുനു സുമുഖി സുലോചനി
ഭരത് കഥാ ഭവ് ബംധ് ബിമോചനി,
ധരമ് രാജനയ് ബ്രഹ്മബിചാരൂ
ഇഹാँ ജഥാമതി മോര് പ്രചാരൂ. 2

സോ മതി മോരി ഭരത് മഹിമാഹീ
കഹൈ കാഹ് ഛലി ഛുഅതി ന ഛാँഹീ,
ബിധി ഗനപതി അഹിപതി സിവ് സാരദ്
കബി കോബിദ് ബുധ് ബുദ്ധി ബിസാരദ്. 3

ഭരത് ചരിത് കീരതി കര്തൂതീ
ധരമ് സീല് ഗുന് ബിമല് ബിഭൂതീ,
സമുഝത് സുനത് സുഖദ് സബ് കാഹൂ
സുചി സുരസരി രുചി നിദര് സുധാഹൂ. 4

സുഗന്ധത്തോടുകൂടിയ സ്വർണ്ണത്തെപ്പോലെയും, ചന്ദ്രനിൽനിന്നു വലിച്ചെ ടുക്കപ്പെട്ട അമൃതത്തെപ്പോലെയും വിരളമായ ഭരതന്റെ പെരുമാറ്റത്തെ രാജാവ് കേട്ടപ്പോൾ അദ്ദേഹം തന്റെ അശ്രുപൂർണ്ണമായ കണ്ണുകളെ മൂടി. അവന്റെ ദിവ്യമായ യശസ്സിനെ സന്തുഷ്ടഹൃദയത്തോടെ ശ്ലാഘിയ്ക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ശരീരം പുളകിതമായി. “ഹേ സുമഖി, സുലോചനി, ശ്രദ്ധിച്ചു കേൾക്കൂ. ഭരതന്റെ ചരിതം ഭവബന്ധത്തെ നിവർത്തിയ്ക്കുന്നതാണ്. ധർമ്മം, രാജനീതി, ബ്രഹ്മവിചാരം ഇവയെല്ലാമാണ്

എന്റെ പരിധിയിൽപ്പെട്ട വിഷയങ്ങൾ. പക്ഷേ ഈ വിഷയങ്ങളെപ്പറ്റി എനിയ്ക്ക് പരിചയമുണ്ടെങ്കിലും, എന്റെ ബുദ്ധിയ്ക്ക് സൂത്രത്തിൽക്കൂടി ഭരതന്റെ മഹിമയുടെ നിഴലിനെക്കൂടി തൊടാനാവില്ല. പിന്നെയല്ലെ അതിനെ വർണ്ണിയ്ക്കാനാവുക? ബ്രഹ്മാവിന്നും, ഗണപതിയ്ക്കും, ആദിശേഷ ന്നും, ശിവന്നും, ശാരദയ്ക്കും, കവികൾക്കും, വിദ്വാന്മാർക്കും, ജ്ഞാനി കൾക്കും, വിവേകബുദ്ധയുള്ള മറ്റു പലർക്കും, ഭരതന്റെ ചരിതവും, കീർത്തിയും, കൃത്യങ്ങളും, ധർമ്മനിരതത, സൗഹൃദം, ഗുണം, നിർമ്മല മായ മഹിമ ഇവയെല്ലാം തന്നെ കേൾക്കുവാനും ആസ്വദിയ്ക്കുവാനും ആനന്ദകരമാണ്. അവയെല്ലാം തന്നെ സ്വച്ഛതയിൽ ദേവനദിയായ ഗംഗയേയും, സ്വാദിൽ അമൃതത്തേയും മികച്ചു നില്ക്കുന്നവയാണ്."

ദോ:

നിരവധി ഗുന് നിരുപമ് പുരുഷു ഭരതു ഭരത് സമ് ജാനി,
കഹിഅ സുമേരു കി സേര് സമ് കബികുല് മതി സകുചാനി. (288)

നിരവധി ഗുണങ്ങൾ കൊണ്ട, ഉപമയില്ലാത്ത ഭരതന്നു സമമായി ഭരതൻ മാത്രമാണെന്നറിയൂ. സുമേരുപർവതത്തെ ഒരു സേറിന്ന് (തൂക്കം) സമമായി കണക്കാക്കാനാവുമോ? അതിനാൽ കവിസമാജത്തിന്റെ ബുദ്ധി (അവന്നു സമമായൊരുവനെ കാണാൻ കഴിയാതെ) കുഴപ്പത്തി ലായിരുന്നു. (288)

ചൗ:

അഗമ് സബ്ഹി ബരനത് ബര്ബരനീ
ജിമി ജല്ഹീന് മീന് ഗമു ധരനീ,
ഭരത് അമിത് മഹിമാ സുനു രാനീ
ജാനഹി രാമു ന സകഹിം ബഖാനീ. 1

ബരനി സപ്രേമ് ഭരത് അനുഭാഊ
തിയ് ജിയ് കീ രുചി ലഖി കഹ് രാഊ,
ബഹുര്ഹി ലഖനു ഭരതു ബന് ജാഹീം
സബ് കര് ഭല് സബ് കേ മന് മാഹീം. 2

ദേബി പരംതു ഭരത് രഘുബര് കീ
പ്രീതി പ്രതീതി ജാഇ നഹിം തരകീ,
ഭരതു അവധി സനേഹ് മമതാ കീ
ജദ്യപി രാമു സീമ് സമതാ കീ. 3

പരമാരഥ് സ്വാരഥ് സുഖ് സാരേ
ഭരത് ന സപനെഹുँ മനഹുँ നിഹാരേ,
സാധന് സിദ്ധി രാമ് പഗ് നേഹൂ
മൊഹി ലഖി പരത് ഭരത് മത് ഏഹൂ. 4

“ഹേ സുന്ദരി, എങ്ങനെ ഒരു മത്സ്യത്തിന്ന് കരയിൽ നീന്താനാവില്ലയോ, അതുപോലെ ഭരതന്റെ മഹിമയെ വർണ്ണിയ്ക്കാൻ ശ്രമിയ്ക്കുന്നവരെയെല്ലാം തന്നെ അത് പരിഭ്രമിപ്പിയ്ക്കുന്നു. ഹേ റാണി, കേൾക്കൂ: ഭരതന്റെ അമിതമായ മഹിമയെ രാമൻ മാത്രമേ അറിയുള്ളൂ. പക്ഷേ അവന്നുകൂടി അതിനെ വർണ്ണിയ്ക്കാനാവില്ല.” ഈവിധം ഭരതന്റെ മഹത്വത്തെ സ്നേഹപൂർവം വർണ്ണിച്ച്, റാണിയുടെ മനസ്സിലുള്ളതിനെ മനസ്സിലാക്കി രാജാവ് തുടർന്നു: “ലക്ഷ്മണൻ അയോദ്ധ്യയിലേയ്ക്ക് മടങ്ങി ഭരതൻ ശ്രീരാമന്റെ കൂടെ കാട്ടിലേയ്ക്ക് പോകുന്നതായാൽ അതെല്ലാവർക്കും ഗുണകരമായിരിയ്ക്കും. അതാണ് എല്ലാവരും ആഗ്രഹിയ്ക്കുന്നതും. പക്ഷേ, ദേവി, ഭരതന്റേയും രഘുവരന്റേയും ഇടയിലുള്ള പ്രേമവും വിശ്വാസവും ഒരുവന്റെ ധാരണയ്ക്ക് അപ്പുറമാണ്. ശ്രീരാമൻ സമമനോഭാവത്തിന്റെ അത്യുന്നതമായ ഉദാഹരണമാണെങ്കിലും ഭരതൻ പ്രേമത്തിന്റേയും മമതയുടേയും പൂർണ്ണതയാണ്. ഭരതൻ തന്റെ ആത്മീയവും ലൗകികവുമായ താല്പര്യങ്ങളെപ്പറ്റിയോ സ്വന്തം സുഖസൗകര്യങ്ങളെപ്പറ്റിയോ സ്വപ്നത്തിൽക്കൂടി ചിന്തിച്ചിട്ടില്ല. അവന്ന് ശ്രീരാമന്റെ പാദങ്ങളിൽ ഭക്തിയാണ് സാധനവും സാദ്ധ്യവും; എന്റെ മനസ്സിന്ന് ഇതാണ് ഭരതന്റെ ധർമ്മമെന്ന് തോന്നുന്നു.”

ദോ:
ഭോരെഹുँ ഭരത് ന പേലിഹഹിം മനസ്ഹുँ രാമ് രജാഇ,
കരിഅ ന സോചു സനേഹ് ബസ് കഹെഉ ഭൂപ് ബിലഖാഇ. (289)

"ഭരതൻ അറിയാതെ കൂടി ഒരിയ്ക്കലും ശ്രീരാമന്റെ ആദേശത്തെ അവമതിയ്ക്കില്ല.അതിനാൽനമ്മുടെസ്നേഹംകാരണംനാംഉൽക്കണ്ഠിതരാവേണ്ടതില്ല."രാജാവ്ഗദ്ഗദസ്വരത്തിൽപറഞ്ഞു. (289)

ചൗ:

രാമ് ഭരത് ഗുന് ഗനത് സപ്രീതീ
നിസി ദംപതിഹി പലക് സമ് ബീതീ,
രാജ് സമാജ് പ്രാത് ജുഗ് ജാഗേ
ന്ഹാഇ ന്ഹാഇ സുര് പൂജന് ലാഗേ. 1

ഗേ നഹാഇ ഗുര് പഹിം രഘുരാഈ
ബംദി ചരന് ബോലേ രുഖ് പാഈ,
നാഥ് ഭരതു പുരജന് മഹതാരീ
സോക് ബികല് ബനബാസ് ദുഖാരീ. 2

സഹിത് സമാജ് രാഉ മിഥിലേസൂ
ബഹുത് ദിവസ് ഭഎ സഹത് കലേസൂ,
ഉചിത് ഹോഇ സൊഇ കീജീഅ നാഥാ
ഹിത് സബ്ഹീ കര് രൗരേം ഹാഥാ. 3

അസ് കഹി അതി സകുചേ രഘുരാഊ
മുനി പുലകേ ലഖി സീലു സുഭാഊ,
തുംഹ് ബിനു രാമ് സകല് സുഖ് സാജാ
നരക് സരിസ് ദുഹു രാജ് സമാജാ. 4

രാജാവും റാണിയും (ജനകനും സുനയനയും) പ്രേമത്തോടെ ശ്രീരാമന്റേയും ഭരതന്റേയും ഗുണഗണങ്ങളെ വർണ്ണിച്ചുകൊണ്ട് രാത്രി ഒരു നിമിഷം പോലെ കടന്നുചെന്നു. പുലർച്ചയ്ക്ക് രണ്ടു രാജസമാജങ്ങളും എഴുന്നേറ്റ് കുളികഴിഞ്ഞ് ദേവന്മാരെ പൂജിയ്ക്കാൻ തുടങ്ങി. കുളികഴിഞ്ഞ് രഘുരാമൻ തന്റെ ഗുരുവിന്റെ അടുത്തു ചെന്ന് അദ്ദേഹത്തിന്റെ പാദങ്ങളെ വന്ദിച്ച് അദ്ദേഹത്തിന്റെ അനുമതി ലഭിച്ച് പറഞ്ഞു: "സ്വാമീ, ഭരതനും പ്രജകളും എന്റെ അമ്മമാരും എല്ലാവരും തന്നെ വനവാസത്താൽ ശോകാകുലരായി വൈഷമ്യമനുഭവിയ്ക്കുന്നു. മിഥിലാരാജാവും സമൂഹവും

അനേകം ദിവസങ്ങളായി ക്ലേശം സഹിച്ചുകൊണ്ടിരിയ്ക്കുന്നു. അതിനാൽ ഈ സ്ഥിതിയിൽ സ്വാമീ, എന്താണോ ഉചിതം അത് ചെയ്താലും. എല്ലാവരുടേയും ഹിതം അങ്ങയുടെ കൈകളിലാണ്." എന്ന് സങ്കോച ത്തോടെ പറഞ്ഞു. അവന്റെ സൗശീല്യത്തേയും സത്സ്വഭാവത്തേയും കണ്ട് മുനി പുളകിതനായി. "രാമ, നീ ഇല്ലാതെ എല്ലാവിധ ജീവിത സുഖ സൗകര്യങ്ങളും രണ്ടു രാജസമൂഹങ്ങൾക്കും നരകത്തിന്നു സമമാണ്."

ദോ:

പ്രാന് പ്രാന് കേ ജീവ് കെ ജിവ് സുഖ് കേ സുഖ് രാമ്,
തുംഹ് തജി താത് സോഹത് ഗൃഹ് ജിൻഹഹി തിൻഹഹി ബിധി ബാമ്.
(290)

"ഹേ രാമ, നീ പ്രാണന്റെ പ്രാണനും, ജീവന്റെ ജീവനും, സുഖത്തിന്റെ സുഖവുമാണ്. വത്സ, നിന്നെ ത്യജിച്ച് തങ്ങളുടെ വീടുകളിൽ താമസി യ്ക്കാനിഷ്ടപ്പെടുന്നവർ പ്രതികൂലമായ വിധിയുടെ സ്വാധീനത്തിലാണ്."(290)

ചൗ:

സോ സുഖു കരമു ധരമു ജരി ജാഊ
ജഹ്ँ ന രാമ് പദ് പങ്കജ് ഭാഊ,
ജോഗു കുജോഗു ഗ്യാനു അഗ്യാനൂ
ജഹ്ँ നഹി രാമ് പേമ് പരധാനൂ. 1

തുംഹ് ബിനു ദുഖീ സുഖീ തുംഹ് തേഹീം
തുംഹ് ജാനഹു ജിയ് ജോ ജെഹി കേഹീം,
രാഉര് ആയസു സിര് സബ്ഹീ കേം
ബിദിത് കൃപാലഹി ഗതി സബ് നീകേം. 2

ആപു ആശ്രമ്ഹി ധാരിഅ പാഊ
ഭയഉ സനേഹ് സിഥില് മുനിരാഊ,
കരി പ്രനാമു തബ് രാമു സിധാഏ
രിഷി ധരി ധീര് ജനക് പഹിം ആഏ. 3

രാമ് ബചന് ഗുരു നൃപഹി സുനാഏ
സീല് സനേഹ് സുഭായ്ँ സുഹാഏ,

മഹാരാജ് അബ് കീജിഅ സോഇൗ
സബ് കര് ധരമ് സഹിത് ഹിത് ഹോഇൗ. 4

“ശ്രീരാമന്റെ(നിന്റെ) പാദകമലങ്ങളിൽ ഭക്തിയില്ലാത്ത സുഖവും, കർമ്മവും, ധർമ്മവും നശിയ്ക്കുന്നവയാണ്. ശ്രീരാമപ്രേമത്തിന്ന് പ്രാധാന്യ മില്ലാത്ത യോഗവും ജ്ഞാനവും, കുയോഗവും അജ്ഞാനവുമാണ്. ദു:ഖിയ്ക്കുന്നവർ നിന്നെ ത്യജിച്ചിട്ടാണ് ദു:ഖിയ്ക്കുന്നത്. സുഖമനുഭവി യ്ക്കുന്നവർ നിന്നിൽക്കുടെയാണ് സുഖിയ്ക്കുന്നത്. ഒരുവന്റെ മനസ്സിലിരി യ്ക്കുന്നതിനെ നീ അറിയുന്നു. നിന്റെ ആദേശം എല്ലാവരുടേ മേലും ബാധകമാവുന്നു. കൃപാലുവായ നിനക്ക് എല്ലാ ഗതികളേയും നല്ലപോലെ അറിയാം. നീ ഇപ്പോൾ നിന്റെ ആശ്രമത്തിലേയ്ക്ക് മടങ്ങിപ്പോകാം.” മുനീശ്വരൻ സ്നേഹാവേശത്തിന്നധീനനായി. ശ്രീരാമൻ അപ്പോൾ മുനിയെ വന്ദിച്ച് തിരിച്ചുപോയി. മുനി ധൈര്യം പൂണ്ട് ജനകരാജാവിന്റെ പക്കൽ ചെന്നു. ഗുരു രാജാവോട് സൗഹൃദവും, സ്നേഹവും നിറഞ്ഞ രാമന്റെ വാക്കുകളെ പറഞ്ഞു കേൾപ്പിച്ച് പറഞ്ഞു: “ഹേ മഹാരാജ, ഇനി നിങ്ങൾ എല്ലാവർക്കും ഹിതകരവും ധർമ്മവിഹിതവുമായതിനെ ചെയ്യുവിൻ.”

ദോ:

ഗ്യാന് നിധാന് സുജാന് സുചി ധരമ് ധീര് നരപാല്,
തുംഹ് ബിനു അസമംജസ് സമന് കോ സമരഥ് എഹി കാല്. (291)

“ഹേ രാജൻ, നിങ്ങൾ ജ്ഞാനത്തിന്റെ കലവറയും, സമർത്ഥനും, ശുദ്ധമനസ്കനും, ധർമ്മിഷ്ഠനുമാണ്. ഈ സമയത്ത് നിങ്ങൾക്കല്ലാതെ വേറെയാർക്കാണ് ഈ പ്രതിസന്ധിയിൽനിന്നും പുറത്തുവരാൻ ഒരുപായം കാണാനാവുക?” (291)

ചൗ:

സുനി മുനി ബചന് ജനക് അനുരാഗേ
ലഖി ഗതി ഗ്യാനു ബിരാഗു ബിരാഗേ,
സിഥില് സനേഹ്ँ ഗുനത് മന് മാഹീം
ആഏ ഇഹാँ കീൻഹ് ഭല് നാഹീം. 1

രാമ്ഹി രായ്ँ കഹെഉ ബന് ജാനാ
കീൻഹ് ആപു പ്രിയ് പ്രേമ് പ്രവാനാ,
ഹമ് അബ് ബന് തേം ബന്ഹി പഠാഈ
പ്രമുദിത് ഫിരബ് ബിബേക് ബഡാഈ. 2

താപസ് മുനി മഹിസുര് സുനി ദേഖീ
ഭഏ പ്രേമ് ബസ് ബികല് ബിസേഷീ,
സമഉ സമുഝി ധരി ധീരജു രാജാ
ചലേ ഭരത് പഹിം സഹിത് സമാജാ. 3

ഭരത് ആഇ ആഗേം ഭഇ ലീൻഹേ
അവസര് സരിസ് സുആസന് ദീൻഹേ,
താത് ഭരത് കഹ് തെരഹുതി രാഊ
തുംഹഹി ബിദിത് രഘുബീര് സുഭാഊ. 4

മുനിയുടെ വാക്കുകൾ കേട്ട് ജനകൻ സ്നേഹപരവശനായി. അദ്ദേഹത്തിന്റെ അവസ്ഥയെ കണ്ട് അദ്ദേഹത്തിന്റെ ജ്ഞാനവും വൈരാഗ്യവും കുറുകിപ്പോയി. സ്നേഹശിഥിലനായി അദ്ദേഹം സ്വയം മനസ്സിൽ വാദിച്ചു: 'ഞാൻ ഇങ്ങോട്ട് വന്നത് നന്നായില്ല. ദശരഥരാജാവ് ശ്രീരാമനെ കാട്ടിലേയ്ക്ക് പോവാൻ പറഞ്ഞത് ശരിയാണ്. പക്ഷേ അതേ സമയം അദ്ദേഹം തന്റെ പ്രിയപുത്രന്റെ മേലുണ്ടായിരുന്ന സ്നേഹത്തേയും പ്രകടിപ്പിച്ചു. നമ്മൾ ഇനി അവനെ ഈ കാട്ടിൽനിന്നും വേറൊരു കാട്ടിലേയ്ക്കയയ്ക്കും. എന്നിട്ട് നമ്മുടെ വിവേകത്തെ പ്രശംസിച്ചുകൊണ്ട് സന്തോഷത്തോടെ തിരിച്ചു പോകും.' ഇതെല്ലാം കണ്ടും കേട്ടും കൊണ്ട് താപസന്മാരും, മുനിമാരും, ബ്രാഹ്മണരും അത്യന്തം പ്രേമപരവശരായി. നിലയെ മനസ്സിലാക്കി രാജാവ് സ്വയം ഉണർന്ന് തന്റെ അനുയായികളോടുകൂടി ഭരതനെ കാണാൻ ചെന്നു. ഭരതൻ മുന്നോട്ടു വന്ന് അദ്ദേഹത്തെ വരവേറ്റ് ആ അവസരത്തിൽ ലഭ്യമായ നല്ല ആസനം കൊടുത്തു. തിരഹുതിരാജാവ് (ജനകൻ) പറഞ്ഞു: "പ്രിയ ഭരത, നിനക്ക് രഘുവീരന്റെ സ്വഭാവം അറിയാം."

ദോ:

രാമ് സത്യബ്രത് ധരമ് രത് സബ് കര് സീലു സനേഹൂ,
സങ്കട് സഹത് സകോച് ബസ് കഹിഅ ജൊ ആയസു ദേഹു. (292)

"ശ്രീരാമൻ സത്യവ്രതനും ധർമ്മനിരതനുമാണ്. അവൻ എല്ലാവരുടേയും സൗഹൃദത്തേയും സ്നേഹത്തേയും മാനിയ്ക്കുന്നു. മറ്റുള്ളവരുടെ ഭാവങ്ങളെ മാനിയ്ക്കുന്നതിനാലാണ് അവന്ന് മനസ്താപം അനഭവിയ്ക്കേണ്ടിവരുന്നത്. ഇപ്പോൾ നീ നിന്റെ അവസാനതീരുമാനം എന്താണെന്ന് പറയൂ. അതിനെ ഞാൻ അവനെ അറിയിയ്ക്കാം." (292)

ചൗ:

സുനി തന് പുലകി നയന് ഭര് ബാരീ
ബോലേ ഭരതു ധീര് ധര് ഭാരീ,
പ്രഭു പ്രിയ് പൂജ്യ് പിതാ സമ് ആപൂ
കുല ഗുരു സമ് ഹിത് മായ് ന ബാപൂ. 1

കൗസികാദി മുനി സചിവ് സമാജൂ
ഗ്യാന് അംബുനിധി ആപുനു ആജൂ,
സിസു സേവകു ആയസു അനുഗാമീ
ജാനി മോഹി സിഖ് ദേഇഅ സ്വാമീ. 2

എഹിം സമാജ് ഥല് ബൂഝബ് രാഉര്
മൗന് മലിന് മൈം ബോലബ് ബാഉര്,
ഛോടേ ബദന് കഹഉ് ബഡി ബാതാ
ഛമബ് താത് ലഖി ബാമ് ബിധാതാ. 3

ആഗമ് നിഗമ് പ്രസിദ്ധ് പുരാനാ
സേവാ ധരമു കഠിന് ജഗു മാനാ,
സ്വാമി ധരമ് സ്വാരഥ്ഹി ബിരോധൂ
ബൈരു അന്ധ് പ്രേമ്ഹി ന പ്രബോധൂ. 4

ഈ വാക്കുകളെ കേട്ട് ഭരതന്റെ ദേഹം പുളകിതമായി; കണ്ണുകൾ നിറഞ്ഞു. സ്വയം നല്ലപോലെ നിയന്ത്രിച്ചുകൊണ്ട് അവൻ പറഞ്ഞു:

“പ്രഭോ, അങ്ങെനിയ്ക്ക് എന്റെ പിതാവിനെപ്പോലെ പ്രിയനും പൂജനീയനുമാണ്. എന്റെ കുലഗുരു എന്റെ മാതാപിതാക്കളെക്കാളും എനിയ്ക്ക് ഹിതകാരിയാണ്. ഇവിടെ വിശ്വാമിത്രൻ തുടങ്ങിയ മുനിമാരും, മന്ത്രിമാരും കൊണ്ട ഒരു സമാജമുണ്ട്. പിന്നെ ഇന്ന് ജ്ഞാനത്തിന്റെ സമുദ്രമായ അങ്ങും കൂടെ ഉണ്ട്. സ്വാമീ, എന്നെ ഒരു ശിശുവും അനുസരണമുള്ള സേവകനുമായി അറിഞ്ഞ് വേണ്ടവിധം എന്നെ ഉപദേശിച്ചാലും. ഈ (ജ്ഞാനികളുടെ) സമാജത്തിൽ, ഈ പാവനമായ സ്ഥലത്ത് അങ്ങ് എന്റെ ഉപദേശത്തെ ആവശ്യപ്പെടുക എന്നത് ആലോചിയ്ക്കുമ്പോൾ! എങ്കിലും ഞാൻ മൗനം പാലിച്ചാൽ ഞാൻ മലിനഹൃദയനാണെന്ന് പരിഗണിയ്ക്കപ്പെടും. ഈ സന്ദർഭത്തിൽ ഞാൻ സംസാരിച്ചാലോ, അത് ഭ്രാന്തത്തനവുമായിരിയ്ക്കും. എന്തായാലും എനിയ്ക്ക് ചിലത് പറയാനുണ്ട്. അതിനാൽ താത, വിധി എനിയ്ക്ക് പ്രതികൂലമാണെന്നറിഞ്ഞ് എന്റെ ഈ അവിവേകതയെ ക്ഷമിച്ചാലും. ഒരു സേവകന്റെ ധർമ്മം കഠിനമാണെന്നത് ആഗമങ്ങളിലും, വേദങ്ങളിലും, പുരാണങ്ങളിലും പ്രസിദ്ധവും ലോകം മുഴുവൻ അറിയുന്നതുമാണ്. ഒരു സ്വാമിയോടുള്ള കടമ സ്വർത്ഥതയ്ക്ക് വിരുദ്ധമായതാണ്. വൈരം അന്ധവും പ്രേമം അസാവധാനമായതുമാണ്.”

ദോ:

രാഖി രാമ് രുഖ് ധരമു ബ്രതു പരാധീന് മൊഹി ജാനി,
സബ്കേം സംമത് സർബ് ഹിത് കരിഅ പേമു പഹിചാനി. (293)

“അതിനാൽ, ഞാൻ പരാധീനനാണെന്നറിഞ്ഞ്, ശ്രീരാമന്റെ ഇച്ഛയെ മാനിച്ചുകൊണ്ട്, അവന്റെ ധർമ്മത്തിന്നും വ്രതത്തിന്നും അനുരൂപമായി, എല്ലാവർക്കും അവന്റെ പേരിലുള്ള പ്രേമത്തെ മനസ്സിൽ കൊണ്ട്, എല്ലാവർക്കും സമ്മതമായതും ഹിതമായതും എന്തോ, അത് ചെയ്യുവിൻ.” (293)

ചൗ:

ഭരത് ബചന് സുനി ദേഖി സുഭാഊ
സഹിത് സമാജ് സരാഹത് രാഊ,
സുഗമ് അഗമ് മൃദു മംജു കഠോരേ
അരഥു അമിത് അതി ആഖര് ഥോരേ. 1

ജ്യോം മുഖ് മുകുര് മുകുരു നിജ് പാനീ
ഗഹി ന ജാഇ അസ് അദ്ഭുത് ബാനീ,
ഭൂപ് ഭരതു മുനി സഹിത് സമാജൂ
ഗേ ജഹ്ँ ബിബുധ് കുമുദ് ദ്വിജരാജൂ. 2

സുനി സുധി സോച് ബികല് സബ് ലോഗാ
മനഹു്ँ മീന്ഗന് നവ ജല് ജോഗാ,
ദേവ്ँ പ്രഥമ് കുലഗുര് ഗതി ദേഖീ
നിരഖി ബിദേഹ് സനേഹ് ബിസേഷീ. 3

രാമ് ഭഗതിമയ് ഭരതു നിഹാരേ
സുര് സ്വാരഥീ ഹഹരി ഹിയ്ँ ഹാരേ,
സബ് കൊഉ രാമ് പേമ്മയ് പേഖാ
ഭഏ അലേഖ് സോച് ബസ് ലേഖാ. 4

ഭരതന്റെ വാക്കുകളെ കേട്ട്, അവന്റെ സ്വഭാവത്തെ കണ്ട്, ജനകരാജാവും അവന്റെ അനുഗാമികളും അവനെ പ്രശംസിച്ചു. എളുപ്പത്തിൽ മനസ്സിലാകുന്നതും, അതേ സമയം മനസ്സിലാകുവാനാവാത്തതും, മൃദുവും മധുരവും, എങ്കിലും കഠിനമായതും, വിശദമായ അർത്ഥത്തോടുകൂടിയതും, എങ്കിലും സംക്ഷിപ്തമായതും ഒരുവന്റെ ഛായ ഒരു കണ്ണാടിയിൽ പ്രതിഫലിയ്ക്കുന്നതുപോലെ, കണ്ണാടിയെ ഒരുവൻ തന്റെ കൈയ്യിൽ പിടിച്ചുകൊണ്ടിരുന്നാൽക്കൂടി ആ ഛായയെ എങ്ങനെ ഗ്രഹിയ്ക്കാനാവില്ലയോ, അതുപോലെ അവന്റെ അദ്ഭുതമായ വാക്കുകൾ മനസ്സിനെ എത്രയും ഭ്രമിപ്പിയ്ക്കുന്നവയായിരുന്നു. ജനകരാജാവും, ഭരതനും, വസിഷ്ഠ മുനിയും, സമൂഹവും, ചന്ദ്രൻ ആമ്പൽപ്പൂക്കളെ സന്തോഷിപ്പിയ്ക്കുന്നതുപോലെ ദേവന്മാരെ ആനന്ദിപ്പിയ്ക്കുന്ന ശ്രീരാമനെ ചെന്നു കണ്ടു. ഈ വർത്തമാനമറിഞ്ഞ് ജനങ്ങൾ എല്ലാവരും, മീനുകൾ ആദ്യത്തെ മഴയുടെ വെള്ളത്തെ സ്പർശിച്ചാലെന്നപോലെ ചിന്താകുലരായി. ദേവന്മാർ ആദ്യം കുലഗുരുവിന്റെ (വസിഷ്ഠൻ) നിലയെ ശ്രദ്ധിച്ചു; പിന്നെ വിദേഹരാജാവിന്റെ വിശിഷ്ടമായ സ്നേഹത്തെ ശ്രദ്ധിച്ചു. പിന്നെ അവർ ശ്രീരാമഭക്തിയുടെ മൂർത്തിയായ ഭരതനെ നോക്കി. ഇതെല്ലാം കണ്ട് സ്വാർത്ഥി

കളായ ദേവന്മാർ അധൈര്യപ്പെട്ട് ദു:ഖിതരായി. എല്ലാവരേയും ശ്രീരാമ നിങ്കൽ പ്രേമഭരിതരായിക്കണ്ട് ദേവന്മാർ അത്യന്തം അസ്വസ്ഥരായി.

ദോ:

രാമു സനേഹ് സകോച് ബസ് കഹ് സസോച് സുരരാജു,
രചഹു പ്രപഞ്ച്ഹി പഞ്ച് മിലി നാഹിം ത് ഭയഉ അകാജു. (294)

“ശ്രീരാമൻ മറ്റുള്ളവരുടെ ഭാവങ്ങളെ സ്നേഹപൂർവം പരിഗണിയ്ക്കുന്നവനാണ്.” ദേവരാജാവ് ചിന്താവിഷ്ടനായി പറഞ്ഞു. “അതിനാൽ നിങ്ങളെല്ലാവരും ചേർന്ന് ഏതെങ്കിലുമൊരു ഗൂഢതന്ത്രം രചിയ്ക്കുവിൻ. ഇല്ലെങ്കിൽ നമ്മുടെ കാര്യം നിഷ്ഫലമാവും.” (294)

ചൗ:

സുരൻഹ് സുമിരി സാരദാ സരാഹീ
ദേബി ദേവ് സരനാഗത് പാഹീ,
ഫേരി ഭരത് മതി കരി നിജ് മായാ
പാലു ബിബുധ് കുല് കരി ഛല് ഛായാ. 1

ബിബുധ് ബിനയ് സുനി ദേവി സയാനീ
ബോലീ സുര് സ്വാരഥ് ജഡ് ജാനീ,
മോ സന് കഹഹു ഭരത് മതി ഫേരൂ
ലോചന് സഹസ് ന സൂഝ് സുമേരൂ,. 2

ബിധി ഹരി ഹര് മായാ ബഡി ഭാരീ
സൊഉ ന ഭരത് മതി സകഇ നിഹാരീ,
സോ മതി മോഹി കഹത് കരു ഭോരീ
ചന്ദിനി കര് കി ചണ്ഡ്കര് ചോരീ. 3

ഭരത് ഹൃദയ്ँ സിയ് രാമ് നിവാസൂ
തഹँ കി തിമിര് ജഹँ തരനി പ്രകാസൂ,
അസ് കഹി സാരദ് ഗഇ ബിധി ലോകാ
ബിബുധ് ബികല് നിസി മാനഹുँ കോകാ. 4

ദേവന്മാർ ശാരദയെ സ്മരിച്ച് അവളെ സ്തുതിച്ചു. അവർ പറഞ്ഞു: “ദേവി, ഞങ്ങൾ, ദേവന്മാർ നിന്നെ ശരണം പ്രാപിച്ചിരിയ്ക്കുന്നു. ഞങ്ങളെ രക്ഷിച്ചാലും. ഭരതന്റെ മനസ്സിനെ നിന്റെ മായയാൽ മാറ്റിയാലും. അങ്ങനെ ഏതെങ്കിലും കപടതന്ത്രം പ്രയോഗിച്ച് ദേവസമൂഹത്തെ രക്ഷിച്ചാലും.” ദേവന്മാരുടെ പ്രാർത്ഥനയെ കേട്ട ജ്ഞാനിയായ ശാരദാദേവി, സ്വാർത്ഥത ദേവന്മാരുടെ ബുദ്ധിയെ ജഡമാക്കീട്ടുണ്ടെന്ന് മനസ്സിലാക്കി, മറുപടി പറഞ്ഞു: “നിങ്ങൾ എന്നെ ഭരതന്റെ മനസ്സിനെ മാറ്റുവാൻ പറയുന്നു! (ഇന്ദ്രനെ നോക്കി) ആയിരം കണ്ണുകളുണ്ടായിട്ടും നിനക്ക് മേരുപർവ്വതത്തെ കാണാനാവുന്നില്ലെന്നുള്ളത് ശോചനീയം തന്നെ. ബ്രഹ്മാവിന്റേയും, വിഷ്ണുവിന്റേയും, ശിവന്റേയും മായ എത്രയോ ശക്തിയുള്ളതാണ്. എന്നിട്ടും അതിന്നുകൂടി ഭരതന്റെ യുക്തിബോധത്തെ നേരിടാൻ കഴിയില്ല. എന്നിട്ടും എന്നോട് അവന്റെ ബുദ്ധിയെ തിരിയ്ക്കാൻ നീ പറയുന്നുവല്ലോ. എന്താ, ചന്ദ്രികയ്ക്ക് സൂര്യനെ കക്കാനാവുമോ? ഭരതന്റെ ഹൃദയം സീതയുടേയും രാമന്റേയും നിവാസസ്ഥലമാണ്. സൂര്യവെളിച്ചമുള്ളിടത്ത് ഇരുട്ടിന് കടക്കാനാവുമോ?” എന്നു പറഞ്ഞുകൊണ്ട് ശാരദ ബ്രഹ്മലോകത്തിലേയ്ക്ക് പോയി. ദേവന്മാർ, രാത്രിയിൽ ചക്രവാകപ്പക്ഷിയെന്നപോലെ അസ്വസ്ഥരായി.

ദോ:

സുര് സ്വാരഥീ മലീന് മന് കീൻഹ് കുമന്ത്ര് കുഠാടു,
രചി പ്രപഞ്ച് മായാ പ്രബല് ഭയ് ഭ്രമ് അരതി ഉചാടു. (295)

സ്വാർത്ഥികളും മലനിഹൃദയന്മാരുമായ ദേവന്മാർ ഒരു കുതന്ത്രം ആലോചിച്ച് പ്രബലമായ ഒരു മായാജാലത്തെ സൃഷ്ടിച്ച് (ജനങ്ങളുടെ ഇടയിൽ) ഭയത്തിന്റേയും, ഭ്രമത്തിന്റേയും, ജഡതയുടേയും, പ്രക്ഷോഭത്തിന്റേയും തിരകളുണ്ടാക്കി. (295)

ചൗ:

കരി കുചാലി സോചത് സുരരാജൂ
ഭരത് ഹാഥ് സബു കാജു അകാജൂ,
ഗഏ ജനകു രഘുനാഥ് സമീപാ
സന്മാനേ സബ് രബികുല് ദീപാ. 1

സമയ് സമാജ് ധരമ് അബിരോധാ
ബോലേ തബ് രഘുബംസ് പുരോധാ,
ജനക് ഭരത് സംബാദു സുനാഈ
ഭരത് കഹാഉതി കഹീ സുഹാഈ. 2

താത് രാമ് ജസ് ആയസു ദേഹൂ
സോ സബു കരൈ മോര് മത് ഏഹൂ,
സുനി രഘുനാഥ് ജോരി ജുഗ് പാനീ
ബോലേ സത്യ് സരല് മൃദു ബാനീ. 3

ബിദ്യമാന് ആപുനി മിഥിലേസൂ
മോര് കഹബ് സബ് ഭാँതി ഭദേസൂ,
രാഉര് രായ് രജായസു ഹോഈ
രാഉരി സപഥ് സഹീ സിര് സോഈ. 4

കുകർമ്മത്തെ തുടങ്ങിവെച്ച ദേവേന്ദ്രൻ, തന്റെ കാര്യത്തിന്റെ വിജയമോ പരാജയമോ, ഭരതന്റെ കയ്യിലാണെന്ന് സ്വയം ചിന്തിച്ചു. (ഇപ്പുറത്ത്) ജനകൻ രഘുനാഥന്റെ അടുക്കലേയ്ക്ക് പോയി. രഘുകുലദീപമായ രാമൻ അവരെയെല്ലാവരേയും ബഹുമാനത്തോടെ വരവേറ്റു. അപ്പോൾ രഘു വംശത്തിന്റെ പുരോഹിതൻ (വസിഷ്ഠൻ) സമയോചിതവും, സമാജത്തിന്നു ഹിതമായതും, ധർമ്മവിരോധമല്ലാത്തതുമായ വാക്കുകൾ പറഞ്ഞു. അദ്ദേഹം ജനകന്നും ഭരതന്നുമിടയിൽ നടന്ന സംവാദത്തെ പറഞ്ഞു കേൾപ്പിച്ചു. ഭരതന്റെ മനോഹരമായ ഭാഷണത്തെ ആവർത്തിച്ചു പറഞ്ഞു. അദ്ദേഹം പറഞ്ഞു: “പ്രിയ രാമ, നീ തരുന്ന ഏതൊരു ആദേശത്തേയും എല്ലാവരും അനുസരിയ്ക്കണം. ഇതാണെന്റെ അഭിപ്രായം.” ഇതു കേട്ട് രഘുനാഥൻ കൈകൾ കൂപ്പിക്കൊണ്ട് സത്യവും, സരളവും, മൃദുവുമായ വാക്കുകൾ പറഞ്ഞു: “അങ്ങയുടേയും മിഥിലേശന്റേയും സാന്നിദ്ധ്യത്തിൽ ഞാനെന്തെങ്കിലും പറഞ്ഞാൽ അത് അനുചിതമായിരിയ്ക്കും. അങ്ങയും മിഥിലാരാജനും എന്ത് ആദേശം കൊടുക്കുന്നുവോ, അങ്ങയാണയായി ഞാൻ പറയുന്നു, അതിനെ എല്ലാവരും ശിരോധാര്യമായി ഏല്ക്കും.”

ദോ:

രാമ് സപഥ് സുനി മുനി ജനകു സകുചേ സഭാ സമേത് ,
സകല് ബിലോകത് ഭരത് മുഖു ബനഇ ന ഊതരു ദേത്. (296)

ശ്രീരാമന്റെ ശപഥത്തെ കേട്ട് വസിഷ്ഠമുനിയും, ജനകരാജാവും, എല്ലാ സഭാംഗങ്ങളും അമ്പരന്നുപോയി. ആർക്കും ഒരു മറുപടിയും കൊടുക്കാനാവാതെ എല്ലാവരുടെ കണ്ണുകളും ഭരതന്റെ നേർക്ക് തിരിഞ്ഞു. (296)

ചൗ:

സഭാ സകുച് ബസ് ഭരത് നിഹാരീ
രാമബന്ധു ധരി ധീരജു ഭാരീ,
കുസമഉ ദേഖി സനേഹു സ്ँഭാരാ
ബഢത് ബിന്ധി ജിമി ഘടജ് നിവാരാ. 1

സോക് കനക്ലോചന് മതി ഛോനീ
ഹരീ ബിമല് ഗുന് ഗന് ജഗ്ജോനീ,
ഭരത് ബിബേക് ബരാഹ്ँ ബിസാലാ
അനായാസ് ഉധരീ തെഹി കാലാ. 2

കരി പ്രനാമു സബ് കഹ്ँ കര് ജോരേ
രാമു രാഉ ഗുര് സാധു നിഹോരേ,
ഛമബ് ആജു അതി അനുചിത് മോരാ
കഹഉँ ബദന് മൃദു ബചന് കഠോരാ. 3

ഹിയ്ँ സുമിരീ സാരദാ സുഹാഈ
മാനസ് തേം മുഖ് പങ്കജ് ആഈ,
ബിമല് ബിബേക് ധരമ് നയ് സാലീ
ഭരത് ഭാരതീ മഞ്ജു മരാലീ. 4

ഭരതൻ സഭയെ വിഷമനിലയിൽ കണ്ട്, രാമന്റെ സഹോദരൻ അത്യന്തം ആത്മനിയന്ത്രണം ചെയ്ത് പ്രതികൂലമായ നിലയെ മനസ്സിലാക്കി, വിന്ധ്യ പർവതത്തിന്റെ വളർച്ചയെ അഗസ്ത്യമുനി* തടഞ്ഞു നിർത്തിയപോലെ അവൻ തന്റെ സ്നേഹവികാരങ്ങളെ നിയന്ത്രിച്ചു. ശോകമെന്ന ഹിരണ്യാക്ഷൻ സഭയുടെ വിവേകമെന്ന വിശുദ്ധമായ ഗുണഗണങ്ങളെന്ന സർവ

സൃഷ്ടികളുടേയും ഉത്ഭവസ്ഥാനമായ ഭൂമിയെ അപഹരിച്ചുകൊണ്ടുപോയിരുന്നു. അപ്പോൾ ഭരതന്റെ വിവേകമെന്ന ഭീമാകാരമായ വരാഹം അതിനെ അനായാസമായി ക്ഷണനേരം കൊണ്ട് രക്ഷിച്ചു**. ഭരതൻ തലവണങ്ങിക്കൊണ്ട് എല്ലാവരുടേയും മുന്നിൽ കൈകൾ കൂപ്പിക്കൊണ്ട് ശ്രീരാമനോടും, ജനകരാജാവോടും, തന്റെ ഗുരുവിനോടും, അവിടെ സന്നിഹിതരായിരുന്ന മറ്റു സാധുജനങ്ങളോടും, ഈവിധം പ്രാർത്ഥിച്ചു. "ഞാനെന്റെ മൃദുവായ നാവുകൊണ്ട് അതികഠോരടമായ ഒരു പ്രസ്താവന ചെയ്യുവാൻ പോകുന്നു. ഈ അനൗചിത്യത്തെ ദയവുചെയ്ത് ഇന്ന് ക്ഷമിച്ചാലും." എന്നിട്ട് അവൻ മനസ്സിൽ ശാരദാദേവിയെ സ്മരിച്ചു. അവളും അവന്റെ മനസ്സാകുന്ന മാനസസരോവവരത്തിൽനിന്നും അവന്റെ മുഖകമലത്തിലേയ്ക്ക് വന്നു. വിശുദ്ധമായ വിവേകവും, ധർമ്മവും, നയവും നിറഞ്ഞ ഭരതന്റെ വാക്കുകൾ (അസത്തിൽനിന്നും സത്തിനെ വേർതിരിച്ചെടുക്കാൻ കഴിയുന്ന) മനോഹരമായ ഹംസത്തെപ്പോലെയിരുന്നു.

----

*മഹാഭാരതത്തിൽ (വനപർവം – 104ാം അദ്ധ്യായം) വരുന്ന സംഭവം : സുമേരു പർവതത്തെ ദിവസേന പ്രദക്ഷിണം ചെയ്യുന്ന സൂര്യനോട് വിന്ധ്യപർവതത്തിന്റെ അധിദേവത, വിന്ധ്യപർവതത്തേയും പ്രദക്ഷിണം ചെയ്യാൻ പറഞ്ഞു. പക്ഷേ, സുര്യൻ തന്റേ ഗതി വിശേശ്വരനാൽ നിർണയിയ്ക്കപ്പെട്ടതാണെന്നും, താൻ അതിൽനിന്നും വ്യതിചലിയ്ക്കില്ലെന്നും പറഞ്ഞു. ഇത് വിന്ധ്യനെ ക്രോധാകുലനാക്കി. അത് സൂര്യചന്ദ്രന്മാരുടെ ഗതിയെ തടയത്തക്കവിധം ഉയരാൻ തുടങ്ങി. ഭീതരായ ദേവന്മാർ അഗസ്ത്യമുനിയോട് സഹായമഭയർത്ഥിച്ചു. ആദ്ദേഹം വിന്ധ്യദേവതയോട് തെക്കോട്ടു പോകാൻ തനിയ്ക്ക് വഴിമാറിത്തരണമെന്ന് പറഞ്ഞു. വിന്ധ്യൻ അനുസരണപൂർവം അദ്ദേഹത്തെ താണു നമസ്കരിച്ച് വഴിമാറിക്കൊടുത്തു. താൻ തിരിച്ചുവരുന്നതുവരെ ആ നിലയിൽത്തന്നെ ഇരിയ്ക്കാൻ പർവതത്തെ ശപഥപൂർവം മുനി നിർബന്ധിതനാക്കി. പക്ഷേ, മുനി ഇതേവരെ തെക്കുനിന്നും തിരിച്ചുവന്നിട്ടില്ല. മലയും ആ നിലയിൽത്തന്നെ നിന്നു. മുനി ഈവിധം അതിന്റെ ഉയർച്ചയെ തടഞ്ഞു.

**ഈ ഉപമ ശ്രീമദ്ഭാഗവതത്തിൽ (3–ാം സ്കന്ധം – അധ്യായങ്ങൾ 13, 18, 19) വരുന്ന ഹിരണ്യാക്ഷന്റെ കഥയിൽനിന്നുമുള്ളതാണ്. ബ്രഹ്മാവ് തന്റെ പുത്രനായ മനുവോട് മനുഷ്യരെ സൃഷ്ടിയ്ക്കുവാൻ പറഞ്ഞപ്പോൾ മനു ഭുമിയെ വെള്ളത്തിൽ മുങ്ങിക്കിടക്കുന്നതായി കണ്ട് ബ്രഹ്മാവിനോട് പരാതി ബോധിപ്പിച്ചു. ബ്രഹ്മാവ് ചിന്തിതനായി ധ്യാനത്തിലാണ്ടു. ഉടനെ അദ്ദേഹത്തിന്റെ മൂക്കുവഴി കട്ടവിരൽ അളവിൽ ഒരു പന്നിക്കുട്ടി പുറത്തുചാടി, നിമിഷത്തിൽ വലിയ മലപോലെ വളർന്നു. ബ്രഹ്മാവും മക്കളും ഇതുകണ്ട് ആശ്ചര്യപ്പെട്ടു. പ്രഭു അവരുടെ സങ്കടത്തെ പോക്കാൻ സ്വയം അവതരിച്ചതായിരിയ്ക്കണമെന്ന് അവർ അനുമാനിച്ചു. ആ ദിവ്യവരാഹം ഉടൻ സമുദ്രത്തിൽ ചാടി, ഭുമിദേവിയെ ലാഘവമായി തൂക്കി തന്റെ തേറ്റമേൽ വെച്ച്

വെള്ളത്തിൽനിന്നും മേല്പോട്ട് കുതിച്ചപ്പോൾ ഹിരണ്യാക്ഷൻ അവിടെ വന്ന്, അത് മഹാവിഷ്ണുവാണെന്നറിഞ്ഞ് ആ വരാഹത്തെ യുദ്ധത്തിന്ന് വെല്ലുവിളിച്ചു. ഭൂമിയെ ഒരുപുറം വെച്ച് ആ രാക്ഷസനോട് കഠിമായി പൊരുതി അവസാനം അവനെ വധിച്ച് ഭൂമിയെ യഥാസ്ഥാനം പ്രതിഷ്ഠിച്ചു.

ദോ:

നിരഖി ബിബേക് ബിലോചനൻഹി സിഥില് സനേഹ്ँ സമാജു,
കരി പ്രനാമു ബോലേ ഭരതു സുമിരി സീയ് രഘുരാജു. (297)

സഭ മുഴുവൻ സ്നേഹഭാവത്താൽ പൂരിതമായിരിയ്ക്കുന്നതായി ഭരതൻ കണ്ടു. അതിനാൽ അവൻ എല്ലാവരേയും വണങ്ങിക്കൊണ്ട്, സീതയേയും രഘുപതിയേയും സ്മരിച്ചുകൊണ്ട് ഈവിധം പറഞ്ഞു: (297)

ചൗ:

പ്രഭു പിതു മാതു സുഹൃദ് ഗുര് സ്വാമീ
പൂജ്യ് പരമ് ഹിത് അന്തർജാമീ,
സരല് സുസാഹിബു സീല് നിധാനൂ
പ്രനതപാല് സർബഗ്യ് സുജാനൂ. 1

സമരഥ് സരനാഗത് ഹിതകാരീ
ഗുനഗാഹകു അവഗുന് അഘ് ഹാരീ,
സ്വാമി ഗൊസാँഇഹി സരിസ് ഗൊസാഇൗം
മൊഹി സമാന് മൈം സാഇँ ദൊഹാഇൗം 2

പ്രഭു പിതു ബചന് മോഹ് ബസ് പേലീ
ആയഉँ ഇഹാँ സമാജു സകേലീ,
ജഗ് ഭല് പോച് ഊँച് അരു നീചൂ
അമിഅ അമരപദ് മാഹുരു മീചൂ. 3

രാമ് രജാഇ മേട് മന് മാഹീം
ദേഖാ സുനാ കതഹുँ കൊഉ നാഹീം,
സോ മൈം സബ് ബിധി കീൻഹി ഢിഠാഇൗ
പ്രഭു മാനീ സനേഹ് സെവകാഇൗ. 4

'പ്രഭോ, അങ്ങെന്റെ പിതാവും, മാതാവും, സഖാവും, ഗുരുവും, സ്വാമിയും, പൂജനീയനും, പരമഹിതകാരിയും, അന്തര്യാമിയുമാണ്. അങ്ങ് നിഷ്കളങ്കനും, സുരക്ഷാധികാരിയും, സൗഹൃദത്തിന്റെ കലവറയും, ആശ്രിതരക്ഷകനും, സർവജ്ഞനും, ബുദ്ധിമാനും, സർവശക്തനും, ശരണാഗത വത്സലനും, അന്യരുടെ ഗുണങ്ങളെ മാനിയ്ക്കുന്നതിൽ സമർത്ഥനും, ദുർഗ്ഗുണങ്ങളേയും പാപങ്ങളേയും നശിപ്പിയ്ക്കുന്നവനുമാണ്. പ്രഭോ, അങ്ങയെപ്പോലുള്ള സ്വാമി അങ്ങു മാത്രമേയുള്ളൂ. ഞാനോ, എന്റെ സ്വാമിയോട് വിശ്വാസഘാതം ചെയ്യുന്നതിൽ ഒന്നാമനുമാണ്. എന്റെ പ്രഭുവിന്റേയും (അങ്ങയുടെ) പിതാവിന്റേയും വാക്കിനെ മോഹവശാൽ വകവെയ്ക്കാതെ ഞാൻ ഇത്രയും ജനസമൂഹത്തോടുകൂടി ഇവിടേയ്ക്കു വന്നു. ഈ ലോകത്തിൽ നല്ലവരും കെട്ടവരും, – ഉയർന്നവരും നീചരും – അമൃതവും അമരത്വവും ഒരുഭാഗത്തും, – വിഷവും മരണവും മറുഭാഗത്തും, ഉണ്ട്. പക്ഷേ ഒരിടത്തും ഞാൻ ശ്രീരാമന്റെ (അങ്ങയുടെ) ആജ്ഞയെ മനസ്സിൽക്കൂടി ലംഘിയ്ക്കുന്ന ഒരുവനെക്കൂടി കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ല. എങ്കിലും, ഇതാ, ഞാൻ ഇപ്പോൾ അതിനെ മനസ്സിനാൽ മാത്രമല്ല, വാക്കുകളാലും, പ്രവൃത്തിയാലും ചെയ്യുവാനുദ്ദേശിയ്ക്കുന്നു. എന്റെ ഈ ഉദ്ദേശത്തെ എന്റെ പ്രഭു സ്നേഹത്തിന്റേയും സേവനത്തിന്റേയും പ്രതീകമായിട്ടാണ് എടുത്തിട്ടുള്ളത്.

ദോ:

കൃപാ ँ ഭലാഈം ആപനീ നാഥ് കീൻഹ് ഭല് മോര്,
ദൂഷന് ഭേ ഭൂഷന് സരിസ് സുജസു ചാരു ചഹു ഓര്. (298)

"അദ്ദേഹത്തിന്റെ കൃപയും സന്മനസ്സും കൊണ്ട് എന്റെ സ്വാമി എനിയ്ക്ക് നന്മയാണ് ചെയ്തിരിയ്ക്കുന്നത്. എന്റെ ദോഷങ്ങൾ എനിയ്ക്ക് ഭൂഷണങ്ങളായിരിയ്ക്കുന്നു. എന്റെ തേജോമയമായ സത്കീർത്തി എല്ലാ ഭാഗത്തും പരന്നിരിയ്ക്കുന്നു." (298)

ചൗ:

രാഉരി രീതി സുബാനി ബഡാഈ
ജഗത് ബിദിത് നിഗമാഗമ് ഗാഈ,
കൂര് കുടില് ഖല് കുമതി കലങ്കീ
നീച് നിസീല് നിരീസ് നിസങ്കീ. 1

തെഉ സുനി സരന് സാമുഹേം ആഏ
സകൃത് പ്രനാമു കിഹേം അപനാഏ,
ദേഖി ദോഷ് കബഹു്ँ ന ഉര് ആനേ
സുനി ഗുന് സാധു സമാജ് ബഖാനേ. 2

കോ സാഹിബ് സേവക്ഹി നെവാജീ
ആപു സമാജ് സാജ് സബ് സാജീ,
നിജ് കര്തൂതി ന സമുഝിഅ സപനേം
സേവക് സകുച് സോചു ഉര് അപനേം. 3

സോ ഗൊസാഇ്ँ നഹിം ദൂസര് കോപീ
ഭുജാ ഉഠാഇ കഹഉ്ँ പന് രോപീ,
പസു നാചത് സുക് പാഠ് പ്രബീനാ
ഗുന് ഗതി നട് പാഠക് ആധീനാ. 4

'അങ്ങയുടെ രീതിയും, ശ്രേഷ്ഠമായ ശീലവും, മഹാനതയും ലോകം മുഴുവ നറിയുന്നതും, വേദങ്ങളിലും മറ്റു പവിത്രഗ്രന്ഥങ്ങളിലും ഘോഷിയ്ക്കപ്പെട്ടി ട്ടുമുണ്ട്. ക്രൂരന്മാരും, കുടിലന്മാരും, ദുഷ്ടന്മാരും, ദുർബുദ്ധികളും, കളങ്ക മുള്ളവരും, നീചന്മാരും, നിർലജ്ജരും, നിരീശ്വരന്മാരും, അധാർമികരും അങ്ങയെ ഒരിയ്ക്കൽ വന്ദിച്ച് അങ്ങയെ ശരണം പ്രാപിച്ചാൽ കൂടി അവരെ അങ്ങ് അങ്ങയുടെ സ്വജനമായി സ്വീകരിയ്ക്കുന്നു. അവരുടെ ദോഷങ്ങളെ അങ്ങ് കണ്ടാലും കൂടി, അവയെ മനസ്സിലെടുക്കാതെ അവരുടെ ഗുണങ്ങളെ കേട്ടാലും അവയെ സാധുസമാജത്തിന്റെ മുന്നിൽ പ്രശംസിയ്ക്കും. തന്റെ സേവകനോട് ഇത്രയും കരുണ കാണിയ്ക്കുകയും, അവന്റെ എല്ലാ ആവശ്യങ്ങളേയും സ്വയം നിറവേറ്റുകയും ചെയ്യുന്ന, താൻ തന്റെ സേവകന്നുവേണ്ടി ചെയ്തതിനെ സ്വപ്നത്തിൽക്കൂടി കണക്കിലെടു ക്കാതെ, അവന്ന് സങ്കോചമുണ്ടാക്കുന്ന ഏതെങ്കിലും സംഭവിച്ചാൽ മനസ്സിൽ സങ്കടപ്പെടുന്നവനുമായ ഒരു സ്വാമിയെ എവിടെയാണ് കാണാൻ കഴിയുക? അത് എന്റെ സ്വാമിയായ അങ്ങാണ്, മറ്റാരുമല്ല എന്ന് ഉയർത്തിയ കൈകളോടെ ശപഥം ചെയ്ത് ഘോഷിയ്ക്കുന്നു. ഒരു മൃഗം നൃത്യം ചെയ്യാം. ഒരു കിളിയ്ക്ക് അതിനെ പഠിപ്പിച്ചതിനെ ആവർത്തിച്ചു പറയുന്നതിൽ പ്രാവീണ്യമുണ്ടാവാം. പക്ഷേ മൃഗത്തിന്റെ നൃത്യത്തിന്റെ

ചലനങ്ങളും, കിളിയുടെ പ്രവീണതയും നൃത്യം പഠിപ്പിയ്ക്കുന്നവന്റേയും, കിളിയെ പഠിപ്പിയ്ക്കുന്നവന്റേയും കഴിവിലാണിരിയ്ക്കുന്നത്."

ദോ:

യോം സുധാരി സന്മാനി ജന് കിഏ സാധു സിര്മോര്,
കോ കൃപാല് ബിനു പാലിഹൈ ബിരിദാവലി ബര്ജോര്. (299)

"ഈവിധം അങ്ങയുടെ സേവകന്മാരെ ഉദ്ധരിച്ചുകൊണ്ടും അവരെ ബഹുമാനിച്ചുകൊണ്ടും, അങ്ങ് അവരെ സാധുജനങ്ങളുടെ ശിരോമണിയാക്കിയിരിയ്ക്കുന്നു. കൃപാലുവായ അങ്ങല്ലാതെ വേറെയാരാണ് (ദയാലുവും ഉദാരനുമായ സ്വാമിയെന്ന) തന്റെ ഉയർന്ന സത്കീർത്തിയെ ശരിയായി പാലിയ്ക്കുക?" (299)

ചൗ:

സോക് സനേഹ് ँ കി ബാല് സുഭാഏँ
ആയഉँ ലാഇ രജായസു ബാഏँ,
തബ്ഹു ँ കൃപാല് ഹേരി നിജ് ഓരാ
സബ്ഹി ഭാँതി ഭല് മാനെഉ മോരാ. 1

ദേഖെഉँ പായ് സുമംഗല് മൂലാ
ജാനെഉँ സ്വാമി സഹജ് അനുകൂലാ,
ബഡേം സമാജ് ബിലോകെഉँ ഭാഗൂ
ബഡീം ചൂക് സാഹിബ് അനുരാഗൂ. 2

കൃപാ അനുഗ്രഹു അംഗു അഘാഈ
കീൻഹി കൃപാനിധി സബ് അധികാഈ,
രാഖാ മോര് ദുലാര് ഗൊസാഈം
അപനേം സീല് സുഭായ് ँ ഭലാഈँ. 3

നാഥ് നിപട് മൈം കീൻഹി ഢിഠാഈ
സ്വാമി സമാജ് സകോച് ബിഹാഈ,
അബിനയ് ബിനയ് യഥാരുചി ബാനീ
ഛമിഹി ദേഉ അതി ആരതി ജാനീ. 4

“ശോകം കൊണ്ടോ, സ്നേഹം കൊണ്ടോ, ബാലിശതയാലോ അങ്ങയുടെ ആദേശത്തെ തിരസ്കരിച്ചുകൊണ്ട് ഞാനിവിടേയ്ക്ക് വന്നു. എന്നിട്ടും തന്റെ സ്വഭാവത്തിനൊത്ത് കൃപാലുവായ എന്റെ പ്രഭു (അങ്ങ്) എന്റെ ഈ അപമര്യാദയെ എല്ലാവിധത്തിലും നല്ലതായി കണക്കാക്കി. ഞാനങ്ങയുടെ സർവമംഗളങ്ങളുടേയും മൂലമായ പാദങ്ങളെ കണ്ടു; എന്റെ സ്വാമി (അങ്ങ്) സഹജമായിത്തന്നെ എനിയ്ക്കനുകൂലമാണെന്നറിഞ്ഞു. ഈ വലിയ സമാജത്തിൽ എന്റെ വലിയ തെറ്റിനേയും വകവെയ്ക്കാതെ എന്റെ സ്വാമിയുടെ സ്നേഹഭാവത്തെ തുടർന്ന് അനുഭവിയ്ക്കുന്ന എന്റെ സൗഭാഗ്യത്തെ ഞാൻ കണ്ടുകഴിഞ്ഞു. കൃപാനിധിയായ അങ്ങ് എന്മേൽ എല്ലാവിധത്തിലും എറ്റവും കരുണയുള്ളവനും സഹാനുഭൂതിയുള്ളവനു മാണ്. ഇതെല്ലാം തന്നെ ഞാനർഹിയ്ക്കുന്നതിലും എത്രയോ അധികമാണ്. തന്റെ സൗഹൃദവും, ശ്രേഷ്ഠമായ സ്വഭാവഗുണവും, സന്മനസ്സും കാരണം എന്റെ സ്വാമിയായ അങ്ങ് എനിയ്ക്ക് അത്യന്തം അനുകൂലമുള്ളവനായിട്ടുണ്ട്. എന്റെ സ്വാമിയുടേയും സമാജത്തിന്റേയും ഭാവനകളെ വകവെയ്ക്കാതെ എനിയ്ക്കു തോന്നിയപോലെ, വിനയത്തോടും അവിനയമായും സംസാരിച്ച് ഞാൻ അത്യധികം ധൃഷ്ടത കാണിച്ചിരിയ്ക്കുന്നു. പക്ഷേ എന്റെ അമിതമായ മനഃപ്രയാസത്തെ കണ്ട് എന്റെ സ്വാമി എന്നെ ക്ഷമിയ്ക്കുമെന്നെനിയ്ക്ക് ഉറപ്പുണ്ട്.”

ദോ:

സുഹൃദ് സുജാന് സുസാഹിബ്ഹി ബഹുത് കഹബ് ബഡി ഖോരി,
ആയസു ദേഇഅ ദേവ് അബ് സബഇ സുധാരീ മോരി. (300)

“സ്നേഹമയനും, ജ്ഞാനിയും, നല്ലവനുമായ ഒരു സ്വാമിയോട് അധികം സംസാരിയ്ക്കുന്നത് വലിയ പിഴയാണ്. അതിനാൽ ഹേ പ്രഭോ, എനിയ്ക്ക് ആദേശം തരുവാൻ കൃപയുണ്ടായാലും; എന്തെന്നാൽ അങ്ങ് എന്റെ എല്ലാ ലക്ഷ്യങ്ങളേയും സാധിച്ചുതന്നിരിയ്ക്കുന്നു.” (300)

ചൗ:

പ്രഭു പദ് പദുമ പരാഗ് ദൊഹാഇൗ
സത്യ് സുകൃത് സുഖ് സീവ്ँ സുഹാഇൗ,

സോ കരി കഹഉ് ഹിഏ അപനേ കീ
രുചി ജാഗത് സോവത് സപനേ കീ. 1

സഹജ് സനേഹ് സ്വാമി സെവകാഈ
സ്വാരഥ് ഛല് ഫല് ചാരി ബിഹാഈ,
അഗ്യാ സമ് ന സുസാഹിബ് സേവാ
സോ പ്രസാദു ജന് പാവൈ ദേവാ. 2

അസ് കഹി പ്രേമ് ബിബസ് ഭഏ ഭാരീ
പുലക് സരീര് ബിലോചന് ബാരീ,
പ്രഭു പദ് കമല് ഗഹേ അകുലാഈ
സമഉ സനേഹു ന സോ കഹി ജാഈ. 3

കൃപാസിന്ധു സന്മാനി സുബാനീ
ബൈഠാഏ സമീപ് ഗഹി പാനീ,
ഭരത് ബിനയ് സുനി ദേഖി സുഭാഊ
സിഥില് സനേഹ് സഭാ രഘുരാഊ. 4

"സത്യത്തിന്റേയും, സുകൃതത്തിന്റേയും, സുഖത്തിന്റേയും പൂർണ്ണതയായ പ്രഭുവിന്റെ പാദകമലങ്ങളിലെ ധൂളിയാണയായി ഞാൻ എന്റെ ഹൃദയത്തിൽ, നടക്കുമ്പോഴും, സ്വപ്നം കാണുമ്പോഴും, ഗാഢനിദ്രയിലും സർവദാ കരുതിയിരുന്ന ഒരു ആശയെ ഘോഷിയ്ക്കുന്നു: അത് എന്റെ സ്വാമിയെ സഹജമായ സ്നേഹത്തോടെ, എന്റെ സ്വർത്ഥതാല്പര്യങ്ങളെ മറന്ന്, നാലു പുരുഷാർത്ഥങ്ങളേയും അവഗണിച്ചുകൊണ്ട് സേവിയ്ക്കുക എന്നതാണ്. പിന്നെ ഒരുത്തമസ്വാമിയുടെ ആജ്ഞയനുസരിയ്ക്കുന്നതിന്നു സമമായി വേറൊരു സേവനവുമില്ല. പ്രഭോ അങ്ങയുടെ സേവകന്ന് ഈ ആനുകൂല്യം (ആജ്ഞയുടെ രൂപത്തിൽ) അനുവദിച്ചുതന്നാലും." എന്നു പറഞ്ഞുകൊണ്ട് അവൻ അത്യന്തം പ്രേമവിവശനായി, ശരീരം പുളകിതമായി, കണ്ണുകൾ നിറഞ്ഞുവഴിഞ്ഞു. അത്യന്തം വ്യാകുലതയോടെ അവൻ പ്രഭുവിന്റെ പാദകമലങ്ങളെ കെട്ടിപ്പിടിച്ചു. ആ സമയത്തെ പ്രേമാവേശത്തെ വർണ്ണിയ്ക്കാനാവില്ല. കൃപാസിന്ധു അവനെ നല്ല വാക്കുകൾ പറഞ്ഞ് സമാധാനിപ്പിച്ച് അവന്റെ കൈ പിടിച്ച് അവനെ തന്റെ

അരുകിലിരുത്തി. ഭരതന്റെ വിനീതമായ അപേക്ഷകളെ കേട്ട്, അവന്റെ സ്വഭാവത്തെ കണ്ട് സഭാജനങ്ങളും രഘുരാമനും സ്നേഹവശംവദരായി.

ഛം:

രഘുരാഉ സിഥില് സനേഹ് സാധു സമാജ് മുനി മിഥിലാ ധനീ,
മന് മഹു സരാഹത് ഭരത് ഭായപ് ഭഗതി കീ മഹിമാ ഘനീ.
ഭരത്ഹി പ്രസംസത് ബിബുധ് ബര്ഷത് സുമന് മാനസ്മിലന് സേ,
തുലസീ ബികല് സബ്ലോഗ് സുനി സകുചേ നിസാഗമ് നലിന് സേ.

രഘുരാമനും, സാധുസമാജവും, (വസിഷ്ഠ) മുനിയും, മിഥിലാധിപനും, എല്ലാവരും തന്നെ സ്നേഹപരവശരായി മനസ്സിൽ ഭരതന്റെ ഭ്രാതൃസ്നേഹ ത്തേയും ഭക്തിയേയും പ്രശംസിച്ചു. ദേവന്മാർ മലിനഹൃദയത്തോടെ യാണെങ്കിലും, ഭരതനെ പ്രശംസിച്ചുകൊണ്ട് അവന്മേൽ പുഷ്പവർഷം ചെയ്തു. തുളസീദാസൻ പറയുന്നു: ഇതിനെ കേട്ടവരെല്ലാവരും രാത്രി യുടെ തുടക്കത്തിൽ താമരപ്പൂക്കൾ വാടുന്നതുപോലെ, മനോവേദനയും അസ്വസ്ഥതയുമനുഭവിച്ചു.

സോ:

ദേഖി ദുഖാരീ ദീന് ദുഹു സമാജ് നര് നാരി സബ്,
മഘവാ മഹാ മലീന് മുഏ മാരി മംഗല് ചഹത്. (301)

(അയോദ്ധ്യാവാസികളും മിഥിലാവാസികളുമായ) രണ്ടു സമാജങ്ങളിലെ സ്ത്രീപുരുഷന്മാരേയും ദീനരും ദു:ഖിതരുമായിക്കണ്ട്, മഹാമലിനഹൃദയ നായ ഇന്ദ്രൻ, മരിച്ചവരെത്തന്നെ കൊന്ന് തന്റെ സുഖത്തെ നേടുവാൻ ആഗ്രഹിച്ചു. (301)

ചൗ:

കപട് കുചാലി സീവ് സുരരാജൂ
പര് അകാജ് പ്രിയ് ആപന് കാജൂ,
കാക് സമാന് പാകരിപു രീതീ
ഛലീ മലീന് കതഹു ന പ്രതീതീ. 1

പ്രഥമ് കുമത് കരി കപട് സ്ꣳകേലാ
സോ ഉച്ചാടു സബ് കേം സിര് മേലാ,
സുരമായാꣳ സബ് ലോഗ് ബിമോഹേ
രാമ് പ്രേമ് അതിസയ് ന ബിഛോഹേ. 2

ഭയ് ഉചാട് ബസ് മന് ഥിര് നാഹീം
ഛന് ബന് രുചി ഛന് സദന് സൊഹാഹീം,
ദുബിധ് മനോഗതി പ്രജാ ദുഖാരീ
സരിത് സിന്ധു സംഗമ് ജനു ബാരീ. 3

ദുചിത് കതഹുꣳ പരിതോഷു ന ലഹഹീം
ഏക് ഏക് സന് മരമു ന കഹഹീം,
ലഖി ഹിയ്ꣳ ഹꣳസി കഹ് കൃപാനിധാനൂ
സരിസ് സ്വാന് മഘവാന് ജുബാനൂ, 4

ദേവരാജാവായ ഇന്ദ്രൻ കപടതയിലും വഞ്ചനയിലും അത്യന്തം ഉയർന്ന നിലയിലായിരുന്നു. അവൻ മറ്റുള്ളവരുടെ നഷ്ടത്തേയും സ്വന്തം ലാഭത്തേയും സ്നേഹിച്ചിരുന്നു. (പാകാസുരനെ വധിച്ച) ഇന്ദ്രന്റെ നയങ്ങൾ ഒരു കാക്കയുടേതുപോലെ വഞ്ചനയും, നീചബുദ്ധിയും, ആരേയും വിശ്വാസമില്ലാത്തവിധവുമായിരുന്നു. ആദ്യം കുതന്ത്രം കൊണ്ട് അവൻ കപടതയുടെ വലയുണ്ടാക്കി, അതിനെ എല്ലാവരുടേയും തലയ്ക്കുമേൽ വീശി മന്ദബുദ്ധികളാക്കി. പിന്നെ അവരെ ദേവമായയ്ക്ക് അധീനരാക്കി മോഹപരവശരാക്കി. പക്ഷേ, അതിന്ന് അവരെ ശ്രീരാമപ്രേമത്തിൽനിന്നും പിന്തിരിപ്പിയ്ക്കാനാവാത്തത് അതിശയമായിരുന്നു. ഭയവും അലസതയും കാരണം അവർക്ക് മനസ്സിന്ന് സ്ഥിരതയുണ്ടായിരുന്നല്ല. ക്ഷണനേരത്തേയ്ക്ക് അവർക്ക് വനത്തോട് ഇഷ്ടമായിരുന്നു. മറുക്ഷണം അവർ തങ്ങളുടെ വീടുകളിലിരിയ്ക്കാൻ ഇഷ്ടപ്പെട്ടു. ഈ വിധം ഒരു നദി സമുദ്രത്തിൽ ചേരുന്ന സ്ഥലത്ത് ഇരുകരകളിലേയ്ക്കും അലയടിയ്ക്കുന്നതുപോലെ രണ്ടു മനോഗതികൾ കാരണം പ്രജകൾ ദു:ഖിതരായിരുന്നു. മനശ്ചാഞ്ചല്യം കാരണം അവർക്ക് എവിടേയും സമാധാനമുണ്ടായിരുന്നില്ല. ആരും തങ്ങളുടെ മനസ്സിനെ മറ്റവർക്ക് തുറന്നു കാണിച്ചില്ല. ഇതെല്ലാം കണ്ടുകൊണ്ട്

കൃപാനിധിയായ പ്രഭു സ്വയം പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: 'നായ്ക്കളും, ഇന്ദ്രനും, വീണ്ടുവിചാരമില്ലാത്ത യുവാക്കളും സ്വഭാവം കൊണ്ട് ഒരുപോലെയാണ്. '

ദോ:

ഭരതു ജനകു മുനിജന് സചിവ് സാധു സചേത് ബിഹാഇ,
ലാഗി ദേവമായാ സബ്ഹി ജഥാജോഗു ജനു പാഇ. (302)

ഭരതനേയും, ജനകനേയും, മുനിജനങ്ങളേയും, മന്ത്രിമാരേയും, സാധുക്കളേയും ഒഴിച്ച് മറ്റെല്ലാവരേയും അവരവരുടെ വികാരാധീനാവസ്ഥയനുസരിച്ച് ദേവമായ ബാധിച്ചു. (302)

ചൗ:

കൃപാസിന്ധു ലഖി ലോക് ദുഖാരേ
നിജ് സനേഹ് സുരപതി ഛല് ഭാരേ,
സഭാ രാഉ ഗുര് മഹിസുര് മന്ത്രീ
ഭരത് ഭഗതി സബ് കൈ മതി ജന്ത്രീ. 1

രാമ്ഹി ചിതവത് ചിത്ര് ലിഖേ സേ
സകുചത് ബോലത് ബചന് സിഖേ സേ,
ഭരത് പ്രീതി നതി ബിനയ് ബഡാഈ
സുനത് സുഖദ് ബരനത് കഠിനാഈ. 2

ജാസു ബിലോകി ഭഗതി ലവലേസൂ
പ്രേമ് മഗന് മുനിഗന് മിഥിലേസൂ,
മഹിമാ താസു കഹൈ കിമി തുലസീ
ഭഗതി സുഭായ് സുമതി ഹിയ് ഹുലസീ. 3

ആപു ഛോടി മഹിമാ ബഡി ജാനീ
കബികുല് കാനി മാനി സകുചാനീ,
കഹി ന സകതി ഗുന് രുചി അധികാഈ
മതി ഗതി ബാല് ബചന് കീ നാഈ. 4

കൃപാസിന്ധുവായ ശ്രീരാമൻ ഒരു ഭാഗത്ത് ജനങ്ങളെ അവർക്ക് തന്റേ പേരിലുള്ള സ്നേഹം കൊണ്ടും, മറുപുറത്ത് ദേവേന്ദ്രനാൽ രചിയ്ക്കപ്പെട്ട ഭാരിച്ച കുതന്ത്രത്താലും ദു:ഖിതരായിക്കണ്ടു. സഭയും രാജാവ് ജനകനും, ഗുരുവും (വസിഷ്ഠൻ), മറ്റു ബ്രാഹ്മണരും, മന്ത്രിമാരും, എല്ലാവരും തന്നെ ഭരതന്റെ ഭക്തിഭാവത്തെ കണ്ട് അവരുടെ വിവേകം ബാധിച്ചതായി കണ്ടു. അവർ ചിത്രത്തിൽ വരയ്ക്കപ്പെട്ട രൂപങ്ങളെപ്പോലെ ശ്രീരാമനെ നോക്കി നിന്ന് അവരെ പറയാൻ പഠിപ്പിച്ചതെന്നപോലെ വാക്കുകളെ അവർ സങ്കോചത്തോടെ പറഞ്ഞു. ഭരതന്റെ പ്രേമം, നമ്രത, വിനയം, മഹത്വം ഇവ കേൾക്കാൻ സുഖപ്രദമാണെങ്കിലും വർണ്ണിപ്പാൻ കഠിനമാണ്. അവന്റെ ലവലേശഭക്തിയെക്കൂടി കണ്ട് മുനിസമൂഹവും, മിഥിലാരാജാവും പ്രേമ മഗ്നരായി. പിന്നെ തുളസീദാസനായ എനിയ്ക്ക് അവന്റെ മഹിമയെ എങ്ങനെയാണ് പറയാനാവുക? അവന്റെ ഭക്തിയും സ്വഭാവഗുണവുമാണ് കവിയുടെ മനസ്സിൽ ഉയർന്ന ചിന്തകളുണ്ടാകുവാൻ പ്രേരണ നൽകുന്നത്. തന്റെ മനസ്സിന്റെ തുച്ഛതയേയും ഭരതന്റെ മഹിമയുടെ വലുപ്പത്തേയും അറിഞ്ഞ് കവികുലത്താൽ ചുമത്തപ്പെട്ട അതിരിനെ മാനിച്ചുകൊണ്ട് അത് (മനസ്സ്) തന്നിൽത്തന്നെ ചുങ്ങിപ്പോയി. അത്യന്തം പ്രേമമസൃണമായ അവന്റെ ഗുണങ്ങളെ വർണ്ണിയ്ക്കുക അസാധ്യമാണ്. കവിയുടെ മനസ്സ് ഒരു ശിശുവിന്റെ സംസാരത്തെ മനസ്സിലാക്കുകയെന്നപോലെ നിസ്സഹായമായി ത്തീരുന്നു.

ദോ:

ഭരത് ബിമല് ജസു ബിമല് ബിധു സുമതി ചകോർകുമാരി,
ഉദിത് ബിമല് ജന് ഹൃദയ് നഭ് എക്ടക് രഹീ നിഹാരി. (303)

ഭരതന്റെ നിർമ്മലമായ കീർത്തി കളങ്കമില്ലാത്ത ചന്ദ്രനെപ്പോലെയാണ്. കവിയുടെ ശുദ്ധമായ മനസ്സ് ഒരു നിഷ്കപടമായ ഭക്തന്റെ ഹൃദയമെന്ന ആകാശത്തിൽ ഉദിയ്ക്കുന്ന ചന്ദ്രനെ ഇമകൊട്ടാതെ ഉറ്റുനോക്കുന്ന ഒരു യുവചകോരിയെപ്പോലെയുമാണ്. (303)

ചൗ:

ഭരതു സുഭാവു ന സുഗമ് നിഗമഹൂँ
ലഘു മതി ചാപലതാ കബി ഛമഹൂँ,
കഹത് സുനത് സതി ഭാഉ ഭരത് കോ
സീയ് രാമ് പദ് ഹോഇ ന രത് കോ. 1

സുമിരത് ഭരത്ഹി പ്രേമു രാമ് കോ
ജെഹി ന സുലഭു തെഹി സരിസ് ബാമ് കോ,
ദേഖി ദയാല് ദസാ സബ്ഹീ കീ
രാമ് സുജാന് ജാനി ജന് ജീ കീ . 2

ധരമ് ധുരീന് ധീര് നയ് നാഗര്
സത്യ് സനേഹ് സീല് സുഖ് സാഗര്,
ദേസു കാലു ലഖി സമഉ സമാജൂ
നീതി പ്രീതി പാലക് രഘുരാജൂ. 3

ബോലേ ബചന് ബാനി സരബസു സേ
ഹിത് പരിനാമ് സുനത് സസി രസു സേ,
താത് ഭരത് തുംഹ് ധരമ് ധുരീനാ
ലോക് ബേദ് ബിദ് പ്രേമ് പ്രബീനാ. 4

ഭരതന്റെ ഉയർന്ന സ്വഭാവഗുണത്തെ വേദങ്ങളാൽക്കുടി എളുപ്പത്തിൽ ഗ്രഹിയ്ക്കാനാവാത്തതാണ്. അതിനാൽ ഹേ കവികളേ, ഈയുള്ളവന്റെ ലഘുബുദ്ധിയുടെ ചാപല്യത്തെ ക്ഷമിച്ചാലും. ഭരതന്റെ ശ്രീരാമന്റെ പേരിലുള്ള പ്രേമത്തെക്കുറിച്ച് സംവാദം ചെയ്തുകൊണ്ട് ആർക്കാണ് സീതയുടേയും ശ്രീരാമന്റേയും പാദങ്ങളിൽ ഭക്തിയുണ്ടാവാതിരിയ്ക്കുക? ഭരതന്റെ സ്മരണമാത്രത്തിൽ ശ്രീരാമനിങ്കൽ പ്രേമമുണ്ടാവാൻ പ്രേരിതനാവാത്തവനെക്കാളും ഇത്രയും ദുരാത്മാവായി വേറെയാരെങ്കിലുമുണ്ടോ? എല്ലാവരുടേയും ദശയേയും കണ്ട്, തന്റെ ഭക്തന്റെ (ഭരതന്റെ) മനസ്സിലുള്ളതെന്താണെന്നറിഞ്ഞ്, ദേശകാലാവസ്ഥകളേയും, സമാജത്തേയും നല്ലപോലെ കണക്കിലെടുത്ത് ധർമ്മധുരന്ധരനും, ധീരനും, നയകോവിദനും, സത്യത്തിന്റേയും സ്നേഹത്തിന്റേയും, സൗഹൃദത്തിന്റേയും,

ആനന്ദത്തിന്റേയും സാഗരവും, ഔചിത്യത്തിന്റെ നിയമങ്ങളെ പാലിയ്ക്കുന്നവനും, തന്റെ സ്നേഹഭാവത്തിൽ ആത്മാർത്ഥതയുള്ളവനുമായ രഘുരാമൻ ഭാഷണപ്രവണതയുടെ സത്തും, ഹിതമായ പരിണാമമുള്ളതും, കേൾക്കുവാൻ അമൃതതുല്യവുമായ വാക്കുകളിൽ പറഞ്ഞു: "പ്രിയ ഭരത, നീ ധർമ്മത്തെ നിലനിർത്തുന്നവനാണ്. ലൗകികവും വൈദികവുമായ വിഷയങ്ങളിൾ വിശേഷജ്ഞാനമുള്ളവനും, പ്രേമഭാവത്തിൽ നിപുണനുമാണ്."

ദോ:

കരമ് ബചന് മാനസ് ബിമല് തുംഹ് സമാന് തുംഹ് താത്,
ഗുര് സമാജ് ലഘു ബന്ധു ഗുന് കുസമയ്ँ കിമി കഹി ജാത്. (304)

"ഹേ താത, മനസാ വാചാ കർമ്മണാ നിർമ്മലനായ നിനക്കു സമാനമായി നീ മാത്രമാണുള്ളത്. ഗുരുജനങ്ങളുടെ ഈ സമാജത്തിൽ, ഈവിധം പ്രതികൂലമായ സന്ദർഭത്തിൽ എങ്ങനെയാണ് എനിയ്ക്കെന്റെ അനുജന്റെ ഗുണഗണങ്ങളെ പറയാനാവുക?" (304)

ചൗ:

ജാനഹു താത് തരനി കുല് രീതീ
സത്യസന്ധ് പിതു കീരതി പ്രീതീ,
സമഉ സമാജു ലാജ് ഗുർജന് കീ
ഉദാസീന് ഹിത് അന്ഹിത് മന് കീ. 1

തുംഹഹി ബിദിത് സബ്ഹീ കര് കരമൂ
ആപന് മോര് പരമ് ഹിത് ധരമൂ,
മൊഹി സബ് ഭാँതി ഭരോസ് തുംഹാരാ
തദപി കഹഉँ അവസര് അനുസാരാ. 2

താത് താത് ബിനു ബാത് ഹമാരീ
കേവല് ഗുര്കുല് കൃപാँ സँഭാരീ,
നതരു പ്രജാ പരിജന് പരിവാരൂ
ഹമ്ഹി സഹിത് സബു ഹോത് ഖുആരൂ. 3

ജൗം ബിനു അവസര് അഥവ്ँ ദിനേസു
ജഗ് കെഹി കഹഹു ന ഹോഇ കലേസു,
തസ് ഉത്പാതു താത് ബിധി കീൻഹാ
മുനി മിഥിലേസ് രാഖി സബു ലീൻഹാ. 4

"പ്രിയ സോദര, സുര്യവംശത്തിന്റെ നീതിയെപ്പറ്റി നിനക്ക് ജ്ഞാനമുണ്ട്. നമ്മുടെ പിതാവ് എത്ര സത്യസന്ധനും, കീർത്തിപ്രിയനുമായിരുന്നുവെന്നുള്ളതും നിനക്കറിയാം. പിന്നെ സമയത്തിന്റെ ഗൂരുത്വത്തേയും, നമ്മുടെ ഇപ്പോഴത്തെ പരിതസ്ഥിതികളേയും, ഗുരുജനങ്ങളോട് നമുക്കുണ്ടായിരിയ്ക്കേണ്ട പരിഗണനയെപ്പറ്റിയും നിനക്കറിവുണ്ട്. നിന്റെ സുഹൃത്തുക്കളുടേയും, ശത്രുക്കളുടേയും, നിഷ്പക്ഷരുടേയും മനസ്സിനേയും നീ അറിയും. ഓരോരുത്തരുടേയും കടമയെപ്പറ്റിയും, നിന്റേയും എന്റേയും പരമഹിതമായ ധർമ്മത്തെപ്പറ്റിയും, നാമെന്താണ് ചെയ്യേണ്ടതെന്നതിനെപ്പറ്റിയും നിനക്കറിയാം. എനിയ്ക്ക് നിന്മേൽ മുഴു വിശ്വാസമുണ്ട്. എങ്കിലും സന്ദർഭോചിതമായി കുറച്ചു പറയാം. ഹേ താത, നമ്മുടെ പിതാവിന്റെ അഭാവത്തിൽ നമ്മുടെ എല്ലാ സംഗതികളും തന്നെ നമ്മുടെ ഗുരുകുലത്തിന്റെ സൗമനസ്യത്താലാണ് നിലനില്ക്കുന്നത്. അല്ലെങ്കിൽ നമ്മുടെ പ്രജകളും, ബന്ധുക്കളും, പരിവാരങ്ങളും, നമ്മളും കൂടി എല്ലാവരും തന്നെ അഴിഞ്ഞുപോയിരിയ്ക്കും. സൂര്യൻ സമയത്തിന്നു മുമ്പ് അസ്തമിച്ചാൽ, ആരാണ് കുഴപ്പത്തിലാവാതിരിയ്ക്കുക, പറയൂ? ഇതുപോലൊരു അത്യാഹിതം വിധി നമുക്ക് വരുത്തിവെച്ചു പക്ഷേ, (വസിഷ്ഠ) മുനിയും, മിഥിലാരാജാവും ചേർന്ന് എല്ലാറ്റിനേയും രക്ഷിച്ചു."

ദോ:

രാജ് കാജ് സബ് ലാജ് പതി ധരമ് ധരന് ധന് ധാമ്,
ഗുര് പ്രഭാഉ പാലിഹി സബ്ഹി ഭല് ഹോഇഹി പരിനാമ്. (305)

"രാജ്യകാര്യങ്ങൾ മാത്രമല്ല, നമ്മുടെ മാനം, സൽപേര്, ധർമ്മം, ഭൂമി, സമ്പത്ത്, വീട് – എല്ലാം തന്നെ നമ്മുടെ ഗുരുവിന്റെ പ്രഭാവത്താൽ രക്ഷിയ്ക്കപ്പെടും; ഒടുവിൽ എല്ലാം ശുഭമായി പരിണമിയ്ക്കുകയും ചെയ്യും" (305)

ചൗ:

സഹിത് സമാജ് തുംഹാര് ഹമാരാ
ഘര് ബന് ഗുര് പ്രസാദ് രഖ്വാരാ,
മാതു പിതാ ഗുര് സ്വാമി നിദേസൂ
സകല് ധരമ് ധരനീധര് സേസൂ. 1

സോ തുംഹ് കരഹു കരാവഹു മോഹൂ
താത് തരനികുല് പാലക് ഹോഹൂ,
സാധക് ഏക് സകല് സിധി ദേനീ
കീരതി സുഗതി ഭൂതിമയ് ബേനി. 2

സോ ബിചാരി സഹി സങ്കടു ഭാരീ
കരഹു പ്രജാ പരിവാരു സുഖാരി,
ബാ്ടീ ബിപതി സബ്ഹിം മൊഹി ഭാഈ
തുംഹഹി അവധി ഭരി ബഡി കഠിനാഈ. 3

ജാനി തുംഹഹി മൃദു കഹഉ് കഠോരാ
കുസമയ് താത് ന അനുചിത് മോരാ,
ഹോഹിം കുഠായ് സുബന്ധു സഹാഏ
ഒഡിഅഹിം ഹാഥ് അസനിഹു കേ ഘാഏ. 4

"വീട്ടിലും, വനത്തിലും, നമ്മുടെ ഗുരുവിന്റെ പ്രസാദം മാത്രമേ നിന്നേയും, എന്നേയും, നമ്മെ ചുറ്റിയുള്ളവരേയും രക്ഷിയ്ക്കുള്ളൂ. ആദിശേഷൻ ഭൂമിയെ തന്റെ തലയിൽ താങ്ങുന്നതുപോലെ മാതാപിതാക്കളേയും ഗുരുവിനേയും സ്വാമിയേയും അനുസരിച്ചു നടക്കുന്നത് എല്ലാധർമ്മങ്ങളുടേയും ആധാരമാണ്. അതിനാൽ അവരുടെ ആജ്ഞയെ അനുസരിയ്ക്കൂ; എന്നെയും അനുസരിയ്ക്കാൻ സഹായിയ്ക്കൂ; അങ്ങനെ, പ്രിയസോദര, സൂര്യവംശത്തിന്റെ പാലകനായിത്തീരൂ. ഒരു സാധകന്ന് ഇതൊന്നാണ് എല്ലാ സിദ്ധികളേയും കൊടുക്കുകയും, ത്രിവേണിയെപ്പോലെ കീർത്തിയേയും, സദ്ഗതിയേയും, സമ്പത്സമൃദ്ധിയേയും ചേർത്തു തരികയും ചെയ്യുന്നത്. ഈവിധം കണക്കാക്കി കഷ്ടങ്ങൾ സഹിച്ചെങ്കിലും നിന്റെ പ്രജകളേയും പരിവാരത്തേയും സുഖികളാക്കൂ. സോദര, എന്റെ വിപത്തു

കളിൽ എല്ലാവരും തന്നെ പങ്കുകൊണ്ടു. പക്ഷേ, എന്റെ വനവാസാവധിക്കാലം മുഴുവൻ തന്നെ നിന്റെ കാര്യം ഏറ്റവും കഠിനമായിരിയ്ക്കും. നീ മൃദുഹൃദയനാണെന്നെനിയ്ക്കറിയാം; എന്നിട്ടും ഞാൻ നിന്നോട് കഠിനമായ വാക്കുകളാണ് പറയുന്നത്. മോശമായ ഈ സമയത്ത് ഞാനങ്ങനെ പറയുന്നത് അനുചിതമാവില്ല. പ്രതികൂലസമയങ്ങളിൽ നല്ല സഹോദരന്മാർ മാത്രമേ ഒറ്റക്കെട്ടായി നില്ക്കുകയുള്ളൂ. ഒരുവൻ തന്റെ കൈകൾ കൊണ്ടു മാത്രമാണ് ഇടിവെട്ടിനെക്കൂടി ചെറുക്കുന്നത്."

ദോ:

സേവക് കര് പദ് നയന് സേ മുഖ് സോ സാഹിബു ഹോഇ,
തുലസീ പ്രീതി കി രീതി സുനി സുകബി സരാഹഹിം സോഇ. (306)

"സേവകന്മാർ കൈകളേയും, കാലുകളേയും, കണ്ണുകളേയും പോലെയും, സ്വാമി വായയെപ്പോലെയും ഇരിയ്ക്കണം. തുളസീദാസൻ പറയുന്നു: (സ്വാമിയ്ക്കും സേവകന്നുമിടയിലുള്ള ഈ വിധത്തിലുള്ള ആദർശപരമായ) സ്നേഹത്തെ കേട്ട് നല്ല കവികൾ അതിനെ പ്രശംസിയ്ക്കുന്നു." (306)

ചൗ:

സഭാ സകല് സുനി രഘുബര് ബാനീ
പ്രേമ് പയോധി അമിഅ ँ ജനു സാനീ,
സിഥില് സമാജ് സനേഹ് സമാധീ
ദേഖി ദസാ ചുപ് സാരദ് സാധീ. 1

ഭരത്ഹി ഭയഉ പരമ് സന്തോഷൂ
സന്മുഖ് സ്വാമി ബിമുഖ് ദുഖ് ദോഷൂ,
മുഖ് പ്രസന്ന് മന് മിടാ ബിഷാദൂ
ഭാ ജനു ഗൂँഗെഹി ഗിരാ പ്രസാദൂ. 2

കീൻഹ് സപ്രേമ് പ്രനാമു ബഹോരീ
ബോലേ പാനി പങ്കരുഹ് ജോരീ,
നാഥ് ഭയഉ സുഖു സാഥ് ഗഏ കോ
ലഹെഉँ ലാഹു ജഗ് ജനമു ഭഏ കോ. 3

അബ് കൃപാല് ജസ് ആയസു ഹോഇൗ
കരൗം സീസ് ധരി സാദര് സോഇൗ,
സോ അവലംബ് ദേവ് മൊഹി ദേഇൗ
അവധി പാരു പാവൗം ജെഹി സേഇൗ. 4

പ്രേമസാഗരത്തെ കടഞ്ഞെടുത്ത അമൃതതുല്യമായ രഘുവരന്റെ ഭാഷണത്തെ കേട്ട് സഭ മുഴുവൻ തന്നെ സ്നേഹസമാധിയിലാണ്ടു. അവരുടെ ദശയെ കണ്ട് ശാരദാദേവിപോലും മൗനസ്തബ്ധയായി. ഭരതൻ അത്യന്തം സന്തുഷ്ടനായി. തന്റെ സ്വാമി തനിയ്ക്കനുകൂലമാണെന്നു കണ്ട് ദു:ഖവും ദോഷവവും അവനെ വിട്ടുപോയി. അവന്റെ മുഖം പ്രസന്നമായി; മനസ്സിലെ വിഷാദം ശമിച്ചു. അത് ഒരു ഊമയ്ക്ക് വാഗ്ദേവിയുടെ പ്രസാദം ലഭിച്ചപോലെയിരുന്നു. അവൻ സ്നേഹത്തോടെ വണങ്ങി, തന്റെ കരകമല ങ്ങളെ കൂപ്പിക്കൊണ്ട് പറഞ്ഞു: "ഹേ നാഥ, അങ്ങയെ അനുഗമി ച്ചതിനാലുണ്ടായ സുഖത്തെ ഞാൻ നേടിക്കഴിഞ്ഞു; ഈ ലോകത്തിൽ ജനിച്ചതിനുള്ള സാഫല്യവും നേടിക്കഴിഞ്ഞു. ഹേ കൃപാലോ, അങ്ങയുടെ ആദേശം എന്തോ, അതിനെ ശിരോധാര്യമായേറ്റ് ആദരവോടെ നിറവേറ്റാം. പ്രഭോ, അങ്ങയുടെ വനവാസാവധിയുടെ അവസാനം വരെ എത്താനുത വുന്നവണ്ണം എനിയ്ക്ക് ഒരു അവലംബം തന്നാലും."

ദോ:

ദേവ് ദേവ് അഭിഷേക് ഹിത് ഗുര് അനുസാസനു പാഇ,
ആനെഉ് സബ് തീരഥ് സലിലു തെഹി കഹ് കാഹ് രജാഇ. (307)

"സ്വാമീ, നമ്മുടെ ഗുരുവിന്റെ ആദേശപ്രകാരം ഞാൻ എല്ലാ തീർത്ഥ ങ്ങളിൽനിന്നും അഭിഷേകജലം കൊണ്ടുവന്നിട്ടുണ്ട്. ആവയെക്കുറിച്ച് അങ്ങയുടെ ആദേശമെന്താണ്?" (307)

ചൗ:

ഏകു മനോരഥു ബഡ് മന് മാഹീം
സഭയ് സകോച് ജാത് കഹി നാഹീം,
കഹഹു താത് പ്രഭു ആയസു പാഇൗ
ബോലേ ബാനി സനേഹ് സുഹാഇൗ. 1

ചിത്രകൂട് സുചി ഥല് തീരഥ് ബന്
ഖഗ് മൃഗ് സര് സരി നിർഝര് ഗിരിഗന്,
പ്രഭു പദ് അങ്കിത് അവനി ബിസേഷീ
ആയസു ഹോഇ ത് ആവൗം ദേഖീ. 2

അവസി അത്രി ആയസു സിര് ധരഹൂ
താത് ബിഗതഭയ് കാനന് ചരഹൂ,
മുനി പ്രസാദ് ബനു മംഗല് ദാതാ
പാവന് പരമ് സുഹാവന് ഭ്രാതാ. 3

രിഷിനായകു ജഹ്ँ ആയസു ദേഹീം
രാഖെഹു തീരഥ് ജല് ഥല് തേഹീം,
സുനി പ്രഭു ബചന് ഭരത് സുഖു പാവാ
മുനി പദ് കമല് മുദിത് സിരു നാവാ. 4

“എന്റെ മനസ്സിൽ എനിയ്ക്ക് വലിയൊരു മനോരഥമുണ്ട്. പക്ഷേ, ഭയവും സങ്കോചവും കാരണം എനിയ്ക്കതിനെ പറയാനാവുന്നില്ല.” “പ്രിയ സോദര, അതെന്താണെന്ന് പറയൂ.” ഈവിധം പ്രഭുവിന്റെ സമ്മതം ലഭിച്ച് ഭരതൻ സ്നേഹം നിറഞ്ഞ വാക്കുകളിൽ പറഞ്ഞു: “അങ്ങയുടെ സമ്മതത്തോടെ ഞാൻ ചെന്ന് ചിത്രകൂടത്തെ അതിന്റെ പാവനസ്ഥലങ്ങളേയും, തീർത്ഥങ്ങളേയും, വനപ്രദേശങ്ങളേയും, പക്ഷികളേയും, മൃഗങ്ങളേയും, തടാകങ്ങളേയും, അരുവികളേയും, ഉറവുകളേയും, കുന്നുകളേയും, വിശേഷിച്ചും എന്റെ പ്രഭുവിന്റെ പാദചിഹനങ്ങൾ പതിഞ്ഞിരിയ്ക്കുന്ന ഭൂപ്രദേശത്തേയും കാണാം.” “തീർച്ചയായും, താത, അത്രി മുനി നിർദ്ദേശിയ്ക്കുന്നപോലെ ചെയ്യൂ. യാതൊരു ഭയവും കൂടാതെ വനത്തിൽ ചുറ്റി നടന്നുകൊള്ളൂ. സോദര, മുനിയുടെ അനുഗ്രഹം കൊണ്ടാണ് വനം മംഗളപ്രദവും, പാവനവും, അത്യന്തം മനോഹരവുമായിരിയ്ക്കുന്നത്. മഹർഷി നിർദ്ദേശിയ്ക്കുന്നിടത്ത് തീർത്ഥങ്ങളിൽനിന്നും കൊണ്ടുവന്നിട്ടുള്ള ജലത്തെ നിക്ഷേപിയ്ക്കൂ.” പ്രഭുവിന്റെ വാക്കുകളെ കേട്ട് ഭരതൻ സന്തുഷ്ടനായി, മുനിയുടെ പദകമലങ്ങളിൽ സന്തോഷത്തോടെ തലവണങ്ങി.

ദോ:

ഭരത് രാമ് സംബാദു സുനി സകല് സുമംഗല് മൂല്,
സുര് സ്വാരഥീ സരാഹി കുല് ബരഷത് സുരതരു ഫൂല്. (308)

ഭരതന്റേയും ശ്രീരാമന്റേയും ഇടയിൽ നടന്ന എല്ലാ ശുഭമംഗളങ്ങളുടേയും മൂലമായ സംഭാഷണത്തെ കേട്ട് സ്വാർത്ഥികളായ ദേവന്മാർ രഘുകുലത്തെ പ്രശംസിച്ചുകൊണ്ട് ദേവവൃക്ഷത്തിൽ നിന്നും പുഷ്പവർഷം ചെയ്തു. (308)

ചൗ:

ധന്യ് ഭരത് ജയ് രാമ് ഗൊസാഇൗ
കഹത് ദേവ് ഹരഷത് ബരിആഇൗ,
മുനി മിഥിലേസ് സഭാ സബ് കാഹൂ
ഭരത് ബചന് സുനി ഭയഉ ഉഛാഹൂ. 1

ഭരത് രാമ് ഗുന് ഗ്രാമ് സനേഹൂ
പുലകി പ്രസംസത് രാഉ ബിദേഹൂ,
സേവക് സ്വാമി സുഭാഉ സുഹാവന്
നേമു പേമൂ അതി പാവന് പാവന്. 2

മതി അനുസാര് സരാഹന് ലാഗേ
സചിവ് സഭാസദ് സബ് അനുരാഗേ,
സുനി സുനി രാമ് ഭരത് സംബാദൂ
ദുഹു സമാജ് ഹിയ് ഹരഷു ബിഷാദൂ. 3

രാമ് മാതു ദുഖു സുഖു സമ് ജാനീ
കഹി ഗുന് രാമ് പ്രബോധീം രാനീ,
ഏക് കഹഹിം രഘുബീര് ബഡാഇൗ
ഏക് സരാഹത് ഭരത് ഭലാഇൗ. 4

ദേവന്മാർ അത്യന്തം ആഹ്ലാദത്തോടെ ഘോഷിച്ചു: "ഭരതൻ ധന്യനാണ്. ശ്രീരാമസ്വാമിയ്ക്ക് ജയം." വസിഷ്ഠമുനിയും മിഥിലാരാജനും, സഭാംഗങ്ങളെല്ലാവരും തന്നെ ഭരതന്റെ വാക്കുകൾ കേട്ട് സന്തോഷിച്ചു. വിദേഹ

രാജാവ് പുളകം കൊണ്ട ശരീരത്തോടെ ഭരതന്റേയും രാമന്റേയും ഗുണ ഗണങ്ങളേയും സ്നേഹത്തേയും പ്രശംസിച്ചു. സഭയിൽ സന്നിഹിതരായിരുന്ന മന്ത്രിമാരും മറ്റുള്ളവരും എല്ലാവരും തന്നെ പ്രേമവിവശരായി, സേവകന്റേയും സ്വാമിയുടേയും ഉയർന്ന സ്വഭാവത്തേയും, വിശ്വസ്തതയേയും, പാവനത്തിലും പാവനമായ പ്രേമത്തേയും, അവരവരുടെ കഴിവിന്നനുസരിച്ച് ശ്ലാഘിയ്ക്കാൻ തുടങ്ങി. ശ്രീരാമന്റേയും ഭരതന്റേയും സംവാദത്തെ കേട്ടു കേട്ട് ഇരുപക്ഷത്തിലുള്ള സമാജങ്ങളിലുള്ളവരുടേയും ഹൃദയത്തെ സന്തോഷവും വിഷാദവും ബാധിച്ചു. ശ്രീരാമന്റെ മാതാവ് സുഖവും ദു:ഖവും സമമാണെന്നറിഞ്ഞ്, മറ്റു റാണിമാരെ ശ്രീരാമന്റെ ഗുണഗണങ്ങളെ പറഞ്ഞ് സമാധാനിപ്പിച്ചു. ചിലർ രഘുവീരന്റെ മഹത്വത്തെ പ്രശംസിയ്ക്കുമ്പോൾ മറ്റു ചിലർ ഭരതന്റെ സദ്ഗുണങ്ങളെ പുകഴ്ത്തി.

ദോ:

അത്രി കഹെഉ തബ് ഭരത് സന് സൈല് സമീപ് സുകൂപ്,
രാഖിഅ തീരഥ് തോയ് തഹ്ँ പാവന് അമിഅ അനൂപ്. (309)

ആത്രിമുനി ഭരതനോട് പറഞ്ഞു: "പർവതത്തിന്റെ സമീപത്ത് മനോഹരമായ ഒരുകിണറുണ്ട്. പാവനവും, അമൃതസമാനവും ഉപമയില്ലാത്തതുമായ തീർത്ഥജലത്തെ അതിൽ നിക്ഷേപിയ്ക്കാം." (309)

ചൗ:

ഭരത് അത്രി അനുസാസന് പാഇ
ജല് ഭാജന് സബ് ദിഏ ചലാഇ,
സാനുജ് ആപു അത്രി മുനി സാധൂ
സഹിത് ഗഏ ജഹ്ँ കൂപ് അഗാധൂ. 1

പാവന് പാഥ് പുന്യഥല് രാഖാ
പ്രമുദിത് പ്രേമ് അത്രി അസ് ഭാഷാ,
താത് അനാദി സിദ്ധ് ഥല് ഏഹൂ
ലോപെഉ കാല് ബിദിത് നഹിം കേഹൂ. 2

തബ് സേവകൻഹ് സരസ് ഥലു ദേഖാ
കീൻഹ് സുജല് ഹിത് കൂപ് ബിസേഷാ,
ബിധി ബസ് ഭയഉ ബിസ്വ് ഉപകാരൂ
സുഗമ് അഗമ് അതി ധരമ് ബിചാരൂ. 3

ഭരത്കൂപ് അബ് കഹിഹഹിം ലോഗാ
അതി പാവന് തീരഥ് ജല് ജോഗാ,
പ്രേമ് സനേമ് നിമജ്ജത് പ്രാനീ
ഹൊഇഹഹിം ബിമല് കരമ് മന് ബാനീ. 4

അത്രിമുനിയുടെ ആദേശം ലഭിച്ച് ഭരതൻ തീർത്ഥജലങ്ങളുള്ള പാത്രങ്ങളെ കൊടുത്തയച്ചു. പിന്നെ തന്റെ അനുജനോടും, അത്രിമുനിയോടും, മറ്റു സാധുജനങ്ങളോടും കൂടി അഗാധമായ കിണറിന്റെ അടുക്കലേയ്ക്ക് ചെന്ന് തീർത്ഥജലത്തെ പാവനമായ ആ കിണറ്റിൽ നിക്ഷേപിച്ചു. സന്തോഷ മഗ്നനായ അത്രിമുനി പറഞ്ഞു: "വത്സ, ഈ സ്ഥലം അനാദികാലം മുതൽ തന്നെ സാധകന്മാർക്ക് സിദ്ധികളെ കൊടുത്തിട്ടുണ്ട്. കാലത്തിന്റെ പോക്കിൽ ഇത് മറഞ്ഞ് ആർക്കും അറിയാത്ത നിലയിലായി. എന്റെ സേവകന്മാർ ഈ സ്ഥലത്തെ ഉറവുള്ള സ്ഥലമാണെന്ന് കണ്ട് ശുദ്ധജലം ലഭിയ്ക്കുവാനായി ഒരു വലിയ കിണറ് കുഴിച്ചു. ദൈവവശാൽ (തീർത്ഥ ജലത്തെ ഇതിൽ ഒഴിച്ച്) ലോകത്തിന്നു മുഴുവൻ ഉപകാരപ്രദമായി ത്തിർന്നിരിയ്ക്കുന്നു. ധർമ്മത്തെപ്പറ്റിയുള്ള വിഷയം (സാധാരണക്കാർക്ക്) മനസ്സിലാവാത്തത്, (ഇതിൽ സ്നാനം ചെയ്താൽ) സർവർക്കും മനസ്സിലാകും. ഇനി മുതൽ ജനങ്ങൾ ഇതിനെ ഭരതകൂപമെന്ന് വിളിയ്ക്കും. തീർത്ഥജലത്തിന്റെ സംയോഗം കാരണം ഇത് അത്യന്തം പാവന മായിരിയ്ക്കുന്നു. ഭക്തിയോടും, നിയമത്തോടും ഇതിൽ സ്നാനം ചെയ്യുന്നവർ മനസാ വാചാ കർമ്മണാ ശുദ്ധരായിത്തീരും."

ദോ:
കഹത് കൂപ് മഹിമാ സകല് ഗഏ ജഹാँ രഘുരാഉ,
അത്രി സുനായഉ രഘുബര്ഹി തീരഥ് പുന്യ് പ്രഭാഉ. (310)

കൂപത്തിന്റെ മഹിമയെ പറഞ്ഞുകൊണ്ട് എല്ലാവരും രഘുരാമന്റെ ആശ്രമത്തിലേയ്ക്കു പോയി. അത്രി രഘുവരന്ന് ആ പാവനസ്ഥലത്തിന്റെ പുണ്യപ്രഭാവത്തെപ്പറ്റി പറഞ്ഞു കേൾപ്പിച്ചു. (310)

ചൗ:

കഹത് ധരമ് ഇതിഹാസ് സപ്രീതീ
ഭയഉ ഭോരു നിസി സോ സുഖ് ബീതീ,
നിത്യ് നിബാഹി ഭരത് ദൊഉ ഭാഈ
രാമ് അത്രി ഗുര് ആയസു പാഈ. 1

സഹിത് സമാജ് സാജ് സബ് സാദേം
ചലേ രാമ് ബന് അടന് പയാദേം,
കോമല് ചരന് ചലത് ബിനു പനഹീം
ഭഇ മൃദു ഭൂമി സകുച് മന് മന്ഹീം. 2

കുസ് കണ്ടക് കാँകരീം കുരാഈം
കടുക് കഠോര് കുബസ്തു ദുരാഈँ,
മഹി മഞ്ജുല് മൃദു മാരഗ് കീൻഹേ
ബഹത് സമീര് ത്രിബിധ് സുഖ് ലീൻഹേ. 3

സുമന് ബരഷി സുര് ഘന് കരി ഛാഹീം
ബിടപ് ഫൂലി ഫലി തൃന് മൃദുതാഹീം,
മൃഗ് ബിലോകി ഖഗ് ബോലി സുബാനീ
സേവഹിം സകല് രാമ് പ്രിയ് ജാനീ. 4

രാത്രി മുഴുവൻ ധാർമികമായ ഇതിഹാസങ്ങളെ പ്രീതിയോടെ പറഞ്ഞു കൊണ്ട് നേരം പുലരുന്നതുവരെ സുഖമായി കഴിച്ചുകൂട്ടി. രാവിലത്തെ നിത്യകർമ്മങ്ങളെ നിർവഹിച്ച് ശ്രീരാമന്റേയും അത്രിമുനിയുടേയും ഗുരു(വസിഷ്ഠൻ)വിന്റേയും അനുമതിയോടെ ഇരു സഹോദരന്മാരും (ഭരതനും ശത്രുഘ്നനും) അവരുടെ അനുഗാമികളോടുകൂടി സാധാരണ വസ്ത്രങ്ങളിഞ്ഞ് രാമന്റെ പേരിനോടനുബന്ധിച്ച വനപ്രദേശത്തെ ചുറ്റി ക്കാണുവാനായി നഗ്നപാദരായി ചെന്നു. രണ്ടു സഹോദരന്മാരും പാദരക്ഷ യണിയാതെ മൃദുവായ പാദങ്ങൾ കൊണ്ട് നടക്കുന്നതു കണ്ട് മനസ്സിൽ

അസ്വസ്ഥയായി ഭൂമിദേവി നടക്കുന്ന വഴിയെ മൃദുവാക്കി, മുള്ളുപോലുള്ള കുശപ്പുല്ലുകളേയും, കല്ലുകളേയും, (പാറകളിലും മറ്റുമുള്ള) പിളർപ്പു കളേയും, മറ്റു അഹിതവും, കഠോരമായതും, കാണാൻ അസഹ്യമായതു മായ വസ്തുക്കളെ തനിയ്ക്കുള്ളിൽ മറച്ചുവെച്ചു. ഈ വിധം ഭൂമി നടവഴിയെ മനോഹരവും മൃദുവുമാക്കി. കുളിർന്നതും, മൃദവും, സുഗന്ധമുള്ളതുമായ മന്ദമാരുതൻ സുഖപ്രദമായി വീശി. ദേവന്മാർ പുഷ്പവർഷം ചെയ്തു. മേഘങ്ങൾ തണൽ കൊടുത്തു. മരങ്ങളിൽ പൂക്കളും ഫലങ്ങളുമുണ്ടായി. പുല്ല് ഭുമിയുടെ ഉപരിഭാഗത്തെ മൃദുവാക്കി. മാനുകൾ നോക്കിക്കൊണ്ടും, പക്ഷികൾ മധുരമായി കൂവിക്കൊണ്ടുമിരുന്നു. ഈവിധം എല്ലാവരും ശ്രീരാമന്റെ പ്രിയരാണെന്നറിഞ്ഞ് സേവനങ്ങൾ അനുഷ്ഠിച്ചു.

ദോ:

സുലഭ് സിദ്ധി സബ് പ്രാകൃത്ഹു രാമ് കഹത് ജമുഹാത്,
രാമ് പ്രാന് പ്രിയ് ഭരത് കഹു് യഹ് ന ഹോഇ ബഡി ബാത്. (311)

കോട്ടുവായിടുമ്പോൾക്കുടി 'രാമ' എന്ന് പറയുന്ന സാധാരണക്കാരന് എല്ലാ സിദ്ധികളും സുലഭമായി ലഭിയ്ക്കാമെങ്കിൽ, ശ്രീരാമന്റെ പ്രാണപ്രിയ നായ ഭരതന്ന് ഇതൊന്നും വലിയ സംഗതിയല്ല. (311)

ചൗ:

എഹി ബിധി ഭരതു ഫിരത് ബന് മാഹീം
നേമു പ്രേമു ലഖി മുനി സകുചാഹീം,
പുന്യ് ജലാശ്രയ് ഭൂമി ബിഭാഗാ
ഖഗ് മൃഗ് തരു തൃന് ഗിരി ബന് ബാഗാ. 1

ചാരു ബിചിത്ര് പവിത്ര് ബിസേഷീ
ബൂഝത് ഭരതു ദിബ്യ് സബ് ദേഖീ,
സുനി മന് മുദിത് കഹത് രിഷിരാഊ
ഹേതു നാമ് ഗുന് പുന്യ് പ്രഭാഊ. 2

കതഹു് നിമജ്ജന് കതഹു് പ്രനാമാ
കതഹു് ബിലോകത് മന് അഭിരാമാ,

കതഹൂ് ബൈഠി മുനി ആയസു പാഈ
സുമിരത് സീയ് സഹിത് ദൊഉ ഭാഈ. 3

ദേഖി സുഭാഉ സനേഹു സുസേവാ
ദേഹിം അസീസ് മുദിത് ബന്ദേവാ,
ഫിരഹിം ഗഏ് ദിനു പഹര് അഢാഈ
പ്രഭു പദ് കമല് ബിലോകഹിം ആഈ. 4

ഈവിധം ഭരതൻ വനത്തിൽ ചുറ്റിനടന്നു. അവന്റെ ഭക്തിയേയും പ്രേമത്തേയും കണ്ട് മുനിമാർകൂടി ലജ്ജിതരായി. പുണ്യജലാശയങ്ങളും, ഭൂവിഭാഗങ്ങളും, പക്ഷികളും, മൃഗങ്ങളും, മരങ്ങളും, പുല്ലുകളും, കുന്നുകളും, വനങ്ങളും, തോപ്പുകളും എല്ലാം മനോഹരങ്ങളും, വിചിത്രങ്ങളും, വിശേഷിച്ചും പാവനങ്ങളുമായിരുന്നു. അവയെയെല്ലാം ദിവ്യങ്ങളായിക്കണ്ട് ഭരതൻ അവയെപ്പറ്റി ചോദ്യങ്ങൾ ചോദിച്ചു. അതിന്ന് അത്രി മഹർഷി ഓരോന്നിന്റേയും ഉദ്ഭവസ്ഥാനം, പേര്, ഗുണങ്ങൾ, പുണ്യപ്രഭാവങ്ങൾ ഇവയെ സന്തോഷം നിറഞ്ഞ ഹൃദയത്തോടെ പറഞ്ഞുകൊടുത്തു. ഒരിടത്ത് സ്നാനം ചെയ്ത് വേറൊരിടത്ത് പ്രണാമം ചെയ്തു. ഒരിടത്ത് മനം കവരുന്ന ദൃശ്യങ്ങളെ കണ്ടു. മറ്റൊരിടത്ത് മുനിയുടെ അനുവാദത്തോടെ ഇരുന്ന് സീതയേയും രണ്ടു സഹോദരന്മാരേയും (ശ്രീരാമനും ലക്ഷ്മണനും) സ്മരിച്ചുകൊണ്ടിരുന്നു. ഭരതന്റെ സ്വഭാവത്തേയും, സ്നേഹത്തേയും, വിശ്വസ്തസേവനത്തേയും കണ്ട് വനദേവതകൾ അവനെ അനുഗ്രഹിച്ചു. പകലിന്റെ മൂന്നാമത്തെ പ്രഹരത്തിൽ രണ്ടു സഹോദരന്മാരും തങ്ങളുടെ വാസസ്ഥലത്തിലേയ്ക്ക് തിരിച്ചുചെന്ന് പ്രഭുവിന്റെ പാദകമലങ്ങളെ നോക്കിനിന്നു.

ദോ:

ദേഖേ ഥല് തീരഥ് സകല് ഭരത് പാ്ച് ദിന് മാഝ്,
കഹത് സുനത് ഹരി ഹര് സുജസു ഗയഉ ദിവസു ഭഇ സാ്ഝ്. (312)

ഭരതൻ എല്ലാ തീർത്ഥസ്ഥലങ്ങളേയും അഞ്ചു ദിവസങ്ങളിൽ ദർശിച്ചു. (അവസാന) ദിവസം സന്ധ്യവരെ ഹരിയുടേയും ഹരന്റേയും ശോഭനങ്ങളായ യശസ്സുകളെപ്പറ്റി ചർച്ചചെയ്തുകൊണ്ട് കഴിച്ചുകൂട്ടി. (312)

ചൗ:

ഭോര് ന്ഹാഇ സബു ജുരാ സമാജു
ഭരത് ഭുമിസുര് തെരഹുതി രാജൂ,
ഭല് ദിന് ആജു ജാനി മന് മാഹീം
രാമു കൃപാല് കഹത് സകുചാഹീം. 1

ഗുര് നൃപ് ഭരത് സഭാ അവലോകീ
സകുചി രാമ് ഫിരി അവനി ബിലോകീ,
സീല് സരാഹി സഭാ സബ് സോചീ
കഹു്ँ ന രാമ് സമ് സ്വാമി സ്ँകോചീ. 2

ഭരത് സുജാന് രാമ് രുഖ് ദേഖീ
ഉഠി സപ്രേമ് ധരി ധീര് ബിസേഷീ,
കരി ദണ്ഡവത് കഹത് കര് ജോരീ
രാഖീം നാഥ് സകല് രുചി മോരീ. 3

മൊഹി ലഗി സഹെഉ സബ്ഹിം സന്താപൂ
ബഹുത് ഭാँതി ദുഖു പാവാ ആപൂ,
അബ് ഗൊസാഇँ മൊഹി ദേഉ രജാഈ
സേവൗം അവധ് അവധി ഭരി ജാഈ. 4

കാലത്ത് കുളികഴിഞ്ഞ് സഭ മുഴുവൻ ഭരതനും, ബ്രാഹ്മണരും, തിരഹുതി രാജാവ് ജനകനും വീണ്ടും യോഗം കൂടി. (തിരിച്ചുപോകാൻ) അന്ന് നല്ലദിവസമാണെന്ന് മനസ്സിൽ അറിഞ്ഞിരുന്നുവെങ്കിലും, കൃപാലുവായ രാമൻ അങ്ങനെ പറയുവാൻ മടിച്ചു. ശ്രീരാമൻ തന്റെ ഗുരുവിന്റേയും, ജനകരാജാവിന്റേയും, സഭയുടേയും നേരെ നോക്കി. അടുത്ത ക്ഷണം തന്നെ അവൻ സങ്കോചത്തോടെ നിലത്തിലേയ്ക്ക് നോക്കി. അവന്റെ ശീലഗുണത്തെ പ്രശംസിച്ചുകൊണ്ട് സഭ മുഴുവൻ തന്നെ ശ്രീരാമനെപ്പോലെ മറ്റുള്ളവരുടെ ഭാവങ്ങളെ മാനിയ്ക്കുന്ന ഇത്രയും ഉദാരനായ ഒരു സ്വാമിയെ ഒരിടത്തും കാണാനാവില്ലെന്ന് വിചാരിച്ചു. ശ്രീരാമന്റെ ഇംഗിതത്തെ മനസ്സിലാക്കുവാൻ കഴിവുണ്ടായിരുന്ന ഭരതൻ സ്നേഹത്തോടെ എഴുന്നേറ്റ് തന്നെ എത്രയും നിയന്ത്രിച്ചുകൊണ്ട് ദണ്ഡനമസ്കാരം

ചെയ്തു. പിന്നെ തന്റെ കൈകളെ കൂപ്പിക്കൊണ്ട് അവൻ സ്നേഹത്തോടെ പറഞ്ഞു: "പ്രഭോ, അങ്ങെന്റെ എല്ലാ ഇച്ഛകളേയും പൂർത്തി ചെയ്തിട്ടുണ്ട്. എന്റെ കാരണം എല്ലാവർക്കും കഷ്ടമനുഭവിക്കേണ്ടി വന്നു. അങ്ങയ്ക്കും പലവിധത്തിലുള്ള ദു:ഖമനുഭവിക്കേണ്ടി വന്നു. സ്വാമീ, ഇനി എനിയ്ക്ക് തിരിച്ചുപോകുവാൻ അനുമതി തന്നാലും. അയോധ്യയിലേയ്ക്ക് തിരിച്ചു ചെന്ന് അങ്ങ് തിരിച്ചുവരുന്നതു വരെ കാത്തിരിയ്ക്കാം."

ദോ:

ജെഹിം ഉപായ് പുനി പായ് ജനു ദേഖൈ ദീനദയാല്,
സോ സിഖ് ദേഇഅ അവധി ലഗി കോസലപാല് കൃപാല്. (313)

"ഹേ കൃപാലുവായ കോസലാധീശ! എന്നെ ഉപദേശിച്ച്, ഏതുവിധത്തിൽ, എന്തുപായം കൊണ്ട് അങ്ങ് തിരിച്ചുവരുന്നതുവരെ ജീവിച്ചിരുന്ന് വീണ്ടും ദീനദയാളനായ അങ്ങയുടെ പാദങ്ങളെ കാണാനാവുമെന്ന് പറഞ്ഞു തന്നാലും." (313)

ചൗ:

പുരജന് പരിജന് പ്രജാ ഗൊസാഈം
സബ് സുചി സരസ് സനേഹ്ँ സഗാഈം,
രാഉര് ബദി ഭല് ഭവ ദുഖ് ദാഹൂ
പ്രഭു ബിനു ബാദി പരമ് പദ് ലാഹൂ. 1

സ്വാമി സുജാനു ജാനി സബ് ഹീ കീ
രുചി ലാലസാ രഹനി ജന് ജീ കീ,
പ്രനത്പാലു പാലിഹി സബ് കാഹൂ
ദേഉ ദുഹൂ ദിസി ഓര് നിബാഹൂ. 2

അസ് മൊഹി സബ് ബിധി ഭൂരി ഭരോസോ
കിഏँ ബിചാരു ന സോചു ഖരോ സോ,
ആരതി മോര് നാഥ് കര് ഛോഹൂ
ദുഹുँ മിലി കീൻഹ് ഢീഠു ഹഠി മോഹൂ. 3

യഹ് ബഡ് ദോഷു ദൂരി കരി സ്വാമീ
തജി സകോച് സിഖഇഅ അനുഗാമീ,
ഭരത് ബിനയ് സുനി സബ്ഹിം പ്രസംസീ
ഖീര് നീര് ബിബരന് ഗതി ഹംസീ. 4

“അങ്ങയുടെ പുരവാസികളും, പരിവാരങ്ങളും, മറ്റു പ്രജകളും, സ്വാമീ, എല്ലാവരും തന്നെ അവർക്ക് അങ്ങയോടുള്ള സ്നേഹവും ബന്ധുത്വവും കാരണം ശുദ്ധരും, സന്തുഷ്ടരുമാണ്. അങ്ങയ്ക്കുവേണ്ടി സംസാരദു:ഖങ്ങൾ അനുഭവിയ്ക്കുന്നത്, പ്രഭോ, അങ്ങയില്ലാതെ പരമപദം ലഭിയ്ക്കുന്നതിനേക്കാളും എത്രയോ മേലാണ്. അങ്ങ് എല്ലാവരുടേയും ഹൃദയങ്ങളെ അറിയുന്നു. അങ്ങയുടെ സേവകന്റെ രുചിയേയും, അഭിലാഷങ്ങളേയും, ജീവനരീതിയേയും അറിയുന്നു. ശരണാഗതവത്സലനായ എന്റെ സ്വാമീ, അങ്ങ് എല്ലാവരേയും ഇഹലോകത്തും പരലോകത്തും അവസാനം വരെ കാത്തു സംരക്ഷിയ്ക്കും. എനിയ്ക്ക് ഇതിൽ എല്ലാവിധത്തിലും വിശ്വാസമുണ്ട്. ഇതിനെപ്പറ്റി ചിന്തിയ്ക്കുമ്പോൾ എനിയ്ക്ക് ഒരുവിധത്തിലുള്ള ചിന്തയുമില്ല. എന്റെ വിഷമവും അങ്ങയുടെ കൃപയും ഒന്നിച്ചു ചേർന്ന് എന്നെ ധിക്കാരിയാക്കിയിരിയ്ക്കുന്നു. ഹേ സ്വാമീ, എന്റെ ഈ മഹത്തായ ദോഷത്തെ നിവർത്തിച്ച് അങ്ങയുടെ ഈ സേവകനെ സങ്കോചപ്പെടാതെ വേണ്ടവിധം ഉപദേശിച്ചാലും.” ഭരതന്റെ ഈ വിനീതമായ അപേക്ഷയെ കേട്ടവരെല്ലാവരും അതിനെ പ്രശംസിച്ച് പറഞ്ഞു: ‘ഭരതന്റെ ഈ പ്രാർത്ഥന പാലിനേയും വെള്ളത്തേയും വേർതിരിയ്ക്കുന്ന അരയന്നത്തെപ്പോലെയാണ്.’

ദോ:

ദീനബന്ധു സുനി ബന്ധു കേ ബിന് ദീന് ഛല്ഹീന്,
ദേസ് കാല് അവസര് സരിസ് ബോലേ രാമു പ്രബിന്. (314)

ദീനബന്ധുവും സർവജ്ഞനുമായ ശ്രീരാമൻ ദീനവും നിഷ്കപടവുമായ തന്റെ അനുജന്റെ ഭാഷണത്തെ കേട്ട് ദേശകാലാവസരത്തിനൊത്ത വിധം മറുപടി പറഞ്ഞു: (314)

ചൗ:

താത് തുംഹാരി മോരി പരിജന് കീ
ചിന്താ ഗുര്ഹി നൃപ്ഹി ഘര് ബന് കീ,
മാഥേ പര് ഗുര് മുനി മിഥിലേസൂ
ഹമ്ഹി തുംഹ്ഹി സപനെഹുঁ ന കലേസൂ. 1

മോര് തുംഹാര് പരമ് പുരുഷാരഥു
സ്വാരഥു സുജസു ധരമു പരമാരഥു,
പിതു ആയസു പാലിഹിം ദുഹു ഭാഈം
ലോക് ബേദ് ഭല് ഭൂപ് ഭലാഈം. 2

ഗുരു പിതു മാതു സ്വാമി സിഖ് പാലേം
ചലെഹുঁ കുമഗ് പഗ് പരഹിം ന ഖാലേം,
അസ് ബിചാരി സബ് സോച് ബിഹാഈ
പാലഹു അവധ് അവധി ഭരി ജാഈ. 3

ദേസു കോസു പരിജന് പരിവാരൂ
ഗുര് പദ് രജഹിം ലാഗ് ഛരുഭാരൂ,
തുംഹ് മുനി മാതു സചിവ് സിഖ് മാനീ
പാലെഹു പുഹുമി പ്രജാ രജധാനീ. 4

“പ്രിയ അനുജ, നമ്മുടെ ഗുരുവിന്നും(വസിഷ്ഠൻ) ജനകരാജാവിന്നുമാണ് നാം വീട്ടിലോ കാട്ടിലോ, എവിടെയിരുന്നാലും, നിന്നേയും, എന്നേയും, നമ്മുടെ ജനങ്ങളേയും പറ്റിയുള്ള ചിന്തയുള്ളത്. നമ്മുടെ ഗുരുവും, (വിശ്വാമിത്ര)മുനിയും, മിഥിലേശനും നമ്മുടെ രക്ഷാകർത്താക്കളായിരിയ്ക്കേ, എനിയ്ക്കും നിനക്കും ഒരുവിധത്തിലുള്ള ക്ലേശവും സ്വപ്നത്തിൽക്കുടി ഉണ്ടാവില്ല. എന്റേയും നിന്റേയും നമ്മുടെ എറ്റവും വലിയ ജന്മസാഫല്യവും, സമ്പത്തും, സൽകീർത്തിയും, ധർമ്മവും, പരമാർത്ഥവും തന്നെ, നാം നമ്മുടെ പിതാവിന്റെ ആജ്ഞയെ അനുസരിയ്ക്കുക എന്നതിനെ ആശ്രയിച്ചാണിരിയ്ക്കുന്നത്. നാം രണ്ടു സഹോദരന്മാരും പിതാവിന്റെ ആദേശത്തെ പാലിയ്ക്കുക എന്നതിലാണ് ലോകത്തിന്റെ ദൃഷ്ടിയിലും വേദങ്ങളുടെ ഗണനയിലും നമ്മുടെ നന്മയിരിയ്ക്കുന്നത്. ഗുരുവിന്റേയും, മാതാപിതാക്കളുടേയും, സ്വാമിയുടേയും ഉപദേശത്തെ അനുസരിയ്ക്കുന്നവർ

തെറ്റായ മാർഗ്ഗത്തിൽക്കൂടി പോയാലും ഒരിയ്ക്കലും ഇരടി വീഴില്ല. ഈ വിധം ആലോചിച്ച് എല്ലാ ചിന്തകളേയും വെടിഞ്ഞ് പോയി (എന്റെ വനവാസ) അവധി കഴിയുന്നതുവരെ അയോധ്യയെ ഭരിയ്ക്കൂ. നമ്മുടെ ദേശത്തിന്റേയും, ഭണ്ഡാരത്തിന്റേയും, പരിജനങ്ങളുടേയും, പരിവാരങ്ങളുടേയും രക്ഷയുടെ ഭാരം നമ്മുടെ ഗുരുവിന്റെ പാദധൂളിയെ ആശ്രയിച്ചാണിരിയ്ക്കുന്നത്. നീ ഗുരുവിന്റേയും, അമ്മമാരുടേയും, മന്ത്രിയുടേയും (സുമന്ത്രൻ) ഉപദേശപ്രകാരം ഭൂമിയേയും, പ്രജകളേയും, രാജധാനിയേയും സംരക്ഷിയ്ക്കണം."

ദോ:

മുഖിആ മുഖു സോ ചാഹിഏ ഖാന് പാന കഹു് ഏക്,
പാലഇ പോഷഇ സകല് അ്ഗ് തുലസീ സഹിത് ബിബേക്. (315)

"ഒരു മുഖ്യൻ വായയെപ്പോലെയിരിയ്ക്കണം. അതാണ് ഭക്ഷിയ്ക്കുന്നതും കുടിയ്ക്കുന്നതുമായ കർമ്മങ്ങളെ ചെയ്യുന്നത്. പക്ഷേ അത് ശരീരത്തിന്റെ മറ്റെല്ലാ അംഗങ്ങളേയും ചിട്ടയോടെ പോഷിപ്പിയ്ക്കുകയും, പാലിയ്ക്കുകയും ചെയ്യുന്നു. (315)

ചൗ:

രാജ്ധരമ് സര്ബസു എതനോഇൗ
ജിമി മന് മാഹ് മനോരഥ് ഗോഇൗ,
ബന്ധു പ്രബോധു കീൻഹ് ബഹു ഭാ്തീ
ബിനു അധാര് മന് തോഷു ന സാ്തീ. 1

ഭരത് സീല് ഗുര് സചിവ് സമാജൂ
സകുച് സനേഹ് ബിബസ് രഘുരാജൂ,
പ്രഭു കരി കൃപാ പാ്വരീം ദീൻഹീം
സാദര് ഭരത് സീസ് ധരി ലീൻഹീം. 2

ചരന്പീഠ് കരുനാനിധാന് കേ
ജനു ജുഗ് ജാമിക് പ്രജാ പ്രാന് കേ,
സംപുട് ഭരത് സനേഹ് രതന് കേ
ആഖര് ജുഗ് ജനു ജീവ് ജതന് കേ. 3

കുല് കപാട് കര് കുസല് കരമ് കേ
ബിമല് നയന് സേവാ സുധരമ് കേ,
ഭരത് മുദിത് അവലംബ് ലഹേ തേം
അസ് സുഖ് ജസ് സിയ് രാമു രഹേ തേം. 4

“ഒരു രാജാവിന്റെ കടമയുടെ സാരം ഇത്രയേ ഉള്ളൂ മനസ്സിനുള്ളിൽ ഒരു ആഗ്രഹം (അതിനെ പുറത്തുപറയുന്നതിന്നുമുമ്പ്) മറഞ്ഞിരിയ്ക്കുന്നതു പോലെ അത് ശാസ്ത്രങ്ങളിൽ മറഞ്ഞിരിയ്ക്കുന്നു.” പ്രഭു തന്റെ അനുജനെ പലവിധത്തിൽ പറഞ്ഞു സമാധാനിപ്പിച്ചു. പക്ഷെ ഒരു ആധാരമില്ലാതെ അവന്റെ മനസ്സിന്ന് സന്തോഷമോ ശാന്തിയോ ലഭിച്ചില്ല. ഒരു പുറം ഭരതന്റെ പേരിലുള്ള ആദരവും മറുപുറത്ത് ഗുരുവിന്റേയും, മന്ത്രിമാരുടേയും, സമാജത്തിന്റേയും സാന്നിധ്യവും രഘുരാമനെ സങ്കോചവും സ്നേഹവും കൊണ്ട് വിവശനാക്കി. പ്രഭു അവന്മേൽ കൃപ കാണിച്ച് അവന്ന് തന്റെ പാദുകകളെ കൊടുത്തു. അവയെ ഭരതൻ ഭക്തിശ്രദ്ധയോടെ തന്റെ തലമേൽ ധരിച്ചു. കരുണാനിധിയായ പ്രഭുവിന്റെ പാദുകകൾ ജനങ്ങളുടെ ജീവനെ കാത്തുരക്ഷിയ്ക്കാനായി നിയമിയ്ക്കപ്പെട്ട രണ്ടു കാവൽക്കാരെപ്പോലേയോ, ഭരതന്റെ സ്നേഹമെന്ന രത്നത്തെ സുക്ഷിയ്ക്കാനുള്ള രണ്ട് ചെപ്പുകൾ പോലെയോ, മനുഷ്യജീവന്ന് സാധന ചെയ്യാനുതകുന്ന രണ്ടക്ഷരങ്ങൾ (രാമ) പോലെയോ, അഥവാ രഘു കുലത്തെ കാത്തുരക്ഷിപ്പാനുള്ള രണ്ടു കതവുകൾ പോലെയോ, സൽക്കർമ്മങ്ങൾ ചെയ്യാനുതവുന്ന രണ്ടു കൈകൾ പോലെയോ, അഥവാ മഹത്തായ ധർമ്മത്തിന്റെ സേവനത്തിനുള്ള വഴി കാണിയ്ക്കുന്ന രണ്ടു കണ്ണുകൾ പോലെയോ ആയിരുന്നു. ഈ അവലംബം കിട്ടി ഭരതൻ, സീതയും ശ്രീരാമനും (അയോദ്ധ്യയിൽ) വസിയ്ക്കാൻ സമ്മതിച്ചപോലെ അത്യന്തം സന്തുഷ്ടനായി.

ദോ:

മാഗെഉ ബിദാ പ്രനാമു കരി രാമ് ലിഏ ഉര് ലാഇ,
ലോഗ് ഉചാടേ അമരപതി കുടില് കുഅവസരു പാഇ. (316)

അവൻ പ്രഭുവിനെ നമസ്കരിച്ച് വിട ചോദിച്ചു. ശ്രീരാമൻ അവനെ തന്റെ മാറോടണച്ചു. കുടിലബുദ്ധിയായ ദേവേന്ദ്രൻ ഈ പ്രതികൂലസന്ദർഭത്തെ സാധകമാക്കിക്കൊണ്ട് ജനങ്ങളെ അസ്വസ്ഥനാക്കി. (316)

ചൗ:

സോ കുചാലി സബ് കഹ്ँ ഭഇ നീകീ
അവധി ആസ് സമ് ജീവനി ജീ കീ,
നതരു ലഖന് സിയ് രാമ് ബിയോഗാ
ഹഹരി മരത് സബ് ലോഗ് കുരോഗാ. 1

രാമകൃപാँ അവരേബ് സുധാരീ
ബിബുധ് ധാരി ഭഇ ഗുനദ് ഗൊഹാരീ,
ഭേംടത് ഭുജ് ഭരി ഭാഇ ഭരത് സോ
രാമ് പ്രേമ് രസു കഹി ന പരത് സോ. 2

തന് മന് ബചന് ഉമഗ് അനുരാഗാ
ധീര് ധുരന്ധര് ധീരജു ത്യാഗാ,
ബാരിജ് ലോചന് മോചത് ബാരീ
ദേഖി ദസാ സുര് സഭാ ദുഖാരീ. 3

മുനിഗന് ഗുര് ധുര് ധീര് ജനക് സേ
ഗ്യാന് അനല് മന് കസേം കനക് സേ,
ജേ ബിരഞ്ചി നിര്ലേപ് ഉപാഏ
പദുമ പത്ര് ജീമി ജഗ് ജല് ജാഏ. 4

ആ കുതന്ത്രമെല്ലാം എല്ലാവർക്കും ഒരു അനുഗ്രഹമായി മാറി. അത് അവരെ ശ്രീരാമന്റെ (വനവാസ) അവധി കഴിയുന്നതുവരെ ജീവിച്ചിരീയ്ക്കുവാനുള്ള ആശയായി സഹായിച്ചു. അല്ലെങ്കിൽ അവർ ലക്ഷ്മണന്റേയും, സീതയുടേയും, രാമന്റേയും വിരഹമെന്ന മഹാരോഗത്താൽ മരിച്ചുപോകുമായിരുന്നു. ശ്രീരാമന്റെ കൃപയാൽ പ്രശ്നം തീർന്ന് ദേവന്മാർ ഇപ്പോൾ സഹായികളായി മാറി. ശ്രീരാമൻ സഹോദരനായ ഭരതനെ ചേർത്ത് മാറോടണച്ചു. അവന്റെ പ്രേമരസത്തെ വാക്കുകളാൽ വർണ്ണിയ്ക്കാനാവില്ലായിരുന്നു. അവന്റെ ശരീരവും, മനസ്സും, വാക്കും സ്നേഹം

വഴിഞ്ഞൊഴുകുന്നവയായിരുന്നു. ധീരന്മാരിലും അതിധീരൻ തന്റെ ധീരത നഷ്ടപ്പെട്ടു. അവന്റെ താമരക്കണ്ണുകൾ കണ്ണീർ പൊഴിച്ചു. അവന്റെ ദശയെ കണ്ട് ദേവസമൂഹം കൂടി ശോകാകുലരായി. സന്നിഹിതരായിരുന്ന മുനിമാരും, ഗുരുവും, മനസ്സെന്ന സ്വർണ്ണം ജ്ഞാനമെന്ന അഗ്നിയിൽ പഴുപ്പിച്ച് പരീക്ഷിയ്ക്കപ്പെട്ട സുധീരനായ ജനകനും മാത്രമല്ല, ബ്രഹ്മാവാൽ എല്ലാ ആസക്തികളിൽനിന്നും മുക്തരായി സൃഷ്ടിയ്ക്കപ്പെട്ട്, ജലത്തിൽ നിന്നും പൊങ്ങിവന്ന താമരയിലയെപ്പോലെ ഈ ലോകത്തിൽ ജനിച്ചവരും.. .. ..

ദോ:

തെഉ ബിലോകി രഘുബര് ഭരത് പ്രീതി അനൂപ് അപാര്,
ഭഏ മഗന് മന് തന് ബചന് സഹിത് ബിരാഗ് ബിചാര്. (317)

...ഇവരുംകൂടി രഘുവരന്റേയും ഭരതന്റേയും ഇടയിലുണ്ടായിരുന്ന ഉപമ യില്ലാത്ത, അതിരില്ലാത്ത പ്രേമത്തെ കണ്ട് മനസ്സുകൊണ്ടും, ശരീരം കൊണ്ടും, വാക്കുകൊണ്ടും ഭാവമഗ്നരായി, തങ്ങളുടെ വിവേകത്തേയും വൈരാഗ്യത്തേയും നഷ്ടപ്പെട്ടു. (317)

ചൗ:

ജഹാँ ജനക് ഗുര് ഗതി മതി ഭോരീ
പ്രാകൃത് പ്രീതി കഹത് ബഡി ഖോരീ,
ബരനത് രഘുബര് ഭരത് ബിയോഗൂ
സുനി കഠോര് കബി ജാനിഹി ലോഗൂ. 1

സോ സകോച് രസു അകഥ് സുബാനീ
സമഉ സനേഹു സുമിരി സകുചാനീ,
ഭേംടി ഭരതു രഘുബര് സമുഝാഏ
പുനി രിപുവദനു ഹരഷി ഹിയँ ലാഏ. 2

സേവക് സചിവ് ഭരത് രുഖ് പാഇ
നിജ് നിജ് കാജ് ലഗേ സബ് ജാഇ,
സുനി ദാരുന് ദുഖു ദുഹൂँ സമാജാ
ലഗേ ചലന് കേ സാജന് സാജാ. 3

പ്രഭു പദ് പദുമ് ബന്ദി ദൊഉ ഭാഇൗ
ചലേ സീസ് ധരി രാമ് രജാഇൗ,
മുനി താപസ് ബനദേവ് നിഹോരീ
സബ് സന്മാനി ബഹോരി ബഹോരീ. 4

(ശ്രീരാമന്റേയും ഭരതന്റേയും ഇടയിലുണ്ടായിരുന്ന) പ്രേമം ജനകന്റേയും ഗുരുവിന്റേയും ബുദ്ധിയെ ഭ്രമിപ്പിച്ചു. അതിനെ പ്രാകൃതമായ പ്രേമമെന്നു പറയുന്നത് വലിയ വിഡ്ഢിത്തമാണ്. ശ്രീരാമന്റേയും ഭരതന്റേയും വിയോഗത്തെ കവി വർണ്ണിയ്ക്കുന്നതിനെ കേട്ടാൽ ജനങ്ങൾ കവിയെ കഠിന ഹൃദയനെന്ന് കണക്കാക്കും. ആ ലോലതയുടെ നിർവൃതി പറയാനാവാ ത്തതായിരുന്നു. ആ സന്ദർഭത്തിൽ പ്രകടിതമായ സ്നേഹത്തെപ്പറ്റി സ്മരിയ്ക്കുമ്പോൾ വാക്പാടവം ചുങ്ങിപ്പോയി. രഘുവരൻ ആദ്യം ഭരതനെ മാറോടണച്ച് അവനെ സമാധാനിപ്പിച്ചു. പിന്നെ അവൻ ശത്രുഘ്നനെ സന്തോഷത്തോടെ പുണർന്നു. ഭരതന്റെ ഇംഗിതത്തെ മനസ്സിലാക്കി അവന്റെ സേവകന്മാരും മന്ത്രിമാരും പോയി അവരവരുടെ പ്രവൃത്തി കളിൽ വ്യാപൃതരായി. ഇതു കേട്ട് ഇരു പക്ഷത്തിലെ ജനങ്ങളും ദുസ്സഹമായ ദു:ഖമനുഭവിച്ച് മടക്കുയാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്യാൻ തുടങ്ങി. രണ്ടു സഹോദരന്മാരും (ഭരതനും ശത്രുഘ്നനും) പ്രഭുവിന്റെ പാദകമലങ്ങളെ വന്ദിച്ച് ശ്രീരാമന്റെ ആദേശത്തെ ശിരോധരിച്ചുകൊണ്ട് പുറപ്പെട്ടു. അവർ മുനിമാരേയും, താപസന്മാരേയും, വനദേവതകളേയും സവിനയം അപേക്ഷിച്ചുകൊണ്ട് അവരെ വീണ്ടും വീണ്ടും ബഹുമാനിച്ചു.

ദോ:
ലഖന്ഹി ഭേംടി പ്രനാമു കരി സിര് ധരി സിയ് പദ് ധൂരി,
ചലേ സപ്രേമ് അസീസ് സുനി സകല് സുമംഗല് മൂരി. (318)

(ഭരതൻ) പിന്നെ ലക്ഷ്മണനെ പുണർന്നു. (ശത്രുഘ്നൻ) അവനെ വണങ്ങി. ഇരുവരും സീതയുടെ പാദധൂളിയെ തങ്ങളുടെ തലയിൽ ധരിച്ചു. എല്ലാ ശുഭമംഗളങ്ങളുടേയും മൂലമായ അവളുടെ പ്രേമമയമായ ആശീർ വാദത്തെ ലഭിച്ച് അവർ പുറപ്പെട്ടു. (318)

ചൗ:

സാനുജ് രാമ് നൃപഹി സിരു നാഇൗ
കീൻഹി ബഹുത് ബിധി ബിനയ് ബഡാഇൗ,
ദേവ് ദയാ ബസ് ബഡ് ദുഖു പായഉ
സഹിത് സമാജ് കാനനൻഹി ആയഉ. 1

പുര് പഗു ധരിഅ ദേഇ അസീസാ
കീൻഹ് ധീര് ധരി ഗവനു മഹീസാ,
മുനി മഹിദേവ് സാധു സന്മാനേ
ബിദാ കിഏ ഹരി ഹര് സമ് ജാനേ. 2

സാസു സമീപ് ഗഏ ദൊഉ ഭാഇൗ
ഫിരേ ബന്ദി പഗ് ആസിഷ് പാഇൗ,
കൗസിക് ബാമദേവ് ജാബാലീ
പുരജന് പരിജന് സചിവ് സുചാലീ. 3

ജഥാ ജോഗു കരി ബിനയ് പ്രനാമാ
ബിദാ കിഏ സബ് സാനുജ് രാമാ,
നാരി പുരുഷ് ലഘു മധ്യ് ബഡേരേ
സബ് സന്മാനി കൃപാനിധി ഫേരേ. 4

തന്റെ അനുജനോടുകൂടി ശ്രീരാമൻ ജനകരാജാവിനെ തലവണങ്ങി, അദ്ദേഹത്തെ പലവിധത്തിൽ വിനീതമായി ബഹുമാനിച്ച് പ്രശംസിച്ചു. “സ്വാമീ, അങ്ങ് ഞങ്ങളുടെ മേൽ കരുണകാണിച്ച് അത്യധികം കഷ്ടമനുഭവിച്ച് അങ്ങയുടെ സമാജത്തോടുകൂടി കാട്ടിലേയ്ക്ക് വന്നു. ഇപ്പോൾ അങ്ങ് ഞങ്ങളെ അനുഗ്രഹിച്ച് അങ്ങയുടെ രാജധാനിയിലേയ്ക്ക് തിരിച്ചു ചെന്നാലും.” അപ്പോൾ രാജാവ് ധൈര്യം ലഭിച്ച് പുറപ്പെട്ടു. പ്രഭു മുനിമാരേയും മറ്റു ബ്രാഹ്മണരേയും സാധുക്കളേയും വേണ്ടപോലെ ബഹുമാനിച്ച്, അവരെ വിഷ്ണുവിന്നും ശിവന്നും സമമായി ഭാവിച്ച് വിടയാക്കി. രണ്ടു സഹോദരന്മാരും (ശ്രീരാമനും ലക്ഷ്മണനും) പിന്നെ അവരുടെ ശ്വശുരിയെ ചെന്നു കണ്ട് അവളുടെ പാദങ്ങളിൽ വണങ്ങി ആശിസ്സുകളെ സ്വീകരിച്ച് തിരിച്ചു വന്നു. പിന്നെ ശ്രീരാമൻ തന്റെ അനുജനോടുകൂടി കൗശികൻ, വാമദേവൻ, ജാബാലി എന്നീ മുനി

മാരേയും, പ്രജകളേയും, തന്റെ പരിവാരജനങ്ങളേയും, വിശ്വസ്തരായ മന്ത്രിമാരേയും വേണ്ടപോലെ ബഹുമാനിച്ച് അവരെയെല്ലാം നമസ്കരിച്ച് വിടയാക്കി. കൃപാനിധിയായ പ്രഭു ഉയർന്നവരും, താണവരും, മദ്ധ്യനിലക്കാരുമായ സ്ത്രീപുരുഷന്മാരെ ബഹുമാനപൂർവം പറഞ്ഞയച്ചു.

ദോ:

ഭരത് മാതു പദ് ബന്ദി പ്രഭു സുചി സനേഹ്ँ മിലി ഭേംടി,
ബിദാ കീൻഹി സജി പാലകീ സകുച് സോച് സബ് മേടി. (319)

നിഷ്കളങ്കമായ സ്നേഹത്തോടെ പ്രഭു ഭരതന്റെ മാതാവിന്റെ പാദങ്ങളെ വന്ദിച്ച് അവളെ മാറോടണച്ച്, അവളുടെ സങ്കോചത്തേയും ശോകത്തേയും മാറ്റി തയ്യാറായിരുന്ന പല്ലക്കിൽ കയറ്റി വിടയാക്കി. (319)

ചൗ:

പരിജന് മാതു പിത്ഹി മിലി സീതാ
ഫിരി പ്രാനപ്രിയ് പ്രേമ് പുനീതാ,
കരി പ്രനാമു ഭേംടി സബ് സാസൂ
പ്രീതി കഹത് കബി ഹിയ്ँ ന ഹുലാസൂ. 1

സുനി സിഖ് അഭിമത് ആസിഷ് പാഈ
രഹീ സീയ് ദുഹു പ്രീതി സമാഈ.
രഘുപതി പടു പാലകീം മഗാഈം
കരി പ്രബോധു സബ് മാതു ചഢാഈം. 2

ബാര് ബാര് ഹിലി മിലി ദുഹു ഭാഈം
സമ് സനേഹ്ँ ജനനീ പഹുँചാഈം,
സാജി ബാജി ഗജ് ബാഹന് നാനാ
ഭരത് ഭൂപ് ദല് കീൻഹ് പയാനാ. 3

ഹൃദയ്ँ രാമു സിയ് ലഖന് സമേതാ
ചലേ ജാഹിം സബ് ലോഗ് അചേതാ,
ബസഹ് ബാജി ഗജ് പസു ഹിയ്ँ ഹാരേം
ചലേ ജാഹിം പര്ബസ് മന് മാരേം. 4

സീത തന്റെ മാതാപിതാക്കളേയും പരിജനങ്ങളേയും ചെന്നു കണ്ട്, നിഷ്കളങ്കമായ പ്രേമം കൊണ്ടിരുന്ന തന്റെ പ്രിയതമന്റെ അടുക്കലേയ്ക്ക് തിരിച്ചുവന്നു. തന്റെ ശ്വശുരിമാരെയെല്ലാം വണങ്ങി അവരെയെല്ലാവരേയും അവൾ മാറോടണച്ചു. അവളുടെ പ്രീതിയെ വർണ്ണിപ്പാൻ കവിയുടെ മനസ്സിൽ ഒട്ടും താല്പര്യമുണ്ടായിരുന്നില്ല. അവരുടെ ഉപദേശങ്ങളെ കേട്ടുകൊണ്ട്, അവൾക്കിഷ്ടപ്പെട്ട ആശിസ്സുകളെ ലഭിച്ച്, സീത തന്റെ മാതാപിതാക്കളുടേയും ശ്വശുരിമാരുടേയും സ്നേഹവെള്ളത്തിൽ മഗ്നയായി. രഘുപതി മനോഹരമായ പല്ലക്കുകളെ വരുത്തി, തന്റെ മാതാക്കളെ സമാധാനവാക്കുകൾ പറഞ്ഞ് അവരെ അവയിൽ കയറുവാൻ സഹായിച്ചു. രണ്ടു സഹോദരന്മാരും അവരെ സ്നേഹത്തോടെ വീണ്ടും വീണ്ടും മാറോടണച്ച് പറഞ്ഞയച്ചു. കുതിരകൾ, ആനകൾ, എല്ലാവിധത്തിലുമുള്ള വാഹനങ്ങൾ ഇവയെ സജ്ജീകരിച്ച് ഭരതന്റേയും ജനകരാജാവിന്റേയും സമാജങ്ങൾ പ്രയാണം പുറപ്പെട്ടു. രാമനും, സീതയും, ലക്ഷ്മണനും അവരുടെ മനസ്സിൽ നിറഞ്ഞുകൊണ്ട്, എല്ലാവരും സ്വപ്നാവസ്ഥയിലെന്നപോലെ ചേതനയറ്റ് യാത്രയായി. കാളകളും, കുതിരകളും, ആനകളും, മറ്റു മൃഗങ്ങളുംകൂടി, മനസ്സൊടിഞ്ഞ്, പരവശരായി, നിരുത്സാഹരായി നടന്നു ചെന്നു.

ദോ:

ഗുര് ഗുര്തിയ് പദ് ബന്ദി പ്രഭു സീതാ ലഖന് സമേത്,
ഫിരേ ഹരഷ് ബിസ്മയ് സഹിത് ആഏ പരന് നികേത്. (320)

ഗുരുവിന്റേയും (വസിഷ്ഠൻ), ഗുരുപത്നിയുടേയും (അരുന്ധതി) പാദങ്ങളെ വന്ദിച്ചുകൊണ്ട് പ്രഭുവും, സീതയും, ലക്ഷ്മണനും ഹർഷശോകങ്ങൾ കലർന്ന മനസ്സോടെ തങ്ങളുടെ പർണ്ണശാലയിലേയ്ക്ക് മടങ്ങി വന്നു. (320)

ചൗ:

ബിദാ കീൻഹ് സന്മാനി നിഷാദൂ
ചലെഉ ഹൃദയ്ँ ബഡ് ബിരഹ് ബിഷാദൂ,
കോല് കിരാത് ഭില്ല് ബനചാരീ
ഫേരേ ഫിരേ ജൊഹാരി ജൊഹാരീ. 1

പ്രഭു സിയ് ലഖന് ബൈഠി ബട് ഛാഹീം
പ്രിയ് പരിജന് ബിയോഗ് ബിലഖാഹീം,
ഭരത് സനേഹ് സുഭാഉ സുബാനീ
പ്രിയാ അനുജ് സന് കഹത് ബഖാനീ. 2

പ്രീതി പ്രതീതി ബചന് മന് കരനീ
ശ്രീമുഖ് രാമ് പ്രേമ് ബസ് ബരനീ,
തെഹി അവസര് ഖഗ് മൃഗ് ജല് മീനാ
ചിത്രകൂട് ചര് അചര് മലീനാ. 3

ബിബുധ് ബിലോകി ദസാ രഘുബര് കീ
ബരഷി സുമന് കഹി ഗതി ഘര് ഘര് കീ,
പ്രഭു പ്രനാമു കരി ദീൻഹ് ഭരോസോ
ചലേ മുദിത് മന് ഡര് ന ഖരോ സോ. 4

നിഷാദരാജൻ ബഹുമാനത്തോടെ വിട കൊടുക്കപ്പെട്ടു. അവൻ ഹൃദയത്തിൽ അത്യന്തം വിരഹവിഷാദത്തോടെ പുറപ്പെട്ടു. കോലന്മാരും, കിരാതന്മാരും, ഭീലന്മാരും, മറ്റു വനചാരികളും വീണ്ടും വീണ്ടും വണങ്ങിക്കൊണ്ട് തിരിച്ചുപോയി. സീതയോടും ലക്ഷ്മണനോടും കൂടി പ്രഭു ഒരു വടവൃക്ഷത്തിന്റെ തണലിലിരുന്ന് തന്റെ പ്രിയ പരിജനങ്ങളുടെ വിരഹത്തിൽ വ്യസനിച്ചു. അവൻ തന്റെ പ്രിയയോടും അനുജനോടും ഭരതന്റെ സ്നേഹത്തേയും, സത്സ്വഭാവത്തേയും, വിനീതമായ ഭാഷണത്തേയും പറ്റി വിവരിച്ചു. പ്രേമവിവശനായി ശ്രീരാമൻ തന്റെ ശ്രീമുഖം കൊണ്ടു തന്നെ വാക്കിലും, മനസ്സിലും, കർമ്മത്തിലും ഭരതന്റെ വിശ്വാസത്തേയും സ്നേഹത്തേയും പറ്റി പ്രശംസിച്ചു. ആ സമയത്ത് പക്ഷികളും, മൃഗങ്ങളും, ജലത്തിലെ മീനുകളും, മാത്രമല്ല ചിത്രകൂടത്തിലെ എല്ലാ ചരാചര ജീവങ്ങളും അസ്വസ്ഥതയനുഭവിച്ചു. രഘുവരന്റെ ദശയെ കണ്ട ദേവന്മാർ പുഷ്പവർഷം ചെയ്ത് അവരുടെ വീടുകളിൽ നടക്കുന്നതിനെപ്പറ്റി അവനോട് പറഞ്ഞു. പ്രഭു അവരെ വണങ്ങി, സമാധാനിപ്പിച്ചു. അവരും സന്തുഷ്ടഹൃദയരായി മനസ്സിൽ യാതൊരു ഭയവുമില്ലാതെ തിരിച്ചു ചെന്നു.

ദോ:

സാനുജ് സീയ് സമേത് പ്രഭു രാജത് പരന് കുടീര്,
ഭഗതി ഗ്യാനു ബൈരാഗ്യ് ജനു സോഹത് ധരേം സരീര്. (321)

പ്രഭു സീതയോടും തന്റെ അനുജനോടുംകൂടി പർണ്ണശാലയിൽ വിരാജിച്ചു കൊണ്ടിരുന്നു. അത് ഭക്തിയും, വൈരാഗ്യവും, ജ്ഞാനവും ശരീരം ധരിച്ച് ശോഭിയ്ക്കുന്നപോലിരുന്നു. (321)

ചൗ:

മുനി മഹിസുര് ഗുര് ഭരത് ഭുആലൂ
രാമ് ബിരഹ്ँ സബു സാജു ബിഹാലൂ,
പ്രഭു ഗുന് ഗ്രാമ് ഗനത് മന് മാഹീം
സബ് ചുപ്ചാപ് ചലേ മഗ് ജാഹീം. 1

ജമുനാ ഉതരി പാര് സബു ഭയഊ
സോ ബാസര് ബിനു ഭോജന് ഗയഊ,
ഉതരി ദേവസരി ദൂസര് ബാസൂ
രാമസഖാँ സബ് കീൻഹ് സുപാസൂ. 2

സഈ ഉതരി ഗോമതീം നഹാഏ
ചൗഥേം ദിവസ് അവധ്പുര് ആഏ,
ജനക് രഹേ പുര് ബാസര് ചാരീ
രാജ് കാജ് സബ് സാജ് സँഭാരീ. 3

സൗँപി സചിവ് ഗുര് ഭരത്ഹി രാജൂ
തെരഹുതി ചലേ സാജി സബു സാജൂ,
നഗര് നാരി നര് ഗുര് സിഖ് മാനീ
ബസേ സുഖേന രാമ് രജധാനീ. 4

മുനിമാരും, മറ്റു ബ്രാഹ്മണരും, ഗുരുവും, ഭരതനും, ജനകരാജാവും എല്ലാവരും തന്നെ ശ്രീരാമനിൽനിന്നുമുള്ള വിരഹം കാരണം മനസ്സിൽ അസ്വസ്ഥരായി. പ്രഭുവിന്റെ ഗുണഗണങ്ങളെ മനസ്സിൽ സ്മരിച്ചുകൊണ്ട് എല്ലാവരും വഴിയിൽ മൗനമായി പോയി. എല്ലാവരും യമുനയെ കടന്ന്

മറുകരയെത്തി. ആ ദിവസം ഭക്ഷണമൊന്നും കഴിയ്ക്കാതെ കഴിഞ്ഞുപോയി. അടുത്തദിവസം അവർ ഗംഗാനദിയുടെ മറുകരയെത്തി (ശൃംഗവേരപുരം). അവിടെ ശ്രീരാമന്റെ സഖാവായ ഗുഹൻ അവർക്ക് വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തു. സഈ നദിയെ കടന്ന് അവർ ഗോമതി നദിയിൽ സ്നാനം ചെയ്ത് നാലാം ദിവസം അയോദ്ധ്യയിലെത്തി. ജനകരാജാവ് രാജധാനിയിൽ നാലു ദിവസങ്ങൾ താമസിച്ച് രാജ്യകാര്യങ്ങളും മറ്റെല്ലാ കാര്യങ്ങളും ശരിപ്പെടുത്തി, രാജ്യഭാരത്തെ മന്ത്രിമാരേയും, ഗുരുവിനേയും, ഭരതനേയും ഏല്പിച്ച് അദ്ദേഹം എല്ലാ ഏർപ്പാടുകളും ചെയ്ത് തെരഹുതി (മിഥില)യിലേയ്ക്ക് പുറപ്പെട്ടു. ഗുരുവിന്റെ ഉപദേശത്തെ മാനിച്ചുകൊണ്ട് നഗരത്തിലെ സ്ത്രീപുരുഷന്മാർ ശ്രീരാമന്റെ രാജധാനിയിൽ സുഖമായി വസിച്ചുതുടങ്ങി.

ദോ:

രാമ് ദരസ് ലഗി ലോഗ് സബ് കരത് നേമ് ഉപബാസ്,
തജി തജി ഭൂഷന് ഭോഗ് സുഖ് ജിഅത് അവധി കീം ആസ്. (322)

ജനങ്ങളെല്ലാവരും ശ്രീരാമനെ വീണ്ടും കാണുവാനായി വ്രതങ്ങളും ഉപവാസങ്ങളും അനുഷ്ഠിച്ചു. ഭൂഷണങ്ങളും ഭോഗസുഖങ്ങളും ത്യജിച്ച് അവർ (വനവാസ) അവധി വേഗം തീരുമെന്ന ആശയിൽ ജീവിച്ചിരുന്നു. (322)

ചൗ:

സചിവ് സുസേവക് ഭരത് പ്രബോധേ
നിജ് നിജ് കാജ് പാഇ സിഖ് ഓധേ,
പുനി സിഖ് ദീൻഹി ബോലി ലഘു ഭാഈ
സൗംപീ സകല് മാതു സെവകാഈ. 1

ഭൂസുര് ബോലി ഭരത് കര് ജോരേ
കരി പ്രനാമ് ബയ് ബിനയ് നിഹോരേ,
ഊംച് നീച് കാരജു ഭല് പോചൂ
ആയസു ദേബ് ന കരബ് സംകോചൂ. 2

പരിജന് പുരജന് പ്രജാ ബൊലാഏ
സമാധാനു കരി സുബസ് ബസാഏ,
സാനുജ് ഗേ ഗുര് ഗേഹ്ँ ബഹോരീ
കരി ദണ്ഡവത് കഹത് കര് ജോരീ. 3

ആയസു ഹോഇ ത് രഹൗँ സനേമാ
ബോലേ മുനി തന് പുലകി സപേമാ,
സമുഝബ് കഹബ് കരബ് തുംഹ് ജോഈ
ധരമ് സാരു ജഗ് ഹോഇഹി സോഈ. 4

ഭരതൻ തന്റെ മന്ത്രിമാർക്കും വിശ്വസ്തസേവകന്മാർക്കും വേണ്ടപോലെ നിർദ്ദേശങ്ങൾ നൽകി. അവരും തങ്ങളുടെ കർതവ്യങ്ങളെ നിർദ്ദേശിച്ച പ്രകാരം ചെയ്യുവാൻ തുടങ്ങി. പിന്നെ തന്റെ അനുജൻ ശത്രുഘ്നനെ വിളിച്ച് അവനെ അവരുടെ എല്ലാ അമ്മമാരുടേയും സേവനത്തിന്ന് ചുമതല പ്പെടുത്തി. ബ്രാഹ്മണരെ വിളിച്ചുവരുത്തി അവരെ കൈകൾ കൂപ്പിക്കൊണ്ട് നമസ്കരിച്ച് അവരുടെ വയസ്സിനൊത്ത് വിനയത്തോടെ പ്രാർത്ഥിച്ചു: “ദയവുചെയ്ത് എന്നെ ഏതുവിധത്തിലുള്ള കാര്യമായാലും ഉയർന്നതോ, താണതോ, നല്ലതോ, കെട്ടതോ തയങ്ങാതെ കല്പിച്ചാലും.” അവൻ പിന്നെ തന്റെ പരിവാരങ്ങളേയും, പുരവാസികളേയും, മറ്റു ജനങ്ങളേയും വിളിച്ചു വരുത്തി അവരെയെല്ലാം സമാധാനിപ്പിച്ച് ശാന്തരാക്കി നിലനിർത്തി. പിന്നെ തന്റെ അനുജനോടു കൂടി അവൻ തന്റെ ഗുരുവിനെ ചെന്നു കണ്ട് അദ്ദേഹത്തെ ദണ്ഡനമസ്കാരം ചെയ്ത് കൈകൾ കൂപ്പിക്കൊണ്ട് വിനയ പൂർവം അപേക്ഷിച്ചു: “അങ്ങയുടെ അനുമതിയോടെ ഇനി ഞാൻ താപസ ജീവിതം നയിയ്ക്കാം.” അപ്പോൾ മുനി പുളകിതഗാത്രനായി സ്നേഹത്തോടെ പറഞ്ഞു: “നീ എന്ത് ചിന്തിയ്ക്കുന്നുവോ, പറയുന്നുവോ, ചെയ്യുന്നുവോ, അത് ഈ ലോകത്തിൽ ധർമ്മത്തിന്റെ സാരമായിരിയ്ക്കും.”

ദോ:
സുനി സിഖ് പാഇ അസീസ് ബഡി ഗനക് ബോലി ദിനു സാധി,
സിംഘാസന് പ്രഭു പാദുകാ ബൈഠാരേ നിരുപാധി. (323)

ഈ ഉപദേശത്തെ കേട്ട് (ഗുരുവിന്റെ) മഹത്തായ അനുഗ്രഹത്തെ ലഭിച്ച് ഭരതൻ ജ്യോതിഷികളെ വിളിച്ചുവരുത്തി, ഒരു ശുഭദിനം കുറിച്ച്, സിംഹാസനത്തിൽ പ്രഭുവിന്റെ പാദുകകളെ സന്തോഷത്തോടെ സ്ഥാപിച്ചു. (323)

ചൗ:

രാമ് മാതു ഗുര് പദ് സിരു നാഇൗ
പ്രഭു പദ് പീഠ് രജായസു പാഇൗ,
നന്ദിഗാവ്ँ കരി പരന് കുടീരാ
കീൻഹ് നിവാസു ധരമ് ധുര് ധീരാ. 1

ജടാജൂട് സിര് മുനിപട് ധാരീ
മഹി ഖനി കുസ് സാँഥരീ സँവാരീ,
അസന് ബസന് ബാസന് ബ്രത് നേമാ
കരത് കഠിന് രിഷി ധരമ് സപ്രേമാ. 2

ഭൂഷന് ബസന് ഭോഗ് സുഖ് ഭൂരീ
മന് തന് ബചന് തജേ തിന് തൂരീ,
അവധ് രാജു സുര് രാജ് സിഹാഇൗ
ദസരഥ് ധനു സുനി ധനദ് ലജാഇൗ. 3

തെഹിം പുര് ബസത് ഭരത് ബിനു രാഗാ
ചഞ്ചരീക് ജിമി ചമ്പക് ബാഗാ,
രമാ ബിലാസു രാമ് അനുരാഗീ
തജത് ബമന് ജിമി ജന് ബഡ്ഭാഗീ. 4

ശ്രീരാമന്റെ മാതാവിന്റേയും ഗുരുവിന്റേയും പാദങ്ങളെ വന്ദിച്ചുകൊണ്ട്, പ്രഭുവിന്റെ പാദുകകളുടെ ആദേശം ലഭിച്ച്, ധർമ്മധുരന്ധരനായ ഭരതൻ നന്ദിഗ്രാമത്തിൽ ഒരു പർണ്ണശാല കെട്ടി, അതിൽ താമസം തുടങ്ങി. തലയിൽ ജടയും, മുനിമാരുടെ വസ്ത്രവും ധരിച്ച് (കിടക്കുവാൻ) അവൻ ഭൂമിയെ കുഴിച്ച് അതിന്മേൽ ദർഭപ്പുല്ലുകളെ വിരിച്ചു. ആഹാരത്തിലും, വസ്ത്രധാരണത്തിലും, പാത്രങ്ങളിലും, വ്രതനിയമങ്ങളിലും അവൻ ഋഷി ധർമ്മത്തെ കർശനമായി പാലിച്ചു. ആടയലങ്കാരങ്ങളേയും, എല്ലാ ഭോഗ സുഖങ്ങളേയും മനസാ വാചാ കർമ്മണാ ത്യജിച്ചു. അയോദ്ധ്യയുടെ

പരമാധികാരം ഇന്ദ്രനെപ്പോലും അസൂയാലുവാക്കി. ദശരഥന്റെ ധന സമ്പത്ത് കുബേരനെക്കൂടി ലജ്ജിതനാക്കി. എന്നിട്ടും ഭരതൻ ചമ്പക വനത്തിലെ വണ്ടിനെപ്പോലെ* ഒന്നിലും ആസക്തിയില്ലാതെ വസിച്ചിരുന്നു. ശ്രീരാമനിൽ ഭക്തിയുള്ള മഹാഭാഗ്യവാന്മാർ ലക്ഷ്മീവിലാസത്തെ ഛർദിയെന്നപോലെ ത്യജിയ്ക്കുന്നു.

----

*ചെമ്പകപ്പൂ നല്ല സുഗന്ധമുള്ളതാണെങ്കിലും അതിൽ വണ്ടുകൾ തേൻ കുടിയ്ക്കില്ലത്രെ.

ദോ:

രാമ് പേമ് ഭാജന് ഭരതു ബഡേ ന എഹിം കര്തൂതീ,
ചാതക് ഹംസ് സരാഹിഅത് ടേംക് ബിബേക് ബിഭൂതി. (324)

ശ്രീരാമന്റെ പ്രേമഭാജനമായ ഭരതൻ തന്റെ മഹത്വത്തെ സ്വന്തം സാധനയായി കണക്കാക്കിയില്ല. ചാതകപ്പക്ഷി അതിന്റെ സ്ഥിരതയ്ക്കും, ഹംസം (പാലിനെ വെള്ളത്തിൽനിന്നും പിരിച്ചെടുക്കാനുള്ള) അതിന്റെ വിവേചന ശക്തിയ്ക്കും വേണ്ടി പ്രശംസിയ്ക്കപ്പെടുന്നു. (324)

ചൗ:

ദേഹ് ദിന്ഹു് ദിന് ദൂബരി ഹോഇൗ
ഘടഇ തേജു ബലു മുഖ് ഛബി സോഇൗ,
നിത് നവ് രാമ് പ്രേമ് പന് പീനാ
ബഢത് ധരമ് ദലു മനു ന മലീനാ. 1

ജിമി ജലു നിഘടത് സരദ് പ്രകാസേ
ബിലസത് ബേതസ് ബനജ് ബികാസേ,
സമ് ദമ് സംജമ് നിയമ് ഉപാസാ
നഖത് ഭരത് ഹിയ് ബിമല് അകാസാ. 2

ധ്രുവ് ബിസ്വാസു അവധി രാകാ സീ
സ്വാമി സുരതി സുരബീഥി ബികാസീ,
രാമ് പേമ് ബിധു അചല് അദോഷാ
സഹിത് സമാജ് സോഹ് നിത് ചോഖാ. 3

ഭരത് രഹനി സമുഝനി കര്തൂതീ
ഭഗതി ബിരതി ഗുന് ബിമല് ബിഭൂതീ,
ബരനത് സകല് സുകബി സകുചാഹീം
സേസ് ഗനേസ് ഗിരാ ഗമു നാഹീം. 4

നാൾക്കു നാൾ അവന്റെ ശരീരം മെലിഞ്ഞുകൊണ്ടിരുന്നു. തടി കുറഞ്ഞു വന്നാലും അവന്റെ ദേഹബലവും മുഖത്തിലെ തേജസ്സും മാറാതെ യിരുന്നു. അവന്റെ ശ്രീരാമപ്രേമമെന്ന ജ്വാല സദാ ഉജ്ജ്വലവും ശക്തവു മായിരുന്നു. ശരത്കാലം വരുമ്പോൾ (ജലാശയങ്ങളിലെ) ജലം കുറഞ്ഞു കൊണ്ടു വന്നാലും, ചൂരൽ ചെടികൾ തഴച്ചു വളരുകയും, താമരപ്പൂക്കൾ വികസയ്ക്കുകയും ചെയ്യുന്നതുപോലെ ധർമ്മത്തോടുള്ള അവന്റെ പക്ഷ പാതം ക്രമത്തിൽ വർധിച്ചുകൊണ്ടിരുന്നു; മനസ്സിൽ ശോകമുണ്ടായിരു ന്നില്ല. ശമം, ദമം, സംയമം, നിയമം, ഉപവാസം തുടങ്ങിയവ ഭരതന്റെ മനസ്സാകുന്ന നിർമ്മലമായ ആകാശത്തിൽ നക്ഷത്രങ്ങളെപ്പോലെ തിളങ്ങി ക്കൊണ്ടിരുന്നു. അവന്റെ വിശ്വാസം ധ്രുവനക്ഷത്രത്തെപ്പോലെയും, (ശ്രീരാമന്റെ) വനവാസാവധി പൂർണ്ണചന്ദ്രനുള്ള രാത്രിയെപ്പോലെയും, തന്റെ സ്വാമിയുടെ സ്മരണം ക്ഷീരപഥത്തെപ്പോലെയുമിരുന്നു. അവന്റെ രാമന്റെ പേരിലുള്ള പ്രേമം സ്ഥിരമായ, കളങ്കമില്ലാത്ത, നക്ഷത്രസമൂഹ ങ്ങൾക്കിടയിൽ സ്പഷ്ടമായി സദാ പ്രകാശിയ്ക്കുന്ന ചന്ദ്രനെപ്പോലെയിരുന്നു. ഭരതന്റെ ജീവിതരീതിയേയും, സമ്പ്രദായത്തേയും, കൃത്യങ്ങളേയും, ഭക്തിയേയും, വിരക്തിയേയും, നിഷ്കളങ്കമായ ഗുണങ്ങളേയും, വൈഭവ ങ്ങളേയും വർണ്ണിയ്ക്കാൻ എല്ലാ മഹാകവികളും മടിയ്ക്കുന്നു. അവ ആദിശേഷ നേയും, ഗണേശനേയും, ശാരദയേയും കൂടി ഭ്രമിപ്പിയ്ക്കുന്നവയായിരുന്നു.

ദോ:
നിത് പൂജത് പ്രഭു പാँവരീ പ്രീതി ന ഹൃദയ്ँ ന സമാതി,
മാഗി മാഗി ആയസു കരത് രാജ് കാജ് ബഹു ഭാँതി. (325)

അവൻ ദിനവും പ്രഭുവിന്റെ പാദുകകളെ ഹൃദയം കവിഞ്ഞൊഴുകുന്ന പ്രേമത്തോടെ പൂജിച്ച് പല രാജ്യകാര്യങ്ങളേയും നിർവഹിയ്ക്കാൻ അവയെ സദാ പരാമർശിച്ചുകൊണ്ടിരുന്നു. (325)

ചൗ:

പുലക് ഗാത് ഹിയ്ँ സിയ് രഘുബീരൂ
ജീഹ് നാമു ജപ് ലോചന് നീരൂ,
ലഖന് രാമ് സിയ് കാനന് ബസഹീം
ഭരതു ഭവന് ബസി തപ് തനു കസഹീം. 1

ദൊഉ ദിസി സമുഝി കഹത് സബു ലോഗൂ
സബ് ബിധി ഭരത് സരാഹന് ജോഗൂ,
സുനി ബ്രത് നേമ് സാധു സകുചാഹീം
ദേഖി ദസാ മുനിരാജ് ലജാഹീം. 2

പരമ് പുനീത് ഭരത് ആചരനൂ
മധുര് മംജു മുദ് മംഗല് കരനൂ,
ഹരന് കഠിന് കലി കലുഷ് കലേസൂ
മഹാമോഹ് നിസി ദലന് ദിനേസൂ. 3

പാപ് പുംജ് കുംജര് മൃഗരാജൂ
സമന് സകല് സന്താപ് സമാജൂ,
ജന് രഞ്ജന് ഭഞ്ജന് ഭവ ഭാരൂ
രാമ് സനേഹ് സുധാകര് സാരൂ. 4

അവന്റെ ശരീരം പുളകിതമായി. ഹൃദയം മുഴുവൻ സീതയും ശ്രീരാമനും നിറഞ്ഞുകൊണ്ട്, അവന്റെ നാവ് ശ്രീരാമന്റെ നാമത്തെ ഉരുവിട്ടുകൊണ്ടിരുന്നു. കണ്ണുകളിൽനിന്നും അശ്രുധാര ഒഴുകിക്കൊണ്ടിരുന്നു. ലക്ഷ്മണനും, രാമനും, സീതയും വനത്തിൽ വസിച്ചു. ഇവിടെ ഭരതൻ വീട്ടിൽ താമസിച്ചുകൊണ്ട് തപസ്സുകൊണ്ട് തന്റെ ശരീരത്തെ ആത്മപീഡയ്ക്കധീനമാക്കി. ഇരു ഭാഗങ്ങളേയും കണക്കിലെടുത്ത് ഭരതൻ എല്ലാവിധത്തിലും പ്രശംസനീയനാണെന്ന് എല്ലാവരും പറഞ്ഞു. അവൻ അനുഷ്ഠിച്ചിരുന്ന വ്രതനിയമങ്ങളെ കേട്ട് സാധുക്കൾ വല്ലായ്മയനുഭവിച്ചു. അവന്റെ അവസ്ഥയെ കണ്ട് മഹർഷിമാർ പോലും ലജ്ജിതരായി. പരമപുണ്യമയമായ ഭരതന്റെ ആചരണങ്ങളുടെ കഥ മധുരവും, മനോഹരവും, ആനന്ദത്തിന്റേയും മംഗളങ്ങളുടേയും ഉറവിടവുമായിരുന്നു. അത് കലീ

കാലത്തിന്റെ കഠോരമായ പാപങ്ങളേയും, കഷ്ടങ്ങളേയും ആട്ടിയോട്ടുന്നതും, മഹാമോഹമെന്ന ഇരുട്ടിനെ അകറ്റുന്ന സൂര്യനുമാണ്. അത് പാപങ്ങളുടെ സമൂഹമെന്ന ആനക്കൂട്ടത്തെ കൊന്നൊടുക്കുന്ന മൃഗരാജനാണ്. അത് എല്ലാ സങ്കടങ്ങളുടെ സമൂഹത്തേയും ശമിപ്പിയ്ക്കുന്നതാണ്. അത് ഭക്തന്മാരെ ആനന്ദിപ്പിയ്ക്കുന്നതും, സംസാരഭാരത്തെ ഭഞ്ജിയ്ക്കുന്നതും, ശ്രീരാമഭക്തിയെന്ന ചന്ദ്രനിലെ സത്തുമാണ്.

ഛം:

സിയ രാമ് പ്രേമ് പിയൂഷ് പൂരന് ഹോത് ജനമ് ന ഭരത് കോ,
മുനിമന് അഗമ് ജമ്നിയമ് സമ്ദമ് ബിഷമ് ബ്രത് ആചരത്കോ.
ദുഖ് ദാഹ് ദാരിദ് ദംഭ് ദൂഷന് സുജസ് മിസ് അപഹരത് കോ,
കലികാല് തുലസീ സേ സഠൻഹി ഹഠി രാമ്സന്മുഖ് കരത് കോ.

സീതാരാമപ്രേമമെന്ന അമൃതം കൊണ്ട് വഴിഞ്ഞിരുന്ന ഭരതൻ ജനിച്ചിരുന്നില്ലെങ്കിൽ, മുനിമാരുടെ മനസ്സിന്നുപോലും പിടികിട്ടാത്ത യമനിയമങ്ങളേയും, ശമദമങ്ങളേയും, കഠിനമായ വ്രതങ്ങളേയും ആരാണ് ആചരിയ്ക്കുക? ആരാണ്, ഈ ലോകത്തിലെ ദു:ഖങ്ങളേയും, തീവ്രയാതനകളേയും, ദാരിദ്ര്യത്തേയും, ദംഭത്തേയും, മറ്റ് ദൂഷണങ്ങളേയും, തന്റെ സൽകീർത്തികൊണ്ട് അപഹരിയ്ക്കുക? ആരാണ് ഈ കലികാലത്ത് തുളസീദാസനെപ്പോലുള്ള ദുഷ്ടന്മാരുടെ മനസ്സിനെ ശ്രീരാമന്ന് സമ്മുഖമായി ശക്തമായി തിരിച്ചുവിടുക?

സോ:

ഭരത് ചരിത് കരി നേമു തുലസീ ജോ സാദര് സുനഹിം,
സീയ് രാമ് പദ് പേമു അവസി ഹോഇ ഭവ രസ് ബിരതി. (326)

തുളസീദാസൻ പറയുന്നു: ഭരതന്റെ ചരിത്രത്തെ നിഷ്ഠയോടേയും ആദരവോടേയും കേൾക്കുന്നവർ സീതയുടേയും ശ്രീരാമന്റേയും പാദങ്ങളിൽ ഭക്തിയും, സംസാരഭോഗങ്ങളിൽ വിരക്തിയും ലഭിയ്ക്കുമെന്നത് തീർച്ചയാണ്. (326)

എന്ന് സകലകലിമലങ്ങളേയും നശിപ്പിയ്ക്കുന്ന
ശ്രീമദ്രാമചരിതമാനസത്തിലെ രണ്ടാമത്തെ സോപാനം
(അയോധ്യാകാണ്ഡം) അവസാനിയ്ക്കുന്നു.
